# സ്വർഗ്ഗവും നരകവും അദൃശ്യജീവികളും

ടി. എം. വർഗ്ഗീസ്

വേദാഭിമാനി പബ്ലിക്കേഷൻസ്

**SWARGAVUM NARAKAVUM ADIRSYAJEEVIKALUM**
Vedapusthakadhishtitha Padanam
(Malayalam)

By
**T. M. Varghese**
1012 Susan Road
Philadelphia, P.A. 19115
Ph: 215-677-2011

E-mail:
tmvarghese44@gmail.com

First Published :
January 2013

Published by :
Vedabhimani Publications
Kerala - 690 516
E-mail : vedabhimani@gmail.com

Cover Design :
**Titus Karthikappally**
**Mob : 9847232598**

©T.M.Varghese

In India : **Rs. 150.00**

In US : **$10.00**

Distributors :

**INDIA** - Vedabhimani
Kerala - 690 516

Pr. T. J. John
Thalappalayil
Othara West P.O.
Thiruvalla, Kerala

**USA -** T. M. Varghese
1012 Susan Road
Philadelphia, P.A. 19115

# ഉള്ളടക്കം

പേജ്

ഗ്രന്ഥകാരനെക്കുറിച്ച് 5

ആമുഖം 7

അവതാരിക 13

പുസ്തകാഭിപ്രായം 19

## PART - I

## സ്വർല്ലോകവും സ്വർഗ്ഗീയദൂതന്മാരും

1 സ്വർല്ലോകം 24

2 സ്വീർഗ്ഗീയദൂതന്മാർ 29

3 ദൂതന്മാരുടെ പദവി 34

4 ശ്രേഷ്ഠ ദൂതന്മാർ 39

5 ശക്തന്മാരായ ദൂതന്മാർ 47

6 സ്വർഗ്ഗീയ സൈന്യം 51

7 ദൂതസംഘം 57

8 കെരൂബുകൾ 59

9 സാറാഫുകൾ 66

10 സേവകാത്മാക്കൾ 70

11 വിശുദ്ധന്മാരുടെ ആത്മാക്കളെ പറുദീസയിലേക്കു ആനയിക്കുന്ന ദൂതന്മാർ 78

12 ദൈവത്തിന്റെ ന്യായവിധി നടത്തുന്ന ദൂതന്മാർ 81

13 കാഹളം ഊതുന്ന ദൂതന്മാർ 98

14 സാക്ഷികളായ ശ്രേഷ്ഠ ദൂതന്മാർ 117

## PART - II

## ഭൂലോകവും ഭൂലോകരും

15 ഭൂമിയുടെ ഉല്പത്തി 146

16 മനുഷ്യസൃഷ്ടിപ്പ് 151

17 മരണ കല്പന 156

## PART -III

### അധോലോകം /പാതാളലോകം

18 പാതാളലോകം 177
19 പാതാള പറുദീസ 181
20 അധഃമപാതാളം 194
21 അഗാധകൂപം 197
22 നരകം 206
23 ഗന്ധകത്തീപ്പൊയ്കയിൽ തള്ളപ്പെടുന്നവർ 213
24 നരകത്തിലെ അവസ്ഥ 228

## PART -IV

### സാത്താനും അവന്റെ ദൂതന്മാരും

25 പൈശാചിക ശക്തികൾ 242
26 ഭൂതങ്ങൾ (പിശാചുക്കൾ) 267
27 സാത്താൻ 278
28 സാത്താന്റെ അടിയന്തിര മീറ്റിംഗ് 293
29 സാത്താന് വിളിക്കുന്ന വിവിധ പേരുകൾ 297
30 സാത്താൻ ഈ ലോകത്തിന്റെ ദൈവം 299
31 മോശെയുടെ ശരീരത്തിനുവേണ്ടി വാദിക്കുന്ന സാത്താൻ 303
32 പരീക്ഷകൻ 308
33 അപവാദിയായ സാത്താൻ 325
34 ശത്രുവായ സാത്താൻ 328
35 പരാജിതനായ സാത്താൻ 331
36 സാത്താന്റെ അന്ത്യന്യായവിധി 352



## റ്റി. എം. വർഗീസ്

തിരുവല്ല താലൂക്കിൽ ഓതറ തലപ്പാലയിൽ മത്തായി മറിയാമ്മ ദമ്പതികളുടെ മകൻ. ഹൈസ്കൂൾ വിദ്യാഭ്യാസത്തിനുശേഷം 1961ൽ ഇൻഡ്യൻ എയർ ഫോഴ്സിൽ ചേർന്നു. ഒരു വർഷത്തെ ട്രെയിനിംഗിനുശേഷം ഉത്തർപ്രദേശിലെ കാൺപൂരിൽ നിയമിതനായി. കാൺപൂരിൽ ബ്രദർ എം. വി. ഫിലിപ്പോസിന്റെ (ഇപ്പോൾ കർതൃസന്നിധിയിൽ വിശ്രമിക്കുന്ന പാസ്റ്റർ എം. വി. ഫിലിപ്പോസ്, കവിയൂർ) ക്വാർട്ടേഴ്സിൽ വച്ച് എല്ലാ ആഴ്ചയിലും നടന്നുകൊണ്ടിരുന്ന പ്രാർത്ഥനാകൂടിവരവിൽ കർത്താവിനെ രക്ഷിതാവായി സ്വീകരിച്ചു. തിരുവചനം കൂടുതലായി പഠിക്കുവാൻ തുടങ്ങി. ജഡരക്തങ്ങളോട് അഭിപ്രായം ചോദിക്കാതെ 1963 ഒക്ടോബറിൽ ജലസ്നാനം സ്വീകരിച്ചു. ഡിസംബറിൽ പരിശുദ്ധാത്മാവിനാൽ നിറയപ്പെട്ടു. അതിനുശേഷം മദ്രാസ്, ഛണ്ഡിഗഡ്, ഡൽഹി, ദേവലാലി എന്നീ സ്ഥലങ്ങളിൽ ജോലിയോടുള്ള ബന്ധത്തിൽ ആയിരിക്കുമ്പോൾ തന്നെ വ്യക്തികളോട് സുവിശേഷം അറിയിക്കുന്നതിൽ തല്പരനായിരുന്നു.

ദേവലാലി(മഹാരാഷ്ട്ര) എന്ന സ്ഥലത്ത് ആയിരിക്കുമ്പോൾ ഇപ്പോൾ കർതൃസന്നിധിയിൽ വിശ്രമിക്കുന്ന പരേതനായ ഇവാ.കെ. എ. സാമുവലും (ഇവാ. ലാജി പോളിന്റെ പിതാവ്) ഒന്നിച്ച് പ്രവർത്തിച്ചതിന്റെ ഫലമായി

നാലുപേർ രക്ഷിക്കപ്പെട്ട് സ്നാനമേൽക്കുവാൻ തീരുമാനിച്ചു. അന്ന് ബോംബെ, ദാദർ ഐ. പി. സി സഭയുടെ ശുശ്രൂഷകനായിരുന്ന പാസ്റ്റർ കെ. സി. തോമസ്സിനേയും ചെമ്പൂർ ഐ. പി. സി. സഭയുടെ ശുശ്രൂഷകനായിരുന്ന പാസ്റ്റർ കെ. വി. ഏബ്രഹാമിനേയും വിളിച്ചുവരുത്തി സ്നാനശുശ്രൂഷ നടത്തി. അങ്ങനെ ദേവലാലിയിൽ ഇന്നുള്ള ഐ. പി. സി. സഭാ കൂടിവരവിന് തുടക്കമിട്ടു.

1976ൽ എയർഫോഴ്സിൽ നിന്നും റിട്ടയർ ചെയ്തു. 1978–ൽ യു.എസ്.എ.യിൽ സ്ഥിരതാമസമാക്കി; New York Cityയിലും സിറാക്യൂസിലും (Syracuse)താമസിച്ചശേഷം ഇപ്പോൾ കഴിഞ്ഞ 32 വർഷമായി ഫിലദൽഫിയായിൽ കുടുംബമായി താമസിക്കുകയും ഫിലദൽഫിയാ ഇന്ത്യാ ക്രിസ്ത്യൻ അസംബ്ലിയിൽ ദൈവത്തെ ആരാധിക്കുകയും ചെയ്യുന്നു.

# ആമുഖം

മൂന്നാമതു ഒരു ഗ്രന്ഥംകൂടി എഴുതുവാൻ കർത്താവ് കൃപ ചെയ്തതോർത്ത് ആദ്യമായി സർവ്വമഹത്വവും കർത്താവിനർപ്പിക്കുന്നു. ആദ്യം രചിച്ച 'സമ്പൂർണ്ണ ദൈവേഷ്ടം' എന്ന പുസ്തകവും രണ്ടാമതായി രചിച്ച 'കൃപ ലഭിച്ച മറിയമാർ' എന്ന പുസ്തകവും, അനേകം പേർ വായിച്ചതിനുശേഷം ലഭിച്ച പ്രചോദനമാണ് വീണ്ടും ദൈവാത്മപ്രേരണയാൽ ഈ പുസ്തകവും എഴുതുവാൻ കാരണമായിത്തീർന്നത്. ഇപ്രകാരം ഒരു ഗ്രന്ഥം എഴുതുവാനുണ്ടായ പശ്ചാത്തലം ഫിലി. 2:10-11ൽ പറഞ്ഞിരിക്കുന്ന വേദഭാഗമാണ്. "അങ്ങനെ യേശുവിന്റെ നാമത്തിൽ സ്വർല്ലോകരുടെയും, ഭൂലോകരുടെയും, അധോലോകരുടെയും മുഴങ്കാൽ ഒക്കെയും മടങ്ങുകയും എല്ലാനാവും "യേശുക്രിസ്തു കർത്താവ്" എന്നു പിതാവായ ദൈവത്തിന്റെ മഹത്വത്തിനായി ഏറ്റുപറകയും ചെയ്യേണ്ടിവരും."

മുകളിൽ ഉദ്ധരിച്ച വേദഭാഗത്ത് സ്വർല്ലോകം, ഭൂലോകം, അധോലോകം എന്നീ മൂന്നു ലോകത്തെക്കുറിച്ചും സ്വർല്ലോകർ, ഭൂലോകർ, അധോലോകർ എന്നീ മൂന്നു ലോകരെക്കുറിച്ചും പറഞ്ഞിരിക്കുന്നതായി കാണുന്നുവല്ലോ? ഒന്നുകൂടി വിശദീകരിച്ച് പറഞ്ഞാൽ; സ്വർഗ്ഗം, ഭൂമി, പാതാളം എന്നീ മൂന്നു ലോകത്തെക്കുറിച്ച്

വിശുദ്ധബൈബിൾ നമുക്കു വെളിപ്പെടുത്തിത്തരുന്നു. ഇതിൽ മനുഷ്യദൃഷ്ടിക്ക് ദൃശ്യമായതും മനുഷ്യർക്ക് പാർപ്പാൻ ദൈവം സൃഷ്ടിച്ച് തന്നിരിക്കുന്നതും ഈ ഭൂലോകം മാത്രമാണ് (യെശ. 45:12,18). എന്നാൽ സ്വർല്ലോകവും അധോലോകവും മനുഷ്യദൃഷ്ടിക്ക് കാണുവാൻ കഴിയാത്തതിനാൽ അവ ഉണ്ടോയെന്ന് ചോദ്യം ചെയ്യുന്നവരും സംശയിക്കുന്നവരുമായ അനേകർ ഇന്ന് ലോകത്തിലുണ്ട്.

എല്ലാ ജാതിമതസ്ഥരും സ്വർഗ്ഗം (പറുദീസ) ഉണ്ടെന്ന് വിശ്വസിക്കുന്നവരും സ്വർഗ്ഗത്തിൽ പോകുവാൻ ആഗ്രഹിക്കുന്നവരുമാണ്. എന്നാൽ അധോലോകം അഥവാ പാതാളം എന്ന് കേൾക്കുമ്പോൾ അങ്ങനെ ഒരു ലോകം ഇല്ല എന്ന് ഭൂരിഭാഗം ആളുകൾ വിശ്വസിക്കുന്നു.

ഭൂലോകത്തിലുള്ള ഏതെങ്കിലും ഒരു രാജ്യമോ സ്ഥലമോ ഒരു വ്യക്തി നേരിൽ കണ്ടിട്ടില്ലാത്തതുകൊണ്ട് അങ്ങനെ ഒരു രാജ്യം ഇല്ല എന്നുവാദിച്ചു സമർത്ഥിക്കുന്നതുപോലെയാണ് സ്വർല്ലോകവും അധോലോകവും ഇല്ലെന്ന് പറയുന്നത്. ഈ ഭൂമിയിൽ പാർക്കുന്ന മനുഷ്യൻ മുകളിലേക്ക് കണ്ണുയർത്തിയാൽ കാണുവാൻ കഴിയുന്നത് ആകാശവിതാനം, സൂര്യൻ, ചന്ദ്രൻ, കോടാനുകോടി നക്ഷത്രങ്ങൾ എന്നിവയെയാണ്. എന്നാൽ പാതാളലോകത്തെ മനുഷ്യദൃഷ്ടിക്ക് കാണുവാൻ കഴിയാത്തതിനാൽ അനേകരും പാതാളലോകം ഉണ്ടെന്ന് വിശ്വസിക്കുന്നില്ല.

ദൈവം മനുഷ്യനു അനുവദിച്ചിട്ടുള്ള തന്റെ ആയുസ്സ് തികച്ച ശേഷം മരണം വഴിയായി സകല മനുഷ്യരും ഈ ഭൂമിയിൽ നിന്നും മാറ്റപ്പെടുന്നു. മണ്ണിൽ നിന്നെടുത്ത മർത്യമായ ശരീരം മണ്ണിനോടു ചേരുകയും ആത്മാവ് മുകളിൽ പറയപ്പെട്ട ഏതെങ്കിലും ഒരു അദൃശ്യലോകത്തിൽ

എത്തിച്ചേരുകയും ചെയ്യുന്നു. മനുഷ്യന്റെ മരണാനന്തരം തന്റെ ആത്മാവ് എവിടേക്കു പോകുന്നു എന്നുള്ള അറിവ് ഒരു വ്യക്തി ജീവിച്ചിരിക്കുമ്പോൾ തന്നെ നിശ്ചയം പ്രാപിച്ചിരിക്കേണ്ട അതിപ്രധാനമായ വിഷയമാണ്. എന്നാൽ ഭൂരിഭാഗം മനുഷ്യർ അത് അത്രഗൗരവമായി എടുക്കാറില്ല. ദൈവം നൽകിയ വിലയേറിയ ആയുസ്സ് എങ്ങനെ ജീവിച്ചു മരിച്ചു എന്നതിനെ ആശ്രയിച്ചാണ് തന്റെ ആത്മാവിന്റെ നിത്യത നിലകൊള്ളുന്നത്. തന്റെ ആത്മാവിന്റെ ഭാവിയെക്കുറിച്ച് പ്രത്യാശയില്ലാത്ത മനുഷ്യൻ ഈ ആയുസ്സിൽ തിന്നുക, കുടിക്കുക, ആനന്ദിക്കുക, പിന്നെ മരിക്കുക എന്ന പ്രമാണത്തിൽ ജീവിച്ച് തന്റെ ആയുസ്സ് അവസാനിപ്പിക്കുന്നു. സ്വർഗ്ഗവും നരകവും എല്ലാം ഈ ഭൂമിയിൽ തന്നെയാണെന്ന് ഈ കൂട്ടർ വിശ്വസിച്ച് ജീവിക്കുന്നു. ദൈവത്തിലും വിശുദ്ധബൈബിളിലും വിശ്വസിക്കുന്ന ഒരുവനു ധൈര്യമായി പറയുവാൻ കഴിയും മരണത്തിനപ്പുറം ഒരു ജീവിതം ഉണ്ടെന്നും അത് യാഥാർത്ഥ്യമാണെന്നും.

മനുഷ്യനിലുള്ള ആത്മാവിനെ മനുഷ്യനു കാണുവാൻ കഴിയാത്തതുപോലെ മനുഷ്യന്റെ മരണാനന്തരം തന്റെ ആത്മാവ് എത്തിച്ചേരുന്ന സ്ഥലവും മനുഷ്യദൃഷ്ടിക്ക് മറവായിരിക്കുന്നു. എന്നാൽ ദൈവം അത് തിരുവചനത്തിലൂടെയും ദൈവത്തിന്റെ പരിശുദ്ധാത്മാവിലൂടെയും തന്റെ ജനത്തിനു വെളിപ്പെടുത്തി കൊടുത്തിരിക്കുന്നു.

ഇന്നു നാം ആയിരിക്കുന്ന തലമുറയെക്കുറിച്ച് പഠിച്ചാൽ മിക്കവാറും എല്ലാമനുഷ്യരുടെയും പ്രധാന ലക്ഷ്യം സുഖലോലുപരായി ജീവിക്കണം എന്നുള്ളതാണ്. മനോഹരമായ ഭവനം ഉണ്ടാക്കി താമസിക്കുക, സഞ്ചരിക്കുവാൻ നല്ല കാറ്, മക്കൾക്ക് ഉന്നത വിദ്യാഭ്യാസം എന്നി

വയ്ക്കായി മനുഷ്യർ അഹോരാത്രം അദ്ധ്വാനം ചെയ്ത് തങ്ങളുടെ ആയുസ്സ് ഓരോ ദിവസവും വളരെ തിരക്കിൽ കഴിക്കുന്നു. നല്ല ഭവനത്തിനും സുഖജീവിതത്തിനുമായി ലക്ഷങ്ങൾ ചെലവാക്കുന്നു. ചുരുക്കിപ്പറഞ്ഞാൽ ഇഹലോകത്തിലെ മനുഷ്യജീവിതം സ്വർഗ്ഗതുല്ല്യമാക്കിത്തീർത്തിരിക്കയാൽ മനുഷ്യൻ തന്റെ മരണാനന്തരമുള്ള ജീവിതത്തെക്കുറിച്ച് ചിന്തിക്കുന്നില്ല, ചിന്തിപ്പാൻ വേണ്ടത്ര സമയം കണ്ടെത്തുന്നതുമില്ല. നോഹയുടെ കാലത്ത് സംഭവിച്ചതുപോലെ മനുഷ്യപുത്രന്റെ നാളിൽ അഥവാ അന്ത്യനാളിൽ ഉണ്ടാകുമെന്ന് കർത്താവ് മുന്നറിയിപ്പായി പറഞ്ഞിട്ടുള്ളത് മനുഷ്യർ ഗൗരവമായി എടുക്കുന്നില്ല (മത്താ. 24:37; ലൂക്കൊ. 17:26).

യഥാർത്ഥ സ്വർഗ്ഗവാസത്തെക്കുറിച്ചും നരകവാസത്തെക്കുറിച്ചുമുള്ള കാഴ്ചപ്പാടും വീക്ഷണവും ഒരു പഴഞ്ചൻ കെട്ടുകഥപോലെ ഈ ആധുനിക മനുഷ്യഹൃദയങ്ങളിൽ ആയിരിക്കുന്നു. പാപം നിമിത്തം ദൈവം മനുഷ്യനെ ന്യായം വിധിച്ചത് അത് പണ്ടുള്ള കഥയാണ്, ഇപ്പോൾ തങ്ങൾക്കത് ബാധകമല്ല എന്നു പറയുവാൻ മനുഷ്യർ മടിക്കുന്നില്ല. ഈ തലമുറയിൽത്തന്നെ പല സ്ഥലങ്ങളിൽ ചെറിയ തോതിൽ ദൈവം ന്യായവിധി അയച്ച് ജനത്തിനു മുന്നറിയിപ്പു കൊടുത്തിട്ടും, തങ്ങളുടെ പാപവഴി വിട്ട് ദൈവത്തിങ്കലേക്ക് മടങ്ങിവരാതെ മനുഷ്യർ തങ്ങളുടെ തിരക്കേറിയ സുഖജീവിതം നയിച്ചുകൊണ്ടിരിക്കുന്നു. ഭൂമിയിൽ വരുവാൻ പോകുന്ന അതിഭയങ്കര ന്യായവിധിയെപ്പറ്റി ജനം ബോധവാന്മാരായിരുന്നുവെങ്കിൽ കൊള്ളായിരുന്നു എന്ന് ചിന്തിച്ചുപോകുന്നു. എല്ലാമനുഷ്യരും അറിഞ്ഞിരിക്കേണ്ട അതിപ്രധാനമായ വിഷയമാണ് തങ്ങളുടെ മരണാനന്തരമുള്ള നിത്യത എവിടെയായിരിക്കും എന്നുള്ളത്. കർത്താവായ യേശു

ക്രിസ്തു സ്വർഗ്ഗത്തെക്കുറിച്ചും നരകത്തെക്കുറിച്ചും വളരെ വ്യക്തമായി പറഞ്ഞിരിക്കുന്നത് ഈ ഗ്രന്ഥത്തിൽ വിശദീകരിച്ചിരിക്കുന്നത് വിശ്വസിച്ച് ഏറ്റെടുക്കുന്നവർക്ക് അനുഗ്രഹമായിത്തീരും എന്നുള്ളതിന് സംശയമില്ല.

അദൃശ്യജീവികളായ സ്വർഗ്ഗീയ ദൂതന്മാരെക്കുറിച്ചും അവരിൽക്കൂടി ദൈവം ചെയ്തിട്ടുള്ളതും, ഇപ്പോൾ ചെയ്തുകൊണ്ടിരിക്കുന്നതും ഇനിയും ചെയ്വാനിരിക്കുന്നതുമായ വൻകാര്യങ്ങളെക്കുറിച്ചുള്ള ആഴമേറിയ അറിവ് ഈ ഗ്രന്ഥത്തിൽ നിന്നും ലഭിക്കുന്നതാണ്. അതുപോലെ അദൃശ്യജീവികളായ സാത്താനെപ്പറ്റിയും അവന്റെ ദൂതഗണങ്ങളെപ്പറ്റിയും അവരുടെ വിവിധ പ്രവർത്തനങ്ങളെക്കുറിച്ചും അവരുടെ അന്ത്യം എന്നീ വിഷയങ്ങളെക്കുറിച്ചും കൂടുതലായി മനസ്സിലാക്കുവാൻ ഈ ഗ്രന്ഥം സഹായകമായിത്തീരും എന്നുള്ളതിന് രണ്ടു പക്ഷമില്ല.

അദൃശ്യലോകമാകുന്ന സ്വർല്ലോകവും, അധോലോകവും, അദൃശ്യജീവികളായ സ്വർഗ്ഗീയ ദൂതന്മാരും, സാത്താനും അവന്റെ ദൂതന്മാരും, മനുഷ്യരുമായി എപ്രകാരം ബന്ധപ്പെട്ടിരിക്കുന്നു എന്നുള്ള ഉൾക്കാഴ്ച ഈ ഗ്രന്ഥത്തിലുടനീളം കാണുവാൻ കഴിയും. അനേകപ്രാവശ്യം വിശുദ്ധബൈബിൾ വായിച്ചിട്ടും ദൈവദാസന്മാരിൽ നിന്ന് കേട്ടിട്ടും വേണ്ടവണ്ണം ഗ്രഹിക്കാതിരിക്കുന്ന അനേക മാർമ്മികവിഷയങ്ങൾ ഗ്രഹിക്കുവാനും പഠിച്ച് നിശ്ചയം പ്രാപിക്കുവാനും ഈ ഗ്രന്ഥം സഹായിക്കുന്നതാണ്.

ഈ ഗ്രന്ഥത്തിൽ അതിപ്രധാനമായ നാലു വിഷയങ്ങൾ നാലു ഭാഗങ്ങളായി തിരിച്ചിരിക്കുകയാണ്. ഇതിൽ പ്രതിപാദിച്ചിരിക്കുന്ന നാലു വിഷയങ്ങളും പരസ്പരം ബന്ധപ്പെട്ടതാകയാൽ പല ആശയങ്ങളും വാക്യങ്ങളും

ആവർത്തനമായി തോന്നിയേക്കാം. അതാതു തലക്കെട്ടിൽ പറഞ്ഞിരിക്കുന്ന വിഷയത്തോടുള്ള ബന്ധത്തിൽ വിഷയം നന്നായി ഗ്രഹിക്കുന്നതിനായി ചില വാക്യങ്ങൾ ആവർത്തിച്ചെന്നിരിക്കാം. ഈ ഗ്രന്ഥം അനേകർക്ക് അനുഗ്രഹമായിത്തീരട്ടെ എന്നാശംസിക്കുന്നു.

ഈ ഗ്രന്ഥത്തിന് മനോഹരമായ അവതാരിക എഴുതിയ പി. ഐ. ഏബ്രഹാം (കാനം അച്ചൻ), പ്രൗഢമായ പുസ്തകാഭിപ്രായം എഴുതിതന്ന ജോർജ്ജ് മാത്യു പുതുപ്പള്ളി (പുതുപ്പള്ളി അച്ചൻ) എന്നീ കർത്തൃദാസന്മാരോടുള്ള കൃതജ്ഞത ഇവിടെ പ്രകാശിപ്പിക്കുന്നു. പ്രചോദനത്തിന്റെയും കൂട്ടായ്മയുടെയും കരുത്ത് പകർന്ന എല്ലാവർക്കും നന്ദി. എല്ലാറ്റിലും ഉപരി, ഇപ്രകാരം ഈ ഗ്രന്ഥം എഴുതുവാൻ ആത്മപ്രേരണയും കൃപയും നൽകിയ സർവ്വകൃപാലുവായ ദൈവത്തിനു എല്ലാ പുകഴ്ചയും മാനവും മഹത്വവും അർപ്പിച്ചുകൊണ്ട് തൃപ്പാദത്തിൽ സമർപ്പിക്കുന്നു.



# അവതാരിക

ഭൗമീകമായ ഔദ്യോഗിക ജീവിതകാലഘട്ടം കഴിഞ്ഞ് ഒരു സാധാരണ മനുഷ്യന് വേണമെങ്കിൽ വിശ്രമിക്കാവുന്ന ഒരു കാലയളവുണ്ട്. എന്നാൽ ഇവിടെ ഞാൻ അവതാരിക കുറിക്കുന്ന ഒരു മഹൽഗ്രന്ഥത്തിന്റെ രചയിതാവായ കർതൃദാസൻ റ്റി. എം. വർഗ്ഗീസിന്റെ കഥ മറിച്ചാണ്. തനിക്ക് ലഭിച്ചിരിക്കുന്ന വിശ്രമസമയം ആത്മീയ വിഷയങ്ങളിൽ വ്യാപരിപ്പിച്ച് ദൈവീക സത്യങ്ങൾ കണ്ടെത്തുവാനും അവയെ സമസൃഷ്ടങ്ങളുടെ മാർഗ്ഗദർശനത്തിനായി വിളംബരം ചെയ്യുവാനും ഉള്ള ഒരു അവസരമായി താൻ അതിനെ കണ്ടെത്തിയതാണ് ഞാൻ സൂചിപ്പിച്ച പ്രത്യേകത. ബ്രദർ ടി. എം. വർഗ്ഗീസ് ഇതിനോടകം രചിച്ച ചില പുസ്തകങ്ങളും എനിക്ക് ലഭിച്ചിരുന്നു. സമ്പൂർണ്ണ ദൈവേഷ്ടം, കൃപലഭിച്ച മറിയമാർ എന്നിവ അവയിൽ പ്രധാനമാണ്. ആ ഗ്രന്ഥങ്ങൾക്ക് പൊതുജനസമ്മതിയും അഭിനന്ദനവും ഇതിനോടകം ലഭിച്ചിട്ടുമുണ്ട്.

ഏതൊരു ഗ്രന്ഥകാരന്റെ രചനകളിലും മുന്നിട്ടു നിൽക്കുന്ന ഒരു ഗ്രന്ഥം (മാസ്റ്റർ പീസ്) ഉണ്ടായിരിക്കും. പൗലൊസിന്റെ 14 ലേഖനങ്ങളിൽ റോമാലേഖനം ഉന്നതവും ശ്രദ്ധേയവുമായിരിക്കുന്നതുപോലെ സ്വർഗ്ഗവും നരകവും അദൃശ്യജീവികളും എന്ന ഗ്രന്ഥം കുറെക്കൂടെ ആഴ

മുള്ളതും നമ്മുടെ പഠനവും പരിഗണനയും അർഹിക്കുന്നതുമായ ഒന്നാണെന്ന് തുടക്കത്തിൽത്തന്നെ പറയുവാൻ ഞാൻ ശ്രമിക്കുന്നു. സ്വർഗ്ഗവും നരകവും എന്നു പറയുമ്പോൾതന്നെ വിഷയത്തിന്റെ വ്യാപ്തിയും അതിന്റെ ഗാംഭീര്യവും വായനക്കാർക്ക് അനുമാനിക്കാവുന്നതാണല്ലോ? ദൈവീക വിഷയങ്ങളെ ശാസ്ത്രവൽക്കരിച്ച് പല ഭാഗങ്ങളായിത്തിരിച്ച് ബൈബിൾ കോളേജുകളിൽ പഠിപ്പിക്കുന്നുണ്ട്. അവയിൽ ഒടുവിലത്തെ ഭാഗം ഭാവികാലവിഷയസംഗ്രഹം എന്ന് വിശേഷിപ്പിക്കപ്പെടുന്നു. ആത്മീയ വിഷയങ്ങൾത്തന്നെ നമ്മുടെ ബുദ്ധിമണ്ഡലത്തിന് അപ്പുറത്താണ്. ദൈവത്തെത്തന്നെ നിർവ്വചിക്കാൻ നമുക്ക് സാദ്ധ്യമല്ല. അതുപോലെ പല വിഷയങ്ങളും നമുക്ക് എത്താത്ത ദൂരത്തിലാണ്. സൂര്യനിൽച്ചെന്ന് നമുക്ക് പഠനം നടത്തുവാൻ സാധ്യമല്ല; മറിച്ച്, സൂര്യൻ തന്റെ പ്രകാശം നമ്മിലേക്ക് അയയ്ക്കുമ്പോഴാണ് നാം സൂര്യനെ അറിയുവാൻ ഇടവരുന്നത്. ദൈവത്തെ ആർക്കും കണ്ടെത്തുവാനോ അളന്നു കുറിക്കുവാനോ സാധ്യമല്ല. ദൈവം തന്നെത്തന്നെ നമുക്ക് വെളിവാക്കുന്ന വെളിച്ചത്തിലൂടെ മാത്രമേ നമുക്ക് സത്യം ഗ്രഹിക്കുവാൻ കഴിയുകയുള്ളു. മതങ്ങൾ പരാജയപ്പെട്ടുകിടക്കുന്നത് ഇവിടെയാണ്. നിഗമനങ്ങളും, സങ്കൽപ്പങ്ങളും ചേർത്തു നിർമ്മിച്ചതാണ് മതങ്ങൾ. അതുകൊണ്ടുതന്നെയാണ് മതങ്ങൾത്തമ്മിൽ ഭിന്നമായിരിക്കുന്നത്. നാം മതത്തിലല്ല ദൈവവെളിപ്പാടിലാണ് പദം ഊന്നേണ്ടത്. അതാണ് ഉറപ്പുള്ള അടിസ്ഥാനം.

വിശുദ്ധ വേദപുസ്തകം സംക്ഷേപിച്ചു പറഞ്ഞാൽ ദൈവത്തിന്റെ വെളിപ്പാടാണ് (എബ്രായർ 1:1) “ദൈവം ഭാഗം ഭാഗമായി വെളിപ്പെടുത്തിയിട്ട്, ഒടുവിൽ സ്വപുത്രനിലൂടെ പൂർണ്ണമായി വെളിപ്പെടുത്തുന്നു എന്നു കാണാം.

ഈ വെളിപ്പാടിന്റെ പ്രകാശനത്തിലാണ് സകല വിഷയങ്ങളും ഗ്രഹിക്കുവാൻ കഴിയുന്നത്. ആത്മാവ്, ആത്മലോകം, മരണാനന്തര അവസ്ഥ ഇവയൊക്കെ ഗ്രഹിപ്പാൻ നാം നമ്മുടെ സങ്കൽപ്പത്തെ അനുവദിക്കരുത്. ഏതു ആത്മീക വിഷയവും നാം പഠിക്കുവാൻ ശ്രമിക്കുമ്പോൾ സത്യവചനമായ വേദപുസ്തകത്തിന്റെ പിൻബലം മാത്രമേ നാം അടിസ്ഥാനമായി എടുക്കാവൂ. പ്രവാചകന്മാർ, സുവിശേഷകന്മാർ, അപ്പൊസ്തലന്മാർ എന്നിവരിൽക്കൂടെ സത്യത്തിന്റെ ആത്മാവായ പരിശുദ്ധാത്മാവ് അരുളിച്ചെയ്ത, ദിവ്യവെളിച്ചമാണ് ആത്മലോകത്തിലേക്ക് സേർച്ചുലൈറ്റ് ആയി നാം ഉപയോഗിക്കേണ്ടത്. പല വിഷയങ്ങൾ പറയുമ്പോൾ "ഞാനോ നിങ്ങളോടു പറയുന്നു" എന്ന ഭാഷയിൽ യേശു പറയാറുണ്ട്. മനുഷ്യർ പലരും പലതും പറയും, എന്നാൽ ദൈവം ക്രിസ്തുവിലൂടെ വെളിപ്പെടുത്തിയതാണ് ആധികാരികമായ, ആത്യന്തികമായ സത്യം.

ഇനിയും നമ്മുടെ വിഷയത്തെപ്പറ്റി രണ്ടു വാക്ക് പറയാം. ദൈവം തന്റെ മഹത്വത്തിൽ എല്ലായിടത്തും സന്നിഹിതനാണ് (സർവ്വവ്യാപി) എന്നാൽ ആളത്വം സംബന്ധിച്ച് താൻ സ്വർഗ്ഗാധി സ്വർഗ്ഗത്തിന്റെ ഉന്നതത്തിലാണ് വസിക്കുന്നത്. മാലാഖമാരെപ്പറ്റി പറഞ്ഞാൽ അവരും ആത്മലോകത്തിന്റെ പ്രത്യേകഭാഗങ്ങളിൽ വസിക്കുന്നവരാണ്. ഒരിക്കൽ ലൂസിഫർ എന്ന ശക്തനും ശ്രേഷ്ഠനുമായ ഒരു ദൂതൻ ദൈവസാമീപ്യത്തിൽ വസിച്ചിരുന്നു. അവൻ ദൈവത്തോടു സമനാകാൻ വളഞ്ഞവഴി അന്വേഷിച്ചതിനാൽ ശാപഗ്രസ്ഥനായി, പിശാചായി തള്ളപ്പെട്ടു. തന്നോടൊപ്പം വലിയ ഒരു ഗണം ദൂതന്മാരും, സ്വർഗ്ഗസ്ഥലങ്ങളിൽ നിന്നും ബഹിഷ്കൃതരായി. എഫേസ്യർ 6 ൽ സാത്താന്യ ശക്തികളെപ്പറ്റി പറയുമ്പോൾ "സ്വർലോക

ങ്ങളിലെ ദുഷ്ടാത്മസേന" എന്ന പ്രയോഗം പരിഭാഷയുടെ കുറവാണ്. സ്വർഗ്ഗത്തിൽ പിശാചുക്കളില്ല. ആകാശമണ്ഡലങ്ങളിൽ എന്നു തിരുത്തിവായിക്കണം. അതുപോലെ ദൈവസന്നിധിയിൽ നിൽക്കുന്ന ദൂതന്മാരുണ്ട് അവരിൽ മുഖ്യന്മാർ മീഖായേലും, ഗബ്രിയേലും മറ്റുമാണ്. അവർക്കു തമ്മിലും, ശക്തിയിലും, അധികാരത്തിലും വ്യത്യാസമുണ്ട്. പിശാചുക്കളുടെ കാര്യത്തിലും ഈ വ്യത്യാസമുള്ളതായി വചനം പഠിച്ചവർക്കറിയാം. "തന്നിലും ദുഷ്ടതയേറിയ ആത്മാക്കളെ" എന്ന് കർത്താവ് പറയുമ്പോൾ പിശാചുക്കൾക്കുള്ളിൽതന്നെ ഏറ്റക്കുറച്ചിലുണ്ടെന്ന് വ്യക്തമാണല്ലോ. ഈ സത്യങ്ങളെല്ലാം നമ്മുടെ ഗ്രന്ഥകാരൻ നല്ല പഠനം നടത്തി വേദപുസ്തകവെളിച്ചത്തിൽ നന്നായി സമർഥിച്ചിട്ടുണ്ട്. പിശാചുക്കൾക്ക് പ്രത്യേക മണ്ഡലങ്ങൾ ഉണ്ട്. അതുപോലെ ദൈവത്തിനും, തന്റെ ദൂതന്മാർക്കും ഒക്കെയുണ്ട്. അവയ്ക്കു തമ്മിലുള്ള പ്രത്യേകതകൾ ഈ പുസ്തകത്തിൽ തെറ്റുകൂടാതെ കണ്ടെത്തിയിട്ടുണ്ട്.

ഈ കൂട്ടത്തിൽ മരിച്ചവരുടെ ആത്മാക്കളെപ്പറ്റി ഗ്രന്ഥകാരനോടുചേർന്ന് ഒരു സത്യം പറയുവാൻ ഞാൻ ആഗ്രഹിക്കുന്നു. മരിച്ചാൽ ഉടൻ ആരും സ്വർഗ്ഗത്തിലോ നരകത്തിലോ പോകുന്നില്ല. 'ബസ്പുർക്കാനയിലും' പോകുന്നില്ല. അനുതപിച്ച കള്ളനോട് നീ എന്നോടുകൂടെ പറുദീസയിലിരിക്കും എന്നാണ് യേശു മറുപടി പറഞ്ഞത്. 'പറുദീസ' ആത്യന്തീക സ്വർഗ്ഗമല്ല. ഉയർപ്പിനെ പ്രതീക്ഷിച്ച് വിശുദ്ധന്മാർ പാർക്കുന്ന മണ്ഡലമാണ്. അതുപോലെ അന്ത്യന്യായവിധിക്കുമുമ്പ് ദുഷ്ടന്മാർ നരകത്തിലും പോകുന്നില്ല. ശാരീരിക പീഠനത്തെക്കാൾ (ആത്മാവിന് ആത്മശരീരമാണല്ലോ ഉള്ളത്) മാനസ്സീക പീഠനം അനുഭവിച്ചുകൊണ്ട് ദുഷ്ടന്മാർ ഉയിർപ്പിനെ പ്രതീ

ക്ഷിക്കുന്നു. വധശിക്ഷയ്ക്ക് വിധിക്കപ്പെട്ടുകിടക്കുന്ന ഒരു വ്യക്തിയുടെ മാനസീക അവസ്ഥ ഓർക്കുക,

ഇന്നത്തെ നിലയിൽ നമ്മുടെ വൈരിയായ സാത്താൻ അവന്റെ സൈന്യങ്ങളുമായി നമ്മെ തെറ്റിക്കുവാൻ അഹോരാത്രം പണിയെടുക്കുന്നു. അവന്റെ തന്ത്രങ്ങളെ വചനവെളിച്ചത്തിൽ ചൂണ്ടിക്കാട്ടുവാൻ ബ്രദർ റ്റി. എം. വർഗ്ഗീസിന് കർത്താവ് കൃപ നൽകിയത് നമുക്കൊരു ഭാഗ്യമാണ്. സാത്താൻ യൗസേഫിനെപ്പോലെ ജീവിതത്തിൽ പാപികളാക്കാൻ നമ്മുടെ പക്കൽ തന്ത്രം പയറ്റിയേക്കാം. പക്ഷെ, യൗസേഫ് അവനെ തോൽപ്പിച്ചു. ദാനിയേലിനെ ആരാധനാ വിഷയത്തിൽ തകർക്കുവാൻ രാജാവിൽക്കൂടെ ശ്രമിച്ചു. പക്ഷേ, ദാനിയേൽ വിജയിച്ചു. ഉപദേശത്തിലും ജീവിതത്തിലും തോറ്റുപോകാത്തവരെയാണ് ദൈവത്തിന് ആവശ്യം. അതാണ് നീതിയും വിശുദ്ധിയും. അതു കാക്കുന്നവരെ ചേർക്കുവാനാണ് കർത്താവു വരുന്നത്.

സംഭവങ്ങൾ മുന്നേറുന്നു. നിത്യത സമാഗതമാകുന്നു. കർത്താവിന്റെ വരവ് തൊട്ടടുത്ത് എന്നു പറയാം. നമുക്ക് നിത്യത നഷ്ടമാകാതിരിക്കട്ടെ. കത്താൻ പോകുന്ന സോദോമിൽ നിന്നുകൊണ്ട് ഇവിടെ നിനക്ക് ആരെങ്കിലുമുണ്ടോ എന്നു ചോദിക്കുന്ന ദൈവസ്നേഹം നാം ഓർക്കുക. നമ്മുടെയും നമ്മുടെ പ്രീയപ്പെട്ടവരുടെയും ആത്മരക്ഷയ്ക്കായി ആവോളം ശ്രമിക്കാം. ഈ വിഷയത്തിൽ നമ്മുടെ നൂതനഗ്രന്ഥം നമുക്കൊരു വഴിവിളക്കായിരിക്കട്ടെ. നക്ഷത്രം നയിച്ച ജ്ഞാനികളെപ്പോലെ ഈ ഗ്രന്ഥം നമുക്കു വഴികാട്ടിയായിത്തീരട്ടെ. അതിനെ വിട്ട് ഹേരോദാവിന്റെ കൊട്ടാരത്തിൽക്കയറി വിവരം അന്വേഷിക്കാൻ നമുക്കാർക്കും സംഗതി ആകാതിരിക്കട്ടെ. ഈ നൂതന ഗ്രന്ഥത്തിന് ഞാൻ ഭാവുകങ്ങൾ അർപ്പിക്കുന്നു.

നിത്യതയിൽ പ്രതിഫലം വീതിക്കുമ്പോൾ പലരെയും നീതിയിലേക്ക് തിരിച്ചവരുടെ ഗണത്തിൽ നമ്മുടെ ഗ്രന്ഥ കർത്താവിനും തന്നോടൊപ്പം അധ്വാനിച്ചവർക്കും വലിയ അനുഗ്രഹങ്ങൾ ലഭ്യമാകട്ടെ എന്നു ഞാൻ ആശംസി ക്കുന്നു.

കോട്ടയം
20-12-2012

**പി.ഐ. ഏബ്രഹാം**
(കാനം അച്ചൻ)



# പുസ്തകാഭിപ്രായം

കർത്താവിന്റെ വിശ്വസ്ത ദാസനും എഴുത്തുകാരനുമായ ബ്രദർ ടി എം. വർഗീസിന്റെ 'സ്വർഗ്ഗവും നരകവും അദൃശ്യജീവികളും' എന്ന പുസ്തകത്തിന്റെ കയ്യെഴുത്തു പ്രതി വായിച്ചപ്പോൾ പലവിധ ചിന്തകൾ എന്റെ മനസ്സിലൂടെ കടന്നുപോയി. മലയാളത്തിൽ നിരവധി ആത്മീയ ഗ്രന്ഥങ്ങൾ നിലവിലുണ്ടെങ്കിലും അവയിൽ നിന്നൊക്കെ തുലോം വ്യത്യസ്തമായ ഒരു ഗ്രന്ഥമാണ് ഇതെന്നുള്ള ബോധ്യം എന്റെ മനസ്സിനെ ഏറെ ആഹ്ലാദിപ്പിച്ചു. ദൈവവചനത്തിലെ അതിപ്രധാനമായ രണ്ട് വസ്തുതകളാണ് നിത്യതയും നരകവും എന്നുള്ളത്. നിത്യതയെക്കുറിച്ച് ഏറെ പഠിക്കുകയും അതിനായി വിശുദ്ധീകരണം പ്രാപിച്ച് ഒരുങ്ങുകയും ചെയ്യുന്നവരാണല്ലോ ദൈവജനം.. എന്നാൽ അന്ധകാരലോകത്തെക്കുറിച്ചും അതിന്റെ അധിപതിയായ സാത്താന്റെ പ്രവർത്തനങ്ങളെക്കുറിച്ചും ജാഗ്രതയോടെ ചിന്തിക്കുകയും മനസിലാക്കുകയും ചെയ്യുന്നവർ വളരെ അധികമില്ല.

'സാത്താനെയും അവന്റെ തന്ത്രങ്ങളെയും സൂക്ഷിച്ചുകൊള്ളുവിൻ' എന്ന് വിശുദ്ധ ബൈബിളിൽ നമ്മെ ആഹ്വാനം ചെയ്യുന്നുണ്ട്. സാത്താൻ നാം ഭയപ്പെടേണ്ട വിധത്തിലുള്ള ഉഗ്രമൂർത്തിയല്ലെങ്കിലും അവന്റെ തന്ത്രങ്ങൾ നമ്മുടെ ഭാവനകൾക്കും അതീതമാണെന്ന്

ദൈവവചനം പറയുന്നു. അവഗണിച്ചു കടന്നുപോകേണ്ട ഒരു വിഷയമല്ല സാത്താനും അവന്റെ സാമ്രാജ്യവും. ഇത്ര മാത്രം അച്ചടക്കത്തോടും ആവേശത്തോടും കൂടി ദൈവ ജനത്തെ നശിപ്പിക്കുവാനും  തകർക്കുവാനും ഊടാടി സഞ്ചരിക്കുന്ന ദുഷ്ടശക്തിയായ സാത്താനെക്കുറിച്ച് മുന്ന റിയിപ്പു നൽകിയിട്ടുണ്ട്. പത്രൊസിനെ ഗോതമ്പു പാറ്റു ന്നതുപോലെ പാറ്റുവാൻ മുതിർന്നെങ്കിലും അവൻ വീഴാതെ നിന്നത് ദൈവപുത്രനായ യേശുവിന്റെ കൃപ ഒന്നുകൊണ്ടു മാത്രമായിരുന്നു. 'നിൽക്കുന്നു എന്നു തോന്നുന്നവൻ വീഴാതിരിക്കുവാൻ സൂക്ഷിച്ചുകൊള്ളട്ടെ' എന്ന പൗലൊസിന്റെ ആഹ്വാനവും സാത്താന്റെ തന്ത്ര ശാലിത്വത്തെക്കുറിച്ച് അദ്ദേഹത്തിനുണ്ടായിരുന്ന അറി വിൽ നിന്നു പുറപ്പെട്ടതാണ്. ഭയത്തോടും ഗൗരവത്തോ ടുംകൂടിയല്ലാതെ ഈ പുസ്തകത്തിന്റെ ഓരോ വരിയും വായിക്കുവാൻ നമുക്കു കഴിയുകയില്ല. അത്രമാത്രം ആധി കാരികമായും ആത്മാർത്ഥമായും ഗവേഷണപരമായി രചിക്കപ്പെട്ട ഒരു ആത്മീയ ഗ്രന്ഥമാണിത്. സാത്താന്യ സാമ്രാജ്യത്തെക്കുറിച്ച് ദൈവവചനത്തിന്റെ അടിസ്ഥാന ത്തിൽ വിശദമായ പഠനം നടത്തിയ ശേഷമാണ് ബ്രദർ ടി. എം. വർഗ്ഗീസ് ഈ ഗ്രന്ഥം പൂർത്തിയാക്കിയതെന്ന കാര്യത്തിൽ എനിക്കു യാതൊരു സംശയവുമില്ല. വളരെ മനോഹരമായും വിശാലമായും ക്രമീകൃതമായും സാത്താന്യ ലോകത്തിന്റെ അവസ്ഥകളെക്കുറിച്ചും, സാത്താന്യ കിങ്കരന്മാരുടെ പ്രവർത്തനശൈലിയെക്കു റിച്ചും അദ്ദേഹം പ്രതിപാദിച്ചിരിക്കുന്നു. പുസ്തക വായന പൂർത്തിയാകുമ്പോഴേക്കും നിത്യതയുടെ ആവശ്യകതയെ ക്കുറിച്ചും ശ്രേഷ്ഠതയെപ്പറ്റിയും അനുവാചകന് വ്യക്ത മായ ചിത്രം ലഭിച്ചു കഴിയും.

ഗ്രന്ഥരചനയിൽ ഒരു പുതുമുഖമല്ല ബ്രദർ ടി. എം. വർഗ്ഗീസ്. ഇത് അദ്ദേഹത്തിന്റെ മൂന്നാമത്തെ ഗ്രന്ഥമാണ്.

ഇതിനുമുമ്പ് പുറത്തിറക്കിയ 'സമ്പൂർണ്ണ ദൈവേഷ്ടം' എന്ന കൃതിയും 'കൃപ ലഭിച്ച മറിയമാർ' എന്ന കൃതിയും അനുവാചകർ ആഹ്ലാദപൂർവ്വം ഇരു കയ്യും നീട്ടി സ്വീകരിച്ചു കഴിഞ്ഞു. ഈ കൃതിക്കും തീർച്ചയായും അതിനെക്കാൾ ഹൃദ്യമായ സ്വാഗതം അനുവാചകലോകം നൽകും എന്ന കാര്യത്തിലും എനിക്കു സംശയമില്ല. വെറും ഒരു ചരിത്രപുസ്തകമല്ല ഇത്. ആത്മീയ മണ്ഡലത്തിൽ ചിന്തിക്കുകയും ജീവിക്കുകയും ചെയ്യുന്ന ദൈവമക്കൾ പരിശുദ്ധാത്മ സാന്നിധ്യത്തോടെ വായിച്ചുതീർക്കേണ്ട ഒരു മഹത് ഗ്രന്ഥമാണിത്. ദൈവജനത്തിന്റെ നിത്യശത്രുവായ പിശാചിനോടു മനസ്സുകൊണ്ട് നാം നടത്തുന്ന ഒരു യുദ്ധം കൂടിയാണ് ഇത്. സാത്താന്യ സാമ്രാജ്യത്തെക്കുറിച്ച് ബൈബിൾ നൽകുന്ന വിവരണത്തിന് എത്ര മനോഹരമായിട്ടാണ് ഗ്രന്ഥകാരൻ ഈ പുസ്തകത്തിലൂടെ ഒരു അനുബന്ധം നൽകുന്നത്. മനസും ശരീരവും ചിന്തകളും ശുദ്ധമാക്കി ഏകാഗ്രതയോടും സമർപ്പണത്തോടും വേണം ഇതിലെ ഓരോ വാചകങ്ങളും നാം വായിക്കുവാൻ. സാത്താന്യ സാമ്ര്യാജ്യത്തോട് എതിർക്കുവാൻ ത്രാണിയുള്ള സ്വർഗ്ഗീയ ഭടന്മാരെ വാർത്തെടുക്കുവാൻ ഇടയാക്കുന്ന ഒരു പുസ്തകമാണിത്. പിശാചിന്റെയും അവന്റെ സൈന്യത്തിന്റെയും കുതന്ത്രങ്ങളെയും നാശത്തെയും തുറന്നു കാട്ടുന്ന ഈ കൃതി ദൈവമക്കളുടെ പ്രത്യാശയെ വർധിപ്പിക്കുമെന്നതും വാസ്തവമത്രെ.

ദൈവവിശ്വാസവും ദൈവഭയവും തീരെയില്ലാത്ത ഒരു കാലഘട്ടത്തിലൂടെയാണ് ലോകം ഇന്ന് കടന്നു പോകുന്നത്. പാശ്ചാത്യ രാജ്യങ്ങളിലുണ്ടായിരുന്നതിനെക്കാൾ സാത്താന്യ ദേവാലയങ്ങളും പൈശാചിക ആരാധനയും ഇന്ന് ഭാരതത്തെയും ഗ്രസിച്ചു കഴിഞ്ഞു. മ്ലേച്ഛതയും വിവാഹമോചനവും പാപത്തെ പച്ചവെള്ളം കുടിക്കുന്നതുപോലെ കുടിക്കുന്ന അനുഭവവും യുവതലമുറയെ കീഴ

ടക്കിക്കഴിഞ്ഞു. മാതാപിതാക്കളെ അനുസരിക്കാതിരിക്കുകയും ദൈവവചനത്തെ നിന്ദിക്കുകയും ചെയ്യുന്ന തലമുറ. 'നോഹയുടെ കാലം പോലെ' എന്നു പറയാവുന്ന അനുഭവത്തിലേക്കു നാം കടന്നുകഴിഞ്ഞു. ദൈവസ്നേഹവും മനുഷ്യസ്നേഹവും ഇന്ന് എവിടെയും കാണാനില്ല. മൃഗങ്ങൾ പോലും ചെയ്യുവാൻ അറയ്ക്കുന്ന നീചകൃത്യങ്ങൾ ചെയ്യുവാൻ മനുഷ്യനിന്ന് ഒരു മടിയുമില്ല. 'പിശാച് തനിക്ക് ഇനി അധിക നാളുകളില്ല എന്നറിഞ്ഞ് മഹാക്രോധത്തോടെ പ്രവർത്തിക്കുന്ന നാളുകളായി' ഓരോ ദിവസങ്ങളും മാറ്റപ്പെട്ടുകൊണ്ടിരിക്കുന്നു (വെളി. 12:12).

സാത്താൻ എന്നൊരു ശക്തിയില്ല; അതു വെറും തോന്നലാണ് എന്ന് യുവതലമുറയെ വിശ്വസിപ്പിക്കുന്നതിൽ സാത്താനും ഒരു പരിധിവരെ വിജയിച്ചിരിക്കുന്നു. തിന്നും കുടിച്ചും ലക്ഷ്യമില്ലാതെ ജീവിക്കുന്ന ഒരു തലമുറ നമ്മുടെ ചുറ്റുപാടും വളർന്നുകൊണ്ടിരിക്കുന്നു. 'യഹോവേ, രക്ഷിക്കണമേ. ഭക്തന്മാർ ഇല്ലാതെ പോകുന്നു. വിശ്വസ്തന്മാർ മനുഷ്യപുത്രന്മാരിൽ കുറഞ്ഞിരിക്കുന്നു' എന്നുള്ള സങ്കീർത്തനക്കാരന്റെ (12:1) വിലാപം യാഥാർത്ഥ്യമായിരിക്കുന്നു. ഈ അവസ്ഥയിൽ കർത്താവിനുവേണ്ടി വിശ്വസ്തതയോടെ വാമൊഴി കൊണ്ടും വരമൊഴികൊണ്ടും ശക്തമായി പ്രവർത്തിച്ചു വരുന്ന ബ്രദർ ടി. എം. വർഗീസിന്റെ ഈ മനോഹര ഗ്രന്ഥം അനേകരെ നാശത്തിൽ നിന്നു നിത്യതയിൽ എത്താൻ സഹായിക്കട്ടെ. തുടർന്നും അനേക സദ്ഗ്രന്ഥങ്ങൾ ഈ ഭക്തന്റെ തൂലികയിൽ നിന്നു പുറത്തുവരട്ടെ.

കൊച്ചി **റവ. ജോർജ്ജ് മാത്യു പുതുപ്പള്ളി**
28.12.2012 (പുതുപ്പള്ളി അച്ചൻ)

# PART - I

# സ്വർല്ലോകവും സ്വർഗ്ഗീയ ദൂതന്മാരും

# 1

# സ്വർല്ലോകം

സർവ്വജ്ഞാനിയായ ദൈവത്തിന്റെ അനേകകാര്യങ്ങൾ മനുഷ്യദൃഷ്ടിക്കും ബുദ്ധിക്കും ഇന്നും മറവായിരിക്കുന്നു. സ്വർഗ്ഗം, സ്വർഗ്ഗനിവാസികൾ (ദൂതന്മാർ), സ്വർഗ്ഗീയ ഭരണം, സ്വർഗ്ഗീയ ന്യായാസനം, ന്യായവിധി, സ്വർഗ്ഗീയ ആരാധന, സ്വർഗ്ഗീയ ദൂതന്മാരുടെ പ്രവർത്തനം, പാതാളം, നരകം, നരകത്തിലെ അവസ്ഥ ഇങ്ങനെ അനേക മാർമ്മിക വിഷയങ്ങൾ മാനുഷ കണ്ണുകൊണ്ട് കാണുവാൻ കഴിയാത്തവയാണ്. എന്നാൽ വിശുദ്ധ ബൈബിൾ ഇവയെപ്പറ്റി വ്യക്തമായി വെളിപ്പെടുത്തി തന്നിരിക്കുന്നു.

കർത്താവായ യേശു നിക്കോദേമൊസ് എന്ന യെഹൂദപ്രമാണിയോടു സ്വർഗ്ഗത്തിൽ പ്രവേശിക്കുവാൻ വീണ്ടും ജനിക്കേണ്ട ആവശ്യകതയെക്കുറിച്ച് വിശദമായി സംസാരിച്ചത് തനിക്ക് ഗ്രഹിക്കുവാൻ പ്രയാസമായി തോന്നിയതിനാൽ യേശു അവനോടു: ഭൂമിയിലുള്ളത് നിങ്ങളോട് പറഞ്ഞിട്ട് നിങ്ങൾ വിശ്വസിക്കുന്നില്ലെങ്കിൽ സ്വർഗ്ഗത്തിലുള്ളത് നിങ്ങളോട് പറഞ്ഞാൽ എങ്ങനെ വിശ്വസിക്കും എന്ന് പറഞ്ഞു. സ്വർഗ്ഗത്തിൽ നിന്ന് ഇറങ്ങിവന്നവനായി സ്വർഗ്ഗത്തിൽ ഇരിക്കുന്നവനായ മനുഷ്യപുത്രൻ (യേശുക്രിസ്തു) അല്ലാതെ ആരും സ്വർഗ്ഗത്തിൽ കയറീട്ടില്ല (യോഹ. 3:12-13).

സ്വർഗ്ഗത്തിൽ നിന്നും മനുഷ്യാവതാരം എടുത്ത് ഭൂമിയിലേക്ക് ഇറങ്ങിവന്ന ദൈവത്തിന്റെ ഒന്നാമത്തേതും ഒടുവിലത്തേതുമായ ഏക അവതാരമാണ് യേശുക്രിസ്തു. മനുഷ്യാവതാരം എടുത്ത സത്യദൈവം മനുഷ്യപുത്രനായി ജനിച്ചവനെങ്കിലും മനുഷ്യസൃഷ്ടിയല്ലാത്തവൻ, മാനവ രക്ഷയ്ക്കുവേണ്ടി പരിശുദ്ധാത്മാവിനാൽ അവതരിച്ചവൻ, പാപം അറിയാത്തവനും പാപം ചെയ്യാത്തവനും, ഒരു വഞ്ചനയും വായിൽ നിന്നും ഉച്ചരിക്കാത്തവനുമായ ദൈവത്തിന്റെ പരിശുദ്ധൻ, പൊന്തിയോസ് പീലാത്തോസിനാൽ പലപ്രാവശ്യം വിസ്തരിക്കപ്പെട്ടിട്ടും യാതൊരു കുറ്റവും കാണാത്തവൻ, മനുഷവർഗ്ഗത്തിന്റെ പാപത്തിനു പ്രായശ്ചിത്തമായി ക്രൂശിൽ യാഗമായിത്തീർന്ന്, മരിച്ച് അടക്കപ്പെട്ട് മൂന്നാംനാൾ ഉയിർത്തെഴുന്നേറ്റശേഷം തിരികെ സ്വർഗ്ഗത്തിലേക്ക് കരേറിപ്പോയി, ഇന്നും എന്നും എന്നേക്കും ജീവിച്ചിരിക്കുന്നവൻ, തന്റെ രക്തത്താൽ വീണ്ടെടുക്കപ്പെട്ട വൃതന്മാരെ ചേർത്തുകൊള്ളുവാൻ വീണ്ടും വരുവാൻ പോകുന്നവനും, മരിച്ചവരെയും ജീവിച്ചിരിക്കുന്നവരെയും ന്യായം വിധിപ്പാൻ വേഗം വരുന്നവനുമായ കർത്താവായ യേശുക്രിസ്തു സ്വർഗ്ഗത്തെക്കുറിച്ചും നരകത്തെക്കുറിച്ചും വ്യക്തമായും ആധികാരികമായും പറഞ്ഞിരിക്കുന്നത് വിശുദ്ധബൈബിളിൽ നിന്നും ഗ്രഹിക്കാവുന്നതാണ്. അവ സത്യവും വിശ്വാസ്യവുമാണ്.

സ്വർല്ലോകം എന്നാൽ ദൈവം വസിക്കുന്ന സ്ഥലം മാത്രമാകുന്നു എന്ന് ചിലർ ധരിച്ചിരിക്കാം. ആകാശവിതാനം മുതൽ അത്യുന്നതനായ ദൈവത്തിന്റെ സിംഹാസനം വരെയുള്ള സ്ഥലത്തെ ഒറ്റവാക്കിൽ സ്വർല്ലോകം എന്ന് പറഞ്ഞിരിക്കുന്നതായി വി. ബൈബിളിൽ നിന്നും ഗ്രഹിക്കാവുന്നതാണ്. ഭൂലോകം എന്ന ഒറ്റവാക്കിൽ

പലരാജ്യങ്ങളും ഭൂഖണ്ഡങ്ങളും ഉൾക്കൊണ്ടിരിക്കുന്ന തുപോലെ സ്വർല്ലോകം എന്നത് പല സ്വർഗ്ഗങ്ങൾ ഉൾക്കൊള്ളുന്നതാകുന്നു എന്ന് തിരുവചനം നമ്മെ പഠി പ്പിക്കുന്നു. വിശുദ്ധപൌലോസ് ആത്മാവിൽ മൂന്നാം സ്വർഗ്ഗത്തോളം എടുക്കപ്പെട്ടു എന്നു പറഞ്ഞിരിക്കുന്നതി നാൽ (2 കൊരി. 12:2) ഒന്നാം സ്വർഗ്ഗം, രണ്ടാം സ്വർഗ്ഗം, മൂന്നാം സ്വർഗ്ഗം ഇങ്ങനെ പലസ്വർഗ്ഗങ്ങൾ ഉണ്ടെന്നുള്ളത് മനസ്സിലാക്കുവാൻ പ്രയാസമില്ലല്ലോ?

മലയാളം ബൈബിളിൽ ആകാശം എന്ന വാക്ക് ഇംഗ്ലീഷിൽ സ്വർഗ്ഗം (heaven) എന്നും, സ്വർഗ്ഗങ്ങൾ (heavens) എന്നുമാണ് പറഞ്ഞിരിക്കുന്നത്. താഴെ പറയപ്പെട്ടി രിക്കുന്ന ചില വേദഭാഗങ്ങൾ ശ്രദ്ധിക്കുക:

“ആദിയിൽ ദൈവം ആകാശവും ഭൂമിയും സൃഷ്ടിച്ചു” (In the beginning God created the heavens and the earth (NIV) (ഉല്പ. 1:1).

“വരുവിൻ, നാം ഭൂലോകത്തിൽ ഒക്കെയും ചിതറി പ്പോകാതിരിപ്പാൻ ഒരു പട്ടണവും ആകാശത്തോളം എത്തുന്ന ഒരു ഗോപുരവും പണിക” (Come, let us build ourselves a city, with a tower that reaches to the heavens) (ഉല്പ. 11:4).

“എന്റെ സഹായം ആകാശത്തെയും ഭൂമിയേയും ഉണ്ടാക്കിയ യഹോവയിങ്കൽ നിന്ന് വരുന്നു” (My help comes from the Lord, the maker of heaven and earth) (സങ്കീ. 121:2)

“നമ്മുടെ സഹായം ആകാശത്തെയും ഭൂമിയെയും ഉണ്ടാക്കിയ യഹോവയുടെ നാമത്തിൽ ഇരിക്കുന്നു” (Our help is in the name of the Lord, the maker of heaven and earth) (സങ്കീ. 124:8).

“ഞാൻ കാണാതവണ്ണം ആർക്കെങ്കിലും മറയത്തു ഒളിപ്പാൻ കഴിയുമോ... ഞാൻ ആകാശവും ഭൂമിയും നിറ ഞ്ഞിരിക്കുന്നവനല്ലയോ?” (Can anyone in secret places... Do not I fill heaven and earth) (യിരെ. 23:24).

“നിങ്ങൾ ഈ വ്യർത്ഥകാര്യങ്ങളെ വിട്ടു, ആകാശവും ഭൂമിയും സമുദ്രവും അവയിലുള്ള സകലവും ഉണ്ടാക്കിയ ജീവനുള്ള ദൈവത്തിങ്കലേക്ക് തിരിയേണം...” (...turn from these worthless things to the living God, who made heaven and earth and sea and everything in them.) (അ.പ്ര. 14:15)

ഇങ്ങനെ അനേക വേദഭാഗങ്ങൾ ആകാശം എന്നത് സ്വർഗ്ഗം, സ്വർഗ്ഗങ്ങൾ എന്ന് പറഞ്ഞിരിക്കുന്നതായി കാണാവുന്നതാണ്.

ഇനിയും സ്വർഗ്ഗത്തെക്കുറിച്ചും സ്വർഗ്ഗാധിസ്വർഗ്ഗങ്ങ ളെക്കുറിച്ചും പറഞ്ഞിരിക്കുന്ന ചില വേദഭാഗങ്ങൾ ശ്രദ്ധി ക്കുക.

“എന്നാൽ ദൈവം യഥാർത്ഥമായി ഭൂമിയിൽ വസി ക്കുമോ? സ്വർഗ്ഗത്തിലും സ്വർഗ്ഗാധിസ്വർഗ്ഗത്തിലും നീ അട ങ്ങുകയില്ലല്ലോ?” (The heavens, even the highest heaven, cannot contain you) (1 രാജാ. 8:27).

“....സ്വർഗ്ഗത്തിലും സ്വർഗ്ഗാധിസ്വർഗ്ഗത്തിലും അവൻ അടങ്ങുകയില്ലല്ലോ?” (2 ദിന. 2:6, 6:18).

“നീ ആകാശത്തെയും സ്വർഗ്ഗാധിസ്വർഗ്ഗത്തെയും അവയിലെ സകല സൈന്യത്തെയും...” (നെഹ. 9:6).

“ദൈവമേ, നീ ആകാശത്തിനുമീതെ ഉയർന്നിരിക്കേ ണമേ” (സങ്കീ. 57:5,11). ആകാശത്തിനു മീതെയുള്ള സ്വർഗ്ഗത്തിൽ എന്നർത്ഥം. “പുരാതന സ്വാർഗ്ഗാധി സ്വർഗ്ഗ ങ്ങളിൽ വാഹനമേറുന്നവനു പാടുവിൻ” (സങ്കീ. 68:33).

"സ്വർഗ്ഗം യഹോവയുടെ സ്വർഗ്ഗമാകുന്നു...." (സങ്കീ. 115:16). ഇംഗ്ലീഷിൽ: സ്വർഗ്ഗാധി സ്വർഗ്ഗങ്ങൾ യഹോവയുടേതാകുന്നു എന്നാണ്. (The highest heavens belongs to the Lord (NIV))

"സ്വർഗ്ഗാധിസ്വർഗ്ഗവും, ആകാശത്തിനു മീതെയുള്ള വെള്ളവും..." (Praise him, you highest heavens...) (സങ്കീ. 148:4)

"ഇറങ്ങിയവൻ സകലത്തെയും നിറെക്കേണ്ടതിനു സ്വർഗ്ഗാധിസ്വർഗ്ഗത്തിനു മീതെ കയറിയവനും ആകുന്നു" (who ascended higher than all the heavens) (എഫെ. 4:10). ഇങ്ങനെ സ്വർല്ലോകം എന്ന് പറഞ്ഞാൽ ആകാശനക്ഷത്ര മണ്ഡലങ്ങളും, ദൈവം വസിക്കുന്ന സ്വർഗ്ഗാധിസ്വർഗ്ഗങ്ങളും ഉൾപ്പെട്ടതാകുന്നു. സ്വർല്ലോകത്തെക്കുറിച്ച് മുഖവുരയായി ഇത്രയും മാത്രം പറഞ്ഞുകൊണ്ട് സ്വർല്ലോകവാസികൾ എന്ന വിഷയത്തിലേക്ക് കടക്കുവാനാഗ്രഹിക്കുന്നു.

❑

# 2

# സ്വർഗ്ഗീയ ദൂതന്മാർ

ഈ ഭൂതലത്തിലുള്ള ഓരോ രാജ്യങ്ങൾക്കും അവരുടേതായ പരമാധികാരി, ഭരണകൂടം, ഭരണകർത്താക്കൾ, നിയമങ്ങൾ, നിയമകർത്താക്കൾ, ഉന്നതകോടതി, ശിക്ഷാനടപടിക്രമങ്ങൾ, സൈന്യങ്ങൾ എന്നീ സംവിധാനങ്ങൾ ഉള്ളതുപോലെ സ്വർല്ലോകത്തിലും ഈവിധ ഭരണസംവിധാനങ്ങളും, അധികാരങ്ങളും ഉണ്ടെന്നുള്ളത് അറിഞ്ഞുകൊണ്ടുവേണം ഈ അദ്ധ്യായത്തിലും തുടർന്നും പ്രതിപാദിക്കുന്ന വിഷയങ്ങൾ വായിച്ച് ഗ്രഹിക്കേണ്ടതെന്ന് മുഖവുരയായി ഓർപ്പിച്ചുകൊള്ളട്ടെ. ചുരുക്കിപ്പറഞ്ഞാൽ ഇന്ന് ഭൂമിയിൽ കാണുന്ന വാഴ്ചകൾ, അധികാരങ്ങൾ, ഭരണകൂടം, നിയമങ്ങൾ, നിയമകർത്താക്കൾ, നിയമപരിപാലന സംവിധാനങ്ങൾ, ശിക്ഷാനടപടികൾ, ആരാധന ഇവയെല്ലാം സ്വർഗ്ഗത്തിലുള്ളതിന്റെ അനുകരണങ്ങളാണ് നടക്കുന്നതെന്ന് തിരുവചനത്തിലൂടെ മനസ്സിലാക്കുവാൻ കഴിയും.

## ദൂതന്മാരുടെ ഉത്ഭവം

ദൈവദൂതന്മാർ ഉണ്ടോ എന്നും ദൂതന്മാരെ ആരെങ്കിലും കണ്ടിട്ടുണ്ടോ എന്നും പലരും ചോദിച്ചേക്കാം. ഇപ്രകാരമുള്ള ചോദ്യങ്ങൾക്ക് വിശുദ്ധബൈബിളിൽ നിന്നും അനേകം തെളിവുകൾ സഹിതം ഉത്തരം ലഭി

ക്കുന്നുണ്ട്. തിരുവചനത്തിൽ വിശ്വസിക്കുന്ന ഒരു വ്യക്തിക്കുമാത്രമെ ദൈവദൂതന്മാർ ഉണ്ടെന്ന് ആധികാരികമായി പറയുവാൻ കഴിയുകയുള്ളു. ദൈവത്തിലും, ദൂതന്മാരിലും, പിശാചിലും വിശ്വസിക്കാത്തവർ എക്കാലത്തും ഉണ്ടല്ലോ? യെഹൂദന്മാരുടെ ഇടയിലുള്ള സദൂക്യർ എന്നറിയപ്പെടുന്ന കൂട്ടർ ദൂതന്മാർ ഇല്ലെന്ന് വിശ്വസിക്കുന്നവരാണ് (മത്താ. 22:23; മർക്കൊ. 12:18; ലൂക്കൊ. 20:27; അ.പ്ര. 23:8).

ദൈവത്തെ സേവിപ്പാനും ആരാധിപ്പാനുമായി കോടാനുകോടി (അസംഖ്യം) ദൂതഗണങ്ങളെ ദൈവം സൃഷ്ടിച്ചാക്കിയിരിക്കുന്നതായി തിരുവചനത്തിൽ കാണുന്നു. ഈ ദൂതന്മാരെ എങ്ങനെ എപ്പോൾ സൃഷ്ടിച്ചുയെന്ന് പറയുവാൻ കഴിയുന്നില്ല. ശ്രേഷ്ഠദൂതന്മാരിൽ ഒരാളായ ലൂസിഫെറിന്റെ സൃഷ്ടിപ്പിനോടുള്ള ബന്ധത്തിലും ആദിയിൽ ദൈവം സൃഷ്ടിച്ച ഭൂമിയോടുള്ള ബന്ധത്തിലും ദൂതന്മാർ ദൈവസൃഷ്ടികളാണെന്ന് പറഞ്ഞിരിക്കുന്ന ചില വേദഭാഗങ്ങൾ ശ്രദ്ധിക്കുക.

“നിന്നെ തീർത്തനാളിൽ.....” (യെഹ. 28:13)

“നിന്നെ സൃഷ്ടിച്ച നാൾമുതൽ....” (യെഹ. 28:15)

“സ്വർഗ്ഗത്തിലുള്ളതും... സകലവും അവൻ മുഖാന്തരം സൃഷ്ടിക്കപ്പെട്ടു” (കൊലൊ.1:15-16).

“കർത്താവേ, നീ സർവ്വവും സൃഷ്ടിച്ചവനും.... ആകയാൽ” (വെളി. 4:11).

ദൂതന്മാർ ദൈവസൃഷ്ടികളാണ്. അവർ മഹത്വശരീരധാരികളാണ്. അവർ ആത്മജീവികളാണ്. അവർ അദൃശ്യജീവികളാണ്. ദൈവജനം രൂപാന്തരം പ്രാപിച്ച് മഹത്വശരീരം പ്രാപിക്കുമ്പോൾ ദൂതതുല്ല്യരായിത്തീരുമെന്നും ‘പുനരുത്ഥാനത്തിൽ അവർ വിവാഹം കഴിക്കുന്നില്ല, വിവാഹത്തിന് കൊടുക്കപ്പെടുന്നില്ല; സ്വർഗ്ഗത്തിലെ ദൂത

ന്മാരെപ്പോലെ അത്രേ ആകുന്നു' (മത്താ. 22:30) എന്ന് കർത്താവ് പറഞ്ഞുവല്ലോ. പുനരുത്ഥാനം പ്രാപിച്ച വിശുദ്ധന്മാർ മാംസരക്തമല്ലാത്ത മഹത്വശരീരധാരികളാകയാൽ (1 കൊരി. 15:50) ലൈംഗീകവികാരത്തിന് അധീനരല്ല. ഉയിർത്തെഴുന്നേറ്റ കർത്താവിന്റെ ശരീരം പോലെയുള്ള ശരീരമായിരിക്കും വിശുദ്ധന്മാർ പ്രാപിക്കുന്ന പുനരുത്ഥാനശരീരം. അവൻ പ്രത്യക്ഷനാകുമ്പോൾ നാം അവനെ താൻ ഇരിക്കുംപോലെ തന്നേ കാണുന്നതാകകൊണ്ട് അവനോടു സദൃശന്മാർ ആകും എന്ന് നാം അറിയുന്നു (1 യോഹ. 3:2).

വിശുദ്ധബൈബിളിലെ ആദ്യപുസ്തകമായ ഉല്പത്തി തുടങ്ങുന്നത് സൃഷ്ടിതാവായ ദൈവത്തെ വെളിപ്പെടുത്തിക്കൊണ്ടാണല്ലോ? തുടർന്ന് ഒന്നാം അദ്ധ്യായത്തിൽ തന്നെ ദൈവസൃഷ്ടിയായ മനുഷ്യനെക്കുറിച്ച് പറഞ്ഞിരിക്കുന്നു. മൂന്നാം അദ്ധ്യായത്തിൽ മനുഷ്യനെ പാപത്തിൽ വീഴ്ത്തി ദൈവത്തിൽനിന്നും അകറ്റിയ പിശാചിനെക്കുറിച്ച് പറഞ്ഞിരിക്കുന്നു. അതേ അദ്ധ്യായത്തിൽ ദൈവദൂതന്മാരായ കെരൂബുകളെക്കുറിച്ചും പറഞ്ഞിരിക്കുന്നുവല്ലോ? ഇങ്ങനെ വി. ബൈബിളിന്റെ തുടക്കത്തിൽ തന്നെ ദൈവത്തെക്കുറിച്ചും, മനുഷ്യനെക്കുറിച്ചും, പിശാചിനെക്കുറിച്ചും (സാത്താൻ), ദൈവദൂതന്മാരെക്കുറിച്ചും പറഞ്ഞിരിക്കുന്നതിനാൽ മനുഷ്യൻ ഭൂമിയിൽ ഇന്ന് ആയിരിക്കുന്നതുപോലെ ദൈവവും, ദൂതന്മാരും, സാത്താനും ഉണ്ട് എന്ന് വിശുദ്ധഗ്രന്ഥം വ്യക്തമാക്കുന്നു. തിരുവെഴുത്തുകളെ വിശ്വസിക്കാത്തവരും രക്ഷിക്കപ്പെടാത്തവരുമായ മനുഷ്യരിലാണ് ദൂതന്മാർ ഉണ്ടോ എന്നുള്ള ചോദ്യം ഉദിക്കുന്നത്. ദൂതന്മാരുടെ പദവി, സ്ഥാനം, പ്രത്യക്ഷത, വിവിധ പ്രവർത്തനങ്ങൾ എന്നിത്യാദി വിഷയങ്ങൾ തിരുവചനത്തിൽ ആദിയോടന്തം പ്രസ്ഥാപിച്ചിരിക്കുന്നതിനാൽ അവയെ നിരാകരിക്കുവാൻ ആർക്കും സാദ്ധ്യമല്ല.

ദൂതന്മാർ മനുഷ്യരെപ്പോലെ വംശവർദ്ധനവുള്ളവരായി പെരുകുന്നില്ല. യേശുവിന്റെ ഉപദേശത്തിലും പഠിപ്പിക്കലിലും ഇത് വ്യക്തമായി പറഞ്ഞിരിക്കുന്നതായി കാണാം. പുനരുത്ഥാനം ഇല്ല എന്ന് പറയുന്ന സദൂക്യർ യേശുവിനോട് തർക്കിക്കുവാനായി ഒരു കുടുക്കുചോദ്യം ചോദിച്ചതിനു മറുപടി പറഞ്ഞത്: ഒരുത്തൻ മരിച്ചശേഷം പുനരുത്ഥാനം പ്രാപിക്കുമ്പോൾ പിന്നെ വിവാഹം കഴിക്കയില്ല വിവാഹത്തിനു കൊടുക്കപ്പെടുകയുമില്ല; സ്വർഗ്ഗത്തിലെ ദൂതന്മാരെപ്പോലെ അത്രേ ആകുന്നു എന്നാണ് (മത്താ. 22:30; മർക്കൊ. 12:25). സ്വർഗ്ഗത്തിലെ ദൂതന്മാർ മനുഷ്യരെപ്പോലെ സ്ത്രീപുരുഷബന്ധം പുലർത്തുന്നില്ല എന്നു സാരം.

സ്വർഗ്ഗത്തിൽ സ്ത്രീ ദൂതന്മാർ ഉണ്ടോ? എന്ന് ചിലർ ചോദിച്ചേക്കാം. കാരണം; ചിറകുള്ള ചില ദൂതന്മാരുടെ ചിത്രം കണ്ടാൽ സ്ത്രീകളുടെ മുഖവുമായി സാദൃശ്യം ഉണ്ടെന്ന് തോന്നും. ദൈവം ദൂതന്മാരെ എപ്പോൾ സൃഷ്ടിച്ചുവെന്നും എങ്ങനെ സൃഷ്ടിച്ചുവെന്നും, ഏതു ലിംഗമായി സൃഷ്ടിച്ചു എന്നുള്ളതിനും ബൈബിളിൽ തെളിവില്ല. എന്നാൽ പഴയനിയമത്തിലും പുതിയനിയമത്തിലും ദൈവദൂതന്മാർ പ്രത്യക്ഷപ്പെട്ടിട്ടുള്ളത് പുരുഷരൂപത്തിലാണ്. സ്ത്രീകളായിട്ടോ, കുട്ടികളായിട്ടോ പ്രത്യക്ഷപ്പെട്ടിട്ടില്ല (ഉല്പ. 16:7; 18:2,16; 19:15; പുറ. 3:2; സംഖ്യ 22:23; ന്യായാ. 6:21, 13:20; ദാനീ. 3:25; ലൂക്കൊ. 1:28; യോഹ. 20:12; അ.പ്ര. 12:7).

യഹോവയുടെ ദൂതന്റെ പ്രത്യക്ഷതയെക്കുറിച്ച് ആദ്യമായി രേഖപ്പെടുത്തിയിരിക്കുന്നത് ഉല്പത്തി 16:7ൽ ആണ്. അബ്രഹാമിന്റെ ഭവനത്തിൽനിന്നും സാറയുടെ ദാസിയായ ഹാഗർ ഓടിപ്പോയി ഒരു നീരുറവിന്റെ അരികെ വെച്ച് യഹോവയുടെ ദൂതൻ അവൾക്ക് പ്രത്യ

ക്ഷനായി എന്നു പറഞ്ഞിരിക്കുന്നു. അങ്ങനെ വിശുദ്ധബൈബിളിലെ ആദ്യപുസ്തകമായ ഉല്പത്തി മുതൽ അവസാനപുസ്തകമായ വെളിപ്പാടുവരെ ദൂതന്മാരുടെ പ്രത്യക്ഷതയെക്കുറിച്ചും, അവരുടെ വിവിധ പ്രവർത്തനങ്ങളെക്കുറിച്ചും രേഖപ്പെടുത്തിയിരിക്കുന്നു.

❑

# 3
# ദൂതന്മാരുടെ പദവി

"മർത്യനെ നീ ഓർക്കേണ്ടതിന് അവൻ എന്ത്? മനുഷ്യപുത്രനെ സന്ദർശിക്കേണ്ടതിന് അവൻ എന്തുമാത്രം? നീ അവനെ ദൂതന്മാരെക്കാൾ ( ദൈവത്തെക്കാൾ എന്ന മലയാള തർജ്ജിമ ശരിയല്ല- ഇംഗ്ലീഷ് നോക്കുക) അല്പം മാത്രം താഴ്ത്തി തേജസ്സും ബഹുമാനവും അവനെ അണിയിച്ചിരിക്കുന്നു (സങ്കീ. 8:4-6).

"നാം പ്രസ്താവിക്കുന്ന ഭാവിലോകത്തെ അവൻ ദൂതന്മാർക്കല്ലല്ലോ കീഴ്പ്പെടുത്തിയത്." എന്നാൽ മനുഷ്യനെ നീ ഓർക്കേണ്ടതിന് അവൻ എന്ത്? മനുഷ്യപുത്രനെ സന്ദർശിക്കേണ്ടതിന് അവൻ എന്തുമാത്രം? നീ അവനെ ദൂതന്മാരെക്കാൾ അല്പം മാത്രം താഴ്ത്തി; തേജസ്സും ബഹുമാനവും അവനെ അണിയിച്ചിരിക്കുന്നു; നിന്റെ കൈകളുടെ പ്രവർത്തികൾക്ക് നീ അവനെ അധിപതി ആക്കി, സകലവും അവന്റെ കാല്ക്കീഴാക്കിയിരിക്കുന്നു" എന്ന് ഒരുവൻ ഒരിടത്ത് സാക്ഷ്യം പറയുന്നു (എബ്രാ. 2:5-8).

മുകളിൽ ഉദ്ധരിച്ച വേദഭാഗത്ത്, നീ അവനെ ദൂതന്മാരെക്കാൾ അല്പം മാത്രം താഴ്ത്തി തേജസ്സും ബഹുമാനവും അവനെ അണിയിച്ചിരിക്കുന്നു എന്ന് പറയപ്പെട്ടിരിക്കുന്നതിനെക്കുറിച്ച് വേദശാസ്ത്രപഠിതാക്കളുടെ ഇട

യിൽ പ്രധാനമായി രണ്ട് വ്യാഖ്യാനങ്ങൾ ഉള്ളതായി പറഞ്ഞിരിക്കുന്നു. ഇത് ആദമിനെക്കുറിച്ച് പറഞ്ഞിരിക്കുന്നുയെന്നും ക്രിസ്തുവിനെക്കുറിച്ച് പറഞ്ഞിരിക്കുന്നുയെന്നും രണ്ട് അഭിപ്രായങ്ങളാണുള്ളത്.

## ആദമിനോടുള്ള ബന്ധത്തിൽ

നാം അധിവസിക്കുന്ന ഈ പ്രപഞ്ചം ദൈവസൃഷ്ടിയാണ്. ഈ പ്രപഞ്ചവും അതിലുള്ള സകലവും ദൈവം സൃഷ്ടിച്ച് മനുഷ്യന് നൽകിയിരിക്കയാണ്. ദൈവമാണ് ഈ പ്രപഞ്ചത്തിന്റെ ഉടമസ്ഥൻ. ദൈവത്തിന്റെ വകയായ ഈ ഭൂമിയിൽ ആദമിനെ ദൈവം ആക്കിവെച്ചത് ദൈവത്തിന്റെ പ്രതിനിധിയായി ഏദെൻതോട്ടം കാപ്പാനും അതിലുള്ള സകലവും സംരക്ഷിപ്പാനും അതിന്മേൽ വാഴുവാനുമാണ്. അങ്ങനെ തോട്ടത്തിൽ മനുഷ്യന് ഒരു വലിയ ഉത്തരവാദിത്വവും വേലയും ചെയ്‌വാനുണ്ടായിരുന്നു. "യഹോവയായ ദൈവം മനുഷ്യനെ കൂട്ടിക്കൊണ്ടുപോയി ഏദെൻതോട്ടത്തിൽ വേലചെയ്‌വാനും അതിനെ കാപ്പാനും അവിടെയാക്കി (ഉല്പ. 2:15). മനുഷ്യനെ ദൈവം സൃഷ്ടിച്ച് ഏദെനിൽ ആക്കിയപ്പോൾ അവൻ ദൈവതേജസ്സിനാൽ നിറഞ്ഞവനും ഭൂമിയിലുള്ള സകലത്തെയും അടക്കിഭരിക്കത്തക്ക അധികാരവും, ബഹുമാനവും, പദവിയും ഉള്ളവനുമായിരുന്നു.

"നിന്റെ കൈകളുടെ പ്രവർത്തികൾക്ക് നീ അവനെ അധിപതിയാക്കി, സകലത്തെയും അവന്റെ കാൽക്കീഴെയാക്കിയിരിക്കുന്നു; ആടുകളെയും, കാളകളെയും എല്ലാം കാട്ടിലെ മൃഗങ്ങളെയൊക്കെയും, ആകാശത്തിലെ പക്ഷികളെയും സമുദ്രത്തിലെ മത്സ്യങ്ങളെയും സമുദ്രമാർഗ്ഗങ്ങളിൽ സഞ്ചരിക്കുന്ന സകലത്തെയും തന്നേ (സങ്കീ. 8:6–8). ദൈവം ആദിമ മനുഷ്യരെ സൃഷ്ടിച്ചിട്ട് അവരെ അനുഗ്രഹിച്ച് പറഞ്ഞത് "നിങ്ങൾ സന്താനപുഷ്ടിയുള്ള

വരായി ഭൂമിയിൽ നിറഞ്ഞ് അതിനെ അടക്കി സമുദ്ര ത്തിലെ മത്സ്യത്തിന്മേലും, ആകാശത്തിലെ പറവജാതി യിന്മേലും സകല ഭൂചരജന്തുവിന്മേലും വാഴുവിൻ എന്ന് കല്പിച്ചു (ഉല്പ. 1:28).

നോക്കുക, ദൈവം മനുഷ്യന് കൊടുത്ത പദവിയും സ്ഥാനവും എത്ര മഹത്വമേറിയതെന്ന്. ദൈവം സൃഷ്ടിച്ച് മനുഷ്യന് നൽകിയ ഈ ഭൂമിയും അതിലുള്ള സകല പ്രകൃതി സൌന്ദര്യങ്ങളായ വൃക്ഷങ്ങൾ, സസ്യാദികൾ എല്ലാം എല്ലാം എത്ര അതിമനോഹരമായിരിക്കുന്നു. പകൽ സമയത്ത് ഈ ഭൂമിയിലേക്ക് കണ്ണോടിച്ചു നോക്കിയാൽ ദൈവത്തിന്റെ സൃഷ്ടിപ്പിനെയും പ്രകൃതി യേയും കണ്ടിട്ട് ദൈവത്തെ എങ്ങനെ മഹത്വപ്പെടുത്താ തിരിപ്പാൻ കഴിയും? രാത്രിയിൽ ആകാശത്തേക്കു കണ്ണു യർത്തിയാൽ ദൈവത്തിന്റെ കൈവേലയായ ആകാശവി താനം, ചന്ദ്രൻ, നക്ഷത്രങ്ങൾ എല്ലാം വിളിച്ചറിയിക്കുന്നത് അവയെ സൃഷ്ടിച്ച സർവ്വജ്ഞാനിയായ ദൈവത്തിന്റെ മഹത്വത്തെയാണല്ലോ? “ആകാശം ദൈവത്തിന്റെ മഹ ത്വത്തെ വർണ്ണിക്കുന്നു, ആകാശവിതാനം അവന്റെ കൈവേലയെ പ്രസിദ്ധമാക്കുന്നു.... (സങ്കീ. 19:1). ഇങ്ങനെ മുകളിൽ പ്രസ്താവിച്ച വേദഭാഗങ്ങൾ ആദമിനോടുള്ള ബന്ധത്തിൽ പറഞ്ഞിരിക്കുന്നതാണ്.

ആദമിനോടു അഥവാ മനുഷ്യനോടുള്ള ബന്ധത്തിൽ ദൂതന്മാരെക്കാൾ അല്പം മാത്രം താഴ്ത്തി (little lower than the angels) എന്ന് പറഞ്ഞിരിക്കുന്നത്, മനുഷ്യൻ ജഡ മയനായി അഥവാ ജഡത്തിൽ ഈ ഭൂമിയിൽ ആയിരി ക്കുമ്പോൾ ദൂതന്മാർ മഹത്വശരീരധാരികളായി, ആത്മ ജീവികളായി സ്വർഗ്ഗത്തിൽ വസിക്കുന്നു എന്നതാണ്. മനുഷ്യർ മർത്യമായ ജഡത്തിൽ വസിക്കുമ്പോൾ ദൂത ന്മാർ അമർത്യമായ ശരീരത്തിൽ വസിക്കുന്നു. മനുഷ്യർ ഇപ്പോൾ കണ്ണുകൊണ്ട് കാണാതെ ദൈവത്തെ ആരാധി

ക്കുമ്പോൾ, ദൂതന്മാർ ദൈവത്തെ കണ്ടുകൊണ്ട് ആരാധിക്കുന്നു. ദൈവജനം ഈ ലോകത്തിൽ ഇരുന്നുകൊണ്ട് ആത്മാവിലും സത്യത്തിലും ദൈവത്തെ ആരാധിക്കുമ്പോൾ, ദൂതന്മാർ തേജസ്സുള്ള ശരീരത്തോട് ദൈവതേജസ്സ് ദർശിച്ചുകൊണ്ട് ദൈവസിംഹാസനത്തിനടുത്ത് ആരാധിക്കുന്നു. ദൈവജനം പുനരുത്ഥാനം പ്രാപിക്കുമ്പോൾ ദൈവദൂതതുല്ല്യരായി ദൈവത്തെ കാണുകയും ദൈവത്തെ ആരാധിക്കുകയും ചെയ്യും (ലൂക്കൊ. 20:36). ഇപ്പോൾ മനുഷ്യൻ ജഡത്തിൽ വസിക്കുന്നതിനാൽ ദൂതന്മാരെക്കാൾ താഴ്ച്ചയുള്ള അവസ്ഥയിലായിരിക്കുന്നു എന്ന് സാരം.

സ്വർഗ്ഗത്തിൽ ദൈവത്തെ ആരാധിക്കുന്ന മഹത്വശരീരജീവികളായ ദൂതന്മാർ ദൈവത്തിന്റെ മുഖം എപ്പോഴും കണ്ടുകൊണ്ടിരിക്കുന്നു എന്ന് കർത്താവ് പറഞ്ഞുവല്ലോ (മത്താ. 18:11). ദൂതന്മാർക്ക് സ്വർഗ്ഗത്തിൽ ദൈവം ഏർപ്പെടുത്തിയിരിക്കുന്ന സ്വർഗ്ഗീയ പാർപ്പിടം, സ്വർഗ്ഗത്തെരുവീഥികൾ, അവർ സഞ്ചരിക്കുന്ന അഗ്നിമയരഥങ്ങൾ, സ്വർഗ്ഗീയമന്ദിരം, സ്വർഗ്ഗീയാരാധന, താഴേക്കുനോക്കിയാൽ കാണുന്ന നക്ഷത്രമണ്ഡലം, ആകാശവിതാനം ഇതെല്ലാം ദർശിച്ചുകൊണ്ട് ദൈവം ദൂതന്മാർക്ക് നൽകപ്പെട്ട ജ്ഞാനംകൊണ്ട് അവർ ദൈവത്തെ മഹത്വപ്പെടുത്തുന്നു. ഈവക കാര്യങ്ങൾ മാനുഷ്യബുദ്ധിക്ക് വേണ്ടവണ്ണം ദൈവം വെളിപ്പെടുത്തി തന്നിട്ടില്ല. അംശമായി മാത്രം നാം അറിയുന്നു. എന്നാൽ ദൂതന്മാർ ഇതെല്ലാം അനുഭവിച്ച് അറിയുന്നവരാണ്.

എന്നാൽ ദൂതന്മാരെക്കാൾ ശ്രേഷ്ഠമായ പദവിയും സ്ഥാനവുമാണ് ദൈവജനത്തിനു ദൈവം നൽകിയിരിക്കുന്നത്. ദൈവജനം ദൈവമക്കളാണ്. ദൈവമക്കൾ എന്ന പദവി ദൂതന്മാർക്കില്ലല്ലോ. ദൈവമക്കൾ യേശുവിന്റെ രക്തത്താൽ വീണ്ടെടുക്കപ്പെട്ടവരാണ്. ദൈവ

സ്നേഹം അനുഭവിച്ചറിഞ്ഞവരാണ് ദൈവജനം. ദൈവ കൃപ, ദൈവത്തിന്റെ ദയ, കരുണ, നീതി, വിശ്വസ്തത ആദിയായ ദൈവീകസ്വഭാവത്തിന്റെ ഉടമകളാണ് ദൈവ ജനം. എല്ലാറ്റിനുമുപരി ദൈവജനം യേശുവിന്റെ രക്ത ത്താൽ സമ്പാദിച്ച ക്രിസ്തുവിന്റെ സഭയാണ്.

## ക്രിസ്തുവിനോടുള്ള ബന്ധത്തിൽ

(എബ്രാ. 2:5-9).

ക്രിസ്തുവിനോടുള്ള ബന്ധത്തിൽ മുകളിൽ ഉദ്ധരിച്ച വേദഭാഗം ചിന്തിക്കുമ്പോൾ, ക്രിസ്തു മനുഷ്യനായി അവ തരിച്ചതിനാൽ തല്ക്കാലം ഒരു ചുരുങ്ങിയ കാലത്തേക്ക് (മുപ്പത്തിമൂന്നര വർഷക്കാലം) മനുഷ്യശരീരം എടുത്ത തിനാൽ (ഫിലി. 2:7-8) ദൂതന്മാരെക്കാൾ താഴ്ന്ന അവ സ്ഥയിലായിത്തീർന്നത്, അവൻ മനുഷ്യനായി കഷ്ടങ്ങൾ സഹിപ്പാനും മരണം ആസ്വദിപ്പാനുമത്രേ. എന്നാൽ ക്രിസ്തു മരിച്ച് അടക്കപ്പെട്ട് ഉയിർത്തെഴുന്നേറ്റ് സ്വർഗ്ഗ ത്തിൽ കരേറിപ്പോയി ദൈവത്തിന്റെ വലത്തുഭാഗത്തിരി ക്കുന്നതിനാൽ (റോമ. 8:34; എഫെ. 1:20-23; എബ്രാ. 1:3) അവന്ന് സകലത്തിലും മേലായ നാമവും സ്വർഗ്ഗത്തിലും ഭൂമിയിലും സകല അധികാരവും നൽകപ്പെട്ടിരിക്കുന്നു (മത്താ. 28:18; എഫെ. 1:21-23).

“അവൻ സ്വർഗ്ഗത്തിലേക്കുപോയി ദൈവത്തിന്റെ വല ത്തുഭാഗത്തിരിക്കുന്നു. ദൂതന്മാരും അധികാരങ്ങളും ശക്തികളും അവന്നു കീഴ്പ്പെട്ടുമിരിക്കുന്നു” (1 പത്രൊ. 3:22).

ആകയാൽ ക്രിസ്തു ദൈവദൂതന്മാരെക്കാൾ വിശി ഷ്ടമായ നാമത്തിനു അവകാശമായതിനു ഒത്തവണ്ണം അവ രെക്കാൾ ശ്രേഷ്ഠനായിത്തീരുകയും ചെയ്തു എന്ന് തിരു വചനം പറയുന്നു (എബ്രാ.1:4). അങ്ങനെ ക്രിസ്തു ദൈവ ദൂതന്മാരെക്കാൾ ശ്രേഷ്ഠനാണ്. ❑

# 4
# ശ്രേഷ്ഠ ദൂതന്മാർ

ഈ അദ്ധ്യായത്തിന്റെ പ്രാരംഭത്തിൽ പറഞ്ഞിരിക്കുന്നതുപോലെ ഒരു രാജ്യത്ത് രാജാവിനെ സേവിപ്പാനും രാജാവിന്റെ പ്രധാന കാര്യങ്ങൾ കൈകാര്യം ചെയ്യുന്നതിനും രാജാവിന്റെ യുദ്ധങ്ങൾ ചെയ്യുന്നതിനായും ശ്രേഷ്ഠമന്ത്രിമാരെയും സൈന്യാധിപന്മാരെയും ആക്കിയിരിക്കുന്നതുപോലെ സ്വർഗ്ഗീയ ഭരണകൂടത്തിനും ദൈവത്തെ സേവിപ്പാനും ദൈവത്തിന്റെ യുദ്ധം ചെയ്യുവാനുമായി പ്രധാനദൂതൻ, ശ്രേഷ്ഠദൂതന്മാർ, ശക്തരായദൂതന്മാർ എന്നിവരെ ആക്കിയിരിക്കുന്നതായി തിരുവചനത്തിൽനിന്നും ഗ്രഹിക്കാവുന്നതാണ്.

യിസ്രായേലിൽ ഗോത്രപ്രഭുക്കന്മാർ അഥവാ തലവന്മാർ ഉണ്ടായിരുന്നതുപോലെയും (സംഖ്യ 13:2), ദൈവസഭയിൽ ശുശ്രൂഷാനിരയിൽ ഒന്നാമത് അപ്പൊസ്തലന്മാരെ ദൈവം ആക്കിയിരിക്കുന്നതുപോലെയും (1 കൊരി. 12:28; എഫെ. 4:11) സ്വർഗ്ഗത്തിലും ദൈവീക ശുശ്രൂഷകൾക്കായും ആരാധനയ്ക്കായും ശ്രേഷ്ഠദൂതന്മാരെ ദൈവം നിയോഗിച്ചിരുന്നതായി കാണാവുന്നതാണ്. തിരുവചനത്തിൽ പറഞ്ഞിരിക്കുന്ന ശ്രേഷ്ഠദൂതന്മാരെപ്പറ്റി ചുരുക്കമായി ചിന്തിപ്പാനാഗ്രഹിക്കുന്നു.

## 1) മീഖായേൽ (Michael)

മലയാളം ബൈബിളിൽ മീഖായേലിനെ പ്രധാന ദൂതൻ ആർക്കെയിഞ്ചൽ (Archangel) എന്നാണ് പറഞ്ഞിരിക്കുന്നത്. Archangel എന്ന വാക്ക് Archangelos എന്ന ഗ്രീക്ക് വാക്കിൽ നിന്നുള്ളതാണ്. ഇതിന് ഒന്നാമൻ, പ്രധാനിയായവൻ എന്നാണ് അർത്ഥമാകുന്നത്. തിരുവചനത്തിൽ പ്രധാന ദൂതന്മാർ (Archangels) എന്ന് ബഹുവചനമായി പറഞ്ഞിട്ടില്ല; പ്രധാന ദൂതൻ എന്ന് ഏകവചനമായി ഒരാളിനെപ്പറ്റിയാണ് പറഞ്ഞിരിക്കുന്നത്; അത് മീഖായേൽ ആണെന്ന് തിരുവചനത്തിൽ നിന്നും മനസ്സിലാക്കുവാൻ കഴിയുന്നതാണ്. മീഖായേലിന്റെ സേവനത്തെക്കുറിച്ച് തിരുവചനത്തിൽ പലയിടങ്ങളിൽ പ്രസ്താവിച്ചിരിക്കുന്നത് കാണുവാൻ കഴിയും.

- ദൈവത്തിന്റെ സന്ദേശം ദാനീയേലിനെ അറിയിപ്പാനായി ഗബ്രിയേൽ ദൂതനെ ദൈവം അയച്ചപ്പോൾ സാത്താൻ ഇരുപത്തിയൊന്നു ദിവസം ഗബ്രിയേലിനോട് എതിർത്തുനിന്നതായി കാണുന്നു. ഒടുവിൽ മീഖായേലിനെ അയച്ച് ഗബ്രിയേലിനെ സാത്താനിൽ നിന്നും വിടുവിച്ചതായി കാണുന്നുവല്ലോ (ദാനീ. 10:12-13).
- യൂദായുടെ ലേഖനത്തിൽ പ്രധാന ദൂതനായ മീഖായേൽ മോശെയുടെ ശരീരത്തെക്കുറിച്ച് സാത്താനോടു തർക്കിച്ചു വാദിക്കുന്നതായി പറഞ്ഞിരിക്കുന്നു (യൂദാ. 9).
- കർത്താവിന്റെ രണ്ടാംവരവിങ്കൽ വിശുദ്ധന്മാരുടെ ഉയിർപ്പിനോടുള്ള ബന്ധത്തിൽ (സഭയുടെ ഉൽപ്രാപണം) പ്രധാന ദൂതന്റെ ശബ്ദത്തെക്കുറിച്ച് പറഞ്ഞിരിക്കുന്നത് (1 തെസ്സ. 4:16) മീഖായേലിനെക്കുറിച്ചാണെന്നുള്ളത് എല്ലാ വേദപണ്ഡിതന്മാരും സമ്മതിക്കുന്നു.

- മഹോപദ്രവകാലത്തിന്റെ അവസാനഘട്ടത്തിൽ മീഖായേലും അവന്റെ സൈന്യവും സാത്താനോടും അവന്റെ ദൂതന്മാരോടും യുദ്ധം ചെയ്യുന്നതായി കാണുന്നു (വെളി. 12:7). ആ യുദ്ധത്തിൽ മീഖായേൽ സാത്താനെ തോല്പിച്ച് ഭൂമിയിലേക്ക് തള്ളിക്കളയുന്നു.

മീഖായേൽ ദൈവത്തിന്റെ സർവ്വസൈന്യാധിപനാണന്ന് മുകളിൽ ഉദ്ധരിക്കപ്പെട്ട വേദഭാഗങ്ങളിൽ നിന്നും മനസ്സിലാക്കുവാൻ കഴിയുമല്ലോ? അവൻ യുദ്ധവീരനാണ്. ശിംശോന്റെ നാസീർവ്യതകാലത്തു അവന്റെ മുമ്പിൽ ഒരു ശത്രുവിനും നില്പാൻ കഴിയാതിരുന്നതുപോലെ, ദൈവം പ്രത്യേക ശക്തിയാൽ അഭിഷേകം ചെയ്യപ്പെട്ട ദൂതനാണ് മീഖായേൽ. അവന്റെ മുമ്പിൽ ആർക്കും പൊരുതി നില്പാൻ കഴിയുകയില്ല. അവൻ മഹാപ്രഭുവും (ദാനീ. 12:1) ഉന്നതനും ഒന്നാമനുമാണ്.

ആയിരമാണ്ടു വാഴ്ചയുടെ ആരംഭത്തിൽ സാത്താനെ പിടിച്ച് ചങ്ങലകൊണ്ട് ബന്ധിച്ച് അഗാധത്തിൽ തള്ളിയിട്ട് പൂട്ടുന്ന ദൂതൻ മീഖായേൽ ആണെന്ന് ചില വേദപണ്ഡിതന്മാർ അഭിപ്രായപ്പെടുന്നു (വെളി. 20:1–3).

## 2. ഗബ്രീയേൽ (Gabriel)

ദൈവസന്നിധിയിൽ നിൽക്കുന്ന ഒരു ശ്രേഷ്ഠദൂതനാണ് ഗബ്രീയേൽ. ദൈവത്തിന്റെ ഏറ്റവും ഗൗരവമേറിയ സന്ദേശം വിശ്വസ്തതയോടെ ദൈവം പറയുന്ന സ്ഥലത്ത് ഏല്പിക്കേണ്ട ആളിന്നു എത്തിച്ചുകൊടുക്കുന്ന പ്രധാന ദൂതുവാഹിയാണ് ഗബ്രീയേൽ. തിരുവചനത്തിൽ ഗബ്രീയേലിനെക്കുറിച്ച് പല സന്ദർഭങ്ങളിൽ പറഞ്ഞിരിക്കുന്നതായി കാണാം. ഭാവിയിൽ സംഭവിപ്പാനിരിക്കുന്ന കാര്യങ്ങൾ ദർശനത്തിൽക്കൂടെ ദൈവം തന്റെ

ദാസന്മാർക്ക് കാണിച്ചുകൊടുക്കുമ്പോൾ അതിന്റെ അർത്ഥവും, പൊരുളും വളരെ വ്യക്തമായി മനസ്സിലാക്കികൊടുക്കുവാൻ ഗബ്രീയേലിനെയാണ് ദൈവം നിയോഗിച്ചിട്ടുള്ളതെന്ന് താഴെ പറയപ്പെടുന്ന വേദഭാഗങ്ങൾ തെളിയിക്കുന്നു.

ദാനീയേൽ പ്രവാസത്തിലായിരിക്കുമ്പോൾ താൻ കണ്ട ദർശനത്തിന്റെ അർത്ഥം മനസ്സിലാക്കികൊടുക്കുവാൻ ഗബ്രീയേലിനെ ദൈവം ദാനീയേലിന്റെ അടുക്കൽ അയച്ചതായി കാണുന്നു. “എന്നാൽ ദാനീയേലെന്ന ഞാൻ ഈ ദർശനം കണ്ടിട്ടു അർത്ഥം ആലോചിച്ചുകൊണ്ടിരിക്കുമ്പോൾ ഒരു പുരുഷരൂപം എന്റെ മുമ്പിൽ നിൽക്കുന്നതു കണ്ടു. ഗബ്രീയേലേ, ഇവനു ഈ ദർശനം ഗ്രഹിപ്പിച്ചുകൊടുക്ക എന്ന് ഊലായിതീരത്തു നിന്ന് വിളിച്ചുപറയുന്ന ഒരു മനുഷ്യന്റെ ശബ്ദം കേട്ടു” (ദാനീ. 8:15; 9:21).

ദൈവത്തിന്റെ സന്ദേശം വീണ്ടും ദാനീയേലിനെ അറിയിക്കുവാനായി ഗബ്രീയേലിനെ അയച്ചപ്പോൾ വഴിയിൽവെച്ച് സാത്താൻ ഗബ്രീയേലിനോടു ഇരുപത്തിയൊന്ന് ദിവസം എതിർത്തുനിന്നു. ദാനീയേലിന്റെ പ്രാർത്ഥനയുടെ മറുപടി സാത്താനും ആകാശമണ്ഡലത്തിലെ അവന്റെ ദുഷ്ടാത്മാക്കളും ചേർന്ന് തടഞ്ഞതായി കാണുന്നുവല്ലോ? ഇരുപത്തിയൊന്നു നീണ്ടദിവസങ്ങൾ ഗബ്രീയേലിനോടു സാത്താൻ എതിർത്തുനിന്നതായി കാണുന്നു. അപ്പോൾ ‘പ്രധാന പ്രഭുക്കന്മാരിൽ’ ഒരുത്തനായ മീഖായേൽ എന്നെ സഹായിപ്പാൻ വന്നു; അവനെ ഞാൻ പാർസിരാജാക്കന്മാരോടുകൂടെ അവിടെ വിട്ടേച്ച് നിന്റെ ജനത്തിനു ഭാവികാലത്തു സംഭവിപ്പാനുള്ളതു നിന്നെ ഗ്രഹിപ്പിക്കേണ്ടതിനു ഇപ്പോൾ വന്നിരിക്കുന്നു (ദാനീ. 10:13–14). മീഖായേൽ വന്ന് ഗബ്രീയേലിനെ സഹാ

യിക്കുന്നതുവരെ ഗബ്രീയേൽ സാത്താനോടു എതിർത്ത് നിന്നു. ഗബ്രീയേലിനു സാത്താനോടു പൊരുതി ജയിക്കുവാൻ കഴിഞ്ഞില്ലയോ എന്ന് ന്യായമായ ഒരു ചോദ്യം ഇവിടെ ഉന്നയിക്കാവുന്നതാണ്. ഇവിടെ ഗബ്രീയേൽ തനിച്ചും, സാത്താനും അവന്റെ ശക്തിയുള്ള അനേകം പ്രഭുക്കന്മാരും (പാർസിരാജാക്കന്മാരോടുകൂടെ എന്നുള്ള പദം ശ്രദ്ധിക്കുക) ചേർന്നായിരിക്കണം ഗബ്രീയേലിനെ തടഞ്ഞത്. ഗബ്രീയേലിനോടു ദൈവം പറഞ്ഞതുമാത്രം വിശ്വസ്തതയോടെ ചെയ്യുന്ന ശ്രേഷ്ഠദൂതനാണ്. യുദ്ധം ചെയ്യുവാൻ ദൈവം തന്നോട് കല്പിച്ചുകാണുകയില്ലായിരിക്കാം. യുദ്ധം ചെയ്യുന്ന ജോലി മീഖായേലിനും അവന്റെ കീഴിലുള്ള ദൂതസൈന്യത്തിനും ദൈവം ഏല്പിച്ചിരിക്കുന്നതാണ്. അതുകൊണ്ടാണല്ലോ ദൈവം മീഖായേലിനെ അയച്ച് ഗബ്രീയേലിനെ വിടുവിച്ചത്.

യോഹന്നാൻ സ്നാപകന്റെ ജനനത്തെക്കുറിച്ച് സെഖര്യാവിനോടു പറയുവാനായി ദൈവം ഗബ്രീയേലിനെ അയച്ചു പറഞ്ഞത്: “സെഖര്യാവേ ഭയപ്പെടേണ്ട, നിന്റെ പ്രാർത്ഥനക്കുത്തരമായി നിന്റെ ഭാര്യ എലിസബെത്ത് നിനക്ക് ഒരു മകനെ പ്രസവിക്കും; അവന്നു യോഹന്നാൻ എന്ന് പേർ ഇടേണം (ലൂക്കൊ. 1:13). ഗബ്രീയേൽ പറഞ്ഞത് സെഖര്യാവ് വിശ്വസിക്കാതെ ഈ പറഞ്ഞത് ഞാൻ എന്തൊന്നിനാൽ അറിയും, ഞാൻ വൃദ്ധനും എന്റെ ഭാര്യ വയസ്സുചെന്നവളുമല്ലോ എന്ന് സെഖര്യാവ് ദൂതനോട് പറഞ്ഞപ്പോൾ ദൂതൻ അവനോടു: ഞാൻ ദൈവസന്നിധിയിൽ നിൽക്കുന്ന ഗബ്രീയേൽ ആകുന്നു; നിന്നോട് സംസാരിപ്പാനും ഈ സദ്വർത്തമാനം നിന്നോട് അറിയിപ്പാനും എന്നെ അയച്ചിരിക്കുന്നു. തക്ക സമയത്തു നിവൃത്തിവരുവാനുള്ള എന്റെ ഈ വാക്കു വിശ്വസിക്കായ്കകൊണ്ട് അത് സംഭവിക്കുംവരെ നീ

സംസാരിപ്പാൻ കഴിയാതെ മൌനമായിരിക്കുമെന്ന് സെഖര്യാവിനോട് പറഞ്ഞതുപോലെ സംഭവിച്ചുവല്ലോ? (ലൂക്കൊ. 1:19,20).

ലോകരക്ഷിതാവായ യേശുക്രിസ്തു, യെഹൂദന്മാർ നോക്കി കാത്തിരിക്കുന്ന മശിഹാ, ന്യായപ്രമാണത്തിൽ മോശെയും പ്രവാചകന്മാരും എഴുതിയിരിക്കുന്നവൻ, അഖിലാണ്ഡത്തിന്റെ ഉടയവനായ കർത്താവ് മനുഷ്യവേഷം എടുക്കുവാനായി നസറെത്തിലെ കന്യകയായ മറിയയ്ക്കു 'കൃപ' ലഭിച്ചിരിക്കുന്നു എന്നുള്ള സദ്വർത്തമാനം അറിയിക്കുവാനായി ഗബ്രീയേലിനെ ദൈവം മറിയയുടെ അടുക്കൽ അയച്ചു. യേശു തന്നിൽ ജനിക്കുവാൻ പോകുന്നതിനെക്കുറിച്ച് ദൂതൻ സംസാരിച്ചപ്പോൾ ഇതെങ്ങനെ സംഭവിക്കുമെന്നുള്ള സകല സംശയങ്ങളും തീർത്ത് മറിയയെ ഗ്രഹിപ്പിച്ച് ശക്തിപ്പെടുത്തുന്നതായി കാണുന്നുവല്ലോ (ലൂക്കൊ. 1:26-38).

യോസേഫുമായി വിവാഹനിശ്ചയം കഴിഞ്ഞിരിക്കുന്ന മറിയ ഗർഭവതിയായ കാരണത്താൽ അവളെ ഗൂഢമായി ഉപേക്ഷിപ്പാൻ യോസേഫ് ഭാവിച്ചിരിക്കുമ്പോൾ കർത്താവിന്റെ ദൂതനെ അയച്ച് യോസേഫിനോട് സ്വപ്നത്തിൽക്കൂടെ സംസാരിക്കുന്നതായി കാണുന്നുവല്ലോ? (മത്താ. 1:18-20). യോസേഫിനു പ്രത്യക്ഷപ്പെട്ട ദൂതന്റെ പേർ പറഞ്ഞിട്ടില്ല എങ്കിലും യേശുവിന്റെ ജനനത്തോടുള്ള ബന്ധത്തിൽ മറിയയ്ക്ക് പ്രത്യക്ഷപ്പെട്ട ഗബ്രീയേൽ തന്നെയാണ് യോസേഫിനും പ്രത്യക്ഷപ്പെട്ട് സംസാരിച്ചതെന്ന് സംശയമെന്യേ വിശ്വസിക്കാവുന്നതാണ്. ദാനീയേലിനും സെഖര്യാവിനും യോസേഫിനും പ്രത്യക്ഷപ്പെട്ടതുപോലെ കൊർന്നല്യോസിനും പ്രത്യക്ഷപ്പെട്ട ദൂതൻ ഗബ്രീയേൽ തന്നെ ആയിരിക്കാമെന്ന് ചില വേദപണ്ഡിതർ അഭിപ്രായപ്പെടുന്നു (അ.പ്ര. 10:3,22). വേഗത്തിൽ

സംഭവിപ്പാനുള്ള യേശുക്രിസ്തുവിന്റെ വെളിപ്പാട് യോഹന്നാനു പ്രദർശിപ്പിച്ച് കാണിപ്പാനായി അയയ്ക്കപ്പെട്ട ദൂതൻ ഗബ്രീയേൽ ആണെന്നുള്ള അഭിപ്രായവും ചില വേദപണ്ഡിതന്മാരുടെ ഇടയിലുണ്ട് (വെളി. 1:1).

## ലൂസിഫെർ

സ്വർഗ്ഗീയ ആരാധന, സ്വർഗ്ഗത്തിലെ ആലയം ഇവയെപ്പറ്റിയുള്ള വ്യക്തമായ അറിവ് ദൈവം നമുക്ക് വേണ്ടവണ്ണം വെളിപ്പെടുത്തി തന്നിട്ടില്ല. സ്വർഗ്ഗത്തിൽ നടക്കുന്ന ആരാധനയെപ്പറ്റി തിരുവെഴുത്തിൽ പലയിടങ്ങളിലായി സൂചിപ്പിച്ചിരിക്കുന്നത് കാണുവാൻ കഴിയും. യെശയ്യാവ് 6-ലും വെളിപ്പാട് 4, 5, 7 എന്നീ അദ്ധ്യായങ്ങളിലും സ്വർഗ്ഗത്തിൽ നടക്കുന്ന ആരാധനയുടെ ഒരംശം മാത്രം വെളിപ്പെടുത്തി തന്നിരിക്കുന്നു. അപ്പൊസ്തലന്മാരിൽ ഏറ്റവും അധികം ദൈവീക വെളിപ്പാടുകൾ പ്രാപിച്ച വി. പൌലൊസ് മൂന്നാം സ്വർഗ്ഗത്തോളം എടുക്കപ്പെട്ടിട്ടു പോലും സ്വർഗ്ഗത്തിൽ നടക്കുന്ന ആരാധനയുടെ ഒരംശംപോലും താൻ കണ്ടതായി പറഞ്ഞിട്ടില്ല. മനുഷ്യനു ഉച്ചരിപ്പാൻ പാടില്ലാത്തതും പറഞ്ഞുകൂടാത്തതുമായ വാക്കുകളെ അവൻ കേട്ടു എന്ന് മാത്രമാണ് പറഞ്ഞിരിക്കുന്നത് (2 കൊരി. 12:4). സ്വർഗ്ഗത്തിൽ നടക്കുന്ന ആരാധനയുടെ പൂർണ്ണരൂപം, മാധുര്യം ഇവ നാം സ്വർഗ്ഗത്തിൽ ചെല്ലുമ്പോൾ മാത്രമെ അറികയുള്ളു.

പ്രധാനദൂതൻ എന്നറിയപ്പെടുന്ന മീഖായേലിനെപ്പോലെയും, ദൈവത്തിന്റെ പ്രധാന ദൂതുവാഹിയായ ഗബ്രീയേലിനെപ്പോലെയും ലൂസിഫെറും ദൈവത്തിന്റെ ഒരു ശ്രേഷ്ഠദൂതനായിരുന്നു. സ്വർഗ്ഗത്തിലെ ആരാധനയുടെ കാർമ്മികത്വം (Leadership) വഹിച്ചിരുന്നത് ലൂസിഫെർ ആയിരുന്നു എന്ന് പൊതുവെ അഭിപ്രായപ്പെടുന്നു. മറ്റുള്ള എല്ലാ ദൂതന്മാരെക്കാൾ സൌന്ദര്യവാനായി,

ജ്ഞാനപൂർണ്ണനായി, തേജസ്സും പ്രഭയും നിറഞ്ഞവനായി പന്ത്രണ്ടുതരം വിശിഷ്ഠരത്നങ്ങളാൽ ആവരണം ചെയ്യപ്പെട്ട് സൃഷ്ടിച്ച ദൂതനാണ് ലൂസിഫെർ എന്ന് യെഹ. 28:12 മുതലുള്ള വാക്യങ്ങളിൽ വിവരിച്ചിരിക്കുന്നു. നീ ചിറകു വിടർത്തി മറയ്ക്കുന്ന കെരൂബ് ആകുന്നു (28:14) എന്നു പറഞ്ഞിരിക്കുന്നതിനാൽ ലൂസിഫെർ ദൈവസിംഹാസനത്തിനടുത്ത് വസിച്ചിരുന്നവനും കെരൂബുകളുടെ മേൽ ആധിപത്യമുള്ളവനും ആയിരുന്നു എന്ന് മനസ്സിലാക്കാം. **ലൂസിഫെറിനെപ്പറ്റി കൂടുതലായി Part-4 ൽ സാത്താനും അവന്റെ ദൂതന്മാരും എന്ന അദ്ധ്യായത്തിൽ പറഞ്ഞിരിക്കുന്നത് കാണുക.**

യെഹൂദന്മാരുടെ അപ്പോകാലിപ്റ്റിക്ക് ലിറ്ററേച്ചറിൽ (Apocalyptic Literature) ദൈവസന്നിധിയിൽ നില്ക്കുന്ന ഏഴു പ്രധാനദൂതന്മാർ ഉണ്ടെന്ന് പറഞ്ഞിരിക്കുന്നു. അവരുടെ പേരുകൾ: 1 സുരുയേൽ (suruel) 2. റാഫയേൽ (Raphael) 3. രെഗുയേൽ (Reguel) 4. മീഖായേൽ (Michael) 5. ഗബ്രീയേൽ (Gabriel) 6. റെമിയേൽ (Remiel) 7. യൂരിയേൽ (Uriel) എന്നിവരാണ്. എന്നാൽ വിശുദ്ധബൈബിളിൽ ഇതിനു തെളിവില്ല.

വെളിപ്പാട് 8-ാം അദ്ധ്യായത്തിൽ പറഞ്ഞിരിക്കുന്ന ഏഴുകാഹളം ഊതുന്ന ഏഴുദൂതന്മാർ മുകളിൽ പറയപ്പെട്ടിരിക്കുന്ന ദൂതന്മാരാണെന്ന് ചില വേദപണ്ഡിതർ അഭിപ്രായപ്പെടുന്നു. എന്നാൽ വി. യോഹന്നാൻ ഇവരെ പ്രധാനദൂതന്മാരായി പറഞ്ഞിട്ടില്ല. ദൈവസന്നിധിയിൽ പ്രധാനദൂതന്മാരായി ശ്രേഷ്ഠദൂതന്മാരായി അനേകർ ഉണ്ടെന്നിരിക്കാമെങ്കിലും മീഖായേലും ഗബ്രീയേലുമാണ് പ്രധാനദൂതനായും പ്രധാന ദൂതുവാഹിയായും തിരുവചനത്തിൽ വെളിപ്പെടുത്തിത്തന്നിരിക്കുന്നത്.

❑

# 5

# ശക്തന്മാരായ ദൂതന്മാർ

ദൈവസന്നിധിയിൽ ദൈവത്തിന്റെ ആജ്ഞ അനുസരിച്ച് പ്രവർത്തിക്കുവാനായി അനേകം ശക്തന്മാരായ അഥവാ ബലവാന്മാരായ ദൂതന്മാർ ഉണ്ടെന്ന് വിശുദ്ധബൈബിൾ വ്യക്തമാക്കുന്നു. ഈ ദൂതന്മാർ ദൈവം കല്പിക്കുന്നതിൻപ്രകാരം പ്രവർത്തിപ്പാൻ രാവും പകലും എപ്പോഴും തയ്യാറായി ദൈവസന്നിധിയിൽ നിൽക്കുന്നവരാണ്. ചില വേദഭാഗങ്ങൾ ശ്രദ്ധിക്കുക.

- കർത്താവായ യേശു തന്റെ ശക്തിയുള്ള ദൂതന്മാരുമായി സ്വർഗ്ഗത്തിൽ നിന്ന് അഗ്നിജ്വാലയിൽ പ്രത്യക്ഷനായി ദൈവത്തെ അറിയാത്തവർക്കും നമ്മുടെ കർത്താവായ യേശുവിന്റെ സുവിശേഷം അനുസരിക്കാത്തവർക്കും പ്രതികാരം കൊടുക്കുമ്പോൾ... (2 തെസ്സ. 1:6–7).
- ഏറിയ ബലവും ശക്തിയുമുള്ള ദൂതന്മാർ.... (Angels which are greater in power and mighty) (2 പത്രൊ. 2:11)
- ആ പുസ്തകം തുറപ്പാനും അതിന്റെ മുദ്ര പൊട്ടിപ്പാനും യോഗ്യൻ ആരുള്ളു എന്ന് അത്യുച്ചത്തിൽ ഘോഷിക്കുന്ന ശക്തനായൊരു ദൂതനെയും കണ്ടു (വെളി 5:2).
- ബലവാനായ മറ്റൊരു ദൂതൻ സ്വർഗ്ഗത്തിൽ നിന്നിറ

ങ്ങുന്നതു ഞാൻ കണ്ടു (വെളി.10:1) ബലവാനായ മറ്റൊരു ദൂതൻ എന്നു പറഞ്ഞിരിക്കുന്നതിനാൽ ബലവാന്മാരായ വേറെ ദൂതന്മാർ ഉണ്ടെന്ന് വ്യക്തമാകുന്നുവല്ലോ?

- അനന്തരം ഞാൻ വലിയ അധികാരമുള്ള മറ്റൊരു ദൂതൻ സ്വർഗ്ഗത്തിൽ നിന്നു ഇറങ്ങുന്നതു കണ്ടു (വെളി. 18:1).
- പിന്നെ ശക്തനായൊരു ദൂതൻ തിരികല്ലോളം വലുതായൊരു കല്ല് എടുത്ത് സമുദ്രത്തിൽ എറിഞ്ഞു (വെളി. 18:21).

## ശക്തന്മാരായ ദൂതന്മാർ ചെയ്യുന്ന പ്രവർത്തികൾ

മനുഷ്യബുദ്ധിക്കു ചിന്തിക്കുവാൻ കഴിയാത്ത അസാധാരണപ്രവർത്തികൾ ശക്തന്മാരായ ദൂതന്മാർ ചെയ്തിട്ടുള്ളത് തിരുവചനത്തിലുടനീളം രേഖപ്പെടുത്തിയിട്ടുണ്ട്. ദൈവം നിശ്ചയിച്ച പ്രവർത്തി എന്തായിരുന്നാലും അത് ഈ ദൂതന്മാരിൽക്കൂടെ ചെയ്തെടുക്കുവാൻ അവർക്ക് ശക്തിയും അധികാരവും നല്കി അയക്കുന്നു. ദൈവത്തിന്റെ കൽപ്പനയിങ്കൽ എന്തും പ്രവർത്തിക്കുവാൻ ശക്തിയുള്ള ദൂതന്മാരാണിവർ. അവരുടെ പ്രവർത്തനത്തെ സാത്താനോ മറ്റ് ദുഷ്ടാത്മശക്തികൾക്കോ തടയുവാൻ കഴിയുകയില്ല. ശക്തന്മാരായ ഈ ദൂതന്മാർ ചെയ്തിട്ടുള്ളതും മേലിൽ ചെയ്വാനിരിക്കുന്നതുമായ ചില സംഭവങ്ങൾ കുറിക്കുന്നു.

- ലോത്തിന്റെ വീടുവളഞ്ഞ ആബാലവൃദ്ധം പുരുഷന്മാർക്ക് അന്ധത പിടിപ്പിച്ചു (ഉല്പ. 19:11).
- ഫറവോന്റെ അടിമത്വത്തിൽ നിന്നും വിടുവിക്കപ്പെട്ട യിസ്രായേൽ ജനത്തിനു മുന്നിലും പിന്നിലുമായി നടന്ന് തന്റെ കയ്യിൽനിന്നും സംരക്ഷിച്ചു (പുറ. 14:19; 23:23; 32:34; 33:2).

- ബിലെയാമിന് ഊരിയ വാളുമായി പ്രത്യക്ഷപ്പെട്ട് തന്നെ തടഞ്ഞ് നിർത്തി (സംഖ്യ. 22:31).
- ദൈവത്തിന്റെ ന്യായവിധി ദാവീദിന്റെ പാപംമൂലം യിസ്രായേലിന്മേൽ നടത്തുന്നു (2 ശമു. 24:15-16; 1 ദിന. 21:12,16).
- ശത്രു സൈന്യത്തെ സംഹരിക്കുന്നു. (അന്നുരാത്രി യഹോവയുടെ ദൂതൻ പുറപ്പെട്ട് അശ്ശൂർ പാളയത്തിൽ ഒരുലക്ഷത്തെണ്പത്തയ്യായിരം പേരെ സംഹരിച്ചു (2 രാജാ. 19:35; 2 ദിന. 21:21).
- യഹോവയുടെ ദൂതൻ അവന്റെ ഭക്തന്മാരുടെ ചുറ്റും പാളയമിറങ്ങി വിടുവിക്കുന്നു (സങ്കീ. 34:7).
- ദൈവജനത്തിന്റെ ശത്രുക്കളെ ഓടിക്കുന്നു (സങ്കീ. 35:5).
- ശദ്രക്ക്, മേശക്ക്, അബേദ്നെഗോ എന്നീ ദൈവത്തിന്റെ ദാസന്മാരെ തീച്ചൂളയിൽ നിന്നും രക്ഷിച്ചു (ദാനീ. 3:28). ഇവരെ വിടുവിച്ചത് കർത്താവുതന്നെ എങ്കിലും "ദൈവം സ്വദൂതനെ അയച്ച് വിടുവിച്ചിരിക്കുന്നു എന്ന് പറഞ്ഞിരിക്കുന്നുവല്ലോ" (3:28).
- ദാനീയേലിനെ സിംഹക്കുഴിയിൽ ഇട്ടപ്പോൾ സിംഹത്തിന്റെ വായ് അടച്ചു (ദാനീ. 6:22).
- പത്രോസിനെ കാരാഗൃഹത്തിൽ നിന്നും വിടുവിച്ചു (അ.പ്ര. 12:7).
- കർത്താവിന്റെ മദ്ധ്യാകാശവരവിങ്കൽ വിശുദ്ധന്മാർ ഉയിർത്തെഴുന്നേറ്റ് കർത്താവിന്റെ സന്നിധിയിൽ പോകുമ്പോൾ സാത്താനും അവന്റെ ദുഷ്ടാത്മാക്കളും തടയാതിരിക്കുവാൻ ശക്തന്മാരായ ദൂതസഞ്ചയത്തെ ദൈവം ഭൂമിയുടെ എല്ലാഅറുതികളിലും കാവൽ നിർത്തുന്നു (മത്താ. 24:31).

- നാലു കൊടുങ്കാറ്റ് പിടിച്ചുകൊണ്ട് നില്ക്കുന്ന നാല്ശക്തരായ ദൂതന്മാർ (വെളി. 7:1).
- മഹോപദ്രവകാലത്ത് യിസ്രായേൽമക്കളുടെ സകല ഗോത്രങ്ങളിൽ നിന്നും കർത്താവായ യേശുക്രിസ്തുവിന്റെ കാൽവറിയാഗത്തിൽ വിശ്വസിച്ച് യേശുവിനെ കർത്താവായി സ്വീകരിച്ച നൂറ്റിനാല്പത്തിനാലായിരം വിശുദ്ധന്മാരുടെ നെറ്റിയിൽ മുദ്രയിടുന്ന ശക്തരായ ദൂതന്മാർ (വെളി. 7:2–3).
- അന്തിക്രിസ്തുവിനെയും കള്ളപ്രവാചകനെയും പിടിച്ചുകെട്ടി ഗന്ധകം കത്തുന്ന തീപ്പൊയ്കയിൽ ജീവനോടെ തള്ളിയിടുന്നു (വെളി. 19:20).
- സാത്താനെ പിടിച്ച് ആയിരം വർഷത്തേക്ക് അഗാധത്തിൽ ബന്ധിക്കുന്നു (വെളി. 20:1–3).
- ആയിരം ആണ്ടു വാഴ്ചയ്ക്കുശേഷം സാത്താനെ പിടിച്ച് എന്നന്നേക്കുമായി മൃഗവും (അന്തിക്രിസ്തു) കള്ളപ്രവാചകനും കിടക്കുന്ന ഗന്ധകത്തീപ്പൊയ്കയിൽ തള്ളിയിടുന്നു (വെളി. 20:10).
- അന്ത്യന്യായവിധിക്കുശേഷം ജീവപുസ്തകത്തിൽ പേരെഴുതിക്കാണാത്ത എല്ലാവരെയും തീപ്പൊയ്കയിൽ തള്ളിയിടുന്നു (വെളി. 20:15).
- ലോകാവസാനത്തിൽ കർത്താവ് തന്റെ ദൂതന്മാരെ അയക്കും; അവർ അവന്റെ രാജ്യത്തിൽനിന്ന് എല്ലാ ഇടർച്ചകളെയും അധർമ്മം പ്രവർത്തിക്കുന്നവരെയും കൂട്ടിച്ചേർത്ത് തീച്ചൂളയിൽ ഇട്ടുകളയും (മത്താ. 13:41,49).

❑

# 6

# സ്വർഗ്ഗീയ സൈന്യം

പ്രാരംഭത്തിൽ പ്രസ്താവിച്ചതുപോലെ ഒരു രാജ്യത്തെ സേവിക്കുവാൻ സൈന്യങ്ങൾ ഉള്ളതുപോലെ സ്വർഗ്ഗീയ ഭരണകൂടത്തിനും സ്വർഗ്ഗീയ സൈന്യങ്ങൾ ഉള്ളതായി തിരുവചനം വ്യക്തമാക്കുന്നു. നാം സേവിക്കുന്ന ദൈവത്തെ അനേകനാമങ്ങളാൽ അറിയപ്പെടുന്നതിൽ ഒരു നാമം 'സൈന്യങ്ങളുടെ ദൈവമായ യഹോവ'യെന്നത്രേ. പഴയനിയമത്തിൽ മിക്കവാറും എല്ലാ പുസ്തകങ്ങളിലും സൈന്യങ്ങളുടെ ദൈവമായ യഹോവ എന്ന് സംബോധന ചെയ്തിരിക്കുന്നതായി കാണാവുന്നതാണ്. സങ്കീർത്തനപുസ്തകം മാത്രം എടുത്താൽ സൈന്യങ്ങളുടെ ദൈവമായ യഹോവ എന്ന് സംബോധന ചെയ്തിരിക്കുന്ന അനേകവാക്യങ്ങൾ കാണുവാൻ കഴിയും. ചില വാക്യങ്ങൾ ഉദ്ധരിക്കുന്നു.

"മഹത്വത്തിന്റെ രാജാവു ആർ? സൈന്യങ്ങളുടെ യഹോവ തന്നേ" (സങ്കീ. 24:10).

"സൈന്യങ്ങളുടെ യഹോവ നമ്മോടുകൂടെ ഉണ്ട്" (സങ്കീ. 46:7).

"സൈന്യങ്ങളുടെ ദൈവമായ യഹോവേ, യിസ്രായേലിന്റെ ദൈവമേ" (സങ്കീ. 59:5).

''സൈന്യങ്ങളുടെ യഹോവയായ കർത്താവേ'' (സങ്കീ. 69:6)

“സൈന്യങ്ങളുടെ ദൈവമായ യഹോവേ” (സങ്കീ. 80;4,7,14,19; 89:8).

“സൈന്യങ്ങളുടെ യഹോവേ തിരുനിവാസം എത്ര മനോഹരം” (സങ്കീ. 84:1,3,8,12).

“അവന്റെ ആജ്ഞ അനുസരിക്കുന്ന വീരന്മാരായി അവന്റെ ദൂതന്മാരായുള്ളോരേ യഹോവയെ വാഴ്ത്തുവിൻ. അവന്റെ ഇഷ്ടം ചെയ്യുന്ന ശുശ്രൂഷക്കാരായി അവന്റെ സകല സൈന്യങ്ങളുമായുള്ളോരേ യഹോവയെ വാഴ്ത്തുവിൻ (സങ്കീ. 103:20-21).

“അവന്റെ സകല ദൂതന്മാരുമായുള്ളോരേ, അവനെ സ്തുതിപ്പിൻ; അവന്റെ സർവ്വസൈന്യവുമേ, അവനെ സ്തുതിപ്പിൻ” (സങ്കീ. 148:2).

“ദാവീദിനെ സഹായിക്കേണ്ടതിനു ദിനംപ്രതി ആളുകൾ അവന്റെ അടുക്കൽ വന്നു, ഒടുവിൽ ദൈവത്തിന്റെ സൈന്യംപോലെ വലിയൊരു സൈന്യമായിത്തീർന്നു (1 ദിന. 12:22).

യാക്കോബ് തന്റെ ഭാര്യമാരെയും ദാസിമാരെയും മക്കളെയും കൂട്ടി മൃഗസമ്പത്തുമായി ലാബാന്റെ വീട്ടിൽ നിന്നും കനാൻ ദേശത്തേക്ക് പോകുമ്പോൾ ലാബാൻ യാക്കോബിനെ പിന്തുടർന്നു. എന്നാൽ ദൈവം ലാബാനോടു കല്പിച്ച പ്രകാരം ഒരു ദോഷവും ചെയ്യാതെ തന്റെ മക്കളെയും കൊച്ചുമക്കളെയും ചുംബിച്ച് അനുഗ്രഹിച്ച ശേഷം സ്വദേശത്തേക്ക് മടങ്ങിപ്പോയി. യാക്കോബും തന്റെ വഴിക്ക് പോയി. അപ്പോൾ ദൈവത്തിന്റെ ദൂതന്മാർ അവന്റെ എതിരെ വരുന്നതു കണ്ടപ്പോൾ ‘ഇത് ദൈവത്തിന്റെ സേന’ എന്ന് പറഞ്ഞു (ഉല്പ. 32:1-2).

ഇവിടെ ദൂതന്മാരുടെ എണ്ണം പറഞ്ഞിട്ടില്ലെങ്കിലും ‘ഇത് ദൈവത്തിന്റെ സേന’ എന്നു പറയണമെങ്കിൽ ഒരു

വലിയ സൈന്യത്തെ കാണിക്കുന്നു എന്ന് മനസ്സിലാക്കാം. ദൈവം തന്റെ സേനയെ അയച്ച് യാക്കോബിനെ സൂക്ഷിക്കുന്നു എന്ന് മനസ്സിലാക്കാമല്ലോ?

യേശുവിനെ പിടിക്കുവാനായി മഹാപുരോഹിതന്മാരും മൂപ്പന്മാരും അയച്ച വലിയ പുരുഷാരം ഗത്ത്ശെമന തോട്ടത്തിൽവച്ച് യേശുവിനെ പിടിച്ചപ്പോൾ പത്രൊസ് വാൾ ഊരി മഹാപുരോഹിതന്റെ ദാസനെ വെട്ടി അവന്റെ കാതു അറുത്തപ്പോൾ യേശു പത്രോസിനോടു: വാൾ ഉറയിൽ ഇടുക; എന്റെ പിതാവിനോട് ഇപ്പോൾതന്നേ പന്ത്രണ്ടു ലെഗ്യോനിലും അധികം ദൂതന്മാരെ എന്റെ അരികെ നിറുത്തേണ്ടതിനു എനിക്കു അപേക്ഷിച്ചുകൂടാ എന്നു തോന്നുന്നുവോ എന്നു പറഞ്ഞു വല്ലോ? ഇവിടെ പന്ത്രണ്ടു ലെഗ്യോൻ എന്ന സംഖ്യ ഏകദേശം 72,000 ദൂതന്മാർ എന്ന് കണക്കാക്കപ്പെടുന്നു. എഴുപത്തീരായിരം ദൂതന്മാർ അടങ്ങുന്ന ഒരു സൈന്യത്തിന്റെ മുമ്പിൽ യേശുവിനെ പിടിക്കുവാൻ വന്ന പുരുഷാരം എന്തുള്ളു എന്ന് പ്രിയ വായനക്കാർ ചിന്തിക്കുക.

ദൈവത്തെ സൈന്യങ്ങളുടെ യഹോവ (Lord of Hosts) എന്നുള്ള നാമത്തിലും അറിയപ്പെടുന്നുവല്ലോ? ഒരു സൈന്യത്തിനു പല വിഭാഗങ്ങൾ ഉള്ളതുപോലെ (കാലാൾപ്പട, കുതിരപ്പട, വ്യോമസേന...) ദൈവത്തിന്റെ സൈന്യങ്ങൾ എന്നു പറയുന്നത് കോടാനുകോടി ദൂതഗണങ്ങളെക്കൊണ്ടു മാത്രമുള്ളതല്ല എന്ന് തിരുവചനത്തിൽ നിന്നും ഗ്രഹിക്കാവുന്നതാണ്. തുടർന്നുള്ള വേദഭാഗങ്ങൾ ശ്രദ്ധിക്കുക:

“അവൻ കാറ്റുകളെ തന്റെ ദൂതന്മാരും, അഗ്നിജ്വാലയെ തന്റെ ശുശ്രൂഷകന്മാരും ആക്കുന്നു എന്ന് ദൂതന്മാരെക്കുറിച്ച് പറഞ്ഞിരിക്കുന്നതിനാൽ (സങ്കീ. 104:4; എബ്രാ. 1:7) ദൈവത്തിന്റെ ഇഷ്ടപ്രകാരം ഒരു കൂട്ടം ദൂതന്മാരെ

എപ്പോഴൊക്കെ ദൈവത്തിന് എന്താവശ്യമുണ്ടോ ആ ആവശ്യാനുസരണം ദൂതന്മാരെ രൂപാന്തരപ്പെടുത്തി ദൈവത്തിന്റെ ശുശ്രൂഷയ്ക്കായി ഉപയോഗിക്കുന്നു എന്നുള്ള വ്യാഖ്യാനം വേദപണ്ഡിതരിൽ ഉണ്ട്. "അവൻ സ്വർഗ്ഗീയ സൈന്യത്തോടും ഭൂവാസികളോടും ഇഷ്ടംപോലെ പ്രവർത്തിക്കുന്നു; അവന്റെ കൈ തടുപ്പാനോ നീ എന്തു ചെയ്യുന്നു എന്ന് അവനോട് ചോദിപ്പാനോ ആർക്കും കഴികയില്ല" (ദാനീ. 4:35).

- ചിലപ്പോൾ ദൂതന്മാരെ ആത്മജീവികളാക്കുന്നു (Who makes His Angels Spirits) എന്നാണ് പറഞ്ഞിരിക്കുന്നത് (സങ്കീ. 104:4; എബ്രാ. 1:7).
- ചിലപ്പോൾ തന്റെ ശുശ്രൂഷകന്മാരായ ദൂതന്മാരെ അഗ്നിജ്വാലയാക്കി മാറ്റുന്നു (Sometimes He makes His ministers a flame of fire)
- ചിലപ്പോൾ ദൂതന്മാരെ അഗ്നിരഥവും അഗ്നിഅശ്വങ്ങളും ആക്കുന്നു (Chariot of fire and horses of fire ) (2 രാജാ. 2:11, 6:17).
- ചിലപ്പോൾ ദൂതന്മാരെ മനുഷ്യരാക്കി അയക്കുന്നു (ഉല്പ. 18:2; 19:2).
- ചിലപ്പോൾ കെരൂബിനെ വാഹനമാക്കി പറന്നു, അവൻ കാറ്റിന്റെ ചിറകിന്മേലിരുന്നു പറപ്പിച്ചു (He rode upon a Cherub and did fly) (സങ്കീ. 18:10).

യെഹൂദന്മാരുടെ ഒരു പുരാതന പഠനഗ്രന്ഥമായ യാൽകട്ട് സിമിഓനി (Yalcut Simeoni) എന്ന ഗ്രന്ഥത്തിൽ ദൂതന്മാരെപ്പറ്റി ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു. "ഞങ്ങൾ (ദൂതന്മാർ) ആരുടെ ഏതിന്റെ സാദൃശ്യത്തിലാണ് സൃഷ്ടിക്കപ്പെട്ടിരിക്കുന്നതെന്ന് അറിഞ്ഞുകൂടാ എന്നും, ദൈവം ഞങ്ങളെ എല്ലാസമയത്തും വ്യത്യസ്ഥരായി മാറ്റിക്കൊണ്ടിരിക്കുന്നു" എന്നുമാണ്.

ദൂതന്മാർ ദൈവത്തിന്റെ ആജ്ഞ അനുസരിക്കുന്ന വീരന്മാരും അവന്റെ ഇഷ്ടം ചെയ്യുന്ന ശുശ്രൂഷക്കാരും ആകുന്നുവല്ലോ (സങ്കീ. 103:20–21). ദൈവം ആജ്ഞാപിക്കുന്നത് ചോദ്യം ചെയ്യാതെ ദൈവത്തെ അനുസരിക്കുന്നവരാണ് ദൂതന്മാർ.

## ദൈവത്തിന്റെ സൈന്യവലിപ്പം

ദൈവത്തിന്റെ സൈന്യം അഥവാ സ്വർഗ്ഗീയ സൈന്യത്തെക്കുറിച്ച് മുകളിൽ പ്രസ്താവിച്ചുവല്ലോ. ദൈവത്തിന്റെ സൈന്യത്തെ പൊതുവായി പറഞ്ഞാൽ, തന്റെ ആജ്ഞ അനുസരിക്കുന്ന വീരന്മാരായ, ശക്തന്മാരായ, ശ്രേഷ്ഠന്മാരായ, ശുശ്രൂഷക്കാരായ, ആരാധിക്കുന്ന ദൂതസംഘങ്ങളാണ്. സ്വർഗ്ഗീയ സൈന്യത്തിന്റെ വലിപ്പവും (സംഖ്യ) ശക്തിയും എത്രയെന്നുള്ളത് സർവ്വശക്തനായ ദൈവത്തിനു മാത്രമെ അറിയുകയുള്ളു. ഈ സൈന്യത്തിന്റെ എണ്ണം കോടാനുകോടി, പതിനായിരം പതിനായിരം, അസംഖ്യം എന്നൊക്കെ പറയുന്നത് നാം കേൾക്കാറുണ്ടല്ലോ. സ്വർഗ്ഗീയ സൈന്യത്തിന്റെ സംഖ്യ എത്രയെന്ന് കാണിക്കുന്ന ചില വാക്യങ്ങൾ ശ്രദ്ധിക്കുക.

“യഹോവ സീനായിൽ നിന്ന് വന്നു, അവർക്കു സേയീരിൽ നിന്ന് ഉദിച്ചു, പാറാൻ പർവ്വതത്തിൽനിന്ന് വിളങ്ങി; ലക്ഷോപലക്ഷം വിശുദ്ധന്മാരുടെ അടുക്കൽനിന്ന് വന്നു....” (ആവ. 33:2).

“ആയിരമായിരം പേർ അവന്നു ശുശ്രൂഷ ചെയ്തു; പതിനായിരം പതിനായിരം പേർ അവന്റെ മുമ്പാകെ നിന്നു....” (ദാനീ. 7:10)

“അനേകായിരം ദൂതന്മാരുടെ സർവ്വസംഘത്തിനും...” (എബ്രാ. 12:22).

“സിംഹാസനത്തിന്റെയും, ജീവികളുടെയും, മൂപ്പന്മാരുടെയും ചുറ്റിലും ഏറിയ ദൂതന്മാരുടെ ശബ്ദം കേട്ടു;

അവരുടെ എണ്ണം പതിനായിരം പതിനായിരവും, ആയിരം ആയിരവും ആയിരുന്നു.” (വെളി.5:11).

## അഗ്നിമയരഥ സൈന്യം

“ദൈവത്തിന്റെ രഥങ്ങൾ ആയിരമായിരവും, കോടാനുകോടിയുമാകുന്നു; കർത്താവു അവരുടെ ഇടയിൽ.... (സങ്കീ. 68;17).”

കെരൂബ്-ദൂതന്മാരെ, ദൈവത്തിന്റെ രഥങ്ങൾ എന്ന് വിളിക്കുന്നു എന്ന് ചില വേദപണ്ഡിതർ അഭിപ്രായപ്പെടുന്നു. സീനായി പർവ്വതത്തിൽ യഹോവ അഗ്നിമയ രഥങ്ങളോടുകൂടി എഴുന്നെള്ളിയത് കെരൂബിന്മേൽ ആണെന്ന് വേദപണ്ഡിതർ പറയുന്നു (ആവ. 33:2).

ആരാം രാജാവ് എലീശയെ പിടിക്കുവാനായി തന്റെ ശക്തിയുള്ള സൈന്യത്തെ കുതിരകളും രഥങ്ങളുമായി അയച്ച് രാത്രിയിൽ പട്ടണം വളഞ്ഞു. എലിശയുടെ ബാല്യക്കാർ രാവിലെ പുറത്തിറങ്ങിയപ്പോൾ ഒരു സൈന്യം കുതിരകളും രഥങ്ങളുമായി പട്ടണം വളഞ്ഞിരിക്കുന്നതു കണ്ടു. ബാല്യക്കാർ: ‘അയ്യോ യജമാനനേ നാം എന്ത് ചെയ്യുമെന്ന് പറഞ്ഞപ്പോൾ’ എലിശ: ‘പേടിക്കേണ്ട, നമ്മോടുകൂടെയുള്ളവർ അവരോടുകൂടെയുള്ളവരെക്കാൾ അധികം എന്നു പറഞ്ഞു. എലീശ പ്രാർത്ഥിച്ചപ്പോൾ എലീശയുടെ ചുറ്റും അഗ്നിമയമായ കുതിരകളും രഥങ്ങളുംകൊണ്ട് മലനിറഞ്ഞിരിക്കുന്നത് കണ്ടു (2 രാജാ. 6:14–18). ആരാം രാജാവിന്റെ സാധാരണ കുതിരപ്പടയേക്കാൾ എത്രയോ മടങ്ങ് വലിപ്പവും ശക്തിയുമുള്ളതാണ് ദൈവത്തിന്റെ അഗ്നിമയരഥ സൈന്യം.

❑

# 7

# ദൂതസംഘം

ദൈവീക ശുശ്രൂഷകൾക്കായി അനേകം ദൂതസംഘങ്ങളെ ദൈവം സ്വർഗ്ഗത്തിൽ ആക്കിയിരിക്കുന്നതായി മനസ്സിലാക്കാം. ഓരോ സംഘത്തിനും പ്രഭുക്കന്മാരെ അഥവാ പ്രധാനികളെയും ആക്കിയിട്ടുണ്ട്. യിസ്രായേലിൽ ഓരോ ഗോത്രത്തിനും ഗോത്രതലവന്മാരായ പ്രഭുക്കന്മാർ ഉണ്ടായിരുന്നതുപോലെ (സംഖ്യ. 13:1–3) സ്വർഗ്ഗത്തിലുള്ള ദൂതസംഘങ്ങൾക്കും പ്രഭുക്കന്മാർ ഉള്ളതായി മനസ്സിലാക്കാം. ഇതിനുദാഹരണമായി ദാനീയേൽ 10:13ൽ പ്രധാന ദൂതന്മാരിൽ ഒരുത്തനായ മീഖായേൽ (one of the chief princes) എന്നെ സഹായിപ്പാൻ വന്നു എന്ന് പറഞ്ഞിരിക്കുന്നതിനാൽ പ്രധാന പ്രഭുക്കന്മാരായ ദൂതന്മാർ പലർ ഉണ്ടെന്നും, അവരുടെ കീഴിൽ അനേകം ദൂതന്മാർ ഉണ്ടെന്നും മനസ്സിലാക്കുവാൻ പ്രയാസമില്ലല്ലോ?

യേശു ജനിച്ചപ്പോൾ ആട്ടിൻകൂട്ടത്തെ കാവൽകാത്ത് വെളിയിൽ പാർത്തിരുന്ന ഇടയന്മാർക്ക് ദൂതൻ പ്രത്യക്ഷപ്പെട്ട്: “കർത്താവായ ക്രിസ്തു എന്ന രക്ഷിതാവ് ഇന്ന് ദാവീദിന്റെ പട്ടണത്തിൽ ജനിച്ചിരിക്കുന്നു” എന്നുള്ള സദ്വർത്തമാനം അറിയിച്ചപ്പോൾ പെട്ടെന്ന് സ്വർഗ്ഗീയസൈന്യത്തിന്റെ ‘ഒരു സംഘം’ ദൂതനോടു ചേർന്ന് ദൈവത്തെ പുകഴ്ത്തിയതായി രേഖപ്പെടുത്തിയിരിക്കുന്നുവല്ലോ?

(ലൂക്കൊ. 2:13). അനേകായിരം ദൂതന്മാരുടെ 'സർവ്വസംഘത്തിനും' (എബ്രാ. 12:22) എന്ന് പറഞ്ഞിരിക്കുന്നതിനാൽ അനേകം ദൂതസംഘങ്ങൾ ഉണ്ടെന്ന് വ്യക്തമാക്കുന്നുവല്ലോ.

സ്വർഗ്ഗത്തിൽ അസംഖ്യം ദൂതന്മാരും ദൂതസംഘങ്ങളും ഉള്ളതിൽ, ചിറകുള്ള ദൂതന്മാരും ചിറകില്ലാത്ത ദൂതന്മാരും ഇങ്ങനെ രണ്ടുതരം ദൂതന്മാർ ഉള്ളതായി തിരുവചനത്തിൽ നിന്നും മനസ്സിലാക്കാവുന്നതാണ്. ചിറകുള്ള ദൂതവർഗ്ഗം കെരൂബികളും സാറാഫുകളുമാണ്. ചിറകുള്ള ദൂതന്മാർ മനുഷ്യർക്ക് പ്രത്യക്ഷപ്പെട്ടിട്ടുള്ളതായി തിരുവചനത്തിൽ കാണുന്നില്ല. ചിറകില്ലാത്ത ദൂതന്മാരാണ് മനുഷ്യർക്ക് പ്രത്യക്ഷപ്പെട്ടിട്ടുള്ളത്. ഹാഗർ, അബ്രഹാം, ലോത്ത്, യാക്കോബ്, ഗിദെയോൻ, ദാവീദ്, ബിലെയാം, മറിയാ, യോസേഫ്, യേശുവിന്റെ കല്ലറയ്ക്കൽ വന്ന സ്ത്രീകൾക്ക്, കൊർന്നേല്യോസ്, പത്രോസിനു കാരാഗൃഹത്തിൽ ഇവർക്കെല്ലാം പ്രത്യക്ഷപ്പെട്ടിട്ടുള്ള ദൂതന്മാർ മനുഷ്യരായിട്ടാണല്ലോ? ദൂതന്മാർ മനുഷ്യർക്ക് പ്രത്യക്ഷപ്പെട്ടിട്ടുള്ളതും യുദ്ധം ചെയ്തിട്ടുള്ളതും പുരുഷന്മാരായിട്ടാണ്. സ്ത്രീകളായിട്ടോ, കുട്ടികളായിട്ടോ പ്രത്യക്ഷപ്പെട്ടിട്ടുള്ളതായി തിരുവചനത്തിൽ കാണുന്നില്ല. ദൂതൻ സംസാരിച്ച ഭാഷയും ആർക്ക് പ്രത്യക്ഷപ്പെട്ടുവോ ആ ആളിന്റെ ഭാഷയിലാണ് സംസാരിച്ചിട്ടുള്ളത്. മനുഷ്യർ ഭക്ഷിക്കുന്ന ആഹാരം ദൂതൻ ഭക്ഷിച്ചതായും കാണുന്നു. അബ്രഹാമിനു പ്രത്യക്ഷപ്പെട്ട ദൂതന്മാർക്ക് ഒരുക്കിയ വിരുന്നും (ഉല്പ. 18;6-8), ലോത്തിന്റെ ഭവനത്തിൽ കൈക്കൊണ്ട ദൂതന്മാർക്ക് താൻ വിരുന്നൊരുക്കി, പുളിപ്പില്ലാത്ത അപ്പം ചുട്ട് അവർ ഭക്ഷണം കഴിച്ചെന്നും രേഖപ്പെടുത്തിയിരിക്കുന്നു (ഉല്പ. 19:3).

❑

# 8

# കെരൂബുകൾ(cherubim)

കെരൂബുകൾ ചിറകുള്ള ദൂതന്മാരാണെന്ന് മുകളിൽ പ്രസ്താവിച്ചുവല്ലോ. കെരൂബുകൾ ദൈവസന്നിധിയിൽ പ്രധാന കർത്തവ്യം വഹിക്കുന്ന ദൂതഗണമാണ്. ഈ ദൂതഗണത്തിന്റെ പ്രധാനിയും പ്രഭുവും ലൂസിഫെർ ആയിരുന്നുവെന്ന് തിരുവചനം വ്യക്തമാക്കുന്നു. കെരൂബുകൾ ദൈവത്തെ ആരാധിക്കുന്നതിനോടൊപ്പം ദൈവസിംഹാസനത്തിലെ കാവൽക്കാരായും നിലകൊള്ളുന്നു. കെരൂബുകളെക്കുറിച്ച് വിശുദ്ധബൈബിളിൽ ആദ്യമായി രേഖപ്പെടുത്തിയിരിക്കുന്നത് ഉല്പ. 3:24ൽ ആണ്. “ഇങ്ങനെ അവൻ മനുഷ്യനെ ഇറക്കിക്കളഞ്ഞു; ജീവന്റെ വൃക്ഷത്തിങ്കലേക്കുള്ള വഴി കാപ്പാൻ അവൻ ഏദെൻതോട്ടത്തിനു കിഴക്ക് കെരൂബുകളെ തിരിഞ്ഞുകൊണ്ടിരിക്കുന്ന വാളിന്റെ ജ്വാലയുമായി നിർത്തി” (ഉല്പ. 3:24).

ആദാമിന് ഏദെൻതോട്ടത്തിൽനിന്നും പോകുവാൻ ഒട്ടും മനസ്സില്ലായിരുന്നു, വിശിഷ്യാ ദൈവവുമായുള്ള കൂട്ടായ്മയിൽ നിന്നും വേർപെടുവാൻ. മണ്ണിൽനിന്നെടുത്ത മനുഷ്യൻ പാപം ചെയ്തപ്പോൾ അവനെ അന്ധതമസ്സിൽ ഇട്ട് പൂട്ടുകയോ പാതാളത്തിൽ അയയ്ക്കുകയോ ചെയ്യാതെ ഏദെൻതോട്ടത്തിൽ നിന്നും (പറുദീസ) പുറത്താക്കപ്പെടുകയാണ് ചെയ്തത്. ചുരുക്കിപ്പറഞ്ഞാൽ പറുദീസ നഷ്ടപ്പെട്ടു. ഭൂമിയിൽ അവൻ ആയു

ഷ്ക്കാലം മുഴുവൻ വേലചെയ്ത് വിയർപ്പോടെ ഉപജീവനം കഴിക്കുവാനായി കരുണാസമ്പന്നനായ ദൈവം അവനെ ഭൂമിയിലേക്കുതന്നെ വിട്ടു. മനുഷ്യനോടുള്ള ദൈവത്തിന്റെ അത്യന്തകൃപയുടെ മഹത്വം കാണുക.

- പാപം ചെയ്ത ദൂതന്മാരെ എന്നന്നേക്കും തള്ളിക്കളഞ്ഞതുപോലെ മനുഷ്യനെ തള്ളിക്കളഞ്ഞില്ല. മനുഷ്യന്റെ പാപത്തിനു പരിഹാരമായി ഒരു കുഞ്ഞാട് അറുക്കപ്പെട്ട് ദൈവത്തിങ്കലേക്കു മടങ്ങിവരുവാനുള്ള ഒരു മാർഗ്ഗം ദൈവം കാണിച്ചുകൊടുത്തു.
- ജീവവൃക്ഷത്തിന്റെ ഫലം പറിച്ചുതിന്ന് മനുഷ്യൻ എന്നേക്കും ജീവിപ്പാൻ സംഗതിയാവാതിരിക്കുവാൻ ജീവവൃക്ഷത്തിങ്കലേക്കുള്ള വഴി കാപ്പാനായി കെരൂബുകളെ വാളിന്റെ ജ്വാലയുമായി ദൈവം നിർത്തി. ഇവിടെ ശ്രദ്ധേയമായിട്ടുള്ളത് നിത്യജീവങ്കലേക്കുള്ള വഴി എന്നന്നേക്കുമായി അടച്ചുകളഞ്ഞതായി പറയുന്നില്ല.

മാനവജാതിക്കായി നിത്യജീവങ്കലേക്കുള്ള ഒരു വഴി ദൈവം ഒരുക്കിയിട്ടുള്ളതിനായി ദൈവത്തിനു സ്തോത്രം കരേറ്റാം. പറുദീസ കാവലായിരുന്ന ആ വാൾ കാൽവറിയിൽ ദൈവപുത്രന്റെ മേൽ വീണതോടുകൂടി (സെഖ. 13:7) മനുഷ്യനു നഷ്ടപ്പെട്ട പറുദീസയിലേക്കുള്ള പ്രവേശനം ദൈവം തുറന്നുതന്നു.

യഹോവയായ ദൈവം സൈന്യങ്ങളുടെ ദൈവം എന്ന് വിളിക്കപ്പെട്ടിരിക്കുന്നതുപോലെ, കെരൂബുകളിന്മേൽ അധിവസിക്കുന്ന യഹോവ എന്നും പറഞ്ഞിരിക്കുന്നു. പഴയനിയമത്തിലാണ് കെരൂബുകളിന്മേൽ അധിവസിക്കുന്ന യഹോവ എന്ന് സംബോധന ചെയ്തിരിക്കുന്നത്. അനേകം വേദവാക്യങ്ങൾ ഉദ്ധരിപ്പാനുണ്ടെങ്കിലും ചിലത് മാത്രം രേഖപ്പെടുത്തുന്നു.

- "അവൻ കെരൂബുകളുടെ മദ്ധ്യേ അധിവസിക്കുന്നവനായ സൈന്യങ്ങളുടെ യഹോവയുടെ നിയമപെട്ടകം അവിടെനിന്ന് കൊണ്ടുവന്നു" (1 ശമു. 4:4).
- "കെരൂബുകളുടെ മീതെ അധിവസിക്കുന്നവനായ സൈന്യങ്ങളുടെ യഹോവ...." (2 ശമു. 6:2)."
- ''ഹിസ്ക്കീയാവു യഹോവയുടെ മുമ്പാകെ പ്രാർത്ഥിച്ചു പറഞ്ഞത് എന്തെന്നാൽ, കെരൂബുകൾക്കുമീതെ അധിവസിക്കുന്ന യിസ്രായേലിന്റെ ദൈവമായ യഹോവേ... (2 രാജാ. 19:15; യെശ. 37:16)"
- "കെരൂബുകളുടെ മദ്ധ്യേ അധിവസിക്കുന്ന യഹോവയായ ദൈവത്തിന്റെ തിരുനാമം" (1 ദിന. 13:6).
- "കെരൂബുകളിന്മേൽ അധിവസിക്കുന്നവനേ പ്രകാശിക്കേണമേ..." (സങ്കീ. 80:1).
- അവൻ കെരൂബുകളുടെ മീതെ വസിക്കുന്നു (സങ്കീ. 99:1).

മുകളിൽ പ്രസ്താവിച്ച വേദഭാഗങ്ങൾ ശ്രദ്ധിച്ചാൽ; കെരൂബുകളുടെ മദ്ധ്യേ, കെരൂബുകൾക്കു മീതെ, കെരൂബുകളിന്മേൽ അധിവസിക്കുന്ന യഹോവ എന്നിങ്ങനെ സംബോധന ചെയ്തിരിക്കുന്നത്: കെരൂബുകളുടെ സ്ഥാനത്തെയും (Position) പദവിയെയും (Status) കാണിക്കുന്നതെന്ന് മനസ്സിലാക്കാം. ദൈവം വസിക്കുന്നതും, എഴുന്നെള്ളുന്നതും കെരൂബുകളോടു കൂടെയാണ്. കെരൂബുകളെ ദൈവം വാഹനമാക്കി സഞ്ചരിക്കുന്നു എന്ന് തിരുവചനത്തിൽ പറഞ്ഞിരിക്കുന്നു.

- "അവൻ കെരൂബിനെ വാഹനമാക്കി പറന്നു. കാറ്റിൻ ചിറകിന്മേൽ പ്രത്യക്ഷനായി (2 ശമു. 22:11)"
- "അവൻ കെരൂബിനെ വാഹനമാക്കി പറന്നു; അവൻ കാറ്റിന്റെ ചിറകിന്മേലിരുന്നു പറപ്പിച്ചു (സങ്കീ. 18:10)."
- "അവൻ കാറ്റുകളെ തന്റെ ദൂതന്മാരും, അഗ്നിജ്വാലയെ തന്റെ ശുശ്രൂഷകന്മാരും ആക്കുന്നു" (സങ്കീ. 104:4).

യഹോവയായ ദൈവം മോശെയെ പർവ്വതത്തിൽ വെച്ച് കാണിച്ച മാതൃകപ്രകാരം സമാഗമന കൂടാരം തീർത്തപ്പോൾ അതിവിശുദ്ധ സ്ഥലത്ത് കൃപാസനത്തെ മൂടുന്ന തേജസ്സിന്റെ കെരൂബുകളെ ഉണ്ടാക്കുന്നതിനെ ക്കുറിച്ച് പറഞ്ഞിരിക്കുന്നു (പുറ. 25:18–22; 37:7–9; എബ്രാ. 9:5).

ശലോമോൻ യഹോവയ്ക്ക് പണിത ആലയത്തിൽ അതിവിശുദ്ധ സ്ഥലത്ത് കെരൂബുകളെ പണിതു നിർത്തി യതിനെപ്പറ്റി പറഞ്ഞിരിക്കുന്നുവല്ലോ (1 രാജാ. 6:23–29; 8:5–7; 2 ദിന. 3:10).

സമാഗമന കൂടാരത്തിൽ കൃപാസനത്തെ മൂടുന്ന തേജസ്സിന്റെ കെരൂബുകളും, ശലോമോൻ പണിത ആല യത്തിലെ അതിവിശുദ്ധ സ്ഥലത്തുള്ള കെരൂബുകളും, സ്വർഗ്ഗത്തിൽ ദൈവസിംഹാസനത്തിനു ചുറ്റും ശുശ്രൂഷി ക്കന്ന വിശുദ്ധദൂതഗണങ്ങളെ പ്രതിനിധീകരിക്കുന്നതും, ദൈവീക ശുശ്രൂഷകൾക്കായി ദൈവത്തിന്റെ ആജ്ഞ അനുസരിക്കുവാനായി എപ്പോഴും ഒരുങ്ങി നിൽക്കുന്ന തിനെയും ദൈവത്തിന്റെ ഷെക്കേന (തേജസ്സ്) ഇറങ്ങി വസിക്കുന്ന ദൈവസാന്നിദ്ധ്യത്തെയും, ദൈവസിംഹാസ നത്തെയും പ്രതിനിധീകരിക്കുന്നതാണെന്ന് കാണി ക്കുന്നു.

ശലോമോൻ യഹോവയുടെ ആലയം പണിതുതീർന്ന ശേഷം പുരോഹിതന്മാർ യഹോവയുടെ നിയമപെട്ടകം സീയോൻ എന്ന ദാവീദിന്റെ നഗരത്തിൽനിന്നും കൊണ്ടു വന്ന് അതിവിശുദ്ധ സ്ഥലത്ത് കെരൂബുകളുടെ ചിറ കിൻകീഴെ കൊണ്ടുചെന്നു വെച്ചു. നിയമപെട്ടകത്തിൽ അപ്പോൾ രണ്ട് കൽപ്പലക അല്ലാതെ മറ്റൊന്നും ഉണ്ടാ യിരുന്നില്ല (1 രാജാ. 8:9). പുരോഹിതന്മാർ വിശുദ്ധമന്ദി രത്തിൽനിന്നും പുറപ്പെട്ടപ്പോൾ മേഘം യഹോവയുടെ

ആലയത്തിൽ നിറഞ്ഞു. യഹോവയുടെ തേജസ്സ് ആലയത്തിൽ നിറഞ്ഞിരുന്നതുകൊണ്ട് മേഘം നിമിത്തം പുരോഹിതന്മാർക്ക് ശുശ്രൂഷചെയ്യുവാൻ കഴിഞ്ഞില്ല (1 രാജാ. 8:11). യഹോവയുടെ തേജസ്സ് ഇറങ്ങിവന്നതിനാൽ യഹോവ കെരൂബുകളിന്മേൽ വസിക്കുന്നവൻ എന്നും കെരൂബുകൾ ദൈവസാന്നിദ്ധ്യത്തെ പ്രതിനിധീകരിക്കുന്നു എന്നും വിളിച്ചറിയിക്കുന്നുവല്ലോ?

കെരൂബുകളിന്മേൽ അധിവസിക്കുന്ന യഹോവയുടെ മഹത്വപ്രത്യക്ഷത പ്രവാസത്തിലായിരുന്ന യെഹെസ്കേൽ ദിവ്യദർശനത്തിൽ കണ്ടതിനെപ്പറ്റി യെഹെ. 1-ാം അദ്ധ്യായത്തിൽ വിവരിച്ചിരിക്കുന്നു. “അവ പോകുമ്പോൾ ചിറകുകളുടെ ഇരെച്ചൽ വലിയ വെള്ളത്തിന്റെ ഇരെച്ചൽ പോലെയും, സർവ്വശക്തന്റെ നാദം പോലെയും, ഒരു സൈന്യത്തിന്റെ ആരവം പോലെയും ഉള്ള മുഴക്കമായി ഞാൻ കേട്ടു... യഹോവയുടെ മഹത്വത്തിന്റെ പ്രത്യക്ഷത ഇങ്ങനെ ആയിരുന്നു കണ്ടത് (യെഹ. 1:24-28).

ദൈവം കൊടുത്ത കല്പനകളും വിധികളും തള്ളിക്കളഞ്ഞ് യഹോവയെ കോപിപ്പിക്കുമാറ് യിസ്രായേൽ അന്യാരാധനയിൽ മുഴുകി ദൈവത്തിന്റെ തേജസ്സ് വസിക്കേണ്ട ആലയത്തിൽ തീഷ്ണതാബിംബത്തെ സ്ഥാപിക്കുകയും (യെഹെ. 8:5), സ്ത്രീകൾ തമ്മൂസിനെക്കുറിച്ച് കരയുകയും (യെഹെ. 8:14) പുരുഷന്മാർ തങ്ങളുടെ മുതുക് യഹോവയുടെ മന്ദിരത്തിന്റെ നേരെയും മുഖം കിഴക്കോട്ടും തിരിച്ചുകൊണ്ട് സൂര്യനെ നമസ്ക്കരിക്കുകയും ചെയ്യുന്ന (യെഹെ. 8:16) അധഃപതിച്ച അവസ്ഥയിൽ ജനം ആയിത്തീർന്നു. യിസ്രായേൽ ഇവ്വണ്ണം ദൈവത്തെ കോപിപ്പിച്ചതിനാൽ യഹോവയുടെ മഹത്വം ആലയത്തിൽനിന്നും പടിപടിയായി വിട്ടുപോയതിനെപ്പറ്റി യെഹെ. 10-ാം അദ്ധ്യായത്തിൽ വിശദീകരിച്ചിരിക്കുന്നു.

“എന്നാൽ യഹോവയുടെ മഹത്വം കെരൂബിന്മേൽ നിന്ന് പൊങ്ങി ആലയത്തിന്റെ ഉമ്മരപ്പടിക്കു മീതെ നിന്നു (യെഹെ. 10:4).” “പിന്നെ യഹോവയുടെ മഹത്വം ആലയത്തിന്റെ ഉമ്മരപ്പടി വിട്ട് പുറപ്പെട്ടു കെരൂബുകൾക്കു മീതെ വന്നുനിന്നു. അപ്പോൾ കെരൂബുകൾ ചിറകു വിടർത്തി, ഞാൻ കാൺകെ ഭൂമിയിൽനിന്നു മേലോട്ടു പൊങ്ങി... ആലയത്തിന്റെ കിഴക്കെ പടിവാതില്ക്കൽ ചെന്നു നിന്നു” (യെഹെ. 10:18–19). “യഹോവയുടെ മഹത്വം നഗരത്തിന്റെ നടുവിൽനിന്ന് മേലോട്ടു പൊങ്ങി നഗരത്തിനു കിഴക്കുവശത്തുള്ള പർവ്വതത്തിന്മേൽ നിന്നു” (യെഹെ. 11:23).

മുകളിൽ ഉദ്ധരിച്ച വേദഭാഗങ്ങൾ ശ്രദ്ധിച്ചാൽ ദൈവമഹത്വം ആലയത്തിൽനിന്നും പൂർണ്ണമായി വിട്ടുപോകുന്നതിനു മുൻപായി പല ഘട്ടങ്ങളിൽ നിൽക്കുന്നതായി കാണുന്നുവല്ലോ. ഇത്ര വലിയ മ്ലേച്ഛതകൾ ആലയത്തിനുള്ളിൽ നടന്നിട്ടും പുരോഹിതന്മാരിൽ ആരുംതന്നെ ആലയത്തിലോ യാഗപീഠത്തിലോ നിന്നുകൊണ്ട് ദൈവത്തോട് പ്രാർത്ഥിക്കുകയോ മദ്ധ്യസ്ഥത ചെയ്യുന്നതായിട്ടോ കാണുന്നില്ല. ആലയത്തിലെ മ്ലേച്ഛത നീക്കിക്കളയുവാനോ ആലയം ശുദ്ധീകരിക്കുന്നതിനോ പുരോഹിതന്മാരിലും ജനങ്ങളിലും ആരെയും കാണുന്നില്ല. പുരോഹിതന്മാരും ജനവും ആലയത്തിലെ മ്ലേച്ഛത നീക്കി ദൈവത്തോട് ആത്മതപനം ചെയ്തിരുന്നുവെങ്കിൽ ദൈവമഹത്വം വിട്ടുപോകാതെ തിരിച്ചുവരുവാനായി ദൈവം നോക്കി കാത്തുകാത്തിരിയ്ക്കയായിരുന്നു. “ഞാൻ ദേശത്തെ നശിപ്പിക്കാതവണ്ണം അതിനു മതിൽ കെട്ടി എന്റെ മുമ്പാകെ ഇടിവിൽ നില്ക്കേണ്ടതിനു ഒരു പുരുഷനെ ഞാൻ അവരുടെ ഇടയിൽ അന്വേഷിച്ചു; ആരെയും കണ്ടില്ലതാനും” (യെഹ. 22:30).

ദൈവജനം പാപം ചെയ്ത് പരിശുദ്ധാത്മാവിനെ ദുഃഖിപ്പിക്കുമ്പോൾ, പരിശുദ്ധാത്മാവിന്റെ മന്ദിരമാകുന്ന നമ്മിൽ നിന്നും നാം പ്രാപിച്ച ദൈവകൃപയും ആത്മനിറവും രക്ഷയുടെ സന്തോഷവും വിട്ടുപോകുന്നതിനു മുന്നമെ അനുതപിച്ച് മടങ്ങിവരുമെങ്കിൽ ദൈവം കരുണ കാണിക്കും. ദൈവജനം ഒരു മുന്നറിയിപ്പായി ഇത് എടുക്കുമോ?

❑

# 9
# സാറാഫുകൾ (Seraphim)

"സാറാഫുകൾ അവന്നു ചുറ്റും നിന്നു; ഓരോരുത്തനു ആറാറു ചിറകുണ്ടായിരുന്നു; രണ്ടുകൊണ്ടു അവർ മുഖം മൂടി, രണ്ടുകൊണ്ടു കാൽ മൂടി; രണ്ടുകൊണ്ടു പറന്നു. ഒരുത്തനോടു ഒരുത്തൻ; സൈന്യങ്ങളുടെ യഹോവ പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ; സർവ്വഭൂമിയും അവന്റെ മഹത്വം കൊണ്ടു നിറഞ്ഞിരിക്കുന്നു എന്ന് ആർത്തുപറഞ്ഞു (യെശ. 6:2-3).

ദൈവസിംഹാസനത്തിനു ചുറ്റും നിന്നുകൊണ്ട് രാപ്പകൽ അത്യുച്ചത്തിൽ ദൈവത്തെ ആരാധിക്കുന്ന ഒരു വലിയസംഘം വിശുദ്ധദൂതന്മാരാണ് സാറാഫുകൾ. സാറാഫുകൾ എന്നത് സെറാപ് (Seraph)എന്ന എബ്രായ പദത്തിൽ നിന്നുള്ളതാണ്. സെറാഫ് എന്ന വാക്കിന്റെ അർത്ഥം കത്തുന്ന (എരിയുന്ന) അഗ്നിജ്വാല എന്നാണ്. തിരുവചനത്തിൽ സാറാഫുകളെക്കുറിച്ച് യെശയ്യാവ് 6-ൽ മാത്രമാണ് പറഞ്ഞിരിക്കുന്നത്. ഓരോരുത്തനു ആറാറു ചിറകുകളുള്ള ദൂതന്മാരാണിവർ. അവർ ആരാധിക്കുമ്പോൾ രണ്ടുകൊണ്ട് മുഖം മൂടുന്നു. ദൈവസിംഹാസനത്തിനടുത്ത് ആരാധിക്കുന്ന വിശുദ്ധദൂതന്മാരായിരുന്നിട്ടും കർത്താവിൽനിന്നുള്ള തേജസ്സ് മുഖാമുഖം ദർശിപ്പാൻ കഴിയാതവണ്ണം വിശുദ്ധിയോടെ, ഭക്തിയോടെ മുഖം മറച്ചുകൊണ്ട് ആരാധിക്കുന്നു. രണ്ടു ചിറകുകൊണ്ട് പാദം മൂടി എന്ന് പറഞ്ഞിരിക്കുന്നത്; കത്തിജ്വലിക്കുന്ന

വിശുദ്ധ ദൂതന്മാരായിരുന്നാലും ദൈവസന്നിധിയിൽ നിൽക്കുമ്പോൾ, ദൈവത്തെ ആരാധിക്കുമ്പോൾ തങ്ങളുടെ ശരീരഭാഗങ്ങൾ പൂർണ്ണമായി മറച്ചുകൊണ്ട് ഏറ്റവും ബഹുമാനാർത്ഥം ദൈവത്തെ ആരാധിക്കുന്നതിനെ കാണിക്കുന്നു.

യെഹൂദന്മാരുടെ ഇടയിലും അറബി രാജ്യങ്ങളിലും പാദം മറയ്ക്കത്തക്ക വസ്ത്രധാരണം ചെയ്യുന്നത് മറ്റുള്ളവരുടെ മുമ്പിൽ യോഗ്യമായിട്ടുള്ളതും, ബഹുമാനാർത്ഥത്തെയും സൂചിപ്പിയ്ക്കുന്നതായി പറയപ്പെടുന്നു.

രണ്ടുകൊണ്ട് പറക്കുന്നത്: സിംഹാസനസ്ഥനായ കർത്താവ് ആജ്ഞാപിക്കുന്നത് അനുസരിച്ച് പ്രവർത്തിക്കുവാൻ സന്നദ്ധരായിരിക്കുന്നതിനെ കാണിക്കുന്നു.

ഒരു ദൂതൻ മറ്റൊരു ദൂതനോട്: സൈന്യങ്ങളുടെ യഹോവ പരിശുദ്ധൻ പരിശുദ്ധൻ പരിശുദ്ധൻ എന്ന് മൂന്നു പ്രാവശ്യം ആവർത്തിച്ചു പറയുന്നതിനെക്കുറിച്ച് വേദപണ്ഡിതന്മാരുടെ ഇടയിൽ പല വ്യാഖ്യാനങ്ങൾ ഉണ്ട്.

- ദൈവത്തിന്റെ ത്രിത്വത്തെ വെളിപ്പെടുത്തുന്നതാകുന്നു എന്നും അത് യെശ. 6-ന്റെ 8-ാം വാക്യത്തിൽ സ്ഥിരീകരിച്ച് പറഞ്ഞിരിക്കുന്നു എന്നുള്ള അഭിപ്രായമാണ്.
- ദൈവം എല്ലാകാലത്തും (ഭൂതകാലത്തും, വർത്തമാനകാലത്തും, ഭാവികാലത്തും) അനന്യനും വിശുദ്ധിയിൽ ഭയങ്കരനുമായ ദൈവം ആകയാൽ സ്വർഗ്ഗത്തിലും ഭൂമിയിലും ഉള്ളവർ പരിശുദ്ധനായ ദൈവത്തെ വിശുദ്ധിയിൽ ആരാധിക്കണമെന്നുള്ള സന്ദേശം ഈ ദൂതന്മാർ വിളിച്ചറിയിച്ചുകൊണ്ടിരിക്കുന്നു എന്നും അഭിപ്രായപ്പെടുന്നു.

ഒരുത്തനോട് ഒരുത്തൻ ഗാനപ്രതിഗാനമായി പാടി പുകഴ്ത്തുന്നത്: സാറാഫുകളുടെ ആരാധനാ രീതിയാണെന്ന് പറയപ്പെടുന്നു.

യെഹൂദന്മാരുടെ ഇടയിൽ ഗാനപ്രതിഗാനമായി യഹോവയെ പാടിപുകഴ്ത്തുന്നത് തലമുറതലമുറയായി നടന്നുകൊണ്ടിരിക്കുന്ന ഒരു രീതിയാണ്. അവരുടെ പള്ളികളിൽ (സിന്നഗോഗ്) ദൈവത്തെ പ്രകീർത്തിക്കുന്നതിന്റെ ഭാഗമായി "യഹോവയ്ക്കു സ്തോത്രം ചെയ്വിൻ, അവൻ നല്ലവനല്ലോ, യിസ്രായേലിനടുള്ള അവന്റെ ദയ എന്നേക്കുമുള്ളതെന്നു ഗാനപ്രതിഗാനമായി പാടി ദൈവത്തെ സ്തുതിക്കാറുണ്ട്.

ദൈവം യിസ്രായേൽജനത്തെ ചെങ്കടലിന്റെ നടുവിൽ ഉണങ്ങിയ നിലത്തുകൂടി അക്കരെ എത്തിച്ചശേഷം ഫറവോന്റെ സൈന്യത്തെ ചെങ്കടലിൽ മുക്കിക്കളഞ്ഞത് യിസ്രായേല്യർ കണ്ടപ്പോൾ മിര്യാം കയ്യിൽ തപ്പെടുത്തു; സ്ത്രീകൾ എല്ലാവരും തപ്പുകളോടും നൃത്തങ്ങളോടും അവളുടെ പിന്നാലെ ചെന്ന് ഗാനപ്രതിഗാനമായി പാടി യഹോവയെ സ്തുതിച്ചത് പുറപ്പാട് 15:20–21ൽ കാണുന്നുവല്ലോ?

ഫെലിസ്ത്യമല്ലനായ ഗോല്യാത്തിനെ ദാവീദ് സംഹരിച്ചശേഷം മടങ്ങിവരുമ്പോൾ പട്ടണത്തിൽ നിന്ന് സ്ത്രീകൾ പാടിയും നൃത്തം ചെയ്തുംകൊണ്ട് തപ്പും തംബുരുവുമായി ഗാന പ്രതിഗാനമായി പാടി ശൌൽ രാജാവിനെ എതിരേറ്റത് 1 ശമു. 18:6–7ൽ പറഞ്ഞിരിക്കുന്നു.

എസ്രാപുരോഹിതന്റെ കാലത്തു യഹോവയുടെ മന്ദിരത്തിന് അടിസ്ഥാനം ഇട്ടപ്പോൾ വിശുദ്ധ വസ്ത്രം ധരിച്ച പുരോഹിതന്മാർ കാഹളനാദത്തോടും ലേവ്യർ കൈത്താളങ്ങളോടുംകൂടി 'യഹോവ നല്ലവൻ, യിസ്രായേലിനോട്

അവന്റെ ദയ എന്നേക്കുമുള്ളത്' എന്നിങ്ങനെ വാഴ്ത്തി സ്തുതിച്ചുകൊണ്ട് ഗാനപ്രതിഗാനം ചെയ്തു എന്ന് രേഖപ്പെടുത്തിയിരിക്കുന്നു (എസ്രാ. 3:1).

അങ്ങനെ മോശെയുടെ കാലം മുതൽ യിസ്രായേൽ ജനം തലമുറതലമുറയായി എല്ലാ ശബ്ബത്തുകളിലും, വിശേഷദിവസങ്ങളിലും 'യഹോവ നല്ലവനല്ലോ അവന്റെ ദയ എന്നേക്കുമുള്ളതെന്നു' ഗാനപ്രതിഗാനമായി പാടി ദൈവത്തെ പുകഴ്ത്തുന്നത് അവരുടെ ഇടയിൽ ആരാധനയുടെ ഒരു ഭാഗമായി ചെയ്തുവരുന്നു.

സാറാഫുകൾ ദൈവസിംഹാസനത്തിനു ചുറ്റും നിന്നുകൊണ്ട് ആരാധിക്കുന്നതിന്റെ ഒരു മാതൃക സങ്കീ. 68:24-25ൽ ദർശിക്കാൻ കഴിയും.

❑

# 10

# സേവകാത്മാക്കൾ

"അവർ ഒക്കെയും രക്ഷപ്രാപിപ്പാനുള്ളവരുടെ ശുശ്രൂഷയ്ക്ക് അയയ്ക്കപ്പെടുന്ന സേവകാത്മാക്കളല്ലയോ (എബ്രാ. 1:14) "Are not all angels ministering spirits sent to serve those who will inherit salvation"എന്നാണ് NIV ഭാഷാന്തരം

"ഈ ചെറിയവരിൽ ഒരുത്തനെ തുച്ഛീകരിക്കാതിരിപ്പാൻ സൂക്ഷിച്ചുകൊൾവിൻ. സ്വർഗ്ഗത്തിൽ അവരുടെ ദൂതന്മാർ സ്വർഗ്ഗസ്ഥനായ എന്റെ പിതാവിന്റെ മുഖം എപ്പോഴും കാണുന്നു എന്നു ഞാൻ നിങ്ങളോടു പറയുന്നു (മത്താ. 18:10–11).

മുകളിൽ പറയപ്പെട്ട വേദഭാഗത്ത് ദൂതന്മാരെ സേവകാത്മാക്കൾ എന്നു പറഞ്ഞിരിക്കുന്നതിനെപ്പറ്റി ചില വേദപണ്ഡിതന്മാർ അഭിപ്രായപ്പെടുന്നത്: ഓരോ ദൈവപൈതലിനും വേണ്ടി അതായത് ഒരു വ്യക്തി രക്ഷിക്കപ്പെട്ട് ദൈവപൈതൽ ആയിത്തീർന്ന സമയം മുതൽ ദൈവം ഓരോ ദൂതനെ കാവൽ മാലാഖയായി (Guardian Angel) കൽപിച്ചാക്കിയിട്ടുണ്ടെന്നും, ആ ദൂതൻ ദൈവവുമായി എപ്പോഴും ബന്ധപ്പെട്ടുകൊണ്ടിരിക്കുന്നു എന്നുമാണ്. യെഹൂദന്മാരുടെ ഇടയിലും അപ്രകാരമുള്ള വിശ്വാസം പൊതുവെ ഉണ്ടെന്ന് പറയപ്പെടുന്നു. എന്നാൽ ചിലർ അതിനോടു യോജിക്കുന്നില്ല.

ഒരുവൻ യേശുവിനെ കർത്താവും രക്ഷിതാവുമായി ഹൃദയത്തിൽ സ്വീകരിക്കുമ്പോൾ തന്റെ ആത്മാവിന്റെ വീണ്ടെടുപ്പ് പ്രാപിച്ചു എങ്കിലും ശരീരത്തിന്റെ വീണ്ടെടുപ്പ് പ്രാപിച്ചിട്ടില്ലല്ലോ? ദൈവം അനുവദിച്ചിട്ടുള്ള ആയുഷ്ക്കാലം ഒക്കെയും തിരുമുമ്പിൽ വിശുദ്ധിയിലും നീതിയിലും ജീവിച്ച് ദൈവത്തെ ആരാധിപ്പാനും (ലൂക്കോ. 1:74) ദൈവനാമമഹത്വത്തിനായി അവന്റെ ഇഷ്ടം ചെയ്ത് ഈ ലോകത്തിൽ ജീവിപ്പാനുമാണ് ദൈവജനത്തെക്കുറിച്ച് ദൈവം ആഗ്രഹിക്കുന്നത്. ഈ ലോകത്തിൽ വിജയകരമായ ഒരു ക്രിസ്തീയ ജീവിതം നയിക്കുന്നതിനായ് ത്രിത്വത്തിൽ മൂന്നാമനായ പരിശുദ്ധാത്മാവാം ദൈവവും, ദൈവവചനവും, ദൈവകൃപയും, "ഞാനോ ലോകാവസാനത്തോളം എല്ലാനാളും നിങ്ങളോട്കൂടെ ഉണ്ടെന്ന് അരുളിച്ചെയ്ത കർത്താവിന്റെ മാറ്റമില്ലാത്ത സാന്നിദ്ധ്യവും, അതിലെല്ലാറ്റിനുമുപരി ദൈവദൂതന്റെ സംരക്ഷണവും ഒരു ബോഡിഗാർഡ് (Body guard) എന്നവണ്ണം ഉണ്ടെന്നുള്ളത് എത്രയോ ആശ്വാസകരമാണ്.

ദൈവദൂതന്മാരുടെ സംരക്ഷണം ദൈവഭക്തന്മാർക്കുണ്ടെന്നുള്ളത് ചിലർ വിശ്വസിക്കുന്നില്ലായിരിക്കാം. കാരണം ദൈവദൂതന്മാരുടെ കാവലും സൂക്ഷിപ്പും ഉണ്ടെങ്കിൽ എന്തുകൊണ്ട് അനേകർ ആപത്തുകളിൽപ്പെട്ട് മരിക്കുന്നു, കള്ളന്മാരുടെ കയ്യിൽ അകപ്പെടുന്നു, സുവിശേഷവിരോധികളാൽ കൊല്ലപ്പെടുന്നു എന്നിത്യാദി അനേക ചോദ്യങ്ങൾ ഉന്നയിച്ചേക്കാം. ദുഷ്ടന്റെ അധീനതയിൽ കഴിയുന്ന ഈ ലോകത്തിൽ ദുഷ്ടന്മാരായ മനുഷ്യർ ഉള്ളയിടത്തോളം കാലം ഇന്നു നമ്മുടെ കൺമുൻപിൽ കണ്ടുകൊണ്ടിരിക്കുന്ന ആക്രമണങ്ങളും, കൊല്ലും കൊലയും നടന്നുകൊണ്ടിരിക്കും. മനുഷ്യർ മദ്യപിച്ച് വണ്ടിയോടിച്ച് എത്രയോ ആപത്തുകൾ ഉണ്ടാക്കുന്നു, നിയമങ്ങൾ പാലി

ക്കാതെ എത്രയോ ആപത്തുകൾ വരുത്തി വെയ്ക്കുന്നു. ഈ വക ദുരന്തങ്ങൾ ആർക്കും തടയുവാൻ കഴികയി ല്ലല്ലോ? മോഷ്ടിപ്പാനും, അറുപ്പാനും, മുടിപ്പാനും നോട്ടമി ട്ടിരിക്കുന്ന ദുഷ്ടന്റെ കയ്യിൽ ചിലപ്പോൾ നാം അകപ്പെട്ടി രിക്കാം; എങ്കിലും വലിയ അനർത്ഥങ്ങളിൽ നിന്നും, ദൂ തന്മാർ വിടുവിച്ച എത്രയോ അനുഭവസാക്ഷ്യങ്ങൾ നാം കേട്ടിട്ടുണ്ട്.

നമ്മുടെ ആത്മാവിന്റെ രക്ഷയോടുള്ള ബന്ധത്തിൽ യേശുക്രിസ്തു ദൈവത്തിന്റെ ശുശ്രൂഷക്കാരനായി വീണ്ടെടുപ്പിന്റെ ശുശ്രൂഷ തികച്ചതിനുശേഷം നമ്മുടെ അന്ത്യരക്ഷ പ്രാപിക്കുന്നതുവരെ സ്വർഗ്ഗത്തിൽ പിതാ വിന്റെ വലത്തുഭാഗത്തിരുന്നുകൊണ്ട് മദ്ധ്യസ്ഥശുശ്രൂഷ ഇപ്പോൾ ചെയ്തുകൊണ്ടിരിക്കുന്നു. നമ്മെ ഈ വലിയ രക്ഷയിലേക്ക് നയിച്ച പരിശുദ്ധാത്മാവാം ദൈവം നമ്മുടെ അന്ത്യമായ ആത്മരക്ഷ പ്രാപിക്കുന്നതുവരെ നമുക്കു വേണ്ടി ഈ വലിയ ശുശ്രൂഷയിൽ ഏർപ്പെട്ടുകൊണ്ടിരി ക്കുന്നു. ദൈവത്തിന്റെ ആജ്ഞപ്രകാരം മാനുഷ്യ ദൃഷ്ടികളാൽ കാണുവാൻ കഴിയാതെവണ്ണം ദൈവദൂത ന്മാരും ദൈവജനത്തെ ശുശ്രൂഷിച്ചുകൊണ്ടിരിക്കുന്നു; അഥവാ ദൈവീകശുശ്രൂഷയിൽ പങ്കാളികളായിക്കൊണ്ടി രിക്കുന്നു എന്ന് മനസ്സിലാക്കാം.

ദൂതന്മാർ ദൈവജനത്തെ സൂക്ഷിക്കുകയും, ശക്തി പ്പെടുത്തുകയും, വിടുവിക്കുകയും മാത്രമല്ല; സാത്താ നോടും അവന്റെ ദുഷ്ടശക്തികളോടും പൊരുതുകയും ചെയ്യുന്നു എന്നുള്ളത് ഒരുപക്ഷേ നാം അറിയുന്നില്ലാ യിരിക്കാം. നമ്മെ കോതമ്പുപോലെ പാറ്റുവാൻ, ജീവ നോടെ വിഴുങ്ങിക്കളയുവാൻ സാത്താനും അവന്റെ പരി വാരവും ദൈവജനത്തിനു ചുറ്റും ഉള്ളപ്പോൾ ആ ദുഷ്ട ശക്തികളിൽനിന്നും നമ്മെ രക്ഷിക്കുവാൻ ദൈവം തന്റെ

ദൂതന്മാരെ കല്പിച്ചാക്കിയിട്ടുണ്ട്. നമ്മുടെ എല്ലാവഴികളിലും നമ്മെ കാപ്പാനായി നമ്മുടെ രക്ഷകനായ കർത്താവ് ദൂതന്മാരെ കല്പിച്ചാക്കിയിട്ടുള്ളത് എത്രയോ സന്തോഷകരമാണ്. എന്തുകൊണ്ടെന്നാൽ; സകല ദൂതന്മാരും അധികാരങ്ങളും ശക്തികളും അവന്നു കീഴ്പ്പെട്ടിരിക്കുന്നതിനാൽ തന്നേ (1 പത്രോ. 3:22).

ഇയ്യോബിനെക്കുറിച്ച് സാത്താൻ ദൈവത്തോടു പറയുന്നത്: "നീ അവനും അവന്റെ വീട്ടിനും, അവനുള്ള സകലത്തിനും ചുറ്റും വേലി കെട്ടീട്ടില്ലയോ എന്നാണല്ലോ" (ഇയ്യോ. 1:10). ഇവിടെ ഒരു മുള്ളുവേലിയെക്കുറിച്ചോ, മറ്റു ബലമുള്ള ഇരുമ്പഴിയെക്കുറിച്ചോ അല്ലല്ലോ പറഞ്ഞിരിക്കുന്നത്. പിന്നെയോ, ദൈവദൂതന്മാരാലുള്ള കാവലും സൂക്ഷിപ്പും ആണെന്നുള്ളത് എടുത്തുപറയേണ്ടതില്ലല്ലോ? സാത്താനും, അവന്റെ ദുഷ്ടാത്മാക്കൾക്കും ഇയ്യോബിനെ നശിപ്പിപ്പാൻ കഴിയാതവണ്ണം ദൈവം തന്റെ ശക്തിയുള്ള ദൂതന്മാരാൽ കാത്തുസൂക്ഷിക്കുന്നുവെന്ന് സാത്താന് നല്ലവണ്ണം അറിയാം.

കർത്താവായ യേശുവിന്റെ ക്രൂശുമരണത്തിന് മുൻപ് തന്റെ ശിഷ്യന്മാർക്കുവേണ്ടി പിതാവിനോടു കഴിച്ച മദ്ധ്യസ്ഥപ്രാർത്ഥനയിൽ (യോഹ. 17:1–15) അനേകമർമ്മങ്ങൾ അടങ്ങിയിരിക്കുന്നതായി കാണാവുന്നതാണ്. യേശു ദൈവപുത്രനാണെന്നും പിതാവായ ദൈവം അയച്ചിട്ട് താൻ ഈ ലോകത്തിൽ വന്നതാണെന്നും, ഇനിയും താൻ ഈ ലോകത്തിൽ ഇരിക്കുന്നില്ല, താൻ മരിപ്പാനുള്ള സമയം അടുത്തിരിക്കുന്നു എന്നും, ചില ദിവസങ്ങൾക്കകം വീണ്ടും പിതാവിന്റെ അടുക്കൽ കരേറിപ്പോകുന്നു എന്നും, പിതാവും പുത്രനും ഒന്നാകുന്നു എന്നുമുള്ള അനേകസത്യങ്ങൾ തന്റെ ശിഷ്യന്മാർക്ക് വീണ്ടും ഈ മദ്ധ്യസ്ഥപ്രാർത്ഥനയിലൂടെ വെളിപ്പെടുത്തി

കൊടുക്കുന്നു. എന്നാൽ നാം ചിന്തിക്കുന്ന വിഷയമായ ദൂതന്മാരുടെ കാവലും, സൂക്ഷിപ്പിനോടുള്ള ബന്ധത്തിൽ കർത്താവ് പറയുന്നത് ശ്രദ്ധിക്കുക: ഇനി ഞാൻ ലോകത്തിൽ ഇരിക്കുന്നില്ല; ഇവരോ ലോകത്തിൽ ഇരിക്കുന്നു, ഞാൻ അവരെ സൂക്ഷിച്ചു; അതുകൊണ്ട് പിതാവേ ഞാൻ കഷ്ടംസഹിച്ച് മരിച്ച് അടക്കപ്പെട്ട് ഉയിർത്തെഴുന്നേറ്റ് അങ്ങയുടെ വലത്തുഭാഗത്തിരിക്കുന്നതുവരെയുള്ള ഈ ചുരുങ്ങിയ കാലത്തേക്ക് തന്റെ പ്രിയ ശിഷ്യന്മാരെ ദുഷ്ടന്റെ കയ്യിൽ അകപ്പെടാതവണ്ണം 'ദൂതന്മാരാൽ കാവൽ ചെയ്ത് കാത്തുകൊള്ളേണമേ' എന്നല്ലേ വ്യക്തമാക്കുന്നത്. കർത്താവ് ഉയിർത്തെഴുന്നേറ്റ് സ്വർഗ്ഗത്തിൽ ദൈവത്തിന്റെ വലത്തുഭാഗത്തിരിക്കുമ്പോൾ, സ്വർഗ്ഗത്തിലും ഭൂമിയിലുമുള്ള എല്ലാവാഴ്ചകളും, അധികാരങ്ങളും, ശക്തികളും, കർത്തൃത്വങ്ങളും അങ്ങനെ സർവ്വവും അവന്റെ കാല്ക്കീഴിലായിത്തീരുകയും (എഫെ. 1:21–22), എല്ലാ ദൂതന്മാരും, അധികാരങ്ങളും, ശക്തികളും അവനു കീഴ്പെട്ടിരിക്കുമെന്ന് (1 പത്രോ. 3:22) തിരുവചനം പറയുന്നതിനാൽ സകല ദൂതന്മാരും കർത്താവിന്റെ ആജ്ഞ പ്രകാരവും നിയന്ത്രണത്തിലും ആയിരിക്കുമല്ലോ.

യേശുവിനെ പരീക്ഷിച്ചുകൊണ്ട് പിശാചു പറഞ്ഞുവല്ലോ, "നീ ദൈവപുത്രൻ എങ്കിൽ താഴോട്ടു ചാടുക, നിന്നെക്കുറിച്ച് അവൻ തന്റെ ദൂതന്മാരോടു കല്പിക്കും; നിന്റെ കാൽ കല്ലിനോടു തട്ടാതവണ്ണം നിന്നെ കയ്യിൽ താങ്ങിക്കൊള്ളും" എന്ന് എഴുതിയിരിക്കുന്നുവല്ലോ എന്ന് പറഞ്ഞു (മത്താ.4:6). ഇവിടെ പിശാച് ദൈവവചനം തെറ്റായി, സംശയം ഉളവാക്കുമാറ് അവനെ അനുസരിക്കുവാൻ പരീക്ഷിച്ചതാണ്. ഏദെനിൽ ഇതേ തന്ത്രമാണ് അവൻ ഉപയോഗിച്ചത്. ദൈവാലയത്തിന്റെ അഗ്രത്തിൽ നിന്നും ആരെങ്കിലും പറഞ്ഞിട്ടോ സ്വന്ത ഇഷ്ടപ്രകാരമോ

ഒരു വ്യക്തി ചാടിയാൽ ഒരു ദൂതനും കാക്കുകയില്ല, കൈകളിൽ വഹിക്കുകയുമില്ല, അത് ആത്മഹത്യയിൽ പര്യവസാനിക്കും.

അത്യുന്നതന്റെ മറവിൽ വസിക്കുകയും, സർവ്വശക്തന്റെ നിഴലിൻ കീഴിൽ പാർക്കുകയും, യഹോവയെ തന്റെ സങ്കേതവും കോട്ടയും ആക്കിയിരിക്കുന്നതും, യഹോവയിൽ എപ്പോഴും എല്ലാറ്റിനും ആശ്രയിക്കുന്ന ഒരു ദൈവഭക്തനുള്ള അനേക വാഗ്ദത്തങ്ങളാണ് 91-ാം സങ്കീർത്തനത്തിൽ ദൈവം നല്കിയിരിക്കുന്നത്. ദൈവത്തിന്റെ വഴിയിൽ നടക്കുന്ന തന്റെ ഭക്തന്മാർക്ക് ദൂതന്മാരുടെ കാവലും സൂക്ഷിപ്പും ഉണ്ടെന്നുള്ളത് സാത്താന് നല്ലവണ്ണം അറിയാവുന്ന കാര്യമാണ്. ഒരു ദൈവപൈതലിന്റെ അനുദിന ജീവിതത്തിൽ ദുഷ്ടന്റെ കെണികളായ രാത്രിയിലെ ഭയം, പകൽ പറക്കുന്ന (എയ്തുവിടുന്ന) ദുഷ്ടന്റെ അസ്ത്രങ്ങൾ, ഇരുട്ടിൽ സഞ്ചരിക്കുന്ന മഹാമാരി, ഉച്ചക്കു നശിപ്പിക്കുന്ന സംഹാരം (സങ്കീ. 91:5-6) ഇവയിൽ നിന്നെല്ലാം കാത്തുസൂക്ഷിക്കുവാൻ ദൈവം തന്റെ ദൂതന്മാരെ കല്പിച്ചാക്കിയിട്ടുണ്ടെന്നുള്ളത് ഇവിടെ വ്യക്തമാണല്ലോ? ദൈവത്തിൽ ആശ്രയിക്കുന്ന തന്റെ ഭക്തന്മാരെ രക്ഷിപ്പാൻ ദൈവം തന്റെ ദൂതനോടു കല്പിച്ചിരിക്കുന്നു (സങ്കീ. 71:3).

മനുഷ്യപുത്രൻ എന്ന നിലയിൽ യേശുവിന് ദൂതന്മാരുടെ സംരക്ഷണവും, ശുശ്രൂഷയും ഉണ്ടായിരുന്നതായി നാം കാണുന്നു. യേശു മരുഭൂമിയിൽ നാല്പതു ദിവസം പിശാചിനാൽ പരീക്ഷിക്കപ്പെട്ടപ്പോൾ ദൂതന്മാർ അവനെ ശുശ്രൂഷിച്ചു എന്ന് രേഖപ്പെടുത്തിയിരിക്കുന്നു (മർക്കൊ. 1:13). ഗെത്ത്ശെമനയിൽ യേശു മരിക്കത്തക്ക നിലയിൽ ആയിത്തീർന്നപ്പോൾ തന്നെ ശക്തിപ്പെടുത്തുവാൻ ഒരു ദൂതൻ വന്നതായി കാണുന്നുവല്ലോ (ലൂക്കൊ. 22:43).

നമ്മുടെ വാഴ്ത്തപ്പെട്ട കർത്താവു പറഞ്ഞുവല്ലോ “ഈ ചെറിയവരിൽ ഒരുത്തനെ തുച്ഛീകരിക്കാതിരിപ്പാൻ സൂക്ഷിച്ചുകൊൾവിൻ. സ്വർഗ്ഗത്തിൽ അവരുടെ ദൂതന്മാർ സ്വർഗ്ഗസ്ഥനായ എന്റെ പിതാവിന്റെ മുഖം എപ്പോഴും കാണുന്നു എന്ന് (മത്താ. 18:10–11). കർത്താവിൽ വിശ്വ സിച്ച് കർത്താവിനെ അനുഗമിക്കുന്ന ശിശുക്കളെപ്പോലെ ചെറിയവരായ, ബലഹീനരായവർക്ക് ഒരു ഇടർച്ചയും വരു ത്തെരുതെന്നും (മത്താ. 18:6), അവരെ തുച്ഛീകരിക്കരു തെന്നുമാണ് കർത്താവു പറഞ്ഞത്. കാരണം കർത്താ വിൽ വിശ്വസിച്ച് വരുന്നവരായ തന്റെ ഓരോ മക്കളെയും സൂക്ഷിപ്പാൻ ദൈവം ദൂതന്മാരെ കല്പിച്ചാക്കിയിട്ടുണ്ട് എന്ന് വ്യക്തമാക്കുന്നുവല്ലോ? ആ ദൂതന്മാർ ദൈവവു മായി എപ്പോഴും ബന്ധപ്പെട്ട് കണക്ക് ബോധിപ്പിച്ചുകൊ ണ്ടിരിക്കയാണ്.

പത്രൊസിനെ കാരാഗൃഹത്തിൽ നിന്നും ദൂതൻ വിടു വിച്ചശേഷം തന്റെ വിടുതലിനുവേണ്ടി പ്രാർത്ഥിച്ചുകൊ ണ്ടിരിക്കുന്ന യോഹന്നാന്റെ (John Mark) അമ്മ മറിയ യുടെ വീട്ടിൽ ചെന്ന് വാതിൽക്കൽ താൻ മുട്ടിയപ്പോൾ രോദാ എന്ന ബാല്യക്കാരത്തി പത്രൊസിന്റെ ശബ്ദം തിരി ച്ചറിഞ്ഞിട്ട് സന്തോഷത്താൽ അകത്തേക്കു ഓടി: പത്രൊസ് ഇതാ വാതില്ക്കൽ നില്ക്കുന്നു എന്ന് പറ ഞ്ഞപ്പോൾ അവർ പറഞ്ഞത്; അവന്റെ ദൂതൻ ആകുന്നു എന്നാണ് (അ.പ്ര. 12:15). പത്രൊസിന്റെ ദൂതനാകുന്നു എന്നു പറയുവാനുള്ള കാരണം യഹൂദന്മാരുടെ ഇടയിൽ പൊതുവെയുള്ള അഭിപ്രായമാണ് എല്ലാവർക്കും ഓരോ അംഗരക്ഷകരനായ ദൂതൻ ഉണ്ടെന്നും ആ ദൂതൻ ആർക്കുവേണ്ടി നിയുക്തനാക്കപ്പെട്ടുവോ ആ ആളിന്റെ അതേ രൂപത്തിൽ പ്രത്യക്ഷപ്പെടുകയും അതേ സ്വര ത്തിൽ സംസാരിക്കുകയും ചെയ്യുമെന്നുള്ളത്. ആ വിശ്വാ

സത്തിലായിരിക്കണം പത്രോസിനുവേണ്ടി പ്രാർത്ഥിച്ചു കൊണ്ടിരുന്ന യെഹൂദന്മാരായ വിശ്വാസികൾ, പത്രൊസിനെ കാരാഗൃഹത്തിൽ വെച്ച് വധിച്ചു കാണും, ആ വിവരം അറിയിപ്പാൻ പത്രൊസിന്റെ ദൂതൻ പ്രത്യക്ഷപ്പെട്ടതാണെന്ന് ധരിച്ചത്.

യാക്കോബ് ദീനമായി കിടക്കുന്നു എന്നുള്ള വർത്തമാനം അറിഞ്ഞപ്പോൾ യോസേഫ് തന്റെ രണ്ടു മക്കളെയും കൂട്ടി യാക്കോബിന്റെ അടുക്കൽ വന്നു. യാക്കോബ് യോസേഫിന്റെ രണ്ടു മക്കളെയും അനുഗ്രഹിച്ച് പറഞ്ഞത്: “ഞാൻ ജനിച്ച നാൾ മുതൽ ഇന്നുവരെയും എന്നെ പുലർത്തിയിരിക്കുന്ന ദൈവം, എന്നെ സകല ദോഷങ്ങളിൽനിന്നും വിടുവിച്ച ദൂതൻ ഈ കുട്ടികളെ അനുഗ്രഹിക്കുമാറാകട്ടെ” (ഉല്പ. 48:15-16). യാക്കോബിനെ സകല ദോഷങ്ങളിൽ നിന്നും വിടുവിച്ച യാക്കോബിന്റെ ദൂതൻ എന്ന് അർത്ഥമാക്കുന്നതിൽ തെറ്റില്ലല്ലോ?

മുകളിൽ ഉച്ചരിച്ച വേദവാക്യങ്ങളിൽ നിന്നും (മത്താ. 18:11; വെളി. 12:15; ഉല്പ. 48:16) മനസ്സിലാക്കുവാൻ കഴിയുന്നത് ഓരോ ദൈവഭക്തനെയും സൂക്ഷിപ്പാനായി കുറഞ്ഞത് ഒരു ദൂതനെയെങ്കിലും ദൈവം കല്പിച്ചാക്കിയിരിക്കുന്നു എന്നാണല്ലോ.

❑

# 11

# വിശുദ്ധന്മാരുടെ ആത്മാക്കളെ പറുദീസയിലേക്ക് ആനയിക്കുന്ന ദൂതന്മാർ

വിശുദ്ധന്മാർ മരിക്കുമ്പോൾ അവരുടെ ആത്മാക്കളെ സ്വർഗ്ഗീയ പറുദീസയിൽ കൊണ്ടെത്തിക്കുന്നത് ദൂതന്മാരാണെന്ന് തിരുവചനം വ്യക്തമാക്കുന്നു. ഇതിനുള്ള തെളിവായിട്ട്, ഒരു ധനവാനായ മനുഷ്യന്റെയും, ദരിദ്രനായ ലാസറിന്റെയും ജീവിതാന്ത്യത്തെക്കുറിച്ച് കർത്താവ് വളരെ വ്യക്തമായി പറഞ്ഞിരിക്കുന്നു (ലൂക്കൊ. 16:19-31). ഈ സംഭവം ഒരു ഉപമയായിട്ടോ സങ്കൽപ്പകഥയായിട്ടോ കർത്താവ് പറഞ്ഞതല്ല, പിന്നെയോ മരണാനന്തരം സംഭവിക്കുന്ന യാഥാർത്ഥ്യമാണ് ഇവിടെ പറഞ്ഞിരിക്കുന്നത്. ഇത് ജീവിച്ചിരിക്കുന്ന ദൈവഭക്തർക്ക് പ്രത്യാശയെ ഉളവാക്കുന്നതും, ദൈവവഴിയിൽ നടക്കാത്തവർക്ക് ഒരു മുന്നറിയിപ്പും (warning)ആകുന്നു. ദൈവത്തെ സേവിച്ചവരും അഥവാ നീതിമാന്മാരും അല്ലാത്തവരും മരണം വഴി ഈ ലോകത്തിൽ നിന്നും മാറ്റപ്പെടുമ്പോൾ അവർ ചെന്നെത്തുന്ന അന്ത്യത്തെക്കുറിച്ച് ഇവിടെ വ്യക്തമാക്കിയിരിക്കുന്നു. ധനവാൻ മരിച്ചപ്പോൾ അല്പനേരത്തേക്ക് വളരെ നല്ല ആഡംബരമായ ഒരു അന്തിമ യാത്രയയപ്പ് അഥവാ സംസ്ക്കാര ശുശ്രൂഷ ലഭിച്ചു എന്ന് ന്യായമായി വിശ്വ

സിക്കാം. അതേസമയം ദരിദ്രനായ ലാസർ മരിച്ചപ്പോൾ ധനവാനു കൊടുത്തതുപോലെയുള്ള യാതൊരുവിധമായ ശുശ്രൂഷകളും ആരും ചെയ്തുകാണുകയില്ല. എന്നാൽ ലാസർ മരിച്ചപ്പോൾ ദൂതന്മാർ അവനെ അബ്രഹാമിന്റെ മടിയിലേക്ക് (പറുദീസ) കൊണ്ടുപോയി എന്നും ധന വാൻ പാതാളത്തിൽ യാതനാസ്ഥലത്തേക്ക് പോയി എന്നും വചനം വ്യക്തമാക്കുന്നു (ലൂക്കൊ. 16:22-23). ധന വാന്റെ മൃതശരീരത്തിനുവേണ്ടി ബഹുമാനാർത്ഥം ചെയ്ത വലിയ ശുശ്രൂഷയെക്കാൾ എത്രമടങ്ങ് മഹ ത്തായ പദവിയും ബഹുമാനവുമാണ് ദൂതന്മാരാൽ ലാസ റിന്റെ ആത്മാവിനു ലഭിച്ചത്. മരണത്താൽ ശരീര ത്തിൽനിന്നും ആത്മാവ് വേർപെടുന്ന നിമിഷത്തിൽ, ഒന്നുകിൽ നിത്യസന്തോഷം അനുഭവിക്കുന്ന പറുദീസ യിൽ അല്ലെങ്കിൽ യാതൊരു പരിഹാരവും ഇല്ലാത്ത നിത്യ ദണ്ഡനം അനുഭവിക്കുന്ന യാതനാസ്ഥലത്തായിരിക്കും ആത്മാവ് എത്തിച്ചേരുന്നത്. നാം ഈ ലോകത്തിൽ ജീവി ച്ചിരിക്കുമ്പോൾ നാം തിരഞ്ഞെടുത്ത് നടന്ന പാതയെ ആശ്രയിച്ചായിരിക്കും നമ്മുടെ ആത്മാവ് എത്തിച്ചേരു ന്നതെന്ന് ഓർത്തിരിക്കേണം.

ഏലിയാവിനെ സ്വർഗ്ഗത്തിലേക്ക് എടുത്തുകൊണ്ടു വരാനായി ദൈവം തന്റെ ദൂതന്മാരെ അഗ്നിരഥവും അഗ്ന്യ ശ്വങ്ങളുമായി അയച്ചതായി കാണുന്നുവല്ലോ (2 രാജാ. 2:11). നോക്കുക, ദൈവം തന്റെ ഭക്തന്മാരെ ആദരിക്കു ന്നത്? ഒരു ദൈവഭക്തൻ ജീവിച്ചിരുന്നാലും മരിച്ചാലും ദൈവദൂതന്മാർ അവനെ സ്വർഗ്ഗീയപറുദീസയിൽ കൊണ്ടെത്തിക്കുന്നു എന്നത് എത്രയോ സന്തോഷകര മായ ഒരു വസ്തുതയാണ്. മോശെ മരിച്ചപ്പോൾ ദൈവ ദൂതന്മാർ തന്റെ ആത്മാവിനെ ദൈവസന്നിധിയിലേക്ക് കൊണ്ടുപോയി എന്ന് പ്രധാന ദൂതനായ മീഖായേൽ

മോശെയുടെ ശരീരത്തെക്കുറിച്ച് സാത്താനോടു തർക്കിച്ചു വാദിച്ചതിൽ നിന്നും മനസ്സിലാകുന്നുവല്ലോ (യൂദാ വാ. 9). കർത്താവിന്റെ മദ്ധ്യാകാശവരവിങ്കൽ രൂപാന്തരം പ്രാപിച്ച മഹത്വശരീരധാരികളായ വിശുദ്ധന്മാരെ കർത്താവിന്റെ സന്നിധിയിൽ കൊണ്ടെത്തിക്കുന്നത് ലക്ഷോപലക്ഷം ദൂതസന്നാഹങ്ങളുടെ സാന്നിദ്ധ്യത്തോടായിരിക്കും.

ഒരു വ്യക്തി കർത്താവായ യേശുവിൽ വിശ്വസിച്ച് തന്റെ പാപങ്ങളെ ഏറ്റുപറഞ്ഞ് രക്ഷിക്കപ്പെടുന്ന നിമിഷം മുതൽ കർത്താവ് തന്റെ ഭക്തനെ ശത്രുവിന്റെ കയ്യിൽനിന്നും സൂക്ഷിപ്പാൻ ദൂതനെ കല്പിച്ചാക്കിയിട്ടുണ്ടെന്ന് നേരത്തെ പ്രസ്താവിച്ചിട്ടുണ്ടല്ലോ? തന്റെ ഭക്തന്റെ ഈലോക ജീവിതം മരണം വഴിയായി അവസാനിക്കുമ്പോൾ തന്റെ ആത്മാവിനെ സ്വർഗ്ഗീയ പറുദീസയിൽ കൊണ്ടെത്തിക്കുന്നതും തന്നെ സൂക്ഷിച്ച ദൂതൻ തന്നെയായിരിക്കുമെന്ന് വിശ്വസിക്കുന്നതിൽ തെറ്റില്ലല്ലോ. ❑

# 12
# ദൈവത്തിന്റെ ന്യായവിധി നടത്തുന്ന ദൂതന്മാർ

കുറ്റകൃത്യം ചെയ്യുന്നവരെ ന്യായം വിധിച്ച് ശിക്ഷിക്കുന്ന സമ്പ്രദായം എല്ലാ രാജ്യങ്ങളിലും നിലവിലുണ്ടല്ലോ? അത് നടപ്പാക്കുന്നതിനുവേണ്ടിയുള്ള നിയമങ്ങളും, കോടതിയും ന്യായപാലകന്മാരെയും ഭരണകൂടം ആക്കിയിട്ടുണ്ട്. നീതിയോടെ ന്യായവിധി നടത്തുവാനും ന്യായപാലനം ചെയ്യുവാനും നിയമപരിപാലകന്മാരെ ആക്കിയിട്ടുണ്ടെങ്കിലും നീതിയും ന്യായവും എവിടെ എന്നുള്ള നിലവിളിയാണ് ഇന്ന് നാം മുഴങ്ങി കേൾക്കുന്നത്.

ലോകത്തിൽ എവിടെ നോക്കിയാലും അക്രമം, അഴിമതി, അന്യായം, കൈക്കൂലി, വഞ്ചന, പിടിച്ചുപറി, ലൈംഗീകപീഡനം, കൊള്ള, മോഷണം, കൊലപാതകം, ജാതി–മത–ഭാഷ–നിറ വിദ്വേഷം മുതലായ പാപങ്ങൾ അടിക്കടി പെരുകിക്കൊണ്ടിരിക്കുന്ന കാഴ്ച നാം നേരിൽ കാണുകയും മാധ്യമങ്ങളിൽക്കൂടെ വായിച്ചറിയുകയും ചെയ്യുന്നു. ദേശം വഷളത്വംകൊണ്ട് നിറഞ്ഞിരിക്കുന്നു എന്ന് സകല മനുഷ്യരും ഒരുപോലെ സമ്മതിക്കുന്ന കാര്യമാണ്. ഭൂമി നീതിമാന്മാരുടെ രക്തം കുടിച്ച് ചീർത്തിരിക്കുന്നു; ആ രക്തം ഭൂമിയിൽ നിന്ന് ദൈവത്തോടു നിലവിളിച്ചുകൊണ്ടിരിക്കുന്നു (ഉല്പ. 4:10; വെളി. 6:10). ആകാ

ശവും ഭൂമിയും അതിലുള്ള സകലവും സൃഷ്ടിച്ചവനായ ദൈവം മനുഷ്യർ ചെയ്യുന്ന സകലമ്ലേച്ഛതകളും കണ്ട്, സ്വർഗ്ഗത്തിലിരുന്ന് രസിക്കുന്നു എന്ന് തോന്നുന്നുവോ? മനുഷ്യർ ചെയ്യുന്ന പാപങ്ങൾ കണ്ടുകൊണ്ട് ദൈവം മിണ്ടാതിരിക്കയാൽ ദൈവം നമ്മെപ്പോലെയുള്ളവനെന്ന് നാം നിരൂപിക്കുന്നുവോ? (സങ്കീ. 50:21). ദുഷ്പ്രവൃത്തിക്കുള്ള ശിക്ഷാവിധി തല്ക്ഷണം നടക്കായ്കകൊണ്ട് മനുഷ്യർ ദോഷം ചെയ്വാൻ ധൈര്യപ്പെടുന്നു എന്ന് തിരുവചനത്തിൽ പറഞ്ഞിരിക്കുന്നു (സഭാ. 8:11). പാപവും വഷളത്വവും നിറഞ്ഞ ഈ ലോകത്തെ ദൈവം ന്യായംവിധിച്ചില്ലെങ്കിൽ പുരാതന ലോകത്തോടും, സോദോം ഗോമോറയോടും ചെയ്തതിനെക്കുറിച്ച് ദൈവം ക്ഷമ ചോദിക്കേണ്ടിവരും എന്ന് ഒരു സുവിശേഷകൻ പറഞ്ഞതായി കേട്ടിട്ടുണ്ട്. ഇല്ല; ദൈവത്തിന്റെ പക്കൽ മുഖപക്ഷമില്ലല്ലോ? ദൈവം ഇന്നത്തെ ലോകത്തെ ന്യായംവിധിക്കുക തന്നേ ചെയ്യും, നിശ്ചയം. ന്യായവിധിക്കായി അവൻ തന്റെ സിംഹാസനം ഇതാ ഒരുക്കിയിരിക്കുന്നു (സങ്കീ. 9:7).

ദൈവം ന്യായവിധി ഈ ഭൂമിയിൽ അയയ്ക്കുവാൻ പോകുന്നു എന്നുള്ള സന്ദേശം ദൈവദാസന്മാർ ലോകത്തോട് വിളിച്ചറിയിച്ചുകൊണ്ടിരിക്കുന്നു. ഇന്നത്തെ ആധുനീകലോകത്തിൽ മനുഷ്യർ ഭവനത്തിലിരുന്നുകൊണ്ട് ടി.വി., റേഡിയോ, ഇന്റർനെറ്റ് മുതലായ സംവിധാനങ്ങളിലൂടെ ന്യായവിധിയുടെ സന്ദേശം എപ്പോഴും കേട്ടുകൊണ്ടിരിക്കുന്നു. ദൈവം ന്യായവിധി അയച്ച് ഈ ഭൂമിയിലുള്ള സർവ്വജനത്തെയും നശിപ്പിക്കുമോ? ഈ ഭൂമിയിലുള്ള നല്ലവരായ മനുഷ്യരെ ദുഷ്ടന്മാരോടുകൂടി ദൈവം നശിപ്പിക്കുമോ? ഭൂതലത്തിലുള്ള സകല ഭൂചരജന്തുക്കളെയും, മൃഗങ്ങളെയും, പക്ഷികളെയും, വൃക്ഷസസ്യാദികൾ ഇവയെ എല്ലാം ദൈവം നശിപ്പിക്കുമോ? സമുദ്രം,

നദി, അവയിലുള്ള മത്സ്യങ്ങൾ ഇവയെ ദൈവം നശിപ്പിക്കുമോ? എന്നിത്യാദി ചോദ്യങ്ങൾ ന്യായവിധിയോടുള്ള ബന്ധത്തിൽ ആരുടെയും മനസ്സിൽ ഉദിക്കുന്നതാണ്. ഈ ചോദ്യങ്ങൾക്കെല്ലാം വിശുദ്ധ ബൈബിൾ ഉത്തരം തരുന്നുണ്ട്. ദൈവം സൃഷ്ടിച്ച സകലത്തെയും നശിപ്പിക്കുവാനും നിലനിർത്തുവാനും സൃഷ്ടിതാവായ ദൈവത്തിന് അധികാരം ഉണ്ടെന്ന് മനുഷ്യർ അറിഞ്ഞിരിക്കേണ്ടതാണ്. ഈ ലോകത്തിൽ നടക്കുവാൻ പോകുന്ന അതിഭയങ്കര ന്യായവിധിയെക്കുറിച്ച് തിരുവചനം വ്യക്തമായ മുന്നറിയിപ്പ് നല്കിയിട്ടും ഇന്നത്തെ ലോകജനത അത് ഗൗരവമായി എടുക്കുന്നില്ല. മനുഷ്യൻ തങ്ങളുടെ പാപവഴി വിട്ട് ദൈവത്തിങ്കലേക്കു തിരിയുന്നതുമില്ല. ലോകപ്രസിദ്ധമായ ടൈറ്റാനിക് കപ്പലിനു കിട്ടിയ സന്ദേശം നിസ്സാരമായി തള്ളിക്കളഞ്ഞ് മുന്നോട്ടു പോയതുപോലെയാണ് പെട്ടെന്ന് വരുവാൻപോകുന്ന ന്യായവിധി അവഗണിച്ച് ലോകജനത മുന്നോട്ട് പോകുന്നത്. തിരുവചനം പറയുന്നതുപോലെ അവർ സമാധാനം എന്നും നിർഭയമെന്നും പറയുമ്പോൾ ഗർഭിണിക്ക് പ്രസവവേദന വരുംപോലെ അവർക്ക് പെട്ടെന്നു നാശം വന്ന് ഭവിക്കും; അവർക്ക് തെറ്റിയൊഴിയാവതുമല്ല (1 തെസ്സ. 5:3). അന്ത്യകാലത്ത് ദൈവം തന്റെ ദൂതന്മാരെക്കൊണ്ട് ഈ ഭൂമിയിൽ നടത്തുവാനിരിക്കുന്ന ന്യായവിധിയെക്കുറിച്ച് ജനം അറിഞ്ഞിരുന്നുവെങ്കിൽ കൊള്ളായിരുന്നു എന്ന് ആശിക്കുന്നു. ദൈവം ന്യായവിധി നടത്തിയ ചില സംഭവങ്ങൾ നമ്മുടെ ബുദ്ധിയുപദേശത്തിനായി ചൂണ്ടിക്കാണിക്കട്ടെ.

## ദൂതന്മാരെ ന്യായം വിധിച്ചത്

മനുഷ്യസൃഷ്ടിക്കു മുന്നമേ ദൈവം ദൂതന്മാരെ സൃഷ്ടിച്ചുവെന്നും ദൈവത്തെ സേവിപ്പാനും ആരാധിപ്പാനുമായി കോടാനുകോടി ദൂതന്മാരെ സ്വർഗ്ഗത്തിൽ ആക്കിയിരി

ക്കുന്നു എന്നും മുൻ അദ്ധ്യായങ്ങളിൽ പ്രസ്താവിച്ചുവല്ലോ? ദൈവത്തെ ആരാധിച്ചിരുന്ന ഒരു വലിയ കൂട്ടം ദൂതന്മാരുടെ പ്രധാനിയായിരുന്ന ലൂസിഫെർ അനേകം ദൂതന്മാരെ വശീകരിച്ച് തന്റെ പക്ഷത്താക്കി ദൈവത്തോടു മത്സരിച്ചതിന്റെ ഫലമായി ലൂസിഫെറിനെയും അവനോടു ചേർന്ന് നിന്ന സകല ദൂതന്മാരെയും ദൈവം ന്യായംവിധിച്ച് അവരുടെ സ്ഥാനത്തുനിന്നും എന്നേക്കുമായി തള്ളിക്കളഞ്ഞു. (ലൂസിഫെറിനെപ്പറ്റി പിന്നീട് പ്രതിപാദിക്കുന്നുണ്ട്) ലൂസിഫെർ ഒരു ശ്രേഷ്ഠദൂതനും തന്റെ കീഴിൽ അനേകം ദൂതന്മാരും ഉള്ളതിനാൽ താൻ ദൈവത്തോടും മറ്റ് ദൂതന്മാരോടും മത്സരിക്കുന്നതിനായി തുനിഞ്ഞു. എന്നാൽ ശക്തരായ ദൂതന്മാരുടെയും മീഖായേലിന്റെയും തന്റെ കീഴിലുള്ള സൈന്യത്തിന്റെയും മുമ്പിൽ ലൂസിഫെറും കൂട്ടരും നിൽപ്പാൻ കഴിയാതെ തോൽക്കുക മാത്രമല്ല; അവരുടെ സ്ഥാനത്ത് നിന്നും തള്ളപ്പെടുവാനും കാരണമായി. (യെശ. 14:12; യെഹെ. 28:16). അങ്ങനെ പാപം ചെയ്ത ദൂതന്മാരെ ദൈവം ആദരിക്കാതെ ന്യായംവിധിച്ച് ശിക്ഷിച്ചു.

- “നിഗളിച്ചിട്ടു പിശാചിനു വന്ന ശിക്ഷാവിധിയിൽ” (1 തിമൊ. 3:6)
- “പാപം ചെയ്ത ദൂതന്മാരെ ദൈവം ആദരിക്കാതെ അന്ധതമസ്സിന്റെ ചങ്ങലയിട്ടു നരകത്തിലാക്കി ന്യായവിധിക്കായി കാപ്പാൻ ഏല്പിക്കയും...” (2 പത്രൊ. 2:4).

നോക്കുക, സ്വർഗ്ഗത്തിൽ ദൈവസന്നിധിയിൽ ആയിരുന്ന വിശുദ്ധ ദൂതന്മാർ പാപം ചെയ്തപ്പോൾ ദൈവം അവരെ ആദരിക്കാതെ തള്ളിക്കളഞ്ഞുവെങ്കിൽ, ദൈവകല്പനകൾ ലംഘിച്ച് പാപത്തിൽ ജീവിക്കുന്ന മനുഷ്യാ, നീ ദൈവന്യായവിധിയിൽ നിന്നും തെറ്റിയൊഴിയുമെന്നു കരുതുന്നുവോ?

## പുരാതനലോകത്തെ ന്യായം വിധിച്ചത്

നോഹയുടെ കാലം ആയപ്പോൾ ഭൂമിയിൽ മനുഷ്യർ പെരുകി എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ മനുഷ്യർ ദൈവത്തിന്റെ വഴിവിട്ട് വഷളത്വം പ്രവൃത്തിച്ച് ഭൂമി അതിക്രമം കൊണ്ട് നിറഞ്ഞു. ദൈവം ഭൂമിയെ നോക്കി, അതു വഷളായി എന്ന് കണ്ടു. സകലജഡവും ഭൂമിയിൽ തന്റെ വഴി വഷളാക്കിയിരുന്നു (ഉല്പ. 6:11–12). "ഞാൻ സൃഷ്ടിച്ചിട്ടുള്ള മനുഷ്യനെ ഭൂമിയിൽനിന്ന് നശിപ്പിച്ചുകളയും; മനുഷ്യനെയും മൃഗത്തെയും ഇഴജാതിയെയും, ആകാശത്തിലെ പക്ഷികളെയും തന്നെ (ഉല്പ. 6:7). ദൈവം അരുളിച്ചെയ്തപ്രകാരം ഭൂമിയിലുള്ള സകല മനുഷ്യരും, മൃഗങ്ങളും, ഇഴജാതികളും, ആകാശത്തിലെ പറവകളും ഭൂമിയിൽ ഉണ്ടായിരുന്ന സകല ജീവജാലങ്ങളും ജലപ്രളയത്താൽ നശിച്ചുപോയി. നോഹയും അവനോടുകൂടെ പെട്ടകത്തിൽ ഉണ്ടായിരുന്നവർ മാത്രം രക്ഷപെട്ടു.

തിരുവചനം പറയുന്നു: ഭക്തികെട്ടവർ നിമിത്തം പുരാതനലോകത്തെ ദൈവം ആദരിക്കാതെ പോയതുപോലെ (2 പത്രൊ.2:5) ഇപ്പോഴത്തെ ആകാശവും ഭൂമിയും അതേ വചനത്താൽ തീക്കായി സൂക്ഷിച്ചും, ന്യായവിധിയും ഭക്തികെട്ട മനുഷ്യരുടെ നാശവും സംഭവിപ്പാനുള്ള ദിവസത്തേക്ക് കാത്തുമിരിക്കുന്നു (2 പത്രൊ. 3:7) എന്ന്. ഇവിടെ പറഞ്ഞിരിക്കുന്ന തിരുവചനം ശ്രദ്ധിക്കുക: ഇപ്പോഴത്തെ ആകാശവും ഭൂമിയും നശിച്ചുപോകും. ദൈവം ജലപ്രളയത്താൽ പുരാതനലോകത്തെ മാത്രമാണ് നശിപ്പിച്ചത്. എന്നാൽ ഇനിയും നാം അധിവസിക്കുന്ന ഈ ഭൂമിയും മുകളിൽ കാണുന്ന ആകാശവും, സൂര്യനും, ചന്ദ്രനും, നക്ഷത്രങ്ങൾക്കും നാശം സംഭവിക്കുമെന്ന് തിരുവചനം മുന്നറിയിപ്പ് നൽകിയിരിക്കുന്നു.

കർത്താവ് പറഞ്ഞു: നോഹയുടെ കാലത്തു സംഭവിച്ചതുപോലെ മനുഷ്യപുത്രന്റെ നാളിലും ഉണ്ടാകുമെന്ന്.

നോഹ പെട്ടകത്തിൽ കടന്ന നാൾവരെ അവർ തിന്നും കുടിച്ചും, വിവാഹം കഴിച്ചും വിവാഹത്തിനു കൊടുത്തും പോന്നു. ജലപ്രളയം വന്നു; അവരെ എല്ലാവരെയും മുടി ച്ചുകളഞ്ഞു (ലൂക്കൊ. 17:26–28).

## സോദോം ഗോമോറയുടെ ന്യായവിധി

സോദോം ഗോമോറ ദേശനിവാസികളുടെ കഠിന പാപം നിമിത്തം ആ പട്ടണങ്ങളെ നശിപ്പിക്കുവാൻ ദൈവം തീരുമാനിച്ചു. മൂന്നു ദൂതന്മാർ മനുഷ്യരായി അബ്രഹാമിനു പ്രത്യക്ഷപ്പെട്ടതായി ഉല്പത്തി 18:2–ൽ കാണുന്നുവല്ലോ. (അതിൽ ഒരാൾ കർത്താവാണെന്ന് വേദപണ്ഡിതർ അഭിപ്രായപ്പെടുന്നു) ഈ അതിഥികൾ ദൈവദൂതന്മാരെന്ന് അറിയാതെയാണ് അബ്രഹാം അവരെ സല്ക്കരിച്ചതെന്നു എബ്രാ. 13:2–ൽ പറഞ്ഞിരി ക്കുന്നു. ആ മുന്നു ദൂതന്മാരിൽ രണ്ടുപേർ സോദോം പട്ട ണത്തിൽ ചെന്നു. ലോത്ത് അവരെ കണ്ടപ്പോൾ അവരെ നിർബന്ധിച്ച് തന്റെ വീട്ടിൽ രാപാർപ്പാനായി ക്ഷണിച്ചു കൊണ്ടുപോയി. അന്നുരാത്രിയിൽ ആ പട്ടണത്തിലെ പുരുഷന്മാർ ആബാലവൃദ്ധം വന്ന് ലോത്തിന്റെ വീടുവ ളഞ്ഞ സംഭവം ഉല്പത്തി 19:4–ൽ പറഞ്ഞിരിക്കുന്നു വല്ലോ? ആ ദേശനിവാസികൾ എത്ര നീചന്മാരായിരുന്നു എന്ന് ആ രാത്രിയിൽ തന്നെ ദൂതന്മാർക്ക് ബോധ്യമായി. ദൂതന്മാർ ലോത്തിനോട് പറയുന്നത് ശ്രദ്ധിക്കുക: ഇവ രെക്കുറിച്ചുള്ള ആവലാതി യഹോവയുടെ മുമ്പാകെ വലു തായിത്തീർന്നിരിക്കകൊണ്ട് ഞങ്ങൾ ഈ സ്ഥലത്തെ നശിപ്പിക്കും, അതിനെ നശിപ്പിപ്പാൻ യഹോവ ഞങ്ങളെ അയച്ചിരിക്കുന്നു. ദൂതന്മാർ പറഞ്ഞപ്രകാരം ലോത്ത് ചെന്ന് തന്റെ മരുമക്കളോട്; നിങ്ങൾ ഈ സ്ഥലം വിട്ടു പോകുവിൻ, യഹോവ ഈ പട്ടണം നശിപ്പിക്കുവാൻ പോകുന്നു എന്ന് പറഞ്ഞപ്പോൾ അവൻ കളി (തമാശ)

പറയുന്നു എന്ന് അവർക്കു തോന്നി (ഉല്പ. 19:14). എന്നാൽ അവർ അറിഞ്ഞില്ല, നേരം വെളുക്കുമ്പോൾ സംഭവിക്കുവാൻ പോകുന്ന ന്യായവിധി എത്ര ഭയങ്കര മാണെന്നുള്ളത്. ലോത്ത് പറഞ്ഞത് അവർ ഗൗരവമായി എടുക്കായ്കയാൽ ദേശനിവാസികളോടൊപ്പം നശിച്ചു പോയതായി കാണുന്നു. യഹോവ സോദോമിന്റെയും ഗോമോറയുടെയും മേൽ ഗന്ധകവും തീയും വർഷിപ്പിച്ച് സകലത്തെയും നശിപ്പിച്ചു. ഇന്നും അത് ഏവർക്കും സാക്ഷ്യമായി നിലകൊള്ളുന്നു. ആ പട്ടണങ്ങളുടെ ന്യായ വിധി നടത്തിയത് ദൈവം തന്റെ ദൂതന്മാർ മുഖേന ആയി രുന്നുവല്ലോ.

## മിസ്രയീമിൽ ന്യായവിധി നടത്തിയത്

മരുഭൂമിയിൽ ദൈവത്തെ ആരാധിപ്പാൻ തന്റെ ജന മായ യിസ്രായേലിനെ വിട്ടയയ്ക്ക എന്ന് യഹോവ അരു ളിച്ചെയ്യുന്നു എന്ന് മോശെയും അഹരോനും ഫറവോ നോട് പറഞ്ഞപ്പോൾ അവൻ അനുസരിച്ചില്ല. മിസ്രയീംദേശത്ത് ഒൻപത് മഹാത്ഭുതങ്ങൾ ചെയ്ത് യഹോവയുടെ ശക്തി വെളിപ്പെടുത്തിയിട്ടും ഫറവോൻ ജനത്തെ വിട്ടയച്ചില്ല. ഒടുവിൽ മിസ്രയീമിലെ സകല കടി ഞ്ഞൂലുകളെയും സംഹരിച്ചപ്പോഴാണല്ലോ ജനത്തെ വിട്ട യച്ചത്. ഫറവോന്റെ ആദ്യജാതൻ മുതൽ മിസ്രയീംദേശ ത്തിലെ ആദ്യജാതന്മാരെ ഒക്കെയും; മൃഗങ്ങളുടെ കടി ഞ്ഞൂലുകളെയും സംഹരിച്ചത് സംഹാരദൂതനും തന്റെ കീഴിലുള്ള അനർത്ഥദൂതന്മാരുടെ ഗണവും ആണെന്ന് തിരുവചനം വ്യക്തമാക്കുന്നു (പുറ. 12:23; സങ്കീ. 78:49).

## യിസ്രായേലിൽ ന്യായവിധി നടത്തിയത്

ദാവീദ് ദൈവഹിതത്തിനു വിരോധമായി സാത്താ നാൽ നയിക്കപ്പെട്ട് യിസ്രായേൽ ജനത്തെ എണ്ണിയ കാര ണത്താൽ ദൈവം തന്റെ ദൂതനെ അയച്ച് ന്യായവിധി

നടത്തിയതായി കാണുന്നുവല്ലോ? യിസ്രായേലിൽ എഴു പതിനായിരം പേർ മഹാമാരിയാൽ സംഹരിക്കപ്പെട്ട ശേഷം യെരുശലേമിനെ ബാധിപ്പാൻ ദൂതൻ കൈ നീട്ടിയപ്പോൾ യഹോവ അനുതപിച്ചിട്ട് ജനത്തിൽ നാശം ചെയ്യുന്ന ദൂതനോടു മതി, നിന്റെ കൈ പിൻവലിക്ക എന്ന് കല്പിച്ചു (2 ശമു. 24:15-16). ഊരിയ വാളുമായി നില്ക്കുന്ന ദൂതനോട് യഹോവ കല്പിച്ചിട്ട് അവൻ തന്റെ വാൾ വീണ്ടും ഉറയിൽ ഇട്ടു എന്ന് രേഖപ്പെടുത്തിയിരിക്കുന്നു (1 ദിന. 21:16, 27). ദൈവം തന്റെ ദൂതനെ അയച്ച് ന്യായവിധി നടത്തിയതായി കാണുന്നുവല്ലോ.

## ഹെരോദാവിനെ ന്യായം വിധിച്ചത്

ദുഷ്ടനായ ഹെരോദാവ് കർത്താവിന്റെ അപ്പൊസ്തലനായ യാക്കോബിനെ വാളുകൊണ്ടു കൊന്നതുപോരാഞ്ഞിട്ട് പത്രൊസിനെയും കൊല്ലുവാനായി പിടിച്ച് കാരാഗൃഹത്തിൽ ആക്കി. മർക്കോസിന്റെ ഭവനത്തിൽ നടക്കുന്ന ശക്തമായ പ്രാർത്ഥനയും നിലവിളിയും സ്വർഗ്ഗത്തെ കുലുക്കി. ന്യായാധിപതിയായ കർത്താവിന്റെ ക്രോധം ജ്വലിച്ചിട്ട് കണ്ണുകൾ അഗ്നിജ്വാലയായി മാറി. തന്റെ ദാസന്മാരായ യാക്കോബിനെ കൊന്നതിനും പത്രൊസിനെ കാരാഗൃഹത്തിൽ ബന്ധിച്ചിട്ടതിന്റെയും പ്രതികാരത്തിനായി കർത്താവ് സിംഹാസനത്തിൽ നിന്നും എഴുന്നേറ്റു. തന്റെ ശക്തിയുള്ള ദൂതന്മാർ കർത്താവിന്റെ ആജ്ഞക്കായി ചുറ്റും നിന്നു. കർത്താവ് ഒരു ദൂതനെ വിളിച്ചിട്ട് ആജ്ഞ കൊടുത്തു: നീ പോയി ആദ്യമായി എന്റെ ദാസനായ പത്രൊസിനെ കാരാഗൃഹത്തിൽ നിന്നും ഈ രാത്രിയിൽ വിടുവിച്ച്, പത്രൊസ് സുരക്ഷിത സ്ഥാനത്ത് എത്തുംവരെ അവനെ സൂക്ഷിക്കണം. അതിനുശേഷം ഹെരോദാവിന്റെ അടുക്കൽ ചെല്ലണം. അവന്റെ ഹൃദയം സാഹസംകൊണ്ടും അഹങ്കാരം കൊണ്ടും നിറ

ഞ്ഞിരിക്കുന്നു. ഇന്നദിവസം അവൻ രാജവസ്ത്രം ധരിച്ച് ജനത്തോട് സംസാരിക്കുമ്പോൾ ജനം അവനെ ദൈവം എന്ന് പുകഴ്ത്തി ആർപ്പിടും. അതിൽ അവൻ തൃപ്തിപ്പെട്ട് സന്തുഷ്ടനായിരിക്കുമ്പോൾ അവനിട്ട് ഒരു ചെറിയ അടി കൊടുക്കണം. ദൈവത്തിനുള്ള മഹത്വം അവനുള്ളതല്ല എന്ന് മനസ്സിലാകത്തക്കവണ്ണം ചില ദിവസങ്ങൾ പുഴുക്കൾ അവന്റെ ആന്തരീക അവയവങ്ങൾ തിന്നിട്ട് അവൻ മരിക്കും. കർത്താവ് കല്പിച്ചതുപോലെ ദൂതൻചെയ്തു (അ.പ്ര. 12:21-23) (ചില വേദപണ്ഡിതർ അഭിപ്രായപ്പെടുന്നത്: ഹെരോദാവ് ചില ദിവസങ്ങൾ കിടക്കയിൽ നിന്നും എഴുന്നേല്ക്കുവാൻ കഴിയാതെ, അവന്റെ വയറ്റിൽ പുഴുക്കൾ അരിച്ച് അവ വെളിയിൽ വന്നശേഷം മരിച്ചു എന്നത്രേ).

ദൈവത്തിന്റെ ന്യായവിധിയെക്കുറിച്ചും ന്യായവിധി നടത്തുന്ന ദൂതന്മാരെക്കുറിച്ചുമാണല്ലോ നാം ചിന്തിക്കുന്നത്. ദൈവം  തന്റെ ദൂതന്മാരെ അയച്ച് ന്യായവിധി നടത്തിയിട്ടുള്ള ചില സംഭവങ്ങളാണ് മുകളിൽ സൂചിപ്പിച്ചത്. എന്നാൽ ഏറ്റവും ഗൗരവമേറിയതും ലോകം ഇതുവരെ കണ്ടിട്ടില്ലാത്തതുമായ ദൈവത്തിന്റെ അന്ത്യന്യായവിധിയെക്കുറിച്ച് വെളിപ്പാടു പുസ്തകത്തിൽ വിവരിച്ചിരിക്കുന്നു. എത്രയും വേഗത്തിൽ സംഭവിപ്പാനിരിക്കുന്ന ന്യായവിധിയും തുടർന്നു നടക്കുന്ന സംഭവങ്ങളും ദൈവജനത്തിന് ലഭിക്കുവാൻ പോകുന്ന ഭാഗ്യാവസ്ഥകൾ ഇതെല്ലാം തന്റെ ദാസന്മാരെ അറിയിക്കേണ്ടതിനായി കർത്താവ് തന്റെ ദൂതൻ മുഖാന്തരം അയച്ച് യോഹന്നാന് പ്രദർശിപ്പിച്ചു കൊടുത്തു.

വെളിപ്പാടു പുസ്തകത്തിൽ പറഞ്ഞിരിക്കുന്ന അനേക പ്രാവചനീയ വിഷയങ്ങൾ അതിന്റെ യഥാർത്ഥ അർത്ഥത്തിൽ വായിച്ച് മനസ്സിലാക്കുവാൻ പ്രയാസകര

മാണ്. കാരണം; ദൈവത്തിന്റെ തിരുഹൃദയത്തിൽ മറഞ്ഞുകിടക്കുന്ന അനേക വിഷയങ്ങൾ മുദ്രയിടപ്പെട്ടിരിക്കയാണ്. ചിലകാര്യങ്ങൾ മാത്രം വെളിപ്പെടുത്തി തന്നിരിക്കുന്നു. വേദശാസ്ത്രപഠിതാക്കൾ അവർക്ക് ലഭിച്ച വേദജ്ഞാനത്താൽ അവർ വ്യാഖ്യാനിച്ച് പഠിപ്പിക്കുകയും പുസ്തകങ്ങളായും കമന്ററികളായും എഴുതി പ്രസിദ്ധീകരിച്ചുമിരിക്കുന്നു. അവരവർ നില്ക്കുന്ന സഭകളിലെ ഉപദേഷ്ടാക്കന്മാർ വ്യാഖ്യാനിച്ച് പഠിപ്പിച്ചുകൊടുക്കുന്നത് ചോദ്യം ചെയ്യാതെ വിശ്വാസികൾ അംഗീകരിക്കുകയും വിശ്വസിക്കുകയുമാണ് ചെയ്യുന്നത്. വെളിപ്പാട് പുസ്തകം വ്യാഖ്യാനിച്ച് എഴുതിയിട്ടുള്ള പല പുസ്തകങ്ങളും ഇന്ന് ലഭ്യമാണ്. അവ പരിശോധിച്ചാൽ പലരും പലവിഷയങ്ങൾ വ്യത്യസ്ത രീതിയിൽ വ്യാഖ്യാനിച്ചിരിക്കുന്നതായി കാണുവാൻ കഴിയും.

വെളിപ്പാട് അഞ്ചാം അദ്ധ്യായത്തിൽ ഏഴു മുദ്രയാൽ മുദ്രയിടപ്പെട്ട ഒരു പുസ്തകത്തെക്കുറിച്ച് പറഞ്ഞിരിക്കുന്നു. ഈ പുസ്തകം ബഹുകാലം മുമ്പേ മുദ്രയിടപ്പെട്ട് സ്വർഗ്ഗത്തിൽ സൂക്ഷിക്കപ്പെട്ടിരിക്കയാണ്. (സ്വർഗ്ഗത്തിൽ വേറെ അനേകം പുസ്തകങ്ങൾ ഉണ്ടല്ലോ) ഈ മുദ്രയിടപ്പെട്ട പുസ്തകം തുറപ്പാനോ അതിന്റെ മുദ്രപൊട്ടിപ്പാനോ നോക്കുവാനോ കർത്താവിനല്ലാതെ സ്വർഗ്ഗത്തിലുള്ള ശ്രേഷ്ഠദൂതന്മാർക്കാകട്ടെ ഭൂമിയിലുള്ള ആർക്കും കഴിഞ്ഞില്ല. ആ പുസ്തകം മുദ്രയിടപ്പെട്ടിരിക്കുന്നതിനാൽ അതിലെ ഉള്ളടക്കം അഥവാ മർമ്മങ്ങൾ എന്താണെന്നുള്ളത് ആർക്കും വെളിപ്പെടുത്തി കൊടുത്തിട്ടില്ല എന്ന് വ്യക്തമാണല്ലോ. ഈ മുദ്രകൾ പൊട്ടിക്കുന്നത് ദൂതന്മാരല്ല, പിന്നെയോ നമ്മുടെ കർത്താവുതന്നെ ഓരോ മുദ്ര പൊട്ടിക്കുന്നതായും അപ്പോൾ ഉണ്ടാകുന്ന സംഭവങ്ങളും പറഞ്ഞിരിക്കുന്നു.

ബഹുകാലം കഴിഞ്ഞിട്ട് ഈ ഭൂമിയിൽ നടക്കുവാനിരിക്കുന്ന കാര്യങ്ങളെക്കുറിച്ച് ദാനീയേലിനു ദർശനത്തിൽ ദൈവം കാണിച്ചുകൊടുത്തിട്ട് പറഞ്ഞത്: ദർശനം സത്യമാകുന്നു, ദർശനം ബഹുകാലത്തേക്കുള്ളതാകയാൽ അതിനെ അടച്ച് വെക്കുക എന്ന് (ദാനീ. 8:26). അതിന്റെ അർത്ഥം, ദാനീയേലിനു ദർശനത്തിൽക്കൂടെ കാണിച്ചുകൊടുത്തത്, ദാനീയേലിന്റെ കാലത്ത് സംഭവിപ്പാനുള്ളതല്ല, പിന്നെയോ ഭാവിയിൽ സംഭവിപ്പാനിരിക്കുന്നതാണെന്ന് വ്യക്തമാണല്ലോ. വീണ്ടും ദൈവം ദാനീയേലിനോട് പറയുന്നത്: അന്ത്യകാലം വരെ ഈ വചനങ്ങളെ അടച്ച് പുസ്തകത്തിനു മുദ്രയിടുക എന്നാണ് (ദാനീ. 12:4).

തുറക്കപ്പെട്ട ഒരു പുസ്തകവുമായി സ്വർഗ്ഗത്തിൽ നിന്നും ഇറങ്ങിവന്ന ബലവാനായ ഒരു ദൂതൻ സമുദ്രത്തിന്മേലും ഭൂമിമേലും നിന്നുകൊണ്ട് സിംഹം അലറുന്നതുപോലെ അത്യുച്ചത്തിൽ ആർത്തപ്പോൾ ഏഴു ഇടിനാദം മുഴങ്ങി. യോഹന്നാൻ അത് എഴുതുവാൻ ഭാവിച്ചപ്പോൾ: ഏഴു ഇടി മുഴക്കിയത് എഴുതാതെ മുദ്രയിട്ടേക്ക എന്ന് സ്വർഗ്ഗത്തിൽ നിന്ന് ശബ്ദം ഉണ്ടായി (വെളി. 10:1–4). ഇവിടെയും ഏഴു ഇടിനാദം മുഴക്കിയതിന്റെ പിന്നിലുള്ള കാര്യങ്ങൾ വെളിപ്പെടുത്താതെ മുദ്രയിട്ടിരിക്കുന്നു എന്നാണല്ലോ മനസ്സിലാക്കുന്നത്.

ഇങ്ങനെ തിരുവെഴുത്തുകളിൽ മനുഷ്യർക്ക് വെളിപ്പെടുത്തികൊടുക്കാത്ത അനേകമർമ്മങ്ങൾ മുദ്രയിടപ്പെട്ടിരിക്കുന്നതായി കാണുന്നുവല്ലോ. അതുകൊണ്ടത്രേ തിരുവചനം പറയുന്നത്: "മറഞ്ഞിരിക്കുന്ന കാര്യങ്ങൾ നമ്മുടെ ദൈവമായ യഹോവയ്ക്കുള്ളവയത്രേ; വെളിപ്പെട്ടിരിക്കുന്നവയോ നാം ഈ ന്യായപ്രമാണത്തിന്റെ സകലവചനങ്ങളും അനുസരിച്ച് നടക്കേണ്ടതിനു

എന്നേക്കും നമുക്കും നമ്മുടെ മക്കൾക്കും ഉള്ളവയാകുന്നു (ആവ. 29:28). അതാതു കാലത്തേക്കുള്ള ദൈവീകവെളിപ്പാടുകളും മർമ്മങ്ങളും ദൈവീകപദ്ധതികളും മുദ്ര പൊട്ടിച്ച് ദൈവം തന്റെ ദാസന്മാർക്കും വിശുദ്ധപ്രവാചകന്മാർക്കും വെളിപ്പെടുത്തി കൊടുത്തിരിക്കുന്നു. എബ്രായലേഖനകർത്താവ് പറഞ്ഞിരിക്കുന്നത് വളരെ ശ്രദ്ധേയം തന്നെ. “ദൈവം പണ്ട് ഭാഗം ഭാഗമായിട്ടും വിവിധമായിട്ടും പ്രവാചകന്മാർ മുഖാന്തരം പിതാക്കന്മാരോട് അരുളിച്ചെയ്തിട്ട് ഈ അന്ത്യകാലത്ത് പുത്രൻ മുഖാന്തരം നമ്മോട് അരുളിച്ചെയ്തിരിക്കുന്നു” (എബ്രാ. 1:1). അപ്പൊസ്തലനായ പത്രോസും അതേകാര്യം പറഞ്ഞിരിക്കുന്നത് ശ്രദ്ധിക്കുക: “നിങ്ങൾക്ക് വരുവാനിരിക്കുന്ന കൃപയെക്കുറിച്ച് പ്രവചിച്ച പ്രവാചകന്മാർ ഈ രക്ഷയെ ആരാഞ്ഞു അന്വേഷിച്ചിരുന്നു. അവരിലുള്ള ക്രിസ്തുവിൻ ആത്മാവ് ക്രിസ്തുവിനു വരേണ്ടിയ കഷ്ടങ്ങളെയും പിൻവരുന്ന മഹിമയെയും മുൻകൂട്ടി സാക്ഷീകരിച്ചപ്പോൾ സൂചിപ്പിച്ച സമയം ഏതോ, എങ്ങനെയുള്ളതോ എന്ന് പ്രവാചകന്മാർ ആരാഞ്ഞുനോക്കി. തങ്ങൾക്കായിട്ടല്ല, നിങ്ങൾക്കായിട്ടത്രേ തങ്ങൾ ആ ശുശ്രൂഷ ചെയ്യുന്നത് എന്ന് അവർക്ക് വെളിപ്പെട്ടു... അതിലേക്ക് ദൈവദൂതന്മാരും കുനിഞ്ഞ് നോക്കുവാൻ ആഗ്രഹിക്കുന്നു (1 പത്രോ. 1:10-12).

കർത്താവായ യേശുക്രിസ്തുവിന്റെ ജനനം, യേശു പാപികളാൽ അനുഭവിക്കേണ്ട കഷ്ടങ്ങൾ, ക്രൂശുമരണം, ക്രൂശിൽ ഒരുക്കിയ രക്ഷ, പുനരുത്ഥാനം, ഇനിയും വരുവാനിരിക്കുന്ന അന്ത്യമായ രക്ഷ തുടങ്ങിയ അനേക മാർമ്മീകവിഷയങ്ങൾ പ്രവചിച്ച പ്രവാചകന്മാർ മുൻകൂട്ടി സാക്ഷീകരിച്ചുവെങ്കിലും അവരുടെ കാലത്ത് അതെല്ലാം

മുദ്രയിടപ്പെട്ടിരുന്നതായി കാണുന്നുവല്ലോ. എന്നാൽ ഇപ്പോൾ അതെല്ലാം നമുക്ക് വെളിപ്പെടുത്തി തന്നിരിക്കുന്നതിനായി ദൈവത്തിന് സ്തോത്രം.

ദൈവം തന്റെ പരിശുദ്ധാത്മാവിനാൽ വെളിപ്പെടുത്തി തന്നിരിക്കുന്ന മർമ്മങ്ങൾ, ആത്മീക മൂല്യങ്ങൾ ഇവ ഗ്രഹിക്കുവാനോ, മനസ്സിലാക്കുവാനോ സാധാരണ മനുഷ്യർക്ക് കഴികയില്ലെന്ന് തിരുവചനം വ്യക്തമാക്കുന്നു. “അങ്ങനെ നിങ്ങൾക്ക് സകല ദർശനവും മുദ്രയിട്ടിരിക്കുന്ന ഒരു പുസ്തകത്തിലെ വചനങ്ങൾപോലെ ആയിത്തീർന്നിരിക്കുന്നു. അതിനെ അക്ഷരവിദ്യയുള്ള ഒരുത്തന്റെ കൈയ്യിൽ കൊടുത്ത് : ഇതൊന്ന് വായിക്കേണം എന്ന് പറഞ്ഞാൽ അവൻ എനിക്ക് വഹിയാ, അതിനെ മുദ്രയിട്ടിരിക്കുന്നുവല്ലോ എന്ന് പറയും. അല്ല, ആ പുസ്തകം അക്ഷരവിദ്യയില്ലാത്തവന്റെ കയ്യിൽ കൊടുത്തു, ഇതൊന്നു വായിക്കേണം എന്നു പറഞ്ഞാൽ അവൻ: എനിക്ക് അക്ഷരവിദ്യയില്ല എന്ന് പറയും (യെശ. 29:11-12).

നാം ചിന്തിച്ചുവരുന്ന ദൈവത്തിന്റെ ന്യായവിധി നടത്തുന്ന ദൂതന്മാർ എന്ന വിഷയത്തോടുള്ള ബന്ധത്തിൽ ഏറ്റവുമധികം ദൂതന്മാരാൽ നടത്തപ്പെടുവാൻ പോകുന്ന ന്യായവിധികളാണ് വെളിപ്പാടു പുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത്.

നീതിമാനായ നോഹയും കുടുംബവും പെട്ടകത്തിൽ കയറിയശേഷം ദൈവം ന്യായവിധിയുടെ പ്രളയം തുറന്നുവിട്ടതുപോലെയും, നീതിമാനായ ലോത്തും കുടുംബവും സോദോമിൽ നിന്നും പുറപ്പെട്ടുപോയശേഷം ആകാശത്തുനിന്ന് ഗന്ധകവും തീയും വർഷിപ്പിച്ചതുപോലെയും (ലൂക്കൊ. 17:26-29) ദൈവജനം ഈ ഭൂമിയിൽ നിന്ന് മാറ്റപ്പെടുന്നതോടുകൂടി ദൈവക്രോധം ഈ ഭൂമി

യിൽ ഒന്നൊന്നായി ചൊരിയപ്പെടും. ന്യായവിധി ഭൂമിയിൽ നടത്തുവാനുള്ള സമയമായി (സങ്കീ. 75:2) എന്നുള്ള സന്ദേശം ദൈവം അതിനായി നിയമിച്ചാക്കിയിരിക്കുന്ന ദൂതന്മാർക്ക് കൊടുക്കുമ്പോൾ :

- കാഹളം ഊതുന്ന ഏഴുദൂതന്മാർ കാഹളവുമായി ഒരുങ്ങിനിന്നു എന്നും (വെളി. 8:2,6)
- ധൂപകലശം ഉള്ള ദൂതന്മാർ ധൂപകലശവുമായി തയ്യാറായിനിന്നു എന്നും (വെളി. 8:3,5)
- ദൈവക്രോധം നിറഞ്ഞ ഏഴുപൊൻകലശവുമായി ഏഴുദൂതന്മാർ തയ്യാറായി നിന്നു (വെളി. 15:6–8; 16:1) എന്നും കാണുന്നു.

വെളിപ്പാട് എട്ടും, ഒൻപതും അദ്ധ്യായങ്ങളിൽ ഏഴുകാഹളം ഉള്ള ദൂതന്മാരിൽ ആറുപേർ കാഹളം ഓരോന്നായി ഊതിക്കഴിയുമ്പോൾ ഭൂമിയിലും, സമുദ്രത്തിലും, നദിയിലും ഉണ്ടാകുവാൻ പോകുന്ന നാശങ്ങളെക്കുറിച്ച് വിശദീകരിച്ചിരിക്കുന്നു. ഏഴാമത്തെയും അവസാനത്തേതുമായ കാഹളം ഊതുമ്പോൾ ലോകരാജത്വം നമ്മുടെ കർത്താവായ യേശുക്രിസ്തുവിന് ആയിത്തീർന്നിരിക്കുന്നു അവൻ എന്നേക്കും വാഴും എന്ന് സ്വർഗ്ഗത്തിൽ ഘോഷിക്കപ്പെടുന്നു (വെളി. 11:15). ഈ മഹാസന്തോഷം ഘോഷിക്കുന്നവർ സ്വർഗ്ഗത്തിലെ സകല ദൂതന്മാരും, സ്വർഗ്ഗത്തിലായിരിക്കുന്ന സകല വിശുദ്ധന്മാരുമാണ്. ലോകരാജത്വം ക്രിസ്തുവിന് ആയിത്തീർന്നിരിക്കുന്നു എന്നത് കർത്താവ് രാജാധിരാജാവായി ആയിരമാണ്ട് വാഴുവാൻ പോകുന്നു എന്നുള്ള വിളംബരം പ്രഖ്യാപിക്കപ്പെടുന്നതാണെന്ന് ചില വേദപണ്ഡിതർ പറയുന്നു. “അന്നാളിൽ മഹാകാഹളം ഊതും... നഷ്ടരായവരും, ഭ്രഷ്ടരായവരും വന്ന് യെരുശലേമിലെ

വിശുദ്ധപർവ്വതത്തിൽ യഹോവയെ നമസ്കരിക്കും (യെശ. 27:13) എന്നുള്ള വചനം നിറവേറും.

ദൈവക്രോധം നിറഞ്ഞ ഏഴുപൊൻകലശങ്ങൾ ഏഴുദൂതന്മാർക്ക് കൊടുക്കുന്നതായി വെളി. 15:7-ൽ പറഞ്ഞിരിക്കുന്നു. ഏഴുദൂതന്മാർ ഏഴുക്രോധകലശം ഭൂമിയിൽ ഒഴിക്കുമ്പോൾ ഉണ്ടാകുന്ന അതിഭയങ്കര സംഭവങ്ങളെക്കുറിച്ച് വെളി. 16-ാം അദ്ധ്യായത്തിൽ പറഞ്ഞിരിക്കുന്നു.

വെളിപ്പാട് 17-ാം അദ്ധ്യായത്തിൽ പറയപ്പെട്ടിരിക്കുന്ന **"മർമ്മം മഹതിയാം ബാബിലോൺ"** എന്ന മഹാനഗരത്തെ (വെളി. 17:18) ദൈവം ന്യായംവിധിച്ച് നശിപ്പിച്ചതായി തിരുവചനം പറയുന്നു. ഈ മഹാനഗരം പഴയ റോമാസാമ്രാജ്യവും, ഇന്നത്തെ റോമാനഗരവും ആണെന്ന് മിക്കവാറും എല്ലാ വേദപണ്ഡിതരും അഭിപ്രായപ്പെടുന്നു. വിശുദ്ധന്മാരുടെ രക്തവും, യേശുവിന്റെ സാക്ഷികളുടെ രക്തവും കുടിച്ച സ്ത്രീ മത്തയായിരിക്കുന്നു (വെളി. 17:6) എന്ന് യോഹന്നാൻ എഴുതുമ്പോൾ അന്ന് റോമാസാമ്രാജ്യം ഭരിച്ചിരുന്ന നീറോചക്രവർത്തി സഭയെ മുടിച്ചതും അപ്പൊസ്തലന്മാരിൽ ചിലരെ കൊന്നതും, യോഹന്നാനെ കൊല്ലുവാൻ തിളച്ചഎണ്ണയിൽ ഇട്ട ചരിത്രസംഭവങ്ങൾ വിരൽ ചൂണ്ടുന്നത് അന്നത്തെ റോമൻ സാമ്ര്യാജ്യം ആണെന്ന് ചില വേദപണ്ഡിതർ അഭിപ്രായപ്പെടുന്നു. ഈ മഹാനഗരത്തെ നശിപ്പിക്കുന്നതിന് വെറും ഒരു മണിക്കൂർ മാത്രം വേണ്ടി വന്നുള്ളു എന്ന് പറഞ്ഞിരിക്കുന്നത് ശ്രദ്ധിക്കുക: "അയ്യോ, അയ്യോ മഹാനഗരമായ ബാബിലോനേ, ബലമേറിയ പട്ടണമേ, ഒരു മണിക്കൂറുകൊണ്ട് നിന്റെ ന്യായവിധി വന്നല്ലോ എന്നു പറയും (വെളി. 18:10). "അയ്യോ, അയ്യോ മഹാനഗരമേ... ഇത്ര വലിയ സമ്പത്ത് ഒരു മണിക്കൂറുകൊണ്ട്

നശിച്ചുപോയല്ലോ എന്ന് പറഞ്ഞ് കരഞ്ഞ് ദുഃഖിക്കും (വെളി. 18:16). “അവർ തലയിൽ പൂഴി വാരിയിട്ടുംകൊണ്ട് അയ്യോ, അയ്യോ കടലിൽ കപ്പലുള്ളവർക്ക് എല്ലാം തന്റെ ഐശ്വര്യത്താൽ സമ്പത്ത് വർദ്ധിപ്പിച്ച മഹാനഗരം ഒരു മണിക്കൂറുകൊണ്ട് നശിച്ചുപോയല്ലോ എന്ന് പറഞ്ഞ് കരഞ്ഞും ദുഃഖിച്ചുംകൊണ്ട് നിലവിളിച്ചു (വെളി. 18:19).

സോദോം ഗോമോറയുടെമേൽ ആകാശത്ത് നിന്നും ഗന്ധകവും തീയും വർഷിപ്പിച്ചതുപോലെ ഈ മഹാനഗരത്തിന്മേലും ആകാശത്തുനിന്നും കല്മഴയും തീയും വർഷിപ്പിച്ച് നശിപ്പിക്കുന്നതായി കാണുന്നു (വെളി. 16:21; 17:16; 18:8,9,18).

ഈ മഹാനഗരത്തിന്റെ ന്യായവിധിയോടുള്ള ബന്ധത്തിൽ പ്രിയ വായനക്കാർ ശ്രദ്ധിക്കേണ്ട ചില കാര്യങ്ങൾ:

- പുരാതനലോകത്തെ ജലപ്രളയം കൊണ്ട് നശിപ്പിക്കുവാൻ 150 ദിവസം എടുത്തു എന്ന് തിരുവചനം പറയുന്നു (ഉല്പ. 7:24).
- സോദോം ഗോമോറ പട്ടണങ്ങളെ ഉന്മൂലനം വരുത്തുവാൻ സമയം പറഞ്ഞിട്ടില്ല എങ്കിലും അങ്ങേയറ്റം ഒരു മണിക്കൂർകൊണ്ട് നശിപ്പിച്ചുയെന്ന് ന്യായമായി വിശ്വസിക്കാവുന്നതാണ്.
- ബാബിലോൺ എന്ന മഹാനഗരത്തെ ഒരു മണിക്കൂർകൊണ്ട് ന്യായംവിധിച്ച് നശിപ്പിച്ചുവെന്ന് മുകളിൽ കണ്ടുവല്ലോ? അങ്ങനെയെങ്കിൽ; ഈ മുഴുലോകത്തെയും മഹോപദ്രവകാലമായ ഏഴുവർഷം കൊണ്ട് ന്യായംവിധിച്ച് നശിപ്പിക്കും എന്ന് പറയുന്നതിൽ ഒട്ടും അതിശയോക്തി ഇല്ലല്ലോ.

ഏഴാമത്തെ ക്രോധകലശം ദൂതൻ ആകാശത്തിൽ അഥവാ വായുവിൽ ഒഴിക്കുന്നതോടുകൂടി (മലയാളത്തിൽ

ആകാശത്തിൽ എന്നത് ഇംഗ്ലീഷിൽ വായുവിൽ അഥവാ വായു മണ്ഡലത്തിൽ) സംഭവിച്ചുതീർന്നു എന്നുള്ള മഹാശബ്ദം സിംഹാസനത്തിൽ നിന്നും പ്രഖ്യാപിക്കപ്പെടുന്നതായി കാണുന്നു (വെളി. 16:17). അങ്ങനെ മഹാനഗരമായ ബാബിലോണിന്റെ ന്യായവിധിയോടുകൂടി ഈ ഭൂമിയിലെ ന്യായവിധി തീർന്നതായി കാണാവുന്നതാണ്. തുടർന്നുള്ള 17, 18 അദ്ധ്യായങ്ങളിൽ ഈ മഹാനഗരത്തെക്കുറിച്ചുള്ള വിശദീകരണവും ന്യായം വിധിക്കുവാനുള്ള കാരണങ്ങളുമാണ് വിവരിച്ചിരിക്കുന്നത്.

ഈ ഭൂമിയിൽ ദൈവത്തിന്റെ ന്യായവിധി നടത്തുന്നതിനായി നിയുക്തരായ ദൂതന്മാരുടെ ജോലി ബാബിലോണിന്റെ നാശത്തോടുകൂടി തീർന്നെങ്കിലും; ഇനിയും നടക്കുവാനിരിക്കുന്ന മഹായുദ്ധം മൃഗത്തെയും കള്ളപ്രവാചകനെയും പിടിച്ച് തീപൊയ്കയിൽ തള്ളിയിടുന്നത്, (വെളി. 19:19; 20:8–9) ആയിരമാണ്ടു വാഴ്ചതുടങ്ങുമ്പോൾ സാത്താനെ പിടിച്ച് അഗാധത്തിൽ അടച്ച് പൂട്ടുന്നത്, സാത്താന്റെ അന്ത്യന്യായവിധി (വെളി. 20:10), ഏറ്റവും ഒടുവിലായി വെള്ള സിംഹാസനത്തിലെ ന്യായവിധിക്കുശേഷം ജീവപുസ്തകത്തിൽ പേരെഴുതി കാണാത്ത ഏവരെയും തീപ്പൊയ്കയിൽ തള്ളിയിടുന്നത് എന്നീ വിഷയങ്ങളിൽ ദൂതന്മാർക്കുള്ള പങ്ക് ‘സാത്താൻ’, ‘നരകം’ എന്നീ അദ്ധ്യായങ്ങളിൽ വിശദീകരിച്ചിരിക്കുന്നതിനാൽ ഇവിടെ വിവരിപ്പാൻ തുനിയുന്നില്ല.

❑

# 13

# കാഹളം ഊതുന്ന ദൂതന്മാർ

യിസ്രായേൽജനം മിസ്രയീംദേശത്തുനിന്നും പുറപ്പെട്ടതിന്റെ മൂന്നാംമാസത്തിൽ അതേ ദിവസം അവർ സീനായിമരുഭൂമിയിൽ എത്തി (പുറ. 19:1). ദൈവം തന്റെ കല്പനകളും വിധികളും ചട്ടങ്ങളും ജനങ്ങളോട് പറഞ്ഞു കേൾപ്പിക്കുവാൻ മോശെയെ ദൈവം വിളിച്ചു. യഹോവ മോശെയോടു സംസാരിക്കുന്ന സകലത്തിലും മോശെയെ ജനം അനുസരിക്കുവാൻ തക്കവണ്ണം യഹോവ സീനായി പർവ്വതത്തിൽ ഇറങ്ങുമെന്നരുളിച്ചെയ്തു. ആകയാൽ ജനം തങ്ങളെത്തന്നെ ശുദ്ധീകരിച്ച് ഒരുങ്ങിയിരിക്കട്ടെ എന്ന് കല്പിച്ചു. അങ്ങനെ മൂന്നാം ദിവസം നേരം വെളുത്തപ്പോൾ ഇടി മുഴക്കവും മിന്നലും പർവ്വതത്തിൽ കാർമേഘവും മഹാഗംഭീരമായ കാഹളധ്വനിയും ഉണ്ടായി (പുറ. 19:15-16). ദൈവത്തെ എതിരേല്പാൻ മോശെ ജനത്തെ പാളയത്തിൽ നിന്നും പുറപ്പെടുവിച്ചു. കാഹളധ്വനി ദീർഘമായി ഉറച്ച് വന്നപ്പോൾ മോശെ സംസാരിച്ചു: "ദൈവം ഉച്ചത്തിൽ അവനോട് ഉത്തരമരുളി. യഹോവ മോശെയെ പർവ്വതത്തിന്റെ കൊടുമുടിയിലേക്ക് വിളിച്ചു. മോശെ കയറിച്ചെന്നു. യഹോവ മോശെയോടു കല്പിച്ച് പറഞ്ഞത്; ജനം നോക്കേണ്ടതിനു പർവ്വതത്തിൽ കയറി ജനത്തിൽ വലിയ സംഹാരം ഉണ്ടാകാതിരിക്കേണ്ടതിന് ജനം സീനായി പർവ്വതത്തിൽ കയറുവാൻ പാടില്ല എന്ന്

അമർച്ചയായി കല്പിച്ചിട്ട്, പർവ്വതത്തിന് അതിർ തിരിച്ച തിനുശേഷം അഹരോനുമായി പർവ്വതത്തിൽ കയറിച്ചെ ല്ലുവാൻ കല്പിച്ചു. യഹോവയുടെ പ്രത്യക്ഷതയെപ്പറ്റി പുറപ്പാട് 19–ാം അദ്ധ്യായത്തിൽ വിവരിച്ചിരിക്കുന്നത് എത്ര ഭയാനകരം! ഈ മഹാ ദൈവത്തിന്റെ മുമ്പാകെ ആർക്ക് നില്പാൻ കഴിയും?

പർവ്വതത്തിൽ നിന്നും ഇടിമുഴക്കവും, മിന്നലും, കാർമേഘവും സാധാരണയായി ജനങ്ങൾ കേൾക്കയും കാണുകയും ചെയ്യുന്ന കാര്യങ്ങളാണല്ലോ. എന്നാൽ ഗംഭീര കാഹളധ്വനി ഈ ജനം ഇപ്പോൾ ആദ്യമായിട്ടാണ് കേൾക്കുന്നത്. ഈ ഗംഭീരധ്വനി മുഴക്കിയത് ദൈവ ത്തിന്റെ ദൂതന്മാരാണെന്നുള്ളതിനു രണ്ട് പക്ഷമില്ലല്ലോ?

യഹോവ കല്പിച്ചതുപോലെ മോശെയും അഹ രോനും പർവ്വതത്തിൽ യഹോവയുടെ അടുക്കൽ കയറി ച്ചെന്നു. യിസ്രായേൽ ജനം തലമുറ തലമുറയായി പാലി ക്കേണ്ട ദൈവത്തിന്റെ കല്പനകൾ ഓരോന്നായി ദൈവം അരുളിച്ചെയ്തു. ഓരോ കല്പനകളും ദൈവം കല്പിച്ച് തീരുമ്പോൾ ഒടുവിലായി ഇടിമുഴക്കവും, മിന്നലും, കാഹ ളധ്വനിയും മുഴങ്ങിക്കൊണ്ടിരുന്നതായി ചില വേദശാസ്ത്ര പണ്ഡിതർ പറഞ്ഞിരിക്കുന്നു. ജനം ഒക്കെയും ഇടിമുഴ ക്കവും മിന്നലും കാഹളധ്വനിയും പർവ്വതം പുകയുന്നതും കണ്ടിട്ട് വിറച്ചുകൊണ്ട് ദൂരത്തുനിന്നു. ഞാൻ അത്യന്തം പേടിച്ചു വിറയ്ക്കുന്നു എന്ന് മോശെയും പറയത്തക്ക വണ്ണം ആ കാഴ്ച ഭയങ്കരമായിരുന്നു എന്ന് രേഖപ്പെടു ത്തിയിരിക്കുന്നു (എബ്രാ. 12:21).

യിസ്രായേൽ ജനം (സഭ) മരുഭൂമിയിൽ ആയിരുന്ന പ്പോൾ എപ്പോഴൊക്കെ കാഹളം ഊതണമെന്ന് ദൈവം മോശെയോട് കല്പിച്ചിരുന്നു. വിവിധ സന്ദർഭങ്ങളിൽ കാഹളം ഊതിയതിനെപ്പറ്റി പറഞ്ഞിരിക്കുന്ന ചില വേദ ഭാഗങ്ങൾ ശ്രദ്ധിക്കുക.

- സഭ കൂടുവാൻ കാഹളം ഊതണം (സംഖ്യ. 10:27; യെശ. 27:13).
- യിസ്രായേൽ ജനത്തിന്റെ സഹസ്രാധിപന്മാരായ പ്രഭുക്കന്മാർ കൂടുവാൻ (സംഖ്യ 10:4).
- പാളയങ്ങൾ ഗോത്രം ഗോത്രമായി പുറപ്പെടുവാൻ (സംഖ്യ 10:5).
- യുദ്ധത്തിനു പുറപ്പെടുവാൻ (സംഖ്യ 10:9, 31:6; ന്യായാ. 6:34; 7:18; നെഹ. 4:20; ഇയ്യോബ് 39:24–25).
- യുദ്ധം ജയിക്കുമ്പോൾ (1 ശമു. 13:3; 2 ശമു. 2:28, 18:6, 20:22)
- യെരിഹോമതിൽ വീഴുവാൻ (യോശുവ 6:4,5,20).
- യഹോവയുടെ പെട്ടകം കൊണ്ടുവന്നപ്പോൾ (2 ശമു. 6:15).
- രാജാവിനെ വാഴിക്കുമ്പോൾ (2 ശമു. 15:10; 2 രാജാ. 11:14).
- മന്ദിരത്തിന്റെ അടിസ്ഥാനം ഇട്ടപ്പോൾ (എബ്രാ. 3:10).
- അമാവാസിയിലും ഉത്സവദിവസമായ പൌർണ്ണമാസിയിലും (സങ്കീ. 81:3).
- ജൂബിലിവർഷം (50–ാം വർഷം) കൊണ്ടാടുമ്പോൾ (ലേവ്യ 25:8–9).

എന്നാൽ ചില സന്ദർഭങ്ങളിൽ **‘മഹാകാഹളധ്വനി’** മുഴക്കേണ്ടുന്നതിനെക്കുറിച്ച് പറഞ്ഞിരിക്കുന്നു.

- സഭ പുറപ്പെടുന്നതിനു ഗംഭീരധ്വനി മുഴക്കേണം (സംഖ്യ 10:5–6).
- യുദ്ധത്തിനായി പുറപ്പെടുമ്പോൾ (സംഖ്യ 10:9).
- അൻപതാം വർഷം (ജൂബിലി വർഷം) കൊണ്ടാടുമ്പോൾ (ലേവ്യ 25:9).

വിശുദ്ധന്മാരുടെ ഉയർപ്പിനോടുള്ള ബന്ധത്തിൽ ദൂതന്മാർ കാഹളം ഊതുന്നതിനെപ്പറ്റി പറഞ്ഞിരിക്കുന്നത് ശ്രദ്ധിക്കുക.

“അവൻ തന്റെ ദൂതന്മാരെ മഹാകാഹളധ്വനിയോടും കൂടെ അയയ്ക്കും; അവർ അവന്റെ വൃതന്മാരെ ആകാശത്തിന്റെ അറുതിമുതൽ അറുതിവരെയും നാല് ദിക്കിൽനിന്നും കൂട്ടിച്ചേർക്കും (മത്താ. 24:31).

പ്രധാന ദൂതനായ മീഖായേലിന്റെ നേതൃത്വത്തിൽ കോടാനുകോടി ദൂതപരിവാരവുമായി കർത്താവു മദ്ധ്യാകാശത്തിൽ പ്രത്യക്ഷപ്പെടുമ്പോൾ (1 തെസ്സ. 4:16) കോടാനുകോടി ദൂതസൈന്യത്തെ മദ്ധ്യാകാശത്തിലും ഭൂമിയുടെ നാനാദിക്കിലുമായി നിർത്തും. മഹാകാഹളധ്വനി മുഴക്കുന്ന ദൂതന്മാരോട് ദൈവത്തിന്റെ കാഹളം ഊതുവാൻ കർത്താവ് കല്പിക്കും (സഭ പുറപ്പെടുന്നതിനായി ഊതുന്ന മഹാകാഹളധ്വനി). ദൈവത്തിന്റെ മഹാകാഹളധ്വനി ദൂതന്മാർ മുഴക്കുമ്പോൾ, കർത്താവു അത്യുച്ചത്തിൽ വിളിച്ചുപറയും “പൊടിയിൽ കിടക്കുന്ന എന്റെ മൃതന്മാർ ജീവിക്കേണ്ടതിനു ആത്മാവേ എന്റെ ശവങ്ങളെ ഉണർത്തുക എന്ന് കല്പിക്കുമ്പോൾ, ദൈവാത്മാവിന്റെ വ്യാപാരശക്തിയാൽ ക്രിസ്തുവിൽ മരിച്ച് പറുദീസയിൽ വിശ്രമിക്കുന്ന സകല വിശുദ്ധന്മാരുടെയും ആത്മാക്കൾ തങ്ങൾ ഏതവസ്ഥയിൽ മരിച്ചുവോ അതേശരീരത്തിൽ വന്നിട്ട്, മഹത്വശരീരത്തോടുകൂടി ഉയിർക്കും (1 കൊരി. 15:52). അപ്പോൾ തന്നെ ദൈവാത്മാവിന്റെ വ്യാപാരശക്തിയാൽ ജീവനോടിരിക്കുന്ന വിശുദ്ധന്മാർ രൂപാന്തരപ്പെട്ട് മഹത്വശരീരികളായിത്തീരും. അങ്ങനെ ക്രിസ്തുവിൽ മരിച്ച വിശുദ്ധന്മാർ അക്ഷയരായി ഉയിർക്കുകയും, ജീവനോടിരിക്കുന്ന വിശുദ്ധന്മാർ രൂപാന്തരപ്പെടുകയും ചെയ്യും” (1 കൊരി. 15:52).

“യേശുവിനെ മരിച്ചവരിൽനിന്നും ഉയിർപ്പിച്ചവന്റെ ആത്മാവു നിങ്ങളിൽ വസിക്കുന്നു എങ്കിൽ ക്രിസ്തുയേശുവിനെ മരണത്തിൽ നിന്ന് ഉയിർപ്പിച്ചവൻ നിങ്ങളിൽ വസിക്കുന്ന തന്റെ ആത്മാവിനെക്കൊണ്ട് നിങ്ങളുടെ മർത്യശരീരങ്ങളെയും ജീവിപ്പിക്കും” (റോമ. 8:11). “അവൻ സകലവും തനിക്കു കീഴ്പ്പെടുത്തുവാൻ കഴിയുന്ന തന്റെ വ്യാപാരശക്തികൊണ്ട് നമ്മുടെതാഴ്ചയുള്ള ശരീരത്തെ തന്റെ മഹത്വമുള്ള ശരീരത്തോടു അനുരൂപമായി രൂപാന്തരപ്പെടുത്തും” (ഫിലി. 3:21).

താഴ്വരയിൽ കിടന്ന അസ്ഥികൂടത്തിന്മേൽ ജീവൻ വരത്തക്കവണ്ണം, ശ്വാസമേ, നീ നാലു കാറ്റുകളിൽനിന്നും വന്ന് ഈ നിഹതന്മാർ ജീവിക്കേണ്ടതിന്നു അവരുടെമേൽ ഊതുക എന്ന് കല്പിച്ചപ്പോൾ.... ശ്വാസം അവരിൽ വന്നു; അവർ ജീവിച്ചു...(യെഹെ. 37:9-10) എന്നു പറഞ്ഞിരിക്കുന്ന പ്രകാരവും, മണ്ണുകൊണ്ട് നിർമ്മിച്ച നിർജ്ജീവ മനുഷ്യന്റെ മൂക്കിൽ ദൈവം ജീവശ്വാസം ഊതിയപ്പോൾ ജീവനുള്ള ദേഹിയായിത്തീർന്നതുപോലെയും, അതിക്രമങ്ങളാലും പാപങ്ങളാലും മരിച്ചവരായിരുന്ന നമ്മെ ദൈവാത്മാവിനാൽ ഉയിർപ്പിച്ചതുപോലെ (എഫെ. 2:1) മരിച്ച വിശുദ്ധന്മാരുടെ ഉയിർപ്പും ദൈവാത്മാവിന്റെ വ്യാപാരശക്തിയാലാണ് നടക്കുന്നതെന്ന് മനസ്സിലാക്കുവാൻ കഴിയും. അങ്ങനെ മരിച്ച വിശുദ്ധന്മാരും ജീവനോടിരിക്കുന്നവരും ശരീരത്തിന്റെ വീണ്ടെടുപ്പും (റോമ. 8:23) മരണത്തിൽ നിന്നുള്ള സ്വാതന്ത്ര്യവും പ്രാപിച്ച് ഇനിയും ഒരിക്കലും മരിക്കാത്ത, അദ്രവത്വമുള്ള, അമർത്യമായ മഹത്വശരീരധാരികളായിത്തീരുമ്പോൾ “ഹേ മരണമേ, നിന്റെ ജയം എവിടെ? ഹേ മരണമേ നിന്റെ വിഷമുള്ളു എവിടെ? എന്നുള്ള ജയഭേരി മുഴങ്ങുമ്പോൾ (1 കൊരി. 15:55, ഹോശേയ 13:14-ൽ) പറഞ്ഞിരിക്കുന്ന വചനങ്ങളും

നിന്റെ മൃതന്മാർ ജീവിക്കും എന്റെ ശവങ്ങൾ എഴുന്നേല്ക്കും, പൊടിയിൽ കിടക്കുന്നവരേ ഉണർന്ന് ഘോഷിപ്പീൻ... എന്ന് യെശ. 26:19–ൽ പറഞ്ഞിരിക്കുന്ന വചനങ്ങളും നിവർത്തിയാകും.

സാത്താനും അവന്റെ സകല പരിവാരങ്ങളും ഈ ഭൂമിയിലും ആകാശമണ്ഡലത്തിലും ഉള്ളതിനാൽ മഹത്വശരീരം പ്രാപിച്ച വിശുദ്ധന്മാർ സ്വർഗ്ഗത്തിലേക്ക് പോകുന്നത് തടയുവാൻ സാത്താനും അവന്റെ സൈന്യവും ഇടപെടുമെന്ന് കരുതാം. എന്നാൽ ഇത്ര വലിയ ശക്തരായ ദൂതഗണങ്ങൾ ഭൂമിയുടെ നാലുദിക്കിലും, കർത്താവും മീഖായേലും അവന്റെ സൈന്യവും ആകാശമണ്ഡലത്തിലും യുദ്ധസന്നദ്ധരായി നില്ക്കുന്നത് കാണുമ്പോൾ സാത്താൻ നടുങ്ങി നോക്കിനില്ക്കയല്ലാതെ ഒന്നും ചെയ്യുവാൻ കഴികയില്ല. ഗബ്രിയേലിനെ തടഞ്ഞുനിർത്തിയതുപോലെ, രൂപാന്തരം പ്രാപിച്ച വിശുദ്ധന്മാരെ തടയുവാൻ സാത്താനോ, അവന്റെ ദുഷ്ടാത്മസേനകൾക്കോ കഴികയില്ല.

കർത്താവിന്റെ സഭയെ സ്വീകരിക്കുവാൻ വരുന്ന കർത്താവും ദൂതഗണങ്ങളും ഒരു V.V.I.P. യെ സ്വീകരിക്കുന്നതുപോലെയാണ് മദ്ധ്യാകാശത്തിൽ വരുന്നത്. ഒരു രാജ്യത്തെ V.V.I.P. (Very Very Important Person) വന്നിറങ്ങുമ്പോൾ ഗാർഡ് ഓഫ് ഹോണർ (Guard of Honour) കൊടുത്ത് സ്വീകരിക്കുന്നതുപോലെ കർത്താവിന്റെ രക്തംകൊടുത്ത് സമ്പാദിച്ച സഭയെ കർത്താവും ശ്രേഷ്ഠ ദൂതന്മാരും ചേർന്ന് കാഹളത്തോടും, ഗംഭീരനാദത്തോടുംകൂടി സ്വീകരിക്കുന്നത് എത്രയോ ഭാഗ്യമേറിയ പദവിയാണ്. ദൈവജനമെ നാം സാധാരണക്കാരല്ല എന്നോർക്കുക. ദൂതന്മാർക്ക് ലഭിക്കാത്ത ഭാഗ്യപദവിയല്ലേ ദൈവം തന്റെ മക്കൾക്കായി ഒരുക്കിയിരിക്കുന്നത്.

രൂപാന്തരം പ്രാപിച്ച സകല വിശുദ്ധന്മാരുമായി പരിശുദ്ധാത്മാവാം ദൈവം ദൂതന്മാരുടെ അകമ്പടിയോടുകൂടി മദ്ധ്യാകാശത്തിൽ കർത്താവിന്റെ അടുക്കലേക്ക് ആനയിക്കപ്പെടും. അങ്ങനെ വിശുദ്ധന്മാരുടെ പുനരുത്ഥാനത്തോടുകൂടി പരിശുദ്ധാത്മാവാം ദൈവസാന്നിദ്ധ്യം ഈ ഭൂമിയിൽനിന്നും മാറ്റപ്പെടും. വിശുദ്ധന്മാർ ഈ ഭൂമിയിൽ നിന്നും എടുത്തുകൊള്ളപ്പെട്ടതിനാൽ ദൂതന്മാരുടെ കാവലും സൂക്ഷിപ്പിന്റെയും ആവശ്യം ഇനിയും ഉണ്ടായിരിക്കയില്ല. മാത്രമല്ല; ഈ അവസ്ഥയിൽ സകല ദൂതന്മാരും സ്വർഗ്ഗത്തിൽ ആയിരിക്കും. അങ്ങനെ കൃപായുഗം അവസാനിക്കും. സാത്താന്റെ വ്യാപാരശക്തിയെ തടുത്തു നിർത്തി ദൈവസഭയെ സൂക്ഷിച്ച പരിശുദ്ധാത്മാവാം ദൈവവും ദൈവദൂതന്മാരും ഈ ഭൂമിയിൽ ഇല്ലാത്തതിനാൽ സാത്താന്റെ വ്യാപാരശക്തിയാൽ അഭിഷിക്തനായ അന്തിക്രിസ്തു ലോകത്തിൽ വെളിപ്പെട്ട് ലോകഭരണം അവന്റെ കൈയ്യിൽ ആയിത്തീരും.

മിസ്രയീമിലെ കടിഞ്ഞൂൽ സംഹാരത്തിനുശേഷം ഫറവോൻ മോശെയേയും അഹരോനെയും വിളിച്ച്: നിങ്ങൾ എന്റെ ജനത്തിന്റെ നടുവിൽ നിന്ന് പുറപ്പെട്ട് നിങ്ങൾ പറഞ്ഞതുപോലെ പോയി ദൈവത്തെ ആരാധിപ്പീൻ എന്ന് പറഞ്ഞു. അങ്ങനെ പെസഹയും ചോരത്തളിയും ആചരിച്ച ജനം ഫറവോന്റെ അടിമത്വത്തിൽ നിന്നും മോചിതരായി വാഗ്ദത്തദേശത്തേക്കുള്ള യാത്രയ്ക്കായി ഇതാ ഒരു കാഹളധ്വനി കേൾക്കുന്നു. അത് മോശെ പറഞ്ഞതനുസരിച്ച് യോശുവ ആയിരിക്കണം കാഹളം ഊതിയത് എന്നു കരുതാം. യിസ്രായേൽ ജനം അടിമത്വത്തിൽ നിന്നും ദാസ്യത്തിൽ നിന്നും സ്വതന്ത്രരായി ഇതാ പുറപ്പെട്ടു കഴിഞ്ഞു.

സാത്താന്റെ അധീനതയിലായിരുന്ന ഈ ലോകത്തിൽ നിന്നും, ദൈവജനത്തിന് അവർ പ്രിയംവെച്ച സ്വർഗ്ഗരാജ്യത്തിലേക്ക് ഒരു പുറപ്പാടുണ്ടെന്നുള്ളത് നിശ്ചയമാണ്. അതിനായി ദൈവത്തിന്റെ കാഹളം ഊതുവാനുള്ള സമയം ഏറ്റവും ആസന്നമായിരിക്കയാണ്. ഇതു വായിക്കുന്ന മാന്യ സുഹൃത്തേ, ദൈവത്തിന്റെ കാഹളം ധ്വനിക്കുമ്പോൾ താങ്കൾ കോടാനുകോടി വിശുദ്ധന്മാരോടൊപ്പം പുറപ്പെടുന്നവരുടെ കൂട്ടത്തിലോ? അതോ മിസ്രയീമിൽത്തന്നേ കഴിയുന്നവരുടെ കൂട്ടത്തിലോ? താങ്കൾ ഇതുവരെയും യേശുവിന്റെ രക്തത്താൽ പാപത്തിൽ നിന്നും സ്വാതന്ത്ര്യം പ്രാപിച്ചിട്ടില്ലായെങ്കിൽ കർത്താവായ യേശുവിനെ രക്ഷകനായി സ്വീകരിക്കുക; പ്രത്യാശയുള്ള ദൈവജനത്തോടു ചേർന്ന് പാടുക; അതേ! കാഹളം ധ്വനിക്കാറായി:

"കാഹളം കാതുകളിൽ കേട്ടീടാറായ്
ദൈവദൂതർ പൊൻവീണകൾ മീട്ടീടാറായ്"

"മനുഷ്യപുത്രൻ ആകാശത്തിലെ മേഘങ്ങളിന്മേൽ മഹാശക്തിയോടും തേജസ്സോടുംകൂടെ വരുന്നതു കാണും. അവൻ തന്റെ ദൂതന്മാരെ മഹാകാഹളധ്വനിയോടുംകൂടെ അയയ്ക്കും; അവർ അവന്റെ വൃതന്മാരെ ആകാശത്തിന്റെ അറുതിമുതൽ അറുതിവരെയും നാലുദിക്കിൽ നിന്നും കൂട്ടിച്ചേർക്കും (മത്താ. 24:30–31).

"...എന്നാൽ അന്ത്യകാഹളനാദത്തിങ്കൽ പെട്ടെന്നു കണ്ണിമെക്കുന്നിടയിൽ നാം എല്ലാവരും രൂപാന്തരപ്പെടും. കാഹളം ധ്വനിക്കും, മരിച്ചവർ അക്ഷയരായി ഉയിർക്കുകയും നാം രൂപാന്തരപ്പെടുകയും ചെയ്യും" (1 കൊരി. 15:52).

"കർത്താവു താൻ ഗംഭീരനാദത്തോടും പ്രധാനദൂതന്റെ ശബ്ദത്തോടും ദൈവത്തിന്റെ കാഹളത്തോടുംകൂടെ

സ്വർഗ്ഗത്തിൽ നിന്നു ഇറങ്ങിവരികയും ക്രിസ്തുവിൽ മരിച്ചവർ മുമ്പെ ഉയിർത്തെഴുന്നേല്ക്കുകയും ചെയ്യും. പിന്നെ ജീവനോടെ ശേഷിക്കുന്ന നാം അവരോടു ഒരുമിച്ചു ആകാശത്തിൽ കർത്താവിനെ എതിരേൽപ്പാൻ മേഘങ്ങളിൽ എടുക്കപ്പെടും. ഇങ്ങനെ നാം എപ്പോഴും കർത്താവിനോടുകൂടെ ഇരിക്കും" (1 തെസ്സ. 4:16-17).

## സുവിശേഷം എന്ന കാഹളം

ദൈവജനം ഈ ലോകത്തിൽ ആയിരിക്കുമ്പോൾ മുഴക്കേണ്ട കാഹളധ്വനിയാണ് "സുവിശേഷം" എന്നുള്ള കാര്യം ഓർപ്പിച്ച്കൊള്ളട്ടെ. അന്ധകാരത്തിൽ നിന്നും തന്റെ അത്ഭുതപ്രകാശത്തിലേക്ക് വിളിച്ചവന്റെ സല്ഗുണങ്ങളെ ഘോഷിപ്പാൻ തിരഞ്ഞെടുക്കപ്പെട്ട ജാതിയും രാജകീയ പുരോഹിതന്മാരുമാണ് ഓരോ ദൈവപൈതലും. ആകയാൽ സുവിശേഷം എന്ന കാഹളം ഊതി ഘോഷിക്കുന്ന ദൗത്യം കർത്താവ് ദൂതന്മാരെയല്ല ഭരമേല്പിച്ചിരിക്കുന്നത് എന്ന് അറിഞ്ഞുകൊണ്ട് കർത്താവ് വരുന്നത് വരെ നമ്മെ ഏല്പിച്ചിരിക്കുന്ന ഈ കാഹളം മുഴക്കാം.

- "ഭൂതലത്തിലെ സർവ്വനിവാസികളും ഭൂമിയിൽ പാർക്കുന്നവരും ആയുള്ളോരേ .......കാഹളം ഊതുമ്പോൾ കേൾപ്പിൻ" (യെശ. 18:3).
- "ദേശത്തു ഒരു കൊടി ഉയർത്തുവീൻ; ജാതികളുടെ ഇടയിൽ കാഹളം ഊതുവീൻ...." (യിരെ. 51:27).
- "യെഹൂദയിൽ അറിയിച്ചു യെരുശലേമിൽ പ്രസിദ്ധമാക്കി ദേശത്തു കാഹളം ഊതുവാൻ പറവിൻ..." (യിരെ. 4:5).
- "ദേശത്തിന്റെ നേരെ വാൾ വരുന്നത്കണ്ടിട്ട് അവൻ കാഹളം ഊതി ജനത്തെ ഓർമ്മപ്പെടുത്തുമ്പോൾ

ആരെങ്കിലും കാഹളനാദം കേട്ടു കരുതിക്കൊള്ളാതെ ഇരുന്നാൽ വാൾ വന്നു അവനെ ഛേദിച്ചു കളയുന്നു...” (യെഹ. 33:4).

- “എന്നാൽ കാവൽക്കാരൻ വാൾ വരുന്നതു കണ്ടു കാഹളം ഊതാതെയും....” (യെഹ. 33:6).
- “നിങ്ങൾ ഭൂലോകത്തിൽ ഒക്കെയും പോയി സകല സൃഷ്ടിയോടും സുവിശേഷം പ്രസംഗിപ്പിൻ...” (മർക്കൊ. 16:15).
- “അവന്റെ നാമത്തിൽ മാനസാന്തരവും പാപമോചനവും യെരുശലേമിൽ തുടങ്ങി സകലജാതികളിലും പ്രസംഗിക്കയും വേണം...” (ലൂക്കൊ. 24:47).

ദൈവത്തിന്റെ കാഹളത്തെക്കുറിച്ചും കാഹളം ഊതുന്ന ദൂതന്മാരെക്കുറിച്ചും വിവിധ സന്ദർഭങ്ങളിൽ കാഹളം മുഴക്കുന്നതിനെക്കുറിച്ചും മുകളിൽ ചുരുക്കമായി പ്രസ്താവിച്ചുവല്ലോ? കാഹളം ഊതുന്ന ദൂതന്മാരോടുള്ള വിഷയത്തിൽ, അന്ത്യനാളിൽ ഊതുവാനിരിക്കുന്ന ഏഴ് കാഹളത്തെക്കുറിച്ച് വെളിപ്പാടു പുസ്തകത്തിൽ പറഞ്ഞിരിക്കുന്നത് വിശദീകരണത്തിലേക്കു കടക്കാതെ അവയെ ഓരോന്നായി ചൂണ്ടിക്കാണിക്കുകമാത്രം ചെയ്യട്ടെ.

വെളിപ്പാട് 4-ാം അദ്ധ്യായം പഠിച്ചാൽ മണവാട്ടിയാം സഭ എടുക്കപ്പെടുന്നതാണ് വിവരിച്ചിരിക്കുന്നത്. അഞ്ചാം അദ്ധ്യായത്തിൽ സഭ എടുക്കപ്പെടുമ്പോൾ ഉള്ള പാട്ടാണ് പരിശുദ്ധാത്മാവ് രേഖപ്പെടുത്തിയിരിക്കുന്നത് (വെളി. 5:12,13). 6 മുതൽ 19 വരെയുള്ള അദ്ധ്യായങ്ങളിൽ ഈ ഭൂമിയിൽ മഹോപദ്രവകാലം ആരംഭിക്കുകയാണ്. ഭൂലോകത്തിൽ അന്നുവരെ സംഭവിച്ചിട്ടില്ലാത്തതും ഇനിയും സംഭവിക്കാത്തതുമായ കഷ്ടകാലം അന്നുള്ളജനം കാണുവാനും അനുഭവിക്കുവാനും പോകയാണ്. അന്ന് നടക്കു

വാൻ പോകുന്ന കഷ്ടങ്ങളെക്കുറിച്ചും, കാലത്തെക്കുറിച്ചും കർത്താവ് തന്റെ ഭക്തന്മാർക്ക് മുന്നമെ വെളിപ്പെടുത്തി കൊടുത്തിരിക്കുന്നത് കാലാകാലങ്ങളിൽ ലോകത്തോട് അറിയിച്ചുകൊണ്ടിരിക്കുന്നു.

കർത്താവ് ഏഴാമത്തെതും അവസാനത്തെതുമായ മുദ്ര പൊട്ടിച്ച് കഴിയുമ്പോൾ കാഹളം ഊതുവാൻ നിയമിക്കപ്പെട്ട ഏഴുദൂതന്മാർ ഏഴുകാഹളവുമായി പ്രത്യക്ഷപ്പെടുന്നു. “അവൻ ഏഴാം മുദ്ര പൊട്ടിച്ചപ്പോൾ സ്വർഗ്ഗത്തിൽ ഏകദേശം അരമണിക്കൂറോളം മൌനത ഉണ്ടായി. അപ്പോൾ ദൈവസന്നിധിയിൽ ഏഴുദൂതന്മാർ നില്ക്കുന്നത് ഞാൻ കണ്ടു; അവർക്കു ഏഴുകാഹളം ലഭിച്ചു” (വെളി. 8:1-2).

ഓരോ ദൂതനും കാഹളം ഊതുമ്പോൾ സംഭവിക്കുന്ന കാര്യങ്ങളുടെ പൊരുൾ അഥവാ ആത്മീക അർത്ഥങ്ങൾ എന്റെ പരാമർശവിഷയം അല്ലാത്തതിനാൽ വിശദീകരിക്കുവാൻ താൽപ്പെര്യപ്പെടുന്നില്ല. മാത്രമല്ല; പല വേദപണ്ഡിതന്മാർ രചിച്ചിട്ടുള്ള വെളിപ്പാടുപുസ്തക വ്യാഖ്യാനങ്ങളും സുലഭമായി ലഭിക്കുന്നതിനാൽ അതിൽ കൂടുതലായി വേറൊരു വിശദീകരണത്തിന്റെ ആവശ്യം വേണമെന്ന് തോന്നുന്നില്ല. എങ്കിലും ഓരോ കാഹളങ്ങളും ഊതുമ്പോൾ സംഭവിക്കുന്ന അനർത്ഥങ്ങൾ തിരുവചനത്തിൽ പറഞ്ഞിരിക്കുന്നത് ഉദ്ധരിച്ചുകൊള്ളുന്നു. അതിന്റെ ആത്മീക മർമ്മങ്ങളിലേക്ക് കടക്കുന്നില്ല. ഇത് അന്ത്യനാളിൽ സഭ എടുക്കപ്പെട്ടതിന് ശേഷം നടക്കുന്നതാകയാൽ അക്ഷരീകമായി സംഭവിക്കുന്ന കാര്യങ്ങളാണെന്ന് ഓർത്തിരിക്കേണം. വിവിധ ഘട്ടങ്ങളിൽ ദൂതന്മാർ ഓരോ കാഹളവും ഊതുമ്പോൾ, അന്ന് ലോകത്തിൽ നടക്കുന്ന സംഭവങ്ങൾ, നാശനഷ്ടങ്ങൾ എല്ലാം അപ്പോഴപ്പോൾ പ്രക്ഷേപണം ചെയ്യത്തക്ക ആധു

നീക സമ്പ്രദായങ്ങൾ ഉള്ളതിനാൽ ലോകത്തിലുള്ള എല്ലാമനുഷ്യരും അവകണ്ടുകൊണ്ടിരിക്കും. ദൈവം അരുളിച്ചെയ്തത് അപ്രകാരം സംഭവിക്കുന്നു എന്നത് ലോകം കാണുവാൻ പോകയാണ്. ഇന്ന് ലോകത്തിൽ സംഭവിക്കുന്നത് അപ്പോൾത്തന്നെ മനുഷ്യർ നേരിൽ കണ്ടുകൊണ്ടിരിക്കുന്നുവല്ലോ?

## ഒന്നാം കാഹളം ഊതുമ്പോൾ സംഭവിക്കുന്നത്

(വെളി. 8:7).

രക്തം കലർന്ന കല്മഴയും തീയും ഭൂമിയിൽ ചൊരിഞ്ഞിട്ട് ഭൂമിയിൽ മൂന്നിലൊന്നും, വൃക്ഷങ്ങളിൽ മൂന്നിലൊന്നും, എല്ലാ പച്ചപ്പുല്ലും വെന്തുപോകുന്നു. ഇവിടെ ന്യായവിധിയുടെ മൂന്ന് ഘടകങ്ങളായ രക്തം, കല്മഴ, തീയ് എന്നിവയെക്കുറിച്ച് പറഞ്ഞിരിക്കുന്നുവല്ലോ?

**രക്തം :** യേശുവിന്റെ രക്തത്താലുള്ള വീണ്ടെടുപ്പ്, രക്ഷ, നീതീകരണം, ശുദ്ധീകരണം എന്നിവയെ നിരാകരിച്ചതിന്റെയും, നിയമരക്തത്തെ മലിനമെന്ന് എണ്ണിയതിനാലും അങ്ങനെ യേശുവിന്റെ രക്തത്തെ മാനവജാതി തിരസ്ക്കരിച്ചതിനാൽ രക്തം കൊണ്ടുള്ള ന്യായവിധി ഉണ്ടായി എന്നും, യേശുവിന്റെയും വിശുദ്ധന്മാരുടെയും നിർദ്ദോഷരക്തം ഭൂമിയിൽ ചൊരിഞ്ഞതിന്റെ പ്രതികാരമായി രക്തത്താലുള്ള ന്യായവിധി നടക്കുന്നതായും വിശ്വസിക്കാം.

**കല്മഴ, തീയ്:** സോദോം ഗോമോറയുടെമേലും, മഹാനഗരമായ ബാബിലോണിന്റെമേലും ന്യായവിധി നടത്തിയതുപോലെ കല്മഴകൊണ്ടും, തീകൊണ്ടുമുള്ള ന്യായവിധി ഭൂമിയിൽ നടക്കുന്നതായി കാണുന്നു.

## രണ്ടാം കാഹളം ഊതുമ്പോൾ (വെളി. 8:8)

തീ കത്തുന്ന വൻമലപോലെയൊന്ന് സമുദ്രത്തിൽ വീണതിനാൽ കടലിൽ മൂന്നിലൊന്ന് രക്തമായിത്തീർന്നു. സമുദ്രത്തിലെ ജീവികളിൽ മൂന്നിലൊന്ന് ചത്തുപോയി, കപ്പലുകളിലും മൂന്നിലൊന്നിനു ചേതം വന്നു.

ഒന്നാമത്തേതുപോലെ വീണ്ടും രക്തം കൊണ്ടുള്ള ന്യായവിധി. കടലിലെ മത്സ്യങ്ങളിൽ മൂന്നിലൊന്ന് നശിച്ചുപോകുന്നതിനാൽ മത്സ്യംകൊണ്ട് ജീവിക്കുന്നവരുടെ ഗതി എന്തായിത്തീരുമെന്നുള്ളത് ഊഹിക്കാമല്ലോ? മൂന്നിലൊന്ന് കപ്പലുകൾക്കും നാശം സംഭവിക്കുന്നതിനാൽ കപ്പൽ മാർഗ്ഗം സാധനങ്ങൾ കയറ്റുമതിയും ഇറക്കുമതിയും ചെയ്യുന്നത് സ്തംഭിക്കുകയും വിശേഷാൽ എണ്ണ ലഭിക്കാത്തതിനാൽ ഉണ്ടാകുന്ന ദുരിതങ്ങളും ക്ഷാമങ്ങളും എത്ര വലിയതെന്ന് ചിന്തിക്കുക.

## മൂന്നാം കാഹളം ഊതുമ്പോൾ (വെളി. 8:10)

ജ്വലിക്കുന്ന ഒരു മഹാനക്ഷത്രം ആകാശത്തുനിന്നും നദികളിലും നീരുറവകളിലും വീണതിനാൽ വെള്ളത്തിൽ മൂന്നിലൊന്ന് കൈപ്പായതിനാൽ മനുഷ്യരിൽ പലരും മരിച്ചുപോയി. വെള്ളം വിഷമായിത്തീർന്നതിനാൽ (Contaminated) ശുദ്ധജലം ലഭിക്കാതെ ലക്ഷക്കണക്കിനാളുകൾ മരിച്ചുയെന്നർത്ഥം.

## നാലാമത്തെ കാഹളം ഊതുമ്പോൾ

സൂര്യനിലും ചന്ദ്രനിലും നക്ഷത്രങ്ങളിലും മൂന്നിലൊരു ഭാഗത്തിന് കേടുതട്ടിയിട്ട് ഇരുണ്ടുപോയതിനാൽ രാവും പകലും മൂന്നിൽ ഒരുഭാഗം വെളിച്ചമില്ലാതെ അന്ധകാരമായി.

ആദ്യത്തെ നാല് കാഹളങ്ങൾ ഊതിയപ്പോൾ മൂന്നിലൊന്ന് നാശനഷ്ടങ്ങൾ ഉണ്ടായതായി കാണുന്നു. മനു

ഷ്യർ തങ്ങളുടെ ദോഷവഴി വിട്ട് ദൈവത്തിങ്കലേക്ക് തിരിയുന്നതിനായി പൂർണ്ണമായി ദൈവം നശിപ്പിച്ചില്ല എന്ന് മനസ്സിലാക്കാം. അന്ന് സാത്താൻ മനുഷ്യരിൽ അതിരൂക്ഷമായി പ്രവർത്തിക്കുന്ന കാലയളവാണെന്ന് അറിഞ്ഞിരിക്കേണം. അവസാനനാളിൽ സംഭവിക്കുന്ന അനേക അടയാളങ്ങളെക്കുറിച്ച് കർത്താവ് നേരിട്ട് തന്റെ ശിഷ്യന്മാരോട് പറഞ്ഞതിൽ ഒന്നാണ് "സൂര്യനിലും ചന്ദ്രനിലും നക്ഷത്രങ്ങളിലും ലക്ഷ്യങ്ങൾ ഉണ്ടാകും" എന്നത് (ലൂക്കൊ. 21:25). അത് ഇപ്പോൾ നടക്കുന്നു. അഞ്ചാമത്തെ ദൂതൻ കാഹളം ഊതുന്നതിനു മുൻപായി ഒരു കഴുകു **(കഴുകു എന്നത് ഇംഗ്ലീഷിൽ ദൂതൻ എന്നാണ് പറഞ്ഞിരിക്കുന്നത്)** ഇനി ഊതുവാനുള്ള മൂന്നു കാഹളം ഹേതുവായി ഭൂവാസികൾക്ക് കഷ്ടം! കഷ്ടം! കഷ്ടം! എന്ന് ആകാശമദ്ധ്യേ പറന്നുകൊണ്ട് ഉറക്കെ വിളിച്ച് പറഞ്ഞു (വെളി.8:13). ദൂതനൊരുകാര്യം പറഞ്ഞാൽ അത് വളരെ ഗൗരവമേറിയതും അതുപോലെ സംഭവിക്കുമെന്നുള്ളതും നാം നേരത്തെ കണ്ടതാണ്. ഇവിടെ കഷ്ടം! കഷ്ടം! കഷ്ടം! എന്ന് മൂന്നു പ്രാവശ്യം ആവർത്തിച്ച് പറഞ്ഞിരിക്കുന്നത് വരാൻ പോകുന്ന അതിഭയങ്കര കഷ്ടത്തെയാണ് കാണിക്കുന്നത്.

## അഞ്ചാമത്തെ കാഹളം ഊതുമ്പോൾ (വെളി. 9:1)

അഞ്ചാമത്തെ ദൂതൻ കാഹളം ഊതുമ്പോൾ ആകാശത്തുനിന്ന് ഒരു നക്ഷത്രം ഭൂമിയിൽ വീണു. അവന് അഗാധകൂപത്തിന്റെ താക്കോൽ ലഭിച്ചു എന്നും കാണുന്നു. മൂന്ന് കഷ്ടങ്ങൾ ഇനിയും ഉള്ളതിൽ ആദ്യത്തേതാണിപ്പോൾ നടക്കുവാൻ പോകുന്നത്. ഇവിടെ നക്ഷത്രം എന്നത് ഒരു ദൂതൻ ആണെന്നും 'അവനു' അഗാധകൂപത്തിന്റെ താക്കോൽ ലഭിച്ചു എന്ന് മനസ്സിലാക്കാം. ഈ ദൂതനെപ്പറ്റി ചില അഭിപ്രായങ്ങൾ വേദപണ്ഡിതർക്കിട

യിലുണ്ട്. ഈ ദൂതൻ സാത്താനോ അവന്റെ കീഴിലുള്ള ശക്തിയുള്ള ഒരു ഏജന്റോ ആയിരിക്കാമെന്ന് ചിലർ അഭിപ്രായപ്പെടുന്നു. ഇത് സാത്താനെ പിടിച്ച് അഗാധത്തിൽ ബന്ധിച്ചിടുവാൻ സ്വർഗ്ഗത്തിൽ നിന്നും അഗാധത്തിന്റെ താക്കോലുമായി വന്ന (വെളി. 20:1) ശക്തിയുള്ള ഒരു അനർത്ഥദൂതൻ (destroyer)ആയിരിക്കാമെന്നും അഭിപ്രായപ്പെടുന്നു. സ്വർഗ്ഗത്തിൽ ശ്രേഷ്ഠദൂതന്മാരും ശക്തന്മാരുമായ ദൂതന്മാരും ഉള്ളപ്പോൾ പാതാളത്തിന്റെ താക്കോൽ കൈവശമുള്ള കർത്താവ് (വെളി. 1:18, 3:7) താക്കോൽ സാത്താന്റെ കയ്യിൽ കൊടുക്കുകയില്ലെന്ന് ഈ ഗ്രന്ഥകാരൻ വിശ്വസിക്കുന്നു. ദൂതൻ അഗാധകൂപം തുറന്നിട്ട് അഗാധത്തിലെ ദുഷ്ടജീവികളുടെ രാജാവായ അപ്പൊല്ലാവോട് എന്തുചെയ്യണമെന്നുള്ള കല്പന കൊടുത്തു എന്ന് കരുതാം.

അഗാധകൂപത്തിൽ നിന്നും പുറപ്പെട്ടുവന്ന വെട്ടുക്കിളിക്ക് സമാനമായ ജീവികൾ മനുഷ്യരെ കുത്തി. അഞ്ചുമാസക്കാലം അതികഠിനമായ വേദനയാൽ ദണ്ഡിപ്പിക്കുന്നതായി കാണുന്നു. ഈ ജീവി രാത്രിയെന്നോ പകലെന്നോ വ്യത്യാസമില്ലാതെ നിമിഷനേരത്തിനുള്ളിൽ പറന്നുവന്ന് കുത്തിയിട്ട് പോകുന്നുവെന്ന് കരുതാം. വിഷമുള്ള തേൾ കുത്തുമ്പോൾ അനുഭവിക്കുന്ന വേദന, ഒന്നും രണ്ടും ദിവസമല്ല, അഞ്ചുമാസക്കാലം നീണ്ടുനില്ക്കുന്ന വേദനയാണ് മനുഷ്യർ അനുഭവിക്കുന്നത്. വിഷമുള്ള തേളിന്റെ കുത്ത് അനുഭവിച്ചവർക്കേ അതിന്റെ വേദനയുടെ കാഠിന്യം എത്രയെന്ന് പറയുവാൻ കഴികയുള്ളല്ലോ? വേദനയ്ക്കുള്ള എന്ത് മരുന്ന് കഴിച്ചാലും, ചികിത്സിച്ചാലും വേദന ശമിക്കയില്ല. വേദന സഹിക്കവയ്യാതെ മനുഷ്യർ മരിക്കുവാൻ കൊതിക്കയും, അതിന് ശ്രമിക്കുകയും ചെയ്യും. പക്ഷേ മരിക്കുവാനും കഴിയാത്ത അവസ്ഥ. എന്തൊരു കഷ്ടം?

**ആറാമത്തെ കാഹളം ഊതുമ്പോൾ** (വെളി. 9:13).

രണ്ടാമത്തെ കഷ്ടം: ആറാമത്തെ ദൂതൻ കാഹളം ഊതുമ്പോൾ യൂഫ്രാത്തേസ് നദിതീരത്തു ബന്ധിച്ചിരുന്നതായ നാല് ദൂതന്മാരെ അഴിച്ച് വിടുന്നു. ഈ ബന്ധിച്ചിരുന്ന ദൂതന്മാരെ അഴിച്ചുവിടുന്നത്: കർത്താവ് ആജ്ഞ കൊടുത്തിട്ട് സ്വർഗ്ഗത്തിലെ ശക്തന്മാരായ ദൂതന്മാരായിരിക്കണം. ഈ നാല് ദൂതന്മാർ ബന്ധിക്കപ്പെട്ടിരുന്നതിനാൽ അവർ ജനത്തിൽ വലിയ ദോഷം ചെയ്യുന്ന ദുഷ്ടാത്മാക്കൾ ആണെന്ന് മനസ്സിലാക്കാം. മനുഷ്യരിൽ മൂന്നിലൊന്നിനെ നശിപ്പിക്കുവാൻ തീയതിയും നാഴികയും നിശ്ചയിച്ചിരിക്കുന്നതായി കാണുന്നു. മഹാപീഡനകാലത്തിന്റെ ഏകദേശം മദ്ധ്യത്തോടുകൂടി ആയിരിക്കണം ഈ സംഭവം നടക്കുന്നത്. നമ്മുടെ വാഴ്ത്തപ്പെട്ട കർത്താവു പറഞ്ഞുവല്ലോ: **"ലോകാരംഭം മുതൽ ഇന്നുവരെയും സംഭവിച്ചിട്ടില്ലാത്തതും ഇനിമേൽ സംഭവിക്കാത്തതുമായ 'വലിയകഷ്ടം' അന്ന് ഉണ്ടാകുമെന്ന്** (മത്താ. 24:21). ജനത്തിൽ മൂന്നിലൊന്നിനെ നശിപ്പിക്കുവാൻ പുറപ്പെടുന്ന ദുഷ്ടാത്മാക്കളുടെ സംഖ്യയെപ്പറ്റി പറഞ്ഞിരിക്കുന്നത് ഇരുന്നൂറു കോടിയാണെന്ന് കണക്കാക്കാവുന്നതാണ് (10,000 X 20,000=200,000,000). ഈ മഹാസൈന്യം അഴിച്ചുവിടപ്പെട്ട നാലു ദൂതന്മാരുടെ കീഴിൽ അൻപതുകോടി വീതമുള്ള നാലു വലിയ കുതിരപ്പടയായിട്ടാണ് പുറപ്പെട്ട് മനുഷ്യരെ നശിപ്പിക്കുന്നത്. ഈ ദുഷ്ടാത്മാക്കൾ സഞ്ചരിക്കുന്ന കുതിരയുടെ വായിൽനിന്നും തീയ്, പുക, ഗന്ധകം എന്നീ മൂന്നു പദാർത്ഥങ്ങളാലും സർപ്പത്തിന്റെ തലപോലുള്ള കുതിരയുടെ വാലുകൊണ്ടുമാണ് ജനത്തിനു കേടുവരുത്തുന്നതെന്ന് പറഞ്ഞിരിക്കുന്നു. ഇത്ര വലിയ നാശം നടന്നിട്ടും, വിഗ്രഹാരാധികളായ, ക്ഷുദ്രപ്രയോഗം ചെയ്യുന്ന, ദുർന്നടപ്പ് ആചരിക്കുന്ന, കുലപാതകം,

മോഷണം മുതലായ പാപം ചെയ്യുന്ന ജനം മാനസാന്തരപ്പെട്ടില്ല എന്ന് കേൾക്കുമ്പോൾ മനുഷ്യഹൃദയം എത്ര കഠിനമെന്നും ദൈവത്തോടുള്ള മത്സരം എത്രയെന്നും ചിന്തിക്കുക.

## ഏഴാമത്തെ കാഹളം ഊതുമ്പോൾ (വെളി. 11:15)

മൂന്നാമത്തെ കഷ്ടം: ഏഴാമത്തെ കാഹളം ഊതുമ്പോൾ ലോകരാജത്വം നമ്മുടെ കർത്താവിനു ആയിത്തീർന്നിരിക്കുന്നു എന്നുള്ള പ്രഖ്യാപനവും അതിനോടനുബന്ധിച്ചുള്ള ആഘോഷവും സ്വർഗ്ഗത്തിൽ നടക്കുന്നു. യിസ്രായേൽ ജനവും സകലവിശുദ്ധന്മാരും നോക്കി പാർത്തിരുന്ന ഏറ്റവും സന്തോഷകരമായ ആ സമയം വന്നു; ലോകരാജത്വം നമ്മുടെ കർത്താവിന് ആയിത്തീർന്നിരിക്കുന്നു എന്നുള്ള പിതാവായ ദൈവത്തിന്റെ പ്രഖ്യാപനവും, അതോടൊപ്പം ഇരുപത്തിനാല് മൂപ്പന്മാർ കവിണ്ണുവീണ് കർത്താവിനെ നമസ്ക്കരിക്കുകയും, സകലദൂതന്മാരും, വിശുദ്ധന്മാരും മൂപ്പന്മാരോട് ചേർന്ന് “യേശുക്രിസ്തു കർത്താധികർത്താവ്, രജാധിരാജാവ്, അവൻ എന്നേക്കും വാഴും എന്ന് പറഞ്ഞ് കർത്താവിന് സ്തുതി കരേറ്റുകയും ചെയ്യും. അവൻ സൃഷ്ടിതാവും, രക്ഷിതാവും ഇപ്പോൾ രാജാധിരാജാവും, കർത്താധികർത്താവുമാണ്. അവൻ സ്വർഗ്ഗത്തേയും ഭൂമിയേയും അധോലോകത്തെയും ഭരിക്കുന്ന മഹാരാജാവാണിപ്പോൾ. കർത്താവ് സ്വർല്ലോകത്തിന്റെയും, ഭൂലോകത്തിന്റെയും അധോലോകത്തിന്റെയും രാജത്വം ഏറ്റെടുക്കുന്നതോടുകൂടി ഒരു മഹായുദ്ധം ഉടനെ നടക്കുവാൻ പോകയാണ്. അത് ദൈവത്തിന്റെയും ദൈവജനത്തിന്റെയും ശത്രുവും, സ്വർല്ലോകങ്ങളിലെ ദുഷ്ടാത്മസേനയുടെ അധിപതിയും, ഭൂലോകത്തെ വഞ്ചിച്ച് കൈയ്യടക്കി വാഴുന്ന പഴയപാമ്പും മഹാസർപ്പവുമായ സാത്താനുമായിട്ടാണ്

(വെളി. 12:7). രാജാവ് സ്വർഗ്ഗീയ സൈന്യാധിപനായ മീഖായേലിനെ വിളിച്ച് സാത്താനോടു പൊരുതി എന്നേക്കുമായി സ്വർല്ലോകങ്ങളിൽ (ആകാശമണ്ഡലം) നിന്നും തള്ളിക്കളയുവാൻ കല്പിക്കും. മീഖായേലും സൈന്യവും സാത്താനെ നിഷ്പ്രയാസം തോല്പിച്ച് ഭൂമിയിലേക്കു തള്ളിക്കളയും (വെളി. 12:9).

ഇപ്പോൾ സാത്താനും അവന്റെ സകല ദുഷ്ടാത്മസേനകളും, മുകളിൽ രണ്ടാമത്തെ കഷ്ടത്തിൽ പറഞ്ഞിരിക്കുന്ന ഇരുന്നൂറുകോടി ദുഷ്ടാത്മാക്കൾ അങ്ങനെ സാത്താൻ അവന്റെ സകല പരിവാരങ്ങളെയും കൊണ്ട് നിറഞ്ഞിരിക്കുന്ന ഭൂമിയുടെ അവസ്ഥയെപ്പറ്റി ചിന്തിപ്പാൻ കഴിയുമോ? ഭൂമിയിൽ ശേഷിച്ചിരിക്കുന്ന ജനത്തിന്റെ കഷ്ടത എത്ര ഭയങ്കരം എന്നോർക്കുക. കർത്താവിനെ പരീക്ഷിച്ചപ്പോൾ സാത്താൻ പറഞ്ഞുവല്ലോ ഈ ലോകവും അതിലുള്ള സകലവും അതിന്റെ മഹത്വവും എല്ലാം അവങ്കൽ ഭരമേല്പിച്ചിരിക്കുന്നു (ലൂക്കൊ. 4:6) എന്ന് പറഞ്ഞത് ഇപ്പോൾ അക്ഷരീകമായി സാത്താന്റെ കൈയ്യിലായിത്തീർന്നിരിക്കയാണ്. ദൈവം സൃഷ്ടിച്ച് മനുഷ്യനു നല്കിയ ഏദെൻ പറുദീസയിൽ അവൻ കയറി മനുഷ്യനെ പാപത്തിന്റെ അടിമയാക്കി. മനോഹരമായി സൃഷ്ടിച്ച ഭൂമിയെ ശാപത്തിൻ കീഴിലുമാക്കിത്തീർത്തു. ഇപ്പോൾ ഇതാ ലോകവും അതിലെ സകല ജനങ്ങളും അവന്റെ പൂർണ്ണനിയന്ത്രണത്തിലും, അധികാരത്തിലും ആയിരിക്കുന്നു. കർത്താവ് ഇപ്പോൾ സ്വർഗ്ഗത്തിൽനിന്നും ഭൂമിയെ നോക്കുമ്പോൾ ദൈവം സൃഷ്ടിച്ച ദൈവത്തിന്റെ മനുഷ്യർ സാത്താന്റെ വകയായി തീർന്നിരിക്കുന്നു; ദൈവം മനോഹരമായി മനുഷ്യനുവേണ്ടി സൃഷ്ടിച്ച ഈ ഭൂമി സാത്താൻ ഒരു വലിയ ശ്മശാനസ്ഥലമായി (Grave yard) തീർത്തിരിക്കുന്നത് കണ്ടിട്ട് ദുഃഖിക്കുന്നു. നോക്കുക

പാപം വരുത്തിവെച്ച പരിണിതഫലം. എന്നാൽ ഏതൊരു ഉദ്ദേശത്തിനായി ദൈവം മനുഷ്യനെയും ഭൂമിയെയും സൃഷ്ടിച്ചുവോ അതിന്റെ പൂർത്തീകരണത്തിലേക്ക് ദൈവം തന്റെ വീണ്ടെടുക്കപ്പെട്ട ജനവുമായി നിവർത്തിക്കുവാൻ പോകുന്നു എന്നുള്ള കാര്യം സാത്താൻ താമസംവിനാ കാണുവാൻ പോകയാണ്.

പാഴും ശൂന്യവുമായിരുന്ന ഭൂമിയെ ദൈവം രൂപാന്തരപ്പെടുത്തി പറുദീസ ആക്കിയതുപോലെ ഇന്നുള്ള ഈ ഭൂമിയെ കർത്താവ് ശാപത്തിൽ നിന്നും വീണ്ടെടുത്ത ശേഷം നവവാനഭൂമിയിൽ ഇതാ 'സ്വർഗ്ഗരാജ്യം' സ്ഥാപിക്കുന്നു. സാത്താനും അവന്റെ ദൂതന്മാരും ജീവപുസ്തകത്തിൽ പേരെഴുതി കാണാത്ത സകല മനുഷ്യരും നിത്യനരകത്തിൽ (തീപ്പൊയ്കയിൽ) നിത്യദണ്ഡനം അനുഭവിച്ചു കഴിയുമ്പോൾ, കർത്താവായ യേശുവിന്റെ രക്തത്താൽ വീണ്ടെടുക്കപ്പെട്ട തന്റെ വിശുദ്ധന്മാർ സ്വർഗ്ഗരാജ്യത്തിൽ യുഗായുഗങ്ങൾ കർത്താവിന്റെ മുഖം കണ്ട് അവനെ ആരാധിക്കുന്നു. അതിനുള്ള സമയം വളരെ ആസന്നമായി. പ്രിയ സുഹൃത്തേ! നീ ഏതിനായി ഒരുങ്ങിയിരിക്കുന്നു?

❑

# 14
# സാക്ഷികളായ ശ്രേഷ്ഠദൂതന്മാർ

ദൈവസന്നിധിയിൽ നില്ക്കുന്ന ചില ശ്രേഷ്ഠ ദൂതന്മാരെക്കുറിച്ച് മുൻ അദ്ധ്യായത്തിൽ പ്രസ്താവിച്ചുവല്ലോ. ദൈവസന്നിധിയിൽ പ്രധാന ദൂതനെ കൂടാതെ അനേകം ശ്രേഷ്ഠദൂതന്മാരും ഉള്ളതായി തിരുവചനത്തിൽ പറഞ്ഞിരിക്കുന്നു. “നീ പക്ഷമായി ഒന്നും ചെയ്യാതെകണ്ടു സിദ്ധാന്തം കൂടാതെ ഇവ പ്രമാണിച്ചുകൊള്ളേണം എന്ന് ഞാൻ ദൈവത്തെയും, ക്രിസ്തുയേശുവിനെയും, ശ്രേഷ്ഠദൂതന്മാരെയും സാക്ഷിയാക്കി നിന്നോട് കല്പിക്കുന്നു” (1 തിമൊ. 5:21).

ഇവിടെ ശ്രേഷ്ഠദൂതന്മാർ എന്നത് ഇംഗ്ലീഷിൽ (Elect Angels) എന്നാണ് പറഞ്ഞിരിക്കുന്നത്. മറ്റുള്ള ദൂതന്മാരെ അപേക്ഷിച്ച് പ്രത്യേക ഉത്തരവാദിത്വത്തോടുകൂടി നിയമിച്ചാക്കിയിരിക്കുന്ന ദൂതന്മാരാണിവർ എന്ന് കരുതാം. വിശുദ്ധപൌലോസ് ഈ ശ്രേഷ്ഠദൂതന്മാരെ സാക്ഷിയാക്കി തിമൊഥെയോസിനോടു കല്പിക്കുന്നു എന്ന് പറഞ്ഞിരിക്കുന്നതിനാൽ ഈ ദൂതന്മാർ സാക്ഷ്യത്തിനായി നിലകൊള്ളുന്നവരും, സാക്ഷ്യത്തിനായുള്ള സകലപ്രവൃത്തികളും രേഖപ്പെടുത്തുന്നവർ അഥവ, റിക്കാർഡ് ചെയ്യുന്നവർ എന്നും ചിന്തിക്കുന്നതിൽ തെറ്റില്ലല്ലോ?

മുകളിൽ ഉദ്ധരിച്ച വേദഭാഗത്തെക്കുറിച്ച് ചിന്തിച്ചാൽ സകല ആത്മാക്കളുടെയും ഉടയവനായ ദൈവത്തെയും,

വിശ്വാസികളുടെ രക്ഷിതാവായ ക്രിസ്തുയേശുവിനെയും സ്വർഗ്ഗത്തിലെ ശ്രേഷ്ഠ ദൂതന്മാരെയും ഒറ്റവാക്കിൽ പറഞ്ഞാൽ സ്വർഗ്ഗത്തെ മൊത്തം സാക്ഷിയാക്കിക്കൊണ്ട് വി. പൌലോസ് കല്പിച്ചിരിക്കുന്നത് ഇന്നത്തെ ശുശ്രൂഷകന്മാർ വളരെ ഗൗരവമായി എടുക്കേണ്ടിയിരിക്കുന്നു. ദൈവശുശ്രൂഷ ഏറ്റവും പവിത്രമായും, വിശ്വസ്തതയോടും, പക്ഷംപിടിക്കാതെ, മുഖപക്ഷം കാണിക്കാതെ ശുശ്രൂഷ ചെയ്യണമെന്നാണല്ലോ താൻ ആജ്ഞാപിക്കുന്നത്. ഇന്ന് സഭകൾ പിരിഞ്ഞ് ദൈവനാമം ദുഷിക്കപ്പെടുന്നതിന്റെ പ്രധാന കാരണം സഭകളിലെ പക്ഷം പിടുത്തമല്ലേ എന്ന് പറയാതിരിക്കുവാൻ തരമില്ല, വിശേഷിച്ച് അമേരിക്കയിൽ ഒന്നിലധികം ശുശ്രൂഷകന്മാർ ഉള്ള സഭകളിലെ അവസ്ഥ എടുത്തു പറയേണ്ടതില്ലല്ലോ? ശുശ്രൂഷകന്മാർ പക്ഷം പിടിച്ച് ചെയ്യുന്ന പ്രവർത്തികളും മുഖപക്ഷം കാണിക്കുന്നതിനും എല്ലാം ദൈവത്തോട് കണക്ക് ബോധിപ്പിക്കേണ്ടിവരുമെന്നും ശ്രേഷ്ഠദൂതന്മാർ അന്ന് സാക്ഷ്യത്തിനുണ്ടാവുമെന്നുള്ളത് നമ്മുടെ ശുശ്രൂഷകന്മാർ അറിഞ്ഞിരുന്നുവെങ്കിൽ കൊള്ളായിരുന്നു. വി. പൌലൊസ് കല്പിച്ചത് ഗൗരവമായി എടുക്കുന്ന ശുശ്രൂഷകന്മാർക്കായി ദൈവത്തെ സ്തുതിക്കുന്നു. തിമൊഥെയോസിനോട് കല്പിച്ച കാര്യങ്ങൾ വിശ്വസ്തതയോട് ചെയ്യണമെന്ന് താൻ വീണ്ടും വീണ്ടും ദൈവത്തെ സാക്ഷിയാക്കി ഓർപ്പിക്കുന്നതായി കാണുന്നു (1 തിമൊ. 6:14; 2 തിമൊ. 4:1)

കൊരിന്ത്യസഭയിലെ വിശ്വാസികൾ പൌലൊസിന്റെയും, അപ്പൊല്ലോസിന്റെയും, തിമൊഥെയോസിന്റെയും പക്ഷംപിടിച്ച് തമ്മിൽ ഈർഷ്യയും പിണക്കവും വെച്ചു പുലർത്തുന്നതിനെതിരായി തർജ്ജനം ചെയ്തുകൊണ്ട് വി. പൌലൊസ് തന്റെ ലേഖനത്തിൽ എഴുതിയിരിക്കുന്നുവല്ലോ (1 കൊരി. 3:1–9). സഭയിൽ പക്ഷം പിടി

ക്കുന്ന(Groupism) ശുശ്രൂഷകന്മാരും വിശ്വാസികളായാലും അവർ വെറും ജഡീകന്മാരത്രേയെന്ന് വി. പൌലൊസ് പറഞ്ഞിരിക്കുന്നത് നാം ഏവരും കുറിക്കൊള്ളേണ്ടതാകുന്നു (1 കൊരി. 3:3).

സ്വർഗ്ഗത്തിൽ ശ്രേഷ്ഠദൂതന്മാർ സാക്ഷിയാകുന്നതും ദൂതന്മാരുടെ മദ്ധ്യേ അധികം സന്തോഷം ഉളവാക്കുന്നതുമായ ഒരു വിഷയമാണ് ജീവപുസ്തകത്തിൽ ഒരാളുടെ പേര് എഴുതപ്പെടുന്നത്. സ്വർഗ്ഗത്തിൽ അനേകപുസ്തകങ്ങൾ സൂക്ഷിച്ചിരിക്കുന്നതിൽ ഏറ്റവും പ്രധാനപ്പെട്ട പുസ്തകമാണ് ‘ജീവപുസ്തകം’ (Book of Life). ജീവപുസ്തകത്തെക്കുറിച്ച് പറഞ്ഞിരിക്കുന്ന ചില വേദഭാഗങ്ങൾ താഴെ കുറിക്കുന്നു.

- “ജീവന്റെ പുസ്തകത്തിൽ നിന്ന് അവരെ മായിച്ച് കളയേണമേ...” (സങ്കീ. 69:28).
- “പുസ്തകത്തിൽ എഴുതിക്കാണുന്ന ഏവനും തന്നേ രക്ഷ പ്രാപിക്കും” (ദാനീ. 12:1).
- “അവന്റെ പേർ ഞാൻ ജീവപുസ്തകത്തിൽനിന്നും മായിച്ചുകളയാതെ എന്റെ പിതാവിന്റെ സന്നിധിയിലും അവന്റെ ദൂതന്മാരുടെ മുമ്പിലും അവന്റെ പേർ ഏറ്റുപറയും” (വെളി. 3:5).
- “ജീവപുസ്തകത്തിൽ പേരുള്ള ക്ലേമന്ത് മുതലായ...” (ഫിലി. 4:3)
- “സ്വർഗ്ഗത്തിൽ പേരെഴുതിയിരിക്കുന്ന ആദ്യജാതന്മാരുടെ ...” (എബ്രാ. 12:23).
- “കുഞ്ഞാടിന്റെ ജീവപുസ്തകത്തിൽ പേർ എഴുതിയിട്ടില്ലാത്ത ഭൂവാസികൾ..” (വെളി. 13:8).
- “ജീവപുസ്തകത്തിൽ പേർ എഴുതാതിരിക്കുന്ന ഭൂവാസികൾ...” (വെളി. 17:8).

- "ജീവന്റെ പുസ്തകം എന്ന മറ്റൊരുപുസ്തകവും തുറന്നു...." (വെളി. 20:12).
- "ജീവപുസ്തകത്തിൽ പേരെഴുതിക്കാണാത്ത ഏവനെയും തീപ്പൊയ്കയിൽ തള്ളിയിടും" (വെളി. 20:15).
- "കുഞ്ഞാടിന്റെ ജീവപുസ്തകത്തിൽ എഴുതിയിരിക്കുന്നവരല്ലാതെ.... ആരും അതിൽ കടക്കയില്ല" (വെളി. 21:27).

മുകളിൽ പറയപ്പെട്ട ജീവപുസ്തകത്തിൽ പേരുകൾ എഴുതപ്പെട്ടിട്ടുള്ളതായി കാണുന്നുവല്ലോ? ഒരു വ്യക്തിയുടെ പേര് എപ്പോഴാണ് ജീവപുസ്തകത്തിൽ എഴുതപ്പെടുന്നത്? നമ്മുടെ കർത്താവ് പറഞ്ഞുവല്ലോ മാനസാന്തരപ്പെടുന്ന ഒരു പാപിയെക്കുറിച്ച് സ്വർഗ്ഗത്തിൽ ദൈവദൂതന്മാരുടെ മദ്ധ്യേ അധികം സന്തോഷം ഉണ്ടാകുന്നു എന്ന് (ലൂക്കൊ. 15:7,10). പാപിയായ ഒരു വ്യക്തി കർത്താവായ യേശുക്രിസ്തുവിന്റെ കാൽവറിയാഗത്തിൽ വിശ്വസിച്ച് മാനസാന്തരപ്പെടുമ്പോൾ അഥവാ വീണ്ടും ജനിക്കുമ്പോൾ ആ വ്യക്തിയുടെ പേര് ജീവപുസ്തകത്തിൽ എഴുതപ്പെടുന്നു. ഒരു ശിശു ജനിക്കുമ്പോൾ കുടുംബാംഗങ്ങൾ ഏവരും സന്തോഷിക്കുന്നതുപോലെ, ഒരു പാപി വീണ്ടും ജനിക്കുമ്പോൾ ശ്രേഷ്ഠദൂതന്മാർ സാക്ഷിയായി വീണ്ടുംജനിച്ച ദൈവപൈതലിന്റെ പേര് ജീവപുസ്തകത്തിൽ എഴുതപ്പെടുക മാത്രമല്ല; സ്വർഗ്ഗീയ കുടുംബത്തിൽ ഒരംഗംകൂടി ചേർക്കപ്പെട്ടതിനാൽ ദൈവദൂതന്മാരുടെ മദ്ധ്യേ മഹാസന്തോഷം ഉളവാകുന്നു.

കർത്താവ് എഴുപതു ശിഷ്യന്മാരെ പട്ടണത്തിൽ പറഞ്ഞയച്ചിട്ട് അവർ മഹാസന്തോഷത്തോടെ മടങ്ങിവന്ന് : കർത്താവേ നിന്റെ നാമത്തിൽ ഭൂതങ്ങളും ഞങ്ങൾക്ക് കീഴടങ്ങുന്നു എന്ന് പറഞ്ഞപ്പോൾ കർത്താവ് പറഞ്ഞത്: ഭൂതങ്ങൾ നിങ്ങൾക്ക് കീഴടങ്ങുന്നതിലല്ല, നിങ്ങളുടെ പേർ

സ്വർഗ്ഗത്തിൽ എഴുതിയിരിക്കുന്നതിലത്രേ സന്തോഷിപ്പിൻ എന്നാണ് (ലൂക്കൊ. 10:20). അങ്ങനെ വീണ്ടും ജനിക്കുന്നവരുടെ പേർ ദൂതന്മാർ സാക്ഷികളായി "ജീവപുസ്തകത്തിൽ" എഴുതപ്പെടുന്നു.

ശ്രേഷ്ഠദൂതന്മാർ സാക്ഷിയാകുന്നതിനോടുള്ള ബന്ധത്തിൽ ഒരു പ്രധാന വിഷയംകൂടി ചിന്തിപ്പാനാഗ്രഹിക്കുന്നു. അത് നമ്മുടെ കർത്താവിന്റെ ന്യായവിസ്താരത്തോടനുബന്ധിച്ചാണ്. തിരുവചനത്തിൽ അനേകം ന്യായാസനങ്ങളെക്കുറിച്ചും, ന്യായവിധിയെക്കുറിച്ചും പറഞ്ഞിട്ടുണ്ട്. അവ ഓരോന്നും വിശദീകരിക്കുവാൻ തുനിയുന്നില്ല.

നമ്മുടെ ന്യായാധിപനായ കർത്താവ് നീതിയോടും ന്യായത്തോടും ന്യായവിസ്താരം നടത്തുന്നവനാണ്. സകല മനുഷ്യരേയും കർത്താവ് ന്യായം വിധിക്കും. ഇതിൽനിന്നും ആരെയും ഒഴിവാക്കിയിട്ടില്ല. ന്യായവിധിയോടുള്ള ബന്ധത്തിൽ അനേക വേദഭാഗങ്ങൾ ഉദ്ധരിപ്പാനുണ്ടെങ്കിലും ചിലതുമാത്രം താഴെ കുറിക്കുന്നു.

- "നാം എല്ലാവരും ദൈവത്തിന്റെ ന്യായാസനത്തിന് മുമ്പാകെ നില്ക്കേണ്ടിവരും" (റോമർ 14:10).
- "അവനവൻ ശരീരത്തിൽ ഇരിക്കുമ്പോൾ ചെയ്തതു നല്ലതാകിലും തീയതാകിലും അതിനു തക്കവണ്ണം പ്രാപിക്കേണ്ടിതിന് നാം എല്ലാവരും ക്രിസ്തുവിന്റെ ന്യായാസനത്തിന്റെ മുമ്പാകെ വെളിപ്പെടേണ്ടതാകുന്നു" (2 കൊരി. 5:10).
- "ദൈവം നല്ലതും തീയതുമായ സകല പ്രവൃത്തിയെയും സകല രഹസ്യങ്ങളുമായി ന്യായവിസ്താരത്തിലേക്കു വരുത്തുമല്ലോ" (സഭാ. 12:14).
- "ഒരിക്കൽ മരിക്കയും പിന്നെ ന്യായവിധിയും മനുഷ്യർക്കു നിയമിച്ചിരിക്കയാൽ..." (എബ്രാ. 9:27).

- “പിതാവ് ആരെയും ന്യായം വിധിക്കാതെ ന്യായവിധി എല്ലാം പുത്രനു കൊടുത്തിരിക്കുന്നു” (യോഹ. 5:22).
- “ന്യായവിധി ദൈവഗൃഹത്തിൽ ആരംഭിപ്പാൻ സമയമായല്ലോ...” (1 പത്രൊ. 4:17).

നമ്മുടെ കോടതികളിൽ വിസ്താരസമയത്ത് സകല തെളിവുകളോടൊപ്പം സാക്ഷികളെയും ഹാജരാക്കാറുണ്ടല്ലോ? യാതൊരു കുറ്റവാളിയും തനിക്ക് ലഭിക്കുവാൻ പോകുന്ന ശിക്ഷയെ ഭയന്ന് താൻചെയ്ത കുറ്റകൃത്യങ്ങൾ സ്വയമായി സമ്മതിക്കയില്ല. ന്യായാധിപന്റെ മുമ്പിൽവച്ച് കുറ്റവാളിയെ വിസ്തരിക്കുന്നതോടൊപ്പം സാക്ഷികളെയും വിചാരണക്കായി വിളിക്കാറുണ്ടല്ലോ? സാക്ഷികളുടെ മൊഴി ഏറ്റവും പ്രാധാന്യമുള്ളതും വിലപ്പെട്ടതുമാണ്. ന്യായമായ തെളിവുകളില്ലാത്തതിനാലും സാക്ഷികളുടെ അഭാവത്താലും കുറ്റവാളികളെ ശിക്ഷിക്കാതെ വെറുതെ വിട്ടിട്ടുള്ള അനേക കേസ്സുകൾ നാം കേട്ടിട്ടുണ്ടല്ലോ. എന്നാൽ സ്വർഗ്ഗീയ കോടതിയിൽ എല്ലാതെളിവുകളും അനേകസാക്ഷികളും വിസ്താരസമയത്ത് ഉണ്ടായിരിക്കുന്നതാണ്. ശരിയായ തെളിവുകളും സത്യസാക്ഷികളും ഇല്ലാതെ കർത്താവ് ആരെയും വിസ്തരിക്കയില്ല. നാബോത്തിനെ കൊല്ലുവാൻ ഈസേബെൽ നീചരായ കള്ളസാക്ഷികളെ ആക്കിയതുപോലെയോ (1 രാജാ. 21:10–13), യേശുവിനെ വിസ്തരിച്ചപ്പോൾ മഹാപുരോഹിതന്മാർ കള്ളസാക്ഷികളെ ആക്കിയതുപോലെയോ (മത്താ. 26:60) അഗ്നിജ്വാലയ്ക്കൊത്ത കണ്ണുള്ള സ്വർഗ്ഗീയ ന്യായാധിപന്റെ മുമ്പിൽ ഒരു കള്ളസാക്ഷിയും കാണുകയില്ല. മരണയോഗ്യനായവനെ കൊല്ലുന്നത് രണ്ടോ, മൂന്നോ സാക്ഷികളുടെ വാമൊഴിമേൽ ആയിരിക്കേണം എന്നും, ഏകസാക്ഷിയുടെ വാമൊഴിമേൽ അവനെ കൊല്ലരുതെന്നും യഹോവയുടെ ന്യായപ്രമാണപുസ്തകത്തിൽ പറഞ്ഞിരിക്കുന്നു (ആവ. 17:6).

“മനുഷ്യൻ ചെയ്യുന്ന യാതൊരു അകൃത്യത്തിനോ പാപത്തിനോ അവന്റെ നേരെ ഏകസാക്ഷി നില്ക്കരുത്. രണ്ട് മൂന്ന് സാക്ഷികളുടെ വാമൊഴിമേൽ കാര്യം ഉറപ്പാക്കണം...” (ആവ. 19:15). ന്യായപ്രമാണത്തിൽ എഴുതപ്പെട്ടിരിക്കുന്ന ഈ വ്യവസ്ഥ പാലിപ്പാനായി നമ്മുടെ കർത്താവും ആജ്ഞാപിക്കുന്നതായി കാണുന്നു (മത്താ. 18:16). വിശുദ്ധപൌലൊസും തന്റെ ലേഖനങ്ങളിൽ ഇത് ആവർത്തിച്ച് പറഞ്ഞിരിക്കുന്നു (2 കൊരി. 13:1; 1 തിമൊ. 5:19; എബ്രാ. 10:28).

രണ്ട് മൂന്ന് സാക്ഷികളുടെ വാമൊഴിയാൽ ഏതുകാര്യവും ഉറപ്പാകുമെന്നുള്ളത് യഹോവയുടെ ന്യായപ്രമാണത്തിൽ പറഞ്ഞിരിക്കുന്നതും, മോശെയുടെ കാലം മുതൽ നടപ്പിലുള്ളതും, നമ്മുടെ കർത്താവും അങ്ങനെ തന്നെ പറഞ്ഞിട്ടുള്ളതാണെന്നും മുകളിൽ കണ്ടുവല്ലോ? ന്യായപ്രമാണം നല്ലവണ്ണം അറിയാവുന്ന വി. പൌലോസ് 1 തിമൊ. 5:19ൽ അതുകൊണ്ടത്രേ പറഞ്ഞിരിക്കുന്നത്: ഒരു മൂപ്പന്റെ നേരെ അന്യായം എടുക്കുമ്പോൾ അഥവാ മൂപ്പനെ വിസ്തരിക്കുമ്പോൾ രണ്ട് മൂന്ന് സാക്ഷികൾ മുഖേന ആയിരിക്കണമെന്നാണ് തിമൊഥെയോസിനോടു കല്പിച്ചത്. സ്വർഗ്ഗീയ കോടതിയിൽ ന്യായവിസ്താരസമയത്ത് സാക്ഷികളായി ആരൊക്കെ കാണുമെന്നുള്ളത് ദൈവജനത്തിന്റെയും അല്ലാത്തവരുടെയും അറിവിനായി ചൂണ്ടിക്കാണിച്ചുകൊള്ളട്ടെ. നമ്മുടെ കുറിവാക്യമായ 1 തിമൊ. 5:21ൽ വി. പൌലൊസ് ദൈവത്തെയും ക്രിസ്തുവിനെയും ശ്രേഷ്ഠദൂതന്മാരെയും സാക്ഷിയാക്കിയിരിക്കുന്നുവല്ലോ.

## 1. ദൈവം തന്നെ സാക്ഷി

അവർ യിസ്രായേലിൽ വഷളത്വം പ്രവർത്തിച്ച് തങ്ങളുടെ കൂട്ടുകാരുടെ ഭാര്യമാരോട് വ്യഭിചാരം ചെയ്യുകയും

ഞാൻ അവരോട് കല്പിച്ചിട്ടില്ലാത്ത വചനം വ്യാജമായി എന്റെ നാമത്തിൽ പ്രസ്താവിക്കുകയും ചെയ്തിരിക്കുന്നു; ഞാൻ അത് അറിയുന്നു, സാക്ഷിയും ആകുന്നു എന്ന് യഹോവയുടെ അരുളപ്പാട് (യിരെ. 29:23).

"നീ മുഖാന്തരം നിന്റെ ദൈവമായ യഹോവ ഞങ്ങളോട് അരുളിച്ചെയ്യുന്നതുപോലെ ഒക്കെയും ഞങ്ങൾ ചെയ്യാതെ ഇരുന്നാൽ, യഹോവ നമ്മുടെ മദ്ധ്യേ സത്യവും വിശ്വസ്തതയുമുള്ള സാക്ഷിയായിരിക്കട്ടെ" (യിരെ. 42:5).

"....യഹോവ നിനക്കും നീ അവിശ്വസ്തത കാണിച്ചിരിക്കുന്ന നിന്റെ യൗവ്വനത്തിലെ ഭാര്യയ്ക്കും മദ്ധ്യേ സാക്ഷിയായിരുന്നതുകൊണ്ട് തന്നെ" (മലാഖി 2:14).

"ഞാൻ ന്യായവിധിക്കായി നിങ്ങളോട് അടുത്തുവരും; ഞാൻ ക്ഷുദ്രക്കാർക്കും, വ്യഭിചാരികൾക്കും കള്ളസത്യം ചെയ്യുന്നവർക്കും, കൂലിയുടെ കാര്യത്തിൽ കൂലിക്കാരനെയും വിധവയെയും അനാഥനെയും പീഡിപ്പിക്കുന്നവർക്കും എന്നെ ഭയപ്പെടാതെ പരദേശിയുടെ ന്യായം മറിച്ചുകളയുന്നവർക്കും വിരോധമായി ഒരു ശീഘ്രസാക്ഷിയായിരിക്കും എന്ന് സൈന്യങ്ങളുടെ യഹോവ അരുളിച്ചെയ്യുന്നു (മലാഖി 3:5).

"ഞാൻ എന്റെ ആത്മാവിൽ ആരാധിക്കുന്ന ദൈവം എനിക്ക് സാക്ഷി" (റോമർ 1:10).

"നിങ്ങൾ അറിയുംപോലെ ഞങ്ങൾ ഒരിക്കലും മുഖസ്തുതിയോ ദ്രവ്യാഗ്രഹത്തിന്റെ ഉപായമോ പ്രയോഗിച്ചിട്ടില്ല; ദൈവം സാക്ഷി" (1 തെസ്സ. 2:5,10).

"ദൈവത്തിന്റെ സാക്ഷ്യം അതിലും വലുതാകുന്നു" (1 യോഹ. 5:9)

"ഇപ്പോഴും എന്റെ സാക്ഷി സ്വർഗ്ഗത്തിലും എന്റെ ജാമ്യക്കാരൻ ഉയരത്തിലും ഇരിക്കുന്നു (ഇയ്യോ. 16:19).

"എന്നെ കണ്ട കണ്ണ് എനിക്കു സാക്ഷ്യം നല്കും" (ഇയ്യോ. 29:11).

## 2. കർത്താവായ യേശുക്രിസ്തു

"നിങ്ങളോടുള്ള ഞങ്ങളുടെ വചനം ഒരിക്കൽ ഉവ്വ് എന്നും മറ്റൊരിക്കൽ ഇല്ലായെന്നും ആയിരുന്നില്ലായെന്നതിന് വിശ്വസ്തനായ ദൈവം സാക്ഷി" (2 കൊരി. 1:18).

"പൊന്തിയൊസ് പീലാത്തോസിന്റെ മുമ്പിൽ നല്ല സ്വീകാരം കഴിച്ച ക്രിസ്തുയേശുവിനെയും സാക്ഷിവച്ച്..." (1 തിമൊ. 6:14).

"....വിശ്വസ്തസാക്ഷിയും മരിച്ചവരിൽ ആദ്യജാതനും ഭൂരാജാക്കന്മാർക്ക് അധിപതിയും ആയ യേശുക്രിസ്തു വിങ്കൽ നിന്നും..." (വെളി. 1:5).

"വിശ്വസ്തനും സത്യവാനുമായ സാക്ഷിയായി..." (വെളി. 3:14).

പരീശന്മാർ യേശുവിനോട്: നീ നിന്നെക്കുറിച്ച് തന്നെ സാക്ഷ്യം പറയുന്നു; നിന്റെ സാക്ഷ്യം സത്യമല്ല എന്ന് പറഞ്ഞപ്പോൾ യേശു അവരോട്: ഞാൻ എന്നെക്കുറിച്ചുതന്നെ സാക്ഷ്യം പറഞ്ഞാലും എന്റെ സാക്ഷ്യം സത്യം ആകുന്നു എന്നും... ഞാൻ വിധിച്ചാലും ഞാൻ ഏകനല്ല, ഞാനും എന്നെ അയച്ച പിതാവുംകൂടെയാകയാൽ എന്റെ വിധി സത്യമാകുന്നു. രണ്ട് മനുഷ്യരുടെ സാക്ഷ്യം സത്യം എന്ന് നിങ്ങളുടെ ന്യായപ്രമാണത്തിലും എഴുതിയിരിക്കുന്നുവല്ലോ എന്ന് പറഞ്ഞു (യോഹ. 8:13–17).

## 3. പരിശുദ്ധാത്മാവാം ദൈവം

"പരിശുദ്ധാത്മാവ് പട്ടണംതോറും സാക്ഷ്യം പറയുന്നു" (അ.പ്ര. 20:23)

"....ആത്മാവു താനും നമ്മുടെ ആത്മാവോടുകൂടെ സാക്ഷ്യം പറയുന്നു" (റോമ. 8:16).

"പരിശുദ്ധാത്മാവും നമുക്കു സാക്ഷീകരിക്കുന്നു (എബ്രാ. 10:15)

"ആത്മാവു സാക്ഷ്യം പറയുന്നു" (1 യോഹ. 5:7).

## 4. മനഃസ്സാക്ഷി

"അവർ അതു കേട്ടിട്ട് മനഃസ്സാക്ഷിയുടെ ആക്ഷേപം ഹേതുവായി..." (യോഹ. 8:9).

"അവരുടെ മനഃസ്സാക്ഷികൂടെ സാക്ഷ്യം പറഞ്ഞും..." (റോമർ 2:15)

"എന്റെ മനഃസാക്ഷി എനിക്ക് പരിശുദ്ധാത്മാവിനാൽ സാക്ഷിയായിരിക്കുന്നു" (റോമർ 9:2).

## 5. ആകാശവും ഭൂമിയും

"....നിന്റെ ദൈവമായ യഹോവയ്ക്ക് അനിഷ്ടമായുള്ളത് ചെയ്ത് അവനെ കോപിപ്പിച്ചാൽ.... നിങ്ങൾ വേഗത്തിൽ നശിച്ചുപോകുമെന്ന് ഞാൻ ഇന്ന് ആകാശത്തെയും ഭൂമിയെയും നിങ്ങൾക്കു വിരോധമായി സാക്ഷി നിർത്തി പറയുന്നു" (ആവ. 4:26).

"....ഞാൻ ആകാശത്തെയും ഭൂമിയെയും ഇന്ന് സാക്ഷിവെക്കുന്നു" (ആവ. 30:19).

"ആകാശമേ കേൾക്ക, ഭൂമിയേ ചെവിതരിക..." (യെശ.1:2).

"ആകാശത്തിലെ വിശ്വസ്തസാക്ഷിയെപ്പോലെയും..." (സങ്കീ. 89:37).

എന്തിനാണ് ആകാശത്തെയും ഭൂമിയെയും സാക്ഷ്യത്തിനായി വിളിക്കുന്നത്? സ്വർഗ്ഗത്തിൽ എന്നേക്കും സ്ഥിരമായിരിക്കുന്ന ദൈവവചനം, ആകാശവും ഭൂമിയും മാറിപ്പോയാലും മാറ്റം വരാത്ത ദൈവവചനം, ദൈവം തന്റെ പുത്രൻ മുഖാന്തിരവും തന്റെ ദാസന്മാരിൽക്കൂടെയും

സംസാരിച്ചത് നഷ്ടപ്പെട്ടുപോകാതെ ഈ അന്തരീക്ഷ ത്തിലും, ആകാശമണ്ഡലത്തിലും സഞ്ചരിച്ചുകൊണ്ടി രിക്കുകയാണ്. ദൈവം പറഞ്ഞുവല്ലോ ദൈവത്തിന്റെ വായിൽനിന്നും പുറപ്പെടുന്ന വചനം വെറുതെ തന്റെ അടുക്കലേക്ക് മടങ്ങിപ്പോകയില്ലെന്ന് (യെശ. 55:11). കർത്താവായ യേശു പറഞ്ഞു "എന്റെ വചനം കൈക്കൊ ള്ളാതെ എന്നെ തള്ളികളയുന്നവനെ ന്യായം വിധിക്കു ന്നവനുണ്ട്. ഞാൻ സംസാരിച്ച വചനം തന്നെ ഒടുക്കത്തെ നാളിൽ അവനെ ന്യായം വിധിക്കും" (യോഹ. 12:48). ദൈവം സംസാരിച്ച വചനങ്ങൾ ന്യായവിസ്താര സമ യത്ത് സാക്ഷ്യത്തിനായി ദൈവം വിളിച്ച് വരുത്തും. അതു പോലെതന്നെ ഭൂമിയിൽ എവിടെവച്ച് ആരോടു വചനം സംസാരിച്ചുവോ ആ സ്ഥലവും സാക്ഷീകരിക്കുന്നതാ യിരിക്കും. മനുഷ്യർ ഈ ഭൂമിയിൽവച്ച് രഹസ്യമായും പരസ്യമായും ചെയ്ത പാപങ്ങൾ തെളിവിനായി സ്ഥല ങ്ങളും, പരിസരങ്ങളും സാക്ഷ്യത്തിനായി കർത്താവ് വിളി ച്ചുവരുത്തും.

## 6. പുസ്തകങ്ങൾ

മോശെ ഈ ന്യായപ്രമാണത്തിലെ വചനങ്ങൾ മുഴു വനും ഒരു പുസ്തകത്തിൽ എഴുതിത്തീർന്നപ്പോൾ യഹോവയുടെ നിയമപെട്ടകം ചുമക്കുന്ന ലേവ്യരോടു കല്പിച്ചത് എന്തെന്നാൽ: ഈ ന്യായപ്രമാണപുസ്തകം എടുത്ത് നിങ്ങളുടെ ദൈവമായ യഹോവയുടെ നിയമ പെട്ടകത്തിന്നരികെ വെയ്പിൻ; അവിടെ അത് നിന്റെ നേരെ സാക്ഷിയായിരിക്കും (ആവ. 31:24-26).

"യഹോവാഭക്തന്മാർക്കും അവന്റെ നാമത്തെ സ്മരി ക്കുന്നവർക്കുംവേണ്ടി അവന്റെ സന്നിധിയിൽ ഒരു സ്മര ണപുസ്തകം എഴുതിവെച്ചിരിക്കുന്നു (മലാഖി 3:16).

“ന്യായവിസ്താരസഭ ഇരുന്നു; പുസ്തകങ്ങൾ തുറന്നു...” (ദാനീ. 7:10).

“പുസ്തകങ്ങൾ തുറന്നു...” (വെളി. 20:12)

സ്വർഗ്ഗത്തിൽ ദൈവസന്നിധിയിൽ പല പുസ്തകങ്ങൾ എഴുതി സൂക്ഷിച്ചിരിക്കുന്നതായി മുകളിൽ ഉദ്ധരിച്ച വേദഭാഗങ്ങൾ വ്യക്തമാക്കുന്നുവല്ലോ. ന്യായവിസ്താര സമയത്ത് ഇവയിൽ മിക്കവാറും എല്ലാപുസ്തകങ്ങളും സാക്ഷ്യത്തിനായി തുറക്കപ്പെടും. അതിൽ എഴിതിയിരിക്കുന്നതനുസരിച്ച് ന്യായവിധി ഉണ്ടാകുന്നതാണ്. ന്യായവിസ്താരസമയത്ത് സാക്ഷ്യത്തിനായി തുറക്കപ്പെടുന്ന ചില പുസ്തകങ്ങൾ താഴെ കുറിക്കുന്നു.

### 7. ദൈവത്തിന്റെ നിയമപുസ്തകം

(Book of the Covenant)

“അവൻ നിയമപുസ്തകം എടുത്ത് ജനം കേൾക്കെ വായിച്ചു. യഹോവ കല്പിച്ചതൊക്കെയും ഞങ്ങൾ അനുസരിച്ച് നടക്കുമെന്ന് അവർ പറഞ്ഞു. അപ്പോൾ മോശെ രക്തം എടുത്ത് ജനത്തിന്മേൽ തളിച്ചു; ഈ സകലവചനങ്ങളും ആധാരമാക്കി യഹോവ നിങ്ങളോട് ചെയ്തിരിക്കുന്ന നിയമത്തിന്റെ രക്തം ഇതാ എന്ന് പറഞ്ഞു (പുറ. 24:7–8; എബ്രാ. 9:19).

### 8. ന്യായപ്രമാണപുസ്തകം (Book of the law)

മോശെ ഈ ന്യായപ്രമാണത്തിലെ വചനങ്ങൾ മുഴുവനും ഒരു പുസ്തകത്തിൽ എഴുതിത്തീർന്നപ്പോൾ യഹോവയുടെ നിയമപെട്ടകം ചുമക്കുന്ന ലേവ്യരോട് കല്പിച്ചത് എന്തെന്നാൽ: ഈ  ന്യായപ്രമാണപുസ്തകം എടുത്ത് നിങ്ങളുടെ ദൈവമായ യഹോവയുടെ നിയമപെട്ടകത്തിനരികെ വെപ്പിൻ; അവിടെ അത് നിന്റെ നേരെ സാക്ഷിയായിരിക്കും (ആവ. 31:24–26).

“മഹാപുരോഹിതനായ ഹില്ക്കീയാവു രായസക്കാരനായ ശാഫാനോടു: ഞാൻ ന്യായപ്രമാണപുസ്തകം യഹോവയുടെ ആലയത്തിൽ കണ്ടെത്തിയിരിക്കുന്നു എന്നു പറഞ്ഞു” (2 രാജാ. 22:8; 2 ദിന. 24:14).

തന്റെ ജനം പാലിപ്പാനായി ദൈവം കൊടുത്ത കല്പനകളും, വിധികളും ചട്ടങ്ങളും രേഖപ്പെടുത്തിയിരിക്കുന്ന ഈ പ്രമാണപുസ്തകം ആലയത്തിൽ സൂക്ഷിച്ചിരിക്കുന്നതുപോലെയും, യഹോവയായ ദൈവത്തിന്റെ വിരൽകൊണ്ടെഴുതിയ കൽപ്പലകകളായ സാക്ഷ്യപലക പെട്ടകത്തിലും, വിശുദ്ധമന്ദിരത്തിൽ അതിവിശുദ്ധ സ്ഥലത്ത് സൂക്ഷിച്ചിരുന്നതുപോലെയും, സ്വർഗ്ഗത്തിൽ ദൈവസന്നിധിയിൽ ദൈവത്തിന്റെ കല്പനകൾ അടങ്ങിയ പ്രമാണപുസ്തകത്തിന്റെ കോപ്പി ന്യായവിധിക്കായി സൂക്ഷിച്ചിരിക്കുന്നു എന്ന് ഈ ഗ്രന്ഥകാരൻ വിശ്വസിക്കുന്നു.

**9. ഓർമ്മയുടെ പുസ്തകം** (Book of remembrance)

“യഹോവാഭക്തന്മാർ അന്ന് തമ്മിൽതമ്മിൽ സംസാരിച്ചു; യഹോവ ശ്രദ്ധവെച്ചു കേട്ടു; യഹോവാഭക്തന്മാർക്കും അവന്റെ നാമത്തെ സ്മരിക്കുന്നവർക്കുംവേണ്ടി അവന്റെ സന്നിധിയിൽ ഒരു സ്മരണപുസ്തകം എഴുതിവെച്ചിരിക്കുന്നു (മലാഖി 3:16).

യിസ്രായേൽ രാജാക്കന്മാരുടെ സകല പ്രവർത്തികളും ദിനവൃത്താന്തപുസ്തകത്തിൽ എഴുതിയിരിക്കുന്നതുപോലെ നല്ലതും തീയതുമായ നമ്മുടെ ഓരോ പ്രവർത്തികളും യഹോവയുടെ പക്കലുള്ള വൃത്താന്തപുസ്തകത്തിൽ അഥവാ ഓർമ്മയുടെ പുസ്തകത്തിൽ എഴുതപ്പെടുന്നു. മോർദ്ദെഖായി ചെയ്ത നല്ല പ്രവൃത്തി രാജാവിന്റെ ദിനവൃത്താന്തപുസ്തകത്തിൽ എഴുതിവെച്ചതനുസരിച്ച് തനിക്ക് ലഭിച്ച ബഹുമാനവും പദവിയുംപോലെ

(എസ്ഥേർ 2:22-23, 6:1-11) നല്ലവനും വിശ്വസ്തനുമായ ദാസനേ, നീ അല്പത്തിൽ വിശ്വസ്തനായിരുന്നു; ഞാൻ നിന്നെ അധികത്തിന് വിചാരകനാക്കും, നിന്റെ യജമാനന്റെ സന്തോഷത്തിലേക്ക് പ്രവേശിക്ക (മത്താ. 25:21) എന്ന് പറഞ്ഞ് അനേകരെ കർത്താവ് മാനിക്കുമ്പോൾ, അവിശ്വസ്തരായ, ദൈവകല്പന ലംഘികളായ വിശിഷ്യാ ഏഴാംകല്പന ലംഘികളായ പല 'വിശുദ്ധന്മാരും' 'വിശുദ്ധമതികളും' ഓർമ്മയുടെ പുസ്തകത്തിൽ എഴുതിയിരിക്കുന്നതനുസരിച്ച് വിധിക്കപ്പെടുമ്പോൾ പലരുടെയും തല താഴ്ന്നിട്ട് ലജ്ജിതരായിത്തീരും.

## 10. കർത്താവിന്റെ സുവിശേഷം

കർത്താവായ യേശുക്രിസ്തുവിലൂടെ മനുഷ്യവർഗ്ഗത്തിനു ദൈവം ഒരുക്കിയ രക്ഷയുടെ ദൂതാകുന്ന സുവിശേഷം ലോകത്തിൽ എല്ലായിടത്തും പ്രസംഗിക്കപ്പെടേണമെന്നുള്ളത് കർത്താവിന്റെ കല്പനയാണല്ലോ. ആ സുവിശേഷം ഇന്ന് ലോകത്തിൽ പ്രഖ്യാപിക്കപ്പെട്ടുകൊണ്ടിരിക്കുന്നു. കർത്താവ് പറഞ്ഞുവല്ലോ: "ഈ സുവിശേഷം സകലജാതികൾക്കും സാക്ഷ്യമായി ഭൂലോകത്തിൽ ഒക്കെയും പ്രസംഗിക്കപ്പെടും, അപ്പോൾ അവസാനം വരും (മത്താ. 24:4). കർത്താവ് പറഞ്ഞ പദം ശ്രദ്ധിക്കുക: സകലജാതികൾക്കും സാക്ഷ്യമായി ഭവിക്കുന്ന സുവിശേഷം. ഈ സുവിശേഷം കേട്ട് വിശ്വസിക്കാത്തവർക്ക് ന്യായവിധി സമയത്ത് ശിക്ഷാവിധിക്കായി അത് സാക്ഷ്യമായി തീരുന്നതാണ്. വിശുദ്ധ പൌലൊസ് അതുകൊണ്ടത്രേ പറഞ്ഞിരിക്കുന്നത് "ദൈവം യേശുക്രിസ്തുമുഖാന്തരം മനുഷ്യരുടെ രഹസ്യങ്ങളെ എന്റെ സുവിശേഷപ്രകാരം ന്യായംവിധിക്കുന്ന നാളിൽ തന്നേ എന്ന് (റോമ. 2:16).

ന്യായപ്രമാണത്തിൽ പറഞ്ഞിരിക്കുന്ന വചനങ്ങൾ നിന്റെ നേരെ സാക്ഷിയായിരിക്കുമെന്ന് മോശെ പറ

ഞ്ഞതും (ആവ. 31:26), പുസ്തകങ്ങളിൽ എഴുതിയിരിക്കുന്നതിന് ഒത്തവണ്ണം മരിച്ചവർക്ക് അവരുടെ പ്രവർത്തികൾക്കടുത്ത ന്യായവിധി ഉണ്ടായി എന്ന് വെളി. 20:12ൽ പറഞ്ഞിരിക്കുന്നതും, ഓർമ്മയുടെ പുസ്തകത്തിൽ എഴുതപ്പെട്ടതനുസരിച്ച് പ്രതിഫലം ലഭിക്കുന്നതും, സുവിശേഷത്താൽ ന്യായം വിധിക്കുന്നത്, ജീവപുസ്തകത്തിൽ പേരെഴുതിക്കാണാത്തവർക്ക് ലഭിക്കുന്ന ശിക്ഷ, ഇതെല്ലാം കർത്താവ് വിശുദ്ധന്മാരുടെ മുമ്പിൽവെച്ച് ഏവരെയും ന്യായം വിധിക്കുമ്പോൾ സാക്ഷ്യത്തിനായി ഈ പുസ്തകങ്ങൾ തുറക്കപ്പെടുന്നു എന്ന് മനസ്സിലാക്കാമല്ലോ.

പ്രാരംഭത്തിൽ പ്രസ്താവിച്ചതുപോലെ ഒരു രാജ്യത്തിന് പരമോന്നത കോടതിയും (supreme court) പരമോന്നത ന്യായാധിപനും (chief justice) ഉള്ളതുപോലെ സ്വർഗ്ഗത്തിലും ഒരു ന്യായവിസ്താരകോടതിയും ന്യായാധിപനും ഉണ്ടെന്ന് മനസ്സിലാക്കി തുടർന്ന് നമ്മുടെ വിഷയത്തിലേക്ക് കടക്കുന്നതിന് മുൻപായി നമ്മുടെ കർത്താവായ യേശുവിനെ ക്രൂശിച്ചു കൊല്ലുന്നതിന് മുൻപായി യേശുവിനെ വിസ്തരിച്ച കോടതിയെക്കുറിച്ചും, വിസ്താരസഭയെക്കുറിച്ചും അല്പമായി പ്രസ്താവിച്ചുകൊള്ളട്ടെ.

**1. <u>ഹന്നാവിന്റെ വിചാരണ</u>** (യോഹ. 18:13-24) : യേശുവിനെ ഗെത്ത്ശെമനയിൽ വെച്ച് പിടിച്ചശേഷം ആദ്യമായി കൊണ്ടുപോയി വിസ്തരിച്ചത് മഹാപുരോഹിതനായ ഹന്നാവിന്റെ അരമനയിലായിരുന്നു. ഇതിന് മതേതര കോടതി (relegious court) എന്ന് പറയാം

**2. <u>കയ്യാഫാവിന്റെ വിചാരണ</u>** (യോഹ. 18:24) : ഹന്നാവിന്റെ വിസ്താരത്തിന് ശേഷം യേശുവിനെ കെട്ടപ്പെട്ടവനായി ഹന്നാവിന്റെ മരുമകനും ആ വർഷത്തെ

മാഹാപുരോഹിതനുമായ കയ്യാഫാവിന്റെ അടുക്കൽ അയച്ചു. കയ്യാഫാവിന്റെ അദ്ധ്യക്ഷതയിൽ മൂപ്പന്മാരും, പ്രമാണികളും, ശാസ്ത്രിമാരും അടങ്ങുന്ന ന്യായാധിപ സംഘം (സന്നിദ്രിസംഘം) യേശുവിനെ വിസ്തരിച്ചു. ഇതിനെ ഒരു ഹൈകോർട്ട് വിചാരണ എന്ന് പറയാം.

3. **പീലാത്തോസിന്റെ ഒന്നാം വിചാരണ** (യോഹ. 18:28–29) : ന്യായാധിപസംഘത്തിലെ വിസ്താരത്തിനു ശേഷം യേശുവിനെ പീലാത്തോസിന്റെ ആസ്ഥാനത്തിലേക്ക് (hall of judgement) വിസ്താരത്തിനായി അയച്ചു. പീലാത്തോസ് യേശുവിന്മേലുള്ള കേസെല്ലാം പരിശോധിച്ച്, വിസ്തരിച്ചപ്പോൾ യേശു ഗലീലയിൽ നിന്നുള്ളവനെന്ന് അറിഞ്ഞിട്ട്; ഗലീല ഹെരോദാവിന്റെ അധികാരത്തിൽ ഉൾപ്പെട്ടതാകയാൽ യേശുവിനെ ഹെരോദാവിന്റെ അടുക്കൽ വിസ്താരത്തിനായി അയച്ചു. ഇതിനെ സുപ്രീം കോർട്ടിലെ ഒന്നാം വിചാരണ എന്ന് പറയാം.

4. **ഹെരോദാവിന്റെ വിചാരണ** (ലൂക്കൊ. 23:6–11) : ഹെരോദാവ് ചോദിച്ചതിനൊന്നും യേശു ഉത്തരം പറഞ്ഞില്ല. യേശു വല്ല അടയാളവും ചെയ്ത് കാണിപ്പാൻ ഹെരോദാവ് യേശുവിനോടു ചോദിച്ച് കാണും. ഹെരോദാവും തന്റെ പടയാളികളും യേശുവിനെ വിസ്തരിച്ച് പരിഹസിച്ചതിനു ശേഷം വീണ്ടും പീലാത്തോസിന്റെ അടുക്കൽ അയച്ചു (ലൂക്കൊ. 23:11).

5. **പീലാത്തോസിന്റെ രണ്ടാം വിചാരണ** (യോഹ. 18:33) : ഹെരോദാവിന്റെ അടുക്കൽ നിന്ന്വന്ന യേശുവിനെ പീലാത്തോസ് ആസ്ഥാനത്തിൽ വീണ്ടും വിസ്തരിച്ചു. വീണ്ടും വിസ്തരിച്ചിട്ടും കുറ്റം ഒന്നും കണ്ടില്ല. ഉത്സവന്തോറും (പെസഹ) ഒരു കുറ്റവാളിയെ വെറുതെ വിടുന്ന സമ്പ്രദായപ്രകാരം യേശുവിനെ വെറുതെ വിടാൻ നിശ്ചയിച്ച് വാറുകൊണ്ടടിപ്പിച്ചശേഷം പുറത്തുകൊണ്ടു

വന്നു (യോഹ. 19:1–4). അവനെ ക്രൂശിക്ക, ക്രൂശിക്ക എന്ന് മഹാപുരോഹിതന്മാരും ശാസ്ത്രിമാരും, മൂപ്പന്മാരും ജനവും ഒരുപോലെ ആർത്തുകൊണ്ടിരുന്നു.

**6. <u>പീലാത്തോസിന്റെ മൂന്നാം വിചാരണ</u>** (യോഹ. 19:9) : പീലാത്തോസ് പിന്നെയും ആസ്ഥാനത്തിൽ ചെന്ന് യേശുവിനെ വിസ്തരിച്ചു (യോഹ. 19:9). യേശുവിനോട് പലതും ചോദിച്ചതിന് ഉത്തരം ഒന്നും പറഞ്ഞില്ല. യേശു ഒരു മറുപടിയും പറയാഞ്ഞതിൽ ക്ഷുപിതനായി യേശുവിനോടു: എനിക്ക് നിന്നെ ക്രൂശിപ്പാനും വിട്ടയപ്പാനും അധികാരമുണ്ടെന്ന് നീ അറിയുന്നില്ലയോ എന്ന് ചോദിച്ചതിന് യേശു അവനോടു: മേലിൽ നിന്ന് നിനക്ക് കിട്ടീട്ടില്ല എങ്കിൽ എന്റെമേൽ നിനക്ക് ഒരധികാരവും ഉണ്ടാകയില്ലായിരുന്നു എന്ന് പറഞ്ഞു.

**7. <u>പീലാത്തോസിന്റെ പരസ്യ വിസ്താരം</u>** (യോഹ. 19:13) : ഹെരോദാവ് വിസ്തരിച്ചിട്ടും പീലാത്തോസ് മൂന്നു പ്രാവശ്യം വിസ്തരിച്ചിട്ടും മരണശിക്ഷക്ക് വിധേയമാകത്തക്ക യാതൊരു കുറ്റവും യേശുവിൽ കണ്ടില്ല എന്ന് താൻ മഹാപുരോഹിതന്മാരോടും ജനത്തോടും പറഞ്ഞു. ഒടുവിൽ താൻ യേശുവിനെ പുറത്തുകൊണ്ടുവന്നിട്ട് കല്ത്തളമെന്നും എബ്രായഭാഷയിൽ ഗബ്ബഥാ എന്നും പേരുള്ള സ്ഥലത്ത് ന്യായാസനത്തിൽ ഇരുന്ന് പബ്ലിക്കായി യേശുവിനെ വിസ്തരിച്ചു (യോഹ. 19:13) ഇതാ നിങ്ങളുടെ രാജാവെന്ന് പറഞ്ഞ് യേശുവിനെ വിട്ടയപ്പാൻ ഒരു ശ്രമംകൂടി താൻ നടത്തി. എന്നാൽ മഹാപുരോഹിതന്മാർ: ഞങ്ങൾക്ക് കൈസരല്ലാതെ മറ്റൊരു രാജാവില്ല എന്ന് പറഞ്ഞു. പീലാത്തോസ് മഹാപുരോഹിതന്മാരുടെയും ജനത്തിന്റെയും ഇഷ്ടത്തിന് വഴങ്ങിക്കൊണ്ട്, അവരുടെ അപേക്ഷപോലെ ആകട്ടെ എന്ന് വിധിച്ച് യേശുവിനെ ക്രൂശിപ്പാൻ ഏല്പിച്ചു (ലൂക്കൊ. 23:24;

യോഹ. 19:16). യേശുവിനെ വിസ്തരിച്ച് ക്രൂശിപ്പാൻ വിധിച്ച കോടതികളെയും ന്യായാധിപന്മാരെയും മുകളിൽ കണ്ടുവല്ലോ? ഇനിയും നമ്മുടെ വിഷയത്തിലേക്ക് കടക്കാം.

യോഹന്നാൻ സ്നാപകനും കർത്താവായ യേശുവും ജനത്തോടു വിളിച്ച് പറഞ്ഞത്, "സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കയാൽ മാനസാന്തരപ്പെടുവീൻ" എന്നായിരുന്നു (മത്താ. 3:1-2, 4:17). സ്വർഗ്ഗരാജ്യം ഉണ്ടെങ്കിൽ ആ രാജ്യത്തിന് ഒരു രാജാവും ഉണ്ടെന്നുള്ളത് വ്യക്തമാണല്ലോ.

യേശു തന്റെ പരസ്യശുശ്രൂഷ തുടങ്ങിയപ്പോൾ ജനത്തിന്റെ ഇടയിൽ ചെയ്ത അത്ഭുതങ്ങളും അടയാളങ്ങളും കണ്ടിട്ട് ഇവൻ വാസ്തവമായി യെഹൂദന്മാരുടെ രാജാവായി പിറന്നവൻ തന്നേ എന്ന് പറഞ്ഞ് ജനം യേശുവിനെ പിടിച്ച് അവരുടെ രാജാവാക്കുവാൻ ശ്രമിച്ചു (യോഹ. 6:15). യേശുവിന്റെ ശിഷ്യന്മാരും 'അവൻ യിസ്രായേലിന്റെ വീണ്ടെടുപ്പുകാരനായിരുന്നു എന്ന് വിശ്വസിച്ചിരുന്നു (ലൂക്കൊ. 24:2). യേശുവിനെ പീലാത്തോസ് വിസ്തരിക്കുമ്പോൾ 'നീ യെഹൂദന്മാരുടെ രാജാവോ എന്ന് ചോദിച്ചപ്പോൾ ആധികാരികമായി മറുപടി പറഞ്ഞത് 'ഞാൻ ആകുന്നു' എന്നാണ് (മത്താ. 27:11; ലൂക്കൊ. 23:3). എന്നാൽ യേശു ഈ ലോകത്തിൽ വന്നത് യെഹൂദന്മാർ പ്രതീക്ഷിച്ചതുപോലെ അവർക്കായി ഒരു രാജ്യം സ്ഥാപിച്ച് യേശു അവരുടെ രാജാവായി വാണ് ശത്രുക്കളുടെ കയ്യിൽ നിന്നും അവരെ രക്ഷിപ്പാനല്ലായിരുന്നു. യേശു സ്ഥാപിക്കുവാൻ പോകുന്ന സ്വർഗ്ഗരാജ്യത്തിന്റെ ഏകരാജാവ് കർത്താവായ യേശുക്രിസ്തു മാത്രമാണ്. അവൻ യെഹൂദന്മാരുടെ രാജാവായിട്ടു മാത്രം വാഴുവാനല്ല, ദാവീദിന്റെ സിംഹാസനത്തിൽ ഇരുന്നുകൊണ്ട് രാജാധിരാജാവായി ഭൂലോകം മുഴുവനായി സകല ജാതികളെയും ഭരിക്കുവാൻ പോകയാണ്.

നമ്മുടെ കർത്താവ് രാജാവ് മാത്രമല്ല; അവൻ ന്യായാധിപതിയും ആണ്. ഇപ്പോൾ സ്വർഗ്ഗസിംഹാസനത്തിലിരിക്കുന്ന കർത്താവ് അന്ത്യന്യായവിധിക്കായി സിംഹാസനം ഒരുക്കിയിരിക്കുന്നു എന്ന് പറഞ്ഞിരിക്കുന്നു (സങ്കീ. 9:7). ഈ സിംഹാസനമാണ് വെളിപ്പാട് 20:11ൽ പറഞ്ഞിരിക്കുന്ന വലിയ വെള്ളസിംഹാസനം. കർത്താവ് ഈ ലോകത്തിലായിരുന്നപ്പോൾ പറഞ്ഞു: എല്ലാവരും പിതാവിനെ ബഹുമാനിക്കുന്നതുപോലെ പുത്രനെയും ബഹുമാനിക്കേണ്ടതിന് പിതാവ് ആരെയും ന്യായംവിധിക്കാതെ ന്യായവിധി എല്ലാം പുത്രനു കൊടുത്തിരിക്കുന്നു (യോഹ. 5:22). നമ്മുടെ കർത്താവ് എല്ലാവരുടെയും ദൈവമായ ന്യായാധിപതിയാണ് (എബ്രാ. 12:23).

യേശുവിനെ ക്രൂശിക്കുന്നതിനു മുൻപായി വിസ്തരിച്ച നാല് വ്യക്തികളായ ഹന്നാവ്, കയ്യാഫാവ്, ഹെരോദാവ്, പീലാത്തോസ് എന്നിവരെ വെള്ളസിംഹാസനത്തിലിരിക്കുന്ന രാജാവ് വിസ്തരിക്കുന്നത് ഈ ഗ്രന്ഥകാരന്റെ മനസ്സിൽ ഉദിച്ചത് അല്പമായി വിശദീകരിച്ചുകൊള്ളുന്നു.

## ഹന്നാവ്

യേശുവിനെ ഗെത്ത്ശെമനയിൽവെച്ചു പിടിച്ച് കെട്ടപ്പെട്ടവനായി കൊണ്ടുവന്ന് ഒന്നാമത് വിസ്തരിച്ചത് മഹാപുരോഹിതനായ ഹന്നാവായിരുന്നു (യോഹ. 18:12). ഹന്നാവ് വെള്ളസിംഹാസനത്തിന്റെ മുമ്പിൽ വന്നപ്പോൾ നിലയങ്കിധരിച്ച്, മാറത്തു പൊൻകച്ചകെട്ടി, തലയും മുടിയും വെളുത്ത പഞ്ഞിപോലെ ഹിമത്തോളം വെള്ളയും, തലയിൽ അനേകം രാജമുടികളും, അഗ്നിജ്വാലക്കൊത്ത കണ്ണും, കാൽ ഉലയിൽ ചുട്ടുപഴുപ്പിച്ച വെള്ളോട്ടിനു സദൃശ്യമുള്ള കർത്താവ് ഹന്നാവിനെ ഒന്നു നോക്കി. ഈ സമയം സകലദൂതന്മാരും വിശുദ്ധന്മാരും

'യേശു കർത്താവ്' എന്ന് ഉച്ചത്തിൽ ഘോഷിച്ചുകൊണ്ടിരിക്കയാണ്. അല്പസമയം മൌനമായിരിപ്പാൻ കർത്താവ് കൈകൾ ഉയർത്തിയപ്പോൾ ഹന്നാവ് കൈകളിലെ ആണിപ്പാടുകൾ കാണുകയും, ദൂതന്മാരും സകലവിശുദ്ധന്മാരും യേശുക്രിസ്തു കർത്താവ് എന്ന് ഘോഷിച്ചതും ഓർത്തപ്പോൾ താൻ വിസ്തരിച്ച യേശുവിന്റെ മുമ്പിലാണ് താൻ നില്ക്കുന്നതെന്നറിഞ്ഞ് ഹന്നാവ് വിറച്ച് താഴെ വീണു. അപ്പോൾ ഒരു ദൂതൻ വന്ന് തന്നെ പൊക്കി നിർത്തി, എന്നിട്ട് താൻ യേശുവിനെ വിസ്തരിക്കുന്നതും തന്റെ ചേവകരിൽ ഒരാൾ യേശുവിന്റെ കന്നത്തടിക്കുന്ന രംഗങ്ങൾ എല്ലാം തന്റെ മുമ്പിൽക്കൂടി കടത്തിവിട്ടുകൊണ്ടിരുന്നു. ഹന്നാവ് പരിഭ്രാന്തനായി വിറയ്ക്കുവാൻ തുടങ്ങി. പീലാത്തോസ് യേശുവിനെ വിട്ടയപ്പാൻ പല പ്രാവശ്യം ശ്രമിച്ചപ്പോൾ: ഞങ്ങൾക്കൊരു ന്യായപ്രമാണം ഉണ്ട്, അവൻ തന്നെത്താൻ ദൈവപുത്രൻ ആക്കിയതുകൊണ്ട് അവൻ മരിയ്ക്കേണ്ടതാകുന്നു എന്ന് പറയുന്ന ഭാഗം വന്നപ്പോൾ ഒന്ന് നിർത്തിയിട്ട്, ദൈവത്തിന്റെ ന്യായപ്രമാണപുസ്തകം ഒരു ദൂതൻ തുറന്നിട്ട് അതിൽ എഴുതിയിരിക്കുന്ന കുലചെയ്യരുതെന്നും, കള്ളസാക്ഷ്യം പറയരുതെന്നുമുള്ള ദൈവത്തിന്റെ കല്പനകൾ കാണിച്ചു (പുസ്തകങ്ങളിൽ എഴുതിയിരുന്നതിനു ഒത്തവണ്ണം അവരുടെ പ്രവർത്തികൾക്കടുത്ത ന്യായവിധി ഉണ്ടായി (വെളി. 20:12) എന്ന് എഴുതിയിരിക്കുന്ന പ്രകാരമാണല്ലോ വിധിക്കുന്നത്). ഹന്നാവിനു രാജാവിന്റെ മുമ്പിൽ നില്ക്കുവാൻ കഴിയാതെ വിറച്ച് നില്ക്കുമ്പോൾ ഒരു ദൂതൻ വന്നിട്ട് ഹന്നാവിന്റെ തോളിൽ തൊട്ടിട്ട് പറഞ്ഞു: കർത്താവിന്റെ മുമ്പിൽ മുട്ടുമടക്കി കർത്താവിനെ നോക്കി 'യേശുക്രിസ്തു കർത്താവ്' എന്ന് ഉറക്കെ പറയുവാനായി ആജ്ഞാപിച്ചു. ദൂതൻ പറഞ്ഞതുപോലെ ഹന്നാവ് ചെയ്തശേഷം അവനെ മാറ്റിനിർത്തി.

## കയ്യാഫാവ്

കയ്യാഫാവ് സിംഹാസനത്തിന്റെ മുമ്പിൽ വന്ന് നിന്നു. കർത്താവ് ഒരു നോട്ടം നോക്കിയപ്പോഴേക്കും തന്റെ മുട്ടുകൾ വിറച്ചിട്ട് കൂട്ടിയടിക്കുവാൻ തുടങ്ങി. അപ്പോഴേക്കും താനും ന്യായാധിപസംഘവും കൂടി യേശുവിനെ വിസ്തിരിക്കുന്ന രംഗങ്ങൾ തന്റെ മുമ്പിൽക്കൂടി പ്രദർശിപ്പിച്ചു. നീ ദൈവപുത്രനായ ക്രിസ്തു തന്നെയോ പറക എന്ന് ആണയിട്ട് ചോദിക്കുമ്പോൾ ഞാൻ ആകുന്നു എന്ന് യേശു ഉത്തരം പറഞ്ഞു. അപ്പോൾ അവൻ വസ്ത്രം കീറുന്നതും ഇവൻ മരണയോഗ്യൻ എന്ന് പറഞ്ഞ് യേശുവിന്റെ മുഖത്തു തുപ്പുന്നതും, മുഷ്ടി ചുരുട്ടി മുഖത്ത് കുത്തുന്നതുമായ കാഴ്ചകൾ കണ്ടിട്ട് ആ യേശു തന്നെയാണോ ഈ സിംഹാസനത്തിൽ ഇരിക്കുന്നതെന്ന് അത്ഭുതപ്പെട്ട് കർത്താവിന്റെ മുഖത്തേക്ക് ആശ്ചര്യത്തോട് നോക്കിയ മാത്രയിൽ അഗ്നിജ്വാലക്കൊത്ത കണ്ണിലേക്ക് നോക്കുവാൻ കഴിയാതെ താൻ വിറച്ച് താഴെ വീണു. ഒരു ദൂതൻ വന്നിട്ട് എണീറ്റു നില്ക്കുവാൻ തന്നോട് കല്പിച്ചിട്ട് കർത്താവിന്റെ കൈകളിലേക്ക് നോക്കുവാൻ കല്പിച്ചു. താനും ന്യായാധിപസംഘവും കൂടി വിസ്തരിച്ച യേശുതന്നെയാണെന്ന് മനസ്സിലായപ്പോൾ താനേ മുട്ടുകുത്തി കൈകൂപ്പി ക്ഷമിക്കണേ എന്നപേക്ഷിച്ചു. അപ്പോൾ ദൂതൻ തന്റെ അടുത്ത് വന്നിട്ട് 'യേശുക്രിസ്തു കർത്താവ്' എന്ന് ഉറക്കെ പറയുവാൻ ആജ്ഞാപിച്ചു. കയ്യാഫാവിന്റെ ശക്തിയെല്ലാം എടുത്ത് ദൂതൻ കല്പിച്ചതുപോലെ ചെയ്തിട്ട് തന്നെയും മാറ്റി നിർത്തി.

## ഹെരോദാവ്

കയ്യാഫാവിനുശേഷം വിസ്തരിച്ചത് ഹെരോദാവിനെയാണ്. ആരുടെയും മുമ്പിൽ തലകുനിച്ചിട്ടില്ലാത്ത

വ്യക്തിയാണവൻ. വെള്ളസിംഹാസനത്തിനു മുമ്പിൽ വന്ന ഹെരോദാവ്: ആരാണീ സിംഹാസനത്തിലിരിക്കുന്ന ന്യായാധിപനെന്ന് കാണ്മാനുള്ള ആഗ്രഹത്താൽ ഒന്നു നോക്കിയപ്പോൾ ആഗ്നിജ്വാലക്കൊത്ത കണ്ണുകളുള്ള ന്യായാധിപന്റെ മുഖത്തേക്ക് നോക്കുവാൻ കഴിയാത വണ്ണം ഭയവശനായി വിറയ്ക്കുവാൻ തുടങ്ങി. താനും പട യാളികളും ചേർന്ന് യേശുവിനെ വിസ്തിരിക്കുന്നതും പരി ഹസിക്കുന്നതുമായ രംഗങ്ങൾ തന്റെ മുമ്പിൽ പ്രദർശി പ്പിച്ചപ്പോൾ തന്റെ മുട്ടുകൾ വിറയ്ക്കുവാൻ തുടങ്ങി. അങ്ങനെ ഹെരോദാവ് വിറച്ചുനില്ക്കുമ്പോൾ ഒരു ദൂതൻ തന്റെ അടുത്തു വന്നിട്ട്: ഈ സിംഹാസനത്തിൽ ഇരി ക്കുന്നത് ആരാണെന്ന് നിനക്കറിയാമോ എന്ന് ചോദിച്ചു കൊണ്ട് രാജാവിന്റെ കൈയ്യിലേക്ക് നോക്കുവാൻ ആജ്ഞാപിച്ചിട്ട് പറഞ്ഞു: നീ വിസ്തരിച്ച യേശുകർത്താ വാണെന്ന് പറഞ്ഞമാത്രയിൽ ഹെരോദാവ് സ്തംഭിച്ച് തല താഴ്ത്തി നിന്നു. ദൂതൻ തന്നെ തൊട്ടിട്ട് പറഞ്ഞു: നീ രാജാവിന്റെ മുമ്പിൽ മുട്ടുകുത്തി കർത്താവിനെ നോക്കി 'യേശുക്രിസ്തു കർത്താവ്' എന്ന് ഉറക്കെ വിളിച്ചുപറ യുവാൻ കല്പിച്ചു. ദൂതൻ കല്പിച്ചതുപോലെ ഹെരോ ദാവ് ചെയ്തു.

## പീലാത്തോസ്

ഹെരോദാവിന്റെ പിന്നാലെ വിസ്താരത്തിനു വന്നത് പീലാത്തോസാണ്. നിലയങ്കിധരിച്ച്, മാറത്ത് പൊൻകച്ച യും, തലയിൽ രാജമുടികളും, കയ്യിൽ ചെങ്കോലും പിടിച്ച് സിംഹാസനത്തിൽ ഇരിക്കുന്ന ന്യായാധിപനെ പീലാ ത്തോസ് നോക്കിയപ്പോൾ, യേശുവിനെ ക്രൂശിപ്പാൻ മന സ്സില്ലാതെ വിട്ടയപ്പാൻ പലവട്ടം ശ്രമിച്ച പീലാത്തോസി നോട് കർത്തിവിന് അല്പം മനസ്സലിവ് തോന്നിയിട്ട് കർത്താവ് കൈകാലുകളിലെ മുറിവുകൾ പീലാത്തോ

സിനെ കാണിച്ചു. താൻ പലവട്ടം വിസ്തരിച്ച ക്രിസ്തുവാണ് സിംഹാസനത്തിൽ ഇരിക്കുന്നതെന്നറിഞ്ഞപ്പോൾ തന്റെ മുട്ടുകൾ ആടാൻ തുടങ്ങി. പീലാത്തോസ് ന്യായാസനത്തിലിരുന്ന് യേശുവിനെ വിസ്തരിച്ച രംഗങ്ങളും വാറുകൊണ്ട് അടിപ്പിച്ചതും എല്ലാം ഓരോന്നായി തന്റെ മുമ്പിൽ പ്രദർശിപ്പിച്ചുകാട്ടി. നീ യെഹൂദന്മാരുടെ രാജാവോ എന്ന് ചോദിക്കുന്നതും എനിക്ക് നിന്നെ ക്രൂശിപ്പാനും നിന്നെ വിട്ടയപ്പാനും അധികാരമുണ്ടെന്ന് നീ അറിയുന്നില്ലയോ എന്ന് ചോദിക്കുന്ന രംഗം കണ്ടപ്പോൾ പീലാത്തോസ് വിറച്ച് താഴെ വീണു. (ദൈവത്തിന്റെ ഏറ്റവും പ്രിയ പുരുഷനായ ദാനീയേലും (ദാനീ. 10:6–10), യേശു ഏറ്റവും അധികം സ്നേഹിച്ച ശിഷ്യനായ യോഹന്നാനും കർത്താവിനെ ദർശിച്ചപ്പോൾ ബോധം കെട്ട് മരിച്ചവനെപ്പോലെ വീണു എങ്കിൽ (വെളി. 1:17), പീലാത്തോസ് കർത്താവിന്റെ മുമ്പിൽ വീഴാതിരിക്കുമോ?) അപ്പോൾ ഒരു ദൂതൻ വന്ന് തന്നെ തൊട്ടിട്ട്: ഈ സിംഹാസനത്തിൽ ഇരിക്കുന്നത് ആരാകുന്നു എന്നറിയാമോ എന്ന് ചോദിച്ചപ്പോൾ വിറച്ചുകൊണ്ട് യെഹൂദന്മാരുടെ രാജാവ് എന്ന് പറഞ്ഞു. കാരണം യെഹൂദന്മാരുടെ രാജാവെന്ന മേലെഴുത്ത് ക്രൂശിന്മേൽ എഴുതി പതിപ്പിച്ചത് പെട്ടെന്ന് തന്റെ ഓർമ്മയിൽ വന്നിട്ട് പറഞ്ഞതാണ്. ദൂതൻ പറഞ്ഞു: നീ മുട്ടുമടക്കി വണങ്ങി, അത്യുച്ചത്തിൽ 'യേശു ക്രിസ്തു കർത്താധികർത്താവ്, രാജാധി രാജാവ്' എന്ന് വിളിച്ച് പറയുവാൻ കല്പിച്ചു. ദൂതൻ പറഞ്ഞതുപോലെ പീലാത്തോസ് അനുസരിച്ചു.

## അന്ത്യവിധി

വെള്ളസിംഹാസനത്തിലെ ന്യായവിസ്താരം എല്ലാം കഴിഞ്ഞ ശേഷം രാജാവിന്റെ അന്ത്യവിധിക്കായി എല്ലാവരും കാത്തുനില്ക്കുകയാണ്. രാജാവിന്റെ മുമ്പിൽവെച്ച്

'യേശുക്രിസ്തു കർത്താവ്' എന്ന് പറഞ്ഞതിനാൽ നമുക്ക് വലിയ ശിക്ഷയൊന്നും തരികയില്ലെന്ന് പലരും തമ്മിൽ തമ്മിൽ പറയുന്നുണ്ട്. കർത്താവ് കരുണയും മനസ്സലിവും ഉള്ളവനാണെന്ന് ഉപദേശിമാർ പറയുന്നത് കേട്ടിട്ടുണ്ടല്ലോ. അതുകൊണ്ട് നമ്മെ നരകത്തിൽ വിടുകയില്ലെന്ന് മറ്റു ചിലർ പറയുന്നു. ഹന്നാവും കയ്യാഫാവും ഹെരോദാവും പീലാത്തോസും മാറിനിന്ന് ഗൗരവമേറിയ സംഭാഷണത്തിൽ ഏർപ്പെട്ടിരിക്കയാണ്. പീലാത്തോസ് ഹന്നാവിനെയും കയ്യാഫാവിനെയും പഴിചാരി സംസാരിക്കയാണ്, നിങ്ങൾ എന്നെ നിർബന്ധിപ്പിച്ചതുകൊണ്ടല്ലേ ഞാൻ യേശുവിനെ മരണശിക്ഷക്ക് വിധിച്ചതെന്നും, അവൻ മരണകരമായ യാതൊരു കുറ്റവും ചെയ്തിട്ടില്ലെന്ന് ഞാൻ പലപ്രാവശ്യം പറഞ്ഞിട്ടും നിങ്ങൾ ജനത്തെ ഇളക്കി ക്രൂശിപ്പാൻ നിർബന്ധിച്ചു. അപ്പോൾ ഹന്നാവും കയ്യാഫാവും പീലാത്തോസിനോടു: ഞങ്ങൾ നിർബന്ധിച്ചാലും നിനക്കല്ലേ ക്രൂശിപ്പാൻ അധികാരമുള്ളത്, നീയല്ലേ ക്രൂശിപ്പാൻ വിധിച്ചത്, ഇങ്ങനെ എല്ലാവരും വലിയ സംസാരത്തിൽ ഏർപ്പെട്ടിരിക്കുമ്പോൾ ഒരു ദൂതൻ മുമ്പോട്ട് വന്നിട്ട് അത്യുച്ചത്തിൽ; രാജാവിന്റെ വിധി കേട്ടുകൊൾവിൻ....! ഇവിടെ നില്ക്കുന്ന നിങ്ങളുടെ ആരുടെയും പേരുകൾ ജീവപുസ്തകത്തിൽ ഇല്ലാത്തതിനാൽ നിങ്ങൾക്കുള്ള ഓഹരി പാതാളത്തിൽ കത്തുന്ന തീപ്പൊയ്കയത്രേ എന്ന് ദൂതൻ പ്രഖ്യാപിച്ചപ്പോൾ അവർ ഓരോരുത്തരായി നിലവിളിക്കുവാനും, ശപിക്കുവാനും, ദുഷിക്കുവാനും, പല്ലുകടിച്ച് കോപിഷ്ടരാകുവാനും തുടങ്ങി, പലരും കർത്താവിന്റെ മുമ്പിൽ വീണ് നമസ്കരിച്ച് മനസ്സലിയണമെ എന്നപേക്ഷിച്ചു. എന്നാൽ രാജാവ് ഒരു ദയയും കാണിക്കാതെ, ശപിക്കപ്പെട്ടവരേ! എന്നെവിട്ടു പിശാചും അവന്റെ ദൂതന്മാരും

കിടക്കുന്ന നിത്യാഗ്നിയിലേക്കു പോകുവിൻ എന്നുള്ള കല്പനയിങ്കൽ ശക്തന്മാരായ ദൂതന്മാർ വന്ന് എല്ലാവരേയും തീപ്പൊയ്കയിലേക്ക് തള്ളിക്കളഞ്ഞു.

മാന്യ സുഹൃത്തേ!

മുകളിൽ വിശദീകരിച്ച ന്യായവിസ്താരം ഒരു തമാശയായി താങ്കൾക്ക് തോന്നിയേക്കാം. മനുഷ്യരുടെ മരണശേഷം അങ്ങനെ ഒരു വിസ്താരം ഉണ്ടെന്നുള്ളത് താങ്കൾ വിശ്വസിക്കുന്നില്ലായിരിക്കാം. എന്നാൽ വിശുദ്ധഗ്രന്ഥത്തിൽ വളരെ വ്യക്തവും ശക്തവുമായി പറഞ്ഞിരിക്കുന്നു: ഒരിക്കൽ മരിക്കയും പിന്നെ ന്യായവിധിയും മനുഷ്യർക്ക് ദൈവം നിയമിച്ചിരിക്കുന്നു എന്നും (എബ്രാ. 9:27), ന്യായവിധി എല്ലാം പുത്രനു കൊടുത്തിരിക്കുന്നു (യോഹ. 5:22) എന്നും.

നാം അധിവസിക്കുന്ന ഈ ലോകവും അതിലുള്ള സകലവും സൃഷ്ടിച്ച് ദൈവം മനുഷ്യർക്ക് നല്കിയിരിക്കയാണ്. മനുഷ്യർ ഈ ഭൂമിയിൽ സന്തുഷ്ടനായി ജീവിക്കുവാൻ സൌജന്യമായി നല്കിയിരിക്കുന്ന വായു, വെള്ളം, പ്രകാശം, ആഹാരം, കാലാവസ്ഥ, കുടുംബം, ആരോഗ്യം എന്നീ വിലപ്പെട്ട നന്മകളുടെ ഉറവിടം ദൈവമല്ല എന്ന് ഒരുവന് എങ്ങനെ പറയുവാൻ കഴിയും? ദൈവം ദാനമായി തന്ന സകലനന്മകൾക്കും അനുഗ്രഹങ്ങൾക്കും നാം ദൈവത്തിന് നന്ദി കരേറ്റുന്നുണ്ടോ? ദൈവം ദാനമായി നല്കിയിരിക്കുന്ന സകലനന്മകളും അനുഗ്രഹങ്ങളും നാം അനുഭവിച്ച് സന്തോഷമുള്ളവരായി ജീവിക്കുമ്പോൾ നീ നിന്റെ സൃഷ്ടിതാവായ ദൈവത്തെ മറക്കരുതെന്നും ദൈവത്തിനു നന്ദി കരേറ്റണമെന്നും ദൈവം കല്പിക്കുമ്പോൾ (ആവ. 8:17–19) അങ്ങനെ ചെയ്യാതിരുന്നാൽ മനുഷ്യർ ദൈവസന്നിധിയിൽ നന്ദികെട്ടവരും കല്പന ലംഘിക്കുന്നവരുമായി തീരുന്നുവല്ലോ.

സൃഷ്ടാവായ ദൈവത്തെക്കുറിച്ച് ദൈവം മനുഷ്യന് വിവിധ നിലയിൽ മനസ്സിലാകത്തക്കവണ്ണം വെളിപ്പെടുത്തികൊടുത്തിട്ടും അവനെ ദൈവം എന്നോർത്ത് മഹത്വീകരിക്കുകയോ നന്ദികാണിക്കുകയോ ചെയ്യാതെ തങ്ങളുടെ നിരൂപണങ്ങളിൽ മനുഷ്യർ വ്യർത്ഥരായിത്തീർന്നു എന്ന് തിരുവചനം പറയുന്നു (റോമ. 1:19–21)

ഒരു വിഗ്രഹം ഉണ്ടാക്കി നമസ്ക്കരിക്കയോ സേവിക്കയോ ചെയ്യരുതെന്ന് കല്പിച്ച ദൈവത്തിന്റെ കല്പന തള്ളിക്കളഞ്ഞ് മനുഷ്യർ ഇന്ന് ഏതെല്ലാം രൂപത്തിൽ എന്തെല്ലാം വിഗ്രഹങ്ങൾ ഉണ്ടാക്കി നമസ്കരിച്ച് ദൈവത്തെ കോപിപ്പിക്കുന്നു. സൃഷ്ടിച്ചവനെക്കാൾ സൃഷ്ടിയെ മനുഷ്യർ ആരാധിക്കുന്നു. ദൈവത്തിന് കൊടുക്കേണ്ട മഹത്വവും ആരാധനയും വിഗ്രഹങ്ങൾക്കും സൃഷ്ടികൾക്കും നല്കുന്നു. ഈ വക മ്ലേച്ഛതകൾ പ്രവർത്തിക്കുന്ന മനുഷ്യരെ ദൈവം ന്യായംവിധിക്കാതിരിക്കുമോ? തീർച്ചയായും വിധിക്കും. “അകൃത്യം നിമിത്തം നീ മനുഷ്യനെ ദണ്ഡനങ്ങളാൽ ന്യായം വിധിച്ച് ശിക്ഷിക്കുന്നു” എന്ന് തിരുവചനം പറയുന്നു (സങ്കീ. 39:11).

കർത്താവിന്റെ നാമവും സുവിശേഷവും നിമിത്തം രക്തസാക്ഷികളായി മരിച്ചവരുടെ ആത്മാക്കൾ സ്വർഗ്ഗത്തിൽ കർത്താവിനോട് നിലവിളിച്ചുകൊണ്ടിരിക്കുന്നു. വിശുദ്ധ പ്രവാചകന്മാരെയും, അപ്പൊസ്തലന്മാരെയും, ലോകത്തിന്റെ വിവിധ ഇടങ്ങളിലായി അനേകം ദൈവമക്കളെയും കൊന്നവരെ ദൈവം ന്യായംവിധിച്ച് ശിക്ഷിക്കാതിരിക്കുമോ? ദൈവന്യായവിധിയിൽ നിന്നും അങ്ങനെയുള്ളവർ തെറ്റി ഒഴിയുമെന്ന് കരുതുന്നുവോ? ഇല്ല, ഒരിക്കലുമില്ല. **“നിന്റെ ദാസന്മാരുടെ രക്തം ചിന്നിയതിന്റെ പ്രതികാരം ഞങ്ങൾ കാൺകെ ജാതികളുടെ ഇടയിൽ വെളിപ്പെടുമാറാകട്ടെ”** (സങ്കീ. 79:10) എന്ന്

അവരുടെ ആത്മാക്കൾ ദൈവത്തോട് നിലവിളിച്ചുകൊണ്ടിരിക്കുന്നു. “വിശുദ്ധനും, സത്യവാനുമായ നാഥാ, ഭൂമിയിൽ വസിക്കുന്നവരോട് ഞങ്ങളുടെ രക്തത്തെക്കുറിച്ച് നീ എത്രത്തോളം ന്യായവിധിയും പ്രതികാരവും നടത്താതെയിരിക്കും എന്ന് അവർ ഉറക്കെ നിലവിളിച്ചു (വെളി. 6:10).

പാപംമൂലം ദൈവത്തിൽ നിന്നും ദൈവീക കൂട്ടായ്മയിൽ നിന്നും അകന്നുപോയ മനുഷ്യനെ ദൈവത്തിങ്കലേക്ക് മടക്കികൊണ്ടുവരുവാൻ കരുണാസമ്പന്നനായ ദൈവം തന്റെ പുത്രനെ ലോകത്തിൽ അയച്ച് കാൽവറിയിൽ ക്രൂശിൽ യാഗമാക്കി. ദൈവം മാനവജാതിയുടെ പാപത്തിന് കൊടുത്ത വില എത്രയോ വിലയേറിയതെന്ന് ചിന്തിക്കുക. കാൽവറിയിൽ യാഗമായ ദൈവപുത്രനിൽ വിശ്വസിക്കുന്ന ഒരുവന് പാപക്ഷമയും നിത്യജീവനും വരുവാൻ പോകുന്ന ന്യായവിധിയിൽ നിന്നുള്ള വിടുതലും ദൈവം വാഗ്ദത്തം ചെയ്തിരിക്കുന്നു. മനുഷ്യർ ചെയ്യേണ്ടത്; ദൈവം ദാനമായി തന്ന രക്ഷ വിശ്വാസത്താൽ പ്രാപിക്കുക മാത്രം ചെയ്താൽ മതി.

മാന്യസ്നേഹിതാ! താങ്കൾ ഇതുവരെയും യേശുവിനെ നിന്റെ കർത്താവും രക്ഷിതാവുമായി ഹൃദയത്തിൽ സ്വീകരിച്ചിട്ടില്ല എങ്കിൽ, കർത്താവായ യേശു നിന്റെ പാപപരിഹാരത്തിനായി ക്രൂശിൽ മരിച്ചുവെന്ന് വിശ്വസിച്ചുകൊണ്ട്, പാപങ്ങളെ ഏറ്റുപറഞ്ഞ് യേശുവിനെ ഹൃദയത്തിൽ കർത്താവായി സ്വീകരിക്കുക, അപ്പോൾ നിന്റെ പേർ ജീവപുസ്തകത്തിൽ എഴുതപ്പെടും. സ്വർഗ്ഗത്തിലെ വിശുദ്ധദൂതന്മാർ അതിന് സാക്ഷികളാകുന്നു. അങ്ങനെ ജീവപുസ്തകത്തിൽ പേരെഴുതപ്പെട്ട നീയും മുകളിൽ വിശദീകരിച്ച അന്ത്യന്യായവിധിക്കായി കർത്താവിന്റെ വെള്ളസിംഹാസനത്തിനു മുമ്പിൽ നില്ക്കേണ്ടി വരിക

യില്ല. സാത്താനും അവന്റെ ദൂതന്മാരും കിടക്കുന്ന നരകത്തിൽ, തീപ്പൊയ്കയിൽ, അന്ധകാരം നിറഞ്ഞ, പുഴു അരിക്കുന്ന, നിത്യം ദണ്ഡനം അനുഭവിച്ച് കഴിയുന്ന അവസ്ഥയെപ്പറ്റി ചിന്തിക്കുവാൻ കഴിയുമോ? ഈ അഭ്യർത്ഥന നിസ്സാരമായി തള്ളിക്കളയാതെ യേശുവിനെ കർത്താവായി സ്വീകരിക്കുക. ദൈവം താങ്കളെ അനുഗ്രഹിക്കട്ടെ.

❑

# PART - II

# ഭൂലോകവും ഭൂലോകരും

# 15
# ഭൂമിയുടെ ഉല്പത്തി

ആദിയിൽ ദൈവം ആകാശവും ഭൂമിയും സൃഷ്ടിച്ചു എന്ന് വിശുദ്ധബൈബിളിൽ പറഞ്ഞിരിക്കുന്ന (ഉല്പ. 1:1) ഭൂമിയുടെ ഉല്പത്തിയെക്കുറിച്ച് ചിന്തിക്കുമ്പോൾ ദൈവം ഭൂമിയെ എപ്പോൾ സൃഷ്ടിച്ചുവെന്ന് ആർക്കും പറയുവാൻ കഴിയുന്നതല്ല. ദൈവം മനുഷ്യനെ സൃഷ്ടിക്കുന്നതിനു അനേകായിരമല്ല, കോടാനുകോടി വർഷങ്ങൾക്ക് മുന്നമെ ദൈവം ഭൂമിയെ സൃഷ്ടിച്ചു എന്നാണ് മനസ്സിലാക്കുവാൻ കഴിയുന്നത്. ദൈവമാണ് ഭൂമിക്ക് അടിസ്ഥാനമിട്ടതെന്നും അതിന്റെ ദൈർഘ്യം എത്രയെന്ന് നിശ്ചയിച്ചതും, ഭൂമിയുടെ അടിസ്ഥാനം ഏതിന്മേൽ ഉറപ്പിച്ചുയെന്നും, ഭൂമിയുടെ സൃഷ്ടിപ്പ് നടത്തിയപ്പോൾ ദൈവപുത്രന്മാർ (ദൂതന്മാർ) സന്തോഷിച്ചാർത്ത വിവരങ്ങൾ എല്ലാം ദൈവം മനുഷ്യനു വെളിപ്പെടുത്തികൊടുത്തിരിക്കുന്നു (ഇയ്യോ. 38:4–7).

വിശുദ്ധബൈബിളിലെ ആദ്യപുസ്തകമായ ഉല്പത്തി മുതൽ അവസാന പുസ്തകമായ വെളിപ്പാടുവരെ സൃഷ്ടാവായ ദൈവത്തെയും ദൈവസൃഷ്ടിപ്പിനെയും വെളിപ്പെടുത്തിയിരിക്കുന്നു. ഉല്പ.1 : 1–ൽ ദൈവസൃഷ്ടിയായ ആദ്യത്തെ ആകാശത്തെയും, ഭൂമിയെയുംപ്പറ്റി പറഞ്ഞിരിക്കുമ്പോൾ, വെളിപ്പാട് 21 :1 ൽ പുതിയആകാശത്തെയും പുതിയഭൂമിയെയും വെളിപ്പെടുത്തി തന്നിരിക്കുന്നു.

അങ്ങനെ സ്വർഗ്ഗത്തിലുള്ളതും, ഭൂമിയിലുള്ളതും, ദൃശ്യമായതും, അദൃശ്യമായതും സകലവും സൃഷ്ടിച്ച ദൈവത്തെ വിശുദ്ധബൈബിൾ നമുക്ക് വെളിപ്പെടുത്തിതന്നിരിക്കുന്നു. അതേ, ഈ പ്രപഞ്ചത്തിലും ആകാശത്തിലും, ആകാശവിതാനത്തിലുള്ള സകലത്തേയും സൃഷ്ടിച്ചത് സൃഷ്ടാവായ ദൈവം തന്നേ.

നാം അധിവസിക്കുന്ന ഈ പ്രപഞ്ചവും അതിലുള്ള സകലത്തെയും ദൈവം സൃഷ്ടിച്ചുവെന്ന് പറഞ്ഞിരിക്കുന്ന ചില വേദഭാഗങ്ങൾ ശ്രദ്ധിക്കുക:

“ആദിയിൽ ദൈവം ആകാശവും ഭൂമിയും സൃഷ്ടിച്ചു (ഉല്പ. 1:1)

“താൻ ഉണ്ടാക്കിയതിനെ ഒക്കെയും ദൈവം നോക്കി, അതു എത്രയും നല്ലതെന്ന് കണ്ടു” (ഉല്പ. 1:31).

“ഇങ്ങനെ ആകാശവും, ഭൂമിയും അവയിലുള്ള ചരാചരങ്ങളൊക്കെയും തികഞ്ഞു. താൻ ചെയ്തപ്രവർത്തി ഒക്കെയും ദൈവം തീർത്തശേഷം താൻചെയ്ത സകല പ്രവർത്തിയിൽ നിന്നും ഏഴാം ദിവസം നിവൃത്തനായി” (ഉല്പ. 2:1–2).

“ആകാശവും ഭൂമിയും ഉണ്ടാക്കിയവനായി യിസ്രായേലിന്റെ ദൈവമായ യഹോവ വാഴ്ത്തപ്പെട്ടവൻ” (2 ദിന. 2:12).

“നീ ഒരുത്തൻ മാത്രം ഭൂമിയിലെ സർവ്വരാജ്യങ്ങൾക്കും ദൈവമാകുന്നു; നീ ആകാശത്തെയും ഭൂമിയെയും ഉണ്ടാക്കി” (യെശ. 37:16).

“താൻ ഭൂമിയെ ഉണ്ടാക്കി അതിൽ മനുഷ്യനെയും സൃഷ്ടിച്ചു; എന്റെ കൈതന്നെ ആകാശത്തെ വിരിച്ചു, അതിലെ സകലസൈന്യത്തെയും ഞാൻ കല്പിച്ചാക്കിയിരിക്കുന്നു” (യെശ. 45:12,18).

“നീ ആകാശത്തെയും, സ്വർഗ്ഗാധിസ്വർഗ്ഗത്തെയും അവയിലെ സകലസൈന്യത്തെയും ഭൂമിയെയും അതിലുള്ള സകലത്തെയും സമുദ്രങ്ങളെയും അവയിലുള്ള സകലത്തെയും ഉണ്ടാക്കി” (നെഹ. 9:6).

“എന്റെ കൈ ഭൂമിക്കു അടിസ്ഥാനമിട്ടു...” (യെശ. 48:13)

‘‘കടലും, കരയും ഉണ്ടാക്കിയ യഹോവ...’’ (യോനാ1:9)

“എന്റെ സഹായം ആകാശത്തെയും ഭൂമിയെയും ഉണ്ടാക്കിയ യഹോവയിങ്കൽനിന്നു വരുന്നു” (സങ്കീ. 121:2, 124:8).

“നിങ്ങൾ ഈ വ്യർത്ഥകാര്യങ്ങളെ വിട്ട്, ആകാശവും, ഭൂമിയും, സമുദ്രവും അവയിലുള്ള സകലവും ഉണ്ടാക്കിയ ജീവനുള്ള ദൈവത്തിങ്കലേക്ക് തിരിയേണം...” (അ.പ്ര. 14:15, 17:24).

ആദിയിൽ ദൈവം സൃഷ്ടിച്ച ഭൂമി പാഴും, ശൂന്യവുമായിത്തീർന്നുവെന്ന് ഉല്പത്തി 1:2ൽ പറഞ്ഞിരിക്കുന്നുവല്ലോ. ദൈവത്തിന്റെ ശ്രേഷ്ഠദൂതനായിരുന്ന ലൂസിഫെറിന്റെയും, മറ്റ് കോടാനുകോടി ദൂതന്മാരുടെയും അധീനതയിലും ആധിപത്യത്തിലുമായിരുന്ന ആദ്യഭൂമി പാഴും ശൂന്യവുമായിത്തീരുവാനുള്ള കാരണം ഈ ഗ്രന്ഥത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന ‘സാത്താന്റെ ഉത്ഭവം’ എന്ന ഭാഗം ശ്രദ്ധിക്കുക.

ദൈവം ഭൂമിയെ എന്ന് സൃഷ്ടിച്ചുവെന്ന് ആർക്കും പറയുവാൻ കഴിയാത്തതുപോലെ ഭൂമി എത്രനാൾ പാഴായും, ശൂന്യമായും കിടന്നു എന്നതും ആർക്കും പറയുവാൻ കഴികയില്ല. ചില ഭൂഗർഭശാസ്ത്രജ്ഞന്മാർ കണ്ടെടുക്കപ്പെട്ട പാറക്കഷണങ്ങളും മറ്റ്ചില അവശിഷ്ടങ്ങളും (fosils)

ഗവേഷണം ചെയ്തിട്ട് കോടിക്കണക്കിന് വർഷങ്ങളുടെ പഴക്കം പറയുന്നതായി കേട്ടിട്ടുണ്ട്. അതിൽ അതിശയോക്തിയില്ല കാരണം; അവർ കണക്കാക്കപ്പെട്ടതിലും കൂടുതൽ വർഷത്തെ പഴക്കം ഭൂമിക്ക് ഉണ്ടായിരിക്കാം എന്നുള്ളതാണ് സത്യം. പാഴും ശൂന്യവുമായി കിടന്ന ഭൂമിയാണ് ദൈവം മനുഷ്യനുവേണ്ടി പുനർനിർമ്മിക്കപ്പെട്ട ആദാമ്യ ഭൂമി.

നാം അധിവസിക്കുന്ന ഈ പ്രപഞ്ചത്തെക്കുറിച്ചും അതിലെ നിവാസികളായ മനുഷ്യവർഗ്ഗത്തെക്കുറിച്ചും കൂടുതലായി വിശദീകരിക്കേണ്ട ആവശ്യമുണ്ടോ എന്ന് തോന്നുന്നില്ല. ദൈവം മനുഷ്യനു നല്കിയിരിക്കുന്ന ഈ പ്രപഞ്ചം എത്ര മനോഹരമായിരിക്കുന്നു എന്ന് ഏതൊരു വ്യക്തിക്കും തന്റെ ബുദ്ധിമണ്ഡലത്തിൽ ഗ്രഹിക്കുവാൻ കഴിയും. മനുഷ്യനെ ദൈവം സൃഷ്ടിക്കുന്നതിന് മുമ്പായി അവന് ഈ പ്രപഞ്ചത്തിൽ ജീവിക്കുന്നതിനാധാരമായ സകലവും ദൈവം സൃഷ്ടിച്ച് നല്കിയിരിക്കുന്നു.

സൃഷ്ടാവായ ദൈവത്തിന്റെ മഹത്വകരമായ സൃഷ്ടിപ്പിനെപ്പറ്റി വിശുദ്ധബൈബിളിലെ ആദ്യപുസ്തകമായ ഉല്പത്തി ഒന്നും രണ്ടും അദ്ധ്യായങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്നു. ദൈവസൃഷ്ടിപ്പിനെപ്പറ്റി വളരെ ചുരുക്കമായി രണ്ട് അദ്ധ്യായങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്നതിനാൽ ദൈവസൃഷ്ടിയുടെ മാഹാത്മ്യം എത്ര അഗാധമായവയാണെന്നുള്ളത് സാധാരണ മനുഷ്യബുദ്ധിക്കു ഗ്രഹിക്കുവാൻ കഴിയുന്നതല്ല. അനേകം നൂറ്റാണ്ടുകൾ കഴിഞ്ഞിട്ടും, അനേകം സംസ്ക്കാരങ്ങളും തലമുറകളും മാറിമാറി വരികയും പോകയും ചെയ്തിട്ടും, ഈ ലോകത്തിലെ ജ്ഞാനികൾക്കും വിവേകികൾക്കും മനസ്സിലാക്കുവാനോ, ഗ്രഹിക്കുവാനോ കഴിയാതവണ്ണം ദൈവത്തിന്റെ സകല സൃഷ്ടികളും ആകാശമണ്ഡലങ്ങളിലും ഈ പ്രപ

ഞ്ചത്തിലും നിലനിന്നുകൊണ്ട് അതാതിന്റെ പ്രവൃത്തികൾ വിഘ്നം കൂടാതെ തുടർന്നുകൊണ്ടിരിക്കുന്നു. “അവന്റെ നിത്യശക്തിയും ദിവ്യത്വവുമായി അവന്റെ അദൃശ്യലക്ഷണങ്ങൾ ലോകസൃഷ്ടി മുതൽ അവന്റെ പ്രവൃത്തികളാൽ ബുദ്ധിക്ക് തെളിവായി വെളിപ്പെട്ടുവരുന്നു. അവർക്ക് പ്രതിവാദമില്ലാതിരിക്കേണ്ടതിന് തന്നേ” (റോമ. 1:20).

❑

# 16
# മനുഷ്യസൃഷ്ടിപ്പ്

ഭൂമിയുടെ ഉല്പത്തിയെക്കുറിച്ച് മുകളിൽ നാം കണ്ടുവല്ലോ? ദൈവം പുനർനിർമ്മിക്കപ്പെട്ട ഭൂമിയിൽ ജീവിക്കുവാൻ മണ്ണുകൊണ്ട് ദൈവം മനുഷ്യനെ സൃഷ്ടിച്ചു. ഈ പ്രപഞ്ചത്തിലെ പ്രകൃതിക്കും കാലാവസ്ഥയ്ക്കും അധിഷ്ഠിതമായി ജീവിക്കുവാനുള്ള ഒരു ശരീരമാണ് ദൈവം മനുഷ്യനു നല്കിയിരിക്കുന്നത്.

## മണ്ണിൽ നിന്നെടുത്ത ശരീരം

"യഹോവയായ ദൈവം നിലത്തെ പൊടികൊണ്ടു മനുഷ്യനെ നിർമ്മിച്ചു" (ഉല്പ. 2:7).

"നിലത്തുനിന്ന് നിന്നെ എടുത്തിരിക്കുന്നു, അതിൽ തിരികെ ചേരുവോളം..." (ഉല്പ. 3:19).

"സകല ജഡവും ഒരുപോലെ കഴിഞ്ഞുപോകും; മനുഷ്യൻ പൊടിയിലേക്കു മടങ്ങിച്ചേരും" (ഇയ്യോ. 34:15).

"നീ മർത്യനെ പൊടിയിലേക്ക് മടങ്ങിച്ചേരുമാറാക്കുന്നു" (സങ്കീ. 90:3).

"എല്ലാം ഒരു സ്ഥലത്തേക്ക് തന്നേ പോകുന്നു; എല്ലാം പൊടിയിൽ നിന്നുണ്ടായി, എല്ലാം വീണ്ടും പൊടിയായിത്തീരുന്നു" (സഭാ.പ്ര. 3:20).

"പൊടി പണ്ട് ആയിരുന്നതുപോലെ ഭൂമിയിലേക്കു തിരികെ ചേരും" (സഭാ.പ്ര. 12:7).

## മനുഷ്യനിലുള്ള നിത്യാത്മാവ്

ദൈവം മനുഷ്യനെ സൃഷ്ടിച്ചത് മറ്റെല്ലാജീവജാലങ്ങളിൽനിന്നും വളരെ വ്യത്യസ്തമായിട്ടാകുന്നു എന്ന് തിരുവചനം വെളിപ്പെടുത്തിത്തരുന്നതിനോടൊപ്പം മനുഷ്യനിൽ നിക്ഷിപ്തമായിരിക്കുന്ന ആത്മാവിനാൽ നാം അറിയുന്ന യാഥാർത്ഥ്യമാണ്. നിലത്തിലെ പൊടികൊണ്ട് ദൈവം മനുഷ്യനെ നിർമ്മിച്ചിട്ട് അവന്റെ മൂക്കിൽ ദൈവത്തിന്റെ ജീവശ്വാസം ഊതിയതിനാൽ മനുഷ്യൻ ജീവനുള്ള ദേഹിയായിത്തീർന്നു. ദൈവത്തിന്റെ ജീവശ്വാസം (ആത്മാവ്) മനുഷ്യന്റെയുള്ളിൽ ഉള്ളതിനാൽ മനുഷ്യൻ മറ്റുള്ള ജീവികളെക്കാൾ ബുദ്ധിയുള്ള, അത്ഭുത, അനശ്വര, ആത്മജീവിയാണ്.

ദൈവം സൃഷ്ടിച്ച സകല ജീവജാലങ്ങളെയും അപേക്ഷിച്ച് 'മനുഷ്യൻ' അത്ഭുതജീവിയാണെന്ന് പറയുവാൻ അനേക കാരണങ്ങൾ ഉണ്ട്:-

- മനുഷ്യൻ അമർത്യമായ ആത്മാവുള്ള ആത്മജീവിയാണ്.
- നന്മതിന്മകൾ അഥവാ നല്ലതും തീയതും, ശരിയും തെറ്റും തമ്മിൽ തിരിച്ചറിയുവാനുള്ള കഴിവ് മനുഷ്യനിൽ ദൈവം നല്കിയിരിക്കുന്നു.
- ബുദ്ധി, ജ്ഞാനം, കഴിവ്, ചിന്താശക്തി, ഓർമ്മശക്തി, തീരുമാനശക്തി, ഇച്ഛ, ആസ്വദിക്കുവാനുള്ള കഴിവ്, അനുസരിക്കുവാനും തിരസ്ക്കരിക്കുവാനുമുള്ള വ്യക്തിസ്വാതന്ത്ര്യത്തിന്റെ ഉടമ ഇങ്ങനെ അനേക സവിശേഷതകൾ മനുഷ്യനിൽ മാത്രം നിക്ഷിപ്തമായിരിക്കുന്നു. "ഭയങ്കരവും അതിശയവുമായി എന്നെ സൃഷ്ടിച്ചിരിക്കയാൽ ഞാൻ നിനക്ക് സ്തോത്രം ചെയ്യുന്നു" എന്ന് സങ്കീർത്തനക്കാരൻ പറയുവാനുള്ള കാരണം മുകളിൽ പറഞ്ഞവതന്നേ (സങ്കീ.

139:14).

സകലജനത്തിന്റെയും ആത്മാക്കളുടെ ഉടയവൻ മനുഷ്യനെ സൃഷ്ടിച്ച യഹോവയായ ദൈവം മാത്രമാണ്. യഹോവയായ ദൈവമല്ലാതെ വേറൊരു സൃഷ്ടിതാവില്ല. ഏതു മനുഷ്യനും ദൈവവുമായി ബന്ധപ്പെടുവാൻ, ദൈവത്തോട് ചേരുവാൻ കാംക്ഷിക്കുന്നതിന്റെ കാരണം മനുഷ്യന്റെ ഉള്ളിൽ ദൈവം നല്കിയിരിക്കുന്ന ആത്മാവ് ഉള്ളതിനാലത്രേ. ചില വേദഭാഗങ്ങൾ ശ്രദ്ധിക്കുക:

- സകല ജനത്തിന്റെയും ആത്മാക്കൾക്കു ഉടയവനാകുന്ന ദൈവമേ... (സംഖ്യ. 16:22; 27:17).
- ദൈവത്തിന്റെ ആത്മാവു എന്നെ സൃഷ്ടിച്ചു; സർവ്വശക്തന്റെ ശ്വാസം എനിക്കു ജീവനെ തരുന്നു (ഇയ്യോ. 33:4).
- തന്റെ ആത്മാവിനെയും ശ്വാസത്തെയും മടക്കി എടുത്തെങ്കിൽ (ഇയ്യോ. 34:14).
- മനുഷ്യന്റെ ആത്മാവിനെ അവന്റെ ഉള്ളിൽ നിർമ്മിക്കുകയും ചെയ്തിരിക്കുന്ന യഹോവ (സെഖ. 12:1)
- ആത്മാവു അതിനെ നല്കിയ ദൈവത്തിന്റെ അടുക്കലേക്കു മടങ്ങിപ്പോകും (സഭാ. 12:7).

മൃഗം, പക്ഷി, ഇഴജാതി മുതലായ എല്ലാ ജീവജാലങ്ങളും ചത്ത് മണ്ണിൽ ലയിച്ചുചേരുന്നതോടുകൂടി അതിന്റെ അവസാനം കുറിക്കുന്നു. എന്നാൽ മനുഷ്യന്റെ അവസ്ഥ മരണംകൊണ്ട് അവസാനിക്കുന്നില്ല. മരണം മറുലോകത്തിലേക്കുള്ള തുടക്കമാണ്. ഈ ഭൂമിയിൽ ദൈവം മനുഷ്യന് ജീവിക്കുവാൻ അനുവദിച്ചിട്ടുള്ള സമയം കഴിയുമ്പോൾ മണ്ണിൽ നിന്നെടുത്ത ശരീരം മണ്ണിനോടു ചേരു

കയും ആത്മാവ് അവർക്കായി ഒരുക്കിയിരിക്കുന്ന അദൃശ്യലോകത്തിൽ എത്തിച്ചേരുകയും ചെയ്യുന്നു.

ദൈവം തന്റെ സ്വരൂപത്തിലും സാദൃശ്യത്തിലും മനുഷ്യനെ സൃഷ്ടിച്ചു; ആണും പെണ്ണുമായി അവരെ സൃഷ്ടിച്ചിട്ട് അവരെ അനുഗ്രഹിച്ച് പറഞ്ഞത്: നിങ്ങൾ സന്താനപുഷ്ടിയുള്ളവരായി പെരുകി ഭൂമിയിൽ നിറഞ്ഞ് അതിനെ അടക്കി, സമുദ്രത്തിലെ മത്സ്യത്തിന്മേലും ആകാശത്തിലെ പറവജാതിയിന്മേലും സകലഭൂചരജന്തുവിന്മേലും വാഴുവീൻ എന്ന് കല്പിച്ചു (ഉല്പ. 1:27-28; 9:7).

"യഹോവയായ ദൈവം മനുഷ്യനെ കൂട്ടിക്കൊണ്ടുപോയി ഏദെൻതോട്ടത്തിൽ വേലചെയ്യുന്നതിനും അതിനെ കാപ്പാനും തോട്ടത്തിലുള്ള സകലത്തെയും സംരക്ഷിപ്പാനും അങ്ങനെ ദൈവത്തിന്റെ പ്രതിനിധിയായി ഭൂമിയിലുള്ള സകലത്തെയും അടക്കി ഭരിക്കുവാൻ ദൈവം മനുഷ്യനു അധികാരവും പദവിയും നൽകി (ഉല്പ. 2:15). "നിന്റെ കൈകളുടെ പ്രവർത്തികൾക്കു നീ അവനെ അധിപതിയാക്കി, സകലത്തെയും അവന്റെ കീഴെയാക്കിയിരിക്കുന്നു" (സങ്കീ. 8:6-8).

മുകളിൽ ഉദ്ധരിച്ചവേദഭാഗം ശ്രദ്ധിച്ചാൽ, സകലത്തിന്മേലും വാഴുവീൻ എന്നും, അധിപതിയാക്കി എന്നും, സകലത്തെയും അവന്റെ കാല്ക്കീഴാക്കിയിരിക്കുന്നു എന്നും പറഞ്ഞിരിക്കുന്നതിനാൽ ഒരു രാജാവിന്റെ പദവിയും അധികാരവുമാണ് ആദമിനു ദൈവം നല്കിയതെന്ന് മനസ്സിലാക്കാം. നോക്കുക, ദൈവം മനുഷ്യനു കൊടുത്ത പദവിയും സ്ഥാനവും ഉത്തരവാദിത്വവും എത്ര മഹത്വമേറിയതാകുന്നു. മനുഷ്യൻ സന്താനപുഷ്ടിയുള്ളവനായി ഭൂമിയിൽ നിറയുവാനാണ് ദൈവം കല്പിച്ചതും മനുഷ്യനിൽനിന്നും ദൈവം ആഗ്രഹിക്കുന്നതും. ദൈവശുശ്രൂഷകൾക്കായി, ദൈവസേവയ്ക്കായി,

ദൈവത്തെ ആരാധിപ്പാനായി സ്വർഗ്ഗത്തിൽ കോടാനു കോടി ദൂതഗണങ്ങളെ സൃഷ്ടിച്ചാക്കിയിരിക്കുന്നതുപോലെ, ദൈവം സൃഷ്ടിച്ച പ്രപഞ്ചത്തിലും മനുഷ്യർ പെരുകി ഭൂമിയിൽ ദൈവീക ആരാധനയും ദൈവീകശുശ്രൂഷകളും കൂട്ടായ്മയും ഉണ്ടായി, ഈ ഭൂമി ദൈവമഹത്വംകൊണ്ട് നിറഞ്ഞിട്ട് മനുഷ്യനുമായുള്ള കൂട്ടായ്മ ദൈവം ആസ്വദിപ്പാനുമായിട്ടാണ് മനുഷ്യനെ ഏദെനിൽ ആക്കിയത്. ദൈവത്തിന്റെ സ്വരൂപത്തിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ട മനുഷ്യന് സ്വർഗ്ഗീയ ദൂതന്മാരെക്കാൾ ശ്രേഷ്ഠമായ സ്ഥാനമായിരുന്നു ദൈവം നല്കിയത്.

❑

# 17
# മരണകല്പന

ദൈവം ആദാമിനെ സൃഷ്ടിച്ചിട്ട് ഏദെൻ തോട്ടത്തിൽ വേലചെയ്വാനും അതിനെ കാപ്പാനുമായി അവിടെ ആക്കിയിട്ട് മനുഷ്യനോടു കല്പിച്ചത്: തോട്ടത്തിലെ സകല വൃക്ഷങ്ങളുടെയും ഫലം നിനക്ക് ഇഷ്ടംപോലെ തിന്നാം. എന്നാൽ നന്മതിന്മകളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷത്തിന്റെ ഫലം തിന്നരുത്; തിന്നുന്ന നാളിൽ നീ മരിക്കും (ഉല്പ. 2:15-17).

ദൈവം ഈ കല്പന കൊടുക്കുമ്പോൾ സ്ത്രീയെ ദൈവം സൃഷ്ടിച്ചിട്ടില്ല എന്ന് അറിഞ്ഞിരിക്കേണം. ദൈവം ആദമിനെ ഏല്പിച്ച ജോലി താൻ വിശ്വസ്തതയോടെ ചെയ്തുപോന്നു. എത്രനാൾ താൻ തനിയെ ദൈവകല്പന ലംഘിക്കാതെ വിശ്വസ്തതയോടെ തോട്ടം കാക്കുകയും തോട്ടത്തിൽ വേലചെയ്തും വിലക്കപ്പെട്ട വൃക്ഷഫലം തിന്നാതെയും കഴിഞ്ഞു എന്ന് അറിഞ്ഞുകൂടാ. തന്റെ സഹവാസം മൃഗങ്ങളോടും പക്ഷികളോടും കൂടെ ആയിരുന്നു. അവയോട് സംസാരിച്ചും പരിചരിച്ചും ഇണങ്ങിയും വളരെ സൗഹാർദ്ദത്തിൽ കഴിഞ്ഞുപോന്നു.

അനന്തരം യഹോവയായ ദൈവം: മനുഷ്യൻ ഏകനായിരിക്കുന്നതു നന്നല്ല; ഞാൻ അവനു തക്കതായൊരു തുണയെ ഉണ്ടാക്കിക്കൊടുക്കും എന്ന് അരുളിച്ചെയ്തു

(ഉല്പ. 2:18). ഇവിടെ 'അനന്തരം' എന്ന് പറഞ്ഞിരിക്കുന്നത് ദൈവം സകല മൃഗപക്ഷിജാലങ്ങളെയും തന്റെ വാക്കിനാൽ ഉളവാക്കി, നാളുകൾക്കുശേഷമാണ് ആദമിനു തക്ക തുണയായ സ്ത്രീയെ ഉണ്ടാക്കിയതെന്ന് അർത്ഥമാക്കുന്നുവല്ലോ. ആദമും തന്റെ ജീവിതപങ്കാളിയായ ഹവ്വായും തമ്മിലുള്ള ജീവിതത്തിൽ ആദാം ഹവ്വായോടു ദൈവത്തെക്കുറിച്ചും തോട്ടത്തിലെ വിലക്കപ്പെട്ട വൃക്ഷഫലത്തെക്കുറിച്ചും കർശനമായി ഉപദേശിച്ചിരുന്നു എന്ന് പാമ്പും സ്ത്രീയുമായുള്ള സംഭാഷണത്തിൽ നിന്നും വ്യക്തമാകുന്നു.

## മരണം

മരണം എന്ന് കേൾക്കുമ്പോൾ ഭയപ്പെടാത്ത ആരും തന്നെ ഭൂമിയിൽ ഉണ്ടോ എന്ന് തോന്നുന്നില്ല. മരിക്കുവാൻ ആരും ഇഷ്ടപ്പെടുന്നില്ല. ദീർഘനാൾ ജീവിച്ചിരിക്കുവാനാണ് എല്ലാമനുഷ്യരും ആഗ്രഹിക്കുന്നത്. എത്ര പ്രായാധിക്യത്തിലായാലും തീരാരോഗിയായിരുന്നാലും ഈ ലോകത്തോടും തങ്ങളുടെ ഉറ്റവരോടും വേർപെട്ട് പിരിയുവാൻ ആരും ഇഷ്ടപ്പെടുന്നില്ല. മനുഷ്യർ എല്ലാവരും മരണത്തിന് അധീനരാണ്. മരണം എന്നു പറയുമ്പോൾ ദേഹവിയോഗം എന്നാണ് നാം അർത്ഥമാക്കുന്നതെങ്കിലും വേദപുസ്തകത്തിൽ മരണം "വേർപിരിയൽ" എന്ന നിലയിലാണ് പ്രയോഗിച്ചിരിക്കുന്നത്. മരണം ഒരവസ്ഥ എന്നു പറയാമെങ്കിലും നശിച്ചുപോകുക, ഇല്ലാതാകുക എന്ന നിലയിൽ വേദപുസ്തകത്തിൽ ഒരിടത്തും പറഞ്ഞിട്ടില്ല.

പാപത്താൽ മനുഷ്യർക്ക് ലഭ്യമായ അവസ്ഥയാണ് മരണം (യോഹ. 8:21, 5:24). ഏദൻ തോട്ടത്തിൽ അറിവിന്റെ വൃക്ഷഫലം തിന്നനാളിൽ മരണം സംഭവിച്ചു. ഈ മരണത്തിൽ മനുഷ്യനും ദൈവവുമായുള്ള ബന്ധം

വേർപിരിഞ്ഞു (ഉല്പ. 2:17, 3:8). ദുഃഖവും നിരാശയും ഭയവും നിറഞ്ഞ തള്ളപ്പെട്ട അവസ്ഥയിലേക്ക് മനുഷ്യൻ മാറ്റപ്പെട്ടു. വേണ്ടപ്പെട്ടവരെ ദുഃഖത്തിലാഴ്ത്തി ശാരീരിക മരണത്തിൽ ശരീരവും ആത്മാവും തമ്മിൽ വേർപിരിയുന്നു. ഭാവിയിൽ വരാനിരിക്കുന്ന നിത്യമരണത്തിൽ ദൈവവും മനുഷ്യനും തമ്മിൽ എന്നേക്കുമായി വേർപിരിഞ്ഞ് നിത്യാഗ്നിയിൽ നിത്യദണ്ഡനം അനുഭവിക്കുന്ന അവസ്ഥയിലേക്ക് മാറ്റപ്പെടുന്നു (മത്താ. 18:8, 25:46). പാപത്താൽ മരണമുണ്ടായി. ആ മരണം ആദാം ചെയ്ത പാപത്താൽ ലോകത്തിൽ പ്രവേശിച്ചു. എന്നാൽ യേശുക്രിസ്തുവിലൂടെ പാപമോചനം ലഭിച്ച് ജീവൻ പ്രാപിച്ചവർ നിത്യമരണത്തിൽ നിന്ന് മുക്തരാണ്. മരണം ഭയാനകവും അതോടൊപ്പം ഏറ്റവും ദുഃഖത്തെ ഉളവാക്കുന്നതുമാണ്. മനുഷ്യനെ സംബന്ധിച്ചിടത്തോളം മൂന്ന് മരണത്തിന് അവൻ അധീനനാണ്.

a) **ആത്മാവ് സംബന്ധമായ മരണം** (Spiritual Death)

b) **ശാരീരികമായ മരണം** (Physical Death)

c) **നിത്യ മരണം** (Eternal Death)

a) **ആത്മാവ് സംബന്ധമായ മരണം** (Spiritual Death):

ആദമും ഹവ്വായും ദൈവകല്പന ലംഘിക്കാതെ ദീർഘനാൾ ഏദെൻപറുദീസയിൽ ജീവിച്ചു എന്ന് മനസ്സിലാക്കാം. ദൈവവുമായുള്ള സമ്പർക്കവും കൂട്ടായ്മയും എന്നും അവർ അനുഭവിച്ചുകൊണ്ടിരുന്നു (ഉല്പ. 3:8). അങ്ങനെ ആദമും ഹവ്വായും സന്തോഷമായി ഏദെനിൽ ജീവിച്ചുവരവെ ശത്രുവായ, മരണാധികാരിയായ, ഉപായിയായ പിശാച് ഇവരെക്കൊണ്ട് ദൈവകല്പന ലംഘിപ്പിച്ച് ദൈവത്തിൽനിന്നും അകറ്റുവാൻ തക്കതായ ഉപായം പ്രയോഗിക്കുവാൻ തീരുമാനിച്ചു. ലൂസിഫെറാ

യിരുന്ന തന്നെ ദൈവസന്നിധിയിൽ നിന്നും തള്ളിക്കള ഞ്ഞതുപോലെ ആദമിനെ ആക്കിവെച്ച സ്ഥാനത്തു നിന്നും തള്ളിക്കളയുക എന്നതായിരുന്നു സാത്താന്റെ ലക്ഷ്യം. ദൈവതേജസ്സിനാലും ബഹുമാനത്താലും അണി യപ്പെട്ടിരുന്ന ആദമിന്റെ തേജസ്സും ബഹുമാനവും നഷ്ട പ്പെടുത്തി ദൈവവുമായുള്ള കൂട്ടായ്മയിൽ നിന്നും അകറ്റി തന്നെ അനുസരിക്കുന്ന വെറും സാധാരണ മനുഷ്യനാ ക്കിത്തീർക്കുന്നതിനുള്ള തന്ത്രങ്ങൾ സാത്താൻ ചിന്തി ക്കുവാൻ തുടങ്ങി.

സാത്താൻ ഏദെനിൽ കയറുന്നതിന് മുമ്പായി തോട്ട ത്തിന് ചുറ്റും നല്ല നിരീക്ഷണം ചെയ്ത് സകല മൃഗങ്ങ ളെയും പക്ഷികളെയും നിരീക്ഷിച്ച് പഠനം നടത്തിയിരി ക്കണം. ദൈവതേജസ്സിനാൽ ആവരണീയരായ ആദം-ഹവ്വാമാരിൽ പിശാചിന് പ്രവേശിക്കുവാൻ കഴികയില്ലെന്ന് മനസ്സിലായതിനാൽ അവന്റെ തന്ത്രം പ്രയോഗിക്കുവാൻ പറ്റിയത് കൌശലമേറിയ പാമ്പുതന്നെ ആണെന്ന് മന സ്സിലായി. പിശാച് തോട്ടത്തിൽ കടന്ന് ആദമിനെയും ഹവ്വായെയും ശ്രദ്ധിച്ചുകൊണ്ടിരുന്നു. അവർ രണ്ടുപേരും ഒരുമിച്ച് സഞ്ചരിക്കുന്നു, ഒരുമിച്ച് വേലചെയ്യുന്നു, ഒരു മിച്ച് വസിക്കുന്നു. അവർ രണ്ടുപേരും ഒരുമിച്ചായിരിക്കു ന്നിടത്തോളം പിശാചിന് തന്റെ തന്ത്രം പ്രയോഗിക്കുവാൻ കഴികയില്ലെന്ന് മനസ്സിലായി. ഹവ്വാ തനിയെ തോട്ടത്തിൽ ആയിരിക്കുന്ന സമയം പിശാച് നീരീക്ഷിച്ച് കൊ ണ്ടിരുന്നു. അങ്ങനെ പലദിവസങ്ങൾ നിരീക്ഷിച്ച് കാത്തി രിക്കവേ ഒരു ദിവസം ഇതാ ഹവ്വാ തനിയെ തോട്ടത്തിലെ സൗന്ദര്യം ആസ്വദിച്ച് ഉലാവി നടക്കുന്നു. ഇതു പറ്റിയ അവസരം എന്ന് മനസ്സിലാക്കിയ പിശാച് പാമ്പിൽ പ്രവേ ശിച്ചിട്ട് വിലക്കപ്പെട്ട വൃക്ഷത്തിൽ കയറിപ്പറ്റി. ഹവ്വാ നടന്ന് നീങ്ങി ഒടുവിൽ അവളുടെ കണ്ണ് വിലക്കപ്പെട്ട വൃക്ഷഫ

ലത്തിന്മേൽ ചെന്ന് പറ്റി. അവളുടെ മനസ്സ് മന്ത്രിച്ചു, ഹാ നോക്കൂ! ആ വൃക്ഷഫലം മറ്റെല്ലാവൃക്ഷഫലത്തേക്കാൾ കാണ്മാൻ എത്ര ഭംഗിയുള്ളതാണ്. ആ ഫലം മാത്രം ഇതുവരെയും തിന്നിട്ടില്ലല്ലോ? അതിന്റെ രുചി എങ്ങനെയുള്ളതായിരിക്കും? ഇങ്ങനെ ചിന്തിച്ചുകൊണ്ട് വിലക്കപ്പെട്ട വൃക്ഷത്തിനോട് അടുത്തെത്തിയപ്പോൾ ഇതാ വൃക്ഷത്തിൽ നിന്നും പാമ്പ് സംസാരിക്കുന്നു: തോട്ടത്തിലെ യാതൊരു വൃക്ഷത്തിന്റെ ഫലവും നിങ്ങൾ തിന്നരുതെന്ന് ദൈവം വാസ്ഥവമായി കല്പിച്ചിട്ടുണ്ടോ എന്ന് ചോദിച്ചപ്പോൾ സ്ത്രീ പാമ്പിനോട്: തോട്ടത്തിലെ വൃക്ഷങ്ങളുടെ ഫലം ഞങ്ങൾക്ക് തിന്നാം; എന്നാൽ നിങ്ങൾ മരിക്കാതിരിക്കേണ്ടതിന് തോട്ടത്തിന്റെ നടുവിലുള്ള വൃക്ഷത്തിന്റെ ഫലം തിന്നരുത്, തൊടുകയും അരുത് എന്ന് ദൈവം കല്പിച്ചിട്ടുണ്ട് എന്ന് പറഞ്ഞു. പാമ്പു സ്ത്രീയോടു: നിങ്ങൾ മരിക്കയില്ല നിശ്ചയം. നോക്കൂ, ഈ ഫലം എത്ര മാധുര്യമേറിയതാണെന്നോ, ഞാൻ ഈ തോട്ടത്തിലെ എല്ലാ ഫലവും തിന്നിട്ടുണ്ട്; ഈ തോട്ടത്തിലുള്ളതിൽ വെച്ച് ഏറ്റവും നല്ലതും മാധുര്യമേറിയതും ഈ ഫലം മാത്രമാണ്. ഈ ഫലം കാണ്മാൻ ഭംഗിയുള്ളതുപോലെ തിന്നാനും വളരെ രുചിയുള്ളതാണ്. സ്ത്രീയിൽ ജിജ്ഞാസ വർദ്ധിച്ചു (നമ്മുടെ ചില സഹോദരിമാർ തനിയെ ഷോപ്പിംഗിനുപോയി വിദഗ്ധരായ വില്പനക്കാരുടെ (salesman) കയ്യിൽ അകപ്പെടുന്നതുപോലെ). പാമ്പ് സംസാരം തുടർന്നു: തോട്ടത്തിലെ എല്ലാവൃക്ഷഫലവും തിന്നരുതെന്ന് ദൈവം കർശനമായി കല്പിച്ചിട്ടൊന്നുമില്ലല്ലോ? ഈ ഫലം തിന്നാൽ നിങ്ങൾ നന്മതിന്മകളെ അറിയുന്നവരായി, ജ്ഞാനപൂർണ്ണരായി ഈ ഭൂമിയിലുള്ളതും, സ്വർഗ്ഗത്തിലുള്ളതും എല്ലാം കാണത്തക്കവണ്ണം നിങ്ങളുടെ കണ്ണു തുറക്കും, അങ്ങനെ

നിങ്ങൾ എല്ലാം അറിയുന്ന ദൈവത്തെപ്പോലെ ആകും. അതുകൊണ്ട് ഇതാ ഒന്ന് രുചി നോക്കുവാൻ മാത്രം ഒരെണ്ണം പറിച്ചു തിന്നുക. ഒരെണ്ണം അച്ചായനും കൊണ്ട് കൊടുക്ക്. ഇതെല്ലാം നമുക്ക് അനുഭവിക്കുവാൻ ദൈവം സൃഷ്ടിച്ചുതന്നതല്ലേ. ഒരു പ്രാവശ്യം ഒന്നു രുചിനോക്കിയത് കൊണ്ട് നിങ്ങൾക്ക് ഒന്നും സംഭവിക്കയില്ല.

നന്മതിന്മകളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷത്തിൻ ഫലം തിന്നരുതെന്ന് മാത്രമാണ് ദൈവം കല്പിച്ചത് (ഉല്പ. 2:17). എന്നാൽ തൊടുകയും അരുത് എന്ന് സ്ത്രീ പാമ്പിനോടു പറഞ്ഞത് (ഉല്പ. 3:3) ആദമിന്റെ അസാന്നിദ്ധ്യത്തിൽ അബദ്ധവശാൽ യാതൊരുവിധത്തിലും തന്റെ ജീവിതസഖിയായ സ്ത്രീ ദൈവകല്പന വളരെ ഗൗരവമായി (serious) എടുക്കുവാനും അത് ലംഘിക്കാതിരിക്കുവാനും ആദാം ഹവ്വായോടു പറഞ്ഞിരിക്കാം ആ വൃക്ഷഫലം തൊടരുതെന്ന്. കാരണം; ദൈവകല്പന ലംഘിച്ചാൽ മരണം സംഭവിക്കുമെന്നുള്ളത് തീർച്ചയായ കാര്യമാണെന്ന് ആദമിന് അറിയാമായിരുന്നു.

പാമ്പിന്റെ സംശയാസ്പദമായ ചോദ്യവും സംസാരവും വിവേചിച്ചിട്ട് സ്ത്രീ പാമ്പിനോടു പറയേണ്ടിയിരുന്നു: ഇതിനെപ്പറ്റി കൂടുതലായി എനിക്കറിഞ്ഞുകൂടാ എന്റെ ഭർത്താവിനറിയാം, അദ്ദേഹത്തോടു ചോദിക്കുക. ഞാൻ അദ്ദേഹത്തെ വിളിച്ചുകൊണ്ട് വരാം; അല്ലങ്കിൽ ദൈവം എന്നും തോട്ടത്തിൽ വരുന്നുണ്ടല്ലോ, ദൈവത്തോടു ഒന്നുകൂടി ചോദിച്ചിട്ട് ഈ ഫലം തിന്നുന്ന കാര്യം തീരുമാനിക്കാം എന്ന് സ്ത്രീ പാമ്പിനോടു പറഞ്ഞിരുന്നുവെങ്കിൽ സാത്താൻ തീർച്ചയായും തോട്ടത്തിന് വെളിയിൽ പോകുമായിരുന്നു. സ്ത്രീ പാപത്തിൽ അകപ്പെടുകയുമില്ലായിരുന്നു. പിശാചിന്റെ കൗശലമേറിയ സംസാരത്താൽ അവന്റെ ചതിയിൽ അകപ്പെടുവാൻത

ക്കവണ്ണം സ്ത്രീയെ ഏൽപ്പിച്ചുകൊടുത്തു. ഇന്നും അനേകർ ദൈവകല്പന നിസ്സാരമായി എടുക്കുകയും തിരുവചന സത്യങ്ങൾ കോട്ടിമാറ്റി മാനുഷിക കല്പനകൾക്ക് പ്രാധാന്യം കൊടുത്ത് അവയെ അനുസരിക്കുവാൻ സാത്താൻ അനേകരിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു.

സ്ത്രീ പാമ്പിന്റെ വശീകരണ സംസാരത്തിൽ ലയിച്ച് ദൈവകല്പന ഗൗരവമായി എടുക്കാതെ പിശാചിന്റെ വാക്കിനു കീഴ്പെട്ട് രണ്ടു കനികൾ പറിച്ചു വേഗത്തിൽ ആദമിന്റെ അടുക്കൽ എത്തി, ഒരു കനി ആദമിന് കൊടുത്തിട്ട് മറ്റേ കനി അവൾ തിന്നു. തന്റെ പ്രിയപ്പെട്ടവൾ കൊടുത്ത കനി ചോദ്യം ചെയ്യാതെ അവൻ വാങ്ങി ത്തിന്നു. ഉടനെ അവരിൽ നിന്നും ദൈവതേജസ്സ് നഷ്ടപ്പെട്ടു, അവരുടെ കണ്ണുകൾ തുറന്നു, തങ്ങൾ നഗ്നരെന്നറിഞ്ഞു. ഒരുപക്ഷേ ഹവ്വാ കനികൾ പറിച്ചപ്പോൾ തന്നെ തിന്നിരിക്കാം. അവളിൽ കണ്ട മാറ്റം മനസ്സിലാക്കിയ ആദാം ചോദിച്ചിരിക്കാം നീ വിലക്കപ്പെട്ട വൃക്ഷഫലം തിന്നുവോ എന്ന്. പാമ്പ് തന്നോടു പറഞ്ഞതെല്ലാം ഹവ്വാ ആദമിനോടു വിശദീകരിച്ച് പറഞ്ഞിരിക്കാം. തന്റെ അസ്ഥിയിൽ നിന്ന് അസ്ഥിയും മാംസത്തിൽ നിന്ന് മാംസവുമായ താൻ സ്നേഹിക്കുന്ന തന്റെ ജീവിതപങ്കാളിയെ എന്നേക്കുമായി നഷ്ടപ്പെടാതിരിക്കുവാൻ ഹവ്വാ കൊടുത്ത കനി താൻ മനഃപൂർവ്വം തിന്നു എന്നും ചിന്തിക്കുന്നതിൽ തെറ്റില്ലല്ലോ?

പാപത്തിന്റെ ശമ്പളം മരണം അത്രെ എന്നും (റോമ. 6:23) പാപം ചെയ്യുന്ന ദേഹി മരിക്കേണം എന്നതുമാണ് ദൈവവ്യവസ്ഥയും (യെഹ. 18:4,20) സ്വർഗ്ഗീയ കോടതിയുടെ തീരുമാനവും. സ്വർഗ്ഗത്തിലെ ശ്രേഷ്ഠദൂതന്മാരാകട്ടെ, വലിയ പ്രവാചകനാകട്ടെ ശ്രേഷ്ഠമഹാപുരുഹിതനാകട്ടെ ആരായിരുന്നാലും പാപം ചെയ്യുന്ന ദേഹി മരി

ക്കേണം. ദൈവം കല്പിക്കുന്നത്: സകല ദേഹികളും എനിക്കുള്ളവർ; അപ്പന്റെ പ്രാണനും മകന്റെ പ്രാണനും ഒരുപോലെ എനിക്കുള്ളത്; പാപം ചെയ്യുന്ന ദേഹി മരിക്കും (യെഹ. 18:4) (The soul that sinneth, it shall die).

സ്വർഗ്ഗത്തിൽ ദൈവത്തെ ആരാധിക്കുന്ന കോടാനുകോടി ദൂതഗണങ്ങളുടെ പ്രധാനിയായി സ്വർഗ്ഗീയാരാധനയ്ക്ക് നേതൃത്വം കൊടുത്തുകൊണ്ട് ദൈവസിംഹാസനത്തിന് അടുത്തായിരുന്ന ലൂസിഫെർ പാപം ചെയ്തപ്പോൾ യാതൊരു ആദരവും കാണിക്കാതെ തന്നെ ആക്കിയിരുന്ന സ്ഥാനത്തുനിന്നും ദൈവം തള്ളിക്കളഞ്ഞു. ആയതുപോലെ ദൈവത്തിന്റെ സ്വരൂപത്തിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ട ദൈവത്തിന്റെ മകനായ ആദാം (ലൂക്കൊ. 3:38) പാപം ചെയ്തപ്പോൾ ദൈവം തന്നെ ആക്കിവെച്ച സ്ഥാനത്തുനിന്നും, പദവിയിൽനിന്നും നീക്കിക്കളഞ്ഞു. നമ്മുടെ ദൈവത്തിന്റെ പക്കൽ നീതികേടില്ല, മുഖപക്ഷവുമില്ല.

നന്മതിന്മകളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷഫലം തിന്നരുത്; തിന്നുന്ന നാളിൽ നിങ്ങൾ മരിക്കും എന്നു ദൈവം കല്പിച്ചപ്രകാരം ആദമിലും ഹവ്വായിലും മരണം സംഭവിച്ചു. അവരിൽ സംഭവിച്ച മരണം ശാരീരികമരണമല്ല പിന്നെയോ; ആത്മാവ് സംബന്ധമായ മരണമാണെന്ന് മനസ്സിലാക്കുവാൻ പ്രയാസമില്ലല്ലോ? ദൈവകല്പന ലംഘിച്ച് പാപം ചെയ്ത ആദ്യമനുഷ്യനെയും സ്ത്രീയേയും ദൈവം ഏദെനിൽനിന്നും പുറത്താക്കിയിട്ട് അതിലേക്കുള്ള പ്രവേശനം നിഷേധിച്ചുകൊണ്ട് കെരൂബുകളെ കാവലാക്കി നിർത്തി (ഉല്പ. 3:24). അതിനുശേഷം ആദാം ദീർഘകാലം ജീവിച്ചിരുന്ന് പുത്രന്മാരെയും പുത്രിമാരെയും ജനിപ്പിച്ചു എന്നും ആദമിന്റെ ആയുഷ്കാലം തൊള്ളായിരത്തിമുപ്പതു സംവത്സരം

ആയിരുന്നു എന്നും തിരുവചനത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു (ഉല്പ. 5:5).

മനുഷ്യനിൽ സംഭവിച്ച ആത്മാവ് സംബന്ധമായ മരണത്തെക്കുറിച്ച് കണ്ടുവല്ലോ? മനുഷ്യൻ ജീവനുള്ളവൻ എങ്കിലും, പാപം മനുഷ്യനിൽ വാഴുകയാൽ അവൻ ജീവിച്ചിരിക്കുമ്പോൾത്തന്നെ പാപംമൂലം ആത്മാവ് സംബന്ധമായി മരിച്ച അവസ്ഥയിലാണ്. അതുകൊണ്ട് തിരുവചനം പറയുന്നു, ഏകമനുഷ്യനാൽ പാപവും പാപത്താൽ മരണവും ലോകത്തിൽ കടന്നു. ഇങ്ങനെ എല്ലാവരും പാപം ചെയ്കയാൽ മരണം സകല മനുഷ്യരിലും പരന്നിരിക്കുന്നു (റോമ. 5:15).

‘‘ഏകന്റെ ലംഘനത്താൽ അനേകർ മരിച്ചു എങ്കിൽ...” (റോമ. 5:15).

‘‘ഏകന്റെ ലംഘനത്താൽ മരണം ആ ഏകൻ നിമിത്തം വാണു....” (റോമ. 5:17).

“പാപം മരണത്താൽ വാണതുപോലെ....” (റോമ. 5:21).

“മോഹം ഗർഭം ധരിച്ച് പാപത്തെ പ്രസവിക്കുന്നു; പാപം മുഴുത്തിട്ടു മരണത്തെ പെറുന്നു” (യാക്കോ. 1:15).

പാപം മൂലം മരണത്തിനധീനരായിത്തീർന്ന നമ്മുടെ പൂർവ്വ മാതാപിതാക്കളായ ഹവ്വായ്ക്കും ആദാമിനും പിറന്ന മക്കൾ മുതൽ ഭൂമിയിൽ പിറന്ന് വീഴുന്ന സകലമാനവജാതികളും പാപത്തിൽ പിറന്നവരാകുന്നു എന്ന് തിരുവചനം പറയുന്നു. അതുകൊണ്ടത്രെ സങ്കീർത്തനക്കാരനായ ദാവീദ് പറയുന്നത് “ഇതാ ഞാൻ അകൃത്യത്തിൽ ഉരുവായി; പാപത്തിൽ എന്റെ അമ്മ എന്നെ ഗർഭം ധരിച്ചു” (സങ്കീ. 51:5). “ഒരു വ്യത്യാസവുമില്ല, എല്ലാവരും പാപം ചെയ്ത് ദൈവതേജസ്സില്ലാത്തവ

രായിത്തീർന്നു" (റോമ. 3:23). പാപിയായ മനുഷ്യൻ ആത്മാവ് സംബന്ധമായി മരിച്ച അവസ്ഥയിൽ ആയതു കൊണ്ടാണ് അവന് ദൈവീക കാര്യങ്ങളിൽ താൽപ്പര്യ മില്ലാതെ ദൈവത്തിന്റെ ശബ്ദത്തിന് കീഴ്പെടാതെ, ദൈവത്തെ അനുസരിക്കാതെ ദൈവീകകൂട്ടായ്മയിൽ നിന്നും അകന്നകന്ന് ഒടുവിൽ നിത്യമരണത്തിൽ ചെന്ന വസാനിക്കുന്നത്.

മനുഷ്യൻ പാപിയായി ജീവിച്ചിരിക്കുമ്പോൾ അവൻ പാപത്തിന്റെ ദാസനായിട്ടാണ് കഴിയുന്നത്. അതിന്റെ അവസാനം നിത്യമരണവുമാണ് (റോമ. 6:16,21). ഈ നിത്യമരണത്തിൽ നിന്നും എങ്ങനെ രക്ഷപ്രാപിക്കുമെ ന്നുള്ളതിനെപ്പറ്റി അവസാനത്തിൽ വിസ്തരിക്കുന്നുണ്ട്.

പാപിയായ ഒരു വ്യക്തി ആത്മാവ് സംബന്ധമായി മരിച്ച അവസ്ഥയിലാണെന്ന് പറഞ്ഞിരിക്കുന്ന ചില വേദ ഭാഗങ്ങൾ ഉദ്ധരിക്കുന്നത് ശ്രദ്ധിക്കുക:

"യേശു അവനോടു: നീ എന്റെ പിന്നാലെ വരിക, മരിച്ചവർ തങ്ങളുടെ മരിച്ചവരെ അടക്കം ചെയ്യട്ടെ" (മത്താ. 8:22).

"ജഡത്തിന്റെ ചിന്ത മരണം.." (റോമ. 8:6).

"എല്ലാവർക്കുംവേണ്ടി ഒരുവൻ മരിച്ചിരിക്കെ എല്ലാവരും മരിച്ചു എന്നും...." (2 കൊരി. 5:14).

"അതിക്രമങ്ങളാലും പാപങ്ങളാലും മരിച്ചവരായിരുന്ന നിങ്ങളെയും അവൻ ഉയിർപ്പിച്ചു'' (എഫെ. 2:1).

''അതിക്രമങ്ങളാൽ മരിച്ചവരായിരുന്ന നമ്മെ..." (എഫെ. 2:5).

"അതുകൊണ്ട്: ഉറങ്ങുന്നവനേ, ഉണർന്ന് മരിച്ചവരുടെ ഇടയിൽനിന്ന് എഴുന്നേല്ക്ക..." (എഫെ. 5:14).

“അതിക്രമങ്ങളിലും, നിങ്ങളുടെ ജഡത്തിന്റെ... മരിച്ചവരായിരുന്ന...” (കൊലൊ. 2:13).

“കാമുകിയായവളോ ജീവിച്ചിരിക്കയിൽ തന്നെ ചത്തവൾ” (1 തിമൊ. 5:6).

ഇങ്ങനെ പാപിയായ മനുഷ്യൻ ദൈവത്തിൽനിന്നും വേർപെട്ടവനാകയാൽ (മരിച്ച അവസ്ഥ) അവനിലുള്ള ആത്മാവ് ദൈവാത്മവിനാൽ പുനർജീവിക്കുന്നതുവരെ (regeneration) അവൻ മരിച്ച അവസ്ഥയിലാണെന്ന് പറഞ്ഞുകൊണ്ട് ഇവിടെ ചുരുക്കുന്നു.

പിശാച് ആദ്യമാതാപിതാക്കളെക്കൊണ്ട് ദൈവകല്പന ലംഘിപ്പിച്ച് പാപത്തിൽ വീഴ്ത്തിയതിനാൽ മനുഷ്യരിലും, ഭൂമിയിലും വായു മണ്ഡലത്തിലും, അന്തരീക്ഷത്തിലും സകല മൃഗ-പക്ഷി-ഭൂചര ജന്തുക്കളിലും ആകമാനം വലിയ വ്യതിയാനം സംഭവിച്ചു.

ദൈവം സൃഷ്ടിച്ച മനോഹരമായ ഭൂമി ശാപഗ്രസ്തമായിത്തീർന്നതിനാൽ അതിൽ മുള്ളും പറക്കാരയും മുളയ്ക്കുവാൻ തുടങ്ങി. ഭൂമിയിൽ നശീകരണ കീടങ്ങളും കൃമികളും പുഴുക്കളും ഉളവായിവന്നു.

വളരെ സൗഹൃദത്തിൽ കഴിഞ്ഞിരുന്ന ഭൂചരജന്തുക്കൾ തമ്മിൽ ആക്രോശിക്കുന്ന ശബ്ദങ്ങൾ പുറപ്പെടുവിച്ചതിനാൽ ഭയവും ഭീതിയും നിമിത്തം പല ജീവികൾ ഓടിമറയുന്നു. ബലമുള്ള മൃഗങ്ങൾ ബലഹീനമായതിന്റെ നേരെ ചീറുകയും ഗർജ്ജിക്കുകയും ചെയ്തുകൊണ്ട് ആക്രമിക്കുവാൻ ഭാവിക്കുന്നു. ബലമുള്ളവ ബലഹീനമായതിനെ ഓടിച്ച് തങ്ങളുടെ ആധിപത്യം സ്ഥാപിക്കുവാൻ ശ്രമിക്കുന്നു. ചുരുക്കിപ്പറഞ്ഞാൽ കരച്ചിലിന്റെയും ഗർജ്ജനത്തിന്റെയും ശബ്ദം ഭൂമിയിൽ അലതല്ലി. ഭൂമി ഒരു യുദ്ധക്കളമായി മാറി.

നിഷ്പ്പാപയുഗത്തിൽ കഴിഞ്ഞിരുന്ന മനുഷ്യരിൽ ആത്മീയമരണം സംഭവിച്ചതിനാൽ നന്മയും തിന്മയും തിരിച്ചറിയത്തക്കവണ്ണം അവരുടെ കണ്ണുകൾ തുറക്കപ്പെട്ടു. അവരിൽനിന്നും ദൈവതേജസ്സ് നഷ്ടപ്പെട്ടതിനാൽ അവർ നഗ്നരെന്ന് കണ്ടിട്ട് തങ്ങളുടെ നഗ്നത മറയ്ക്കുവാൻ സ്വപ്രയത്നം ചെയ്ത് അത്തിയില കൂട്ടിത്തുന്നി അരയിൽ ചുറ്റി; പക്ഷേ അത് അവരുടെ നഗ്നത മറയ്ക്കുവാൻ പര്യാപ്തമായില്ല.

പാപത്തിൽ വീണ ആദമിനെയും ഹവ്വായെയും ഏദെനിൽനിന്നും പുറത്താക്കുന്നതിനു മുമ്പായി സർവ്വകൃപാലുവായ ദൈവം മനുഷ്യർക്ക് പറുദീസയിലേക്കുള്ള പ്രവേശനം മശിഹായിൽക്കൂടെ വാഗ്ദത്തം ചെയ്തു. സ്ത്രീയെ വഞ്ചിച്ച് പാപമരണത്തിലാക്കിയ മരണത്തിന്നധികാരിയായ പിശാചിന്റെ (എബ്രാ. 2:14) തല സ്ത്രീയുടെ സന്തതിതന്നെ തകർത്ത് മനുഷ്യവർഗ്ഗത്തെ പിശാചിന്റെ അടിമത്വത്തിൽ നിന്നും നിത്യമരണത്തിൽ നിന്നും വീണ്ടെടുത്ത് പറുദീസയിലേക്കുള്ള പ്രവേശനം നല്കുക എന്നുള്ളതാണ് ദൈവീകപദ്ധതി. അതിന്റെ നിഴലായി ദൈവം തന്നെ ആദം ഹവ്വാമാർക്കായി ഒരു യാഗം കഴിക്കുകയും യാഗമൃഗത്തിന്റെ തോൽകൊണ്ട് അവരെ ഉടുപ്പിക്കയും ചെയ്തു. ഈ യാഗം, കർത്താവായയേശു കാൽവറിയിൽ മാനവജാതിക്കുവേണ്ടി യാഗമായതിനെയത്രെ കാണിക്കുന്നത്. ഈ യാഗത്തെപ്പറ്റി തിരുവചനത്തിൽ പറഞ്ഞിരിക്കുന്നത്; ലോകസ്ഥാപനം മുതൽ അറുക്കപ്പെട്ട കുഞ്ഞാട് എന്നാണ് (വെളി. 13:8). മനുഷ്യവർഗ്ഗത്തിന്റെ പാപപരിഹാരത്തിനായ് ലോകസ്ഥാപനം മുതൽ അറുക്കപ്പെട്ട കുഞ്ഞാടാണ് കാൽവറിയിൽ യാഗമായിത്തീർന്ന യേശുക്രിസ്തു. ക്രൂശിൽ യാഗമായിത്തീർന്ന യേശുവിൽ വിശ്വസിച്ചുകൊണ്ട് തങ്ങളുടെ പാപങ്ങളെ ഏറ്റുപറഞ്ഞ് യേശു

വിനെ ഹൃദയത്തിൽ കർത്താവും രക്ഷിതാവുമായി സ്വീകരിക്കുന്ന ഏതൊരു വ്യകതിക്കും സ്വർഗ്ഗീയപറുദീസയിലേക്കുള്ള പ്രവേശനം ദൈവം ദാനമായി നല്കിയിരിക്കുകയാണ്. അങ്ങനെ നിത്യമരണത്തിൽനിന്നും നിത്യജീവൻ ഏതൊരു വ്യക്തിക്കും പ്രാപിക്കുവാൻ കഴിയും. “ഏകന്റെ ലംഘനത്താൽ മരണം; ആ ഏകൻനിമിത്തം വാണു എങ്കിൽ.... യേശുക്രിസ്തു എന്ന ഏകൻനിമിത്തം ഏറ്റവും അധികമായി ജീവനിൽ വാഴും” (റോമ. 5:17).

പിശാച് സ്ത്രീയെ വശീകരിച്ച് നന്മതിന്മകളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷഫലം തിന്നുവാൻ മോഹിപ്പിച്ചതുപോലെ ഇനിയും ജീവവൃക്ഷത്തിന്റെ ഫലംകൂടെ തിന്നിട്ട് എന്നേക്കും ജീവിക്കുവാൻ സംഗതി വരരുത് എന്ന് ദൈവം കല്പിച്ചു (ഉല്പ. 3:22). ആദം ഹവ്വാന്മാർ പിന്നെയും പിശാചിനാൽ വശീകരിക്കപ്പെട്ടിട്ട് ജീവവൃക്ഷഫലം പറിച്ച് തിന്നുന്നതിനു മുമ്പായി അവരെ ഏദെനിൽനിന്നും പുറത്താക്കുവാൻ ദൈവം തീരുമാനിച്ചു. പിശാചിന് അടിമയായിത്തീർന്ന് പാപികളായ ആദമും ഹവ്വായും ജീവവൃക്ഷത്തിന്റെ ഫലം തിന്നാൽ അവർ പാപികളായിത്തന്നെ എന്നും ജീവിച്ചിരിക്കുകയും അവർക്ക് പറുദീസയിലേക്കുള്ള പ്രവേശനം എന്നേക്കുമായി നഷ്ടപ്പെടുകയും, ദൈവം വാഗ്ദത്തം ചെയ്ത വീണ്ടെടുപ്പ് സാധിക്കാതെ വരുമെന്നറിഞ്ഞുകൊണ്ട് ദൈവം ആദമിനെയും ഹവ്വായെയും ഏദെനിൽനിന്നും പുറത്താക്കിയിട്ട് ജീവന്റെ വൃക്ഷത്തിലേക്കുള്ള വഴി കാപ്പാനായി കെരൂബുകളെ കാവലാക്കി. ഏദെൻതോട്ടം മനുഷ്യൻ കാവൽചെയ്തതു പോലെയല്ല ദൂതന്മാർ കാവൽ ചെയ്യുന്നത്. ദൂതൻ (ദൂതന്മാർ) കാവൽ നിന്നാൽ പിശാചിനോ, ഒരു മനുഷ്യനോ അതിൽ എത്തിനോക്കുവാൻ പറ്റുകയില്ല. ദൂതന്മാർ കർശനമായി ദൈവത്തിന്റെ

ആജ്ഞ അനുസരിക്കുന്ന വീരന്മാരാണ് (സങ്കീ. 103:20). ദൈവം വാഗ്ദത്തം ചെയ്ത വീണ്ടെടുപ്പ് മശിഹായിൽക്കൂടെ സാധിക്കുന്നതുവരെ പറുദീസവാസം മനുഷ്യർക്ക് നിരോധിച്ചു എന്ന് കാണുന്നു.

(b) <u>**ശാരീരിക മരണം**</u> (Physical Death)

ആദ്യമാതാപിതാക്കളിൽ പിശാച് പ്രവർത്തിച്ചതിന്റെ ഫലമായി ദൈവത്തിൽനിന്നും അവരെ അകറ്റി. അതുകൊണ്ട് പിശാച് തൃപ്തിപ്പെട്ടില്ല. ആദ്യകുടുംബത്തിലെ മക്കളുടെമേൽ പിശാച് നോട്ടമിട്ടു. ഞാൻ നിനക്കും സ്ത്രീക്കും നിന്റെ സന്തതിക്കും അവളുടെ സന്തതിക്കും തമ്മിൽ ശത്രുത്വം ഉണ്ടാക്കുമെന്നും, സ്ത്രീയുടെ സന്തതിയായവൻ നിന്റെ (പിശാചിന്റെ) തല തകർക്കുമെന്നും (ഉല്പ. 3:15) ദൈവം കല്പിച്ചത് ഒരുപക്ഷേ ഈ ഹാബേലായിരിക്കുമെന്ന് പിശാച് വിചാരിച്ച് കാണും. അതുകൊണ്ട് ദൈവവ്യവസ്ഥപ്രകാരം ആരാധിച്ച് ദൈവപ്രസാദം പ്രാപിച്ച ഹാബേലിനെ ഭൂമുഖത്തുനിന്നും കൊന്നുമുടിക്കുവാൻ പിശാച് തീരുമാനിച്ചു. അതിനായി കയീനിൽ തന്റെ വ്യാപാരശക്തി ചെലുത്തി കോപം, ക്രോധം, അസൂയ, പിണക്കം എന്നീ പൈശാചിക പ്രവർത്തികൾക്കധിനനാക്കിത്തീർത്തു. തന്റെ വഴിപാടിൽ ദൈവം പ്രസാദിക്കാഞ്ഞതിൽ കയീൻ ഏറ്റവും കോപിഷ്ടനായത് ദൈവം കണ്ടിട്ട്, കയീനോട് ദൈവം നേരിട്ടു സംസാരിച്ചിട്ടും തന്റെ ഹൃദയത്തിൽ തീരുമാനിച്ചുറച്ച് താൻ ചെയ്യുവാൻ പോകുന്ന മഹാപാപപ്രവൃത്തിയിൽ നിന്നും പിന്മാറിയില്ല.

വളരെ തന്ത്രപൂർവ്വം കയീൻ തന്റെ സഹോദരനെ വയലിലേക്ക് കൂട്ടിക്കൊണ്ടുപോയി അവിടെവെച്ച് കോപിഷ്ടനായ കയീൻ ഹാബേലിനോട് കയർത്ത് നേരത്തെ കരുതിക്കൂട്ടിവെച്ചിരുന്ന ആയുധംകൊണ്ട് തന്റെ സ്വന്ത

സഹോദരനെ കൊന്ന് നിർദ്ദോഷ രക്തം ഭൂമിയിൽ ചൊരിഞ്ഞു. തിരുവചനം പറയുന്നു: കയീൻ ദുഷ്ടനിൽ നിന്നുള്ളവനായി സഹോദരനെ കൊന്നു എന്ന് (1 യോഹ. 3:12).

യഹോവ കയീനോട്: നിന്റെ അനുജനായ ഹാബേൽ എവിടെ എന്ന് ചോദിച്ചപ്പോൾ, ഞാൻ അറിയുന്നില്ല എന്ന് ദൈവത്തോട് കള്ളം പറയത്തക്കവണ്ണം പിശാച് അവന്റെ ഹൃദയത്തിൽ കുടികൊണ്ടു. പിശാച് ആദിമുതൽ കുലപാതകൻ ആയിരുന്നു; അവനിൽ സത്യം ഇല്ലായ്കകൊണ്ട് സത്യത്തിൽ നില്ക്കുന്നതുമില്ല, അവൻ ഭോഷ്ക്ക് പറയുമ്പോൾ സ്വന്തത്തിൽ നിന്നും എടുത്ത് പറയുന്നു, അവൻ ഭോഷ്ക്ക് പറയുന്നവനും അതിന്റെ അപ്പനും ആകുന്നു എന്ന് കർത്താവ് പറഞ്ഞിരിക്കുന്നുവല്ലോ (യോഹ. 8:44). കയീൻ ദൈവത്തോട് കയർത്ത് പറയുന്നത്: ഞാൻ എന്റെ അനുജന്റെ കാവല്ക്കാരനോ എന്നാണ്. നോക്കുക, ദൈവശബ്ദത്തിന് കീഴ്പെടാതെ പിശാചിന്റെ അടിമത്വത്തിൽ കഴിയുന്ന മനുഷ്യന്റെ അവസ്ഥ. ഭൂമിയിൽ ആദ്യത്തെ മരണം സംഭവിച്ചതോടുകൂടി മനുഷ്യനിൽ മരണഭീതി ഉളവായി മരണത്തെ ഭയപ്പെടുന്നവനായിത്തീർന്നു. കയീൻ പറയുന്നതു ശ്രദ്ധിക്കുക: ആരെങ്കിലും എന്നെ കണ്ടാൽ, എന്നെ കൊല്ലുമെന്ന് പറഞ്ഞു (ഉല്പ. 4:14).

കയീൻ ശാപഗ്രസ്തനായി, ഭൂമിയിൽ ഉഴലുന്നവനായി ദൈവം അവനെ തള്ളിക്കളഞ്ഞു. കയീൻ യഹോവയോട്: എന്റെ കുറ്റം പൊറുപ്പാൻ കഴിയുന്നതിനെക്കാൾ വലിയതാകുന്നു. ഇതാ, നീ ഇന്ന് എന്നെ ആട്ടിക്കളയുന്നു; ഞാൻ തിരുസന്നിധിവിട്ടു ഒളിച്ച് ഭൂമിയിൽ ഉഴലുന്നവൻ ആകും; (ഉല്പ. 4:13-14). നിർദ്ദോഷരക്തം ഭൂമിയിൽ ചൊരിഞ്ഞതിനാൽ ഭൂമി പിന്നെയും ശാപത്തിലായി. “നീ കൃഷി ചെയ്യുമ്പോൾ നിലം ഇനിമേലാൽ തന്റെ വീര്യം

നിനക്ക് തരികയില്ല." കയീൻ ആത്മാവ് സബന്ധിച്ച് മരിച്ചവനായി ദൈവത്തിൽ നിന്നും അകന്നുപോയി എന്ന് കാണുന്നുവല്ലോ?

പിശാച് തന്റെ സകലതന്ത്രങ്ങളും കൌശലങ്ങളും പ്രയോഗിച്ച് മനുഷ്യരെ ദൈവത്തിൽനിന്നും അകറ്റികൊണ്ടിരുന്നു. ദൈവം സൃഷ്ടിച്ച മനോഹരമായ ഭൂമിയും, ദൈവം തന്റെ സ്നേഹം കാണിപ്പാനും കൂട്ടായ്മയ്ക്കുമായി തന്റെ സ്വരൂപത്തിലും സാദൃശ്യത്തിലും സൃഷ്ടിച്ച തന്റെ സ്നേഹമകുടമായ മനുഷ്യരും ഇതാ പിശാചിന്റെ വകയായി മാറി.

മനുഷ്യർ ഭൂമിയിൽ പെരുകിത്തുടങ്ങി. ദൈവം പ്രതീക്ഷിച്ചതുപോലെ മനുഷ്യർ ദൈവത്തെ ഭയപ്പെടാതെ ദൈവവഴികളിൽ നടക്കാതെ മ്ലേച്ഛത പ്രവർത്തിച്ച് ദൈവത്തെ കോപിപ്പിക്കുവാൻ തുടങ്ങി. ഭൂമിയിൽ മനുഷ്യന്റെ ദുഷ്ടത വലിയതെന്നും അവന്റെ ഹൃദയവിചാരങ്ങളുടെ നിരൂപണമൊക്കെയും എല്ലായ്പോഴും ദോഷമുള്ളതത്രെ എന്നും യഹോവ കണ്ടു. താൻ ഭൂമിയിൽ മനുഷ്യനെ ഉണ്ടാക്കുക കൊണ്ട് യഹോവ അനുതപിച്ചു. അത് അവന്റെ ഹൃദയത്തിനു ദുഃഖമായി (ഉല്പ. 6:6–7).

മനുഷ്യർ സന്താനുപുഷ്ടിയുള്ളവരായി പെരുകി ദീർഘായുസ്സോടെ ജീവിച്ചിരുന്ന് ഭൂമിയിൽ നിറയുവാനായിരുന്നു ദൈവം ആഗ്രഹിച്ചത്. എന്നാൽ മനുഷ്യന്റെ ദുഷ്ടതയും പാപവും നിമിത്തം അവന്റെ ആയുഷ്ക്കാലത്തിനു ദൈവം പരിധിയും നിശ്ചയിച്ചു. "മനുഷ്യനിൽ എന്റെ ആത്മാവ് സദാകാലവും വാദിച്ചുകൊണ്ടിരിക്കയില്ല; അവൻ ജഡം തന്നെയല്ലോ; എങ്കിലും അവന്റെ കാലം നൂറ്റിയിരുപതു സംവത്സരമാകും എന്ന് അരുളിച്ചെയ്തു (ഉല്പ. 6:3).

മോശെക്കു മുമ്പുള്ള തലമുറകൾ നൂറിലേറെ സംവത്സരങ്ങൾ ജീവിച്ചിരുന്നതായി കാണുവാൻ കഴിയും. മോശെയുടെ കാലശേഷം മനുഷ്യന്റെ ആയുഷ്ക്കാലം എഴുപതുസംവത്സരം ഏറെ ആയാൽ എൺപതുസംവത്സരം എന്ന് സാർവ്വത്രികമായി പറഞ്ഞിരിക്കുന്നതാണ്. അതു വേഗം തീരുകയും ഞങ്ങൾ പറന്നുപോകയും ചെയ്യുമെന്നു പറഞ്ഞിരിക്കുന്നു (സങ്കീ. 90:10). മനുഷ്യന്റെ ആയുഷ്ക്കാലം ഇങ്ങനെ ചുരുങ്ങുവാനുള്ള കാരണം എന്താണ് എന്ന ചോദ്യത്തിനുള്ള മറുപടി ഒറ്റവാക്കിൽ പറഞ്ഞാൽ മനുഷ്യന്റെ പാപം നിമിത്തമത്രെ എന്നാണ്. പാപം നിമിത്തം ദൈവകോപത്താൽ ഞങ്ങൾ ക്ഷയിച്ചുപോകുന്നു എന്നാണ് മോശെ പറയുന്നത് (സങ്കീ. 90:7–8). ഈ ഭൂമിയിലെ മനുഷ്യന്റെ ആയുഷ്ക്കാലമാകുന്ന എഴുപതോ എൺപതോ വർഷക്കാലം നിത്യതയുമായി നോക്കുമ്പോൾ ഈ ആയുസ്സ് എത്ര ക്ഷണികമെന്ന് ഓർക്കുവാൻ തിരുവചനം ബുദ്ധിയുപദേശിക്കുന്നു.

ഈ ഭൂമിയിൽ ദൈവം മനുഷ്യനു നിശ്ചയിച്ച ആയുഷ്ക്കാലം തികച്ചശേഷം മരണം വഴിയായി സകല ഭൂവാസികളും ഈ ലോകം വിട്ട് മറുലോകത്തിൽ ചെന്നുചേരുന്നു. അത് ഒന്നുകിൽ സ്വർഗ്ഗീയപറുദീസയോ അല്ലങ്കിൽ പാതാളത്തിൽ യാതനാസ്ഥലമോ ആയിരിക്കും.

(C) **നിത്യമരണം** (Eternal Death)

ഒരു വ്യക്തി മരിച്ചു എന്ന് കേൾക്കുമ്പോൾ ഉറ്റവരിൽ നിന്നും എന്നന്നേക്കുമായി വേർപെട്ടുപോയി എന്നാണല്ലോ നാം മനസ്സിലാക്കുന്നത്. സകല മനുഷ്യരും മരണം വഴിയായി ഈ ലോകത്തിൽ നിന്നും മാറ്റപ്പെടുന്നു. എന്നാൽ മനുഷ്യനെ സംബന്ധിച്ചിടത്തോളം ശാരീരിക മരണം വെറും താൽക്കാലിക മരണമായിട്ടാണ് തിരുവചനം നമ്മെ പഠിപ്പിക്കുന്നത്. തങ്ങളുടെ ശാരീരിക മര

ണത്തിൽ നിന്നും വിടുതൽ പ്രാപിക്കുവാനായി മനുഷ്യർ ബദ്ധപ്പെടുന്നതിന്റെ ഒരംശംപോലും തങ്ങളുടെ ആത്മാവിന്റെ രക്ഷക്കുവേണ്ടി അഥവാ നിത്യമരണത്തിൽ നിന്നുള്ള വിടുതലിനായി സമയം കണ്ടെത്തുകയോ പ്രവർത്തിക്കുകയോ ചെയ്യുന്നില്ല. ഒരു മനുഷ്യാത്മാവിന്റെ വില സർവ്വലോകത്തെക്കാളും വിലയേറിയതാണെന്നുള്ള അറിവ് മനുഷ്യന് ഇല്ലാത്തതിനാലല്ലേ തന്റെ ആത്മാവിനുവേണ്ടി കരുതാതെ ജഡത്തിനായി ജീവിച്ച് മരിക്കുന്നത്.

പാപത്തിൽ ജീവിക്കുന്ന ഒരു വ്യക്തി പാപത്തിന്റെ ദാസനാണെന്നും പാപത്തിനു അടിമയാണെന്നും തിരുവചനം പറയുന്നു. ഒന്നുകിൽ മരണത്തിനായി പാപത്തിന്റെ ദാസന്മാർ.. (റോമ 6:16) അടിമത്വത്തിൽ കഴിയുവാൻ ഒരു മനുഷ്യനും ഇഷ്ടപ്പെടുന്നില്ല. സ്വതന്ത്രരായി ജിവിപ്പാനാണ് ഏവരും ആഗ്രഹിക്കുന്നത്. സകല സൃഷ്ടികൾപോലും, ഭയത്തിൽ നിന്നും ദ്രവത്വത്തിൽ നിന്നും സ്വാതന്ത്ര്യം പ്രാപിപ്പാനാണ് ആഗ്രഹിക്കുന്നത്. "സൃഷ്ടി ദ്രവത്വത്തിന്റെ ദാസ്യത്തിൽ നിന്നു വിടുതലിനായി ഞരങ്ങി ഈറ്റുനോവോടെ കഴിയുന്നു" എന്ന് തിരുവചനം പറയുന്നു. (റോമ 8:20-22)

പാപിയായി ജീവിക്കുന്ന ഏവരും ജീവപര്യന്തം മരണഭീതിയിലാണ് കഴിയുന്നത്. ഈ മരണഭീതിയിൽ നിന്നും, പാപത്തിന്റെ അടിമത്വത്തിൽ നിന്നും മനുഷ്യവർഗ്ഗത്തെ വിടുവിപ്പാനാണ് കർത്താവായ യേശു ഈ ലോകത്തിൽ വന്ന് ക്രൂശിൽ തന്റെ ജീവനെ ബലിയായി അർപ്പിച്ചത്. മരണത്തിന്റെ (നിത്യമരണം) അധികാരിയായ പിശാചിനെ തന്റെ മരണത്താൽ നീക്കി ജീവപര്യന്തം മരണഭീതിയാൽ അടിമകളായിരുന്നവരെ ഒക്കെയും യേശു വിടുവിച്ചു (എബ്രാ. 2:15)

യേശുവിന്റെ ക്രൂശുമരണത്തിൽ വിശ്വസിച്ച് തങ്ങളുടെ പാപങ്ങളെ ഏറ്റുപറഞ്ഞ് യേശുവിനെ കർത്താവും രക്ഷിതാവുമായി ഹൃദയത്തിൽ സ്വീകരിക്കുന്ന മാത്രയിൽ പാപത്തിന്റെ അടിമത്വത്തിൽ നിന്ന് സ്വാതന്ത്ര്യവും, മരണഭീതിയിൽ നിന്നുള്ള വിടുതലും ലഭ്യമാകുന്നു. എന്നാൽ ഇപ്പോൾ പാപത്തിൽ നിന്നു സ്വാതന്ത്ര്യം പ്രാപിച്ച് ദൈവത്തിനു ദാസന്മാരായിരിക്കയാൽ നിങ്ങൾക്കു ലഭിക്കുന്ന ഫലം വിശുദ്ധീകരണവും അതിന്റെ അന്ത്യം നിത്യജീവനും ആകുന്നു.

പാപത്തിന്റെ ശമ്പളം മരണമത്രേ; ദൈവത്തിന്റെ കൃപാവരമോ നമ്മുടെ കർത്താവായ യേശുക്രിസ്തുവിൽ നിത്യജീവൻ തന്നേ (റോമ. 6:22–23).

രക്ഷിക്കപ്പെട്ട ഒരു ദൈവപൈതൽ മരണം വിട്ട് (നിത്യമരണം) ജീവനിൽ (നിത്യജീവൻ) കടന്നിരിക്കുന്നു എന്ന് ദൈവാത്മാവ് തന്റെ ആത്മാവിനോടു സാക്ഷ്യം പറയുന്നു. (റോമ. 8:14–16, 1 യോഹ 3:14)

യേശുക്രിസ്തുവിന്റെ ക്രൂശുമരണത്തിലൂടെ ദൈവം മാനവജാതിക്കു ഒരുക്കിയ ദാനമായ രക്ഷ വിശ്വസിച്ച് ഏറ്റെടുക്കാതെ മരിക്കുന്ന ഏവരും നിത്യമരണത്തിന് അധീനരായിത്തീരുന്നു. പാപിയായി മരിക്കുന്ന ഏവരും അന്ത്യന്യായവിധിക്കുശേഷം എന്നേക്കുമായി നരകത്തിൽ നിത്യദണ്ഡനം (യാതന) അനുഭവിച്ച് കഴിയേണ്ടിവരും. ജീവപുസ്തകത്തിൽ പേരെഴുതിക്കാണാത്ത ഏവരുടേയും അന്ത്യം തീപ്പൊയ്കയിലാണ്. ഈ തീപ്പൊയ്കയിലെ ജീവിതത്തെയാണ് നിത്യമരണം (Eternal Death) എന്നു പറയുന്നത്. ഇതിനെ രണ്ടാം മരണം എന്നും പറയുന്നു. ക്രിസ്തുവിൽ വിശ്വസിച്ച് മരിക്കുന്ന ആരും തന്നെ ഈ രണ്ടാം മരണത്തിന് അഥവാ നിത്യമരണത്തിനു അവകാശി ആകയില്ല. കർത്താവായ യേശു

ലാസറിനെ ഉയർപ്പിക്കുന്നതിനു മുമ്പായി മാർത്തയോടു പറഞ്ഞത്. എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും; ജീവിച്ചിരുന്ന് എന്നിൽ വിശ്വസിക്കുന്നവൻ ആരം ഒരുനാളും മരിക്കയില്ല എന്നാണ് (യോഹ. 11:25 –26). നിത്യമരണത്തെപ്പറ്റി കൂടുതലായി 'നരകം' എന്ന അദ്ധ്യായത്തിൽ പറഞ്ഞിരിക്കുന്നത് കാണുക.

❑

# PART - III

# അധോലോകം
# പാതാളലോകം

# 18

# അധോലോകം

## (പാതാളലോകം)

സ്വർല്ലോകരെക്കുറിച്ചും ഭൂലോകരെക്കുറിച്ചും മനുഷ്യന്റെ ആത്മാവ് സംബന്ധമായും ശാരീരികമായുള്ള മരണത്തെക്കുറിച്ചും ചുരുക്കമായി മുൻഅദ്ധ്യായങ്ങളിൽ പ്രസ്താവിച്ചുവല്ലോ. ഇനിയും ചിന്തിപ്പാൻ പോകുന്നത് അധോലോകം (പാതാളം) എന്ന വിഷയമാണ്.

സ്വർല്ലോകത്തെക്കുറിച്ച് സാധാരണ അറിവ് എല്ലാമനുഷ്യർക്കും ഉള്ളതുപോലെ പാതാളത്തെക്കുറിച്ചുള്ള ധാരണയും അറിവും എല്ലാമനുഷ്യർക്കും ഉണ്ട്. ഉദാഹരണമായി: ഒരു കൊച്ചു കുട്ടിയോടു സ്വർഗ്ഗം എവിടെയാകുന്നു എന്ന് ചോദിച്ചാൽ അങ്ങ് ഉയരത്തിൽ ആകുന്നു എന്നും പാതാളം എവിടെയാകുന്നു എന്ന് ചോദിച്ചാൽ അങ്ങ് താഴെ അടിയിലാകുന്നു എന്നും ഉത്തരം പറയും.

അധോലോകം അഥവാ പാതാളലോകം ഉണ്ടോ എന്ന് ചോദ്യം ചെയ്യുന്നവർ ഉണ്ടായിരിക്കാം. പാതാളലോകം ഭൂമിക്കടിയിലോ സമുദ്രത്തിന്നടിയിലോ ആകുന്നു എന്ന് പറയുവാൻ തെളിവില്ല എന്നും അത് വേറൊരു ഗോളത്തിൽ ആയിരിക്കാമെന്നും അഭിപ്രായപ്പെടുന്നവർ ഉണ്ട്. പാതാളലോകം ഭൂമിയ്ക്കടിയിലാകുന്നു

എന്ന് പറയുവാനുള്ള ചില കാരണങ്ങൾ താഴെ കുറിക്കുന്നു.

മോശെക്കും അഹരോനും വിരോധമായി മത്സരിച്ച കോരഹ്, ദാഥാൻ, അബീരാം എന്നിവരെയും അവരുടെ ഭാര്യമാർ, പുത്രന്മാർ കുഞ്ഞുകുട്ടികൾ അടക്കം സർവ്വ സമ്പത്തിനെയും ഭൂമി വായ് പിളർന്ന് ജീവനോട് വിഴുങ്ങിക്കളഞ്ഞ സംഭവം സംഖ്യാപുസ്തകം 16-ൽ കാണുന്നുവല്ലോ? ഭൂമി വായ് പളർന്ന് അവർ എല്ലാവരും പാതാളത്തിലേക്ക് ഇറങ്ങി എന്ന് രേഖപ്പെടുത്തിയിരിക്കുന്നതിനാൽ പാതാളം ഭൂമിയ്ക്കടിയിലാകുന്നു എന്ന് കരുതുന്നു.

ആമോസ് 9:2-ൽ "അവർ പാതാളത്തിൽ തുരന്നു കടന്നാലും അവിടെനിന്നു എന്റെ കൈ അവരെ പിടിക്കും" എന്ന് പറഞ്ഞിരിക്കുന്നതിനാൽ പാതാളം ഏതോ ഒരു അധോലോകത്തിൽ (Under World) ആകുന്നു എന്ന് മനസ്സിലാക്കാം.

സങ്കീർത്തനക്കാരനായ ദാവീദ് പറയുന്നു: "ഞാൻ സ്വർഗ്ഗത്തിൽ കയറിയാൽ (ascend up) നീ അവിടെ ഉണ്ട്; പാതാളത്തിൽ (hell-KJV) (depths-NIV) എന്റെ കിടക്ക വിരിച്ചാൽ നീ അവിടെ ഉണ്ട് (സങ്കീ. 139:8). ഇവിടെ സ്വർഗ്ഗം ഉയരത്തിലും പാതാളം താഴെ ഭൂമിയ്ക്കടിയിലുമെന്ന് മനസ്സിലാക്കുവാൻ പ്രയാസമില്ലല്ലോ?

യോനാ പ്രവാചകനെ കപ്പലിൽ നിന്നും സമുദ്രത്തിൽ ഇട്ട്കളഞ്ഞപ്പോൾ ദൈവം കല്പിച്ചാക്കിയ മഹാമത്സ്യം യോനയെ വിഴുങ്ങിയിട്ട് താൻ മത്സ്യത്തിന്റെ വയറ്റിൽ കിടന്നുകൊണ്ട് പ്രാർത്ഥിച്ച് പറഞ്ഞത്: ഞാൻ പാതാളത്തിന്റെ വയറ്റിൽ നിന്ന് അയ്യം വിളിച്ചു, നീ എന്നെ സമുദ്രത്തിന്റെ ആഴത്തിൽ ഇട്ടുകളഞ്ഞു, ആഴി എന്നെ ചുറ്റി, കടൽപ്പുല്ല് എന്റെ തലപ്പാവായിരുന്നു, ഞാൻ പർവ്വതങ്ങളുടെ അടിവാരങ്ങളോളം ഇറങ്ങി.... (യോനാ 2:3-6).

യോനാ പാതാളത്തിന്റെ വയറ്റിൽ നിന്ന് അയ്യം വിളിച്ചു എന്നതും സമുദ്രത്തിന്റെ ആഴത്തിൽ (അടിയിൽ) കിട ന്നുകൊണ്ട് പ്രാർത്ഥിച്ചതിനെക്കുറിച്ചും പറഞ്ഞിരിക്കുന്ന തിനാൽ പാതാളം സമുദ്രത്തിന്റെ അടിയിൽ എന്നാ ണല്ലോ മനസ്സിലാകുന്നത്.

കർത്താവായ യേശു പാതാളത്തെക്കുറിച്ച് പറഞ്ഞി രിക്കുന്നത്: “നീയോ കഫർന്നഹൂമേ, സ്വർഗ്ഗത്തോളം ഉയർന്നിരിക്കുമോ? നീ പാതാളത്തോളം താണുപോകും (Thrust down to hell (KJV), Go down to the depths (NIV) (ലൂക്കൊ. 10:15). ഇവിടെ സ്വർഗ്ഗം ഉയരത്തിലും പാതാളം താഴെയും എന്ന് വ്യക്തമാകുന്നു. പാതാളത്തിന് ശവ ക്കുഴി (Grave) എന്നും അർത്ഥമുള്ളതിനാൽ ഭൂമിയുടെ അടിഭാഗം എന്നതിനെ കാണിക്കുന്നു.

യേശു ക്രൂശിൽ ജീവനെ വെടിഞ്ഞശേഷം ആത്മാ വിൽ അവൻ ഭൂമിയുടെ അധോഭാഗങ്ങളിലേക്ക് ഇറങ്ങി എന്ന് പറഞ്ഞിരിക്കുന്നതിനാൽ (എഫെ. 4:9) പാതാള ലോകം ഭൂമിക്കടിയിലാണെന്നുള്ളതിനാണ് കൂടുതൽ പ്രസക്തിയുള്ളത്. “ആ പുസ്തകം തുറപ്പാനോ നോക്കു വാനോ സ്വർഗ്ഗത്തിലും ഭൂമിയിലും ഭൂമിക്കു കീഴിലും ആർക്കും കഴിഞ്ഞില്ല (വെളി. 5:3)” എന്നു പറഞ്ഞിരി ക്കുന്നതിനാൽ പാതാളം ഭൂമിയ്ക്കടിയിലാണെന്ന് വ്യക്ത മാണല്ലോ.

പാതാളലോകം ഭൂമിയ്ക്കടിയിലോ, വേറൊരു ഗോള ത്തിലോ മറ്റെവിടെയെങ്കിലും ആയിരുന്നാലും സ്വർല്ലോകം പോലെ അധോലോകവും അഥവാ പാതാ ളലോകവും ഉണ്ടെന്നുള്ളത് തിരുവചനം വെളിപ്പെ ടുത്തിത്തരുന്ന യാഥാർത്ഥ്യമാണ്.

മുൻ അദ്ധ്യായങ്ങളിൽ സ്വർഗ്ഗലോകം എന്നത്, സ്വർഗ്ഗ ങ്ങൾ, സ്വർഗ്ഗാധിസ്വർഗ്ഗങ്ങൾ ഇങ്ങനെ പല സ്വർഗ്ഗങ്ങൾ

ഉള്ളതായി കണ്ടതുപോലെ, അധോലോകം എന്നത്: പാതാളപറുദീസ, അധമപാതാളം, നരകം എന്നീ സ്ഥലങ്ങൾ ഉൾപ്പെട്ടതാകുന്നു എന്ന് തിരുവചനത്തിൽ നിന്നും മനസ്സിലാക്കാവുന്നതാണ്.

## പാതാളം

പാതാളം എന്ന വാക്ക് ഷീയോൾ (Sheol) എന്ന എബ്രായ പദത്തിൽ നിന്നും ഷീയോൾ എന്നപദം ഹെഡിസ് (Hades) എന്ന ഗ്രീക്കു പദത്തിൽനിന്നുമാണ് വിവർത്തനം ചെയ്തിരിക്കുന്നത്. യെഹൂദന്മാരുടെ ഇടയിൽ ഷീയോൾ എന്ന് പറഞ്ഞാൽ മരിച്ചവർ വിശ്രമിക്കുന്ന സ്ഥലം എന്നാണ് അറിയപ്പെടുന്നത്. പഴയനിയമ എബ്രായ എഴുത്തുകാർ ഷീയോളിനെപ്പറ്റി പറഞ്ഞിരിക്കുന്നത്: പാതാളം, ശവക്കുഴി എന്നീ അർത്ഥത്തിലാണ്. എന്നാൽ കിഴക്കൻ രാജ്യം അഥവാ യൂറോപ്യൻ സംസ്ക്കാരം പൊതുവെ വിശ്വസിക്കുന്നത് മരിച്ചവരുടെ ആത്മാക്കൾ ഏതോ ഒരു അധോലോകത്തിൽ (under world) ആയിരിക്കുന്നു എന്നാണ്. ഷീയോൾ (sheol) എന്ന പദം ഇംഗ്ലീഷ് ബൈബിളിൽ (KJV) ശവക്കുഴി (Grave) എന്നും അത് മലയാളത്തിൽ പാതാളം എന്നുമാണ് പരിഭാഷപ്പെടുത്തിയിരിക്കുന്നത്.

❑

# 19
# പാതാളപറുദീസ

യേശുക്രിസ്തുവിന് മുൻപുവരെ ജീവിച്ചുമരിച്ച പഴയനിയമ വിശുദ്ധന്മാരുടെ ആത്മാക്കൾ മരണാനന്തരം അബ്രഹാമിന്റെ മടി എന്നറിയപ്പെടുന്ന പാതാളപറുദീസയിലാണ് പോയിരിക്കുന്നതെന്ന് മനസ്സിലാക്കാം. ഇതിനാധാരമായി താഴെ പറയപ്പെടുന്ന വേദഭാഗങ്ങൾ ശ്രദ്ധിക്കുക.

യോസേഫിനെ ദുഷ്ടമൃഗം കൊന്നു എന്നുള്ളവാർത്ത തന്റെ സഹോദരന്മാർ അപ്പനായ യാക്കോബിനോട് പറയുകയും തെളിവായി രക്തംപുരണ്ട യോസേഫിന്റെ അങ്കി യാക്കോബിനെ കാണിച്ചപ്പോൾ താൻ അതിദുഃഖിതനായി പറയുന്നത്: ഞാൻ ദുഃഖത്തോടെ എന്റെ മകന്റെ അടുക്കൽ പാതാളത്തിൽ (grave) ഇറങ്ങുമെന്നത്രേ (ഉല്പ. 37:35).

“നിങ്ങൾ പോകുന്ന വഴിയിൽ അവനു (ബെന്യാമീൻ) വല്ല ആപത്തും വന്നാൽ നിങ്ങൾ എന്റെ നരയെ ദുഃഖത്തോടെ പാതാളത്തിലേക്കു ഇറങ്ങുമാറാക്കും എന്നു പറഞ്ഞു” (ഉല്പ. 42:38, 44:29,31). യാക്കോബിന്റെ മരണാനന്തരം പഴയനിയമ ഭക്തന്മാരുടെ ആത്മാക്കൾ പാർക്കുന്ന പാതാളത്തിൽ താനും ചെന്നുചേരുമെന്നാണല്ലോ മേലുദ്ധരിച്ച വേദഭാഗങ്ങളിൽ നിന്നും നാം മനസ്സിലാക്കുന്നത്.

യാക്കോബ് മാത്രമല്ല; മറ്റു പഴയനിയമ ഭക്തശിരോമണിയായ ഇയ്യോബ് തന്റെ ശരീരത്തിലെ പരുക്കുകൾ നിമിത്തം താൻ മരിച്ചുപോകുമെന്ന അവസ്ഥയിലായപ്പോൾ പറയുന്നു: എന്റെ ശ്വാസം ക്ഷയിച്ചു; എന്റെ ആയുസ്സ് കെട്ടുപോകുന്നു; ശ്മശാനം എനിക്കായി ഒരുക്കിയിരിക്കുന്നു (ഇയ്യോ. 17:1). ഇവിടെ ശ്മശാനം എന്നത് പാതാളം എന്ന അർത്ഥത്തിലാണ് പറഞ്ഞിരിക്കുന്നത്. തുടർന്ന് താൻ പറയുന്നു: ഞാനോ പാതാളത്തെ എന്റെ വീടായി പ്രതീക്ഷിക്കുന്നു എന്ന് (ഇയ്യോ. 17:13). ഹിസ്ക്കിയാവിനു മരിക്കത്തക്ക രോഗം പിടിച്ചപ്പോൾ തന്നെ താഴ്ത്തി യഹോവയോട് കരഞ്ഞ് പ്രാർത്ഥിച്ചപ്പോൾ, യഹോവ തന്റെ പ്രാർത്ഥനകേട്ട് തന്റെ കണ്ണുനീർ കണ്ടിട്ട് തന്റെ ആയുസ്സിനോടു പതിനഞ്ച് സംവത്സരം കൂട്ടികൊടുത്തപ്പോൾ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു: എന്റെ ആയുസ്സിൻ മദ്ധ്യാഹ്നത്തിൽ ഞാൻ പാതാളവാതിലകം (gates of sheol (NKJV) പൂകേണ്ടിവരുന്നു (യെശ. 38:10).

## a) യേശു ഷീയോളിൽ പ്രത്യക്ഷപ്പെട്ടത്

കർത്താവായ യേശു ക്രൂശിൽ തന്റെ ജീവനെ വെടിയുന്നതിനു മുമ്പായി തന്നോടുകൂടെ ക്രൂശിച്ച രണ്ട് കള്ളന്മാരിൽ ഒരുവൻ അനുതപിച്ചിട്ട് യേശുവിനോടു: യേശുവേ, നീ രാജത്വം പ്രാപിച്ചു വരുമ്പോൾ എന്നെ ഓർത്തുകൊള്ളേണമേ എന്ന് പറഞ്ഞപ്പോൾ യേശു അവനോട്: ഇന്നു നീ എന്നോടുകൂടെ പറുദീസയിൽ ഇരിക്കും എന്ന് പറഞ്ഞു (ലൂക്കൊ. 23:41-43).

യേശു ക്രൂശിൽ ജീവനെ വെടിഞ്ഞശേഷം ആത്മാവിൽ അവൻ പഴയനിയമ വിശുദ്ധന്മാരുടെ ആത്മാക്കൾ പാർക്കുന്ന അബ്രഹാമിന്റെ മടി എന്ന് പറയപ്പെടുന്ന പറുദീസയിൽ ചെന്ന് അവർക്ക് പ്രത്യക്ഷപ്പെട്ടു. താഴെ പറയപ്പെടുന്ന വേദഭാഗങ്ങൾ ശ്രദ്ധിക്കുക:

“അവൻ ബദ്ധന്മാരെ പിടിച്ചുകൊണ്ടുപോയി, ഉയരത്തിൽ കയറി മനുഷ്യർക്ക് ദാനങ്ങളെ കൊടുത്തു എന്ന് പറയുന്നു. കയറി എന്നതിനാൽ അവൻ ഭൂമിയുടെ അധോഭാഗങ്ങളിലേക്ക് (lower earthly regions) ഇറങ്ങി എന്ന് വരുന്നില്ലയോ? ഇറങ്ങിയവൻ സകലത്തെയും നിറെക്കേണ്ടതിനു സ്വർഗ്ഗാധിസ്വർഗ്ഗത്തിനു മീതെ കയറിയവനും ആകുന്നു.” ദാവീദ് പ്രവചനാത്മാവിൽ പാടിയത് (സങ്കീ. 68:18) നിവർത്തിക്കപ്പെടുകയും അത് വിശുദ്ധ പൌലൊസ് എടുത്ത് ഉദ്ധരിച്ചിരിക്കുന്ന വേദഭാഗമാണ് (എഫേ. 4:8-10). അവൻ ഭൂമിയുടെ അധോഭാഗങ്ങളിലേക്ക് ഇറങ്ങി എന്ന് വരുന്നില്ലയോ എന്ന പ്രയോഗം ശ്രദ്ധിച്ചാൽ, ഭൂമിയുടെ അധോഭാഗങ്ങൾ എന്നത് ബഹുവചനാർത്ഥമായി പറഞ്ഞിരിക്കുന്നതിനാൽ അധോലോകം ഒന്നല്ല പലതാണെന്ന് മനസ്സിലാക്കാം.

പഴയനിയമ വിശുദ്ധന്മാരുടെ ആത്മാക്കൾ പാർക്കുന്ന പറുദീസയിൽ എന്തിനാണ് യേശു പ്രത്യക്ഷപ്പെട്ടത് എന്ന ചോദ്യം ഉദിച്ചേക്കാം. പഴയനിയമ പ്രവാചകന്മാർ ക്രിസ്തുവിന്റെ ജനനത്തെക്കുറിച്ചും കാൽവറിയാഗത്തെക്കുറിച്ചും മുമ്പിൽ കണ്ടുകൊണ്ട് ജനത്തിനിടയിൽ ശുശ്രൂഷിച്ച് ക്രിസ്തുവിനെ ചൂണ്ടിക്കാണിച്ചിരുന്നു. അങ്ങനെ പഴയനിയമ വിശുദ്ധന്മാർ വാഗ്ദത്ത മശിഹായിൽ വിശ്വാസം അർപ്പിച്ചിരുന്നവരാണ്.

യേശുക്രിസ്തുവിലൂടെ ദൈവം ഒരുക്കിയ രക്ഷയെ പ്രവാചകന്മാർ ആരാഞ്ഞ് അന്വേഷിച്ചിരുന്നവരായിരുന്നു. അവരിലുള്ള ക്രിസ്തുവിന്റെ ആത്മാവ് ക്രിസ്തുവിനു വരേണ്ടിയ കഷ്ടങ്ങളെയും പിൻവരുന്ന മഹിമയെയും മുമ്പിൽക്കൂട്ടി സാക്ഷീകരിച്ചപ്പോൾ സൂചിപ്പിച്ച സമയം ഏതോ എങ്ങനെയുള്ളതോ എന്ന് പ്രവചാകന്മാർ ആരാഞ്ഞുനോക്കി, തങ്ങൾക്കായിട്ടില്ല അവർ ആ ശുശ്രൂഷ

ചെയ്യുന്നത് എന്ന് അവർക്ക് വെളിപ്പെട്ടു (1 പത്രൊ. 1:10–12).

നീതിമാനും ദൈവഭക്തനുമായ ശിമ്യോൻ കർത്താവിന്റെ ക്രിസ്തുവിനെ കാണുംമുമ്പെ മരണം കാണുകയില്ല എന്ന് പരിശുദ്ധാത്മാവിനാൽ അരുളപ്പാട് ലഭിച്ചവനായിരുന്നു. യേശു എന്ന പൈതലിനു വേണ്ടി ന്യായപ്രമാണപ്രകാരം ചെയ്‌വാൻ അമ്മയപ്പന്മാർ ആലയത്തിൽ കൊണ്ടുചെന്നപ്പോൾ ശിമ്യോൻ യേശുവിനെ കൈയ്യിൽ ഏന്തി ദൈവത്തെ പുകഴ്ത്തി പറഞ്ഞത്: "ഇപ്പോൾ നാഥാ തിരുവചനംപോലെ നീ അടിയനെ സമാധാനത്തോടെ വിട്ടയയ്ക്കുന്നു. ജാതികൾക്ക് വെളിപ്പെടുവാനുള്ള പ്രകാശവും നിന്റെ ജനമായ യിസ്രായേലിന്റെ മഹത്വവുമായി നീ സകലജാതികളുടെയും മുമ്പിൽ ഒരുക്കിയിരിക്കുന്ന നിന്റെ രക്ഷയെ എന്റെ കണ്ണ് കണ്ടുവല്ലോ എന്ന് പറഞ്ഞു" (ലൂക്കൊ. 2:25–32).

യെശയ്യാവ് യേശുവിന്റെ ക്രൂശുമരണം ആത്മാവിൽ കണ്ടവനും അത് ജനത്തോട് പ്രവചിച്ചു പറഞ്ഞവനുമാണ് (യെശ. 52:14, 53:1–10). പഴയനിയമ വിശുദ്ധന്മാർ എല്ലാവരും വിശ്വാസത്താൽ സാക്ഷ്യം ലഭിച്ചിട്ടും വാഗ്ദത്തനിവൃത്തി പ്രാപിച്ചില്ല. അവർ നമ്മെകൂടാതെ രക്ഷാപൂർത്തി പ്രാപിക്കാതിരിക്കേണ്ടതിനു ദൈവം നമുക്കുവേണ്ടി ഏറ്റവും നല്ലതൊന്നു മുൻകരുതിയിരുന്നു എന്ന് എബ്രായലേഖനകർത്താവ് പറഞ്ഞിരിക്കുന്നു (എബ്രാ. 11:39–40).

മുകളിൽ പ്രസ്താവിച്ചപ്രകാരം വാഗ്ദത്ത മശിഹായിൽ വിശ്വസിച്ച് മരിച്ച വിശുദ്ധന്മാർക്ക് യേശു നേരിൽ പ്രത്യക്ഷപ്പെട്ട് വെളിപ്പെടുത്തേണ്ടിയിരിക്കുന്നു. മോശെ കല്പിച്ച നിയമത്തിന്റെ രക്തം (പുറ. 24:8; എബ്രാ. 9:20) യേശു ക്രൂശിൽ ചൊരിഞ്ഞുവെന്നും, വിശ്വാസത്താൽ

അവർ കഴിച്ച യാഗങ്ങൾ ക്രിസ്തുവിന്റെ കാൽവറി യാഗത്തിൽ നിവർത്തിക്കപ്പെട്ടിരിക്കുന്നു എന്ന് പ്രഖ്യാപിക്കേണ്ടിയിരിക്കുന്നു. അങ്ങനെ വാഗ്ദത്തമശിഹായിൽ വിശ്വസിച്ച പഴയനിയമ വിശുദ്ധന്മാരുടെ സന്തോഷം പൂർണ്ണമാകുവാൻ അവർ യേശുവിനെ നേരിൽ കണ്ടേ മതിയാവൂ.

പഴയനിയമ വിശുദ്ധന്മാർ പാർത്തിരുന്ന പറുദീസയിൽ യേശു പ്രത്യക്ഷപ്പെട്ട് താൻ 'മശിഹ' ആകുന്നു എന്ന് പ്രഖ്യാപിച്ചപ്പോൾ യേശുവിനോടുകൂടെ ക്രൂശുമരണം വരിച്ച് അവിടെ എത്തിയ കള്ളനായിരുന്ന മനുഷ്യന്റെ ആത്മാവ് ആനന്ദത്താൽ പറഞ്ഞിരിക്കണം, അതേ ഞാൻ അതിനു സാക്ഷിയാകുന്നു എന്നും, ഞങ്ങൾ മൂന്നുപേരെ ക്രൂശിച്ചു എന്നും എന്നാൽ താൻ മരിക്കുന്നതിനു അല്പം മുമ്പ് എന്റെ അടുത്തായി ക്രൂശിൽ കിടന്നിരുന്ന ഈ യേശു സാക്ഷാൽ 'മശിഹ' ആകുന്നു എന്നും യെഹൂദന്മാർ കാത്തിരുന്ന രാജാവ് ഇവൻ തന്നെ എന്ന് ഞാൻ വിശ്വസിച്ച്കൊണ്ട് യേശുവിനോടു: യേശുവേ അങ്ങ് രാജത്വം പ്രാപിച്ച് വരുമ്പോൾ എന്നെ ഓർത്തുകൊള്ളേണമേ എന്നപേക്ഷിച്ച് പറഞ്ഞപ്പോൾ യേശു എന്നോടു: ഇന്നു നീ എന്നോടുകൂടെ പറുദീസയിൽ ഇരിക്കും എന്നു പറഞ്ഞു. യേശു പറഞ്ഞതുപോലെ ഇതാ ഞാൻ യേശുവിനോടുകൂടി ഈ പറുദീസയിൽ ആയിരിക്കുന്നു. ഈ പ്രസ്താവനകൂടി കേട്ട മാത്രയിൽ യെഹൂദന്മാരുടെ രക്ഷകനെ, മശിഹായെ, രാജാവിനെ നോക്കി പാർത്തിരുന്ന നീതിമാനായി മരിച്ച് ആദ്യമായി ഈ പറുദീസയിൽ പ്രവേശിച്ച ഹാബേലിന്റെ ആത്മാവ് മുതൽ അവിടെയുള്ള സകല വിശുദ്ധന്മാരുടെ ആത്മാക്കൾ ആനന്ദത്താൽ അത്യുച്ചത്തിൽ ഘോഷിച്ചു പറഞ്ഞിരിക്കണം "യേശുക്രിസ്തു കർത്താവ്" എന്ന് (ഫിലി. 2:10). ഈ മഹാഘോഷസ്വരം അധഃമപാതാളത്തിൽ

ആയിരിക്കുന്ന പാപികളുടെ ആത്മാക്കളും കേട്ടിരിക്കണം.

അവൻ ബദ്ധന്മാരെ പിടിച്ചുകൊണ്ടുപോയി, ഉയരത്തിൽ കയറി (എഫെ. 4:8) എന്ന് പറഞ്ഞിരിക്കുന്നതിനാൽ പാതാള പറുദീസയിലായിരുന്ന വിശുദ്ധന്മാരുടെ ആത്മാക്കൾ അവിടെ 'ബദ്ധന്മാരായി' (captives) കഴിഞ്ഞിരുന്നു എന്ന് മനസ്സിലാക്കാം. അവർ അവിടെ ബദ്ധന്മാരായിരിക്കുമ്പോൾ ദൈവത്തെ സ്തുതിക്കാതെ ദൈവസാന്നിദ്ധ്യം അനുഭവിക്കാതെ താല്ക്കാലിക വിശ്രാമത്തിൽ കഴിയുകയായിരുന്നു. താഴെ ഉദ്ധരിക്കുന്ന ചില വേദഭാഗങ്ങൾ ശ്രദ്ധിക്കുക:

"മരണത്തിൽ നിന്നെക്കുറിച്ചു ഓർമ്മയില്ലല്ലോ. പാതാളത്തിൽ ആർ നിനക്ക് സ്തോത്രം ചെയ്യും?" (സങ്കീ. 6:5).

"മരിച്ചവരും മൗനതയിൽ ഇറങ്ങിയവർ ആരും യഹോവയെ സ്തുതിക്കുന്നില്ല" (സങ്കീ. 115:17).

"പാതാളം നിന്നെ സ്തുതിക്കുന്നില്ല; മരണം നിന്നെ വാഴ്ത്തുന്നില്ല" (യെശ. 38:18).

പാതാള പറുദീസയിൽ ബദ്ധരായി കഴിഞ്ഞിരുന്ന ആത്മാക്കളെ സ്വതന്ത്രരാക്കിയിട്ട് സ്വർഗ്ഗീയ പറുദീസയിൽ നാം പോകയാണെന്ന് പറഞ്ഞുകൊണ്ട് യേശു പാതാള പറുദീസാകവാടം തുറന്ന് എല്ലാ ആത്മാക്കളെയും പുറത്തുകൊണ്ടുവന്നതിനുശേഷം (ആരും അടയ്ക്കാതെ വണ്ണം തുറക്കുകയും ആരും തുറക്കാതവണ്ണം അടയ്ക്കുകയും ചെയ്യുന്ന) പാതാളത്തിന്റെ താക്കോൽ കൈവശമുള്ള കർത്താവ് (യെശ. 22:22; വെളി. 1:18, 3:7) പാതാള പറുദീസ അടച്ചുപൂട്ടി. അവിടേക്കു ഇനിയും ആർക്കും പ്രവേശനമില്ല. ഇനിയും ക്രിസ്തുവിന്റെ കാൽവറി യാഗത്തിൽ വിശ്വസിച്ച് മരിക്കുന്ന വിശുദ്ധന്മാർ പാതാള പറുദീസയിലല്ല പോകുന്നത് പിന്നെയോ കർത്തൃസന്നിധി

യിൽ സ്വർഗ്ഗീയപറുദീസയിലത്രേ (ഫിലി. 1:23; കൊലൊ. 3:3). അങ്ങനെ പാതാളപറുദീസ ഒഴിയപ്പെട്ട സ്ഥലമായി നിലകൊള്ളുന്നു.

## b) യേശുവും പഴയനിയമ വിശുദ്ധന്മാരും സ്വർഗ്ഗീയ പറുദീസയിലേക്ക്

പാതാള പറുദീസയിൽ നിന്നും വിമുക്തരാക്കിയ ആത്മാക്കളുമായി യേശു ആഴ്ചവട്ടത്തിന്റെ ഒന്നാംദിനം അതിരാവിലെ യേശുവിനെ അടക്കിയ കല്ലറയ്ക്കൽ എത്തി. നിമിഷനേരത്തിനുള്ളിൽ യേശുവിനെ അടക്കിയ അരിമത്യയിലെ യോസേഫിന്റെ കല്ലറയ്ക്കുള്ളിൽ കിടക്കുന്ന യേശുവിന്റെ മൃതശരീരത്തിൽ യേശുവിന്റെ ആത്മാവ് പ്രവേശിച്ചിട്ട് രൂപാന്തരം പ്രാപിച്ച മഹത്വശരീരത്തോടുകൂടി പുറത്തുവന്നു. യേശുവിനെ മഹത്വശരീരത്തോടുകൂടി കണ്ട ആത്മാക്കൾ എന്താണു സംഭവിച്ചതെന്നു മനസ്സിലാകാതെ ആശ്ചര്യഭരിതരായി നില്ക്കുകയാണ്. ആശ്ചര്യഭരിതരായി നില്ക്കുന്ന ആത്മാക്കളോടു യേശു പറഞ്ഞിരിക്കണം ഞാൻ പുനരുത്ഥാനശരീരം പ്രാപിച്ചതുപോലെ നിങ്ങളും ഭാവിയിൽ പുനരുത്ഥാനശരീരം പ്രാപിക്കും എന്ന്.

മഹത്വശരീരധാരിയായ കർത്താവ് കൂടെയുള്ള ആത്മാക്കളോട് സംസാരിച്ചു നില്ക്കുമ്പോൾ ഇതാ മഗ്ദലക്കാരിത്തി മറിയ കരഞ്ഞുകൊണ്ട് നില്ക്കുന്നു. അവൾ വിങ്ങിവിങ്ങി കരയുന്ന കരച്ചിലിന്റെ ശബ്ദം യേശുവിന്റെ ചെവിയിലെത്തി. യേശു ചുറ്റുപാടും നോക്കി, തന്റെ ശിഷ്യന്മാരാകട്ടെ മറ്റാരെയും കാണുന്നില്ല. തന്നെ ഏറ്റവുമധികം സ്നേഹിച്ചവളും തന്റെ ക്രൂശുമരണസമയത്ത് കുരിശിന്നരികെ കരഞ്ഞുനിന്നവൾ (യോഹ. 19:25) തന്റെ സംസ്ക്കാരസമയത്തും കൂടെയുണ്ടായിരുന്ന ഈ മറിയ (മത്താ. 27:61; മർക്കൊ. 15:47) ഇതാ കരഞ്ഞു

ക്ഷീണിതയായി ഈ അതിരാവിലെ സമയം ഇരു ട്ടുള്ളപ്പോൾത്തന്നെ കല്ലറക്കൽ വന്നിരിക്കുന്നു.

യേശുവിന്റെ ശരീരം കാണാഞ്ഞതിനാൽ ഭാരപ്പെട്ട് ചിന്താകുലയായി, സമാധാനം നഷ്ടപ്പെട്ടവളായി അങ്ങോട്ടുമിങ്ങോട്ടും നടന്ന് വിതുമ്പിക്കരയുന്ന മറിയയെ യേശു അറിഞ്ഞു. മറിയ ഉയിർത്തെഴുന്നേറ്റ കർത്താവിനെ കണ്ടുവെങ്കിലും അവളുടെ കണ്ണ് നിരോധിച്ചിരുന്നതിനാൽ അവളുടെ മുമ്പിൽ നില്ക്കുന്നത് യേശു ആകുന്നു എന്ന് അവൾക്ക് മനസ്സിലായില്ല. യേശുവിനോട് കൂടെയുള്ള ആത്മാക്കൾ മഹത്വശരീരധാരികൾ അല്ലായ്കയാൽ അവരെ മറിയയ്ക്ക് കാണുവാൻ കഴിഞ്ഞില്ല. യേശുവിനു എത്രയും പെട്ടെന്ന് പിതാവിന്റെ സന്നിധിയിൽ ചെല്ലു വാനുള്ള തിരക്കേറിയ യാത്രയിലാണെങ്കിലും തന്നെ വാസ്തവമായി സ്നേഹിക്കുന്ന മറിയയ്ക്ക് തന്നെ വെളി പ്പെടുത്തുവാൻ തീരുമാനിച്ചു. കല്ലറയ്ക്കൽ പുറത്തു കര ഞ്ഞുകൊണ്ട് നില്ക്കുന്ന മറിയയോടു യേശു: സ്ത്രീയെ നീ കരയുന്നത് എന്ത്? ആരെ തിരയുന്നു എന്നു ചോദി ച്ചു. അവളുടെ ഉള്ളിന്റെ ഉള്ളിലെ ആഗ്രഹം അറിഞ്ഞ കർത്താവ് ഇനിയും അവളെ ഒട്ടും ദുഃഖിപ്പിക്കാതിരിക്കു വാൻ 'മറിയയേ' എന്നു വിളിച്ചു. ആ സ്വരം അവൾ തിരി ച്ചറിഞ്ഞു. യേശുവിന്റെ മൃതശരീരത്തിനുവേണ്ടി അന്വേ ഷിച്ചവൾ ഇതാ ഉയിർത്തെഴുന്നേറ്റ ജീവനുള്ള അവളുടെ സ്നേഹനിധിയായ കർത്താവിനെ ആദ്യം കാണുവാ നുള്ള ഭാഗ്യം അവൾക്ക് ലഭിച്ചു. യേശുവിനെ ജീവനോടെ കണ്ട മറിയയുടെ സ്നേഹം അവൾ എങ്ങനെ പ്രകടി പ്പിച്ചു എന്നത് ഈ ഗ്രന്ഥകാരന്റെ 'കൃപ ലഭിച്ച മറിയ മാർ' എന്ന പുസ്തകത്തിൽ വിശദീകരിച്ചിരിക്കുന്നതി നാൽ ഇവിടെ വിവരിക്കുവാൻ തുനിയുന്നില്ല. യേശു ഉയിർത്തെഴുന്നേറ്റ് പിതാവിന്റെ സന്നിധിയിൽ കരേറിപ്പോ

കയാകുന്നു എന്നുള്ള സദ്വർത്തമാനം തന്റെ ശിഷ്യന്മാരോട് പറയുവാനായി മറിയയെ ആ ദൗത്യം ഭരമേല്പിച്ചിട്ട് യേശുവും കൂടെയുള്ള ആത്മാക്കളും അത്യുന്നതനായ പിതാവായ ദൈവത്തിന്റെ സന്നിധിയിലേക്കുള്ള യാത്രയ്ക്ക് തയ്യാറായി.

കാൽവറിയിൽ പരാജിതനായ സാത്താനും സ്വർല്ലോകങ്ങളിലെ അവന്റെ ദുഷ്ടാത്മസേനയും കൂടി യേശുവും തന്നോടുകൂടെയുള്ള ആത്മാക്കളുമായുള്ള സ്വർഗ്ഗീയ പറുദീസയിലേക്കുള്ള യാത്ര ഒരുവിധത്തിലും തടയാതിരിക്കുവാൻ പിതാവായ ദൈവം മീഖായേലിന്റെ നേതൃത്വത്തിൽ ശക്തിയുള്ള ഭൂതഗണത്തെ കാവലാക്കി നിർത്തിയിട്ടുണ്ടെന്നുള്ളത് ന്യായമായി വിശ്വസിക്കാം. കാരണം മോശെയുടെ ശരീരത്തിനുവേണ്ടി സാത്താൻ വാദിച്ചതിനാലും (യൂദാ 9), കർത്താവിന്റെ സഭ ഈ ഭൂമിയിൽ നിന്നും എടുക്കപ്പെടുമ്പോൾ ഭൂമിയുടെ നാലുദിക്കിലും, ആകാശത്തിലും ദൂതസഞ്ചയത്തെ ദൈവം കാവലാക്കി നിർത്തുന്നതിനാലും തന്നെ. അങ്ങനെ യേശുവും തന്നോടുകൂടെയുള്ള പഴയനിയമ വിശുദ്ധന്മാരുടെ ആത്മാക്കളും ആകാശ-നക്ഷത്ര മണ്ഡലങ്ങൾ കടന്ന് സ്വർഗ്ഗാധിസ്വർഗ്ഗസ്ഥനായ പിതാവിന്റെ സന്നിധിയിലേക്ക് കരേറിപ്പോയി.

സ്വർഗ്ഗത്തിൽ ദൂതന്മാർ ആരാധിച്ചിരുന്ന കർത്താവ്, ദൈവത്തോടുള്ള സമത്വവും സ്വർഗ്ഗീയ മഹിമകളും എല്ലാം വെടിഞ്ഞ്, മനുഷ്യനായി ഭൂമിയിൽ അവതരിച്ച്, തന്നെത്താൻ താഴ്ത്തി, ക്രൂശിലെ മരണത്തോളം അനുസരണമുള്ളവനായി, മരിച്ച് അടക്കപ്പെട്ടു ഉയിർത്തെഴുന്നേറ്റ് മരണത്തെയും പാതാളത്തെയും സാത്താനെയും ജയിച്ച ജയവീരനായ കർത്താവിനെയും ഷീയോളിൽ ബദ്ധരായി പാർത്തിരുന്ന വിശുദ്ധന്മാരുടെ ആത്മാക്കളെയും സ്വീകരിക്കുവാനായി ഇതാ പിതാവായ ദൈവവും

സ്വർഗ്ഗത്തിലെ സകല ദൂതന്മാരും വാദ്യസന്നാഹങ്ങളോടുകൂടി തയ്യാറായി നില്ക്കുന്നു. പാപത്തിൽ വീണുപോയ മാനവജാതിയുടെ വീണ്ടെടുപ്പ് ക്രൂശിൽ നിവർത്തിച്ച കർത്താവിനെ പിതാവായ ദൈവം സകല ദൂതന്മാരുടെ മദ്ധ്യത്തിൽ സ്വീകരിച്ച് പിതാവിന്റെ വലത്തുഭാഗത്തിരുത്തി മുമ്പുണ്ടായിരുന്ന മഹത്വത്തിൽ പുത്രനെ മഹത്വപ്പെടുത്തിയപ്പോൾ സ്വർഗ്ഗീയ സൈന്യം വാദ്യഘോഷങ്ങൾ മുഴക്കി കർത്താവിനു മഹത്വം നല്കി. യേശു തന്റെ ക്രൂശുമരണത്തിനു മുമ്പ് പിതാവിനോടു അപേക്ഷിച്ചു പറഞ്ഞത്: "പിതാവേ, ലോകം ഉണ്ടാകും മുമ്പെ എനിക്കു നിന്റെ അടുക്കൽ ഉണ്ടായിരുന്ന മഹത്വത്തിൽ എന്നെ നിന്റെ അടുക്കൽ മഹത്വപ്പെടുത്തേണമേ" (യോഹ. 17:5) എന്നുള്ള അപേക്ഷ അങ്ങനെ നിറവേറിയതായി കാണുന്നു.

അനന്തരം പിതാവായ ദൈവം സകല ദൂതന്മാരുടെയും മദ്ധ്യത്തിൽ പുത്രനോട്: സ്വർഗ്ഗത്തിലും ഭൂമിയിലും സകല അധികാരവും എന്റെ കർത്താവിനു നല്കിയിരിക്കുന്നു എന്ന് വിളമ്പരം ചെയ്തപ്പോൾ സ്വർഗ്ഗത്തിലെ സകല ദൂതന്മാരും അത്യുച്ചത്തിൽ 'ആമേൻ' എന്ന് പറഞ്ഞുകൊണ്ട് "യേശുക്രിസ്തു കർത്താവ്" എന്ന് പിതാവായ ദൈവത്തിന്റെ മഹത്വത്തിനായി ഏറ്റു പറഞ്ഞ് കർത്താവിനു മുമ്പിൽ നമസ്ക്കരിച്ചപ്പോൾ ഫിലിപ്പിയർ 2:10–11ൽ പറഞ്ഞിരിക്കുന്ന വേദഭാഗം ഭാഗീകമായി നിറവേറിയതായി മനസ്സിലാക്കാം.

ഷീയോളിൽ നിന്നും കർത്താവിനോടുകൂടി വന്ന വിശുദ്ധന്മാരുടെ ആത്മാക്കളെ പാർപ്പിക്കുന്നതിനായി സ്വർഗ്ഗത്തിലെ പറുദീസയുടെ കവാടം കർത്താവ് തുറക്കുകയും ദൂതസഞ്ചയത്തോടുകൂടി ആത്മാക്കളെ അവിടേക്ക് ആനയിക്കപ്പെടുകയും ചെയ്തു. പുനരു

ത്ഥാനശരീരം പ്രാപിക്കുന്നതുവരെ ഈ ആത്മാക്കൾ അവിടെ വിശ്രമിക്കുകയാണ്. ഇനിയും ക്രിസ്തുവിൽ വിശ്വസിച്ച് മരിക്കുന്ന വിശുദ്ധന്മാരുടെ ആത്മാക്കളെ ദൈവദൂതന്മാർ ഇതേ പറുദീസയിലേക്കാണ് ആനയിച്ചു കൊണ്ടിരിക്കുന്നത് (ഫിലി. 1:23; കൊലൊ. 3:3; എബ്രാ. 11:40). സ്വർഗ്ഗീയപറുദീസയിലായിരിക്കുന്ന ആത്മാക്കൾ ഇപ്പോൾ ദൈവസാന്നിധ്യം അനുഭവിക്കുന്നവരാകയാൽ പാതാളപറുദീസയിൽ കഴിഞ്ഞിരുന്നതുപോലെ തടവുകാരല്ല. ദൈവതേജസ്സും, കർത്താവിന്റെ മുഖവും അവർ എപ്പോഴും കണ്ടുകൊണ്ടിരിക്കും.

പിതാവായ ദൈവത്തിന്റെ ഹിതം പൂർണ്ണമായി നിവർത്തിച്ച് സാത്താനെ ക്രൂശിൽ പരാജയപ്പെടുത്തി ജയാളിയായി വന്ന പുത്രന് ആദിയിൽ സ്വർഗ്ഗത്തിലുണ്ടായിരുന്ന മഹത്വത്തിനപ്പുറമായി പിതാവായ ദൈവം പുത്രനായ കർത്താവിനെ മഹത്വപ്പെടുത്തിയശേഷം സ്വർഗ്ഗത്തിലും ഭൂമിയിലും സകല അധികാരവും പ്രാപിച്ച കർത്താവ് ഒട്ടും താമസിക്കാതെ ഭൂമിയിലേക്കു വന്നു. ആദ്യജാതനെ പിന്നെയും ഭൂതലത്തിലേക്കു പ്രവേശിപ്പിക്കുമ്പോൾ ദൈവത്തിന്റെ സകല ദൂതന്മാരും അവനെ നമസ്ക്കരിക്കേണം (എബ്രാ. 1:6) എന്നുള്ള തിരുവെഴുത്തിൻ പ്രകാരം സ്വർഗ്ഗത്തിലെ സകല ദൂതന്മാരും കർത്താവിനെ നമസ്കരിച്ചശേഷം വലിയ ദൂതസന്നാഹത്തോടെ കർത്താവ് വീണ്ടും ഭൂതലത്തിൽ വന്നു എന്ന് ഗ്രഹിക്കുന്നതിൽ പ്രയാസമില്ലല്ലോ? കർത്താവ് മനുഷ്യാവതാരം എടുത്ത് ഭൂമിയിൽ ഭൂജാതനായപ്പോൾ ദൂതസൈന്യം അവന്റെ ജനനത്തിങ്കൽ ദൈവത്തെ വാഴ്ത്തി പുകഴ്ത്തിയെങ്കിൽ (ലൂക്കൊ. 2:13) ഇപ്പോൾ എത്ര അധികമായി ദൂതന്മാർ വാഴ്ത്തി പുകഴ്ത്തിയിരിക്കണം.

കർത്താവ് ഉയിർത്തെഴുന്നേറ്റ് മരണത്തെ ജയിച്ച് എന്നേക്കും ജീവിച്ചിരുന്ന കർത്താവാകുന്നു എന്നും യെഹൂദന്മാർ കാത്തിരുന്ന മശിഹാ താൻ തന്നെയാകുന്നു എന്നും തന്റെ ശിഷ്യന്മാർക്കു പ്രത്യക്ഷപ്പെട്ട് വെളിപ്പെടുത്തി കൊടുക്കുവാൻ ഇതാ കർത്താവ് വന്നിരിക്കുന്നു.

കർത്താവ് ഉയിർത്തെഴുന്നേറ്റശേഷം ആദ്യമായി മഗ്ദലക്കാരി മറിയയ്ക്ക് പ്രത്യക്ഷപ്പെട്ട വിവരം മുകളിൽ പ്രസ്താവിച്ചുവല്ലോ (മർക്കൊ. 16:9; യോഹ. 20:16-17). യേശു പിതാവിന്റെ സന്നിധിയിൽനിന്നും ഭൂമിയിൽ വന്ന് നാല്പതു ദിവസത്തോളം വിവിധ സന്ദർഭങ്ങളിൽ തന്റെ അപ്പൊസ്തലന്മാർക്കും മറ്റു ശിഷ്യഗണത്തിനും പ്രത്യക്ഷപ്പെട്ട് ദൈവരാജ്യം സംബന്ധിച്ച കാര്യങ്ങൾ പറഞ്ഞു കൊടുത്തു. ഏതൊരു ഉദ്ദേശത്തിനായി അപ്പൊസ്തലന്മാരെ തിരഞ്ഞെടുത്തുവോ ആ ദൗത്യം ചെയ്യുവാനായി അവരെ വീണ്ടും ഓർപ്പിച്ച് ഭരമേല്പിച്ചു. എന്നാൽ അവർ യെരുശലേം വിട്ടുപോകാതെ കർത്താവു വാഗ്ദത്തം ചെയ്ത പരിശുദ്ധാത്മ ശക്തിക്കായി കാത്തിരിക്കേണം എന്നും അതിനുശേഷം യെരുശലേമിലും, യെഹൂദ്യയിലും, ശമര്യയിലും ഭൂലോകത്തിലൊക്കെയും പോയി യേശുവിന്റെ സാക്ഷികൾ ആകേണമെന്നും കല്പിച്ചു. കർത്താവ് മടങ്ങി സ്വർഗ്ഗാരോഹണം ചെയ്യുവാനുള്ള സമയം ആയപ്പോൾ കർത്താവ് പറഞ്ഞതുപോലെ എല്ലാശിഷ്യഗണങ്ങളും ഒലിവുമലിയിൽ എത്തി. അവിടെവെച്ച് ശിഷ്യഗണത്തെ കൈ ഉയർത്തി അനുഗ്രഹിച്ച ശേഷം സ്വർഗ്ഗത്തിലേക്ക് എടുക്കപ്പെട്ടു. യേശു സ്വർഗ്ഗാരോഹണം ചെയ്യുന്ന കാഴ്ച കണ്ടുകൊണ്ട് നിശ്ചലരായി ആകാശത്തിലേക്ക് തന്നെ ശിഷ്യന്മാർ നോക്കിനിൽക്കുമ്പോൾ വെള്ളവസ്ത്രധാരികളായ രണ്ടുദൂതന്മാർ അവരോടു: ഗലീല പുരുഷന്മാരേ നിങ്ങൾ ആകാശത്തിലേക്കു

നോക്കിനില്ക്കുന്നത് എന്ത്? നിങ്ങളെ വിട്ട് സ്വർഗ്ഗാരോഹണം ചെയ്ത ഈ യേശുവിനെ സ്വർഗ്ഗത്തിലേക്ക് പോകുന്നവനായി നിങ്ങൾ കണ്ടതുപോലെ തന്നേ അവൻ വീണ്ടും വരും എന്ന് പറഞ്ഞു (അ.പ്ര. 1:11). അതേ, യേശു സ്വർഗ്ഗത്തിലേക്ക് പോയത് പോലെ വീണ്ടും വരും. സംശയമില്ല. അതിന്റെ ലക്ഷണങ്ങൾ ഇന്നു ലോകത്തിൽ നാം കണ്ടുകൊണ്ടിരിക്കുന്നു. അവന്നുവേണ്ടി കാത്തിരിക്കുന്ന ഒരു കൂട്ടം ജനം ഭൂലോകത്തിൽ എല്ലായിടത്തും ഉണ്ട്. തനിക്കായി കാത്തുനില്ക്കുന്നവരുടെ രക്ഷെക്കായി അവൻ പറഞ്ഞതുപോലെ പ്രത്യക്ഷനാകുവാനുള്ള സമയം ആസന്നമായി (എബ്രാ. 9:28). എന്നാൽ ചിലർ താമസം എന്ന് വിചാരിക്കുന്നതുപോലെ കർത്താവ് തന്റെ വാഗ്ദത്തം നിവർത്തിപ്പാൻ താമസിക്കുന്നില്ല. ആരും നശിച്ചുപോകാതെ എല്ലാവരും മാനസാന്തരപ്പെടുവാൻ അവൻ ഇച്ഛിച്ച് മാനവജാതിയോടു ദീർഘക്ഷമ കാണിക്കുകയാണ് (2 പത്രൊ. 3:9).

മാന്യ സുഹൃത്തേ! താങ്കൾ യേശുവിനെ ഹൃദയത്തിൽ കർത്താവും രക്ഷിതാവുമായി സ്വീകരിച്ച് കർത്താവിന്റെ വരവിനായി നോക്കിപാർക്കുന്ന വ്യക്തിയോ? താങ്കൾ ഇതുവരെയും ഈ അനുഭവത്തിൽ വന്നിട്ടില്ല എങ്കിൽ ഇന്നുതന്നെ കർത്താവിനെ ഹൃദയത്തിൽ സ്വീകരിക്കുക. നാളെയ്ക്കായി ജീവിതം നീട്ടരുതേ! നാളെ എന്തു സംഭവിക്കുമെന്ന് ആർക്കും അറിഞ്ഞുകൂടല്ലോ.

❑

# 20

## അധഃമപാതാളം

അധോലോകത്തിലെ അഥവാ പാതാളലോകത്തിലെ പറുദീസയെക്കുറിച്ചും അവിടെ എത്തിച്ചേരുന്ന ആത്മാക്കളെക്കുറിച്ചും മുൻ അദ്ധ്യായത്തിൽ പ്രസ്താവിച്ചു വല്ലോ. ഇനിയും അധഃമപാതാളത്തെക്കുറിച്ചും അവിടെ ചെന്നുചേരുന്ന ആത്മാക്കളെക്കുറിച്ചും തിരുവചനം എന്തു പറയുന്നു എന്നു ചിന്തിക്കാം.

യേശു ക്രൂശിൽ ജീവനെ വെടിഞ്ഞശേഷം ആത്മാവിൽ അവൻ ഭൂമിയുടെ അധോഭാഗങ്ങളിലേക്ക് ഇറങ്ങി എന്ന് തിരുവചനത്തിൽ പറഞ്ഞിരിക്കുന്നുവല്ലോ? (എഫെ. 4:9; 1 പത്രൊ. 3:19). ഈ വേദഭാഗം ഇംഗ്ലീഷിൽ കുറെക്കൂടി വ്യക്തമായി മനസ്സിലാക്കുവാൻ കഴിയും.

He also descended to the lower earthly regions (NIV)
He also descended into the lower parts of the earth (KJV)

ഭൂമിയുടെ അധോഭാഗങ്ങൾ (lower parts) എന്ന് ബഹുവചനാർത്ഥം പറഞ്ഞിരിക്കുന്നതിനാൽ low, lower, lowest ഇങ്ങനെ പ്രധാനമായി മൂന്നു ഭാഗങ്ങൾ (parts) അഥവാ മൂന്നു സ്ഥലങ്ങൾ അധോലോകത്തിൽ ഉള്ളതായി മനസ്സിലാക്കാം. സങ്കീർത്തനക്കാരനായ ദാവീദും അധോലോകത്തെപ്പറ്റി പറഞ്ഞിരിക്കുന്നത്: "...അവർ ഭൂമിയുടെ അധോഭാഗങ്ങളിലേക്ക് ഇറങ്ങിപ്പോകും (Those shall go into the lower parts of the earth) എന്നാണ് (സങ്കീ. 63:9)

മുൻഅദ്ധ്യായത്തിൽ പ്രസ്താവിച്ചതുപോലെ ഷീയോൾ (പാതാളം) മരിച്ചവർ വിശ്രമിക്കുന്ന സ്ഥലം എന്ന് പൊതുവെ യെഹൂദന്മാരുടെ ഇടയിൽ പറയപ്പെടുന്നുവെങ്കിലും, താഴെയുള്ള പാതാളം അഥവാ അധഃമപാതാളം ദുഷ്ടന്മാർക്കുള്ള (പാപികൾ) പാർപ്പിടം ആകുന്നു എന്നുള്ള അറിവ് പഴയനിയമ ഭക്തന്മാർക്കുണ്ടായിരുന്നതായി താഴെ ഉദ്ധരിക്കുന്ന വേദഭാഗങ്ങളിൽ നിന്നും മനസ്സിലാക്കാവുന്നതാണ്.

"ദുഷ്ടന്മാരും ദൈവത്തെ മറക്കുന്ന സകല ജാതികളും പാതാളത്തിലേക്കു തിരിയും" (സങ്കീ. 9:17).

"ദുഷ്ടന്മാർ ലജ്ജിച്ചു പാതാളത്തിൽ മൌനമായിരിക്കട്ടെ" (സങ്കീ. 31:17).

"അവരെ പാതാളത്തിനു ആടുകളായി ഏല്പിച്ചിരിക്കുന്നു; മൃത്യു അവരെ മേയിക്കുന്നു. പാതാളം അവരുടെ പാർപ്പിടം" (സങ്കീ. 49:14).

"നീ എന്റെ പ്രാണനെ അധഃമപാതാളത്തിൽ നിന്നു രക്ഷിച്ചിരിക്കുന്നു" (സങ്കീ. 86:13).

എബ്രായ ബൈബിളിൽ ഷീയോളിനെക്കുറിച്ച് പറഞ്ഞിരിക്കുന്നത്: നീതിമാന്മാരല്ലാത്തവരുടെ ആത്മാക്കൾ പാർക്കുന്ന സ്ഥലമെന്നാണ്. ഇംഗ്ലീഷ് ബൈബിളിലും (KJV) മലയാളം ബൈബിളിൽ ചിലയിടത്തും ഷിയോൾ (പാതാളം) എന്ന പദം നരകം (hell) എന്ന് ഭാഷാന്തരം ചെയ്തിരിക്കുന്നതായി കാണാവുന്നതാണ്. ദുഷ്ടന്മാരായവരുടെ (പാപികൾ) ആത്മാക്കൾ നരകത്തിൽ യാതന അനുഭവിച്ച് കഴിയുന്നു എന്ന അർത്ഥത്തിലാണ് അങ്ങനെ പറഞ്ഞിരിക്കുന്നത്. എന്നാൽ അത് ശരിയായ തർജ്ജിമ അല്ലെന്ന് മറ്റു ഭാഷാന്തരങ്ങളിലും വേദപഠിത നിഘണ്ഡുവിലും (Bible Dictionary) പറഞ്ഞിരിക്കുന്നു. കാരണം; യഥാർത്ഥ നരകം (hell) തീപ്പൊയ്ക (lake of

fire) ആകയാൽ ന്യായവിധിക്കുശേഷമാണ് നരകം പാപികളുടെ അന്ത്യപാർപ്പിടമായി മാറുന്നത്.

പാപികളായി മരിച്ചവരുടെ ആത്മാക്കൾ അന്ത്യന്യായവിധിക്കായി പുനരുത്ഥാനം പ്രാപിക്കുന്നതുവരെ പാർക്കുന്ന സ്ഥലമാണ് അധഃമപാതാളം. പാതാള പറുദീസയിലായിരുന്ന പഴയനിയമ വിശുദ്ധന്മാരുടെ ആത്മാക്കളെ കർത്താവു വിടുവിച്ച് സ്വർഗ്ഗീയ പറുദീസയിൽ കൊണ്ടുപോയി പാർപ്പിച്ചിരിക്കുന്നു എന്ന് മുൻ അദ്ധ്യായത്തിൽ പ്രസ്താവിച്ചുവല്ലോ? ആയതുപോലെ അധഃമപാതാളത്തിൽ കഴിയുന്ന പാപികളുടെ ആത്മാക്കൾ പുനരുത്ഥാനം പ്രാപിച്ച് അന്ത്യന്യായവിധിക്കുശേഷം നരകത്തിൽ തള്ളിയിടുന്നതുവരെ അധഃമപാതാളത്തിലാണ് കഴിയുന്നത്.

പാപികളായവരുടെ ആത്മാക്കളും നീതിമാന്മാരായവരുടെ ആത്മാക്കളും മരണാനന്തരം രണ്ട് സ്ഥലത്താണ് ചെന്നുചേരുന്നതെന്ന് കർത്താവായ യേശു വളരെ വ്യക്തമായി വെളിപ്പെടുത്തിത്തന്നിരിക്കുന്നു. ധനവാനായ മനുഷ്യൻ മരിച്ചപ്പോൾ തന്റെ ആത്മാവ് അധഃമപാതാളത്തിലാണ് ചെന്നുചേർന്നതെന്ന് തിരുവചനം വ്യക്തമാക്കുന്നു. പാതാളത്തിൽ താൻ യാതന അനുഭവിക്കുമ്പോൾ മേലോട്ടുനോക്കി എന്ന് പറഞ്ഞിരിക്കുന്നതിനാൽ (ലൂക്കൊ. 16:23) നീതിമാന്മാരല്ലാത്ത സകല പാപികളുടെയും ആത്മാക്കൾ മരണാനന്തരം ചെന്നുചേരുന്നത് അധഃമപാതാളമാകുന്ന യാതനാസ്ഥലത്താകുന്നു. അധഃമപാതാളം യാതനാസ്ഥലമാണ് എങ്കിലും അത് തീപ്പൊയ്കയാകുന്ന നരകമല്ല. പാതാള പറുദീസയും അധഃമപാതാളവും തമ്മിൽ വലിയ പിളർപ്പ് ഉള്ളതിനാൽ ഇരുകൂട്ടർക്കും അങ്ങോട്ടുമിങ്ങോട്ടും കടന്നുചെല്ലുവാൻ കഴിയുകയില്ല.

❑

# 21

# അഗാധകൂപം

“പാപം ചെയ്ത ദൂതന്മാരെ ദൈവം ആദരിക്കാതെ അന്ധതമസ്സിന്റെ ചങ്ങലയിട്ട് നരകത്തിലാക്കി ന്യായവിധിക്കായി കാപ്പാൻ ഏല്പിക്കയും....” (2 പത്രൊ. 2:4).

“തങ്ങളുടെ വാഴ്ച കാത്തുകൊള്ളാതെ സ്വന്ത വാസസ്ഥലം വിട്ടുപോയ ദൂതന്മാരെ മഹാദിവസത്തിന്റെ വിധിക്കായി എന്നേക്കുമുള്ള ചങ്ങലയിട്ടു അന്ധകാരത്തിൻ കീഴിൽ സൂക്ഷിച്ചിരിക്കുന്നു” (യൂദാ 6).

അഗാധകൂപം അധോലോകത്തിലെ ഒരു പ്രത്യേക സ്ഥലമാണന്ന് മനസ്സിലാക്കാം. എന്നാൽ ഇത് തീപ്പൊയ്കയാകുന്ന നരകം (Hell) എന്ന സ്ഥലമല്ല. അഗാധകൂപത്തിനു അബ്യസ്സ് (Abyss) എന്നാണ് NIV ബൈബിളിലും മറ്റു പുതിയ ഭാഷാന്തരങ്ങളിലും പറഞ്ഞിരിക്കുന്നത്. അബുസ്സോസ് (Abussos) എന്ന ഗ്രീക്കു പദത്തിൽ നിന്നും വിവർത്തനം ചെയ്തിരിക്കുന്നതാണ് അബ്യസ്സ് എന്ന പദം. അബുസ്സോസ് എന്നാൽ അടിഭാഗം കാണാൻ കഴിയാത്ത അഗാധമായത് (Deep or bottomless) എന്നാണ് അർത്ഥമാക്കുന്നത്. അവിടെ വലിയ ഇരുട്ടാണ്. അതുകൊണ്ടത്രെ അന്ധതമസ്സിന്റെ ചങ്ങലയാൽ ബന്ധിച്ചിരിക്കുന്നു എന്ന് അലങ്കാരഭാഷയിൽ പറഞ്ഞിരിക്കുന്നത്. 2 പത്രൊ. 2:17ൽ പറയപ്പെട്ടിരിക്കുന്ന ‘കൂരിരുട്ട്’ (Blackest

darkness) കൊണ്ട് നിറയപ്പെട്ടതാണ് അഗാധകൂപം. അതിൽ അകപ്പെട്ടാൽ പിന്നെ തുറക്കാതെ വെളിയിൽ വരുവാൻ കഴികയില്ല.

മുകളിൽ പ്രസ്താവിച്ച വേദഭാഗത്ത് പാപം ചെയ്ത ദൂതന്മാരെ ദൈവം ആദരിച്ചില്ല എന്നും അവരെ അന്ധ തമസ്സിന്റെ ചങ്ങലയിട്ട് ഇവരെ ന്യായംവിധിക്കുന്നതുവരെ സൂക്ഷിച്ചിരിക്കുന്നു എന്നും കാണുന്നു. ഈ ദൂതന്മാർ ചെയ്ത പാപം, അവരെ ആക്കിവെച്ച സ്ഥാനത്ത് അവ രുടെ വാഴ്ച കാത്തുകൊള്ളാതെ അവരുടെ വാസസ്ഥലം വിട്ടുപോയി എന്നുമാത്രമാണ് കാണുന്നത്. പാപം ചെയ്ത ഈ ദൂതന്മാരെ അഗാധത്തിൽ, അന്ധകാരത്തിൻ കീഴിൽ അടയ്ക്കപ്പെട്ടിരിക്കുന്നു (putting them into gloomy dungeons). വലിയ കുറ്റവാളികളെ (most dangerous criminals) ജയിലിൽ പ്രത്യേക സുരക്ഷിതമായ സെല്ലുകളിൽ ഒരുതരത്തിലും രക്ഷപെടുവാൻ കഴിയാതെവണ്ണം സൂക്ഷി ച്ചിരിക്കുന്നതുപോലെയാണ് ഈ ദൂതന്മാരെ അഗാധകൂ പത്തിൽ സൂക്ഷിച്ചിരിക്കുന്നത്. ഇവരെ ന്യായം വിധിച്ച് തീപ്പൊയ്കയിൽ തള്ളിയിടുന്നതുവരെ ഈ അഗാധ ത്തിൽ കഴിയേണ്ടിവരും.

ചില ഗ്രീക്ക്പണ്ഡിതന്മാർ ഈ സ്ഥലത്തിന് റ്റാർട്ട റസ്സ് (Tartarus) അഥവാ അധഃമപാതാളം എന്ന് പറയ പ്പെടുന്നു; എന്നാൽ പുതിയനിയമത്തിൽ അതിനു തെളി വില്ല. യോഹന്നാൻ അപ്പൊസ്തോലനെ പദ്മോസ് ദ്വീപിൽ നാടുകടത്തിയപോലെ ഭൂമിയുടെ അറ്റത്തും സമു ദ്രതീരങ്ങളിലും പല ദ്വീപുകളും, കടൽ മുനമ്പുകളും ഉള്ള തുപോലെ അഗാധകൂപവും പാതാളലോകത്തിലുള്ള ഒരു പ്രത്യേക സ്ഥലമാണെന്ന് മനസ്സിലാക്കാം. ഹെരോദാ വിന്റെ കല്പനപ്രകാരം പത്രോസിനെ പിടിച്ച് കാരാഗൃ ഹത്തിന്റെ ഉള്ളിൽ പ്രത്യേക അറയിൽ ഏറ്റവും സുര

ക്ഷാസംവിധാനത്തോടുകൂടി അടയ്ക്കപ്പെട്ടതുപോലെ (അ.പ്ര. 12:7) ഈ ദൂതന്മാരെ അഗാധകൂപത്തിൽ സൂക്ഷിച്ചിരിക്കുന്നു.

ലെഗ്യോൻ (അനേകം ഭൂതങ്ങൾ) ബാധിച്ചിരുന്ന മനുഷ്യനിൽ നിന്നും യേശു ഇവരെ പുറത്താക്കുമെന്ന് അറിഞ്ഞുകൊണ്ട് യേശുവിനോട് അപേക്ഷിച്ചു പറഞ്ഞത്: പാതാളത്തിലേക്ക് പോകുവാൻ കല്പിക്കരുതേ എന്നാണ് (ലൂക്കൊ. 8:31). നോക്കുക, ഈ ഭൂതങ്ങൾക്ക് പാതാളത്തെക്കുറിച്ചും, അഗാധകൂപത്തിൽ അടയ്ക്കപ്പെട്ടിരിക്കുന്ന അശുദ്ധാത്മാക്കളെക്കുറിച്ചും അഗ്നിനരകത്തെക്കുറിച്ചും നല്ല അറിവുള്ളതിനാലാണല്ലോ അവരെ പാതാളത്തിലേക്ക് വിടരുതേ എന്നപേക്ഷിച്ചത്.

അഗാധത്തിൽ അടയ്ക്കപ്പെട്ടിരിക്കുന്ന ഇവർ വലിയ ദോഷം ചെയ്യുന്ന ദുഷ്ടാത്മാക്കൾ ആയതിനാലും ഇവരെ സ്വതന്ത്രരായി വിട്ടാൽ ഭൂമിയിൽ ജനങ്ങളുടെ ഇടയിൽ വിശേഷാൽ ദൈവജനങ്ങൾക്ക് വലിയ ദോഷം ചെയ്യുവാൻ സാത്താൻ ഇവരിൽക്കൂടി പ്രവർത്തിക്കുമെന്നറിഞ്ഞുകൊണ്ടായിരിക്കാം ഇവരെ അഗാധത്തിൽ അടയ്ക്കപ്പെട്ടിരിക്കുന്നത്.

പാപം ചെയ്ത ദൂതന്മാരെ ദൈവം ആദരിക്കാതെ അന്ധതമസ്സിന്റെ ചങ്ങലയിട്ട് നരകത്തിലാക്കി സൂക്ഷിച്ചിരിക്കുന്നു എന്ന് 2 പത്രൊ. 2:4-ൽ പറഞ്ഞിരിക്കുന്ന ദൂതന്മാർ ഉല്പത്തി 6:2-ൽ പറഞ്ഞിരിക്കുന്ന ദൈവത്തിന്റെ പുത്രന്മാർ ആകുന്നു എന്നും അവർ അവരുടെ വാസസ്ഥലം വിട്ട് സ്ത്രീകളുമായി വ്യഭിചാരപാപം ചെയ്തതിനാൽ ദൈവം അവരെ കുറ്റക്കാരായി (അശുദ്ധരായി) എണ്ണി അന്ധതമസ്സിൽ സൂക്ഷിച്ചിരിക്കുന്നു എന്നുള്ള വ്യാഖ്യാനം ചില വേദപണ്ഡിതന്മാരുടെ ഇടയിലുണ്ട്. ദൈവദൂതന്മാർ പുരുഷന്മാരായി മനുഷ്യർക്ക് പ്രത്യക്ഷ

പ്പെടുകയും മനുഷ്യരുടെ ആഹാരം കഴിക്കുകയും ചെയ്തിട്ടുള്ളതിനാലും, ഹാഗാർ, മനോഹ, യേശുവിന്റെ അമ്മ മറിയ എന്നീ സ്ത്രീകൾക്ക് ദൂതന്മാർ പ്രത്യക്ഷപ്പെട്ടിട്ടുള്ളതിനാലും, സ്ത്രീകളുമായി ദൂതന്മാർ ലൈംഗീക ബന്ധം പുലർത്തുവാൻ കഴികയില്ലേ എന്ന ചോദ്യം ഉദിക്കുന്നുണ്ട്. എന്നാൽ അത് ശരിയായ വ്യാഖ്യാനമല്ല എന്ന് ചില വേദപണ്ഡിതന്മാരും എഴുത്തുകാരും സമർത്ഥിച്ചിട്ടുണ്ട്. ഉല്പത്തി 6:2-ൽ പറഞ്ഞിരിക്കുന്ന ദൈവത്തിന്റെ പുത്രന്മാർ 'ദൈവദൂതന്മാരല്ല' എന്ന അഭിപ്രായമാണ് ഈ ഗ്രന്ഥകാരനും ഉള്ളത്.

ദൂതന്മാർക്ക് സ്ത്രീകളുമായി ലൈംഗീക ബന്ധം പുലർത്തണമെങ്കിൽ, സ്ത്രീകളോട് ലൈംഗീകമായ ആകർഷണവും, വികാരവും, ഇച്ഛയും ഉള്ളതുകൊണ്ടായിരിക്കണമല്ലോ അവർ സൗന്ദര്യവതികളായ സ്ത്രീകളെ ഭാര്യമാരായി എടുത്ത് അവരോടു ശയിച്ചത്. അങ്ങനെ മനുഷ്യരെപ്പോലെ ദൂതന്മാർക്കും ലൈംഗീകവികാരം ഉണ്ടെങ്കിൽ, പുരാതനലോകത്തിലുണ്ടായിരുന്ന സ്ത്രീകളെക്കാൾ എത്രയോ മടങ്ങ് സൗന്ദര്യമുള്ള സ്ത്രീകൾ അതിനുശേഷം ഭൂലോകത്തിൽ എല്ലായിടത്തും ഉള്ളതിനാൽ, ദൂതന്മാർ എപ്പോഴെങ്കിലും സ്ത്രീകളുമായി ലൈംഗീകബന്ധത്തിൽ ഏർപ്പെടുമായിരുന്നു എന്നതിന് രണ്ടുപക്ഷമില്ല. സ്വർഗ്ഗത്തിൽ കോടാനുകോടി ദൂതന്മാർ ഉള്ളതിൽ ആരുംതന്നെ ഇന്നുവരെ സ്ത്രീകളുമായി ലൈംഗീകബന്ധം പുലർത്തിയിട്ടുള്ളതായി എങ്ങും ഒരു കേട്ടുകേഴ്വിപോലുമില്ല. അങ്ങനെ സംഭവിക്കുവാൻ പോകുന്നുമില്ല. ദൈവം ശിക്ഷിക്കുമെന്നു ഭയപ്പെട്ട് ദൂതന്മാർ ഇത് ചെയ്യാതിരിക്കുകയാണെന്ന് പറയുന്നത് യുക്തിക്കു നിരക്കാത്തതാണല്ലോ? വ്യഭിചാരം, ബലാൽസംഗം എന്നീ കുറ്റങ്ങൾക്ക് വലിയ ശിക്ഷ ലഭി

ക്കുമെന്ന് അറിഞ്ഞിട്ടും മനുഷ്യർ ഈ പാപം ചെയ്യുവാൻ ഭയപ്പെടുന്നില്ലല്ലോ?

ദൂതന്മാർ ആത്മജീവികളാകയാലും, അവർ മാംസരക്തത്തോടുകൂടിയ ശരീരജീവികൾ അല്ലാത്തതിനാലും, മനുഷ്യരെപ്പോലെ സ്ത്രീകളുമായി ലൈംഗീകബന്ധം പുലർത്തുവാൻ കഴിയുന്നതല്ല. ദൈവം മനുഷ്യനെ ആണുംപെണ്ണുമായി സൃഷ്ടിച്ചിട്ട് അവരെ അനുഗ്രഹിച്ചു പറഞ്ഞത് നിങ്ങൾ സന്താനപുഷ്ടിയുള്ളവരായി പെരുകുവിൻ എന്ന് മനുഷ്യനോടു പറഞ്ഞതുപോലെ ദൂതന്മാരോട് പറഞ്ഞതായി ഒരു തെളിവും വിശുദ്ധബൈബിളിൽ ഇല്ലാത്തതിനാൽ "ദൈവത്തിന്റെ പുത്രന്മാർ" എന്ന് ഉല്പത്തി 6:2-ൽ പറഞ്ഞിരിക്കുന്നത് ദൈവദൂതന്മാരെക്കുറിച്ചല്ല എന്നുമാത്രം പറഞ്ഞുകൊണ്ട് ഈ വിഷയം ഇവിടെ ഉപസംഹരിക്കുന്നു.

## a) അഗാധകൂപത്തിൽ അടയ്ക്കപ്പെട്ടിരിക്കുന്ന അശുദ്ധാത്മാക്കൾ

അഗാധകൂപത്തിൽ ഒരുകൂട്ടം അശുദ്ധാത്മാക്കളെ (demon spirits) അടച്ചുപൂട്ടിയിരിക്കുന്നതായി വെളിപ്പാട് 9-ാം അദ്ധ്യായത്തിൽ പറഞ്ഞിരിക്കുന്നു. മഹോപദ്രവകാലത്ത് മനുഷ്യരെ ദണ്ഡിപ്പിപ്പാൻ ഈ അഗാധകൂപം തുറക്കപ്പെടുമ്പോൾ കൂപത്തിൽ നിന്നും വമിച്ച പുകനിമിത്തം ആകാശം ഇരുളുകയാൽ സൂര്യപ്രകാശം ഭൂമിയിൽ ലഭിക്കാതെ ദേശം അന്ധകാരനിപുടമായ്ത്തീരും. ഈ അശുദ്ധാത്മാക്കൾ മനുഷ്യർക്കും വൃക്ഷസസ്യാദികൾക്കും മൃഗങ്ങൾക്കും വലിയ ദോഷം ചെയ്യുവാൻ കഴിവുള്ളതുകൊണ്ടാണ് ഇവരെ അഗാധത്തിൽ അടച്ചിടപ്പെട്ടിരിക്കുന്നത്. "മനുഷ്യർക്കല്ലാതെ ഭൂമിയിലെ പുല്ലിനും പച്ചയായതിനൊന്നിനും വൃക്ഷത്തിനും കേടുവരുത്തരുത് എന്നുള്ള കർശന കല്പന കൊടുക്കുന്നതായി കാണുന്നുവല്ലോ

(വെളി. 9:4). എത്ര ദുഷ്ടതയേറിയ അശുദ്ധാത്മാക്കൾ ആയിരുന്നാലും ദൈവം എന്തു കല്പിച്ചുവോ അതു മാത്രമെ ചെയ്യുവാൻ ഈ ദുഷ്ടാത്മാക്കൾക്ക് കഴികയുള്ളൂ എന്ന് നാം അറിഞ്ഞിരിക്കേണം. ഈ അശുദ്ധാത്മാക്കൾ ഒരു പ്രത്യേക ജീവികളായിട്ടാണ് മഹോപദ്രവകാലത്ത് ഭൂതലത്തിൽ വെളിപ്പെടുന്നത്. ഇവയ്ക്ക് തേളിനുള്ളതു പോലെ വാലും വാലിൽ വിഷമുള്ളും ഉണ്ട്. ദൈവത്തിന്റെ മുദ്രയില്ലാത്ത മനുഷ്യരുടെമേൽ ഇവ പറന്നുവന്നിട്ട് വാലു കൊണ്ട് കുത്തുന്നു. പുകപടലം കൊണ്ട് ദേശം അന്ധ കാരമായതിനാൽ മനുഷ്യർക്ക് ഇവയെ കാണുവാൻ കഴി കയില്ല. എന്നാൽ ഈ ജീവികൾക്ക് ദൈവത്തിന്റെ മുദ്ര നെറ്റിയിൽ ഉള്ളവരെയും അല്ലാത്തവരെയും തിരിച്ചറിയാം എന്നുള്ളത് അതിശയകരം തന്നെ. ദൈവത്തിന്റെ മുദ്ര യില്ലാത്തവരെ ഈ ജീവികൾ വാലിലുള്ള വിഷമുള്ളു കൊണ്ട് കുത്തുന്നു. കുത്തേറ്റവർ അഞ്ചുമാസക്കാലം കഠിനവേദനയാൽ കിടന്നു പുളയും. വേദനയാൽ ഉറങ്ങു വാൻ കഴികയില്ല. വേദന സഹിക്ക വയ്യാതെ എങ്ങനെ യെങ്കിലും മരിച്ചുകളയാം എന്ന് വിചാരിച്ചാൽ അവർക്ക് മരിക്കുവാൻ കഴികയില്ല. “ആ കാലത്തു മനുഷ്യർ മരണം അന്വേഷിക്കും; കാൺകയില്ല താനും; മരിപ്പാൻ കൊതിക്കും മരണം അവരെ വിട്ട് ഓടിപ്പോകും” (വെ ളി.9:6).

## b) സാത്താനെ അഗാധത്തിൽ അടയ്ക്കുന്നത്.

അനന്തരം ഒരു ദൂതൻ അഗാധത്തിന്റെ താക്കോലും ഒരു വലിയ ചങ്ങലയും കയ്യിൽ പിടിച്ചുകൊണ്ട് സ്വർഗ്ഗ ത്തിൽനിന്ന് ഇറങ്ങുന്നത് ഞാൻ കണ്ടു. അവൻ പിശാചും സാത്താനും എന്നുള്ള പഴയ പാമ്പായ മഹാസർപ്പത്തെ പിടിച്ച് ആയിരം ആണ്ടേക്ക് ചങ്ങലയിട്ടു. ആയിരം ആണ്ട് കഴിയുവോളം ജാതികളെ വഞ്ചിക്കാതിരിപ്പാൻ

അവനെ അഗാധത്തിൽ തള്ളിയിട്ട് അടച്ചുപൂട്ടുകയും മീതെ മുദ്രയിടുകയും ചെയ്തു (വെളി. 20:1–3).

ദൈവസഭ ഈ ഭൂമിയിൽ നിന്നും എടുക്കപ്പെട്ടശേഷം ഏഴുവർഷക്കാലം നീണ്ടുനില്ക്കുന്ന മഹോപദ്രവകാലമാണ് അന്നുള്ള ലോകജനത അഭിമുഖീകരിക്കുവാൻ പോകുന്നത്. മഹോപദ്രവകാലഘട്ടത്തിന്റെ മദ്ധ്യത്തിൽ സാത്താനെയും അവന്റെ ദൂതന്മാരെയും പ്രധാനദൂതനായ മീഖായേലും അവന്റെ ദൂതന്മാരും പടവെട്ടി സാത്താനെ തോല്പിച്ച് സ്വല്ലോകങ്ങളിൽനിന്നും ഭൂമിയിലേക്ക് തള്ളിക്കളയുന്നു (വെളി. 12:7–9). അതോടുകൂടി സാത്താന്റെ ആധിപത്യം ഭൂമിയിൽ മാത്രം ഒതുങ്ങി നില്ക്കുന്നതായിരിക്കും. അവന് ആകാശത്തിലോ സ്വർല്ലോകങ്ങളിലോ യാതൊരുവിധമായ അധികാരവും സ്വാധീനവും ചെലുത്തുവാൻ കഴിയുന്നതല്ല.

കർത്താവായ യേശുവും തന്റെ വിശുദ്ധന്മാരും ഈ ഭൂമിയിൽ ആയിരാമാണ്ട് ഭരിക്കുവാൻ പോകുന്നു എന്ന് തിരുവചനം വെളിപ്പെടുത്തിത്തരുന്നു. ആ ഭരണം ഏഴു വർഷത്തെ മഹോപദ്രവകാലം കഴിഞ്ഞിട്ടാകുന്നു എന്നും തിരുവചനത്തിൽനിന്നും മനസ്സിലാക്കാവുന്നതാണ്. നമ്മുടെ കർത്താവ് ഈ ഭൂമിയിൽ രാജാധിരാജാവായി ഭരണം നടത്തുമ്പോൾ, ഈ ലോകത്തിന്റെ പ്രഭുവും (യോഹ. 12:31) ദൈവവുമായ (2 കൊരി. 4:4) സാത്താന് ഈ ഭൂമി ഭരിക്കുവാൻ കഴിയുന്നതല്ലല്ലോ. (രണ്ടു രാജാക്കന്മാർ ചേർന്ന് ഒരു രാജ്യം ഭരിക്കുക അസാദ്ധ്യമാണല്ലോ). അതുകൊണ്ട് യേശുകർത്താവ് ഭരണം തുടങ്ങുന്നതിനു മുമ്പായി സാത്താനെ പിടിച്ചുകെട്ടി അഗാധത്തിൽ തള്ളിയിട്ട് അടച്ചു പൂട്ടുകയും അതിന്മീതെ രാജാധിരാജാവായ കർത്താവിന്റെ മുദ്ര വയ്ക്കുകയും ചെയ്യുന്നു. യേശുവിനെ അടക്കിയ കല്ലറയുടെമേൽ പീലാത്തോസ് റോമൻ ഇംപീ

ര്യർ മുദ്രവച്ച് ഉറപ്പുവരുത്തിയെങ്കിലും അതിനെ തകർത്തുകൊണ്ട് യേശു വെളിയിൽ വന്നതുപോലെ അഗാധത്തിൽ അടയ്ക്കപ്പെട്ട സാത്താന് കർത്താവിന്റെ മുദ്രപൊട്ടിച്ച് വെളിയിൽ വരുവാൻ കഴികയില്ല. ആ മുദ്ര പൊട്ടിക്കുവാനുള്ള ശക്തി സാത്താനാകട്ടെ അവന്റെ സകല ദുഷ്ടാത്മാക്കൾ ഒന്നിച്ചുചേർന്നാലും സാധ്യമാകയില്ല. അവൻ അടച്ചാൽപ്പിന്നെ ആർക്കും തുറക്കുവാൻ സാധിക്കയില്ല. ഇത് യേശുവിന്റെ ശക്തിയേയും അധികാരത്തേയും വെളിപ്പെടുത്തുന്നതാണ് (He shuts by His power and seal by His authority).

സാത്താനെ അഗാധത്തിൽ തള്ളിയിട്ട് മുദ്രയിടപ്പെട്ടരിക്കുന്ന സ്ഥലം മുകളിൽ പ്രസ്താവിച്ചതുപോലെ പാതാളലോകത്തിലെ ഒരു പ്രത്യേക സ്ഥലമാണെന്ന് മനസ്സിലാക്കാം. സാത്താന് ഒരു പ്രകാരത്തിലും രക്ഷപെടുവാൻ കഴിയാത്ത പ്രത്യേക ജയിലറ (Bottomles pit) ആണിത്.

സാത്താനെ അഗാധത്തിൽ തള്ളിയിടുന്നതോടൊപ്പം അവന്റെ സകല ദൂതന്മാരെയും അവനോടുകൂടി അഗാധത്തിൽ തടവിലാക്കപ്പെടുമെന്ന് ന്യായമായി കരുതാം. കാരണം ലൂസിഫറിനെ അവന്റെ സ്ഥാനത്തുനിന്നും ദൈവം തള്ളിക്കളഞ്ഞപ്പോൾ അവനോടുചേർന്ന് ദൈവത്തോടു മത്സരിച്ച സകല ദൂതന്മാരെയും അവനോടൊപ്പം തള്ളിക്കളഞ്ഞുവല്ലോ. മാത്രമല്ല, സ്വർഗ്ഗത്തിൽ വെച്ച് സാത്താനും അവന്റെ ദൂതന്മാരും മീഖായേലിനോടും അവന്റെ ദൂതന്മാരോടും പടവെട്ടി സാത്താനെ തോല്പിച്ച് ഭൂമിയിലേക്ക് തള്ളിക്കളഞ്ഞ കൂട്ടത്തിൽ സാത്താന്റെ ദൂതന്മാരെയും അവനോടുകൂടെ തള്ളിക്കളഞ്ഞതായി കാണുന്നുവല്ലോ (വെളി. 12:9).

ആയിരമാണ്ട് വാഴ്ചക്കാലത്ത് സാത്താനെ മാത്രം അഗാധത്തിൽ ആക്കിയിട്ട് അവന്റെ സകല ദുഷ്ടാത്മസേ

നകളെയും സ്വതന്ത്രരായി വിടുമെന്ന് വിശ്വസിക്കുവാൻ കഴികയില്ലല്ലോ. കർത്താവും തന്റെ വിശുദ്ധന്മാരും വാഴുന്ന രാജ്യത്തിൽ യാതൊരു അശുദ്ധാത്മാക്കളോ ദുഷ്ടാത്മസേനകളോ ഉണ്ടായിരിക്കുവാൻ പാടില്ല.

❑

# 22
# നരകം

പാതാള പറുദീസ പഴയനിയമ വിശുദ്ധന്മാരുടെ ആത്മാക്കൾ പാർത്തിരുന്ന സ്ഥലമാണെന്നും, കർത്താവായ യേശു ക്രൂശിൽ മരിച്ചതിനുശേഷം ആത്മാവിൽ അവൻ ചെന്ന് അവർക്ക് വെളിപ്പെടുത്തിയശേഷം അവരെ കൂട്ടിക്കൊണ്ടുപോയി സ്വർഗ്ഗീയ പറുദീസയിൽ പാർപ്പിച്ചിരിക്കുന്നു എന്ന് കണ്ടുവല്ലോ? അങ്ങനെ പാതാളപറുദീസ ഇപ്പോൾ ഒഴിയപ്പെട്ടതായി കിടക്കുന്നു.

അധഃമപാതാളത്തിൽ പാപികളായവരുടെ ആത്മാക്കൾ പുനരുത്ഥാനം പ്രാപിക്കുന്നതുവരെ യാതനഅനുഭവിച്ച് കഴിയുന്നൂയെന്നും നാം കണ്ടുവല്ലോ. ഇനിയും നരകം (Hell) എന്നതിനെപ്പറ്റി വിശുദ്ധബൈബിൾ എന്ത് പറയുന്നു എന്ന് ചിന്തിക്കാം.

ഒരു ബൈബിൾ നിഘണ്ടുവിൽ (Bible Dictionary) നരകത്തിന് കൊടുത്തിരിക്കുന്ന അർത്ഥം : മരിച്ച ദുഷ്ടന്മാരുടെ (പാപികളുടെ) ആത്മാക്കൾ എന്നന്നേക്കുമായി നിത്യശിക്ഷ, യാതന അനുഭവിച്ച് കഴിയുന്ന അന്ത്യപാർപ്പിടം എന്നാണ് (The final abode of the un-righteous dead wherein the ungodly suffer eternal punishment)

നരകം എന്ന സ്ഥലം ഉണ്ടെന്ന് വിശ്വസിക്കാത്ത അനേകം ആളുകളെ നമ്മുടെ ചുറ്റുപാടും കാണുവാൻ കഴിയും. സ്വർഗ്ഗവും നരകവും ഈ ഭൂമിയിൽ തന്നെയാ

ണെന്ന് ചിലർ പറയുന്നു. ഇന്ന് ഭൂതലത്തിൽ മനുഷ്യർ അഭിമുഖീകരിക്കുന്ന ദാരിദ്ര്യം, മാരകരോഗങ്ങൾ, തീരാവ്യാധികൾ, പ്രകൃതിക്ഷോപങ്ങൾ, യുദ്ധം, കൊല, ആത്മഹത്യ, കുടുംബകലഹം, മദ്യപാനം, മോഷണം, കവർച്ച, ബലാൽസംഗം, അനീതി എന്നിവ കാരണം നരകം ഈ ഭൂമിയിൽത്തന്നെയാണെന്ന് ചിലർ വിശ്വസിക്കുന്നു.

ഒരു ശിശു പിറന്നു വീഴുമ്പോൾ അതിനു ജീവിക്കുവാൻ ഒരു സ്ഥലം ആവശ്യമാണല്ലോ. മത്സ്യം ജലജീവി ആകയാൽ മത്സ്യങ്ങൾക്ക് ജീവിക്കുവാൻ വെള്ളം ആവശ്യമായിരിക്കുന്നു. അതുപോലെ മനുഷ്യന്റെ മരണാനന്തരം ആത്മാവ് ശരീരത്തിൽ നിന്നും വേർപെടുമ്പോൾ ആത്മാവിനു വസിപ്പാൻ ഒരു സ്ഥലം (പാർപ്പിടം) ഉണ്ടായിരിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. മനുഷ്യന്റെ ആത്മാവ് അമർത്യമായിട്ടുള്ളതാകയാൽ ആത്മാവിന് വസിപ്പാൻ ഒരു നിത്യപാർപ്പിടം അനിവാര്യമാണ്. ആ പാർപ്പിടം ഒന്നുകിൽ സ്വർഗ്ഗീയപറുദീസ അല്ലെങ്കിൽ നിത്യനരകം എന്ന് വിശുദ്ധബൈബിൾ വ്യക്തമാക്കുന്നു.

നരകം യാഥാർത്ഥ്യമാണ്. നരകം ഭയാനകമാണ്. നരകം നിത്യദണ്ഡനം അനുഭവിച്ച് കഴിയുന്ന സ്ഥലമാണ്. നരകവാസം മനുഷ്യൻ ചിന്തിക്കുന്നതിനപ്പുറം കഷ്ടതയേറിയതാണ്. നരകം എന്ന സ്ഥലം ഇല്ലെന്ന് വിശ്വസിക്കുന്നവർപോലും മരണാനന്തരം നരകത്തിലേക്കാണ് പോകുന്നതെന്ന് കേൾക്കുമ്പോൾ ഭയപ്പെടാതിരിക്കയില്ല. നരകം ഇല്ലെന്ന് വിശ്വസിക്കുന്നവരും പാപത്തിൽ ജീവിക്കുന്ന ഏത് മനുഷ്യനും നരകത്തിൽ പോകുവാൻ ഇഷ്ടപ്പെടുന്നില്ല എന്നതാണ് സത്യാവസ്ത.

വിശുദ്ധബൈബിളിൽ സ്വർഗ്ഗത്തെക്കുറിച്ച് വ്യക്തമായി പറഞ്ഞിരിക്കുന്നതുപോലെ നരകത്തെക്കുറിച്ചും പറഞ്ഞിരിക്കുന്നു. കർത്താവായ യേശു നരകത്തെ വെളി

പ്പെടുത്തി തന്നിരിക്കുന്നത് വിശ്വസനീയവും സത്യവു മാണ്. മുകളിൽ പ്രസ്താവിച്ചതുപോലെ പാപികളായവ രുടെ ആത്മാക്കൾ അന്ത്യന്യായവിധിക്ക് ശേഷം നിത്യദ ണ്ഡനം അനുഭവിച്ച് കഴിയുന്ന അന്ത്യ പാർപ്പിടമാണ് നരകം.

മലയാളം ബൈബിളിൽ നരകത്തിന് - പാതാളം, അധഃമപാതാളം, അഗ്നിനരകം, നിത്യാഗ്നി, കെടാത്ത തീയായ നരകം എന്നിത്യാദി പദങ്ങൾ ഉപയോഗിച്ചിരി ക്കുന്നതായി കാണാം. പുതിയനിയമത്തിലാണ് നരകം എന്ന വാക്ക് ഏറ്റവും അധികം ഉപയോഗിച്ചിരിക്കുന്നത്. മലയാളം ബൈബിളിൽ പഴയനിയമത്തിൽ നരകം എന്ന വാക്ക് താഴെ പറയുന്ന ഏതാനും ചില വേദഭാഗങ്ങളിൽ മാത്രം ഉദ്ധരിച്ചിരിക്കുന്നതായി കാണുന്നു.

1. ..... പ്രേതങ്ങൾ (The dead) നൊന്തു നടങ്ങുന്നു. പാതാളം അവന്റെ മുമ്പിൽ തുറന്നു കിടക്കുന്നു. നരകം മറയില്ലാതെയിരിക്കുന്നു (ഇയ്യോ. 26:5-6).

2. ....... "പാതാളവും നരകവും യഹോവയുടെ ദൃഷ്ടി യിൽ ഇരിക്കുന്നു" (സദൃ. 15:11).

3. "പാതാളത്തിനും നരകത്തിനും ഒരിക്കലും തൃപ്തി വരുന്നില്ല" (സദൃ. 28:20).

4. ഞങ്ങളുടെ ചെവികൊണ്ട് അതിന്റെ കേൾവി കേട്ടി ട്ടുണ്ട് എന്ന് നരകവും മരണവും പറയുന്നു. (ഇയ്യോ. 28:22)

## a) <u>ഗിഹെന്ന</u> (Gehenna)

നരകത്തിന് ഗ്രീക്കിൽ ഗിഹെന്ന അഥവാ ഗീനാ (Geena) എന്ന വാക്ക് ഉപയോഗിച്ചിരിക്കുന്നു. ഇത് ഗഹിന്നോം (Gehinnon) എന്ന എബ്രായ സ്ഥലപ്പേരിൽ നിന്നും ഉടലെടുത്ത് പില്ക്കാലത്ത് നരകം എന്ന് പറയ

പ്പെട്ടിരുന്നു. യെരുശലേമിന് തെക്കുഭാഗത്തായി സ്ഥിതി ചെയ്യുന്ന 'ബെൻ ഹിന്നോം' എന്ന താഴ്‌വരയിൽ (Valley of Ben Hinnom) പഴയനിയമകാലത്ത് അന്യദൈവങ്ങൾക്ക് ശിശുക്കളെ ബലി അർപ്പിക്കുന്ന അഥവാ യാഗം കഴിക്കുന്ന സ്ഥലമായിരുന്നു (യോശുവ. 15:8; 2 ദിന. 33:6; യിരെ. 32:35). പില്ക്കാലങ്ങളിൽ ഈ താഴ്‌വരയിൽ ചത്ത മൃഗങ്ങളെയും, കുറ്റവാളികളുടെ മൃതശരീരങ്ങളും വലിച്ചെറിയപ്പെട്ട് അവകളെ ദഹിപ്പിച്ച് തീ പുകഞ്ഞുകൊണ്ടിരുന്ന സ്ഥലമായിരുന്നു. അങ്ങനെ യെഹൂദ എഴുത്തുകാർ ഗിഹെന്ന എന്നത് ദുഷ്ടന്മാരുടെ അന്ത്യസ്ഥലമായും, ദഹിപ്പിക്കുന്ന തീപ്പൊയ്കയായ നരകം (Hell) എന്നും അർത്ഥമാക്കി പറഞ്ഞിരിക്കുന്നു. എന്നാൽ തിരുവചനം ഇത് സ്ഥിരീകരിക്കുന്നില്ല.

## b) തീയും ഗന്ധകവും കത്തിക്കൊണ്ടിരിക്കുന്ന തീപ്പൊയ്ക

തീയും ഗന്ധകവും കത്തിക്കൊണ്ടിരിക്കുന്ന സ്ഥലമാണ് നരകം (Hell). ഇതിനെ തീപ്പൊയ്ക എന്നാണ് പറയുന്നത്. ഒരിക്കലും തീ കെട്ടുപോകാതവണ്ണം കത്തിക്കൊണ്ടിരിക്കുവാൻ ഗന്ധകം (Sulfur) എന്ന ധാതു (Minerel) അധോലോകത്തിൽ സൂക്ഷിക്കപ്പെട്ടിരിക്കുന്നു എന്ന് മനസ്സിലാക്കാം. ഭൂമിയുടെ അധോഭാഗം തീകൊണ്ടെന്ന പോലെ മറിയുന്നു എന്ന് ഇയ്യോബ് 28:5-ൽ പറഞ്ഞിരിക്കുന്നു.

സോദോം, ഗോമോറ എന്നീ പട്ടണനിവാസികൾ ദുഷ്ടന്മാരും കഠിനപാപികളും ആയിരുന്നതിനാൽ ദൈവം അവരുടെമേൽ തന്റെ ന്യായവിധി നടത്തുവാൻ തീരുമാനിച്ചു. ആ പട്ടണങ്ങളിന്മേൽ ആകാശത്തുനിന്നും തീയും ഗന്ധകവും വർഷിപ്പിച്ച് ദൈവം ന്യായവിധി നടത്തിയിട്ടുള്ളത് തിരുവചനത്തിൽ ആവർത്തിച്ചാവർത്തിച്ച് പറഞ്ഞിരിക്കു

ന്നതായി കാണുവാൻ കഴിയും. ആയതുപോലെ ഇപ്പോഴത്തെ ആകാശവും ഭൂമിയും തീകൊണ്ട് ന്യായം വിധിക്കുവാൻ പോകുന്നു എന്ന് മുന്നറിയിപ്പായി പറഞ്ഞിരിക്കുന്നു.

"യഹോവ സോദോമിന്റെയും ഗോമോറയുടെയും മേൽ യഹോവയുടെ സന്നിധിയിൽ നിന്നു, ആകാശത്തു നിന്നു തന്നെ, ഗന്ധകവും തീയും വർഷിപ്പിച്ചു. ആ പട്ടണങ്ങൾക്കും പ്രദേശത്തിനു മുഴുവനും ആ പട്ടണങ്ങളിലെ സകല നിവാസികൾക്കും നിലത്തെ സസ്യങ്ങൾക്കും ഉന്മൂലനനാശം വരുത്തി (ഉല്പ. 19:24–25; ലൂക്കൊ. 17:29). "യഹോവ തന്റെ കോപത്തിലും ക്രോധത്തിലും സോദോം, ഗൊമോറ, അദ്മ, സെബോയീം എന്ന പട്ടണങ്ങളെ... ഗന്ധകവും ഉപ്പും കത്തിയിരിക്കുന്ന ദേശമൊക്കെയും കാണുമ്പോൾ യഹോവ ഈ ദേശത്തോട് ഇങ്ങനെ ചെയ്തത് എന്ത്? ഈ മഹാക്രോധാഗ്നിയുടെ കാരണം എന്ത്? എന്ന് സകലജാതികളും ചോദിക്കും (ആവ. 29:22–23).

"അവന്റെ നിവാസത്തിന്മേൽ ഗന്ധകം പെയ്യും" (ഇയ്യോ. 18:15).

"ദുഷ്ടന്മാരുടെമേൽ അവൻ കെണികളെ വർഷിപ്പിക്കും, തീയും ഗന്ധകവും ഉഷ്ണക്കാറ്റും അവരുടെ പാനപാത്രത്തിന്റെ ഓഹരി ആയിരിക്കും" (സങ്കീ. 11:6).

"അവിടുത്തെ തോടുകൾ കീലായും മണ്ണ് ഗന്ധകമായും നിലം കത്തുന്ന കീലായും ഭവിക്കും; രാവും പകലും അത് കെടുകയില്ല. അതിന്റെ പുക സദാകാലം പൊങ്ങിക്കൊണ്ടിരിക്കും..." (യെശ. 34:9–10).

"ഞാൻ മഹാമാരികൊണ്ടും രക്തംകൊണ്ടും അവനെ ന്യായം വിധിക്കും; ഞാൻ അവന്റെ മേലും, അവന്റെ പടക്കൂട്ടങ്ങളുടെമേലും, അവനോട് കൂടെയുള്ള പല ജാതി

കളുടെമേലും പെരുമഴയും, വലിയ ആലിപ്പഴവും, തീയും, ഗന്ധകവും വർഷിപ്പിയ്ക്കും" (യെഹ. 38:22).

ദൈവജനം ഈ ഭൂമിയിൽ നിന്നും എടുക്കപ്പെട്ട ശേഷം ഭൂമിയിൽ നടക്കുവാൻപോകുന്ന മഹാപീഠനകാലത്ത് യൂഫ്രാത്തേസ് എന്ന മഹാനദിതീരത്തു ബന്ധിച്ചിരിക്കുന്ന നാല് ദൂതന്മാരെ അഴിച്ചുവിടുകയും അവർ അവരുടെ കീഴിലുള്ള മഹാസൈന്യവുമായി (കുതിരപ്പട) പുറപ്പെട്ട് മനുഷ്യരിൽ മൂന്നിലൊന്നിനെ കൊല്ലുന്നതായി പറഞ്ഞിരിക്കുന്നു. ഈ ദുഷ്ടാത്മക്കളുടെ വായിൽനിന്ന് പുറപ്പെടുന്ന തീ, പുക, ഗന്ധകം എന്നീ മൂന്നു ബാധയാൽ മനുഷ്യരിൽ മൂന്നിലൊന്ന് മരിച്ചുപോയതായി കാണുന്നു (വെളി. 9:18).

അന്തിക്രിസ്തുവിനെയും അവന്റെ പ്രതിമയെയും നമസ്കരിച്ച് അവന്റെ മുദ്ര നെറ്റിയിലോ, കൈമേലോ ഏല്ക്കുന്നവർ അഗ്നിഗന്ധകങ്ങളിൽ ദണ്ഡനം അനുഭവിക്കുമെന്ന് വെളി 14:9-10 ൽ പറഞ്ഞിരിക്കുന്നു. അപ്പൊസ്തലനായ പത്രോസ് പറഞ്ഞിരിക്കുന്നത്: പുരാതന ലോകം ജലപ്രളയത്തിൽ മുങ്ങിനശിച്ചതുപോലെ ഇപ്പോഴത്തെ ആകാശവും ഭൂമിയും തീക്കായി സൂക്ഷിച്ചിരിക്കുന്നു എന്നാണ് (2 പത്രൊ. 3:7).

ആകാശത്തുനിന്നും ഗന്ധകവും തീയും വർഷിപ്പിച്ച് ദൈവം ന്യായവിധി നടത്തിയെന്ന് കാണുന്നതിനാൽ, വാനഗോളത്തിലുള്ള ഏതെങ്കിലും ഗ്രഹത്തിൽ ഗന്ധകം സൂക്ഷിക്കപ്പെട്ടിരിക്കുന്നു എന്ന് ഗ്രഹിക്കുവാൻ പ്രയാസമില്ലല്ലോ. ശാപഗ്രസ്ഥമായ, പാപംകൊണ്ട് വഷളായ, രക്തപാതകംകൊണ്ട് നിറഞ്ഞ ഈ ഭൂമിയെ ദൈവം തീകൊണ്ട് ന്യായം വിധിച്ച് കഴിയുമ്പോൾ പിന്നെ വാനഗോളത്തിൽ തീയുടെയും ഗന്ധകത്തിന്റെയും ആവശ്യമില്ലല്ലോ. എന്തുകൊണ്ടെന്നാൽ ദൈവം പുതിയ ഭൂമിയും

പുതിയ ആകാശവും ദൈവജനത്തിനായി ഒരുക്കിയിരിക്കുന്നതിനാൽ തന്നേ (വെളി. 21:1).

തീയും ഗന്ധകവും കത്തിക്കൊണ്ടിരിക്കുന്ന സ്ഥലമാണ് നരകം എന്ന് മുകളിൽ കണ്ടുവല്ലോ. ഭൂമിയുടെയും സമുദ്രങ്ങളുടെയും അധോഭാഗങ്ങളിൽ ദൈവം സൂക്ഷിച്ചിരിക്കുന്ന ധാതുക്കളും ലവണങ്ങളും മറ്റും എങ്ങനെയുള്ളതെന്ന് മനുഷ്യബുദ്ധിക്ക് ഗ്രഹിക്കുവാൻ കഴിയുന്നതല്ല. ഈ വിഷയത്തോടുള്ള ബന്ധത്തിൽ ഉദാഹരണത്തിനായി: ഈ ഗ്രന്ഥകാരന്റെ ശ്രദ്ധയിൽപ്പെട്ട ഒരു കാര്യം ഇവിടെ ഉദ്ധരിച്ചുകൊള്ളുന്നു. ചില അറബിരാജ്യങ്ങളിൽ ധാരാളം എണ്ണ കുഴിച്ചെടുക്കുന്ന എണ്ണക്കിണറുകൾ (oil wells) ഉള്ളത് നമുക്കറിയാമല്ലോ. ഇറാക്ക്-കുവൈറ്റ് യുദ്ധത്തിൽ അമേരിക്കയുടെ സഹായത്തോടെ കുവൈറ്റിനെ മോചിപ്പിച്ചപ്പോൾ ഇറാക്കി ഭടന്മാർ കുവൈറ്റിലുള്ള അനേക എണ്ണക്കിണറുകൾക്ക് തീ വെയ്ക്കുകയുണ്ടായല്ലോ. ആ തീ അണയുന്നതുവരെ ദിവസങ്ങളോളം കത്തിക്കൊണ്ടിരുന്നതിനാൽ പുകപടലം കൊണ്ട് ദേശം അന്ധകാരമായിത്തീർന്നത് നാം മാദ്ധ്യമങ്ങളിൽക്കൂടി കണ്ടതും, കുവൈറ്റിലായിരുന്ന നമ്മുടെ പ്രിയപ്പെട്ടവർ നേരിൽ കണ്ടതും അനുഭവിച്ചതും ആകുന്നു. ആ തീ അണയ്ക്കാതിരുന്നാലുള്ള ഗതി എന്താണെന്നുള്ളത് പ്രിയ വായനക്കാർത്തന്നെ ചിന്തിക്കുക. ഇത്രമാത്രം എണ്ണ ഭൂമിക്കടിയിൽ സംഭരിച്ചിട്ടുണ്ടെങ്കിൽ നരകത്തിൽ നിത്യം കത്തിക്കൊണ്ടിരിക്കുവാൻ വേണ്ടതായ ഗന്ധകവും കീലും ഒക്കെ ഉണ്ടെന്നുള്ളത് വിശ്വസിക്കുവാൻ പ്രയാസമില്ലല്ലോ.

❑

# 23

# ഗന്ധകത്തീപ്പൊയ്കയിൽ തള്ളപ്പെടുന്നവർ

## a) അന്തിക്രിസ്തുവും കള്ളപ്രവാചകനും

"മൃഗത്തെയും അതിന്റെ മുമ്പാകെ താൻ ചെയ്ത അടയാളങ്ങളാൽ മനുഷ്യരെ ചതിച്ച മൃഗത്തിന്റെ മുദ്ര ഏല്പിക്കുകയും അതിന്റെ പ്രതിമയെ നമസ്ക്കരിപ്പിക്കയും ചെയ്ത കള്ളപ്രവാചകനെയും പിടിച്ചുകെട്ടി ഇരുവരെയും ഗന്ധകം കത്തുന്ന തീപ്പൊയ്കയിൽ ജീവനോടെ തള്ളിക്കളഞ്ഞു (വെളി. 19:20).

ആറാമത്തെ ദൂതൻ തന്റെ ക്രോധകലശം യൂഫ്രാത്തേസ് മഹാനദിയിൽ ഒഴിക്കുമ്പോൾ നദിയിലെ വെള്ളം വറ്റിപ്പോകുകയും (വെളി. 16:12) തന്മൂലം ഒരു വലിയ ഹൈവേ (High Way)ആയിത്തീരുകയും ചെയ്യുന്നു. കിഴക്കുനിന്നും യുദ്ധത്തിനായി വരുന്ന രാജാക്കന്മാർക്കു വേണ്ടി ഒരുക്കുന്ന പെരുവഴിയാണിത്. ഇതിനോടകമായി മഹാസർപ്പത്തിന്റെയും (സാത്താൻ) മൃഗത്തിന്റെയും (അന്തിക്രിസ്തു), കള്ളപ്രവാചകന്റെയും വായിൽ നിന്നും പുറപ്പെട്ട അശുദ്ധാത്മാക്കൾ സർവ്വഭൂതലത്തിലും പോയി രാജാക്കന്മാരെ അഥവാ അധിപതികളെ വശീകരിച്ച് ദൈവത്തിന്റെ മഹാദിവസമായ **ഹർമ്മഗെദ്ദോൻ** യുദ്ധ

ത്തിനായി കൂട്ടിവരുത്തുവാൻ പുറപ്പെട്ടിരിക്കയാണ് (വെളി. 16:14–16).

മഹോപദ്രവകാലത്തിന്റെ ഒടുവിൽ നമ്മുടെ കർത്താവ് രാജത്വം ഏറ്റുകൊണ്ട് സ്വർഗ്ഗത്തിൽനിന്നും തന്റെ ദൂതന്മാരും വിശുദ്ധന്മാരുമായി ആയിരമാണ്ട് വാഴുവാനായി ഭൂമിയിലേക്ക് വരുന്നതിനെപ്പറ്റി സെഖര്യാവ് 14:4–5ലും, വെളിപ്പാട് 19:14 മുതലുള്ള ഭാഗങ്ങളിൽ കാണുന്നുവല്ലോ. രാജാധിരാജാവായ കർത്താവിനോടൊപ്പം തന്റെ വിശുദ്ധന്മാരും വെള്ളക്കുതിരപ്പുറത്തുകയറി കർത്താവിനെ അനുഗമിക്കുന്നു. തന്റെ വിശുദ്ധന്മാർ രാജാക്കന്മാരും പുരോഹിതന്മാരും ആകയാൽ അവർ ലോകത്തെ വിധിപ്പാനും കർത്താവിനോടുകൂടെ ഭരിപ്പാനുമാണ് വരുന്നത്.

“തന്റെ പിതാവായ ദൈവത്തിന് നമ്മെ രാജാക്കന്മാരും പുരോഹിതന്മാരും ആക്കിത്തീർത്തവനുമായവന്... (വെളി. 1:6) (മലയാളത്തിൽ രാജ്യവും എന്നത് ഇംഗ്ലീഷിൽ രാജാക്കന്മാർ എന്നാണ് (And has made us kings and priests unto God-KJV). ദൈവജനം രാജകീയ പുരോഹിതവർഗ്ഗമാണ് (1 പത്രൊ. 2:9) വിശുദ്ധന്മാർ ലോകത്തെ വിധിക്കും (Judge)എന്ന് അറിയുന്നില്ലയോ (1 കൊരി. 6:2).

രാജാധിരാജാവായ കർത്താവിന്റെ തലയിൽ അനേക രാജമുടികൾ; അവന്റെ കണ്ണ് അഗ്നിജ്വാല; അവൻ രക്തം തളിച്ച ഉടുപ്പ് ധരിച്ചിരിക്കുന്നു; അവന്നു ദൈവവചനം എന്ന് പേർ (വെളി. 19:12). അനേക രാജമുടികൾ എന്നത്: അവൻ സകല ഭൂരാജാക്കന്മാർക്കും അധിപതി എന്നതിനെയും (വെളി.1:5) അവന്റെ രാജത്വത്തെയും (ചക്രവർത്തിസ്ഥാനം) കാണിക്കുന്നു. അവന്റെ കണ്ണ് അഗ്നിജ്വാല എന്നത്: തന്നോടു പൊരുതുകയും, തന്റെ ജനത്തെ പീഡിപ്പിക്കുകയും ചെയ്യുന്ന ശത്രുക്കളോട് പ്രതികാരം

ചെയ്യുവാനായി കോപിഷ്ടനായ രാജാവിന്റെ കണ്ണ് അഗ്നി ജ്വാലക്കൊത്തതായിരിക്കുന്നു. അവൻ രക്തം തളിച്ച ഉടുപ്പ് ധരിച്ചിരിക്കുന്നതിനെപ്പറ്റി പല വ്യാഖ്യാനങ്ങൾ വേദ പണ്ഡിതർക്കിടയിലുണ്ട്. ഈ ഉടുപ്പിനെപ്പറ്റി യെശയ്യാവ് പറഞ്ഞിരിക്കുന്നത്: "നിന്റെ ഉടുപ്പ് ചുവന്നിരിക്കുന്ന തെന്ത്? നിന്റെ വസ്ത്രം മുന്തിരിച്ചക്ക് ചവിട്ടുന്നവന്റേതു പോലെ ഇരിക്കുന്നതെന്ത്? ഞാൻ ഏകനായി മുന്തിരി ച്ചക്ക് ചവുട്ടി.... എന്റെ കോപത്തിൽ ഞാൻ അവരെ ചവു ട്ടി, എന്റെ ക്രോധത്തിൽ അവരെ മെതിച്ചുകളഞ്ഞു; അവ രുടെ രക്തം എന്റെ വസ്ത്രത്തിൽ തെറിച്ചു; എന്റെ ഉടു പ്പൊക്കെയും മലിനമായിരിക്കുന്നു (യെശ. 63:2-3).

ഈ ചുവന്ന ഉടുപ്പ് രാജകീയ വസ്ത്രത്തെ കാണി ക്കുന്നു. യെഹൂദന്മാരുടെ രാജാവായ കർത്താവിനെ ഹെരോദാവും തന്റെ പടനായകന്മാരും (officials) കൂടി പരിഹസിച്ച് നിസ്സാരനാക്കി ശുഭ്രവസ്ത്രം ധരിപ്പിച്ച് പീലാ ത്തോസിന്റെ അടുക്കൽ മടക്കിഅയച്ചുവല്ലോ (ലൂക്കൊ. 23:11). യേശുവിനെ ക്രൂശിക്കുന്നതിനു മുമ്പായി അവന്റെ വസ്ത്രം അഴിച്ചിട്ട് ഒരു ചുവന്ന മേലങ്കി ധരിപ്പിച്ച് പരിഹ സിച്ചുവല്ലോ (മത്താ. 27:28). എന്നാൽ ഇപ്പോൾ ഇതാ സാക്ഷാൽ രാജാധിരാജാവായവൻ രക്തം തളിച്ച ഉടുപ്പ് ധരിച്ചുകൊണ്ട് ദൈവത്തിന്റെ മഹായുദ്ധമായ ഹർമ്മഗെ ദ്ദോൻ യുദ്ധത്തിനായി വെള്ളക്കുതിരപ്പുറത്ത് കയറി ശത്രു ക്കളോട് പൊരുതുവാൻ വന്നിരിക്കുന്നു. അവൻ സാത്താ നോടും അവന്റെ സൈന്യത്തോടും, ഭൂരാജാക്കന്മാരോടും അവരുടെ സൈന്യത്തോടും യുദ്ധം ചെയ്ത് എല്ലാ യ്പ്പോഴും ജയിച്ചവനും ജയിക്കുന്നവനുമാണ്. അവന്നു ദൈവവചനം എന്ന് പേർ പറയുന്നു. ആദിയിൽ ഉണ്ടാ യിരുന്ന വചനം, ദൈവമായിരുന്ന വചനം, ജഡമായി ത്തീർന്ന വചനം = കർത്താവായ യേശുക്രിസ്തു (യോഹ. 1:1,14).

ജാതികളെ വെട്ടുവാൻ അവന്റെ വായിൽനിന്നും മൂർച്ചയുള്ള വാൾ പുറപ്പെടുന്നു (വെളി. 19:15). അവന്റെ വായിൽ നിന്ന് വരുന്ന വചനത്തിന് സകലത്തെയും ഉള വാക്കുവാൻ ശക്തിയുള്ളതുപോലെ അവന്റെ വായിൽനിന്ന് വരുന്ന വചനം ഇരുവായ്ത്തലയുള്ള ഏത് വാളിനെക്കാളും മൂർച്ചയുള്ളതാകയാൽ (എബ്രാ. 4:12) ഏതു വ്യക്തികളേയും നിഗ്രഹിക്കുവാൻ ശക്തിയുള്ള താണ്.

"ദൈവവചനം ആത്മാവിന്റെ വാളാണ്" (എഫെ. 6:17).

"അവന്റെ വായിൽനിന്നു മൂർച്ചയേറിയ ഇരുവായ്ത്ത ലയുള്ള വാൾ പുറപ്പെടുന്നു" (വെളി. 1:16).

"മൂർച്ചയേറിയ ഇരുവായ്ത്തലവാൾ ഉള്ളവൻ" (വെളി. 2:12).

''എന്റെ വായിലെ വാളുകൊണ്ട് അവരോടു പോരാടും" (വെളി. 2:16).

''ശേഷിച്ചവരെ കുതിരപ്പുറത്തിരിക്കുന്നവന്റെ വായിൽനിന്ന് പുറപ്പെടുന്ന വാൾകൊണ്ടു കൊന്നു" (വെളി. 19:21).

വെള്ളക്കുതിരപ്പുറത്ത് കയറി ഭൂമിയിലേക്ക് വരുന്ന രാജാധിരാജാവായ കർത്താവിനോടും അവന്റെ സൈന്യ ത്തോടും യുദ്ധം ചെയ്യുവാൻ അന്തിക്രിസ്തുവും അശു ദ്ധാത്മാക്കളാൽ വശീകരിച്ച സകല ഭൂരാജാക്കന്മാരും ഒന്നിച്ച് കൂടുമ്പോൾ, ആദ്യമായി കർത്താവ് തന്റെ ദൂത ന്മാർക്ക് ആജ്ഞകൊടുത്തിട്ട്, അതുവരെ താൻ ദൈവം എന്ന് നടിച്ച് (2 തെസ്സ. 2:4) ജനത്തെ വഞ്ചിച്ച് തന്റെ മുദ്രയായ അറുന്നൂറ്ററുപത്താറ് (666) അടിച്ചേല്പിച്ച അന്തിക്രിസ്തുവിനെയും കള്ളപ്രവാചകനെയും പിടിച്ചു

കെട്ടി ഇരുവരേയും ജീവനോട് ഗന്ധകം കത്തുന്ന തീപ്പൊയ്കയിൽ തള്ളിയിടും. അതിനുശേഷം അന്തിക്രിസ്തുവിനെയും കള്ളപ്രവാചകനെയും അനുഗമിച്ച് കർത്താവിനോട് യുദ്ധം ചെയ്യുവാനായി വന്ന സകലരാജാക്കന്മാരെയും സൈന്യത്തെയും കർത്താവിന്റെ വായിൽനിന്ന് പുറപ്പെടുന്ന വാള് കൊണ്ട് (ശക്തിയുള്ള വചനത്താൽ) നിഗ്രഹിച്ചിട്ട് ദൈവത്തിന്റെ അത്താഴം സകല പക്ഷികൾക്കും മൃഗങ്ങൾക്കുമായി ഒരുക്കുന്നു. ദൈവത്തിന്റെ ഈ മഹാദിവസമായ അത്താഴത്തെക്കുറിച്ച് പല പ്രവചനങ്ങൾ ഉള്ളതിൽ ചിലത് താഴെ ഉദ്ധരിക്കുന്നു.

“വയലിലെ സകല മൃഗങ്ങളും, കാട്ടിലെ സകല മൃഗങ്ങളും ആയുള്ളോവേ വന്നു തിന്നുകൊൾവിൻ” (യെശ. 56:9).

“....ചെന്ന് എല്ലാ കാട്ടുമൃഗങ്ങളെയും കൂട്ടിക്കൊണ്ടു തിന്മാൻ വരുവിൻ” (യിര. 12:9).

“യഹോവയായ കർത്താവ് ഇപ്രകാരം അരുളിച്ചെയ്യുന്നു. സകലവിധ പക്ഷികളോടും എല്ലാ കാട്ടുമൃഗങ്ങളോടും നീ പറയേണ്ടുന്നതു: നിങ്ങൾ കൂടിവരുവിൻ; നിങ്ങൾ മാംസം തിന്നുകയും രക്തം കുടിക്കയും ചെയ്യേണ്ടതിനു ഞാൻ യിസ്രായേൽ പർവ്വതങ്ങളിൽ ഒരു മഹായാഗമായി നിങ്ങൾക്കുവേണ്ടി അറുപ്പാൻ പോകുന്ന എന്റെ യാഗത്തിനു നാലുപുറത്തുനിന്നും വന്നു കൂടുവിൻ” (യെഹ. 39:17).

കർത്താവിന്റെ വായിൽനിന്ന് പുറപ്പെടുന്ന വാളുകൊണ്ട് സകല ശത്രുസൈന്യത്തെയും നിഗ്രഹിക്കുന്നതിനാൽ ദൂതന്മാർക്ക് ഈ യുദ്ധത്തിൽ പൊരുതേണ്ടി വരികയില്ല. അങ്ങനെ ഹർമ്മഗെദ്ദോൻ യുദ്ധത്തോടുകൂടി തീപ്പൊയ്കയിൽ ആദ്യമായി തള്ളപ്പെടുന്നത് അന്തിക്രി

സ്തുവും, കള്ളപ്രവാചകനുമാണ്. അവർക്കുമുമ്പായി തീപ്പൊയ്കയിൽ ആരെയും തള്ളിയിടുന്നതായി തിരുവചനം പറയുന്നില്ല.

## b) ഇടത്തുള്ള ശപിക്കപ്പെട്ടവർ

"പിന്നെ അവൻ ഇടത്തുള്ളവരോടു: ശപിക്കപ്പെട്ടവരേ, എന്നെവിട്ടു പിശാചിനും അവന്റെ ദൂതന്മാർക്കും ഒരുക്കിയിരിക്കുന്ന നിത്യാഗ്നിയിലേക്കു പോകുവിൻ" (മത്താ. 25:41).

"മനുഷ്യപുത്രൻ തന്റെ ദൂതന്മാരെ അയയ്ക്കും; അവർ അവന്റെ രാജ്യത്തിൽനിന്നു എല്ലാ ഇടർച്ചകളെയും അധർമ്മം പ്രവർത്തിക്കുന്നവരെയും കൂട്ടിച്ചേർത്ത് തീച്ചൂളയിൽ ഇട്ടുകളയും (മത്താ. 13:41).

കർത്താവിന്റെ സഭ ഈ ഭൂമിയിൽ നിന്നും എടുത്തുകൊള്ളപ്പെട്ടശേഷം ഭൂലോകത്തിൽ അന്നുവരെ സംഭവിച്ചിട്ടില്ലാത്തതും, മേലാൽ സംഭവിക്കാത്തതുമായ വലിയ കഷ്ടകാലമായിരിക്കും അന്നുള്ള ജനം അഭിമുഖീകരിക്കുവാൻ പോകുന്നത്. ഭൂമിയിൽ ദൈവക്രോധം ഓരോന്നായി ചൊരിയുന്നതിനു പുറമെ അന്തിക്രിസ്തുവിന്റെ ഭരണത്തിന് കാഠിന്യം കൂടുന്നതിനാൽ ഒരു യഥാർത്ഥ ദൈവഭക്തന് ജീവിക്കുവാൻ കഴിയാത്ത അവസ്ഥയിലേക്ക് ഓരോ ദിവസവും നീങ്ങിക്കൊണ്ടിരിക്കും. യെഹൂദന്മാരെ സംബന്ധിച്ചിടത്തോളം അവരായിരിക്കും ഏറ്റവും കൂടുതൽ കഷ്ടതയിൽക്കൂടി കടന്നു പോകുന്നത്. അന്തിക്രിസ്തുവിനെ നമസ്ക്കരിക്കുകയോ അവന്റെ മുദ്ര ഏല്ക്കുകയോ ചെയ്യാത്തതിനാൽ അനേകം യെഹൂദന്മാർ കൊല്ലപ്പെടും. അനേകർ കർത്താവിൽ വിശ്വസിച്ച് രക്തസാക്ഷികളായി മരിക്കും. അനേകർ ഗുഹകളിലും മലകളിലും അഭയം തേടും. അനേകർ അലഞ്ഞ് നടക്കും. അന്തിക്രിസ്തുവിന്റെ മുദ്ര ഏല്ക്കാത്തതിനാൽ ആഹാരസാധന

ങ്ങളും മറ്റ് യാതൊന്നും വില്ക്കുവാനോ വാങ്ങുവാനോ കഴിയാത്തതിനാൽ അനേകർ പട്ടിണിമൂലം മരിക്കും. എന്നാൽ ഇങ്ങനെ കഷ്ടപ്പെടുന്ന യെഹൂദന്മാരോടും ദൈവജനത്തോടും ജാതികളിൽ അനേകർ കരുണയും ദയയും കാണിച്ച് തങ്ങളാൽ കഴിയുന്ന സഹായങ്ങൾ ചെയ്തുകൊടുത്ത് രക്ഷിക്കും.

ഹർമ്മഗെദ്ദോൻ യുദ്ധത്തോടുകൂടി മഹോപദ്രവ കാലം അവസാനിക്കുന്നു. യെഹൂദന്മാർ നോക്കി കാത്തിരുന്ന മശിഹ രാജാധിരാജാവായി ലോകഭരണം ഏറ്റെടുക്കുവാനായി ഇതാ ആയിരമായിരം വിശുദ്ധന്മാരും ദൂതസഞ്ചയവുമായി വന്നിരിക്കുന്നു. മത്തായി 25:31 മുതലുള്ള വേദഭാഗത്ത് പറഞ്ഞിരിക്കുന്ന പ്രകാരം കർത്താവ് തേജസ്സിന്റെ സിംഹാസനം ഭൂമിയിൽ സ്ഥാപിച്ചിട്ട് യെരുശലേമിന് ചുറ്റുമുള്ള രാജ്യങ്ങളിൽ ജീവിച്ചിരിക്കുന്ന സകല ജാതികളെയും മഹോപദ്രവ കഷ്ടതയിൽക്കൂടി കടന്നുപോയ സകല യെഹൂദന്മാരെയും ഈ തേജസ്സിന്റെ സിംഹാസനത്തിനു മുമ്പിൽ കൂട്ടിവരുത്തുവാനായി തന്റെ ദൂതന്മാരോട് കല്പിക്കും (മത്താ. 13:41). മരിച്ചുപോയ ആരെയും ഈ തേജസ്സിന്റെ സിംഹാസനത്തിന് മുമ്പിൽ കൂട്ടിവരുത്തുന്നില്ല. മരിച്ച സകലരെയും ന്യായം വിധിക്കുന്നത് അന്ത്യന്യായവിധിയായ വെള്ളസിംഹാസനത്തിനു മുമ്പിലാണ് (വെളി. 20:11–12). എന്നാൽ ചിലർ ഈ രണ്ട് ന്യായവിധികളും ഒന്നാണെന്ന് പഠിപ്പിക്കുകയും പ്രസംഗിക്കുകയും ചെയ്യുന്നതായി കാണാം.

ഈ ന്യായവിധിയെപ്പറ്റി യോവേൽ പ്രവാചകൻ പറഞ്ഞിരിക്കുന്നത്: "ഞാൻ യെഹൂദയുടെയും യെരുശലേമിന്റെയും സ്ഥിതി മാറ്റുവാനുള്ള നാളുകളിലും കാലത്തിലും ഞാൻ സകല ജാതികളെയും കൂട്ടി യഹോശാഫാത്ത് താഴ്വരയിൽ ചെല്ലുമാറാക്കുകയും എന്റെ ജനം

നിമിത്തവും എന്റെ അവകാശമായ യിസ്രായേൽ നിമിത്തവും അവരോടു വ്യവഹരിക്കയും ചെയ്യും (യോവേൽ 3:1-2). ഈ ന്യായവിസ്താരം നടക്കുന്നത് യഹോശാഫാത്ത് താഴ്വരയിൽ ആയിരിക്കുമെന്ന് ചില വേദപണ്ഡിതർ അഭിപ്രായപ്പെടുന്നു.

രാജാവിന്റെ മുമ്പിൽ കൂട്ടിവരുത്തിയ ജാതികളെ രാജാവിന്റെ ഇടത്തും വലത്തുമായി വേർതിരിച്ച് നിർത്തിയശേഷം, വലത്തുള്ളവരോട് രാജാവ് പറയുന്നത്: എന്റെ പിതാവിനാൽ അനുഗ്രഹിക്കപ്പെട്ടവരേ വരുവിൻ; ലോകസ്ഥാപനം മുതൽ നിങ്ങൾക്കായി ഒരുക്കിയിരിക്കുന്ന രാജ്യം അവകാശമാക്കിക്കൊൾവീൻ എന്നാണ്. അങ്ങനെ വലത്തുള്ളവർ ആയിരമാണ്ട് വാഴ്ചയിലേക്ക് പ്രവേശിക്കുന്നു. വലത്തുള്ള ഈ ജനം ദൈവജനത്തിനുവേണ്ടി വിശേഷാൽ മഹോപദ്രവകാലയളവിൽ തന്റെ ജനമായ യെഹൂദന്മാർക്കുവേണ്ടി ചെയ്ത നീതിപ്രവൃത്തികളുടെ മാഹാത്മ്യവും മഹത്തായ പ്രതിഫലവും എത്രയെന്നുള്ളത് അപ്പോൾ മാത്രമെ അറിയുകയുള്ളു. അതിനുശേഷം ഇടത്തുള്ളവരോട് പറയുന്നത്: ശപിക്കപ്പെട്ടവരേ, എന്നെ വിട്ട് പിശാചിനും അവന്റെ ദൂതന്മാർക്കും ഒരുക്കിയിരിക്കുന്ന നിത്യാഗ്നിയിലേക്കു പോകുവിൻ എന്നാണ് (മത്താ. 25:41). അന്തിക്രിസ്തുവിനെയും കള്ളപ്രവാചകനെയും തീപ്പൊയ്കയിൽ തള്ളിയിട്ടശേഷം; പിന്നീട് തീപ്പൊയ്കയിൽ വന്നുവീഴുന്നത് രാജാവിന്റെ ഇടത്തുള്ള ശപിക്കപ്പെട്ട ഈ കൂട്ടരാണ്.

## c) സാത്താൻ തീപ്പൊയ്കയിൽ

കർത്താവും തന്റെ വിശുദ്ധന്മാരും ഭൂമിയിൽ ആയിരമാണ്ട് വാഴ്ച തുടങ്ങുന്നതിനു മുമ്പായി സാത്താനെയും അവന്റെ ദൂതന്മാരെയും അഗാധത്തിൽ ബന്ധിച്ചിരിക്കുന്നതിനെപ്പറ്റി മുൻ അദ്ധ്യായത്തിൽ പ്രസ്താവിച്ചുവല്ലോ.

ആയിരമാണ്ട് വാഴ്ചക്കാലയളവിൽ ഇന്നുള്ളതുപോലെ യാതൊരുവിധമായ പാപപ്രവൃത്തികളും കർത്താവ് ഭരിക്കുന്ന രാജ്യത്തിൽ കാണുകയില്ല. കർത്താവും പരിശുദ്ധാത്മാവും വിശുദ്ധന്മാരും ഭരണം നിയന്ത്രിക്കുന്നതിനാൽ നീതി, സമാധാനം, വിശുദ്ധി ഇവ ഭൂമിയിൽ എല്ലായിടത്തും ഉണ്ടായിരിക്കുന്നതാണ്.

ആയിരമാണ്ട് വാഴ്ചയ്ക്കുശേഷം സാത്താനെ തടവിൽനിന്നും അഴിച്ചുവിടുമ്പോൾ (വെളി. 20:7) തന്നോടുകൂടെ അഗാധത്തിൽ അടയ്ക്കപ്പെട്ട തന്റെ ദൂതന്മാരെയും അഴിച്ച് വിടുന്നതാണ്. ആയിരം വർഷക്കാലം അഗാധത്തിൽ അടയ്ക്കപ്പെട്ടതിന്റെ വാശിമൂലം സാത്താനും അവന്റെ സകല സേനകളും ഭൂമിയുടെ നാലുദിക്കിലുമുള്ള സകലജനത്തെയും വശീകരിച്ച് ഗോഗ്-മാഗോഗ് യുദ്ധത്തിനായി കൂട്ടിച്ചേർക്കുമെന്ന് വെളിപ്പാട് 20:7-9ൽ പറഞ്ഞിരിക്കുന്നു. അവർ വന്ന് വിശുദ്ധന്മാരുടെ പാളയത്തെയും പ്രിയ നഗരത്തെയും (യെരുശലേം) വളയുമ്പോൾ ആകാശത്തുനിന്നും തീ ഇറങ്ങി അവരെ ദഹിപ്പിച്ചുകളയും. അവരെ വഞ്ചിച്ച പിശാചിനെ പിടിച്ച് അന്തിക്രിസ്തുവും കള്ളപ്രവാചകനും കിടക്കുന്ന ഗന്ധകത്തീപ്പൊയ്കയിലേക്ക് തള്ളിയിടും. ഇത് സാത്താന്റെ അന്ത്യന്യായവിധിയാണ്. സാത്താനോടുകൂടെ അവന്റെ സകല ദൂതന്മാരെയും ഗന്ധകത്തീപ്പൊയ്കയിൽ തള്ളിയിടുമെന്ന് മനസ്സിലാക്കാം. അവർ എന്നെന്നേക്കും രാപ്പകൽ ദണ്ഡനം സഹിക്കേണ്ടിവരും (വെളി. 20:10).

ആയിരമാണ്ട്കാലം ഇത്ര മഹത്വകരമായ ഭരണം അനുഭവിച്ചിട്ടും സാത്താന്റെ വാക്കിനു കീഴ്പെട്ട് അവനെ അനുസരിക്കുന്ന മനുഷ്യന്റെ അവസ്ഥയെപ്പറ്റി ചിന്തിക്കുക. മനുഷ്യരുടെമേൽ സാത്താൻ ചെലുത്തുന്ന അവന്റെ വശീകരണശക്തിയും എത്രയെന്നുള്ളത് ചിന്തിക്കേണ്ടിരിക്കുന്നു.

## d) മരണത്തെയും പാതാളത്തെയും തീപ്പൊയ്കയിൽ

മരണത്തെയും പാതാളത്തെയും തീപ്പൊയ്കയിൽ തള്ളിയിട്ടു (വെളി. 20:14).

അധഃമപാതാളത്തിൽ കഴിയുന്ന സകല പാപികളുടെയും ആത്മാക്കൾ പുനരുത്ഥാനം പ്രാപിച്ചതിനു ശേഷം അന്ത്യന്യായവിധിക്കായി വെള്ളസിംഹാസനത്തിനു മുമ്പിൽ നില്ക്കുന്നതിനെപ്പറ്റി വെളിപ്പാട് 20:11 മുതലുള്ള വേദഭാഗത്ത് പറഞ്ഞിരിക്കുന്നുവല്ലോ. ഈ ആത്മാക്കൾ പുനരുത്ഥാനം പ്രാപിച്ച് കർത്താവിന്റെ സന്നിധിയിൽ (വെള്ളസിംഹാസനത്തിനു മുമ്പിൽ) നില്ക്കുമ്പോൾ അവർ പാർത്തിരുന്ന അധഃമപാതാളസ്ഥലം ഒഴിയപ്പെടുകയാണല്ലോ ചെയ്യുന്നത്. അങ്ങനെ ഒഴിയപ്പെട്ട അധഃമപാതാളത്തെയും, പഴയനിയമ വിശുദ്ധന്മാർ പാർത്തിരുന്ന പറുദീസയും ഒടുവിലത്തെ ശത്രുവായ മരണത്തെയും (1 കൊരി. 15:26) തീപ്പൊയ്കയിൽ തള്ളിയിടുന്നു. ഇനിയും മരണം ഇല്ലാത്തതിനാൽ പാതാളത്തിന്റെ ആവശ്യം ഇല്ലല്ലോ? “ഇനി മരണം ഉണ്ടാകയില്ല” (വെളി. 21:5).

## e) പാപം ചെയ്ത ദൂതന്മാർ തീപ്പൊയ്കയിൽ

പാപം ചെയ്ത ദൂതന്മാരെ ന്യായവിധിക്കായി അഗാധത്തിൽ സൂക്ഷിച്ചിരിക്കുന്നു എന്ന് നേരത്തെ പ്രസ്താവിച്ചുവല്ലോ (2 പത്രൊ. 2:4; യൂദാ 6). ഈ ദൂതന്മാരെ ന്യായം വിധിക്കുന്നത് ദൈവജനം ആണെന്ന് (1 കൊരി. 6:3) വേദപണ്ഡിതന്മാർ അഭിപ്രായപ്പെടുന്നു. ഈ ദൂതന്മാരെ ന്യായംവിധിച്ചശേഷം ഇവരെ തീപ്പൊയ്കയിൽ തള്ളിയിടുന്നു.

അഗ്നിനരകം പിശാചിനും അവന്റെ ദൂതന്മാർക്കും ഒരുക്കിയിരിക്കുന്ന സ്ഥലമാകയാൽ (മത്താ. 25:41) അതിൽ ആദ്യം വന്ന് വീഴുന്നവർ അവർ തന്നെയെന്ന് മുകളിൽ കണ്ടുവല്ലോ. അഗ്നിനരകം മനുഷ്യർക്കുവേണ്ടി ഒരുക്കിയിട്ടുള്ളതല്ല. എന്നാൽ മനുഷ്യർ അതിൽ ചെന്ന് പതിയുവാനുള്ള കാരണം; അവർ ദൈവം ഒരുക്കിയ രക്ഷയുടെ വഴി മനഃപൂർവ്വം തള്ളിക്കളഞ്ഞ് പിശാചിന്റെ വാക്കുകേട്ട് പിശാചിന്റെ വഴിയിൽ നടന്നതിനാൽ അവരുടെ നിത്യതയും നരകത്തിൽ പിശാചിനോടു കൂടിത്തന്നെ. താഴെ പറയപ്പെടുന്ന വേദഭാഗങ്ങൾ ശ്രദ്ധിച്ചാൽ ആരും നശിച്ചുപോകരുതെന്നാണ് ദൈവം ആഗ്രഹിക്കുന്നത്.

“പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ...” (യോഹ. 3:16).

“അവർ (മനുഷ്യർ) വെളിച്ചത്തെക്കാൾ ഇരുളിനെ സ്നേഹിച്ചതു തന്നേ” (യോഹ. 3:19).

“ഇപ്പോൾ എല്ലായിടത്തും എല്ലാവരും മാനസാന്തരപ്പെടേണമെന്ന് ദൈവം മനുഷ്യരോട് കല്പിക്കുന്നു” (അ.പ്ര. 17:30).

“.....ആരും നശിച്ചുപോകാതെ എല്ലാവരും മാനസാന്തരപ്പെടുവാൻ ദൈവം ഇച്ഛിച്ച് ദീർഘക്ഷമ കാണിക്കുന്നു” (2 പത്രൊ. 3:9)

മാന്യസുഹൃത്തേ! താങ്കൾ അഗ്നിനരകത്തിൽ ചെന്നുപെട്ടാൽ അതിന്റെ ഉത്തരവാദി താങ്കൾതന്നെയാകുന്നു എന്ന് ഒരുനിമിഷം ചിന്തിക്കുമോ? മനുഷ്യവർഗ്ഗത്തെ ഈ നരകത്തിൽനിന്നും രക്ഷിപ്പാൻ ദൈവം കൊടുത്ത വില തന്റെ പുത്രനെയാണ്. പുത്രനായ ക്രിസ്തുവിൽ വിശ്വസിച്ച് പാപങ്ങളെ ഏറ്റുപറഞ്ഞ് യേശുവിനെ ഹൃദയത്തിൽ സ്വീകരിച്ചാൽ താങ്കൾ രക്ഷ പ്രാപിക്കും. താങ്ക

ളുടെ പേര് ജീവപുസ്തകത്തിൽ എഴുതപ്പെടും. തീയും ഗന്ധകവും കത്തുന്ന അഗ്നിനരകത്തിൽ നിന്നും വിടുതൽ ലഭിക്കും. തീരുമാനിക്കുമോ?

## f) ജീവപുസ്തകത്തിൽ പേരെഴുതിക്കാണാത്ത ഏവരും തീപ്പൊയ്കയിൽ.

ആയിരമാണ്ട് വാഴ്ചയ്ക്ക് ശേഷം സാത്താനെയും അവന്റെ സകല ദൂതന്മാരെയും, മരണത്തെയും പാതാളത്തെയും തീപ്പൊയ്കയിൽ തള്ളിയിടുന്നതിനെപ്പറ്റി മുകളിൽ പ്രസ്താവിച്ചുവല്ലോ. ഇനിയും നടക്കുവാൻ പോകുന്നത് അധഃമപാതാളത്തിൽ കഴിയുന്ന പാപികളുടെ ന്യായവിധിയാണ്. പാപികളായി മരിച്ച് അധഃമപാതാളത്തിൽ കഴിയുന്ന സകല ആത്മാക്കളും പുനരുത്ഥാനം പ്രാപിച്ച് (യോഹ. 5:28–29; ദാനീ. 12:2) വെള്ളസിംഹാസനത്തിലിരിക്കുന്ന കർത്താധികർത്താവും രാജാധിരാജാവുമായവന്റെ മുമ്പിൽ അന്ത്യന്യായവിധിക്കായ് വന്ന് നില്ക്കും (വെളി. 20:12). ഈ അന്ത്യമായ ന്യായവിധിക്ക് മുൻപായി കർത്താവിന്റെ സന്നിധിയിൽ നിന്നും ഭൂമിയും, ആകാശവും ഓടിപ്പോയി എന്ന് പറഞ്ഞിരിക്കുന്നു (വെളി. 20:11). മുൻഅദ്ധ്യായത്തിൽ പ്രസ്താവിച്ചതുപോലെ മരണത്തെയും പാതാളത്തെയും തീപ്പൊയ്കയിൽ തള്ളിയിട്ടതിനാൽ ഇനിയും അധോലോകത്തിൽ അവേശേഷിക്കുന്നത് തീപ്പൊയ്കയായ നരകം മാത്രമാണ്. പാതാളവും, ഭൂമിയും, ആകാശവും മാറ്റപ്പെട്ടതിനാൽ നരകം ഇപ്പോൾ മറയില്ലാതെ തുറന്നു കിടക്കുകയാണെന്നു മനസ്സിലാക്കുവാൻ പ്രയാസമില്ലല്ലോ. ഇങ്ങനെ മറയില്ലാതെയിരിക്കുന്ന നരകത്തെക്കുറിച്ചാണ് ഭക്തനായ ഇയ്യോബ് പറഞ്ഞിരിക്കുന്നത് "...പ്രേതങ്ങൾ നൊന്തു നടുങ്ങുന്നു; പാതാളം അവന്റെ മുമ്പിൽ തുറന്നു കിടക്കുന്നു; നരകം മറയില്ലാതെയിരിക്കുന്നു (ഇയ്യോ. 26:5–6).

ആകാശവും ഭൂമിയും കർത്താവിന്റെ സന്നിധിയിൽനിന്നും മാറ്റപ്പെട്ടതിനാൽ (വെളി. 20:11) ഈ അന്ത്യന്യായവിധി നടക്കുന്നത് ആകാശത്തിനു മുകളിലുള്ള സ്ഥലത്തുവെച്ചായിരിക്കാം എന്ന് മനസ്സിലാക്കുന്നതിൽ പ്രയാസമില്ലല്ലോ. ചില വേദപണ്ഡിതർ അഭിപ്രായപ്പെടുന്നത്, ഈ ന്യായവിധി നടക്കുന്നത് 'സ്പെയിസിൽ' (space) വെച്ചായിരിക്കുമെന്നാണ്.

അന്ത്യന്യായവിസ്താരത്തിൽ പുസ്തകങ്ങൾ തുറന്നു എന്ന് പറഞ്ഞിരിക്കുന്നതിനാൽ (വെളി. 20:12) പല പുസ്തകങ്ങൾ വിസ്താരസമയത്ത് തുറക്കപ്പെടും. പുസ്തകങ്ങളിൽ എഴുതിയിരുന്നതിനു ഒത്തവണ്ണം അവരുടെ പ്രവർത്തികൾക്കടുത്ത വിധി ഉണ്ടായി.

പിതാവായ ദൈവം യേശുക്രിസ്തുവിനെ ലോകരക്ഷിതാവായി ലോകത്തിൽ അയച്ച് മനുഷ്യവർഗ്ഗത്തിന്റെ പാപപരിഹാരത്തിനായി യേശുവിനെ ക്രൂശിൽ യാഗമാക്കി ഒരുക്കിയ വലിയ രക്ഷയേയും വരുവാൻ പോകുന്ന (ഇപ്പോൾ നടക്കുന്ന) ന്യായവിധിയേയും കുറിച്ച് തന്റെ വിശുദ്ധന്മാർ ഭൂലോകത്തിൽ എല്ലായിടത്തും ഘോഷിക്കപ്പെട്ട സുവിശേഷം മനുഷ്യർ ഏറ്റെടുക്കാതെ തള്ളിക്കളഞ്ഞതെല്ലാം റിക്കാർഡ് ചെയ്തിരിക്കുന്നത് (രേഖപ്പെടുത്തിയിരിക്കുന്നത്) ഈ ന്യായവിസ്താര സമയത്ത് തെളിവായി കാണിക്കുന്നതാണ്.

ഒടുവിലായി തുറക്കപ്പെടുന്ന പുസ്തകമാണ് ജീവന്റെ പുസ്തകം. പാപിയായ ഒരു വ്യക്തി യേശുവിനെ കർത്താവും രക്ഷിതാവുമായി ഹൃദയത്തിൽ സ്വീകരിക്കുമ്പോൾ അവൻ /അവൾ രക്ഷിക്കപ്പെട്ട് പുതുതായി ജനിക്കുന്നു. അങ്ങനെ പുതുതായി ജനിക്കുന്നവരുടെ പേര് എഴുതപ്പെടുന്ന പുസ്തകമാണ് ജീവപുസ്തകം. ഇതിനെപ്പറ്റി മുൻഅദ്ധ്യായങ്ങളിൽ വിശദീകരിച്ചിട്ടുണ്ടല്ലോ.

അന്ത്യന്യായവിധിക്കുശേഷം ജീവപുസ്തകത്തിൽ പേരെഴുതിക്കാണാത്ത ഏവനെയും തീപ്പൊയ്കയിൽ തള്ളിയിടും (വെളി. 20:15). ഇങ്ങനെ സകല പാപികളും നരകത്തിൽ സാത്താനോടും അവന്റെ സകലദൂതന്മാരോടും കൂടെ നിത്യയുഗങ്ങൾ ദണ്ഡനം അനുഭവിച്ചു കഴിയേണ്ടിവരും. അതേ! ജീവപുസ്തകത്തിൽ പേരെഴുതിക്കാണാത്ത ഏവനെയും തീപ്പൊയ്കയിൽ തള്ളിയിടും.

കോടിക്കണക്കിന് പാപികൾ നരകത്തിൽ വന്നു വീഴുമ്പോൾ നരകം അവരെ സന്തോഷപൂർവ്വം സ്വീകരിക്കുന്നു. അതുകൊണ്ടത്രേ തിരുവചനം പറയുന്നത് : "പാതാളത്തിനും നരകത്തിനും ഒരിക്കലും തൃപ്തിവരുന്നില്ല" എന്ന് (സദൃ.27:20).

ഇവിടെ ഒരു കാര്യം പ്രിയ വായനക്കാരുടെ ശ്രദ്ധയിൽ കൊണ്ടുവരുവാനാഗ്രഹിക്കുന്നത്: നരകത്തിൽ വന്നുവീഴുന്ന അന്തിക്രിസ്തു, കള്ളപ്രവാചകൻ, സാത്താനും അവന്റെ സകല സേനകളും, മരണം, പാതാളം ഒടുവിലായി ജീവപുസ്തകത്തിൽ പേരെഴുതിക്കാണാത്ത സകലരെയും നരകത്തിൽ അഥവാ തീപ്പൊയ്കയിൽ തള്ളിയിടുകയാണ് ചെയ്യുന്നത്. കർത്താവിന്റെ ആജ്ഞയിങ്കൽ തന്റെ ശക്തിയുള്ള ദൂതന്മാരാണ് മുകളിൽ പറയപ്പെട്ട ഏവരെയും നരകത്തിൽ തള്ളിയിടുന്നത്. നരകം മനുഷ്യർ ചിന്തിക്കുന്നതിനപ്പുറം അത്യന്തം ഭയാനകരവും യാഥാർത്ഥ്യവുമാകയാൽ അവിടേക്ക് പോകുവാൻ ആരും തുനിയുന്നില്ല. ഭൂതങ്ങൾക്ക് അഥവാ സാത്താന്റെ സകല ദൂതന്മാർക്കും ഈ പാതാളത്തെക്കുറിച്ച് നല്ലവണ്ണം അറിവുണ്ടായിരുന്നതുകൊണ്ടാണ് അവർ യേശുവിനോടു പറഞ്ഞത്: "ഞങ്ങളെ പാതാളത്തിലേക്ക് പോകുവാൻ കല്പിക്കരുതേ എന്ന് (ലൂക്കൊ. 8:31).

**<u>സംഭവിച്ചുതീർന്നു:</u>** ഇനിയും ന്യായവിധി ഇല്ല. മരണവും ദുഃഖവും മുറവിളിയും കഷ്ടതയും ഇനി ഉണ്ടാകയില്ല. ഇതാ ഞാൻ സകലവും പുതുതാക്കുന്നു എന്ന് സിംഹാസനത്തിലിരിക്കുന്ന കർത്താവ് അരുളിച്ചെയ്യുന്നു (വെളി 21:5).

മാന്യസ്നേഹിതാ! താങ്കളുടെ പേര് ജീവപുസ്തകത്തിൽ എഴുതപ്പെട്ടിട്ടില്ല എങ്കിൽ താങ്കളുടെ നിത്യത എവിടെയാണെന്നുള്ളത് ശാന്തമായി ചിന്തിക്കുമോ? താങ്കൾ ഈ സന്ദേശം ഗൗരവമായി എടുക്കുമോ? താങ്കൾ ഏതു മതവിശ്വാസിയോ, എത്ര വലിയ പാപി ആയിരുന്നാലും ദൈവം താങ്കളെ സ്നേഹിക്കുന്നു എന്നറിക. താങ്കൾ യേശുവിൽ വിശ്വസിച്ച് വീണ്ടുംജനനം പ്രാപിയ്ക്കാത്ത ഒരു വ്യക്തിയെങ്കിൽ, താങ്കളുടെ പേര് സ്വർഗ്ഗത്തിൽ ജീവപുസ്തകത്തിൽ എഴുതപ്പെട്ടിട്ടില്ല എന്നുള്ള ഉറപ്പ് ഇല്ലായെങ്കിൽ ഇപ്രകാരം പ്രാർത്ഥിക്കുമോ? “യേശുവേ, പാപിയായ എന്നോട് കരുണയുണ്ടാകേണമെ, അങ്ങ് എനിക്കായി മരിച്ചു എന്ന് ഞാൻ വിശ്വസിക്കുന്നു; എന്റെ പാപങ്ങൾ എന്നോട് ക്ഷമിച്ച് എന്റെ പേര് ജീവപുസ്തകത്തിൽ എഴുതേണമെ. ഇന്നു മുതൽ അവിടത്തെ ഇഷ്ടം ചെയ്യുവാൻ എന്നെ സമർപ്പിക്കുന്നു.

താങ്കൾ കർത്താവിനോടു ഹൃദയംഗമായി പാപങ്ങളെ ഏറ്റുപറഞ്ഞ് പ്രാർത്ഥിച്ചുവെങ്കിൽ താങ്കളുടെ പേര് സ്വർഗ്ഗത്തിൽ ജീവപുസ്തകത്തിൽ എഴുതപ്പെട്ടിരിക്കുന്നു എന്ന് വിശ്വസിക്കുക. ദൈവം താങ്കളെ അനുഗ്രഹിക്കട്ടെ.

❑

# 24

# നരകത്തിലെ അവസ്ഥ

നരകത്തിൽ വീഴുന്നവരെപ്പറ്റി മുകളിൽ കണ്ടുവല്ലോ. ഇനിയും നരകത്തിലെ അവസ്ഥയെപ്പറ്റി വിശുദ്ധ ബൈബിൾ എന്ത് പറയുന്നു എന്ന് ചിന്തിക്കാം.

## a) കെടാത്ത തീ

നരകത്തിൽ ഗന്ധകവും തീയും എപ്പോഴും കത്തിക്കൊണ്ടിരിക്കുന്ന സ്ഥലമാണെന്ന് മുകളിൽ കണ്ടുവല്ലോ. നരകത്തിലെ തീ കെട്ടുപോകുന്നതല്ല, ആർക്കും അണയ്ക്കുവാനും കഴിയുന്നതല്ല.

കർത്താവായ യേശുവിനു മുന്നോടിയായി വന്ന സ്നാപകയോഹന്നാൻ ജനത്തോട് വിളിച്ചു പറഞ്ഞത്: വീശുമുറം അവന്റെ കയ്യിൽ ഉണ്ട്. അവൻ കളത്തെ മുറ്റും വെടിപ്പാക്കി കോതമ്പ് കളപ്പുരയിൽ കൂട്ടിവെക്കയും പതിർ കെടാത്ത തീയിൽ ഇട്ട് ചുട്ടുകളകയും ചെയ്യും (മത്താ. 3:12). യോഹന്നാൻ സ്നാപകൻ പറഞ്ഞ മർമ്മം അന്നത്തെ ജനം വേണ്ടവണ്ണം ഗ്രഹിച്ചുകാണുമോ എന്നു തോന്നുന്നില്ല. അതുപോലെ പാപികൾക്കുള്ള അന്ത്യശിക്ഷാവിധി തീപ്പൊയ്കയാണെന്നുള്ളത് ഇന്നത്തെ ജനം ഗ്രഹിച്ചിരുന്നുവെങ്കിൽ കൊള്ളായിരുന്നു. മുകളിൽ പ്രസ്താവിച്ച വേദഭാഗത്ത്, പതിർ കെടാത്ത തീയിൽ ഇട്ട് ചുട്ടുകളയുമെന്ന് പറഞ്ഞിരിക്കുന്നത് ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. ഉപയോഗശൂന്യമായ പതിര് ഒരു കൃഷിക്കാരനും

കളപ്പുരയിൽ നല്ലവിത്തിന്റെ കൂടെ സൂക്ഷിക്കയില്ലല്ലോ? വളരെ അദ്ധ്വാനിച്ച് കൃഷിചെയ്ത കൃഷിക്കാരൻ നല്ലഫലം തന്നെയാണ് പ്രതീക്ഷിക്കുന്നത്. പണ്ടുകാലങ്ങളിൽ കളത്തിൽ കറ്റകൾ മെതിച്ച് നെല്ലെല്ലാം കളത്തിൽ നിന്നും കൊണ്ടുപോയശേഷം കളത്തിൽ കൂട്ടിയിട്ടിരിക്കുന്ന പതിരിന് തീ ഇടുന്നത് ഓർമ്മയിൽ വരുന്നു. പതിരിന് ഇട്ട തീ കെട്ടുപോകാതെ കത്തിക്കൊണ്ടിരിക്കും. പുറമെ നോക്കിയാൽ അതിനകത്ത് തീ ഉണ്ടെന്ന് തോന്നുകയില്ല.

മാന്യ സുഹൃത്തേ! താങ്കൾ യജമാനന് ഉപയുക്തമായ നല്ലവിത്താണോ അതോ പതിരോ? പതിരാകുന്നു എങ്കിൽ അന്ത്യം കെടാത്ത തീയിലാണെന്ന് ഓർക്കുക.

കർത്താവായ യേശു കെടാത്ത തീയായ നരകത്തെക്കുറിച്ച് പറഞ്ഞിരിക്കുന്നത്: നിന്റെ കൈ നിനക്ക് ഇടർച്ച വരുത്തിയാൽ അതിനെ വെട്ടിക്കളക, ഊനനായി ജീവനിൽ കടക്കുന്നത് രണ്ട് കയ്യുള്ളവൻ ആയി കെടാത്ത തീയായ നരകത്തിൽ പോകുന്നതിനെക്കാൾ നിനക്ക് നല്ലത് (മർക്കൊ. 9:44-47; മത്താ. 18:8-9). “സഹോദരനോടു മൂഢാ എന്ന് പറഞ്ഞാലോ അഗ്നിനരകത്തിന് യോഗ്യനാകും” (മത്താ. 5:22).

## b) <u>ചാകാത്ത പുഴുക്കൾ</u>

“നിന്റെ കീഴെ പുഴുക്കളെ വിരിച്ചിരിക്കുന്നു; കൃമികൾ നിനക്കു പുതപ്പായിരിക്കുന്നു” (യെശ. 14:11).

“അവർ പുറപ്പെട്ടുചെന്ന് എന്നോട് അതിക്രമം ചെയ്ത മനുഷ്യരുടെ ശവങ്ങളെ നോക്കും; അവരുടെ പുഴു ചാകയില്ല; അവരുടെ തീ കെട്ടുപോകയില്ല” (യെശ. 66:24).

“അവിടെ അവരുടെ പുഴു ചാകുന്നില്ല; തീ കെടുന്നതുമില്ല” (മർക്കൊ. 9:48).

നരകത്തിലെ തീ കെട്ടുപോകാത്തതാണെന്ന് മുകളിൽ പ്രസ്താവിച്ചതുപോലെ ഒരിക്കലും ചാകാത്ത പുഴുക്കളെക്കൊണ്ട് വിരിച്ചിരിക്കുന്ന സ്ഥലമാണ് നരകമെന്ന് മുകളിൽ പറഞ്ഞ വേദഭാഗങ്ങളിൽ നിന്നും മനസ്സിലാകുന്നുവല്ലോ. അവിടെ (നരകത്തിൽ) അവരുടെ പുഴു ചാകുന്നില്ല എന്ന് കർത്താവായ യേശുതന്നെ പറഞ്ഞിരിക്കുന്നു (മർക്കൊ. 9:48).

തീയും ഗന്ധകവും കത്തിക്കൊണ്ടിരിക്കുന്ന നരകത്തിൽ പുഴുക്കൾ എങ്ങനെ ജീവിച്ചിരിക്കും എന്ന ചോദ്യം ന്യായമായി ഉദിച്ചേക്കാം. നരകം നിത്യമാണ്. നിത്യനരകത്തിലുള്ള സകലവും നിത്യമായിട്ടുള്ളതാണ്. അഥവാ നശിച്ചുപോകാത്തതാണ്. നിത്യാഗ്നി, നിത്യകൂരിരുട്ട്, നിത്യദണ്ഡനം എന്നതുപോലെ നരകത്തിലുള്ള പുഴുക്കളും ചാകാത്തതാണെന്ന് മനസ്സിലാക്കാവുന്നതാണ്. ഈ ചാകാത്ത പുഴുക്കളെ ദൈവം നരകത്തിൽ പ്രത്യേകമായി കല്പിച്ചാക്കിയിരിക്കുന്നതാവാൻ ഇടയുണ്ട്. തിരുവചനത്തിൽ നിന്നും ഒന്നുരണ്ട് ഉദാഹരണങ്ങൾ ശ്രദ്ധിക്കുക:

ദൈവത്തിന്റെ പ്രവാചകനായ യോനയ്ക്കു തണലായിരിക്കേണ്ടതിനു യഹോവയായ ദൈവം ഒരു ആവണക്ക് കല്പിച്ചുണ്ടാക്കി. അത് അവനു മീതെ വളർന്നുപൊങ്ങി; യോനാ ആവണക്ക് നിമിത്തം അത്യന്തം സന്തോഷിച്ചു. പിറ്റെന്നാൾ പുലർന്നപ്പോൾ ദൈവം ഒരു പുഴുവിനെ കല്പിച്ചാക്കി. അത് ആവണക്ക് കുത്തിക്കളഞ്ഞിട്ട് വാടിപ്പോയി. ഇവിടെ സർവ്വശക്തനായ, സൃഷ്ടാവായ ദൈവം ഒരു ആവണക്കിനെയും പുഴുവിനെയും കല്പിച്ചുണ്ടാക്കിയതായി കാണുന്നുവല്ലോ (യോന 4:6-7).

അപ്പൊസ്തലനായ യാക്കോബിനെ ഹെരോദാവ് വാൾകൊണ്ടു കൊന്നശേഷം പത്രോസിനെയും കൊല്ലു

വാനായി പിടിച്ച് തടവിൽ ആക്കി. എന്നാൽ കർത്താവ് തന്റെ ദൂതനെ അയച്ച് പത്രോസിനെ വിടുവിച്ചു. ചില ദിവസങ്ങൾ കഴിഞ്ഞ് ഹെരോദാവ് രാജവസ്ത്രം ധരിച്ച് ഭദ്രാസനത്തിൽ ഇരുന്ന് പ്രസംഗിക്കുമ്പോൾ ജനം: ഇത് മനുഷ്യന്റെ ശബ്ദമല്ല, ഒരു ദേവന്റെ ശബ്ദമത്രേ എന്ന് ആർത്തുപുകഴ്ത്തിയപ്പോൾ അവൻ അതിൽ സന്തുഷ്ട നായി ദൈവത്തിന്കൊടുക്കേണ്ട മഹത്വം അവൻ എടു ത്തതിനാൽ കർത്താവിന്റെ ദൂതൻ അവനെ അടിച്ചു. അവൻ കൃമിക്ക് അഥവാ പുഴുവിന് ഇരയായി പ്രാണനെ വിട്ടു എന്ന് രേഖപ്പെടുത്തിയിരിക്കുന്നു (അ.പ്ര. 12:23). ദൈവം പ്രത്യേകമായി കല്പിച്ച് സൃഷ്ടിക്കപ്പെട്ട പുഴുക്ക ളാൽ ബാധിക്കപ്പെട്ടവനായി ഹെരോദാവ് മരിച്ചു. നരക ത്തിലെ പുഴുക്കൾ ഒരിക്കലും ചാകാത്തതായി ദൈവം പ്രത്യേകമായി സൃഷ്ടിച്ച് നരകത്തിൽ ആക്കിയിരിക്കുന്നു എന്ന് മനസ്സിലാക്കാം. എന്നാൽ ദൈവജനത്തിനായി ദൈവം ഒരുക്കുന്ന പുതിയ ഭൂമിയിൽ യാതൊരു കീട ങ്ങളോ പുഴുക്കളോ ഉണ്ടായിരിക്കയില്ല.

പ്രിയ സുഹൃത്തേ! നരകം യാഥാർത്ഥ്യമാണ്. ചാകാത്ത പുഴുക്കൾ ഉള്ള സ്ഥലമാണ് നരകം. സാത്താനും അവന്റെ ദൂതന്മാർക്കുംവേണ്ടി ദൈവം ഒരു ക്കിയിരിക്കുന്ന സ്ഥലമാണിത്. മനുഷ്യന്റെ മരണശേഷം അവന്റെ നിത്യത ഒന്നുകിൽ നിത്യനരകത്തിൽ അല്ലെ ങ്കിൽ കർത്താവിന്റെ രാജ്യത്തിൽ. താങ്കളുടെ നിത്യത എവിടെ എന്ന് ചിന്തിക്കുമോ?

### c) <u>കൂരിരുട്ട്</u> (Blackest Darkness)

നരകത്തിലെ കൂരിരുട്ടിനെക്കുറിച്ചും അതിൽ തള്ള പ്പെടുന്നവരെക്കുറിച്ചും കർത്താവായ യേശുവും അപ്പൊ സ്തലന്മാരും പറഞ്ഞിരിക്കുന്ന ചില വേദഭാഗങ്ങൾ ശ്രദ്ധി ക്കുക.

“കിഴക്കുനിന്നും പടിഞ്ഞാറുനിന്നും അനേകർ വന്നു അബ്രഹാമിനോടും യിസ്ഹാക്കിനോടും യാക്കോബിനോടും കൂടെ സ്വർഗ്ഗരാജ്യത്തിൽ പന്തിക്കിരിക്കും. രാജ്യത്തിന്റെ പുത്രന്മാരെയോ ഏറ്റവും പുറത്തുള്ള ഇരുളിലേക്ക് തള്ളിക്കളയും” (മത്താ. 8:11-12).

“രാജാവ് അകത്തു വന്നപ്പോൾ കല്ല്യാണവസ്ത്രം ധരിക്കാത്ത (യേശുവാകുന്ന നീതിയിൻ വസ്ത്രം) ഒരു മനുഷ്യനെ അവിടെ കണ്ടു. സ്നേഹിതാ നീ കല്ല്യാണവസ്ത്രം ഇല്ലാതെ ഇവിടെ അകത്ത് വന്നത് എങ്ങനെ എന്ന് ചോദിച്ചു. എന്നാൽ അവന് വാക്ക് മുട്ടിപ്പോയി. രാജാവു ശുശ്രൂഷക്കാരോടു: ഇവനെ കയ്യും കാലും കെട്ടി ഏറ്റവും പുറത്തുള്ള ഇരുട്ടിൽ തള്ളിക്കളവിൻ” (മത്താ. 22:13).

“എന്നാൽ കൊള്ളരുതാത്ത ദാസനെ ഏറ്റവും പുറത്തുള്ള ഇരുട്ടിലേക്കു തള്ളിക്കളവിൻ” (മത്താ. 25:30).

“...അവർക്കു കൂരിരുട്ട് സംഗ്രഹിച്ചിരിക്കുന്നു (Blackest darkness is reserved for them. 2 പത്രൊ. 2:17).

“സദാകാലത്തേക്കും അന്ധതമസ്സ് സൂക്ഷിച്ചുവെച്ചിരിക്കുന്ന വക്രഗതിയുള്ള നക്ഷത്രങ്ങൾ തന്നേ” (യൂദാ. 13).

നരകം ഇരുളിനാൽ നിപുടമായിരിക്കുന്ന സ്ഥലമാണ്. ഒട്ടും പ്രകാശം ഇല്ലാത്ത കൂരിരുട്ടിനാൽ നിറയപ്പെട്ട സ്ഥലം. നരകത്തിലുള്ളവർ ഇരുട്ടിൽ തപ്പിനടക്കുന്ന അവസ്ഥയായിരിക്കും.

നരകം തീപ്പൊയ്ക ആകയാൽ ഇവിടെ തീയുടെ വെളിച്ചം കാണുമല്ലോ എന്നൊരു ചോദ്യം ഉദിച്ചേക്കാം. നരകത്തിൽ തീയും ഗന്ധകവും കത്തി പുകകൊണ്ട് നിറഞ്ഞിരിക്കുന്നതിനാൽ തീയുടെ പ്രകാശം ഒട്ടുംതന്നെ കാണുകയില്ലെന്ന് മനസ്സിലാക്കാം.

ഫറവോന്റെ അടിമത്വത്തിൽനിന്നും യിസ്രായേൽ ജനത്തെ വിടുവിക്കുവാനായി മോശെയാൽ പല അത്ഭുതങ്ങൾ നടത്തിയതിൽ ഒരത്ഭുതം മിസ്രയീം ദേശത്തൊക്കെയും ഇരുൾ ഉണ്ടാകേണ്ടതിനു നിന്റെ കൈ ആകാശത്തേക്ക് നീട്ടുക എന്ന് ദൈവം കല്പിച്ചു. മോശെ തന്റെ കൈ ആകാശത്തേക്ക് നീട്ടിയപ്പോൾ മിസ്രയീം ദേശത്തൊക്കെയും മൂന്നുദിവസത്തേക്ക് കൂരിരുട്ടുണ്ടായി; മൂന്ന് ദിവസത്തേക്ക് ഒരുത്തനെ ഒരുത്തൻ കണ്ടില്ല, ഒരുത്തനും തന്റെ സ്ഥലം വിട്ട് എഴുന്നേറ്റതുമില്ല (പുറ. 10:22-23). ഇതേ കൂരിരുട്ടായിരിക്കും നരകത്തിലും.

സാത്താനെക്കുറിച്ച് പല അപരിചിത നാമങ്ങളാൽ അറിയപ്പെടുന്നതിൽ ഒന്നാണ് അവൻ 'ഇരുട്ടിന്റെ അധികാരി' എന്ന് പറയപ്പെട്ടിരിക്കുന്നത്.

"എന്നാൽ ഇത് നിങ്ങളുടെ നാഴികയും ഇരുളിന്റെ അധികാരവും ആകുന്നു" (ലൂക്കൊ. 22:53).

"നമ്മെ ഇരുട്ടിന്റെ അധികാരത്തിൽനിന്ന് വിടുവിച്ച് തന്റെ സ്നേഹസ്വരൂപനായ പുത്രന്റെ രാജ്യത്തിലാക്കി വെക്കുകയും ചെയ്ത..." (കൊലൊ. 1:13).

സത്യവെളിച്ചമായ കർത്താവായ യേശുക്രിസ്തു ലോകത്തിൽ വന്ന്: "ഞാൻ ലോകത്തിന്റെ വെളിച്ചമാകുന്നു, എന്നെ അനുഗമിക്കുന്നവൻ ഇരുളിൽ നടക്കാതെ ജീവന്റെ വെളിച്ചമുള്ളവൻ ആകും എന്നരുളിച്ചെയ്ത യേശുവിന്റെ വാക്ക് കേൾക്കാതെ ഇരുളിനെ (സാത്താനെ) സ്നേഹിച്ച് ഇരുളിൽ നടക്കുന്ന ഏവരുടെയും അന്ത്യം അന്ധകാരമായ നരകത്തിലായിരിക്കും എന്നതിന് രണ്ടുപക്ഷമില്ല.

## d) പുക

നരകത്തിനു തീപ്പൊയ്ക, തീച്ചൂള, ഗന്ധകപ്പൊയ്ക എന്നൊക്കെ പറഞ്ഞിരിക്കുന്നതായി കാണുന്നുവല്ലോ.

തീയും ഗന്ധകവും കത്തിക്കൊണ്ടിരിക്കുന്ന സ്ഥലം പുക കൊണ്ട് നിറയപ്പെട്ടതാണെന്ന് പ്രത്യേകിച്ച് എടുത്ത് പറ യേണ്ടതില്ലല്ലോ?

നമ്മുടെ നാട്ടിൽ ഇഷ്ടിക, ഓട്, കക്ക (കുമ്മായം) ഒക്കെ ചുടുന്ന ചൂള നാം കണ്ടുകാണുമല്ലോ. പുക വായു വിൽ കലർന്ന് ശ്വസിക്കുന്നത് ഹാനികരമായതിനാൽ സാധാരണ രാത്രിയിലാണ് ഈ ചൂളകൾ കത്തിക്കുന്ന ത്. ഈ ചൂളകളിൽ നിന്നും ധാരാളം പുക വമിച്ചുകൊ ണ്ടിരിക്കുന്നത് വളരെ ദൂരത്തുനിന്നും കാണാവുന്നതാ ണ്. അതുപോലെ പല ഫാക്ടറികളിൽ നിന്നും ധാരാളം പുക വമിക്കുന്നത് നാം കാണാറുണ്ടല്ലോ. അതുപോലെ തീയും ഗന്ധകവും കത്തുമ്പോൾ ഉണ്ടാകുന്ന പുക നര കത്തിൽ തന്നെ തിങ്ങിനില്ക്കുന്നതിനാൽ നരകം പുക കൊണ്ട് നിറയപ്പെട്ടതാണെന്ന് മനസ്സിലാക്കാം.

**e) <u>കരച്ചിൽ</u>** (നിലവിളി)

ദൈവജനം സ്വർഗ്ഗത്തിൽ (ദൈവരാജ്യത്തിൽ) കർത്താവിനോടും കോടാനുകോടി ദൂതന്മാരുമായി സന്തോഷിക്കുമ്പോൾ പാപികളായി ജീവിച്ച് മരിച്ചവർ ഇതാ നരകത്തിൽ കിടന്ന് നിലവിളിക്കുന്നു. നരകത്തിൽ കിടന്നു നിലവിളിക്കുന്നതിനാൽ ഇവർ ജീവിച്ചിരുന്ന പ്പോൾ ചെയ്ത തിന്മകളും പാപങ്ങളും ഓർക്കുവാൻ കഴി യുമെന്ന് മനസ്സിലാക്കാമല്ലോ. തങ്ങൾ സേവിച്ച മത ങ്ങൾക്കോ, ദേവന്മാർക്കോ തങ്ങളെ ഈ നരകത്തിൽ നിന്നും വിടുവിപ്പാൻ കഴിഞ്ഞില്ലല്ലോ എന്നോർത്തും, തങ്ങൾ ജീവിച്ചിരുന്നപ്പോൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിക്കുവാൻ ലഭിച്ച അവസരങ്ങൾ പാഴാക്കിയതും നിരസിച്ചതും, അനേകദൈവമക്കൾ പറഞ്ഞ സാക്ഷ്യം വിശ്വസിക്കാതിരുന്നതും, യേശുവിനെ ക്കുറിച്ചുള്ള സുവിശേഷം പലപ്രാവശ്യം കേട്ടിട്ടും നിര

സിച്ച് കളഞ്ഞതും, ന്യായവിധിയെക്കുറിച്ചും, നരകത്തെക്കുറിച്ചും പറഞ്ഞ ദൈവദാസന്മാരെ പുച്ഛിച്ചു തള്ളിക്കളഞ്ഞതും ഇങ്ങനെ ഓരോന്നും ഓർത്ത് ഈ ആത്മാക്കൾ നരകത്തിൽ കിടന്ന് നിലവിളിക്കുകയാണ്. എന്നാൽ ഈ കരച്ചിലും നിലവിളിയും എല്ലാം കേട്ടുകൊണ്ട് സാത്താനും തന്റെ അനുയായികളായ മറ്റു പിശാചുക്കളും അന്തിക്രിസ്തുവും കള്ളപ്രവാചകന്മാരും അവർക്ക് ഇതിൽ ഒരു പങ്കും ഇല്ലെന്നുള്ള ഭാവത്തിൽ മിണ്ടാതെ കഴിയുന്നു.

നരകത്തിൽ കിടന്ന് നിലവിളിക്കുന്നത് ചില ആത്മാക്കൾക്ക് ഒട്ടും ഇഷ്ടപ്പെടുന്നില്ല. കരയുന്നവരെ ഇവർ പരിഹസിക്കുന്നു. ചില ആത്മാക്കൾ കരയുന്നവരുടെ അടുക്കൽ തപ്പി ചെന്നിട്ട് കുറെ പുഴുക്കളെ വാരി അവരുടെ വായിൽ കുത്തിക്കയറ്റുന്നു. പുഴുക്കളല്ലാതെ നരകത്തിൽ വേറൊന്നും ഇല്ലല്ലോ. ഇങ്ങനെ രാപ്പകൽ ദണ്ഡനം അനുഭവിച്ചു കൊണ്ട് കരച്ചിലും നിലവിളിയോടും യുഗായുഗങ്ങൾ നരകത്തിൽ കഴിയേണ്ടിവരും.

കർത്താവായ യേശുവിന്റെ ശുശ്രൂഷാകാലയളവിൽ നരകത്തെക്കുറിച്ചും നരകത്തിലെ അവസ്ഥകളെക്കുറിച്ചും വളരെ വ്യക്തമായി ജനത്തോട് ഉപദേശിക്കയും പഠിപ്പിക്കയും ചെയ്തിട്ടുള്ളതാണ്. എന്നാൽ പുരോഹിതന്മാരോ, ജനത്തിലെ മൂപ്പന്മാരോ, ഗുരുക്കന്മാരോ, ന്യായശാസ്ത്രിമാരോ യേശു പറഞ്ഞത് ഗൗരവമായി എടുക്കുകയോ ജനത്തെ പഠിപ്പിക്കുകയോ ചെയ്യാതെ യേശുവിനെയും തന്റെ ഉപദേശത്തെയും തിരസ്ക്കരിച്ചുകളഞ്ഞു.

നരകത്തിൽ കിടന്ന് കരയുന്നവരുടെ അവസ്ഥയെക്കുറിച്ച് കർത്താവ് മുന്നമെ പറഞ്ഞിരിക്കുന്ന ചില വേദഭാഗങ്ങൾ ശ്രദ്ധിക്കുക:

“അനീതി പ്രവർത്തിക്കുന്ന ഏവരുമായുള്ളോരേ എന്നെ വിട്ടു പോകുവിൻ എന്ന് പറയും... അവിടെ അബ്രഹാമും യിസ്ഹാക്കും യാക്കോബും സകല പ്രവാചകന്മാരും ദൈവരാജ്യത്തിൽ ഇരിക്കുന്നതും നിങ്ങളെ പുറത്ത് തള്ളിക്കളഞ്ഞതും, നിങ്ങൾ കാണുമ്പോൾ കരച്ചിലും പല്ലുകടിയും ഉണ്ടാകും” (ലൂക്കൊ.13:28; മത്താ.8:12).

“മനുഷ്യപുത്രൻ തന്റെ ദൂതന്മാരെ അയക്കും; അവർ അവന്റെ രാജ്യത്തിൽനിന്ന് എല്ലാ ഇടർച്ചകളെയും അധർമ്മം പ്രവർത്തിക്കുന്നവരെയും കൂട്ടിച്ചേർത്ത് തീച്ചൂളയിൽ ഇട്ടുകളയും. അവിടെ കരച്ചിലും പല്ലുകടിയും ഉണ്ടാകും” (മത്താ. 13:41–42).

“അങ്ങനെ തന്നേ ലോകാവസാനത്തിൽ സംഭവിക്കും; ദൂതന്മാർ പുറപ്പെട്ട് നീതിമാന്മാരുടെ ഇടയിൽനിന്ന് ദുഷ്ടന്മാരെ വേർതിരിച്ച് തീച്ചൂളയിൽ ഇട്ടുകളയും; അവിടെ കരച്ചിലും പല്ലുകടിയും ഉണ്ടാകും” (മത്താ. 13:49–50).

“രാജാവ് ശുശ്രൂഷക്കാരോടു: ഇവനെ കയ്യും കാലും കെട്ടി ഏറ്റവും പുറത്തുള്ള ഇരുട്ടിൽ തള്ളിക്കളവിൻ; അവിടെ കരച്ചിലും പല്ലുകടിയും ഉണ്ടാകും” (മത്താ. 22:13).

“യജമാനൻ വന്ന് അവനെ ദണ്ഡിപ്പിച്ചു അവന്നു കപടഭക്തിക്കാരോടുകൂടെ പങ്കു കല്പിക്കും; അവിടെ കരച്ചിലും പല്ലുകടിയും ഉണ്ടാകും” (മത്താ. 22:13).

“എന്നാൽ കൊള്ളരുതാത്ത ദാസനെ ഏറ്റവും പുറത്തുള്ള ഇരുട്ടിലേക്ക് തള്ളിക്കളവീൻ; അവിടെ കരച്ചിലും പല്ലുകടിയും ഉണ്ടാകും” (മത്താ. 25:30).

## f) പല്ലുകടി

നരകത്തിലായിരിക്കുന്ന ആത്മാക്കൾ പുനരുത്ഥാന ശരീരം പ്രാപിച്ചവരാണെന്നുള്ള കാര്യം ഓർത്തിരിക്കേണം. ദൈവജനം പുനരുത്ഥാനം പ്രാപിക്കുമ്പോൾ മഹത്വശരീരധാരികളായി തീരുന്നതുപോലെ പാപികളായി മരിച്ചവർ അന്ത്യന്യായവിധിക്കായി പുനരുത്ഥാനം പ്രാപിച്ചശേഷമാണ് വെള്ളസിംഹാസനത്തിലിരിക്കുന്ന ന്യായാധിപനായ കർത്താവിന്റെ സന്നിധിയിൽ നില്ക്കുന്നത് (വെളി. 20:12).

“നിലത്തിലെ പൊടിയിൽ നിദ്രകൊള്ളുന്നവരിൽ പലരും ചിലർ നിത്യജീവനായും ചിലർ ലജ്ജയ്ക്കും നിത്യനിന്ദയ്ക്കുമായും ഉണരും” (ദാനീ. 12:2).

“നന്മ ചെയ്തവർ ജീവനായും തിന്മ ചെയ്തവർ ന്യായവിധിക്കായും പുനരുത്ഥാനം ചെയ്വാനുള്ള നാഴിക വരുന്നു” (യോഹ. 5:29).

ഏറ്റവും കോപിഷ്ടരാകുമ്പോഴാണല്ലോ മനുഷ്യർ പല്ലികടിക്കുന്നത്. പ്രതികാരം ചെയ്യുവാൻ ചിലർക്ക് കഴികയില്ലെങ്കിൽ തന്നെയും പല്ലുകടിച്ച് കോപം പ്രകടിപ്പിക്കാറുണ്ടല്ലോ.

ദൈവഭക്തനായ ഇയ്യോബ് പറയുന്നു അവർ (ശത്രു) കോപത്തിൽ എന്നെ കീറി ഉപദ്രവിക്കുന്നു; അവൻ എന്റെ നേരെ പല്ല് കടിക്കുന്നു (ഇയ്യോ. 16:9).

“ദുഷ്ടൻ നീതിമാന് ദോഷം നിരൂപിക്കുന്നു; അവന്റെ നേരെ അവൻ പല്ലുകടിക്കുന്നു” (സങ്കീ. 37:12).

“ദുഷ്ടൻ അത് കണ്ട് വ്യസനിക്കും; അവൻ പല്ലുകടിച്ച് ഉരുകിപ്പോകും” (സങ്കീ. 112:10).

ദൈവഭക്തനായ സ്തെഫാനോസ് പരിശുദ്ധാത്മശക്തിയോട് യേശുവിനെക്കുറിച്ച് പ്രസംഗിച്ചുകൊണ്ടിരിക്കു

മ്പോൾ ജനം കോപപരവശരായി അവന്റെ നേരെ പല്ലു കടിച്ചുകൊണ്ട് അവനെ കല്ലെറിഞ്ഞ് കൊന്നുവല്ലോ (അ.പ്ര. 7:54–59).

മഹോപദ്രവകാലത്ത് അഞ്ചാമത്തെ ദൂതൻ തന്റെ ക്രോധകലശം മൃഗത്തിന്റെ (അന്തിക്രിസ്തു) സിംഹാസനത്തിന്മേൽ ഒഴിച്ചപ്പോൾ അതിന്റെ രാജ്യം ഇരുണ്ടുപോയി. അവർ കഷ്ടത നിമിത്തം നാവുകടിച്ചുകൊണ്ട് കഷ്ടങ്ങളും, വ്യണങ്ങളും ഹേതുവാൽ സ്വർഗ്ഗത്തിലെ ദൈവത്തെ ദുഷിച്ചതല്ലാതെ തങ്ങളുടെ പ്രവർത്തികളെ വിട്ട് മാനസാന്തരപ്പെട്ടില്ല എന്ന് രേഖപ്പെടുത്തിയിരിക്കുന്നു (വെളി. 16:10–11).

നരകത്തിൽ യാതന അനുഭവിക്കുന്ന ഈ ആത്മാക്കൾ കരയുന്നതോടൊപ്പം അവർ പല്ലുകടിക്കുന്നതായും പറഞ്ഞിരിക്കുന്നു. (മത്താ. 8:12, 13:42,50, 22:13, 24:51, 25:30; ലൂക്കൊ. 13:28).

നരകത്തിലെ അവസ്ഥയെപ്പറ്റി മുകളിൽ നാം കണ്ടുവല്ലോ? യേശുക്രിസ്തുവിന്റെ ക്രൂശുമരണത്തിൽ വിശ്വസിച്ച് യേശുവിനെ കർത്താവും രക്ഷിതാവുമായി ഹൃദയത്തിൽ സ്വീകരിച്ച വിശുദ്ധന്മാർ കർത്താവിനോടുകൂടി സ്വർഗ്ഗത്തിൽ ആയിരിക്കുന്ന അവസ്ഥയും, യേശുവിനെ നിഷേധിച്ച് പാപികളായി മരിച്ചവർ നരകത്തിൽ സാത്താനോടുകൂടി കഴിയുന്ന അവസ്ഥയും തമ്മിൽ ഒരു താരതമ്യ വീക്ഷണം.

| സ്വർഗ്ഗത്തിൽ | നരകത്തിൽ |
|---|---|
| 1) കർത്താവും തന്റെ മക്കളും വിശുദ്ധ ദൂതന്മാരും (വെളി. 18:20, 21:3) (മത്താ. 25:41; വെളി. 20:10, 21:8) | 1) സാത്താനും അവന്റെ ദൂതന്മാരും സകല പാപികളും |
| 2) 12 തരം വിലയേറിയ രത്നങ്ങളാൽ അലംകൃതമായ നഗരവും | 2) തീയും ഗന്ധകവും കത്തി പുകഞ്ഞുകൊണ്ടിരിക്കുന്ന സ്ഥലം |

| | |
|---|---|
| തങ്കനിർമ്മിതമായ തെരുവീഥികളും. (വെളി. 21:18, 21) | (വെളി. 20:10,15,21:8) |
| 3) ദൈവതേജസ്സിനാൽ പ്രകാശപൂർണ്ണിതം. നഗരത്തിൽ പ്രകാശിപ്പാൻ സൂര്യനും ചന്ദ്രനും ആവശ്യമില്ല, ദൈവതേജസ്സ് അതിനെ പ്രകാശിപ്പിക്കുന്നു. കുഞ്ഞാട് അതിന്റെ വിളക്ക് ആകുന്നു. (യെശ. 60:19-20; വെളി. 21:23, 22:5). | 3) ഒട്ടം പ്രകാശമില്ല. കൂരിരുട്ട് (The blackest darkness) (മത്താ. 8:12; 2 പത്രൊ. 2:4) |
| 4) ദുഃഖവും, മുറവിളിയും കഷ്ടതയും ഇല്ല. (വെളി. 21:5). | 4) നിത്യം കരച്ചിലും, പല്ലുകടിയും (മത്താ. 13:41,42; ലൂക്കൊ. 13:28) |
| 5) നിത്യജീവൻ (യോഹ. 3:16, 10:28, 17:2; 1 യോഹ. 2:25, 5:11,13,20) | 5) നിത്യമരണം (നിത്യദണ്ഡനം) (മത്താ. 25:46) |
| 6) യാതൊരു ശാപവും ഇനി ഇല്ല (വെളി. 22:3). | 6) ശപിക്കലും, പല്ലുകടിയും (മത്താ. 25:30) |
| 7) നിത്യസന്തോഷം (യെശ. 35:10, 51:11; 1 യോഹ. 1:4) | 7) നിത്യം ദുഃഖിച്ച് കഴിയും |
| 8) കുടിപ്പാൻ ശുദ്ധമായ ജീവജലനദി (വെളി. 22:1). | 8) ദാഹം ശമിപ്പിക്കുവാൻ ഒരുതുള്ളി വെള്ളം ഇല്ല (ലൂക്കൊ. 16:24) |
| 9) തിന്മാൻ ജീവവൃക്ഷഫലം (വെളി. 22:2). | 9) പുഴുക്കൾ അല്ലാതെ ഒരാഹാരവും ഇല്ല (യെശ. 14:11; മർക്കൊ. 9:48) |
| 10) ദൈവത്തിന്റെ മുഖം കണ്ടുകൊണ്ട് ആരാധിക്കുന്നു (വെളി. 22:3-4). | 10) സാത്താന്റെ മുഖം കണ്ടു കഴിയുന്നു. (വെളി. 20:10,15; 21:8) |

**മാന്യസുഹൃത്തേ!**

നരകത്തെക്കുറിച്ച് താങ്കൾക്ക് നല്ലവണ്ണം മനസ്സിലായി എന്ന് കരുതട്ടെ. വിശുദ്ധബൈബിളും, കർത്താവായ യേശുവും നരകത്തെക്കുറിച്ച് പറഞ്ഞിരിക്കുന്നത് സത്യവും വിശ്വസനീയവുമാണ്. കർത്താവ് പറഞ്ഞിരിക്കുന്നത് ഭോഷ്ക്കല്ല, അവൻ ഭോഷ്ക്ക് പറയുവാൻ മനുഷ്യനല്ല.

നരകത്തിലെ അവസ്ഥയെപ്പറ്റി വിശദീകരിച്ചിരിക്കുന്നത് ഭീതി ഉളവാക്കുവാനല്ല പിന്നെയോ, അതിനെക്കുറിച്ച് ബോധവാന്മാരായിരിക്കുവാനാണ്. നരകം മനുഷ്യവർഗ്ഗത്തിന് വേണ്ടി ഒരുക്കപ്പെട്ട സ്ഥലമല്ല, പിന്നെയോ

നരകം പിശാചിനും, അവന്റെ ദൂതന്മാർക്കും വേണ്ടി ഒരുക്കപ്പെട്ട സ്ഥലമാണ്, എന്നാൽ രക്ഷകനായ യേശുവിനെ ഉപേക്ഷിച്ച് പിശാചിന്റെ വഴിയിൽ നടക്കുന്നവരുടെ അന്ത്യം പിശാചിനോടുകൂടി ആയിരിക്കും എന്ന് ഓർപ്പിച്ചുകൊള്ളട്ടെ.

നരകം യാഥാർത്ഥ്യമാണ്. അത് പാപിയായി മരിക്കുന്ന മനുഷ്യന്റെ അന്ത്യപാർപ്പിടമാണ്. നരകം കെടാത്ത തീയാലും ചാകാത്ത പുഴുക്കളാലും കൂരിരുളിനാലും പുകയാലും കരച്ചിലും നിലവിളിയും പല്ലുകടിയും അങ്ങനെ എല്ലാം കൊണ്ട് ദണ്ഡനം അനുഭവിച്ച് കഴിയുന്ന സ്ഥലമാണ്. ജീവപുസ്തകത്തിൽ പേരെഴുതി കാണാത്ത ഏവരും നരകത്തിൽ ചെന്നവസാനിക്കും. നരകത്തിൽ നിന്നും വിടുതൽ പ്രാപിപ്പാനുള്ള ഒരേ ഒരു മാർഗ്ഗം, വഴിയും സത്യവും ജീവനുമായ യേശുവിനെ രക്ഷകനായി ഹൃദയത്തിൽ സ്വീകരിക്കുക മാത്രം ചെയ്താൽ മതി.

താങ്കളുടെ മരണാനന്തരം നിത്യത എവിടെ ആയിരിക്കുമെന്നുള്ള ഉറപ്പ് ഹൃദയത്തിൽ ഇല്ല എങ്കിൽ: ആത്മാർത്ഥമായി കർത്താവിൽ വിശ്വസിച്ചുകൊണ്ട് ഇപ്രകാരം പ്രാർത്ഥിക്കുക: കർത്താവായ യേശുവേ പാപിയായ എന്നോട് കരുണ ചെയ്യേണമെ. അങ്ങ് എന്റെ പാപങ്ങൾക്കായി ക്രൂശിൽ മരിച്ചു എന്ന് ഞാൻ വിശ്വസിക്കുന്നു. എന്റെ പാപങ്ങൾ എന്നോട് ക്ഷമിച്ച് എന്നെ അവിടത്തെ രക്തത്താൽ കഴുകേണമെ, അങ്ങ് എന്റെ ഹൃദയത്തിൽ വസിക്കേണമെ. ഇന്നു മുതൽ അവിടത്തെ ഇഷ്ടം ചെയ്ത് ജീവിക്കുവാൻ എന്നെ സമർപ്പിക്കുന്നു.

ദൈവം താങ്കളെ അനുഗ്രഹിക്കട്ടെ.

# PART -IV

# സാത്താനും
# അവന്റെ ദൂതന്മാരും

# 25
# പൈശാചിക ശക്തികൾ

സാത്താനെക്കുറിച്ച് ചിന്തിക്കുന്നതിനു മുമ്പായി സാത്താന്റെ ഏജന്റുകളായി പ്രവർത്തിക്കുന്ന പൈശാചിക ശക്തികളെക്കുറിച്ച് (Evil forces) ചുരുക്കമായി പ്രസ്താവിപ്പാനാഗ്രഹിക്കുന്നു. സാത്താനിലും, ഭൂതങ്ങളിലും വിശ്വസിക്കാത്തവർ ഉണ്ടെന്നിരിക്കാം. എന്നാൽ വിശുദ്ധബൈബിളിൽ സാത്താനെക്കുറിച്ചും, ഭൂതങ്ങൾ അശുദ്ധാത്മാക്കൾ, ദുരാത്മാക്കൾ, ദുഷ്ടാത്മാക്കൾ എന്നീ പൈശാചിക ശക്തികളെക്കുറിച്ചും അവരുടെ വിവിധ പ്രവർത്തനങ്ങളെക്കുറിച്ചും ആദിയോടന്തം വെളിപ്പെടുത്തി തന്നിരിക്കയാൽ അവയെ തിരസ്കരിക്കുവാൻ കഴികയില്ലല്ലോ.

ദൈവസേവയ്ക്കായി സ്വർഗ്ഗത്തിൽ കോടാനുകോടി ദൂതന്മാർ ഉള്ളതുപോലെ സാത്താന്റെ കീഴിൽ പ്രവർത്തിക്കുന്ന അസ്സംഖ്യം പൈശാചിക കൂട്ടങ്ങൾ ഉള്ളതായി തിരുവചനത്തിൽ നിന്നും മനസ്സിലാക്കാം. ലൂസിഫെറിന്റെ വശീകരണ ചതിയിൽ അകപ്പെട്ട് അവനോടുചേർന്ന് ദൈവത്തോടു മത്സരിച്ച ദൂതഗണത്തെ തങ്ങളുടെ സ്ഥാനത്തുനിന്നും പദവിയിൽനിന്നും ലൂസിഫെറിനോടുകൂടി ദൈവസന്നിധിയിൽ നിന്നും തള്ളിക്കളഞ്ഞ ദൂതഗണങ്ങളാണിവർ. സാത്താന്റെ കീഴിലുള്ള ഈ ദൂതഗണത്തെ

'ഭൂതങ്ങൾ' അഥവാ 'പിശാചുക്കൾ (Demons)' എന്നാണ് പൊതുവെ അറിയപ്പെടുന്നത്. ഭൂതങ്ങൾ അസ്ഥിയും മാംസവും ഇല്ലാത്ത ആത്മജീവികളാണ് (Spirits) (ലൂക്കൊ. 24:39). അവർ ആത്മജീവികൾ (Spirits) ആയിരിക്കുമ്പോൾത്തന്നെ അദൃശ്യജീവികളാണ്. ഈ ഭൂതങ്ങളുടെ പ്രവർത്തനമണ്ഡലങ്ങളും പ്രവർത്തനരീതിയും ദൈവദൂതന്മാരെ അപേക്ഷിച്ച് വ്യത്യസ്ഥമാണ്. ദൈവദൂതന്മാർ മനുഷ്യരൂപത്തിൽ മനുഷ്യർക്ക് പ്രത്യക്ഷപ്പെട്ട് മനുഷ്യരോട് സംസാരിച്ചതുപോലെയോ മനുഷ്യരോടുകൂടെ ആഹാരം ഭക്ഷിച്ചതുപോലെയോ സാത്താനാകട്ടെ അവന്റെ ദൂതന്മാരാകട്ടെ അങ്ങനെ ചെയ്തതായി തിരുവചനത്തിൽ കാണുന്നില്ല.

ഭൂതങ്ങളെക്കുറിച്ചും അവരുടെ പ്രവർത്തനങ്ങളെക്കുറിച്ചും വിശുദ്ധബൈബിളിൽ പഴയനിയമത്തിലും പുതിയനിയമത്തിലും വ്യക്തമായി പറഞ്ഞിരിക്കുന്നു. യേശുവിന്റെ ശുശ്രൂഷാകാലയളവിൽ അനേകം ഭൂതഗ്രസ്തരെ സൌഖ്യമാക്കിയിട്ടുള്ളതിൽ ചിലത് മാത്രം സുവിശേഷങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്നു. കർത്താവിനുശേഷം തന്റെ അപ്പൊസ്തലന്മാരാലും അനേകം ഭൂതബാധിതരെ വിടുവിച്ച സംഭവം തിരുവചനത്തിൽ കാണാവുന്നതാണ്. ആ പ്രവൃത്തി ഇന്നും നടന്നുകൊണ്ടിരിക്കുന്നു. യേശുവിൽ വിശ്വസിക്കുന്നവരാൽ യേശുവിന്റെ നാമത്തിൽ ഭൂതങ്ങളെ പുറത്താക്കും എന്ന് യേശു കല്പിച്ചിരിക്കുന്നുവല്ലോ (മർക്കൊ. 16:17). ഭൂതങ്ങളെ പുറത്താക്കുവാനുള്ള അധികാരം കർത്താവ് തന്റെ ദാസന്മാർക്ക് കൊടുത്തിരിക്കുന്നു (മത്താ. 10:8; ലൂക്കൊ. 10:17; അ.പ്ര. 16:18).

സാത്താൻ തന്റെ കീഴിലുള്ള ദൂതഗണത്തെ പ്രധാനമായി താഴെപ്പറയുന്ന നാലുതരം ശക്തികളായി (Evil forces) തിരിച്ച് പ്രവർത്തിക്കുന്നതായി തിരുവചനത്തിൽ നിന്നും മനസ്സിലാക്കാവുന്നതാണ്.

1) അശുദ്ധാത്മാക്കൾ (unclean spirits)
2) ദുരാത്മാക്കൾ (wicked spirits)
3) വ്യാജാത്മാക്കൾ (deceiving spirits)
4) ദുഷ്ടാത്മാക്കൾ (wicked spirits)

മുകളിൽ പറയപ്പെട്ട പൈശാചിക ശക്തികൾ സാത്താന്റെ ഏജന്റുകളായി പ്രവർത്തിക്കുന്നവരാണ്. ഇവകളെ നിയന്ത്രിക്കുന്നതും ഭരിക്കുന്നതും ഇവർക്കായി നിയമിച്ചിരിക്കുന്ന തലവന്മാരെന്നറിയപ്പെടുന്ന (പ്രഭുക്കന്മാർ) ബെയെത്സെബൂൽ (മത്താ. 12:24), അബദ്ദോൻ അഥവാ അപ്പൊല്ലുവോൻ (വെളി. 9:11) പോലെയുള്ളവരും സാത്താനുമാണ്. റോമൻ പട്ടാളത്തിൽ ശതാധിപൻ, സഹസ്രാധിപൻ എന്നപോലെ ഈ ആത്മാക്കൾക്കും സാത്താൻ അധിപതികളെ ആക്കിയിട്ടുണ്ട്. സാത്താന്റെ ഇഷ്ടപ്രകാരം ഓരോ പ്രവർത്തികൾക്കായി ഇവരെ നിയോഗിക്കുന്നു. ഇവരുടെ എല്ലാം ലക്ഷ്യം (common purpose) ദൈവീകപദ്ധതികളെ താറുമാറാക്കുക എന്നതാണ്.

## a) **അശുദ്ധാത്മാക്കൾ** (unclean spirits)

അശുദ്ധാത്മാക്കൾ മനുഷ്യരിൽ പലവിധത്തിൽ പ്രവർത്തിച്ച് അവരെ കഷ്ടത്തിലാക്കുന്നു. അശുദ്ധാത്മാവിനാൽ ബാധിക്കപ്പെട്ട് ചിലരെ ഊമരാക്കുന്നു, ചിലരെ ചെകിടരാക്കുന്നു, ചിലരെ കൂനരാക്കുന്നു, ചിലരെ തീരാരോഗികളാക്കുന്നു. അശുദ്ധാത്മാവ് ബാധിച്ച രോഗികളെ എത്ര ചികിത്സിച്ചാലും സൗഖ്യമാകുകയില്ല. യേശുവിന്റെ നാമത്തിലുള്ള വിടുതലേ അവർക്കുള്ളു. പന്ത്രണ്ടു വർഷക്കാലം രക്തസ്രാവക്കാരിയായ ഒരു സ്ത്രീയുടെ അവസ്ഥയെപ്പറ്റി സുവിശേഷങ്ങളിൽ പറഞ്ഞിരിക്കുന്നുവല്ലോ. അവൾക്കുള്ള മുതൽ എല്ലാം വൈദ്യന്മാർക്കുകൊടുത്തിട്ടും ആരാലും സൗഖ്യം വരുത്തുവാൻ കഴിഞ്ഞില്ല

എന്നാണ് പറഞ്ഞിരിക്കുന്നത് (ലൂക്കൊ. 8:43). എന്നാൽ അവൾ വിശ്വാസത്തോടെ യേശുവിന്റെ വസ്ത്രത്തിന്റെ തൊങ്ങൽ തൊട്ടമാത്രയിൽ അവളുടെ രക്തസ്രാവം നിന്നു സൗഖ്യം പ്രാപിച്ചു. ഇതുപോലെ വർഷങ്ങൾ തളർന്ന് കിടക്കയിലായിരുന്നവർ, ദേഹം പരുക്കളാൽ ബാധിച്ചവർ, കൊച്ചുകുഞ്ഞിനെ എടുക്കുവാൻ കഴിയാതെ വേദനയാൽ കഴിഞ്ഞവർ, ആഹാരം കഴിക്കുവാൻ പറ്റാത്തവർ അങ്ങനെ എത്രയോ രോഗബാധിതരായവർ രക്തസ്രാവക്കാരി സ്ത്രീയെപ്പോലെ മരുന്നിനും മന്ത്രവാദികൾക്കും സൗഖ്യമാക്കുവാൻ കഴിയാത്തവരെ യേശു സൗഖ്യമാക്കിയ എത്രയോ അനുഭവസാക്ഷ്യങ്ങൾ കേട്ടിട്ടുണ്ട്, ഇന്നും കേട്ടുകൊണ്ടിരിക്കുന്നു.

അശുദ്ധാത്മാവ്ബാധിച്ച ഒരു ബാലനെ യേശു സൗഖ്യമാക്കിയത് മർക്കൊാസ് 9:25-ൽ പറഞ്ഞിരിക്കുന്നു. യേശുവിനെ കണ്ടയുടനെ അശുദ്ധാത്മാവ് ബാലനെ ഇഴെച്ചു; അവൻ നിലത്ത്വീണ് നുരെച്ചുരുണ്ടു. യേശു അശുദ്ധാത്മാവിനെ ശാസിച്ച് പറഞ്ഞത്: ഊമനും ചെകിടനുമായ ആത്മാവേ, ഇവനെ വിട്ടുപോ; ഇനി അവനിൽ കടക്കരുത് എന്ന് ഞാൻ നിന്നോട് കല്പിക്കുന്നു എന്ന് പറഞ്ഞപ്പോൾ അത് നിലവിളിച്ച് അവനെ വളരെ വലിച്ചിഴച്ച് പുറപ്പെട്ടുപോയി (മർക്കൊ. 9:25-26). ഈ ബാലന്റെമേൽ കയറിപ്പറ്റിയ ഈ അശുദ്ധാത്മാവിനെ യേശു ശാസിച്ച് അകറ്റാതിരുന്നുവെങ്കിൽ അവന്റെ ജീവിതകാലം മുഴുവൻ അവനിൽത്തന്നെ കഴിഞ്ഞുകൂടുമായിരുന്നു. പലപ്പോഴും അശുദ്ധാത്മാവ് ഈ ബാലനെ തീയിലും വെള്ളത്തിലും തള്ളിയിട്ട് കൊല്ലുവാൻ ശ്രമിച്ചിട്ടുണ്ടെന്ന് 9:22ൽ പറഞ്ഞിരിക്കുന്നു. ഈ ബാലനിൽനിന്നും വിട്ടുപോകുവാൻ അതിന് മനസ്സില്ലായിരുന്നു എന്നാണ് മനസ്സിലാകുന്നത്. യേശു ഈ ബാലന്റെമേലുള്ള അശുദ്ധാത്മാവി

നോടു കല്പിച്ചു പറഞ്ഞത്: ഇനി അവനിൽ കടക്കരു തെന്നാണല്ലോ. അശുദ്ധാത്മാവ് ഒരു മനുഷ്യനെ വിട്ടു പോയാൽ വീണ്ടും അവനിൽ പ്രവേശിക്കുവാൻ സാദ്ധ്യ തയുണ്ടെന്നാണല്ലോ ഈ ഭാഗം വ്യക്തമാക്കുന്നത്. കർത്താവ് ഇത് വ്യക്തമാക്കി പറഞ്ഞിരുന്നത് ശ്രദ്ധിക്കുക: അശുദ്ധാത്മാവ് ഒരു മനുഷ്യനെ വിട്ട് പുറപ്പെട്ടശേഷം നീരില്ലാത്ത സ്ഥലങ്ങളിൽക്കൂടി തണുപ്പ് അന്വേഷിച്ചു കൊണ്ട് സഞ്ചരിക്കുന്നു, കണ്ടെത്തുന്നില്ലതാനും. ഞാൻ പുറപ്പെട്ടുപോന്ന എന്റെ വീട്ടിലേക്ക് മടങ്ങിച്ചെല്ലും എന്ന് അവൻ പറയുന്നു. ഉടനെ വന്ന്, അത് ഒഴിഞ്ഞതും അടി ച്ചുവാരി അലങ്കരിച്ചതുമായി കാണുന്നു. പിന്നെ അവൻ പുറപ്പെട്ടു, തന്നിലും ദുഷ്ടതയേറിയ വേറെ ഏഴു ആത്മാ ക്കളെ കൂട്ടിക്കൊണ്ട് വരുന്നു, അവരും അവിടെക്കയറി പാർക്കുന്നു. ആ മനുഷ്യന്റെ പിന്നത്തെ സ്ഥിതി മുമ്പില ത്തേതിലും വല്ലാതെ ആകും (മത്താ. 12:43-45; ലൂക്കൊ. 11:24-26). നോക്കുക, ഒരു അശുദ്ധാത്മാവ് കയറിപ്പറ്റിയി രുന്ന മനുഷ്യനിൽ ഇപ്പോൾ ദുഷ്ടതയേറിയ എട്ട് അശു ദ്ധാത്മാക്കൾ വസിക്കുന്നു. 'ഞാൻ എന്റെ വീട്ടിലേക്ക് മട ങ്ങിച്ചെല്ലും എന്നാണ് അശുദ്ധാത്മാവ് പറഞ്ഞത്. നമ്മുടെ ഹൃദയമാകുന്ന ഭവനത്തിൽ യേശുവിനെ വാഴിച്ചാൽ, പരി ശുദ്ധാത്മാവ് വസിച്ചാൽ അശുദ്ധാത്മാവിനു കയറിപ്പറ്റു വാൻ കഴികയില്ല. ഏഴ് ഭൂതങ്ങൾ വിട്ടുപോയ മഗ്ദലക്കാരി മറിയ യേശുവിനെ സ്നേഹിച്ച് പിൻപറ്റിയതുപോലെ, കർത്താവിന്റെ പാതയിൽ കൃപയിൽ ജീവിച്ചാൽ അശു ദ്ധാത്മാവിന് വീണ്ടും പ്രവേശിക്കുവാൻ കഴികയില്ല.

യേശു കഫർന്നഹൂമിൽ ഒരു പള്ളിയിൽ ഉപദേശി ക്കുമ്പോൾ അശുദ്ധാത്മാവുള്ള ഒരു മനുഷ്യൻ നിലവിളി ച്ചിട്ട്: നസറായനായ യേശുവേ ഞങ്ങൾക്കും നിനക്കും തമ്മിൽ എന്ത്? ഞങ്ങളെ നശിപ്പിപ്പാൻ വന്നുവോ? നീ

ആർ എന്ന് ഞാൻ അറിയുന്നു, ദൈവത്തിന്റെ പരിശുദ്ധൻ തന്നേ എന്ന് പറഞ്ഞു (മർക്കൊ. 1:24). യേശു അതിനെ ശാസിച്ചിട്ട്, മിണ്ടരുത് അവനെ വിട്ടുപോ എന്ന് കല്പിച്ചപ്പോൾ അശുദ്ധാത്മാവ് അവനെ ഇഴെച്ച് ഉറക്കെ നിലവിളിച്ച് അവനെ വിട്ടുപോയി. ജനം ഇതു കണ്ടിട്ട് ആശ്ചര്യപ്പെട്ട് ഇതെന്ത് ഒരു പുതിയ ഉപദേശം; അവൻ അധികാരത്തോട് അശുദ്ധാത്മാക്കളോടും കല്പിക്കുന്നു, അവ അവനെ അനുസരിക്കയും ചെയ്യുന്നു എന്ന് പറഞ്ഞു (മർക്കൊ. 1:25-28). ഈ മനുഷ്യനെപ്പോലെ എല്ലാ ആഴ്ചയിലും പള്ളിയിൽ ആരാധനയ്ക്ക് സംബന്ധിക്കുന്ന എത്രയോ മനുഷ്യരിൽ അശുദ്ധാത്മാവ് കുടികൊണ്ടിരിപ്പുണ്ടെന്ന് കർത്താവിനു മാത്രമെ അറികയുള്ളു. ഈ മനുഷ്യൻ അശുദ്ധാത്മാവ് ബാധിച്ചവനാണെന്ന് മനസ്സിലാകത്തക്കവണ്ണം പുറമെ ഒരു ബാഹ്യപ്രകടനവും കാണിച്ചതായി പറഞ്ഞിട്ടില്ല. അവനും പള്ളിയിൽ ഉപദേശം കേട്ടുകൊണ്ടിരുന്നവരിൽ ഒരാളായിരുന്നുവല്ലോ.

യേശുവിനെക്കുറിച്ചുള്ള ശ്രുതി ദേശത്തെല്ലായിടത്തും പരന്നു. യേശു അനേകം ഭൂതഗ്രസ്തരെയും രോഗികളെയും സൗഖ്യമാക്കുകയാൽ ബാധകൾ ഉള്ളവർ ഒക്കെയും അവനെ തൊടേണ്ടതിനു തിക്കിക്കൊണ്ടിരുന്നു. അശുദ്ധാത്മാക്കളും അവനെ കാണുമ്പോൾ അവന്റെ മുമ്പിൽ വീണു: നീ ദൈവപുത്രൻ എന്ന് നിലവിളിച്ച് പറയും (മർക്കൊ. 3:10-11).

യിസ്രായേലിലെ പുരോഹിതന്മാർക്കും, മഹാപുരോഹിതന്മാർക്കും, ന്യായശാസ്ത്രിമാർക്കും യേശു ആരാണെന്നുള്ളത് മനസ്സിലാകാതിരിക്കുമ്പോൾ യേശു മഹോന്നതനായ ദൈവത്തിന്റെ പുത്രൻ ആകുന്നു എന്നുള്ള അറിവ് ഈ അശുദ്ധാത്മാക്കൾക്ക് ഒരു ബൈബിൾ സ്കൂളിൽനിന്നും പഠിച്ചിട്ട് കിട്ടിയ അറിവല്ലല്ലോ. അതേ,

അനേക പണ്ഡിതർക്കും മതഅദ്ധ്യക്ഷന്മാർക്കും യേശു ആരാകുന്നു എന്ന് അറിയാതിരിക്കുമ്പോൾ, അവന്റെ ഉപദേശം മനസ്സിലാകാതിരിക്കുമ്പോൾ, യേശുക്രിസ്തുവിനെക്കുറിച്ചുള്ള വെളിപ്പാട് ഈ ലോകത്തിലെ ജ്ഞാനികൾക്കും വിവേകികൾക്കും മറെച്ച് ശിശുക്കൾക്ക് വെളിപ്പെടുത്തി തന്ന ദൈവത്തെ സ്തുതിക്കുന്നു. അബ്രഹാമിന്റെയും മോശൈക ന്യായപ്രമാണത്തിന്റെയും പാരമ്പര്യം പറയുന്ന പുരോഹിതശ്രേഷ്ഠന്മാരും പ്രമാണികളും യേശുവിനെ അറിയേണ്ടതുപോലെ അറിഞ്ഞിരുന്നുവെങ്കിൽ, യേശു ചെയ്ത അത്ഭുതങ്ങളും അടയാളങ്ങളും വിശ്വസിച്ചിരുന്നുവെങ്കിൽ, യേശു പറഞ്ഞത് കേട്ടിരുന്നുവെങ്കിൽ അവർ തേജസ്സിന്റെ കർത്താവിനെ ക്രൂശിക്കയില്ലായിരുന്നു എന്ന് വി. പൌലോസ് പറഞ്ഞിരിക്കുന്നു (1 കൊരി. 2:8).

അശുദ്ധാത്മാവ് ബാധിച്ച ചെറിയ മകൾ ഉള്ളോരു സ്ത്രീ യേശുവിന്റെ വസ്തുത കേട്ടിട്ട് വന്നു അവന്റെ കാൽക്കൽ വീണു. അവൾ സുറൊഫൊയീക്യ ജാതിയിലുള്ള ഒരു യവന സ്ത്രീ ആയിരുന്നു. തന്റെ മകളിൽ നിന്നും ഭൂതത്തെ പുറത്താക്കുവാൻ അവൾ യേശുവിനോടു അപേക്ഷിച്ചപ്പോൾ യേശു അവളോടു: മുമ്പെ മക്കൾക്കു തൃപ്തിവരട്ടെ, മക്കളുടെ അപ്പം എടുത്ത് ചെറുനായ്ക്കൾക്ക് ഇട്ടുകൊടുക്കുന്നത് നന്നല്ല എന്ന് പറഞ്ഞപ്പോൾ അവൾ: അതേ കർത്താവേ, ചെറുനായ്ക്കളും മേശയിൽനിന്ന് വീഴുന്ന ചെറിയ അപ്പനുറുക്കുകൾ തിന്നുന്നുണ്ടല്ലോ എന്ന് പറഞ്ഞു (മത്താ. 15:21–28; മർക്കൊ. 7:25–30). ഈ സ്ത്രീയുടെ താഴ്മയും യേശുവിലുള്ള വിശ്വാസവും കണ്ടിട്ട് യേശു പറയുന്നു: സത്രീയെ നിന്റെ വിശ്വാസം വലിയത്, നിന്റെ ഇഷ്ടംപോലെ നിനക്ക് ഭവിക്കട്ടെ എന്ന് പറഞ്ഞ് അവളുടെ മകൾക്ക് സൗഖ്യം നല്കി.

അശുദ്ധാത്മാവ് മനുഷ്യരിൽ വിവിധനിലയിൽ പ്രവർത്തിക്കുന്നു എന്ന് മുകളിൽ കണ്ടുവല്ലോ. അശുദ്ധാത്മാവുള്ള മനുഷ്യന്റെ ലക്ഷണങ്ങൾ: സകല കപടവും, സകല ധൂർത്തും, സകല അനീതിയും, സകല അശുദ്ധിയും, ഉള്ളവനും കർത്താവിന്റെ നേർവഴികളെ അനുസരിക്കാതെ അതിനെ മറിച്ച് കളയുന്നവനുമാണ്. ഇങ്ങനെയുള്ളവരെ ഒറ്റവാക്കിൽ പിശാചിന്റെ മക്കൾ എന്ന് തിരുവെഴുത്തിൽ പറഞ്ഞിരിക്കുന്നു (അ.പ്ര. 13:10). യേശുവും ഇവരെപ്പറ്റി പറഞ്ഞിരിക്കുന്നത്: നിങ്ങൾ പിശാചെന്ന പിതാവിന്റെ മക്കൾ എന്നും, നിങ്ങളുടെ പിതാവിന്റെ മോഹങ്ങളെ ചെയ്‌വാനും ഇച്ഛിക്കുന്നു എന്നാണ് (യോഹ. 8:44).

അശുദ്ധാത്മാക്കളെക്കൊണ്ട് നിറഞ്ഞിരിക്കുന്ന നഗരമായ മഹതിയാം ബാബിലോണിനെപ്പറ്റി പറഞ്ഞിരിക്കുന്നത് : ദുർഭൂതങ്ങളുടെ പാർപ്പിടവും സകല അശുദ്ധാത്മാക്കളുടെയും തടവും (വാസസ്ഥലം), അശുദ്ധിയും, അറെപ്പുമുള്ള സകല പക്ഷികളുടെയും തടവും (Cage), വേശ്യാവൃത്തികൊണ്ട് നിറഞ്ഞിരിക്കുന്ന മഹാനഗരം എന്നാണ് (വെളി. 18:2-3).

അശുദ്ധാത്മാക്കളുടെ പ്രവർത്തനത്തെപ്പറ്റിയും, അശുദ്ധാത്മാക്കൾ ബാധിച്ചവരെ യേശു സൗഖ്യമാക്കിയതിനെപ്പറ്റിയും മുകളിൽ കണ്ടുവല്ലോ? അശുദ്ധാത്മാക്കളുടെ മറ്റൊരു പ്രധാന പ്രവർത്തന മണ്ഡലമാണ് സകല അശുദ്ധിയിലും മനുഷ്യരെ നയിക്കുക എന്നത്. ദൈവം വെറുക്കുന്നതും ദൈവത്തിന്റെ ന്യായവിധി അയച്ച സോദോം ഗൊമോറ നിവാസികളുടെ പാപം ഇന്നും പരസ്യമായി മിക്കവാറും എല്ലാരാജ്യങ്ങളിലും പടർന്ന് പന്തലിച്ചുകൊണ്ടാണിരിക്കുന്നത്.

വിശുദ്ധിയിൽ ഭയങ്കരനായ നമ്മുടെ ദൈവം വിശുദ്ധി ഇഷ്ടപ്പെടുന്നതിനാൽ നാം വിശുദ്ധരായി ജീവിക്കുവാൻ

ദൈവം കല്പിക്കുന്നു. “നിങ്ങളുടെ ദൈവമായ യഹോവ എന്ന ഞാൻ വിശുദ്ധനാകയാൽ നിങ്ങളും വിശുദ്ധരായിരിപ്പീൻ” എന്നാണ് ദൈവകല്പന (ലേവ്യ 11:45, 19:2; 1 പത്രൊ. 1:16). ദൈവം ആഗ്രഹിക്കുന്നത് ഹൃദയശുദ്ധിയാണ്. ഹൃദയശുദ്ധിയുള്ളവർ ആണല്ലോ ദൈവത്തെ കാണുന്നത് (മത്താ. 5:8). കർത്താവ് പറഞ്ഞുവല്ലോ, മനുഷ്യനിൽ നിന്ന്, മനുഷ്യരുടെ ഹൃദയത്തിൽ നിന്നു തന്നേ പുറപ്പെടുന്ന ദുശ്ചിന്ത, വ്യഭിചാരം, പരസംഗം, കുലപാതകം, മോഷണം, അത്യാഗ്രഹം, ദുഷ്ടത, ചതി, ദുഷ്ക്കാമം, വിടക്കുകണ്ണ്, ദൂഷണം, അഹങ്കാരം, മൂഢത എന്നിവ മനുഷ്യനെ അശുദ്ധനാക്കുന്നു (മർക്കൊ. 7:20 –23). മനുഷ്യനെ അശുദ്ധിയിലേക്ക് നയിക്കുന്ന ആകർഷണീയമായതും, ജഡത്തിനു സുഖം നല്കുന്നതും ജഡത്തെ പോഷിപ്പിക്കുന്നതുമായ അനേക കാര്യങ്ങൾ ഇന്നത്തെ ആധുനീക ലോകത്തിൽ ലഭ്യമാണല്ലോ.

അശുദ്ധാത്മാക്കളിൽ നിന്നും അശുദ്ധമായതല്ലാതെ വിശുദ്ധമായതൊന്നും പ്രതീക്ഷിപ്പാനില്ലല്ലോ. മനുഷ്യരെക്കൊണ്ട് സകല അശുദ്ധിയും പ്രവർത്തിപ്പാൻ സാത്താൻ തന്റെ കീഴിലുള്ള ഈ അശുദ്ധാത്മാക്കളെ നിയോഗിക്കുന്നു.

### b) **ദുരാത്മാക്കൾ** (Evil Spirits)

സാത്താന്റെ ഏജന്റുകളായി പ്രവർത്തിക്കുന്ന ഒരു കൂട്ടം ആത്മാക്കളാണ് ദുരാത്മാക്കൾ. ദുരാത്മാവ് എന്നതിന് ഇംഗ്ലീഷിൽ ഈവിൾ സ്പിരിറ്റ് എന്നാണ്. ഈവിൾ എന്നതിന് തിന്മയായത്, ദോഷമുള്ളത്, ദുഷ്ടത, ചീത്ത എന്നൊക്കെയാണ് അർത്ഥമുള്ളത്. ഈവിൾ എന്ന വാക്കിന്റെ കൂടെ സ്പിരിറ്റ് എന്നുകൂടി ചേർക്കുമ്പോൾ ലഭ്യമാകുന്ന Evil Spirit എന്ന ദുരാത്മാവിൽനിന്നും പുറപ്പെടുന്ന സ്വഭാവഗുണങ്ങളെപ്പറ്റി മർക്കൊ. 7:22ൽ പറഞ്ഞി

രിക്കുന്നു. സകല തിന്മയായതും, ദോഷമായതും, ദുഷ്ട തയും, ചീത്തയായതുമായ കാര്യങ്ങൾ മനുഷ്യനിൽ ചെലുത്തി മനുഷ്യനെയും മനുഷ്യസമൂഹത്തെയും ദൈവ ത്തിൽ നിന്നും അകറ്റുക എന്നതാണ് ദുരാത്മാക്കളെ ക്കൊണ്ട് സാത്താൻ ചെയ്യിപ്പിക്കുന്നത്. അതിനായി സാത്താൻ ദുരാത്മക്കളെ എല്ലാപട്ടണത്തിലും ആക്കിയി ട്ടുണ്ട്. ദൈവപ്രവർത്തി കൂടുതലായി നടക്കുന്ന പട്ടണ ങ്ങളിൽ സാത്താൻ ദൈവമക്കൾക്കും ദൈവദാസ ന്മാർക്കും വിരോധമായി ദുരാത്മാക്കളെ വിട്ട് കലാപങ്ങൾ സൃഷ്ടിച്ച് സുവിശേഷപ്രവർത്തനങ്ങളെ തടയുവാനും ഇല്ലായ്മ ചെയ്യുവാനും ശക്തിയായി പ്രവർത്തിക്കുന്നു. സുവിശേഷഘോഷണത്തിൽ ശക്തിയായി പ്രവർത്തി ക്കുന്ന കർത്തൃദാസന്മാരെ ഉപദ്രവിക്കുവാനും കൊല്ലു വാനും സാത്താനും ഈ ദുരാത്മാക്കളും രാപ്പകൽ പദ്ധ തികൾ ഒരുക്കിക്കൊണ്ടാണിരിക്കുന്നത്. വിശുദ്ധ പൗലൊ സിന്റെ ശുശ്രൂഷയിൽ താൻ സഹിച്ച ഉപദ്രവങ്ങളിൽ ഈ കാര്യം വ്യക്തമാകുന്നുവല്ലോ (2 കൊരി. 11:23–28). ദൈവം പൗലൊസ് മുഖാന്തിരം അസാധാരണമായ വീര്യപ്ര വർത്തികളെ ചെയ്യിക്കയാൽ അവന്റെമേൽനിന്നും റൂമാലും ഉത്തരീയവും രോഗികളുടെമേൽ കൊണ്ടുവന്നി ടുകയും വ്യാധികൾ അവരെ വിട്ടുമാറുകയും ദുരാത്മാ ക്കൾ പുറപ്പെടുകയും ചെയ്തു എന്ന് കാണുന്നുവല്ലോ (അ.പ്ര. 19:11–12).

ഒരിക്കൽ ദേശം ചുറ്റിസഞ്ചരിച്ച് മന്ത്രവാദവും ആഭി ചാരവും ചെയ്ത് കാശുണ്ടാക്കി വന്ന ചില യെഹൂദന്മാർ, പൗലൊസ് യേശുവിന്റെ നാമത്തിൽ ദുരാത്മാക്കളെ പുറ ത്താക്കുന്നതു കണ്ടിട്ട്, ഈ മന്ത്രവാദികളും യേശുവിന്റെ നാമത്തിൽ ദുരാത്മാവിനെ പുറത്താക്കിയാൽ നല്ല വരു മാനം ഉണ്ടാക്കാമെന്ന് കരുതി അവർ യേശുവിന്റെ നാമ

ത്തിൽ ദുരാത്മാവിനെ പുറത്താക്കുവാൻ ശ്രമം നടത്തി. പൗലൊസ് പ്രസംഗിക്കുന്ന യേശുവിന്റെ നാമത്തിൽ നിന്നോട് ആണയിടുന്നു എന്നുപറഞ്ഞ് യേശുവിന്റെ നാമം അവർ വൃഥാ എടുത്തു. അപ്പോൾ ദുരാത്മാവ് അവരോട് പറഞ്ഞത്: യേശുവിനെ ഞാൻ അറിയുന്നു, പൗലൊസിനെയും അറിയാം, എന്നാൽ നിങ്ങൾ ആർ എന്ന് ചോദിച്ചു. ദുരാത്മാവ് ചോദിച്ചതിന്റെ അർത്ഥം: യേശു മഹോന്നതനായ ദൈവപുത്രനെന്നും, കാൽവറിയിൽ ക്രൂശിൽ മരിച്ച് അടക്കപ്പെട്ട് മൂന്നാംനാൾ ഉയിർത്തെഴുന്നേറ്റ് സ്വർഗ്ഗത്തിൽ കരേറിപ്പോയി എന്നേക്കും ജീവിച്ചിരിക്കുന്നവനെന്നും, പൗലൊസ് യേശുവിന്റെ ദാസനെന്നും ദുരാത്മാവിന് നല്ലവണ്ണം അറിയാം. എന്നാൽ മന്ത്രവാദികളായ നിങ്ങൾക്ക് യേശുവുമായി യാതൊരു ബന്ധവും ഇല്ല, നിങ്ങൾ പൗലൊസിനെപ്പോലെ യേശുവിന്റെ ദാസന്മാരുമല്ല; നിങ്ങൾക്ക് ദുരാത്മാവായ എന്നെ പുറത്താക്കുവാനുള്ള അധികാരം യേശു തന്നിട്ടില്ല എന്നും എനിക്കറിയാം. ഈ മന്ത്രവാദികൾക്ക് ദുരാത്മാവിന്റെമേൽ യാതൊരു അധികാരവും ഇല്ലെന്ന് അറിഞ്ഞുകൊണ്ടും, അവരെക്കാൾ ശക്തിയും അധികാരവും ദുരാത്മാവിനുണ്ടെന്ന് കാണിപ്പാനായി, ദുരാത്മാവുള്ള മനുഷ്യൻ പുരോഹിതനായ സ്ക്കേവയുടെ മക്കളെ തല്ലിച്ചതച്ച് മുറിവേല്പിച്ച് വസ്ത്രമെല്ലാം ഉരിഞ്ഞ് വലിച്ചുകീറി. ഒടുവിൽ അവർ നഗ്നരായി ജീവനുംകൊണ്ട് ഓടിപ്പോയതായി കാണുന്നു (അ.പ്ര. 19:13-16).

ദുരാത്മാക്കൾ സാത്താന്റെ ദൂതരായി പ്രവർത്തിക്കുമ്പോൾത്തന്നെ അവർ ദൈവം കല്പിക്കുന്നതും അനുസരിക്കുന്നു എന്ന് തിരുവചനത്തിൽ കാണുന്നു. ശൗൽ രാജാവ് ദൈവം കല്പിച്ചത് പൂർണ്ണമായി അനുസരിക്കാഞ്ഞതിനാൽ (1 ശമു. 15:3,9) യിസ്രായേലിന്റെ രാജസ്ഥാ

നത്തുനിന്നും തന്നെ ദൈവം തള്ളിക്കളഞ്ഞിരിക്കുന്നു എന്ന വാർത്ത ശമുവേൽ അറിയിച്ചപ്പോൾ ശൗൽ നിരാശനായി, ദുഃഖിതനായി, മാനസ്സീകമായി തളർന്നവനായിത്തീർന്നു. അഭിഷിക്തനായ ശൗലിൽ നിന്നും യഹോവയുടെ ആത്മാവ് വിട്ടുമാറിയപ്പോൾ യഹോവ അയച്ച ഒരു ദുരാത്മാവ് അവനെ ബാധിച്ചതായി പറഞ്ഞിരിക്കുന്നു (1 ശമു. 16:14). ദുരാത്മാവിനാൽ ബാധിക്കപ്പെട്ട ശൌൽ സ്വസ്ഥത ഇല്ലാത്തവനായി വലിയ മാനസ്സീക പിരിമുറുക്കം (Tension) ഉള്ളവനായിത്തീർന്നു. തന്നിൽ വന്നിരിക്കുന്ന മാറ്റങ്ങൾ തന്റെ ഭൃത്യന്മാർ അറിഞ്ഞു. ദുരാത്മാവ് തന്റെമേൽ വരുമ്പോൾ താൻ അസ്വസ്ഥനായി കാണിക്കുന്ന ബാഹ്യപ്രകടനങ്ങൾക്ക് പുറമെ, അവൻ അരമനയ്ക്കകത്ത് ഉറഞ്ഞ് പറഞ്ഞുകൊണ്ടിരുന്നു എന്ന് പറഞ്ഞിരിക്കുന്നത് (1 ശമു. 18:10) ഇംഗ്ലീഷിൽ അവൻ പ്രവചിച്ചുകൊണ്ടിരുന്നു എന്നാണ്. (He was prophesying in his house (NIV) ദുരാത്മാവിൽ നിന്നുള്ള വിടുതലിനായി അവർ കണ്ട പ്രതിവിധി ശൗലിനെ കിന്നരം വായിച്ചു കേൾപ്പിക്കുക എന്നതായിരുന്നു. നമ്മുടെ ഇടയിൽ ചില മാനസ്സീക രോഗികളെ മ്യൂസിക്ക് തെറാപ്പി (Music Therapy) കൊണ്ട് ചികിത്സിക്കുന്ന സമ്പ്രദായം ഉണ്ടല്ലോ. ചില മനുഷ്യർ തങ്ങളുടെ ടെൻഷൻ കുറയ്ക്കുന്നതിനായി ഉച്ചത്തിൽ മ്യൂസിക്ക് വെച്ച് കേൾക്കുന്നത് കണ്ടിട്ടുണ്ട്. അങ്ങനെ കിന്നരവായനയിൽ നിപുണനായ ദാവീദിനെ കണ്ടുപിടിച്ച് കൊട്ടാരത്തിൽ കൊണ്ടുവരികയും ദുരാത്മാവ് ശൗലിന്റെമേൽ വരുമ്പോൾ ദാവീദ് കിന്നരം എടുത്ത് വായിക്കും, ശൗലിന് ആശ്വാസവും സുഖവും ഉണ്ടാകും, ദുരാത്മാവ് ശൗലിനെ വിട്ടുമാറുകയും ചെയ്യും (1 ശമു. 16:23).

ശൗൽ രാജാവായപ്പോൾ മുപ്പതു വയസ്സുള്ളവനായിരുന്നു എന്നും അവൻ യിസ്രായേലിൽ രണ്ട് സംവത്സരം

വാണു എന്നും മലയാളം ബൈബിളിൽ പറഞ്ഞിരിക്കുന്നു (1 ശമു. 13:1). എന്നാൽ അ.പ്ര. 13:21–ൽ ശൗൽ യിസ്രായേലിൽ രാജാവായി നാല്പതു സംവത്സരം വാണു എന്ന് കാണുന്നു. ശൗൽ യിസ്രായേലിൽ രണ്ടു സംവത്സരം വാണു എന്നത് ഭാഷാന്തരത്തിൽ വന്ന തെറ്റാണ്. അത് ഇപ്രകാരമാണ് മനസ്സിലാക്കേണ്ടത്: ശൗൽ രാജാവായി രണ്ടുവർഷം കഴിഞ്ഞപ്പോൾ യഹോവ ശൗലിനെ രാജസ്ഥാനത്തുനിന്നും തള്ളിക്കളഞ്ഞിട്ട് പകരം ദാവീദിനെ രാജാവായി തിരഞ്ഞെടുത്ത് അഭിഷേകം ചെയ്തു. ആകയാൽ ശൗൽ ദൈവമുമ്പാകെ രണ്ടുവർഷമാണ് രാജാവായി വാണത്. രാജസ്ഥാനത്തുനിന്നും ശൌലിനെ ദൈവം തള്ളിക്കളഞ്ഞെങ്കിലും താൻ രാജസ്ഥാനം വിടാതെ മുപ്പത്തിയെട്ടു വർഷം പിന്നെയും രാജാവായി തുടർന്നുകൊണ്ടിരുന്നു. ഈ സമയമെല്ലാം ദുരാത്മാവിനാൽ നയിക്കപ്പെട്ട ശൗൽ അഭിഷിക്തനായ ദാവീദിനെ നശിപ്പിക്കുവാൻ തുനിഞ്ഞുകൊണ്ടിരുന്നു. അഭിഷേകം നഷ്ടപ്പെട്ട ശൗൽ ദുരാത്മാവിനാൽ നയിക്കപ്പെട്ടവനായി കൊട്ടാരത്തിൽ കഴിയുമ്പോൾ, അഭിഷിക്തനായ ദാവീദ് മരുഭൂമിയിലും ഗുഹകളിലും പാർക്കുന്നു. ഇന്ന് ആത്മീക ഗോളത്തിലും ശൗലിനെപ്പോലെ അഭിഷേകം നഷ്ടപ്പെട്ട പല രാജകീയ പുരോഹിതന്മാർ രാജസ്ഥാനവും പദവിയും വിടാതെ കൊട്ടാരത്തിൽ സുഖിച്ച് കഴിയുമ്പോൾ, അഭിഷിക്തന്മാർ മരുഭൂമിയിൽ വിശന്നും ദാഹിച്ചും സ്ഥിരവാസമില്ലാതെയും ജീവിക്കുന്നു. അഭിഷിക്തനായ വിശുദ്ധ പൗലൊസ് പറയുന്നത് ശ്രദ്ധിക്കുക: "ഈ നാഴികവരെ ഞങ്ങൾ വിശന്നും ദാഹിച്ചും ഉടുപ്പാൻ ഇല്ലാതെയും കുത്തുകൊണ്ടും സ്ഥിരവാസം കൂടാതെയും ഇരിക്കുന്നു. സ്വന്തകയ്യാൽ വേലചെയ്ത് അദ്ധ്വാനിക്കുന്നു; ശകാരം കേട്ടിട്ട് ആശീർവദിക്കുന്നു, ഉപദ്രവം ഏറ്റിട്ട് സഹി

ക്കുന്നു, ദൂഷണം കേട്ടിട്ട് നല്ലവാക്ക് പറയുന്നു. ഞങ്ങൾ ലോകത്തിന്റെ ചവറുപോലെയും ഇന്നുവരെ സകലത്തിന്റെയും അഴുക്കായും തീർന്നിരിക്കുന്നു (1 കൊരി. 4:11 –13).

യെഹൂദാ രാജാവായ യെഹോശാഫാത്തും യിസ്രായേൽ രാജാവായ യെഹോരാമും, ഏദോം രാജാവും കൂടി മോവാബ് രാജാവിനോട് യുദ്ധം ചെയ്യുവാൻ പുറപ്പെട്ട് അവർ ഏഴു ദിവസത്തെ വഴി ചുറ്റിനടന്നശേഷം സൈന്യത്തിനും മൃഗങ്ങൾക്കും വെള്ളം കിട്ടാതെ വന്നപ്പോൾ യഹോവയോടു അരുളപ്പാട് ചോദിപ്പാൻ എലിശാ പ്രവാചകന്റെ അടുക്കൽ ചെന്നു. എലിശാപ്രവാചകൻ യെഹൂദാരാജാവിനെ ആദരിച്ച് പറഞ്ഞത്, ഒരു വീണക്കാരനെ (Harpist) കൊണ്ടുവരുവാൻ കല്പിച്ചു. വീണക്കാരൻ വീണവായിച്ചപ്പോൾ യഹോവയുടെ കൈ പ്രവാചകന്റെ മേൽ വരികയും യഹോവയുടെ അരുളപ്പാട് രാജാവിനെ അറിയിക്കുകയും ചെയ്തതായി കാണുന്നുവല്ലോ (2 രാജാ. 3:14–15).

എന്തിനാണ് ദൈവത്തിന്റെ വലിയ പ്രവാചകനായ എലിശാ ഒരു വീണക്കാരനെ വരുത്തിയതെന്നു ചിന്തിച്ചേക്കാം. യിസ്രായേൽ രാജാവ് ദൈവവഴിയിൽ നടക്കാതെ വിഗ്രഹാരാധനയിൽ നടന്ന് ദൈവത്തിന് അനിഷ്ടമായത് പ്രവർത്തിച്ച കാരണത്താൽ (2 രാജാ. 3:13) എലിശയുടെ ഹൃദയം ചൂടുപിടിച്ച് കോപിഷ്ടനായതിനാൽ തന്റെ ഹൃദയം തണുപ്പിച്ച് ഒരു ആത്മീക അന്തരീക്ഷം സൃഷ്ടിക്കുവാനായിട്ടാണ് വീണക്കാരനെ വരുത്തിയതെന്ന് ന്യായമായി വിശ്വസിക്കാം.

ദൈവത്തിന്റെ അരുളപ്പാടും ശബ്ദവും കേൾക്കണമെങ്കിൽ ദൈവസന്നിധിയിൽ നമ്മുടെ ദേഹവും ദേഹിയും ആത്മാവും ഒരുപോലെ ശുഭവും സുഖവും ആയിരിക്കേ

ണ്ടിയിരിക്കുന്നു. നമ്മുടെ ഹൃദയം ദൈവാത്മാവിനാൽ നിയന്ത്രിക്കപ്പെടേണം. ഹൃദയത്തിൽ കൈപ്പും കോപവും ക്രോധവും ആരോടെങ്കിലും വെച്ചുപുലർത്തിയിട്ട് ദൈവത്തിന്റെ അരുളപ്പാട് (ശബ്ദം) കേൾക്കുക അസാദ്ധ്യമാണെന്ന് ഈ വേദഭാഗം നമ്മെ പഠിപ്പിക്കുന്നു.

ദൈവം അയച്ച ഒരു ദുരാത്മാവാണ് ശൌലിനെ ബാധിച്ചതെന്ന് പറഞ്ഞിരിക്കുന്നതിനാൽ ദൈവത്തിനു ദുരാത്മാവിന്റെമേൽ അധികാരമുണ്ടെന്ന് വ്യക്തമാകുന്നുവല്ലോ. ചില സന്ദർഭങ്ങളിൽ ദൈവം കല്പിച്ചിട്ട് ദുരാത്മാവ് ചിലരുടെമേൽ വരുമെന്ന് ശൌലിന്റെ അനുഭവം പാഠമായിരിക്കട്ടെ. ദൈവം നല്കിയ കൃപകളും കൃപാവരങ്ങളും പ്രാപിച്ചവർ അഹങ്കരിക്കുമ്പോൾ, നിഗളിക്കുമ്പോൾ, സ്വയത്തിൽ ആശ്രയിക്കുമ്പോൾ, ഞാൻ, എന്നിൽക്കൂടെ എന്ന ഭാവം ഉടലെടുക്കുമ്പോൾ, സ്വന്ത കഴിവിൽ ആശ്രയിക്കുമ്പോൾ, ദൈവത്തോട് അനുസരണക്കേട് കാണിക്കുമ്പോൾ, അവിശ്വസ്ഥരായി തീരുമ്പോൾ, ദൈവത്തോട് പാപം ചെയ്യുമ്പോൾ ദൈവത്തിന്റെ പരിശുദ്ധാത്മാവ് വിട്ടുമാറി ദുരാത്മാവിനാൽ നടത്തപ്പെടുന്നവരായിരിക്കും. ദുരാത്മാവ് ബാധിച്ച ശൗൽ രാജാവായി കുറെ നാളുകൾ തുടർന്നതുപോലെ ചിലരുടെ സ്ഥാനവും പദവിയും ശുശ്രൂഷയും തുടർന്നുകൊണ്ടിരിക്കും.

നല്ലമനസ്സാക്ഷി തള്ളിക്കളഞ്ഞ് വിശ്വാസത്തിൽ നിന്നും പിന്മാറിയവരായ ഹുമനയോസും അലെക്സന്തരും ദൈവദൂഷണം പറയാതിരിപ്പാൻ പഠിക്കേണ്ടതിന് അവരെ സാത്താനെ ഏല്പിച്ചിരിക്കുന്നു എന്ന് വിശുദ്ധ പൗലൊസ് പറഞ്ഞിരിക്കുന്നതിനാൽ (1 തിമൊ. 1:19-20) ഇവരെ ദുരാത്മാവാണ് നയിക്കുന്നതെന്ന് വ്യക്തമാകുന്നുവല്ലോ. സാത്താനു നാം ഇടം കൊടുക്കുന്നതിനാൽ ദുരാത്മാവ് നമ്മുടെമേൽ വരുവാൻ ഇടയുണ്ട്.

## c) വ്യാജാത്മാക്കൾ (Deceiving Spirits)

"യേശു പറഞ്ഞു: അവനിൽ (സാത്താനിൽ) സത്യം ഇല്ലായ്കകൊണ്ട് സത്യത്തിൽ നില്ക്കുന്നില്ല; അവൻ ഭോഷ്ക്ക് പറയുമ്പോൾ സ്വന്തത്തിൽ നിന്ന് എടുത്ത് പറയുന്നു. ദൈവം സത്യവാനാകയാൽ സത്യം മാത്രം പറയുകയുള്ളു എന്നും, ദൈവശ്വാസീയമായ തിരുവെഴുത്തുകൾ സത്യമാണെന്നുള്ളതും സാത്താനു നല്ലവണ്ണം അറിയാം. എന്നാൽ ദൈവം പറയുന്നതിനും കല്പിക്കുന്നതിനും വിരുദ്ധമായി കള്ളം പറഞ്ഞ് ജനത്തെ വഞ്ചിക്കുകയാണ് സാത്താനും തന്റെ കീഴിലുള്ള വ്യാജാത്മാക്കളും ചെയ്യുന്നത്. സാത്താൻ ഭോഷ്ക്ക് പറയുന്നവനും ഭോഷ്ക്കിന്റെ അപ്പനുമാണെന്ന് കർത്താവ് പറഞ്ഞിരിക്കുന്നതിനാൽ (യോഹ. 8:44) അപ്പനിൽനിന്നും മക്കളിൽ നിന്നും ഭോഷ്ക്കു മാത്രമെ വരികയുള്ളല്ലോ. തിരുവചനസത്യങ്ങൾ കോട്ടിമാറ്റി സത്യം അനുസരിക്കാതിരിപ്പാൻ മതശ്രേഷ്ഠരും, ഗുരുക്കന്മാരുമായവർ പറയുന്നതാണ് ശരിയെന്ന് ജനങ്ങളെ ധരിപ്പിക്കത്തക്കവണ്ണം സാത്താൻ ഭോഷ്ക്കിന്റെ ആത്മാവിനാൽ ഇവരിൽ പ്രവർത്തിക്കുന്നു.

ഈ ആത്മാക്കൾ സാധാരണ ജനങ്ങളിലും ഭരണാധികാരികളിലും ദൈവജനത്തിന്റെ ഇടയിലും വളരെ ശക്തമായി പ്രവർത്തിക്കുന്നു. മനുഷ്യരുടെ ചിന്താമണ്ഡലങ്ങളിലും ബുദ്ധിയിലും ഈ ആത്മാക്കൾ പ്രവർത്തിച്ച് അതും ശരി, ഇതും ശരി, എല്ലാം ശരി എന്ന ചിന്താഗതിയിലേക്ക് മനുഷ്യരെ നയിക്കുന്നു. ഇങ്ങനെ മനുഷ്യരെ സംശയാലുക്കളാക്കി തീർത്തിട്ട് അവരെ ചതിക്കുക, കബളിപ്പിക്കുക, വ്യാജത്തിൽ വിശ്വസിപ്പിക്കുമാറാക്കുക എന്നിത്യാദി കാര്യങ്ങളാണ് ചെയ്യുന്നത്.

അന്ത്യകാലത്ത് സംഭവിപ്പാനിരിക്കുന്ന അനേക കാര്യങ്ങൾ നമ്മുടെ വാഴ്ത്തപ്പെട്ട കർത്താവും വിശുദ്ധ

അപ്പോസ്തലന്മാരും സുവിശേഷങ്ങളിലും ലേഖനങ്ങളിലും പറഞ്ഞിരിക്കുന്നു. അന്ത്യകാലത്ത് ചിലർ വ്യാജാത്മാക്കളെയും ഭൂതങ്ങളുടെ ഉപദേശങ്ങളെയും പിൻപറ്റുമെന്നും തന്മൂലം അനേകരിൽ വിശ്വാസത്യാഗം സംഭവിക്കുമെന്നും ദൈവാത്മാവിനാൽ വിശുദ്ധ പൌലൊസ് തെളിവായി പറഞ്ഞിരിക്കുന്നത് ശ്രദ്ധിക്കുക:

"എന്നാൽ ഭാവികാലത്ത് ചിലർ വ്യാജാത്മാക്കളെയും ഭൂതങ്ങളുടെ ഉപദേശങ്ങളെയും ആശ്രയിച്ച് ഭോഷ്ക്ക് പറയുന്നവരുടെ കപടത്താൽ വിശ്വാസം ത്യജിക്കും എന്ന് ആത്മാവ് തെളിവായി പറയുന്നു" (1 തിമൊ. 4:1).

വിശുദ്ധന്മാർക്ക് ഒരിക്കലായിട്ട് ഭരമേല്പിച്ചിരിക്കുന്ന വിശ്വാസം കാത്തുസൂക്ഷിക്കണമെന്നും, ആ വിലയേറിയ വിശ്വാസത്തിനുവേണ്ടി പോരാടേണമെന്നുമാണ് ദൈവവചനം അനുശാസിക്കുന്നത്. വിശുദ്ധപൗലൊസ് അത് തന്റെ അനുഭവത്തിൽക്കൂടി തെളിയിച്ചുകൊണ്ട് പറഞ്ഞിരിക്കുന്നത് "സുവിശേഷത്തിന്റെ സത്യം നിങ്ങളോടുകൂടെ നിലനില്ക്കേണ്ടതിനു ഞങ്ങൾ അവർക്ക് ഒരു നാഴിക പോലും വഴങ്ങിക്കൊടുത്തില്ല എന്നും (ഗലാ. 2:5) എതിരാളികളാൽ ഒന്നിലും കുലുങ്ങിപ്പോകാതെ വിശ്വാസത്തിന്നായി പോരാട്ടം കഴിക്കുന്നു (ഫിലി. 1:27) എന്നുമാണ്. ഈ അന്ത്യകാലത്ത് സാത്താനും തന്റെ കീഴിലുള്ള വ്യാജ്യാത്മാക്കളും വൃതന്മാരെയും സാധാരണ ജനത്തെയും ഒരുപോലെ ദുരുപദേശങ്ങളാൽ തെറ്റിച്ചുകൊണ്ടിരിക്കുന്ന കാഴ്ചയാണ് കണ്ടുകൊണ്ടിരിക്കുന്നത്.

വിശ്വാസത്തിൽ വളരെ ശക്തന്മാരായി നിന്നവരും ആത്മാവിൽ ജ്വലിച്ചു പ്രകാശിച്ചവരുമായ അനേകഭക്തന്മാരെ സാത്താൻ വ്യാജാത്മാവിനാൽ വശീകരിച്ച് ദുരുപദേശങ്ങൾക്ക് അടിമകളാക്കി തീർത്തുകൊണ്ടിരിക്കുന്നു. ഊതിവീഴ്ത്തൽ ശുശ്രൂഷ, വിശുദ്ധചിരി (അട്ടഹാസം),

കൂവുക, മറ്റുള്ള ദൈവമക്കളുമായുള്ള കൂട്ടായ്മയും സംസർഗ്ഗവും വെടിഞ്ഞ് വീട്ടിൽ മാത്രം കൂടി മൗനധ്യാനം എന്നിവ ചില ഉദാഹരണങ്ങളാണ്. സാത്താനും തന്റെ കീഴിലുള്ള വ്യാജാത്മാക്കളും ഒരുമിച്ച് പ്രവർത്തിച്ച് എത്രയോ 'കൾട്ടുകൾ' ഈ തലമുറയിൽ ഉടലെടുത്തിട്ടുണ്ട്. ജനത്തിന്റെ ഇടയിൽനിന്നും ഈ വക കള്ളപ്രവാചകന്മാരും ദുരുപദേഷ്ടാക്കന്മാരും അന്ത്യകാലത്ത് എഴുന്നേല്ക്കുമെന്ന് വിശുദ്ധപത്രൊസും തന്റെ ലേഖനത്തിൽ പറഞ്ഞിരിക്കുന്നു. "എന്നാൽ കള്ളപ്രവാചകന്മാരും ജനത്തിന്റെ ഇടയിൽ ഉണ്ടായിരുന്നു. അങ്ങനെ നിങ്ങളുടെ ഇടയിലും ദുരുപദേഷ്ടാക്കന്മാർ ഉണ്ടാകും; അവർ നാശകരമായ മതഭേദങ്ങളെ നുഴയിച്ച് തങ്ങളെ വിലയ്ക്ക് വാങ്ങിയ നാഥനെ തള്ളിപ്പറഞ്ഞ് തങ്ങൾക്കുതന്നേ ശീഘ്രനാശം വരുത്തും. അവരുടെ ദുഷ്ക്കാമപ്രവൃത്തികളെ പലരും അനുകരിക്കും" (2 പത്രൊ. 2:1-2).

സാത്താനും വ്യാജാത്മാക്കളും ദൈവജനത്തിനിടയിൽ മാത്രമല്ല സാധാരണ ജനങ്ങളിലും പ്രവർത്തിച്ച് ജനത്തെ ദൈവത്തിൽനിന്നും അകറ്റി അന്യാരാധനയിലേക്ക് നയിച്ചുകൊണ്ടിരിക്കുന്നു. മരിച്ച ചില വ്യക്തികളെ നാളുകൾക്കുശേഷം വിശുദ്ധന്മാരായി, വിശുദ്ധമതികളായി പ്രഖ്യാപിക്കുക, അവരോടു പ്രാർത്ഥിക്കുക, ദൂതന്മാരെയും വിശുദ്ധന്മാരെയും ആരാധിക്കുക ഇവയെല്ലാം ഭൂതോപദേശമാണെന്നു മനസ്സിലാക്കുവാൻ ജനങ്ങളുടെ കണ്ണുകൾ തുറക്കട്ടെയെന്ന് പ്രാർത്ഥിക്കയല്ലാതെ എന്തു ചെയ്യും?

സാത്താൻ തന്റെ വ്യാജാത്മാവിനാൽ വ്യക്തികളിൽ മാത്രമല്ല; കുടുംബങ്ങളിലും പ്രവർത്തിച്ച് അനേക കുടുംബങ്ങളെ നശിപ്പിക്കുന്നതായി കാണാം. തിരുവചനത്തിൽ നമുക്കേവർക്കും സുപരിചിതമായിട്ടുള്ള ആദ്യസഭാവിശ്വാസികളായ അനന്യാസിന്റെയും തന്റെ ഭാര്യയായ സഫീ

രയുടെയും ഹൃദയം സാത്താൻ വശീകരിച്ച് അവരെ ക്കൊണ്ട് ദൈവത്തോട് വ്യാജം കാണിച്ചത് മാത്രമല്ല കള്ളം പറയുവാനും തക്കവണ്ണം അവരിൽ പ്രവർത്തിച്ച തിനാൽ അവർ ഇരുവരും മരണത്തിന് ഇരയായി ത്തീർന്നു. നോക്കുക, സാത്താൻ തന്റെ വ്യാജാത്മാവി നാലും, വ്യാജാത്മാക്കളെക്കൊണ്ടും ജനത്തെ വശീകരി ക്കുന്നതും ഒടുവിൽ നാശത്തിലേക്കു നയിക്കുന്നതും.

സാത്താനും തന്റെ കീഴിലുള്ള വ്യാജാത്മാക്കളും പ്രവർത്തിക്കുന്ന മറ്റൊരു മേഖലയാണ് കള്ളപ്രവാചക ന്മാരെ ജനത്തിന്റെ ഇടയിൽ നിന്നും എഴുന്നേല്പ്പിക്കുക എന്നുള്ളത്. ദൈവത്തിന്റെ ആലോചനയും അരുളപ്പാടും ജനത്തോട് അറിയിക്കുവാനായി ദൈവം തന്റെ വിശുദ്ധ പ്രവാചകന്മാരെ അഭിഷേകം ചെയ്ത് കാലാകാലങ്ങളിൽ ലോകത്തിൽ ആക്കി വെച്ചിരിക്കുന്നു. അപ്പോൾതന്നെ സാത്താനും തന്റെ വ്യാപാരശക്തിയാൽ ഭോഷ്ക്കിന്റെ ആത്മാവിനാൽ കള്ളപ്രവാചകന്മാരെ ജനത്തിന്റെ ഇട യിൽനിന്നും എഴുന്നേല്പ്പിച്ച് ദൈവം അരുളിച്ചെയ്യാത്തത് ഈ കള്ളപ്രവാചകന്മാരിൽ കൂടി പറയിപ്പിച്ച് ജനത്തെ തെറ്റിച്ചുകൊണ്ടിരിക്കുന്നു. സ്വർഗ്ഗരാജ്യത്തെക്കുറിച്ച് കർത്താവ് പറഞ്ഞ ഒരു ഉപമയിൽ: ഒരു മനുഷ്യൻ തന്റെ നിലത്ത് നല്ല വിത്ത് വിതച്ചശേഷം രാത്രിയിൽ മനുഷ്യർ ഉറങ്ങുമ്പോൾ ശത്രുവന്ന് കള വിതച്ചു പൊയ്ക്കളഞ്ഞു എന്ന് പറഞ്ഞിരിക്കുന്നതുപോലെ (മത്താ. 13:25) ഈ കള്ളപ്രവാചകന്മാരിൽക്കൂടെ സാത്താൻ സംശയത്തി ന്റെയും വ്യാജത്തിന്റെയും വിത്തുകൾ മനുഷ്യഹൃദയങ്ങ ളിൽ വിതച്ച് അങ്ങനെ മനുഷ്യർ സത്യത്തെ ത്യജിച്ച് വ്യാജത്തെ വിശ്വസിക്കുന്നവരാക്കി തീർക്കുന്നു. യിസ്രാ യേലിൽ സാത്താൻ ഈ തന്ത്രം പ്രയോഗിച്ച് അനേകം കള്ളപ്രവാചകന്മാരെ എഴുന്നേല്പിച്ചിട്ടുള്ളത് തിരുവച

നത്തിൽ കാണുവാൻ കഴിയുന്നുണ്ട്. അവ ഓരോന്നും വിശദീകരിക്കുവാൻ തുനിയുന്നില്ല. എന്നാൽ ചില വേദ ഭാഗങ്ങൾ ശ്രദ്ധയിൽപ്പെടുത്തട്ടെ.

"യഹോവയുടെ അരുളപ്പാടു അറിയിച്ചിട്ട് മടങ്ങിപ്പോയ പ്രവാചകനോട് കള്ളം പറഞ്ഞ് തന്റെ വീട്ടിൽ കൂട്ടിക്കൊണ്ടുവന്ന കള്ളപ്രവാചകൻ അപ്പവും വെള്ളവും കൊടുത്ത് പറഞ്ഞയച്ചു. യഹോവയുടെ കല്പന ലംഘിച്ച് കള്ളപ്രവാചകന്റെ വാക്ക് അനുസരിച്ച യഹോവയുടെ പ്രവാചകനെ വഴിയിൽവെച്ച് ഒരു സിംഹം കൊന്നത് 1 രാജാക്കന്മാർ 13-ൽ വിവരിച്ചിരിക്കുന്നു.

ആഹാബിന്റെ നാനൂറു (400) പ്രവാചകന്മാരെ വശീകരിച്ച് ഭോഷ്ക്കിന്റെ ആത്മാവിനാൽ അവരെക്കൊണ്ട് പ്രവചിപ്പിച്ച സംഭവം 1 രാജാക്കന്മാർ 22-ൽ കാണുന്നു. "ഞാൻ അവനെ വശീകരിക്കും എന്ന് പറഞ്ഞപ്പോൾ ഏതിനാൽ എന്ന് യഹോവ ചോദിച്ചതിന് അവൻ: ഞാൻ പുറപ്പെട്ട് അവന്റെ സകല പ്രവാചകന്മാരുടെയും വായിൽ ഭോഷ്ക്കിന്റെ ആത്മാവായിരിക്കും എന്ന് പറഞ്ഞു. നീ അവനെ വശീകരിക്കും, നിനക്ക് സാധിക്കും (1 രാജാ. 22:21-22).

"പ്രവാചകന്മാർ വ്യാജമായി പ്രവചിക്കുന്നു, പുരോഹിതന്മാരും അവരോടു ഒരു കയ്യായി നിന്നു അധികാരം നടത്തുന്നു. എന്റെ ജനത്തിനോ അതു ഇഷ്ടം ആകുന്നു" (യിരെ. 5:31).

"പ്രവാചകന്മാരും പുരോഹിതന്മാരും ഒരുപോലെ വ്യാജം പ്രവർത്തിക്കുന്നു" (യിരെ. 6:13).

"പ്രവാചകന്മാർ എന്റെ നാമത്തിൽ ഭോഷ്ക്ക് പ്രവചിക്കുന്നു; ഞാൻ അവരെ അയച്ചിട്ടില്ല, അവരോട് കല്പിച്ചിട്ടില്ല, അവരോട് സംസാരിച്ചിട്ടുമില്ല; അവർ വ്യാജദർശനവും പ്രശ്നവാക്യവും ഇല്ലാത്ത കാര്യവും സ്വന്തഹൃദ

യത്തിലെ വഞ്ചനയും നിങ്ങളോടു പ്രവചിക്കുന്നു” (യിരെ. 14:14).

കർത്താവായ യേശു: കള്ളപ്രവാചകന്മാരെ സൂക്ഷിച്ചുകൊള്ളേണമെന്ന് മുന്നറിയിപ്പ് (warning) തന്നിട്ടുള്ള ചില വേദഭാഗങ്ങൾ ശ്രദ്ധിക്കുക:

“കള്ളപ്രവാചകന്മാരെ സൂക്ഷിച്ചുകൊൾവിൻ” (മത്താ. 7:15).

“കള്ളപ്രവാചകന്മാർ പലരും വന്ന് അനേകരെ തെറ്റിക്കും” (മത്താ. 24:11).

“കള്ളക്രിസ്തുക്കളും, കള്ളപ്രവാചകന്മാരും എഴുന്നേറ്റ് കഴിയുമെങ്കിൽ വൃതന്മാരെയും തെറ്റിപ്പാനായി വലിയ അടയാളങ്ങളും അത്ഭുതങ്ങളും കാണിക്കും” (മത്താ. 24:24).

“സകല മനുഷ്യരും നിങ്ങളെ പുകഴ്ത്തിപ്പറയുമ്പോൾ നിങ്ങൾക്ക് അയ്യോ കഷ്ടം; ....അവരുടെ പിതാക്കന്മാർ കള്ളപ്രവാചകന്മാരെ അങ്ങനെ ചെയ്തുവല്ലോ” (ലൂക്കൊ. 6:26).

കർത്താവായ യേശുവിനുശേഷം അപ്പൊസ്തലന്മാരുടെ കാലത്തും കള്ളപ്രവാചകന്മാർ ജനത്തിന്റെ ഇടയിൽ ഉണ്ടായിരുന്നതും ഇനിയും ഉണ്ടാകുമെന്നും പറഞ്ഞിരിക്കുന്ന ചില വേദഭാഗങ്ങൾ ഉദ്ധരിക്കുന്നു.

“അവർ ദ്വീപിൽകൂടി പാഫൊസ് വരെ ചെന്നപ്പോൾ ‘ബർയേശു’ എന്നു പേരുള്ള യെഹൂദനായി കള്ളപ്രവാചകനായോരു വിദ്വാനെ കണ്ടു” (അ.പ്ര. 13:6).

“എന്നാൽ കള്ളപ്രവാചകന്മാരും ജനത്തിന്റെ ഇടയിൽ ഉണ്ടായിരുന്നു” (2 പത്രൊ. 2:1).

“പ്രിയമുള്ളവരേ, കള്ളപ്രവാചകന്മാർ പലരും ലോകത്തിലേക്ക് പുറപ്പെട്ടിരിക്കയാൽ ഏത് ആത്മാവിനെയും

വിശ്വസിക്കാതെ ആത്മാക്കൾ ദൈവത്തിൽ നിന്നുള്ള വയോ എന്നു ശോധന ചെയ്‌വിൻ" (1 യോഹ. 4:1).

ഇങ്ങനെ സാത്താനും തന്റെ കീഴിലുള്ള വ്യാജാത്മാക്കളും ഭോഷ്ക്കിന്റെ ആത്മാവിനാൽ ജനത്തിന്റെ ഇടയിൽ അന്ത്യനാൾവരെ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു എന്ന് തിരുവചനത്തിൽ നിന്നും മനസ്സിലാക്കാവുന്നതാണ്.

മഹോപദ്രവകാലത്തിന്റെ അവസാന ഘട്ടത്തിൽ സാത്താൻ മൂന്ന് അശുദ്ധാത്മാക്കളെ പ്രത്യേക ശക്തിയാൽ അഭിഷേകം ചെയ്ത് ഭൂതലത്തിൽ അയയ്ക്കുന്നതായി പറഞ്ഞിരിക്കുന്നു.

"മഹാസർപ്പത്തിന്റെ വായിൽനിന്നും മൃഗത്തിന്റെ വായിൽനിന്നും കള്ളപ്രവാചകന്റെ വായിൽനിന്നും തവളയെപ്പോലെ മൂന്ന് അശുദ്ധാത്മാക്കൾ പുറപ്പെടുന്നത് ഞാൻ കണ്ടു" (വെളി. 16:13). ഈ അശുദ്ധാത്മാക്കൾ പുറപ്പെട്ട് ഭൂതലത്തിലുള്ള സകല രാജാക്കന്മാരെയും ഭോഷ്ക്കിന്റെ വ്യാപാരശക്തിയാൽ വശീകരിച്ച് ദൈവത്തിന്റെ മഹായുദ്ധമായ ഹർമ്മഗദ്ദോൻ യുദ്ധത്തിനായി വട്ടംകൂട്ടുന്നു എന്ന് പറഞ്ഞിരിക്കുന്നു. സാത്താന്റെയും അന്തിക്രിസ്തുവിന്റെയും കള്ളപ്രവാചകന്റെയും വായിൽനിന്ന് പുറപ്പെടുന്ന അശുദ്ധാത്മാക്കൾ ആകയാൽ ഈ മൂന്നുപേരിൽ നിന്നും മൂന്നിരട്ടി കഴിവും, വ്യാജവും വശീകരണശക്തിയും ഈ അശുദ്ധാത്മാക്കൾക്ക് ഉണ്ടായിരിക്കുമെന്ന് എടുത്ത് പറയേണ്ടതില്ലല്ലോ.

സാത്താൻ ഭോഷ്ക്കിന്റെ ആത്മാവിനാൽ ജനത്തെ തെറ്റിച്ചു കളയുക എന്നത് ആദിമുതൽ ചെയ്യുന്ന പ്രവർത്തിയാണ്. സാത്താനും അവന്റെ ദൂതന്മാരും ഉള്ള കാലത്തോളം അവർ ആ പ്രവർത്തി തുടർന്നുകൊണ്ടി

രിക്കതന്നെ ചെയ്യും. ആകയാൽ ദൈവജനം വഞ്ചിക്കപ്പെടാതിരിക്കുവാൻ സൂക്ഷിക്കുക. ഈ അന്ത്യകാലത്ത് വന്നെത്തിയിരിക്കുന്ന നാം കർത്താവായ യേശുവും വിശുദ്ധഅപ്പൊസ്തലന്മാരും മുന്നറിയിപ്പായി പറഞ്ഞിരിക്കുന്നത് ശ്രദ്ധയോട് കരുതിക്കൊള്ളേണ്ടതാകുന്നു.

**d) ദുഷ്ടാത്മാക്കൾ** (wicked spirits)

"നമുക്കു പോരാട്ടം ഉള്ളത് ജഡരക്തങ്ങളോടല്ല, വാഴ്ചകളോടും അധികാരങ്ങളോടും ഈ അന്ധകാരത്തിന്റെ ലോകാധിപതികളോടും സ്വർല്ലോകങ്ങളിലെ ദുഷ്ടാത്മസേനയോടും അത്രേ" (എഫെ.6:12).

മുകളിൽ ഉദ്ധരിച്ച വേദഭാഗത്ത് സ്വർല്ലോകങ്ങളിലെ ദുഷ്ടാത്മസേനയെപ്പറ്റിയും ആ സേനയോടു പോരാടുന്നതിനെക്കുറിച്ചും പറഞ്ഞിരിക്കുന്നുവല്ലോ? ദുഷ്ടാത്മസേന എന്നത് സാത്താനുവേണ്ടി യുദ്ധം ചെയ്യുന്ന ദുഷ്ടശക്തികൾ (evil forces) ആകുന്നു എന്ന് ഒരു വിശദീകരണവും കൂടാതെ മനസ്സിലാക്കാമല്ലോ. ഒരു രാജ്യത്തിനുവേണ്ടി യുദ്ധം ചെയ്യുവാൻ, രാജ്യത്തെ സംരക്ഷിക്കുവാൻ സുരക്ഷാസൈന്യങ്ങൾ (military forces) ഉള്ളതുപോലെ സാത്താന്റെ രാജ്യം സംരക്ഷിപ്പാനും സാത്താനുവേണ്ടി യുദ്ധം ചെയ്യുവാനുമായി ദുഷ്ടാത്മസേനകളെ ഈ ലോകത്തിലും ആകാശമണ്ഡലത്തിലും (സ്വർല്ലോകം) സാത്താൻ ആക്കിവെച്ചിരിക്കുന്നു. ഈ ദുഷ്ടാത്മാക്കൾക്ക് അധിപതികൾ അഥവാ മേധാവികളെയും ആക്കിയിട്ടുണ്ട്. യേശുവിന്റെ കാലത്ത് റോമൻ പട്ടാളത്തിൽ ശതാധിപൻ, സഹസ്രാധിപൻ എന്നീ നായകന്മാരെ ആക്കിയിരുന്നതുപോലെയും ഇന്നത്തെ പട്ടാളത്തിൽ യൂണിറ്റ് കമാൻഡർ, ബ്രിഗേഡിയർ ജനറൽ എന്നീ മേധാവികളെപ്പോലെ ഈ ദുഷ്ടാത്മാക്കൾ അവർക്ക് നിയമിക്കപ്പെട്ട നായകന്റെ കീഴിൽ സാത്താൻ പറയുന്നതുപോലെ പ്രവർത്തിക്കുന്നു.

ഇയ്യോബിന്റെ മക്കളെയും മൃഗസമ്പത്തും നശിപ്പിക്കുവാൻ സാത്താൻ ഉപയോഗിച്ചത് ഈ ദുഷ്ടാത്മസേനയിൽ ചിലതിനെയാണെന്ന് കരുതാം.

ഈ ദുഷ്ടാത്മസേനകൾ സാത്താന്റെ കീഴിൽ ദൈവത്തിന്റെ പ്രധാന ദൂതനായ മീഖായേലിനോടും, ദൈവത്തോടും ചെയ്വാനിരിക്കുന്ന പല യുദ്ധങ്ങളെക്കുറിച്ച് വെളിപ്പാടു പുസ്തകത്തിൽ പറഞ്ഞിരിക്കുന്നത് കാണുവാൻ കഴിയും (വെളി. 12:7–9, 16:14, 19:19, 20:7–9). മുൻ അദ്ധ്യായങ്ങളിൽ ഈ യുദ്ധങ്ങളെപ്പറ്റി പറഞ്ഞിരിക്കുന്നതിനാൽ വിശദീകരണത്തിലേക്ക് കടക്കുന്നില്ല. ഈ യുദ്ധത്തിൽ എല്ലാം സാത്താനും അവന്റെ ദുഷ്ടാത്മസേനയും തോറ്റതല്ലാതെ വിജയിച്ചതായി എങ്ങും കാണുന്നില്ല. കാൽവറിയിൽ സാത്താനെയും അവന്റെ സൈന്യത്തെയും തോല്പിച്ച് അവരുടെമേൽ ജയോത്സവം വരിച്ച കർത്താവ് സ്വർഗ്ഗത്തിൽ നമുക്കുള്ളതിനാൽ സാത്താൻ എന്നും പരാജിതൻ തന്നേ.

ഇന്ന് ലോകത്തിലെ ഭരണാധികാരികളിൽ സാത്താനും ഈ ദുഷ്ടാത്മാക്കളുടെ അധിപതികളും ചെലുത്തുന്ന സ്വാധീനത (Influence) എത്രയെന്നുള്ളത് സാധാരണ മനുഷ്യർക്ക് അറിയാവുന്നതല്ല. സാത്താൻ സൂത്രശാലിയും, തന്ത്രശാലിയും, ഉപായിയും, വഞ്ചകനും ആകയാൽ അവന്റെ തന്ത്രങ്ങൾ ഭരണാധികാരികളിൽ എങ്ങനെ പ്രവർത്തിക്കണമെന്നുള്ളത് അവന് നല്ലവണ്ണം അറിയാം. അവനിഷ്ടമില്ലാത്ത ഒരു ജനതയെ മുഴുവൻ നശിപ്പിക്കണമെന്ന് സാത്താൻ തീരുമാനിച്ചാൽ അതിനായുള്ള കരുക്കൾ ഭരണകർത്താക്കളിൽ പ്രയോഗിക്കുവാൻ അവനു കഴിയും. ഉദാഹരണമായി: യെഹൂദന്മാരെ മൊത്തം ഉന്മൂലനാശം ചെയ്യുവാൻ സാത്താൻ ഹാമാനിൽക്കൂടെ പ്രവർത്തിച്ച വിധത്തെക്കുറിച്ച് വിശദീകരി

ക്കേണ്ടതില്ലല്ലോ (എസ്ഥേർ 3;8,13). യെഹൂദന്മാരെ മുഴുവനായി നശിപ്പിക്കുവാൻ ഹിറ്റ്ലറിലും, മറ്റ് ഭരണകർത്താക്കളിലും സാത്താൻ പ്രവർത്തിച്ചതും, ക്രിസ്ത്യാനികളെ നശിപ്പിക്കുവാൻ നീറോ ചക്രവർത്തി മുതലായ അധികാരികളിൽ പ്രവർത്തിച്ചതും ചരിത്രരേഖയായി ഇന്നും നിലകൊള്ളുന്നു.

ഒരു സംഘം ദുഷ്ടാത്മാക്കളെ അഗാധത്തിൽ സൂക്ഷിച്ചിരിക്കുന്നതായി വെളി. 9-ൽ പറഞ്ഞിരിക്കുന്നുവല്ലോ. ഇവരുടെ അധിപതിയാണ് അബദോൻ അഥവാ അപ്പൊല്ലുവോൻ (വെളി. 9:11).

യൂഫ്രാത്തേസ് എന്ന മഹാനദിതീരത്തു ബന്ധിച്ചിരിക്കുന്ന നാലു ദൂതന്മാരുടെ കീഴിൽ ഒരു വലിയ സംഘം ദുഷ്ടാത്മസേന പ്രവർത്തിക്കുന്നതിനെപ്പറ്റി വെളി. 9:14-ൽ പറഞ്ഞിരിക്കുന്നു. ഇവരുടെ സംഖ്യ ഇരുന്നൂറുകോടിയെന്നാണ് കണക്കാക്കപ്പെട്ടിരിക്കുന്നത്. ഈ പറയപ്പെട്ട ദുഷ്ടാത്മസേനകൾ മഹോപദ്രവകാലത്ത് പ്രവർത്തിക്കുന്നതിനെപ്പറ്റി മുൻ അദ്ധ്യായങ്ങളിൽ പ്രസ്താവിച്ചിട്ടുണ്ടല്ലോ?

❑

# 26

## ഭൂതങ്ങൾ (പിശാചുക്കൾ)

ചെറുപ്രായത്തിൽ ഭൂതങ്ങളുടെയും, യക്ഷി, മാടൻ കഥകൾ പ്രായമുള്ളവരിൽ നിന്നും കേട്ടിട്ടുണ്ട്. അവകൾ മറക്കാതെ ഇന്നും ഓർമ്മയിൽ ഇരിക്കുന്നു. ചില കഥ കൾ കേൾക്കുവാൻ രസകരവും ചിലത് ഭയം ഉളവാക്കു ന്നതുമാണ്. ചില പ്രത്യേക ദിവസങ്ങളിൽ മാടൻ യാത്ര ചെയ്യുന്ന വഴികളിൽ ആടുമാടുകളെ മാടൻ അടിച്ചുകൊ ന്നുവെന്നും, അർത്ഥരാത്രികളിൽ മാടൻ 'കൂവി' വിളിച്ചെന്നും ഇങ്ങനെ പോകുന്നു കഥകൾ. എന്നാൽ ഇന്നത്തെ തലമുറയിൽ ഈ വക സംഭവങ്ങളും കഥകളും കേൾക്കാറില്ല. യക്ഷികഥകളും മാടൻ കഥകളും ഒക്കെ ഇന്ന് പഴഞ്ചൻ കെട്ടുകഥകളായി മാറിയിരിക്കുന്നു.

### a) ഭൂതസേവ

ഭൂതങ്ങളെ സേവിക്കുന്നതും, ഭൂതങ്ങൾക്ക് ബലി അർപ്പിക്കുന്നതും പുരാതനകാലം മുതൽ ജനങ്ങൾ ആച രിച്ചുവരുന്നു. ഇന്നും ലോകത്തിൽ എല്ലാ രാജ്യങ്ങളിലും ഇത് നടക്കുന്നുണ്ട്. കേരളക്കരയിൽ ജനിച്ച് വളർന്നുവന്ന പ്രായമുള്ളവരോട് ഭൂതസേവയെപ്പറ്റി പ്രത്യേകിച്ച് പറയേ ണ്ടതില്ലല്ലോ. മന്ത്രവാദം, ആഭിചാരം, ക്ഷുദ്രപ്രയോഗം, പ്രശ്നംനോക്കൽ, ഒഴിപ്പിക്കൽ, വെളിച്ചപ്പാടൻ, ലക്ഷണംപറയുന്നവൻ, അഞ്ജനക്കാരൻ, ഈ വക പൈശാചിക പ്രവർത്തികൾ കേരളക്കരയിലെന്നല്ല; ഭാര

ത്തിലുള്ള എല്ലാ സംസ്ഥാനങ്ങളിലും ഭൂലോകത്തിൽ എല്ലായിടങ്ങളിലും നടക്കുന്നുണ്ട്. ഈ വക കാര്യങ്ങൾ ചെയ്യുന്നവനെല്ലാം യഹോവയ്ക്ക് വെറുപ്പാകുന്നു എന്നും അവരെ യഹോവ നീക്കിക്കളയുമെന്നും പറഞ്ഞിരിക്കുന്ന ചില വേദഭാഗങ്ങൾ ശ്രദ്ധിക്കുക: വെളിച്ചപ്പാടന്മാരുടെയും മന്ത്രവാദികളുടെയും അടുക്കൽ പോകരുത്. അവരാൽ അശുദ്ധരായിതീരുവാൻ തക്കവണ്ണം അവരെ അന്വേഷിക്കുകയും അരുത്" (ലേവ്യ 19:31). വെളിച്ചപ്പാടോ, മന്ത്രവാദമോ ഉള്ള പുരുഷൻ ആകട്ടെ, സ്ത്രീയാകട്ടെ മരണശിക്ഷ അനുഭവിക്കേണം; അവരെ കല്ലെറിഞ്ഞുകൊല്ലേണം. അവരുടെ രക്തം അവരുടെമേൽ ഇരിക്കും (ലേവ്യ 20:27).

"നിന്റെ ദൈവമായ യഹോവ നിനക്കു തരുന്ന ദേശത്ത് എത്തിയശേഷം അവിടത്തെ ജാതികളുടെ മ്ലേച്ഛതകൾ നീ പഠിക്കരുത്. തന്റെ മകനെയോ, മകളെയോ അഗ്നിപ്രവേശം ചെയ്യിക്കുന്നവൻ, പ്രശ്നക്കാരൻ, മുഹൂർത്തക്കാരൻ, ആഭിചാരകൻ, ക്ഷുദ്രക്കാരൻ, മന്ത്രവാദി, വെളിച്ചപ്പാടൻ, ലക്ഷണം പറയുന്നവൻ, അഞ്ജനക്കാരൻ എന്നിങ്ങനെയുള്ളവരെ നിങ്ങളുടെ ഇടയിൽ കാണരുത്. ഈ കാര്യങ്ങൾ ചെയ്യുന്നവനെല്ലാം യഹോവക്ക് വെറുപ്പാകുന്നു (ആവ. 18:9-12).

"ആഭിചാരം യാക്കോബിനു പറ്റുകയില്ല; ലക്ഷണവിദ്യ യിസ്രായേലിനോടു ഫലിക്കയുമില്ല" (സംഖ്യ. 23:23).

"ശൗൽ വേഷം മാറി... രാത്രിയിൽ ആ സ്ത്രീയുടെ അടുക്കൽ എത്തി. വെളിച്ചപ്പാടാത്മാവുകൊണ്ടു നീ എനിക്കായി പ്രശ്നം നോക്കുകയും ഞാൻ പറയുന്നവനെ വരുത്തിത്തരികയും ചെയ്യേണം എന്ന് പറഞ്ഞു" (1 ശമു. 28:8).

"ബാലേ, ഉത്തരമരുളേണമേ എന്നു രാവിലെ തുടങ്ങി ഉച്ചവരെ ബാലിന്റെ നാമത്തെ വിളിച്ചപേക്ഷിച്ചു. ഒരു

ശബ്ദമോ, ഉത്തരമോ ഉണ്ടായില്ല. തങ്ങൾ ഉണ്ടാക്കിയ ബലിപീഠത്തിനു ചുറ്റും അവർ തുള്ളിച്ചാടിക്കൊണ്ടിരുന്നു" (1 രാജാ.18:26).

ദൈവകല്പനകളും പ്രമാണങ്ങളും പ്രാപിച്ച യിസ്രായേൽ ജനം മ്ലേച്ഛത പ്രവർത്തിച്ച് ദൈവക്രോധം വരുത്തുവാൻ സാത്താൻ തന്റെ ദൂതന്മാരിൽക്കൂടി പ്രവർത്തിച്ചിട്ടുള്ള അനേകം തെളിവുകൾ നിരത്തിവെയ്ക്കുവാനുണ്ടെങ്കിലും ചില സംഭവങ്ങൾ കുറിയ്ക്കുന്നു.

"യാഗപീഠത്തിന്റെ വാതിലിനു പ്രവേശനത്തിങ്കൽ തീഷ്ണതാബിംബം" (യെഹ. 8:5).

"ആലയത്തിലെ പ്രാകാരത്തിൽ വല്ലാത്ത മ്ലേച്ഛത. വെറുപ്പായുള്ള ഇഴജാതികളെയും, മൃഗങ്ങളെയും സകലവിധ വിഗ്രഹങ്ങളെയും ചുവരിന്മേൽ വരച്ചിരിക്കുന്നു" (8:10).

"യിസ്രായേൽ മൂപ്പന്മാരിൽ എഴുപതുപേർ ഇരുട്ടത്ത് ആലയത്തിൽ താന്താന്റെ ബിംബങ്ങളുടെ അറകളിൽ കടന്ന് ധൂപം കാട്ടുന്നു" (8:11).

"സ്ത്രീകൾ തമ്മൂസിനെക്കുറിച്ച് കരഞ്ഞുകൊണ്ടിരിക്കുന്നു" (8:14).

"ഇരുപത്തിയഞ്ചു പുരുഷന്മാർ തങ്ങളുടെ മുതുക് യഹോവയുടെ മന്ദിരത്തിന്റെ നേരെയും മുഖം കിഴക്കോട്ടും തിരിച്ച് സൂര്യനെ നമസ്ക്കരിക്കുന്നു" (8:16).

"ചുള്ളി (branch) മൂക്കിനു തൊടുവിക്കുന്നു (8:17).

യിസ്രായേൽ ഗൃഹത്തിന്റെയും യെഹൂദാഗൃഹത്തിന്റെയും അകൃത്യം ഏറ്റവും വലുതായിരിക്കുന്നു. ദേശം രക്തപാതകംകൊണ്ടും നഗരം അന്യായം കൊണ്ടും നിറഞ്ഞിരിക്കുന്നു (9:9). മുകളിൽ പറയപ്പെട്ട മ്ലേച്ഛതകൾ കൊണ്ട് യഹോവയെ വെറുപ്പിച്ചതിനാൽ ആലയത്തിൽ

വസിക്കേണ്ട ദൈവമഹത്വം ആലയത്തെ വിട്ടുമാറി പർവ്വ തത്തിന്മേൽ ചെന്നുനിന്നതായി കാണുന്നു. (യെഹ. 11:23). ആദം ഹവ്വമാരെ അണിയിച്ചിരുന്ന ദൈവതേജസ്സ് പാപം ചെയ്തപ്പോൾ നഷ്ടപ്പെട്ടുവല്ലോ. നമ്മുടെ വ്യക്തിപരമായ ജീവിതത്തിൽ ദൈവം വെറുക്കുന്ന മ്ലേഛത പ്രവർത്തി ക്കുമ്പോൾ നമ്മുടെ ഹൃദയമാകുന്ന ആലയത്തിൽ നിന്നും 'ദൈവതേജസ്സ്' വിട്ടുപോകുമെന്ന് പ്രത്യേകിച്ച് പറയേ ണ്ടതില്ലല്ലോ.

ഒരിക്കൽ ഒരു വെളിച്ചപ്പാടത്തിയായി ലക്ഷണം പറഞ്ഞ് യജമാനന്മാർക്ക് വളരെ ലാഭം ഉണ്ടാക്കിക്കൊ ടുത്ത ഒരു പെൺകുട്ടിയിലുള്ള ഭൂതത്തെ വിശുദ്ധ പൗലൊസ് യേശുവിന്റെ നാമത്തിൽ ശാസിച്ച് പുറത്താ ക്കിയ സംഭവം അപ്പൊസ്തലപ്രവൃത്തി 16:16-ൽ വിവരി ച്ചിരിക്കുന്നുവല്ലോ.

വിശുദ്ധ പൗലൊസിന്റെ ശുശ്രൂഷയിൽ അനേക ഭൂത ഗ്രസ്ഥരെ സൗഖ്യമാക്കിയ സംഭവം അപ്പൊസ്തലപ്രവൃ ത്തിയിൽ പറഞ്ഞിരിക്കുന്നു. ഒരിക്കൽ മഹാപുരോഹിത നായ സ്കേവാ എന്ന ഒരു യെഹൂദന് മന്ത്രവാദികളായ ഏഴു മക്കൾ ഉണ്ടായിരുന്നു. ഇവർ യേശുവിന്റെ നാമം വൃഥാ എടുത്തുകൊണ്ട് പൗലൊസ് പ്രസംഗിക്കുന്ന യേശുവിന്റെ നാമത്തിൽ ദുരാത്മാവിനെ പുറത്താക്കു വാൻ ശ്രമിച്ചതും, ദുരാത്മാവ് അവരിൽ ചെയ്ത പ്രവർത്തിയും മുകളിൽ വിവരിച്ചിട്ടുണ്ടല്ലോ. ഈ സംഭവം എഫെസോസിൽ പാർക്കുന്ന സകല യെഹൂദന്മാരും യവ നന്മാരും (ഗ്രീക്കുകാർ) അറിഞ്ഞിട്ട് ക്ഷുദ്രപ്രയോഗം ചെയ്തിരുന്ന അനേകർ തങ്ങളുടെ പ്രവർത്തി ഉപേക്ഷിച്ച് കർത്താവിങ്കലേക്ക് തിരിഞ്ഞു. ക്ഷുദ്രപ്രയോഗം ചെയ്ത അനേകർ തങ്ങളുടെ പുസ്തകങ്ങളെ കൊണ്ടുവന്ന് എല്ലാ വരും കാൺകെ ചുട്ടുകളഞ്ഞു. അവയുടെ വില കണ

ക്കുകൂട്ടിയപ്പോൾ അമ്പതിനായിരം വെള്ളിക്കാശ് എന്ന് കണ്ടു. യേശുവിന്റെ കാലത്ത് ഒരാളുടെ ഒരു ദിവസത്തെ കൂലി ഒരു വെള്ളിക്കാശാണ് (മത്താ. 20:2). നോക്കുക, മന്ത്രവാദികളെക്കൊണ്ടും ക്ഷുദ്രപ്രയോഗം ചെയ്യുന്നവരെക്കൊണ്ടും ദേശം നിറഞ്ഞിരിക്കുന്നത്. മാമോനെക്കൊണ്ട് ഉണ്ടാക്കുന്ന വരുമാനം? സാത്താൻ എത്ര കൌശലമേറിയവൻ.

കൂടോത്രവും, ക്ഷുദ്രപ്രയോഗവും നമ്മുടെ കേരളക്കരയിൽ ഒട്ടും കുറവല്ലല്ലോ. അയൽവാസിയുമായി എന്തെങ്കിലും സ്വരച്ചേർച്ചയില്ലായ്മയോ, പിണക്കമോ, അസൂയയോ ഉണ്ടെങ്കിൽ അവരെ തകർക്കുവാൻ, ഗതിപിടിക്കാതിരിക്കുവാൻ കൂടോത്രവും ക്ഷുദ്രപ്രയോഗവും ചെയ്യുന്നവർ നമ്മുടെ ചുറ്റുപാടും ഉണ്ടല്ലോ. സ്വന്തകുടുംബത്തിലുള്ള സഹോദരിസഹോദരങ്ങൾ തമ്മിൽ ക്ഷുദ്രപ്രയോഗം ചെയ്യുന്നുണ്ടല്ലോ. പിള്ളാർക്ക് ഗതിപിടിക്കുന്നില്ല, കന്നുകാലികൾ വാഴുന്നില്ല, ബിസ്സിനസ് എല്ലാം നഷ്ടത്തിൽ, ചില രോഗങ്ങൾ വിട്ടുമാറുന്നില്ല, ഇതിനെല്ലാം കാരണം ആരോ കൂടോത്രം ചെയ്തത്കൊണ്ടായിരിക്കാം എന്ന് പറഞ്ഞ് പ്രശ്നം നോക്കുന്നവരുടെയും, മന്ത്രവാദികളുടെയും അടുക്കൽ പോകാറുണ്ടല്ലോ. ഒരു കാര്യം തീർച്ചയാണ്; ക്ഷുദ്രപ്രയോഗവും, മന്ത്രവാദവും, കൂടോത്രവും ഒക്കെ ചെയ്യുന്നവരും ചെയ്യിപ്പിക്കുന്നവരും ചില നാളുകൾ കഴിയുമ്പോൾ ഗതിപിടിക്കാതെ നശിക്കുന്നതായി കാണാം. ചിലപ്പോൾ കൂടോത്രം ചെയ്തത് ഫലിക്കാതെ ചെയ്യിപ്പിച്ചവരുടെമേൽ തിരിഞ്ഞടിച്ച സംഭവങ്ങളും കേട്ടിട്ടുണ്ട്.

കൂടോത്രത്തിന്റെ കാര്യം എഴുതിയപ്പോൾ, വർഷങ്ങൾക്കുമുമ്പ് എന്റെ ഒരു സ്നേഹിതൻ പറഞ്ഞ സംഭവം ഓർമ്മയിൽ വന്നത് ഇവിടെ ചേർക്കുന്നു. ഒരു കൂടോത്ര

ക്കാരൻ അടുത്തുള്ള ആറിനക്കരെയുള്ള ഒരു വീടിന്റെ ഏതോ ഭാഗത്ത് കൂടോത്രം ചെയ്തത് സ്ഥാപിക്കുവാൻ അർദ്ധരാത്രിയിൽ ആറുകടന്ന് പോകണമായിരുന്നു. നിശ്ചയിച്ചദിവസം താൻ കൂടോത്രസാമഗ്രികൾ തലയിൽ വെച്ച്കെട്ടിക്കൊണ്ട് ആറ്റിൽക്കൂടി പതുക്കെ നീന്തിയും പതച്ചും നീങ്ങുമ്പോൾ ഒരു വലിയ ചരക്കുവള്ളം അപ്പനും മകനും തുഴഞ്ഞു വരികയായിരുന്നു. രാത്രിയാ യതിനാൽ കൂടോത്രക്കാരൻ വള്ളത്തിന്റെ അടുത്തെത്തി യത് കണ്ടില്ല. വള്ളത്തിന്റെ തലയ്ക്കൽ ആയിരുന്ന മകൻ വെള്ളത്തിൽ ഏതോ അനങ്ങുന്നതുപോലെ കണ്ടിട്ട് കഴു ക്കോലുകൊണ്ട് ശക്തിയോട് ആഞ്ഞുകുത്തിയതും അയ്യോ എന്നൊരു നിലവിളിയും. ഓർക്കാപ്പുറത്തുള്ള നിലവിളികേട്ട് കുത്തിയ മകൻ പേടിച്ച് ബോധംകെട്ട് വള്ള ത്തിൽ വീണു. കൂർത്ത കഴുക്കോലുകൊണ്ടുള്ള കുത്തേറ്റ കൂടോത്രക്കാരൻ നിശ്ചലനായി ആറ്റിലും.

## b) ഭൂതങ്ങൾക്കു ബലി അർപ്പിക്കുന്നത്

ഭൂതങ്ങൾക്ക് ബലി അർപ്പിക്കുന്നത് പുരാതനകാലം മുതൽ നടന്നിരുന്നു. ചില ആഫ്രിക്കൻ രാജ്യങ്ങളിലും, തെക്കേ അമേരിക്കൻ രാജ്യങ്ങളിലുമുള്ള അപരിഷ്കൃത രായ ജനങ്ങളുടെ ഇടയിൽ കുലദേവതകൾക്ക് ബലി അർപ്പിക്കുന്നത് ടി.വിയിൽ ഡോക്കുമെന്ററി ചാനലിൽ പ്രക്ഷേപണം ചെയ്തിട്ടുള്ളത് കണ്ടിട്ടുണ്ടല്ലോ.

ഈ ഗ്രന്ഥകാരന്റെ ചെറുപ്പത്തിൽ കേട്ടിട്ടുള്ളതാണ്: വലിയ പാലം (Bridge) പണിയുമ്പോൾ ഉറച്ച് നില്ക്കു ന്നതിനായി കുരുതി കഴിക്കുവാൻ പിള്ളാരെ പിടുത്ത ക്കാർ വന്ന് കൊച്ചുപിള്ളാരെ പിടിച്ചുകൊണ്ട് പോകു മെന്നും അതുകൊണ്ട് ആരെങ്കിലും മിഠായിയോ, പലഹാ രങ്ങളോ വെച്ചുനീട്ടിയാൽ വാങ്ങരുതെന്നും, വിളിച്ചാൽ പോകരുതെന്നും.

കർത്താവിന്റെ ക്രൂശുമരണത്തെ ഓർക്കുന്ന കർത്തൃമേശ അഥവാ അപ്പംനുറുക്കൽ ശുശ്രൂഷക്ക് കൊടുക്കേണ്ട പ്രാധാന്യം കൊടുക്കാതെ, ജാതികൾ ഭൂതങ്ങൾക്ക് കഴിക്കുന്ന ബലിക്ക് തുല്യമായി ഈ ശുശ്രൂഷയെ കണ്ടുകൊണ്ട് അശുദ്ധിയോടെ കർത്തൃമേശയിൽ പങ്കെടുക്കുന്ന കൊരിന്ത്യയിലെ വിശ്വാസികളെ തർജ്ജനം ചെയ്തുകൊണ്ട് വിശുദ്ധപൌലൊസ് പറഞ്ഞിരിക്കുന്നത്: ജാതികൾ ബലികഴിക്കുന്നത് ദൈവത്തിനല്ല, ഭൂതങ്ങൾക്ക് കഴിക്കുന്നു. എന്നാൽ നിങ്ങൾ ഭൂതങ്ങളുടെ കൂട്ടാളികൾ ആകുവാൻ എനിക്ക് മനസ്സില്ല. നിങ്ങൾക്ക് കർത്താവിന്റെ പാനപാത്രവും ഭൂതങ്ങളുടെ പാനപാത്രവും കുടിപ്പാൻ പാടില്ല. നിങ്ങൾക്ക് കർത്താവിന്റെ മേശയിലും ഭൂതങ്ങളുടെ മേശയിലും അംശികൾ ആകുവാനും പാടില്ല (1 കൊരി. 10:20–22). ചില പട്ടത്വ സഭകൾ കർത്തൃമേശയെ 'തിരുബലി' എന്നു വിളിക്കുന്നത് വേദാനുഷ്ഠിതമല്ല എന്ന് ഓർപ്പിച്ചുകൊള്ളട്ടെ. ഭൂതങ്ങൾക്കു ബലി അർപ്പിക്കുന്നതിനെപ്പറ്റി കൂടുതലായി 'സാത്താൻ ഈ ലോകത്തിന്റെ ദൈവം' എന്ന ഭാഗത്ത് പറഞ്ഞിരിക്കുന്നത് നോക്കുക.

## c) ഭൂതഗ്രസ്തർ

യേശുവിന്റെ പരസ്യശുശ്രൂഷ കാലയളവിൽ അനേകം ഭൂതഗ്രസ്തരെ സൌഖ്യമാക്കിയത് സുവിശേഷങ്ങളിൽ രേഖപ്പെടുത്തിയിട്ടുണ്ട്. അവയിൽ ചിലത് താഴെ കുറിക്കുന്നു.

**മഗ്ദലക്കാരി മറിയ** :- “അവനോടുകൂടെ പന്തിരുവരും അവൻ ദുരാത്മാക്കളെയും വ്യാധികളെയും നീക്കി സൌഖ്യം വരുത്തിയ ചില സ്ത്രീകളും ഏഴുഭൂതങ്ങൾ വിട്ടുപോയ മഗ്ദലക്കാരി മറിയയും... ഉണ്ടായിരുന്നു” (ലൂക്കൊ. 8:1–3). ഏഴുഭൂതങ്ങൾ ബാധിച്ച സ്ത്രീയുടെ അവസ്ഥയെപ്പറ്റി എടുത്തുപറയേണ്ടതില്ലല്ലോ. യേശു അവളി

ലുള്ള ഭൂതങ്ങളെ പുറത്താക്കി സൌഖ്യപ്പെടുത്തി. അവൾ അതിനുശേഷം യേശുവിനെ സ്നേഹിച്ച് അന്ത്യത്തോളം പിൻപറ്റി. അവളുടെ ജീവിതം യേശുവിനായി സമർപ്പിച്ചു. ഒരു മനുഷ്യനിൽ ഒന്നിലധികം ഭൂതങ്ങൾക്ക് പ്രവേശിക്കുവാൻ കഴിയുമെന്ന് ഇതു വ്യക്തമാക്കുന്നുവല്ലോ.

**ഊമയായ ഭൂതം:-** ഒരിക്കൽ അവൻ ഊമയായൊരു ഭൂതത്തെ പുറത്താക്കി. ഭൂതം വിട്ടുപോയശേഷം ഊമൻ സംസാരിച്ചു; പുരുഷാരം ആശ്ചര്യപ്പെട്ടു (ലൂക്കൊ. 11:14). ഇവിടെ ഊമയായ ഭൂതം എന്ന് പറഞ്ഞിരിക്കുന്നത്, ഒരു മനുഷ്യനിൽ ഭൂതം കടന്ന് തന്റെ വ്യാപാരശക്തിയാൽ മനുഷ്യന്റെ നാവുകൊണ്ട് സംസാരിക്കാതവണ്ണം നാവിനെ ബന്ധിച്ച് വെച്ചിരിക്കുന്നു എന്നാണല്ലോ കാണുന്നത്. ഈ പൈശാചിക പ്രവർത്തനത്തെ യേശുവിനു മാത്രമെ വിടുവിപ്പാൻ കഴിയുകയുള്ളു എന്ന് വ്യക്തമാകുന്നു.

**ലെഗ്യോൻ ബാധിച്ച മനുഷ്യൻ** (മർക്കൊ. 5:1-13; ലൂക്കൊ. 8:26-33):- യേശു ഗദരദേശത്തു എത്തിയപ്പോൾ ഒരു ഭൂതഗ്രസ്തൻ കല്ലറകളിൽനിന്ന് വന്ന് യേശുവിനെ എതിരേറ്റു. ഈ ഭൂതഗ്രസ്തന്റെ പാർപ്പ് കല്ലറകളിൽ ആയിരുന്നുവെന്നും അവനെ ചങ്ങലകൊണ്ടുപോലും ബന്ധിച്ച് കൂടാഞ്ഞു എന്നും ബന്ധിച്ചാൽ ചങ്ങല പൊട്ടിച്ചുകളയും. വിലങ്ങുവെച്ചാൽ ഒടിച്ചുകളയും. അവനെ ആർക്കും അടക്കുവാൻ കഴിഞ്ഞില്ല. അവൻ തന്നെത്താൻ കല്ലുകൊണ്ട് ചതച്ച് രക്തം ഒഴുക്കി. അത്ര ഭയാനകരമായ അവസ്ഥയിൽക്കൂടി കഴിഞ്ഞുപോയ മനുഷ്യൻ, യേശുവിനെ കണ്ടമാത്രയിൽ ഓടിച്ചെന്ന് യേശുവിനെ നമസ്ക്കരിച്ചിട്ട് ദൈവത്തെക്കൊണ്ട് ആണയിട്ടു പറഞ്ഞത്: തന്നെ ദണ്ഡിപ്പിക്കരുതേ എന്ന് അപേക്ഷിച്ചു. പല കാര്യങ്ങൾ ഈ വേദഭാഗത്തുനിന്നും വിസ്തരിപ്പാനുണ്ടെങ്കിലും

അതിലേക്ക് തുനിയുന്നില്ല. എന്നാൽ ഒന്നുരണ്ട് വിഷയങ്ങൾ ഓർപ്പിക്കുന്നു.

യേശുവിനെക്കുറിച്ച് ലോകജനത അറിയേണ്ടതുപോലെ അറിയാതിരിക്കുമ്പോൾ, യേശുവിനെ മറ്റു ദേവന്മാർക്ക് തുല്ല്യനാക്കി മതങ്ങളും മതനേതാക്കളും കാണുമ്പോൾ, യേശു മഹോന്നതനായ ദൈവപുത്രൻ എന്നും (മർക്കൊ. 5:7) യേശു മാത്രം ആരാധനയ്ക്കു യോഗ്യൻ എന്നും (മർക്കൊ. 5:6), യേശു സകലത്തിന്മേലും അധികാരമുള്ളവൻ ആകുന്നു എന്നും ഈ ഭൂതഗ്രസ്ഥന്റെ അനുഭവത്തിൽ നിന്ന് മനസ്സിലാക്കിത്തരുന്നു.

ഈ ഭൂതഗ്രസ്ഥന്റെമേൽ കുടികൊണ്ടിരുന്ന അശുദ്ധാത്മാക്കൾ എത്രയെന്ന് കാണുക. നിന്റെ പേരെന്ത് എന്ന് യേശു ചോദിച്ചതിന്: അനേകം ഭൂതങ്ങൾ അവനെ ബാധിച്ചിരുന്നതുകൊണ്ട് 'ലെഗ്യോൻ' എന്നു അവൻ പറഞ്ഞു. ലെഗ്യോൻ എന്നത് ബെയെത്സെബൂലെപ്പോലെ ഭൂതങ്ങളുടെ തലവനെന്നോ, ശക്തിയുള്ള ഒരു ഭൂതമെന്നോ ചിലർ വിചാരിച്ചേക്കാം. ലെഗ്യോൻ എന്നത് ഒരു വലിയ സംഖ്യയെ കുറിക്കുന്നതാണ്. ഒരു ലെഗ്യോൻ എന്നാൽ അന്നുള്ള റോമാ പട്ടാളത്തിൽ മൂവായിരം മുതൽ ആറായിരം വരെയുള്ള ഇൻഫന്ററി (Infentory) പട്ടാളക്കാരും (കാലാൾപ്പട), നൂറുമുതൽ ഇരുനൂറുവരെയുള്ള കുതിരപ്പട്ടാളം (cavelary) അടങ്ങിയ സൈന്യത്തെയാണ് ലെഗ്യോൻ എന്നു പറയുന്നത് (One legion means, A major unit of Roman Army consisting of 3000 to 6000 Infentory troops and 100 to 200 cavelary men).

ലെഗ്യോന്റെ കണക്കിനോടുള്ള ബന്ധത്തിൽ യേശു പത്രൊസിനോട് പറഞ്ഞ പ്രസ്താവനയിൽ: എന്റെ പിതാവിനോട് ഇപ്പോൾതന്നെ പന്ത്രണ്ട് ലെഗ്യോനിലും അധികം ദൂതന്മാരെ എന്റെ അരികെ നിറുത്തേണ്ടതിന്

എനിക്ക് അപേക്ഷിച്ചുകൂടാ എന്ന് തോന്നുന്നുവോ എന്നാണ് (മത്താ. 26:53). യഹോവയുടെ ഒരു ദൂതൻ അശ്ശൂർ പാളയത്തിൽ ഇറങ്ങിവന്ന് കൊന്ന സംഖ്യ 1,85,000 ആണ് (2 രാജാ. 19:35). അങ്ങനെയെങ്കിൽ പന്ത്രണ്ട് ലെഗ്യോൻ = 12 X 6000 = 72,000 ദൂതന്മാർ ഇറങ്ങി വന്ന് യേശുവിനെ പിടിക്കുവാൻ വന്നവരോട് പൊരുതിയാലുള്ള അവസ്ഥ എന്തായിരിക്കും?

ഈ ഭൂതഗ്രസ്ഥൻ യേശുവിനോട് അപേക്ഷിച്ച് പറഞ്ഞത്: സമയത്തിനു മുമ്പേ ഞങ്ങളെ ദണ്ഡിപ്പിപ്പാൻ ഇവിടെ വന്നുവോ എന്നും, നാട്ടിൽനിന്നും ഞങ്ങളെ അയച്ചുകളയരുതേ എന്നും (മർക്കൊ. 5:10), പാതാളത്തിലേക്ക് പോകുവാൻ കല്പിക്കരുതേ (ലൂക്കൊ. 8:31) എന്നുമാണ്. ഇതിൽനിന്നും മനസ്സിലാകുന്നത്, ഇവരുടെ അന്ത്യന്യായവിധിയെക്കുറിച്ച് ഇവർക്ക് നല്ല അറിവുണ്ടെന്നുള്ളതാണല്ലോ. മാത്രമല്ല; പാതാളത്തിലെ അവസ്ഥയെക്കുറിച്ചും ഇവർക്ക് നല്ല അറിവുണ്ട്. പാതാളം ദണ്ഡനാസ്ഥലമാണെന്നും അത് അവർക്കുവേണ്ടി ദൈവം ഒരുക്കിയിരിക്കുന്ന അന്ത്യസ്ഥലമാണെന്നുള്ള അറിവും ഈ ഭൂതങ്ങൾക്കുണ്ട്. പാതാളത്തിലേക്ക് പോകുവാൻ കല്പിക്കരുതേ എന്നും, നാട്ടിൽ നിന്നും ഞങ്ങളെ അയച്ചുകളയരുതേ എന്നുമുള്ള അപേക്ഷയിൽ, നാട്ടിൻപുറത്തെ അവരുടെ വാസം സ്വർഗ്ഗതുല്ല്യമാണ്. ഏറ്റവുമധികം മദ്യം വിറ്റഴിക്കുന്നത്, ആത്മഹത്യ, അക്രമം, അനീതി, കൈക്കൂലി, മോഷണം, കൊലപതകം, മതവിദ്വേഷം, രാഷ്ട്രീയം ഈവക പൈശാചിക പ്രവർത്തനങ്ങൾ നടമാടിക്കൊണ്ടിരിക്കുന്ന നാട്ടിലെ ജീവിതം ഈ ഭൂതങ്ങളെ സംബന്ധിച്ച് എത്ര സുഖകരമാണെന്ന് പ്രത്യേകിച്ച് പറയേണ്ടതില്ലല്ലോ.

ഈ ഭൂതഗ്രസ്ഥനിൽ ഉണ്ടായിരുന്ന ഭൂതങ്ങൾ അവിടെ മേഞ്ഞുകൊണ്ടിരുന്ന രണ്ടായിരം പന്നികളിൽ കടക്കുവാൻ അനുവാദം ചോദിച്ചു. യേശു അനുവാദം കൊടുത്തു. ഭൂതങ്ങൾ ആ മനുഷ്യനെ വിട്ട് പന്നികളിൽ കടന്നിട്ട് അവയെല്ലാം വെള്ളത്തിൽ ചാടി വീർപ്പുമുട്ടി ചത്തു. നോക്കുക ഈ ഭൂതഗ്രസ്ഥനിൽ കുടികൊണ്ടിരുന്ന അശുദ്ധാത്മാക്കൾ എത്രയെന്നത്.

❑

# 27

# സാത്താൻ (പിശാച് )

സാത്താനെക്കുറിച്ച് മുഖവുരയായി ചിലകാര്യങ്ങൾ സൂചിപ്പിച്ചുകൊള്ളട്ടെ. സ്വർഗ്ഗീയ ഭരണത്തെക്കുറിച്ചും, ദൈവദൂതന്മാരുടെ വിവിധ പ്രവർത്തനങ്ങളെക്കുറിച്ചും ഈ ഗ്രന്ഥത്തിന്റെ ഒന്നാം ഭാഗത്തിൽ പ്രസ്താവിച്ചിരിക്കുന്നതുപോലെ സാത്താന്റെ അധികാരത്തിൻകീഴിൽ കോടിക്കണക്കിന് അശുദ്ധാത്മാക്കൾ, ദുരാത്മാക്കൾ, വ്യാജാത്മാക്കൾ, ദുഷ്ടാത്മാക്കൾ അടങ്ങുന്ന ഒരു ഭരണ കൂടവും പ്രവർത്തനവും ഉള്ളതായി തിരുവചനത്തിൽ നിന്നും മനസ്സിലാക്കാവുന്നതാണ്. ദൈവശുശ്രൂഷയിൽ സ്വർഗ്ഗത്തിൽ ശ്രേഷ്ഠദൂതന്മാരിൽ ഒരുവനായിരുന്ന ലൂസിഫെർ ദൈവത്തെ പലതിലും അനുകരണമാക്കിയിരിക്കുന്നു എന്ന് കാണുവാൻ കഴിയും.

സ്വർഗ്ഗത്തിൽ ദൈവശുശ്രൂഷയിൽ മുൻപന്തിയിലായിരുന്ന ലൂസിഫെറിനെ തന്റെ സ്ഥാനത്തുനിന്നും പദവിയിൽ നിന്നും തള്ളിക്കളഞ്ഞ സമയം മുതൽ അവൻ ദൈവത്തിന്റെ നിത്യശത്രുവായി മാറി. ദൈവത്തോടും സ്വർഗ്ഗീയദൂതന്മാരോടും പൊരുതി ജയിക്കുവാൻ കഴിയാത്തതിനാൽ ഭൂമിയിൽ മനുഷ്യനോടുള്ള ദൈവീക പദ്ധതികൾക്കും ദൈവീക കല്പനകൾക്കും എതിരായി പ്രവർത്തിച്ച് മനുഷ്യനെക്കൊണ്ട് ദൈവീകല്പനകൾ ലംഘിപ്പിക്കുക, ദൈവത്തിനു വിരോധമായി പാപം ചെയ്യി

പ്പിച്ചിട്ട് ദൈവശിക്ഷയ്ക്ക് വിധേയമാക്കി ദൈവത്തിൽനിന്നും മനുഷ്യനെ അകറ്റുക, എന്നതാണ് സാത്താന്റെ പ്രധാന ലക്ഷ്യം. അവന്റെ ലക്ഷ്യം ആദം-ഹവ്വാമാരിൽ ഫലപ്രദമാകുകയും ചെയ്തുവല്ലോ. തുടർന്നുള്ള മനുഷ്യജീവിതത്തിൽ അവൻ തന്റെ വ്യാപാരശക്തി മനുഷ്യനിൽ ചെലുത്തി മനുഷ്യൻ സകല അനീതിയും, ദുഷ്ടതയും, അത്യാഗ്രഹവും, ദുർബ്ബുദ്ധിയും നിറഞ്ഞവനായി അസൂയ, പിണക്കം, കപടം, നിഗളം, കുല, ദൈവദ്വേഷികൾ, നിഷ്ഠൂരന്മാർ, ഗർവ്വിഷ്ടക്കാർ, ബുദ്ധിഹീനർ, മാതാപിതാക്കളെ അനുസരിക്കാത്തവർ, നിയമലംഘികൾ, വാത്സല്ല്യമില്ലാത്തവർ, കനിവില്ലാത്തവർ, സ്വവർഗ്ഗഭോഗികൾ എന്നീ പൈശാചിക സ്വഭാവത്തിന്റെ അടിമകളാക്കി മനുഷ്യകുലത്തെ മാറ്റിക്കളഞ്ഞു.

ദൈവം മനുഷ്യനോട് കല്പിക്കുന്നതിന് വിപരീതമായി സാത്താൻ പറയുകയും പ്രവർത്തിക്കുകയും ചെയ്യുന്നു. ഉദാഹരണമായി; വിലക്കപ്പെട്ട വൃക്ഷഫലം തിന്നരുത്, തിന്നുന്ന നാളിൽ നീ മരിക്കും എന്ന് ദൈവം കല്പിച്ചതിനു വിപരീതമായി സാത്താൻ പറയുന്നു, നിങ്ങൾ മരിക്കയില്ല നിശ്ചയം എന്ന്. ഇനിയും ദൈവം തന്റെ ജനത്തിനു മോശെ മുഖാന്തരം കൊടുത്ത കല്പനകൾ ഓരോന്നിനും വിപരീതമായി സാത്താൻ പ്രവർത്തിക്കുന്നതായി കാണുവാൻ കഴിയും. ഞാനല്ലാതെ അന്യദൈവം നിങ്ങൾക്കുണ്ടാകരുതെന്നും ദൈവത്തെ അല്ലാതെ ആരെയും നമസ്ക്കരിക്കയോ സേവിക്കയോ ചെയ്യരുതെന്നും ദൈവം കല്പിക്കുമ്പോൾ, സാത്താൻ പറയുന്നു: വീണ് എന്നെ നമസ്ക്കരിക്കുക എന്ന്. യാതൊന്നിന്റെയും പ്രതിമ ഉണ്ടാക്കി നമസ്ക്കരിക്കരുതെന്നുള്ള കല്പന ദൈവം എഴുതി കൊടുക്കുമ്പോൾ അതിനെതിരായി സാത്താൻ ജനത്തിൽ ചില പ്രമാണികളെ കൈയ്യിലെ

ടുത്ത് കാളക്കുട്ടിയെ വാർത്തുണ്ടാക്കി വിഗ്രഹാരാധനയിലേക്ക് ജനത്തെ നയിച്ചു. അക്ഷയനായ ദൈവത്തിന്റെ തേജസ്സിനെ അവർ ക്ഷയമുള്ള മനുഷ്യൻ, പക്ഷി, നാല്ക്കാലി, ഇഴജാതി എന്നിവയുടെ രൂപസാദൃശ്യമായി മാറ്റിക്കളഞ്ഞു. വിവിധങ്ങളായ രൂപങ്ങളിലും ഭാവങ്ങളിലും മനുഷ്യർ വിഗ്രഹങ്ങൾ ഉണ്ടാക്കി അതിനെ നമസ്ക്കരിക്കയും ആരാധിക്കുകയും ചെയ്യുന്നു. കുലചെയ്യരുതെന്ന് ദൈവം കല്പിക്കുമ്പോൾ, സാത്താൻ ആദിമുതൽ കുലപാതകനാണെന്നു പറഞ്ഞിരിക്കുന്നു. മോഷ്ടിക്കരുതെന്ന് ദൈവം കല്പിക്കുമ്പോൾ, സാത്താൻ കള്ളനാണെന്നും, മോഷ്ടിപ്പാനും, അറുപ്പാനും മുടിപ്പാനും അവൻ വന്നിരിക്കുന്നു എന്ന് പറഞ്ഞിരിക്കുന്നു. കള്ളവും കള്ളസാക്ഷ്യവും പറയരുതെന്ന് ദൈവം കല്പിക്കുമ്പോൾ, സാത്താൻ ഭോഷ്ക്ക് പറയുന്നവനും ഭോഷ്ക്കിന്റെ അപ്പനും ആകുന്നു എന്ന് പറഞ്ഞിരിക്കുന്നു (യോഹ. 8:44). യേശുവിനെ കൊല്ലേണ്ടതിന് അവന്റെ നേരെ കള്ളസാക്ഷ്യം പറയുവാൻ മഹാപുരോഹിതന്മാരിലും ന്യായാധിപന്മാരിലും സാത്താൻ പ്രവർത്തിച്ച് പല കള്ളസാക്ഷികളെ എഴുന്നേല്പ്പിച്ചുവല്ലോ (മത്താ. 26:59,60). നിങ്ങൾ മോഹിക്കരുതെന്ന് ദൈവം കല്പിക്കുമ്പോൾ, ജഡമോഹം, കണ്മോഹം, ജീവനത്തിന്റെ പ്രതാപം എന്നീ മോഹങ്ങൾ മനുഷ്യനിൽ ചെലുത്തി പാപം ചെയ്യിപ്പിക്കുന്നു. ഇങ്ങനെ സാത്താൻ തന്റെ വ്യാപാരശക്തിക്കൊത്തവണ്ണം വ്യാജമായ സകല ശക്തിയോടും അനീതിയുടെ സകല വഞ്ചനയോടും കൂടെ മനുഷ്യസമൂഹത്തിൽ പ്രവർത്തിക്കുന്നു.

ദൈവം സൃഷ്ടിച്ച ദൈവത്തിന്റെ വിലപ്പെട്ട മനുഷ്യനെ വശീകരിച്ച് അവന്റെമേൽ ആധിപത്യം സ്ഥാപിച്ച് ദൈവത്തിൽ നിന്നകറ്റി സാത്താന്റെ അടിമയാക്കിത്തീർക്കുന്നു.

സാത്താൻ, ദുരാത്മാവിനെയും അശുദ്ധാത്മാവിനെയും മനുഷ്യനിൽ പ്രവേശിപ്പിച്ച് ചിലരെ ഭൂതഗ്രസ്ഥരാക്കുന്നു, ചിലരിൽ രോഗാത്മാവിനെ പ്രവേശിപ്പിച്ച് രോഗിയാക്കുന്നു, അങ്ങിനെ അവനിഷ്ടമുള്ളതൊക്കെയും മനുഷ്യനിൽ പ്രവർത്തിച്ചിട്ട് ഒടുവിൽ നിത്യനരകത്തിൽ കൊണ്ടെത്തിക്കുന്നു.

കർത്താവായ യേശുവിനു മുന്നോടിയായി വന്ന യോഹന്നാൻ സ്നാപകൻ **മാനസാന്തരത്തെക്കുറിച്ച്** പ്രസംഗിച്ച് അനേകരെ ദൈവത്തിങ്കലേക്ക് നടത്തി. സാത്താന്റെ പ്രവർത്തിക്കെതിരായി താൻ ശബ്ദം ഉയർത്തിയതിനാൽ തന്റെ തല ഛേദിക്കപ്പെട്ടു. കർത്താവായ യേശുവും തന്റെ പരസ്യശുശ്രൂഷ തുടങ്ങിയപ്പോൾ സ്വർഗ്ഗരാജ്യത്തെക്കുറിച്ച് പ്രസംഗിക്കുകയും അനേകരെ തങ്ങളുടെ പാപവഴികളിൽ നിന്നും രക്ഷിച്ച് ദൈവത്തിങ്കലേക്ക് നയിച്ചുകൊണ്ടിരുന്നു. ദൈവരാജ്യത്തെക്കുറിച്ച് പ്രസംഗിക്കുകയും പഠിപ്പിക്കുകയും ചെയ്യുമ്പോൾ തന്നെ രോഗത്തിൽ നിന്നും ഭൂതബാധയിൽനിന്നും ജനത്തെ വിടുവിക്കുക എന്നത് യേശുവിന്റെ ശുശ്രൂഷയുടെ പ്രധാന ഭാഗമായിരുന്നു. തിരുവചനത്തിൽ പറഞ്ഞിരിക്കുന്നതിൻ പ്രകാരം “പിശാചിന്റെ പ്രവർത്തികളെ അഴിപ്പാൻ തന്നേ ദൈവപുത്രൻ പ്രത്യക്ഷനായി (1 യോഹ. 3:8). സാത്താനെക്കുറിച്ചും അവരുടെ പ്രവർത്തനങ്ങളെക്കുറിച്ചും യേശുവിന് നല്ല അറിവുണ്ടായിരുന്നു. അതുപോലെ യേശു ആരാണെന്നുള്ള നല്ല അറിവ് സാത്താനും അവന്റെ ദൂതന്മാർക്കും ഉണ്ട്. സാത്താന്റെ അധികാരത്തിലുള്ളവരെ സ്വതന്ത്രരാക്കി ദൈവരാജ്യത്തിലാക്കിത്തീർക്കുന്നത് സാത്താന് ഒട്ടും ഇഷ്ടമില്ലാത്തതിനാൽ സുവിശേഷം പ്രചരിപ്പിക്കുന്നതിനെതിരായി എല്ലാവിധ ഉപദ്രവങ്ങളും അഴിച്ചു വിടുന്നു, ഇന്നും അത് തുടർന്നു

കൊണ്ടിരിക്കുന്നു. അവൻ ദൈവത്തിന്റെ ശത്രു ആകയാൽ ദൈവജനത്തിന്റെയും ശത്രുതന്നെയാണ്.

ഒരു വ്യക്തിയിൽ, കുടുംബത്തിൽ, സമൂഹത്തിൽ, ഭരണാധികാരികളിൽ സാത്താൻ പ്രവർത്തിക്കുന്ന പ്രവർത്തനങ്ങളെക്കുറിച്ച് അനേകർക്കും വേണ്ടത്ര അറിവില്ലായിരിക്കാം. സാത്താനെയും അവന്റെ വിവിധപ്രവർത്തനങ്ങളെപ്പറ്റിയും അവൻ മനുഷ്യരിൽ പ്രയോഗിക്കുന്ന തന്ത്രങ്ങളെപ്പറ്റിയും നാം ബോധവാന്മാരായിരിക്കേണ്ടിയിരിക്കുന്നു. 'സാത്താൻ നമ്മെ തോല്പ്പിക്കരുത്; അവന്റെ തന്ത്രങ്ങളെ നാം അറിയാത്തവരല്ലല്ലോ' (2 കൊരി. 2:11) എന്നും 'പിശാചിന്റെ തന്ത്രങ്ങളോടു എതിർത്ത്നില്പ്പീൻ' (എഫെ. 6:11) എന്നും, 'നിങ്ങളുടെ പ്രതിയോഗിയായ പിശാച്' (1 പത്രൊ. 5:8) എന്നും പറഞ്ഞിരിക്കുന്നത് നാം ഗൗരവമായി എടുക്കേണ്ടിയിരിക്കുന്നു. ദൈവജനം കർത്താവിലും അവന്റെ അമിതബലത്തിലും ശക്തിപ്പെട്ട്, ദൈവത്തിന്റെ സർവ്വായുധവർഗ്ഗം ധരിച്ചുകൊണ്ട് സാത്താനോട് പേരാടി ഒരു വിജയകരമായ ക്രിസ്തീയജീവിതം നയിക്കുവാൻ കർത്താവ് ഏവർക്കും കൃപ നൽകട്ടെ എന്ന് പ്രാർത്ഥിക്കുന്നു. ഇത്രയും കാര്യങ്ങൾ മുഖവുരയായി പറഞ്ഞുകൊണ്ട് സാത്താനെക്കുറിച്ചുള്ള വിശദമായ പഠനത്തിലേക്ക് പ്രവേശിക്കാം.

## a) സാത്താന്റെ ഉത്ഭവം

വിശുദ്ധസത്യവേദപുസ്തകത്തിലെ ആദ്യത്തെ പുസ്തകമായ ഉല്പത്തിയിൽ സാത്താന്റെ രംഗപ്രവേശനവും, അവസാനപുസ്തകമായ വെളിപ്പാടിൽ അവന്റെ അന്ത്യന്യായവിധിയെപ്പറ്റിയും വെളിപ്പെടുത്തി തന്നിരിക്കുന്നു. അങ്ങനെ തിരുവചനത്തിൽ ആദിയോടന്തം സാത്താന്റെ വാഴ്ച, അധികാരം, പ്രവർത്തനം, ലക്ഷ്യം എല്ലാം രേഖപ്പെടുത്തിയിരിക്കുന്നതിനാൽ തിരുവചനം

വിശ്വസിക്കുന്ന ഒരുവനു മാത്രമെ സാത്താന്റെയും ഭൂതങ്ങളുടെയും പ്രവർത്തനങ്ങളെക്കുറിച്ച് മനസ്സിലാക്കുവാൻ കഴിയുകയുള്ളു.

ദൈവം ദൂതന്മാരെയും മനുഷ്യനെയും സൃഷ്ടിച്ചതുപോലെ സാത്താനെയും അവന്റെ ദൂതന്മാരെയും സൃഷ്ടിച്ചിട്ടില്ല. പിന്നെ സാത്താനും അവന്റെ ദൂതന്മാരും എങ്ങനെ ഉണ്ടായി എന്ന ചോദ്യത്തിന് തിരുവചനം വ്യക്തമായ തെളിവ് തരുന്നുണ്ട്. ഇതിനാധാരമായി താഴെ പറയപ്പെടുന്ന വേദഭാഗങ്ങൾ ശ്രദ്ധിക്കുക.

"അരുണോദയപുത്രനായ ശുക്രാ, നീ എങ്ങനെ ആകാശത്തുനിന്നു വീണു! ജാതികളെ താഴ്ത്തിക്കളഞ്ഞവനേ, നീ എങ്ങനെ വെട്ടേറ്റു നിലത്തുവീണു? ഞാൻ സ്വർഗ്ഗത്തിൽ കയറും; എന്റെ സിംഹാസനം ദൈവത്തിന്റെ നക്ഷത്രങ്ങൾക്ക് മീതെ വെക്കും; ഉത്തരദിക്കിന്റെ അതിർത്തിയിൽ സമാഗമപർവ്വതത്തിന്മേൽ ഞാൻ ഇരുന്നരുളും; ഞാൻ മേഘോന്നതങ്ങൾക്ക് മീതെ കയറും, ഞാൻ അത്യുന്നതനോട് സമനാകും എന്നല്ലോ നീ ഹൃദയത്തിൽ പറഞ്ഞത്" (യെശ. 14:12-14) (How are you fallen from heaven, O Lucifer, son of the morning! how are you cut down to the ground....)

"നിഗളിച്ചിട്ടു പിശാചിനു വന്ന ശിക്ഷാവിധി" എന്ന് 1 തിമൊ. 3:6-ൽ പറഞ്ഞിരിക്കുന്നു.

'തങ്ങളുടെ വാഴ്ച കാത്തുകൊള്ളാതെ സ്വന്തം വാസസ്ഥലം വിട്ടുപോയ ദൂതന്മാർ' എന്ന് യൂദായുടെ ലേഖനത്തിൽ പറഞ്ഞിരിക്കുന്നു (യൂദാ 6).

'പാപം ചെയ്ത ദൂതന്മാരെ ദൈവം ആദരിക്കാതെ അന്ധതമസ്സിന്റെ ചങ്ങലയിട്ട് നരകത്തിലാക്കി'.... എന്ന് 2 പത്രൊ. 2:4-ൽ പറഞ്ഞിരിക്കുന്നു.

മുകളിൽ ഉദ്ധരിച്ച വാക്യങ്ങളുടെ വെളിച്ചത്തിൽ നിഗളവും (Pride), അവിശ്വസ്തതയും, ദൈവത്തോടുള്ള മത്സരവും കാരണത്താൽ ദൈവം ശിക്ഷിച്ച് തന്നെ ആക്കിയിരുന്ന സ്ഥാനത്തുനിന്നും പദവിയിൽനിന്നും തള്ളിക്കളഞ്ഞ ശ്രേഷ്ഠദൂതനായിരുന്ന ലൂസിഫെറും തന്റെ അനുയായികളുമാണ് സാത്താനും അഥവാ പിശാചും അവന്റെ ദൂതന്മാരും എന്ന വ്യാഖ്യാനം എല്ലാവേദപഠിതാക്കളും അംഗീകരിച്ചിട്ടുള്ളതാകുന്നു. ഈ ലൂസിഫെർ, സാത്താനായി പരിണമിക്കുന്നതിനുമുൻപ് തന്റെ സൃഷ്ടിപ്പ് താൻ ആരായിരുന്നു, എവിടെ ആയിരുന്നു, തന്റെ പദവി ഇതെല്ലാം തിരുവചനം വ്യക്തമാക്കിത്തരുന്നുണ്ട്. ചില വേദഭാഗങ്ങൾ ശ്രദ്ധിക്കുക.

“നീ മാതൃകാ മുദ്രയാകുന്നു; നീ ജ്ഞാനസമ്പൂർണ്ണനും സൌന്ദര്യപൂർണ്ണനും തന്നേ. നീ ദൈവത്തിന്റെ തോട്ടമായ ഏദെനിൽ ആയിരുന്നു; താമ്രമണി, പീതരത്നം, വജ്രം, പുഷ്പരാഗം, ഗോമേദകം, സൂര്യകാന്തം, നീലക്കല്ല്, മാണിക്യം, മരതകം മുതലായ സകല രത്നങ്ങളും നിന്നെ മൂടിയിരുന്നു; നിന്നെ തീർത്തനാളിൽ നിന്നിൽ ഉള്ള തടങ്ങളുടെയും, കൂടുകളുടെയും പണി പൊന്നുകൊണ്ടുള്ളതായിരുന്നു. നീ ചിറകു വിടർത്തി മറയ്ക്കുന്ന കെരൂബ് ആകുന്നു. ഞാൻ നിന്നെ വിശുദ്ധദേവപർവ്വതത്തിൽ ഇരുത്തിയിരുന്നു. നീ അഗ്നിമയരഥങ്ങളുടെ മദ്ധ്യേ സഞ്ചരിച്ചുപോന്നു. നിന്നെ സൃഷ്ടിച്ച നാൾമുതൽ നിങ്കൽ നീതികേടു കണ്ടതുവരെ നീ നടപ്പിൽ നിഷ്ക്കളങ്കനായിരുന്നു. നിന്റെ വ്യാപാരത്തിന്റെ പെരുപ്പം നിമിത്തം നിന്റെ അന്തർഭാഗം സാഹസംകൊണ്ട് നിറഞ്ഞ് നീ പാപം ചെയ്തു; അതുകൊണ്ട് ഞാൻ നിന്നെ അശുദ്ധൻ എന്ന് എണ്ണി ദേവപർവ്വതത്തിൽനിന്നു തള്ളിക്കളഞ്ഞു; മറെയ്ക്കുന്ന കെരൂബേ, ഞാൻ നിന്നെ അഗ്നിമ

യരഥങ്ങളുടെ മദ്ധ്യേ നിന്ന് മുടിച്ചുകളഞ്ഞു. നിന്റെ സൌന്ദര്യം നിമിത്തം നിന്റെ ഹൃദയം ഗർവ്വിച്ചു, നിന്റെ പ്രഭനിമിത്തം നീ നിന്റെ ജ്ഞാനത്തെ വഷളാക്കി, ഞാൻ നിന്നെ നിലത്ത് തള്ളിയിട്ടു (യെഹ. 28:12-17).

ലൂസിഫെറിനെ ദൈവം എപ്രകാരം സൃഷ്ടിച്ചുവെന്നും, തന്നെ ആക്കിവച്ച പദവിയെക്കുറിച്ചും തന്റെ സ്ഥാനത്തുനിന്നും തള്ളിക്കയുവാനുള്ള കാരണങ്ങൾ എന്നിത്യാദി വിഷയങ്ങൾ മുകളിൽ പറയപ്പെട്ട വേദഭാഗത്തുനിന്നും മനസ്സിലാക്കുവാൻ കഴിയുന്നുവല്ലോ. എത്ര ഉന്നതമായ പദവിയും സ്ഥാനവും മഹത്വകരമായ ശുശ്രൂഷയുമാണ് താൻ വഹിച്ചിരുന്നതെന്നു കാണുക.

'നീ ജ്ഞാനസമ്പൂർണ്ണനും സൗന്ദര്യപൂർണ്ണനും തന്നേ (full of wisdom and perfect in beauty) എന്നു പറഞ്ഞിരിക്കുന്നു. അടുത്തുകൂടാത്ത വെളിച്ചത്തിൽ വസിക്കുന്ന, അത്യുന്നതനായ, വിശുദ്ധിയിൽ ഭയങ്കരനായ ദൈവത്തെ ദൂതന്മാർ രാപ്പകൽ വിശ്രമം കൂടാതെ ആരാധിക്കുമ്പോൾ, ആരാധനയ്ക്കു നേതൃത്വം കൊടുക്കുന്ന അവരുടെ പ്രധാനിയായ ദൂതനെ അതിമനോഹരമായും ജ്ഞാനം കൊണ്ടും, സൗന്ദര്യംകൊണ്ടും അവനു തുല്ല്യനായി മറ്റാരും ഇല്ലാതെവണ്ണം പ്രത്യേകമായി സൃഷ്ടിക്കപ്പെട്ടവനായിരുന്നു ഈ ലൂസിഫെർ എന്ന് മനസ്സിലാക്കാം. ഏറ്റവും ശോഭയുള്ള അതിമനോഹരമായ പന്ത്രണ്ടുതരം വിശിഷ്ഠരത്നങ്ങളാൽ അവൻ നിപുടനായിരുന്നു.

ദൈവസന്നിധിയിൽ ശുശ്രൂഷിക്കുന്നതിനും മഹത്വത്തിനും അലങ്കാരത്തിനുമായി മഹാപുരോഹിതനായ അഹരോനുവേണ്ടി ഉണ്ടാക്കിയ വിശുദ്ധവസ്ത്രത്തെപ്പറ്റി പറഞ്ഞിരിക്കുന്നത് (പുറ. 28:17-20), ലൂസിഫെറിനെ മൂടിയിരുന്ന രത്നങ്ങളോടുള്ള ബന്ധത്തിൽ ചിന്തനീയമാണ്.

**“അതിൽ കൽപതിപ്പായി നാലുനിര കല്ലു പതിക്കേണം”**

| | | |
|---|---|---|
| ഒന്നാമത്തെ നിര | : | താമ്രമണി, പീതരത്നം, മരതകം |
| രണ്ടാമത്തെ നിര | : | മാണിക്യം, നീലക്കല്ല്, വജ്രം |
| മൂന്നാമത്തെ നിര | : | പത്മരാഗം, വൈഡൂര്യം, സുഗന്ധികല്ല് |
| നാലാമത്തെ നിര | : | പുഷ്പരാഗം, ഗോമേദകം, സൂര്യകാന്തം |

മഹാപുരോഹിതനായ അഹരോൻ മുകളിൽ പറയപ്പെട്ട പന്ത്രണ്ടുതരം രത്നങ്ങൾ പതിച്ച ഏഫോദ് ധരിച്ചുകൊണ്ട് അഭിഷേകം ചെയ്യപ്പെട്ടവനായി അതിവിശുദ്ധസ്ഥലത്ത് ശുശ്രൂഷിച്ചിരുന്നതുപോലെ ലൂസിഫെർ മുകളിൽ പറയപ്പെട്ട വിശിഷ്ട രത്നങ്ങളാൽ അലംകൃതനായി ജ്ഞാനംകൊണ്ടും സൗന്ദര്യംകൊണ്ടും അഭിഷിക്തനായി ദൈവസിംഹാസനത്തിനടുത്ത് ശുശ്രൂഷിച്ചിരുന്നു എന്ന് മനസ്സിലാക്കാം. Every precious stone was your covering എന്നാണ് പറഞ്ഞിരിക്കുന്നത്. ദൈവസന്നിധിയിൽനിന്നും ഇറങ്ങിവന്ന പുതിയയെരുശലേം എന്ന വിശുദ്ധനഗരത്തിന്റെ അടിസ്ഥാനങ്ങൾ അലങ്കരിച്ചിരിക്കുന്നത് മുകളിൽ പറയപ്പെട്ട പന്ത്രണ്ടുതരം രത്നങ്ങളാലാണെന്ന് കാണുന്നു (വെളി. 21:19-20).

‘നീ ചിറക് വിടർത്തു മറയ്ക്കുന്ന കെരൂബ് ആകുന്നു’ എന്നത് ഇംഗ്ലീഷിൽ (you are the anointed cherub who covers); നീ അഭിഷിക്തനായ കെരൂബ് ആകുന്നു എന്ന് ദൂതന്മാരിൽ ലൂസിഫെറിനെക്കുറിച്ച് മാത്രമാണ് പറഞ്ഞിരിക്കുന്നത്. പ്രത്യേക ദൈവീകശുശ്രൂഷയ്ക്കായി അഹരോനെപ്പോലെ അഭിഷേകം ചെയ്ത് വേർതിരിക്കപ്പെട്ടവനായിരുന്നു എന്ന് മനസ്സിലാക്കാം.

‘നിന്നെ തീർത്തനാളിൽ നിന്നിൽ ഉള്ള തടങ്ങളുടെയും കൂടുകളുടെയും പണി പൊന്നുകൊണ്ടുള്ളതായിരുന്നു’ (the workmanship of your tabrets and of your pipes was prepared in you in the day that you were created) എന്നു പറഞ്ഞിരിക്കുന്നതിൽനിന്നും മനസ്സിലാക്കുന്നത്: സകലവിധ വാദ്യോപകരണങ്ങൾ ഉപയോഗിച്ച് പാടുന്ന ഓർക്കസ്ട്രയെക്കാൾ അതിമനോഹരമായ വാദ്യഘോഷങ്ങൾ അവനിൽ തീർത്തിരിക്കുന്ന തടങ്ങളിൽനിന്നും കൂടുകളിൽ നിന്നും (tabrets and pipes) പുറപ്പെടത്തക്കവണ്ണം അവനെ സൃഷ്ടിച്ചിരുന്നതായി മനസ്സിലാക്കാം. ദാനീയേൽ 3:15-ൽ പറഞ്ഞിരിക്കുന്ന സകലവിധ വാദ്യോപകരണങ്ങളും അവനിൽ നിർമ്മിതമായിരുന്നു എന്നു സാരം.

‘ഞാൻ നിന്നെ വിശുദ്ധവേദപർവ്വതത്തിൽ ഇരുത്തിയിരുന്നു’ (You were upon the Holy Mountain of God) എന്നത് അവന്റെ ഉന്നത പദവിയേയും സ്ഥാനത്തേയും കാണിക്കുന്നുവല്ലോ.

‘നീ അഗ്നിമയരഥങ്ങളുടെ മദ്ധ്യേ സഞ്ചരിച്ചുപോന്നു’ എന്നത് ഇംഗ്ലീഷ് ഭാഷാന്തരത്തിൽ ‘you have walked up and down in the midst of the stones of fire or you walked among the fiery stones’ അഗ്നിമയകല്ലുകളുടെ മദ്ധ്യേ സഞ്ചരിച്ചു എന്നതിനെപ്പറ്റി വേദപണ്ഡിതരുടെ ഇടയിൽ പല വ്യാഖ്യാനങ്ങളും ഉള്ളതായി കാണുന്നു. ഇത് യെഹെ. 10:2-ൽ പറഞ്ഞിരിക്കുന്ന തീക്കനൽ (coals of fire) എന്നും, അഗ്നിമയമായ രത്നങ്ങൾ പതിച്ച ദൈവസിംഹാസനത്തിന്റെ അടുത്തും അകലെയും (inner and outer circle) സഞ്ചരിക്കുന്നതിന് അവനുണ്ടായിരുന്ന പ്രത്യേക പദവിയെയും കാണിക്കുന്നു.

ലൂസിഫെർ നയിക്കുന്ന സ്വർഗ്ഗീയ ആരാധന എപ്രകാരമുള്ളതെന്ന് പറയുവാൻ ആർക്കും കഴികയില്ല.

സ്വർഗ്ഗീയ ആരാധനയുടെ ലീഡർസ്ഥാനം ലൂസിഫെറിൽ ആയിരുന്നതിനാൽ അവൻ ചിറകു വിടർത്തി ദൈവസിംഹാസനത്തിനു ചുറ്റും ചലിക്കുമ്പോൾ, ദൈവതേജസ്സ് ശോഭയുള്ള രത്നങ്ങളാൽ അലംകൃതമായ അവന്റെ മേലും ചിറകിന്മേലും വന്നു പതിയുമ്പോൾ അവനിലുള്ള "ബിൽറ്റ് ഇൻ ഓർക്കസ്ട്ര"യിൽ (built in orchestra) നിന്നും അതിമനോഹരമായ വാദ്യഘോഷനാദങ്ങൾ പുറപ്പെടുവിച്ചുകൊണ്ടിരുന്നു എന്നു കരുതാം. അപ്പോൾ ആറാറു ചിറകുള്ള സാറാഫുകൾ രണ്ടുകൊണ്ട് മുഖം മൂടി, രണ്ടുകൊണ്ടു കാൽ മൂടി, രണ്ടുകൊണ്ട് പറന്ന് ഒരുത്തനോട് ഒരുത്തൻ സൈന്യങ്ങളുടെ യഹോവ പരിശുദ്ധൻ പരിശുദ്ധൻ പരിശുദ്ധൻ എന്ന് ആർത്ത് ആരാധിക്കുമ്പോൾ മറ്റുള്ള ദൂതന്മാർ 'ആമേൻ' എന്ന് അത്യുച്ചത്തിൽ പറയും. അപ്പോൾ വേറൊരു കൂട്ടം ദൂതഗണം ഹല്ലേലൂയ്യാ സ്തുതി മുഴക്കി ദൈവത്തെ ആരാധിക്കും. സ്വർഗ്ഗീയ സൈന്യത്തിന്റെ ഒരു സംഘം ദൂതന്മാർ അത്യുന്നതങ്ങളിൽ ദൈവത്തിനു മഹത്വം എന്ന് പുകഴ്ത്തി ആരാധിക്കും. അങ്ങനെ പെരുവെള്ളത്തിന്റെ ഇരച്ചിൽപോലെയും തകർത്ത ഇടിമുഴക്കം പോലെയും അത്യുച്ചത്തിൽ കെരൂബുകളും, സാറാഫുകളും മറ്റു ദൂതന്മാരും അടങ്ങിയ സ്വർഗ്ഗീയ സൈന്യം, ലൂസിഫെറിന്റെ നേതൃത്വത്തിലും വാദ്യഘോഷത്തോടുംകൂടിയുള്ള സ്വർഗ്ഗീയ ആരാധനയുടെ മഹാത്മ്യം ഈ ഭൂമിയിലുള്ള ആർക്കുംതന്നെ വർണ്ണിപ്പാൻ കഴികയില്ല. നിന്നെ സൃഷ്ടിച്ച നാൾമുതൽ നിങ്കൽ നീതികേട് കണ്ടതുവരെ നീ നടപ്പിൽ നിഷ്ക്കളങ്കനായിരുന്നു എന്ന് പറഞ്ഞിരിക്കുന്നതിനാൽ, അവനിൽ അകൃത്യം കണ്ടതുവരെ അവന്റെ നേതൃത്വത്തിലായിരുന്നു ആരാധന നടന്നിരുന്നതെന്നു മനസ്സിലാക്കാം.

## b) ലൂസിഫെറിന്റെ പാപം

ഇത്ര മഹത്വകരമായ ശുശ്രൂഷ ചെയ്തുവന്ന ലൂസിഫെറിനെ ദൈവം ആക്കിയിരുന്ന സ്ഥാനത്തുനിന്നും തള്ളിക്കളയുവാനുള്ള കാരണത്തെപ്പറ്റി പറഞ്ഞിരിക്കുന്നത് ശ്രദ്ധിക്കുക:

'നിന്റെ വ്യാപാരത്തിന്റെ പെരുപ്പം നിമിത്തം നിന്റെ അന്തർഭാഗം സാഹസംകൊണ്ട് നിറഞ്ഞ് നീ പാപം ചെയ്തു; അതുകൊണ്ട് ഞാൻ നിന്നെ അശുദ്ധൻ എന്ന് എണ്ണി ദേവപർവ്വതത്തിൽനിന്നു തള്ളിക്കളഞ്ഞു; മറെയ്ക്കുന്ന കെരൂബേ, ഞാൻ നിന്നെ അഗ്നിമയരത്നങ്ങളുടെ മദ്ധ്യേ നിന്ന് മുടിച്ചുകളഞ്ഞു. നിന്റെ സൗന്ദര്യം നിമിത്തം നിന്റെ ഹൃദയം ഗർവ്വിച്ചു, നിന്റെ പ്രഭനിമിത്തം നീ നിന്റെ ജ്ഞാനത്തെ വഷളാക്കി" (യെഹെ. 28:1617).

"ഞാൻ സ്വർഗ്ഗത്തിൽ കയറും; എന്റെ സിംഹാസനം ദൈവത്തിന്റെ നക്ഷത്രങ്ങൾക്കുമീതെ വെക്കും; ഉത്തര ദിക്കിന്റെ അതിർത്തിയിൽ സമാഗമപർവ്വതത്തിന്മേൽ ഞാൻ ഇരുന്നരുളും; ഞാൻ മേഘോന്നതങ്ങൾക്കു മീതെ കയറും; ഞാൻ അത്യുന്നതനോടു സമനാകും എന്നല്ലോ നീ ഹൃദയത്തിൽ പറഞ്ഞത്" (യെശ. 14:13–14).

ലൂസിഫെറിൽ നിക്ഷിപ്തമായിരുന്ന സൗന്ദര്യം, പദവി എല്ലാം കണ്ടിട്ട് അവനിൽത്തന്നെ അവൻ നോക്കിയിട്ട് അവന്റെ ഹൃദയം നിഗളിച്ചു. അവന്റെ ഹൃദയം സാഹസംകൊണ്ട് നിറഞ്ഞു. അവൻ പറഞ്ഞു: അവന്റെ സിംഹാസനം നക്ഷത്രങ്ങൾക്കുമീതെ വെക്കും. അവനൊരു സിംഹാസനം ഉണ്ടായിരുന്നതായി ഇതിൽനിന്നും മനസ്സിലാക്കാമല്ലോ. അവൻ അത്യുന്നതനോടു സമനായിട്ട് ദൈവത്തെപ്പോലെ സമാഗമപർവ്വതത്തിന്മേൽ (mount of congregation) ഇരുന്നരുളും; ദൂതന്മാർ തന്നെയും ആരാധിക്കണം. ചുരുക്കിപ്പറഞ്ഞാൽ അവനും ഒരു ദൈവമാ

കണം. ഇങ്ങനെ ലൂസിഫെർ ചിന്തിച്ച് തീരുമാനിച്ചിട്ട് തന്റെ ജ്ഞാനം കൊണ്ടും പദവികൊണ്ടും അനേകം നിഷ്ക്കളങ്കരായ ദൂതന്മാരെ തന്റെ വശത്താക്കിയിട്ട് ദൈവത്തോട് മത്സരിച്ചിരിക്കാം അഥവാ മത്സരിക്കുവാൻ തീരുമാനിച്ചിരിക്കുന്ന ലൂസിഫെറിന്റെ ചിന്തയും നിരൂപണവും ദൈവം അറിഞ്ഞിട്ട് ലൂസിഫെറിനെയും അവനോടു ചേർന്ന സകല ദൂതന്മാരെയും അവരുടെ സ്ഥാനത്തു നിന്നും നീക്കിക്കളയുവാനായി ദൈവം തന്റെ പ്രധാന ദൂതനായ മീഖായേലിനോടു കല്പിച്ചു എന്ന് ന്യായമായി വിശ്വസിക്കാം. ലൂസിഫെറിന്റെ സൗന്ദര്യപൂർണ്ണിതമായ രത്നങ്ങൾ പതിച്ച ചിറകുകൾ മീഖായേൽ വെട്ടിക്കളഞ്ഞ് അവന്റെ സകല ആഡംഭരവും, സൌന്ദര്യവും തേജസ്സും ഇല്ലാതാക്കി അവനെയും അവനോടു ചേർന്നു മത്സരിച്ച സകല ദൂതന്മാരെയും അവരെ ആക്കിയിരുന്ന സ്ഥാനത്ത് നിന്നും പദവിയിൽനിന്നും തള്ളിക്കളഞ്ഞു. മീഖായേലിനോട് ദൈവം കല്പിച്ചെന്ന് പറയുവാനുള്ള കാരണം, 'നീ എങ്ങനെ വെട്ടേറ്റു നിലത്തുവീണു എന്ന് യെശ. 14:12-ൽ പറഞ്ഞിരിക്കുന്നതിനാൽ ലൂസിഫെറും തന്നോടുചേർന്ന ദൂതന്മാരും ദൈവത്തോട് മത്സരിച്ച് കാണുമെന്ന് വിശ്വസിക്കാം. ദൈവസന്നിധിയിൽ നില്ക്കുന്ന ഏറ്റവും ശക്തിയുള്ളതും വിശ്വസ്തനുമായ പ്രധാന ദൂതനാണ് മീഖായേൽ. അവൻ യുദ്ധവീരനാണ്. ദൈവത്തിന്റെ സർവ്വസൈന്യാധിപനാണ്. അവനോട് ആർക്കും പൊരുതി നില്പ്പാൻ കഴികയില്ല. മീഖായേലിനെക്കുറിച്ച് കൂടുതലായി ഒന്നാം അദ്ധ്യായത്തിൽ പറഞ്ഞിരിക്കുന്നത് കാണുക.

## c) സൌന്ദര്യം നഷ്ടപ്പെട്ട ലൂസിഫെർ

"നീ എങ്ങനെ വെട്ടേറ്റു നിലത്തു വീണു" (യെശ. 14:12).

"ഞാൻ നിന്നെ അഗ്നിമയരഥങ്ങളുടെ മദ്ധ്യേനിന്നു മുടിച്ചുകളഞ്ഞു" (യെഹെ. 28:16).

മീഖായേലിന്റെ വെട്ടേറ്റ് ചിറക് അറ്റവനായി സൌന്ദര്യവും പ്രഭയും തേജസ്സും നഷ്ടപ്പെട്ട ലൂസിഫെർ ഭീതിതവും ഭയാനകവുമായ അവസ്ഥയിലേക്ക് മാറ്റപ്പെട്ടു. ആദാം ഹവ്വാമാർ പാപം ചെയ്ത് ദൈവതേജസ്സ് നഷ്ടപ്പെട്ടപ്പോൾ അവർ നഗ്നരെന്നറിഞ്ഞിട്ട് അരയാട ഉണ്ടാക്കി അവരുടെ നഗ്നത മറച്ചു. എന്നാൽ ലൂസിഫെർ പാപം ചെയ്ത് ദൈവതേജസ്സും സൌന്ദര്യവും നഷ്ടപ്പെട്ട് പുറത്താക്കപ്പെട്ടപ്പോൾ അവന് നാണമോ, ലജ്ജയോ തോന്നിയില്ല. അവൻ ചെയ്തത് തെറ്റാണെന്നുള്ള ചിന്ത അവനെ ലവലേശം ബാധിച്ചിരുന്നില്ല.

നെബൂഖദ്നേസർ രാജാവ് ഏറ്റവും മഹാനും പ്രബലനുമായിത്തീർന്നപ്പോൾ അവന്റെ ഹൃദയം നിഗളിച്ചു. അതുനിമിത്തം ദൈവം അവനു വരുത്തിയ ന്യായവിധി ലൂസിഫെറിനോടുള്ള ബന്ധത്തിൽ ചിന്തനീയമാണ്. മനോഹരമായ രത്നങ്ങൾ പതിച്ച ശോഭയുള്ള തങ്കക്കിരീടം ചൂടി രാജവസ്ത്രം ധരിച്ച് പ്രതാപത്തിൽ വാണിരുന്നവൻ നിമിഷത്തിനുള്ളിൽ ചക്രവർത്തി സ്ഥാനത്തുനിന്നും മാറ്റപ്പെട്ട് പുല്ലുതിന്നുന്ന മൃഗമാക്കി മാറ്റിയത് അവന്റെ നിഗളം കാരണമായിരുന്നല്ലോ.

ഒരിക്കൽ മോശെയുടെ മൂത്ത സഹോദരി മിര്യാംപ്രവാചകി ദൈവഭൃത്യനായ മോശെക്കു വിരോധമായി സംസാരിച്ച് മത്സരഭാവം കാണിച്ചു. ദൈവം അവളെ ന്യായംവിധിച്ച്, അവൾ കുഷ്ഠരോഗിണിയായി മാറി, പാളയത്തിനു പുറത്താക്കി ഒരു കൂടാരത്തിൽ അടച്ചിട്ടു (സംഖ്യ 12:1-15).

മറ്റൊരു സന്ദർഭത്തിൽ കോരഹ് എന്ന മനുഷ്യൻ, ദാഥാൻ അബീരാം, ഓൻ എന്നിവരെയും വേറെ 250 സഭാ

പ്രധാനികളും പ്രമാണികളുമായവരെ കൂട്ടി മൊശെക്കും അഹരോനും വിരോധമായി കൂട്ടംകൂടി മത്സരിച്ചു. മത്സരിച്ച എല്ലാവരെയും ദൈവം ന്യായംവിധിച്ചു. അവരുടെ കുടുംബങ്ങളെയും അവർക്കുള്ള സർവ്വസമ്പത്തിനെയും ഭൂമി വായ് പിളർന്ന് ജീവനോടെ വിഴുങ്ങിക്കളഞ്ഞു. അവർ എല്ലാവരും ജീവനോട് പാതാളത്തിലേക്ക് ഇറങ്ങി (സംഖ്യ 16:1–33).

ദൈവത്തോടും ദൈവദാസന്മാരോടും മത്സരിക്കുന്നതിന്റെ അനന്തരഫലം എന്താണെന്നും, ദൈവം തരുന്ന നന്മകളും അനുഗ്രഹങ്ങളും ഉയർച്ചകളും പദവികളും നമ്മുടെ ജീവിതത്തിൽ ലഭിക്കുമ്പോൾ അറിഞ്ഞോ അറിയാതെയോ അഹങ്കാരവും നിഗളവും ഉണ്ടായാൽ ദൈവ ന്യായവിധിയിൽ നിന്നും ആർക്കും ഒഴിവുള്ളതല്ല എന്ന് മുകളിൽ ഉദ്ധരിച്ച അനുഭവങ്ങൾ നമ്മെ പഠിപ്പിക്കുന്നു.

“മത്സരം ആഭിചാരദോഷംപോലെയും ശാഠ്യം മിത്ഥ്യാപൂജയും, വിഗ്രഹാരാധനയും പോലെയും ആകുന്നു.” (1 ശമു. 15:23) മത്സരം യഹോവ വെറുക്കുന്നു.

❑

# 28

# സാത്താന്റെ അടിയന്തിര മീറ്റിംഗ്

ആദിമ മനുഷ്യരായ ആദമിനെയും ഹവ്വായെയും ദൈവം സൃഷ്ടിച്ച് ഏദെൻ തോട്ടത്തിലാക്കി. അവർ എന്നും ദൈവവുമായി കൂട്ടായ്മ പുലർത്തി ജീവിച്ചുപോന്നു. എത്രനാൾ അവർ ദൈവം കൊടുത്ത കല്പന ലംഘിക്കാതെ ജീവിച്ചു എന്ന് പറയുവാൻ കഴികയില്ല. അവർ ദൈവകല്പന ലംഘിക്കാതെ ദൈവവുമായുള്ള നിരന്തരകൂട്ടായ്മ ബന്ധത്തിൽ ആയിരുന്ന കാലത്ത് ദൈവത്തിന്റെ എല്ലാവിധ അനുഗ്രഹസമൃദ്ധിയും പ്രാപിച്ച് സന്തോഷമുള്ളവരായി കഴിഞ്ഞു. എന്നാൽ സാത്താന്റെ കണ്ണ് ഈ കുടുംബത്തിന്മേൽ പതിഞ്ഞു. ദൈവീക പദ്ധതിയേയും ഈ കുടുംബത്തെയും തകർക്കുവാനുള്ള പദ്ധതി ആസൂത്രണം ചെയ്യുന്നതിനായി സാത്താൻ തീരുമാനിച്ചു. (തുടർന്നുള്ള ഭാഗം ഈ ഗ്രന്ഥകാരന്റെ അഭിപ്രായമാണെന്ന് പ്രസ്താവിച്ചുകൊള്ളട്ടെ.)

സാത്താൻ തന്റെ എല്ലാ പരിവാരത്തെയും വിളിച്ചുകൂട്ടി താൻ അദ്ധ്യക്ഷസ്ഥാനം ഏറ്റെടുത്ത് മുഖവുരയായി പ്രസ്താവിച്ചത്: ഞാൻ നിങ്ങളെ എല്ലാവരെയും അടിയന്തിരമായി വിളിച്ചുകൂട്ടിയത് ഒരു അതിപ്രധാന കാര്യം ചർച്ച ചെയ്യുന്നതിനുവേണ്ടിയാണ്. ദൈവം നമ്മെ

നമ്മുടെ സ്ഥാനത്തുനിന്നും പദവിയിൽനിന്നും തള്ളിക്ക ളഞ്ഞത് നിങ്ങൾ ഏവർക്കും അറിയാമല്ലോ. നമുക്ക് പാർപ്പാൻ ഇടമില്ലാതെ ഇപ്പോൾ ഉഴന്ന് നടക്കുന്നു. നാം ഇങ്ങനെ ചിന്നിച്ചിതറി ആയിരിപ്പാൻ പാടില്ല. നമുക്ക് ഒത്തൊരുമിച്ച് നിന്ന് ദൈവത്തിനും ദൈവീകപദ്ധതി കൾക്കും എതിരായി പ്രവർത്തിക്കണം. നമുക്കൊരു സാമ്രാജ്യം കെട്ടിപ്പടുക്കണം. നേതാവിന്റെ തീപ്പൊരി സംഭാഷണത്തിങ്കൽ എല്ലാ കുട്ടിപ്പിശാചുക്കളും എണീറ്റ് കയ്യടിച്ച് അഭിപ്രായത്തെ അഭിനന്ദിച്ച് പിൻതാങ്ങി. സാത്താൻ എല്ലാവരെയും ശാന്തമാക്കിയിട്ട് തുടർന്നു; ദൈവം ഇതാ മനുഷ്യനെ സൃഷ്ടിച്ച് ഏദെൻ തോട്ടത്തിൽ ആക്കിയിരിക്കുന്നു. അവൻ സകല ഭൂചരജന്തുക്കളെയും പറവജാതികളെയും അടക്കി വാഴുന്നു. അവർ എന്നും തോട്ടത്തിലെ കായ്കനികൾ ഭക്ഷിച്ച് തന്റെ ഭാര്യയുമായി സന്തോഷിച്ചു കഴിയുന്നു. മാത്രമല്ല; അവർ എന്നും ദൈവ വുമായി കൂട്ടായ്മ പുലർത്തി സന്തുഷ്ടരായി കഴിയുന്നു. അവർ വർദ്ധിച്ചു പെരുകി ഈ തോട്ടത്തിൽ നിത്യം കഴി യും. ദൈവത്തിന്റെ ഈ പദ്ധതിയെ നമുക്ക് ഒരുമിച്ച് തകർക്കണം. ഇത് ചിന്തിച്ച് ഒരു തീരുമാനം എടുക്കുവാൻ വേണ്ടിയാണ് നിങ്ങളെ എല്ലാവരെയും വിളിച്ചുകൂട്ടിവരു ത്തിയിരിക്കുന്നത്. എല്ലാ കുട്ടിപ്പിശാചുക്കളും ഒരുപോലെ എണീറ്റ് കൈ ഉയർത്തി സാത്താൻ പറഞ്ഞതിനെ പിൻതാങ്ങി. സാത്താൻ എല്ലാവരോടും ഇരിക്കാൻ പറ ഞ്ഞിട്ട്: നിങ്ങൾ എല്ലാവരും ഞാൻ പറഞ്ഞത് അംഗീക രിച്ചതിൽ അഭിനന്ദനവും, നന്ദിയും അറിയിക്കുന്നു എന്ന് പറഞ്ഞിട്ട്, ഈ പദ്ധതിയെ തോല്പിക്കുവാൻ എങ്ങനെ കഴിയുമെന്ന് നിങ്ങൾക്ക് അഭിപ്രായം പറയാം എന്ന് പറ ഞ്ഞിട്ട് സാത്താൻ ഇരുന്നു.

നമ്മുടെ സഭകളിലെ ജനറൽബോഡി മീറ്റിംഗിലും (General Body meeting) കോൺഫ്രൻസ് (Conference)

കളിലും റിപ്പോർട്ട് വായിച്ച് കഴിയുമ്പോൾ ഓരോരുത്ത രായി എഴുന്നേറ്റ് ഓരോ അഭിപ്രായങ്ങൾ പറയുന്നതു പോലെ ചില കുട്ടിപ്പിശാചുക്കൾ എഴുന്നേറ്റ് ഓരോ അഭി പ്രായങ്ങൾ പറഞ്ഞ് അന്തരീക്ഷം അലങ്കോലമാകുവാൻ തുടങ്ങി. സാത്താൻ എഴുന്നേറ്റ് എല്ലാവരേയും ശാന്ത മാക്കി കഴിഞ്ഞപ്പോൾ ഒരു ദുഷ്ടാത്മാവ് (cunning spirit) എഴുന്നേറ്റു പറഞ്ഞു: അല്ലയോ ലീഡറേ, അങ്ങ് ദൈവ ത്തോടുകൂടെ ആയിരുന്നുവല്ലോ, അങ്ങുതന്നേ പ്രവർത്തിച്ച് നമ്മുടെ ഈ പദ്ധതി വിജയിപ്പിക്കുക; അതു കണ്ടിട്ട് അങ്ങയിൽ നിന്ന് ഞങ്ങൾക്ക് പല തന്ത്രങ്ങൾ പഠിക്കുവാനും കഴിയും. ഈ പദ്ധതി വിജയിച്ചാൽ അങ്ങ് ഞങ്ങളുടെ ദൈവമായിരിക്കും. അങ്ങ് പറയുന്നത് ഞങ്ങൾ എല്ലാവരും അനുസരിക്കുകയും ചെയ്തു കൊള്ളാം എന്ന് പറഞ്ഞപ്പോൾ എല്ലാവരും ഐകക ണ്ഠ്യേന കൈയ്യടിച്ച് ആ ചുമതല സാത്താനെ ഏല്പിച്ചു.

## സാത്താന്റെ ആദ്യത്തെ തന്ത്രം

എല്ലാവരും സാത്താനെ ഭരമേല്പിച്ച കാര്യമല്ലേ? സാത്താൻ തന്റെ കഴിവിനേയും പിശാചുക്കൾ പറഞ്ഞ തിനേയും ഒന്ന്വിലയിരുത്തി ചിന്തിച്ചു. താൻ ദൈവത്തിന് തുല്ല്യനായിത്തീരുവാൻ ആഗ്രഹിച്ചു. പക്ഷേ, പറ്റിയില്ല. എന്നാൽ ഇപ്പോളിതാ എല്ലാവരും എന്നെ അവരുടെ ദൈവമാക്കാമെന്നും ഞാൻ പറയുന്നതെല്ലാം അവർ അനു സരിച്ചുകൊള്ളാമെന്നും സമ്മതിക്കുന്നു. ദൈവം കല്പി ക്കുന്നതെല്ലാം ദൈവദൂതന്മാർ ചോദ്യം ചെയ്യാതെ അനു സരിക്കുന്നല്ലോ. അതുകൊണ്ട് ഇതിൽ തോല്ക്കുവാൻ പാടില്ല. ഇതു വിജയിപ്പിച്ചേ തീരു.

(സാത്താൻ സ്ത്രീയിൽ പ്രയോഗിച്ച തന്ത്രത്തിൽ വീണ് ദൈവകല്പന ലംഘിച്ചത് ഈ ഗ്രന്ഥത്തിലെ രണ്ടാം ഭാഗം ആത്മാവ് സംബന്ധമായ മരണം എന്ന

അദ്ധ്യായത്തിൽ വിവരിച്ചിരിക്കുന്നതിനാൽ കൂടുതൽ വിശദീകരണത്തിനു തുനിയുന്നില്ല.)

സാത്താൻ തന്റെ തന്ത്രം പ്രയോഗിച്ച് വിജയിച്ചതിൽ സന്തുഷ്ടനായി ജയഭേരി മുഴക്കിക്കൊണ്ട് തന്റെ പരിവാരങ്ങളെ വിവരം അറിയിപ്പാനായി തോട്ടം വിട്ടുപോയി.

ചിലർ ചോദിക്കുന്ന ചോദ്യമാണ്: ഹവ്വാ ദൈവകല്പന ലംഘിക്കുമെന്ന് ദൈവത്തിനറിയാമായിരുന്നില്ലേ? പിന്നെ എന്തുകൊണ്ട് പാപം ചെയ്യുവാൻ അനുവദിച്ചു എന്ന്. ഉത്തരം: ദൈവം മനുഷ്യനെ സൃഷ്ടിച്ചപ്പോൾ മനുഷ്യന്റെ ഉള്ളിൽ ദൈവാത്മാവിനാൽ സ്വയസിദ്ധമായി നല്കിയിരിക്കുന്ന തീരുമാനശക്തിയുടെമേലും വ്യക്തിസ്വാതന്ത്ര്യത്തിന്മേലും (Freedom to choose and decision making power) ദൈവം തന്റെ ബലവും ശക്തിയും പ്രയോഗിച്ച് പാപം ചെയ്യാതിരിപ്പാൻ ആരിലും ഇടപെടുന്നില്ല അഥവാ ഒരു വ്യക്തിയെ പാപം ചെയ്യുന്നതിൽ നിന്നും തടയുന്നില്ല.

❑

# 29

# സാത്താനെ വിളിക്കുന്ന വിവിധ പേരുകൾ

ദൈവത്തിന് അനേക നാമങ്ങൾ ഉള്ളതുപോലെ സാത്താനും വിവിധ നാമങ്ങളാൽ അറിയപ്പെടുന്നു.

- പരീക്ഷകൻ : മത്താ. 4:3; 1 തെസ്സ. 3:5
- ഭൂതങ്ങളുടെ തലവൻ : മത്താ. 9:34, 12:24; മർക്കൊ. 3:22; ലൂക്കൊ. 11:15.
- ശത്രു : മത്താ. 13:39.
- ദുഷ്ടൻ : മത്താ. 13:19, 39; എഫെ. 6:16; 1 യോഹ. 2:13,14; 5:19.
- കുലപാതകൻ : യോഹ. 8:44
- ഭോഷ്ക്കു പറയുന്നവനും, ഭോഷ്ക്കിന്റെ അപ്പനും : യോഹ. 8:44
- ഈ ലോകത്തിന്റെ പ്രഭു : യോഹ. 12:31, 14:30, 16:11
- പാർസിരാജ്യത്തിന്റെ പ്രഭു : ദാനീ. 10:13
- ഈ ലോകത്തിന്റെ ദൈവം : 2 കൊരി. 4:4
- ആകാശമണ്ഡലത്തിലെ അധികാരി (അധിപതി): എഫെ. 2:2
- അന്ധകാരത്തിന്റെ ലോകാധിപതി : എഫെ. 6:12

- സ്വർല്ലോകത്തിലെ ദുഷ്ടാത്മസേനയുടെ അധിപതി: എഫെ. 6:12
- ഭൂലോകത്തെ മുഴുവൻ തെറ്റിച്ച് കളയുന്ന പിശാച് : വെളി. 12:9
- ദൈവജനത്തെ എപ്പോഴും കുറ്റം ചുമത്തുന്ന അപവാദി: വെളി. 12:10

(ദൈവജനത്തിനെതിരായി ഒരു വക്കീലിനെപ്പോലെ ദൈവത്തോടും ദൈവദൂതനോടും വാദിക്കുന്നവൻ (Accuser)

- പ്രതിയോഗി (Adversary) : 1 പത്രൊ. 5:8
- എതിർക്രിസ്തു : 1 യോഹ. 4:3
- ഉപായി : 2 കൊരി. 11:3
- വഞ്ചകൻ (ചതിയൻ) : 2 കൊരി. 11:3
- നാശയോഗ്യൻ : 2 തെസ്സ. 2:3
- അധർമ്മമൂർത്തി : 2 തെസ്സ. 2:3
- മഹാസർപ്പം : യെശ. 27:1, 51:9; വെളി.12:3,7,9; 13:2,20:2

❑

# 30
# സാത്താൻ
# ഈ ലോകത്തിന്റെ ദൈവം

“യേശുക്രിസ്തുവിന്റെ തേജസ്സുള്ള സുവിശേഷ ത്തിന്റെ പ്രകാശനം ശോഭിക്കാതിരിപ്പാൻ ‘ഈ ലോക ത്തിന്റെ ദൈവം’ അവിശ്വാസികളുടെ മനസ്സ് കുരുടാക്കി എന്ന് തിരുവചനം പറയുന്നു (2കൊരി. 4:4).

ആകാശവും ഭൂമിയും സൃഷ്ടിച്ച ദൈവത്തിന്റെ സ്വന്ത മായ ഈ ഭൂമിയും അതിലെ നിവാസികളും സാത്താന്റെ വകയായി കർത്തൃത്വം നടത്തുകയാണ്. ഭൂമിയും അതിന്റെ പൂർണ്ണതയും ഭൂതലവും അതിന്റെ നിവാസി കളും യഹോവയ്ക്കുള്ളതാകുന്നു (സങ്കീ. 24:1; 1 കൊരി. 10:26; ആവ. 10:14) എന്ന് തിരുവചനം പറയുമ്പോൾ സാത്താൻ പറയുന്നു: ഇതെല്ലാം സാത്താന്റേതാകുന്നു എന്ന്. സർവ്വലോകവും ദുഷ്ടന്റെ അധീനതയിൽ കിട ക്കുന്നു എന്ന് തിരുവചനം പറയുന്നതിനാൽ (1 യോഹ. 5:19) ഇന്ന് ലോകത്തെ ഭരിക്കുന്നതും നയിക്കുന്നതും സാത്താന്റെ സ്വാധീനത്താൽ ആണെന്നുള്ളതിന് സംശ യമില്ല. ഓരോ രാജ്യങ്ങളിൽ നടക്കുന്ന അക്രമം, അനീതി, അശുദ്ധി ഇവയെ ഒന്ന് വിശകലനം ചെയ്താൽ മനസ്സി ലാകും ഈ ലോകത്തിന്റെ അധിപതി സാത്താൻ തന്നെ യാണെന്ന്. സർവ്വലോകവും സാത്താന്റെ അധീനത യിലും അധികാരത്തിലും ആയതുകൊണ്ടാണല്ലോ യേശു

വിനെ സാത്താൻ പരീക്ഷിച്ചപ്പോൾ ലോകത്തിലെ സകല രാജ്യങ്ങളെയും ക്ഷണനേരത്തിൽ കാണിച്ചിട്ട് ഈ അധികാരം ഒക്കെയും അതിന്റെ മഹത്വവും എങ്കൽ ഏല്പിച്ചിരിക്കുന്നു, എനിക്ക് മനസ്സുള്ളവന് ഞാൻ കൊടുക്കുന്നു, നീ എന്നെ നമസ്ക്കരിച്ചാൽ അതെല്ലാം നിന്റേതാകും (ലൂക്കൊ. 4:5-7) എന്നു പറഞ്ഞത്.

സകലത്തെയും അടക്കി ഭരിക്കുവാനാണ് സാത്താൻ ഓരോ രാജ്യത്തിലുള്ള അധികാരികളിലും ജനങ്ങളിലും പ്രവർത്തിക്കുന്നത്. അവന്റെ മോഹം അത്യുന്നതനോടു സമനാകണമെന്നായിരുന്നുവല്ലോ. ദൈവത്തെ, ദൂതന്മാരും ദൈവജനവും ആരാധിക്കുന്നതുപോലെ സാത്താനെയും എല്ലാവരും ആരാധിക്കണമെന്ന് അവൻ ആഗ്രഹിക്കുന്നു. സ്വർഗ്ഗീയപിതാവായ ദൈവത്തിനുള്ളതുപോലെ സ്ഥാനവും, മാനവും, മഹത്വവും, ആരാധനയും, സാത്താനും ലഭിക്കേണ്ടതിനായി അവൻ എല്ലാവിധ തന്ത്രങ്ങളും പ്രയോഗിക്കുന്നു. യേശുവിന് ഇത് അറിയാവുന്നതുകൊണ്ടാണ് സാത്താനോട് "നിന്റെ ദൈവമായ കർത്താവിനെ നമസ്ക്കരിച്ച് അവനെ മാത്രമെ ആരാധിക്കാവൂ" എന്നു പറഞ്ഞത്.

സാത്താൻ ഈ ലോകത്തിന്റെ ദൈവം ആകയാൽ അവന് ദൈവത്തിനുള്ളതുപോലെ സിംഹാസനമുണ്ട്, ദൂതന്മാരുണ്ട്, ദുഷ്ടാത്മസേനകളുണ്ട്, ഈ ലോകത്തിൽ അവന് പള്ളികൾ ഉണ്ട്, ആരാധകരുണ്ട്. ചില വേദഭാഗങ്ങൾ പറയുന്നത് ശ്രദ്ധിക്കുക.

"നീ എവിടെ പാർക്കുന്നു എന്നും അതു സാത്താന്റെ സിംഹാസനം ഉള്ളയിടം എന്നും ഞാൻ അറിയുന്നു" (വെളി. 2:13).

"തങ്ങൾ യെഹൂദർ എന്നു പറയുന്നെങ്കിലും യെഹൂദരല്ല, സാത്താന്റെ പള്ളിക്കാരായവരുടെ ദൂഷണവും അറിയുന്നു" (വെളി. 2:9).

“യെഹൂദരല്ലാതിരിക്കെ യെഹൂദരെന്നു കളവായി പറയുന്ന ചിലരെ ഞാൻ സാത്താന്റെ പള്ളിയിൽ നിന്നു വരുത്തും” (വെളി. 3:9).

സാത്താനെ ആരാധിക്കുന്നവർ ലോകത്തിൽ എവിടെയും കാണാവുന്നതാണ്. അമേരിക്കയിൽ ചില സ്റ്റേറ്റുകളിൽ സാത്താന്റെ പള്ളികൾ ഉണ്ട്. രാത്രിയിലാണ് ഇവരുടെ ആരാധനയെന്നും ഈ ആരാധനയിൽ മൃഗങ്ങൾ, കോഴി ചിലപ്പോൾ മനുഷ്യബലിയും നടക്കുന്നതായി പറയപ്പെടുന്നു. അമേരിക്കയിൽ സാൻഫ്രാൻസിസ്കോ (sanfransisco)എന്ന പട്ടണത്തിൽ ഉള്ള സാത്താന്റെ പള്ളിയിലെ ആദ്യത്തെ ബിഷപ്പാണ് ‘സാൻഡോർ ലാവേ’ (Sandor La Vey) എന്ന് അവകാശപ്പെടുന്നു. ഇദ്ദേഹം സാത്താന്യബൈബിളും (Satanic Bible) പ്രസിദ്ധീകരിച്ചിട്ടുള്ളതായി പറയുന്നു. സാത്താന്യ ആരാധനയെപ്പറ്റിയുള്ള പല പുസ്തകങ്ങൾ ഇന്ന് ലഭ്യമാകുന്നതുകൊണ്ട് കൂടുതൽ വിശദീകരണത്തിലേക്ക് കടക്കുന്നില്ല.

പഴയനിയമകാലത്ത് ആരാധനയുടെ ഭാഗമായി ദൈവത്തിനു യാഗങ്ങൾ അർപ്പിച്ചതുപോലെ സാത്താൻ ജനത്തെ വശീകരിച്ച് ഭൂതങ്ങൾക്ക് ബലികൾ അർപ്പിച്ചതിനെപ്പറ്റി തിരുവചനത്തിൽ പറഞ്ഞിട്ടുണ്ട്. ചില വേദഭാഗങ്ങൾ ഉദ്ധരിക്കുന്നു.

“അവർ പരസംഗമായി പിന്തുടരുന്ന ഭൂതങ്ങൾക്കു ഇനി തങ്ങളുടെ ബലികൾ അർപ്പിക്കരുത്” (ലേവ്യ 17:7).

“അവർ ദുർഭൂതങ്ങൾക്കു ദൈവമല്ലാത്തവർക്ക് തങ്ങൾ അറിയാത്ത ദേവന്മാർക്കു ബലി കഴിച്ചു” (ആവ. 32:17).

“തങ്ങളുടെ പുത്രന്മാരെയും പുത്രിമാരെയും അവർ ഭൂതങ്ങൾക്കു ബലി കഴിച്ചു” (സങ്കീ. 106:37).

സാത്താൻ ഈ ലോകത്തിന്റെ ദൈവം മാത്രമല്ല;

പ്രഭുവും കൂടിയാണ് (യോഹ. 14:30). അവൻ പ്രഭു ആകയാൽ അവന് ആധിപത്യവും വാഴ്ചയും അധികാരവും ഉണ്ട്. ഈ ലോകം അവന്റെ ആധിപത്യത്തിൻ കീഴിലാകയാൽ അവൻ ഭൂമിയിൽ എല്ലായിടത്തും ഊടാടി സഞ്ചരിക്കുന്നു. അവന്റെ ദൃഷ്ടി സകല രാജ്യത്തിന്മേലും ഉണ്ട്. ഓരോ രാജ്യത്തിന്മേലും ആ രാജ്യത്തിലെ ഓരോ സംസ്ഥാനത്തിന്മേലും, ഓരോ ജില്ലകളിന്മേലും, ഓരോ താലൂക്കിന്മേലും, പഞ്ചായത്തിന്മേലും സാത്താൻ അവന്റെ ഇടപ്രഭുക്കന്മാരെയും (ലൂക്കൊ. 3:2-ൽ പറഞ്ഞിരിക്കുന്ന ഭരണകർത്താക്കളെപ്പോലെ) ദുഷ്ടാത്മാക്കളെയും അശുദ്ധാത്മാക്കളെയും ആക്കിവെച്ചിട്ടുണ്ട്. സത്യാരാധനയിലേക്കും സത്യദൈവത്തിങ്കലേക്കും ജനത്തെ സാത്താന്റെ അധീനതയിൽ നിന്നും വിടാതിരിക്കുക എന്നതാണ് അവരുടെ പ്രധാനലക്ഷ്യം.

ആദിമ നൂറ്റാണ്ടിൽ അപ്പൊസ്തലന്മാർ സുവിശേഷം അറിയിക്കുമ്പോൾ അവർക്കുനേരെ ഉപദ്രവങ്ങളും പീഡനങ്ങളും സാത്താൻ അഴിച്ചുവിട്ടതുപോലെ ഇന്നും സുവിശേഷവിരോധികളിൽ സാത്താൻ പ്രവർത്തിച്ച് ദൈവമക്കൾക്കും ദൈവദാസന്മാർക്കും നേരെ ഉപദ്രവങ്ങൾ സൃഷ്ടിക്കുക, സുവിശേഷം പ്രസംഗിക്കുന്നത് തടയുക മുതലായവ സാത്താന്റെ തന്ത്രങ്ങളാണ്. കാരണം സുവിശേഷം മൂലം ആത്മാക്കൾ വിടുവിക്കപ്പെടുമ്പോൾ അവന്റെ ആധിപത്യത്തിന്റെ ശക്തി ക്ഷയിക്കുകയാണല്ലോ.

ദേശത്തിന്റെ കാവല്ക്കാരാക്കി ദൈവജനത്തെ ആക്കിവെച്ചിരിക്കുന്നത് ഓരോ സ്ഥലത്തുള്ള ദൈവജനം ദേശത്തിന്റെ വിടുതലിനുവേണ്ടിയും അധികാരികൾക്കുവേണ്ടിയും ഉണർന്നിരുന്ന് പ്രാർത്ഥിപ്പാനായിട്ടാണെന്ന് ഓർത്തിരിക്കേണം.

❑

# 31
# മോശെയുടെ ശരീരത്തിനു വേണ്ടി വാദിക്കുന്ന സാത്താൻ

“പ്രധാന ദൂതനായ മീഖായേൽ മോശെയുടെ ശരീരത്തെക്കുറിച്ച് പിശാചിനോടു തർക്കിച്ചു വാദിക്കുമ്പോൾ ഒരു ദൂഷണവിധി ഉച്ചരിപ്പാൻ തുനിയാതെ: കർത്താവു നിന്നെ ഭത്സിക്കട്ടെ എന്നു പറഞ്ഞതേയുള്ളു (യൂദാ. വാ.9).

നീണ്ട നാല്പതുവർഷക്കാലം മിസ്രയീമിലും ചെങ്കടലിലും മരുഭൂമിയിലും അതിശയങ്ങളും അടയാളങ്ങളും ചെയ്ത് (അ.പ്ര. 7:36) അനേക കഷ്ടങ്ങളും പിറുപിറുപ്പും യുദ്ധങ്ങളും തരണം ചെയ്ത് തന്റെ ജനമായ യിസ്രായേലിനെ നയിച്ച മോശെയുടെ അന്ത്യനിമിഷത്തിലേക്ക് ഇതാ വന്നിരിക്കുന്നു. മോശെയ്ക്കിപ്പോൾ നൂറ്റിരുപതു വയസ്സുണ്ട്. താൻ വാർദ്ധകൃത്തിൽ എത്തിയെങ്കിലും തന്റെ കണ്ണിന്റെ കാഴ്ച മങ്ങുകയോ ദേഹബലം ക്ഷയിക്കുകയോ ചെയ്തിട്ടില്ല.

ദൈവം അരുളിച്ചെയ്ത നെബോപർവ്വതത്തെ ലക്ഷ്യമാക്കി ഇതാ താൻ തനിയെ മന്ദം മന്ദം നടന്നു നീങ്ങുന്നു. അനേകം അത്ഭുതങ്ങൾ പ്രവർത്തിച്ച ദൈവത്തിന്റെ വടി മാത്രം തന്റെ കയ്യിലുണ്ട്. ഓരോ ചുവട് എടുത്ത് വെയ്ക്കുമ്പോഴും ദൈവത്തിന്റെ കരം തന്നെ താങ്ങുന്ന

തായി അനുഭവപ്പെട്ടുകൊണ്ടിരുന്നു. അനേക ചിന്തകൾ തന്റെ മനസ്സിൽക്കൂടി കടന്നുപൊയ്ക്കൊണ്ടിരുന്നു. ദൈവം മുൾപടർപ്പിൽ പ്രത്യക്ഷപ്പെട്ട് തന്നെ വിളിച്ചതും തുടർന്ന് ഫറവോന്റെ മുമ്പിൽ വെച്ച് ചെയ്ത ഓരോ അത്ഭുതങ്ങൾ, തന്റെ ജനത്തെ ഫറവോന്റെ അടിമത്വ ത്തിൽ നിന്നും വിടുവിച്ചത്, ചെങ്കടലിനെ വിഭാഗിച്ചത് ഇതെല്ലാം തന്റെ കയ്യിലുള്ള വടിയെ നോക്കിക്കൊണ്ട് ചിന്തിക്കുവാൻ തുടങ്ങി. അങ്ങനെ പർവ്വതത്തിന്റെ മുക ളിൽ താൻ എത്തിയത് അറിഞ്ഞില്ല. പർവ്വതത്തിൽ പിസ്ഗാ മുകളിൽ എത്തിയപ്പോൾ 'മോശേ' എന്നു ദൈവം വിളിച്ചു. നാല്പതുവർഷത്തിനു മുൻപ് മുൾപ ടർപ്പിൽ വെച്ച് വിളിച്ച അതേ സ്വരം, തുടർന്ന് തന്നോടു സംസാരിച്ച അതേ ശബ്ദം. മോശെ കുനിഞ്ഞ് ദൈവത്തെ നമസ്ക്കരിച്ചു. തന്നെ ഒരു കരം സ്പർശിച്ചിട്ട് എഴു ന്നേൽക്കുക എന്ന് പറഞ്ഞു. പണ്ട് പാറയുടെ പിളർപ്പിൽ തന്നെ മറച്ച അതേ കൈയ്യുടെ സ്പർശനം (പുറ. 33:22). ഒരു സ്നേഹിതനോടു സംസാരിക്കുന്നതുപോലെ, യുദ്ധം ജയിച്ചുവന്ന സൈന്യാധിപനോട് രാജാവ് സംസാരിക്കു ന്നതുപോലെ യഹോവ മോശെയോടു സംസാരിക്കുന്നു. ഒടുവിൽ യഹോവ മോശയോട്: ഇതാ നോക്കുക, ഞാൻ അബ്രഹാമിനോടും യിസ്ഹാക്കിനോടും യാക്കോബി നോടും വാഗ്ദത്തം ചെയ്ത ദേശം. ആ ദേശം കൈവശ പ്പെടുത്തുന്നതിന് ഇനിയും അനേക യുദ്ധങ്ങൾ ചെയ്യു വാനുണ്ട്. അത് നീ യോശുവയെ ഭരമേല്പിച്ചുവല്ലോ. ഞാൻ യോശുവയോടു കൂടെയിരുന്ന് അവനെ ശക്തനാ ക്കും. അവൻ എന്റെ യുദ്ധങ്ങൾ ചെയ്യും. അവൻ അത് കൈവശമാക്കി വിഭാഗിച്ച് ജനത്തിന് കൊടുക്കും. നിന്റെ പ്രയാണകാലം ഇവിടംകൊണ്ട് അവസാനിക്കുന്നു. നീ ഇനിയും വിശ്രമിച്ചുകൊള്ളുക. അങ്ങനെ മോശെ യഹോ വയുടെ വചനപ്രകാരം അവിടെ മോവാബ് ദേശത്തുവച്ച്

മരിച്ചു (ആവ. 34:5). യഹോവയുടെ വായ്കൊണ്ടുള്ള അന്ത്യചുംബനത്തോടുകൂടി മോശെ മരിച്ചു എന്ന് യെഹൂദന്മാരുടെ ഇടയിൽ പറയപ്പെടുന്നു.

മോശെ മരിക്കുമ്പോൾ തന്നെ അടക്കുവാൻ ഒരു മനുഷ്യരും കാണരുതെന്നും മോശയെ അടക്കുന്ന സ്ഥലം ആരും അറിയരുതെന്നും ദൈവം മുന്നമെ നിശ്ചയിച്ചിരുന്നു. പ്രധാന ദൂതനായ മീഖായേൽ മോശെയുടെ ശരീരത്തെക്കുറിച്ച് പിശാചിനോടു തർക്കിച്ചു വാദിച്ചു എന്ന് പറഞ്ഞിരിക്കുന്നതിനാൽ മോശെയുടെ ശരീരം സംസ്കരിക്കുന്നതിന് ദൈവം പ്രധാനദൂതനായ മീഖായേലിനെ ഏല്പിച്ചു എന്ന് ന്യായമായി വിശ്വസിക്കാം. മീഖായേലും മറ്റു ദൂതന്മാരും ചേർന്ന് മോശെയുടെ ശരീരം അടക്കുവാൻ ശ്രമിച്ചപ്പോൾ എല്ലാം നിരീക്ഷിച്ചുകൊണ്ടിരുന്ന സാത്താൻ വെളിപ്പെട്ട് ശരീരത്തിന്മേൽ അവകാശം പറഞ്ഞ് തടഞ്ഞു.

യിസ്രായേൽ ജനം കാളക്കുട്ടിയെ വാർത്തുണ്ടാക്കി അതിനെ നമസ്കരിച്ച്, അതിന്റെ മുമ്പിൽ യാഗം കഴിച്ച് സന്തോഷിക്കുമ്പോൾ പർവ്വതത്തിൽ നിന്നും ഇറങ്ങിവന്ന മോശെ കാളക്കുട്ടിയെ എടുത്ത് തീയിൽ ഇട്ടു ചുട്ടു അരെച്ച് പൊടിയാക്കി വെള്ളത്തിൽ വിതറി യിസ്രായേൽ മക്കളെ കുടിപ്പിച്ചപ്പോൾ സാത്താൻ നിശ്ചയിച്ചതാണ് മോശെ മരിക്കുമ്പോൾ മോശെയുടെ ശരീരം യിസ്രായേൽ മക്കൾക്ക് എത്തിച്ചുകൊടുത്ത് അവരെ വിഗ്രഹാരാധികൾ ആക്കണം എന്നുള്ളത്. മീഖായേലും സാത്താനും മോശെയുടെ ശരീരത്തെക്കുറിച്ച് തർക്കിച്ച് വാദിച്ചു എന്നു രേഖപ്പെടുത്തിയിരിക്കുന്നതിനാൽ അവർ തമ്മിൽ ഉഗ്രതർക്കവും വാദവും നടന്നുവല്ലോ. എന്തു വിഷയം പറഞ്ഞാണ് തർക്കവും വാദവും നടന്നതെന്ന് വ്യക്തമല്ല. സാത്താൻ വലിയ ഉപായിയും, നുണപറഞ്ഞ് സംശയി

പ്പിക്കുന്നവനും (കൺഫ്യൂഷണലിസ്സം) ആണല്ലോ. സാത്താന്റെ ഉപായവും തന്ത്രവും പ്രയോഗിച്ച് എങ്ങനെ യെങ്കിലും മോശെയുടെ ശരീരം യിസ്രായേൽ ജനത്തിനു എത്തിച്ചുകൊടുക്കുന്നതിനുവേണ്ടി മോശെയുടെ പഴയ കാല കുറ്റങ്ങൾ ഓരോന്നും പറഞ്ഞ് തർക്കിക്കുവാൻ തുടങ്ങി. മോശെ ഒരു മിസ്രയീമിനെ അടിച്ച് കൊന്നതി നാൽ (പുറ. 2:12) മോശെ കുലപാതകനാണെന്നും, മോശെ ഒരു കൂശ്യസ്ത്രീയെ വിവാഹം കഴിച്ചതിനാൽ (സംഖ്യ. 12:1) ജാതികളോട് ഇടകലർന്നുവനെന്നും, ദൈവ കല്പന അനുസരിക്കാത്തവൻ (സംഖ്യ 20:7-12) എന്നും മോശെ വലിയ കോപിഷ്ടനെന്നും, ദൈവം കൊടുത്ത കല്പ്പലകകൾ എറിഞ്ഞ് പൊട്ടിച്ചവനാണെന്നും ഇങ്ങനെ ഓരോ ആരോപണങ്ങൾ പറഞ്ഞ് സാത്താൻ തർക്കിക്കു കയും വാദിക്കുകയും ചെയ്തു. സാത്താന്റെ അപവാദ ങ്ങൾ ഒന്നും ഭവിക്കാതെ വന്നപ്പോൾ ഒടുവിലായി സാത്താൻ പറഞ്ഞു: മോശെയുടെ ശരീരത്തിന്മേൽ സുഗ ന്ധവർഗ്ഗങ്ങൾ ഇട്ട് മോശെയുടെ ഭാര്യയും മക്കളും യസ്രാ യേൽ ജനം മുഴുവനും വിലാപംകഴിച്ച് അടക്കേണ്ടതിനു വിട്ടുതരിക അവരല്ലേ അടക്കേണ്ടത്. നോക്കുക സാത്താന്റെ കൌശലബുദ്ധി. മോശെയുടെ ശരീരം യിസ്രായേൽ ജനത്തിനു ലഭിച്ചാൽ യിസ്രായേൽ ഉള്ള കാലത്തോളും മോശെയെ അടക്കിയ സ്ഥലം പുണ്യസ്ഥ ലമായി പ്രഖ്യാപിക്കുകയും ചെയ്യും. അങ്ങനെ യിസ്രാ യേലിനെ മുഴുവൻ വിഗ്രഹാരാധികൾ ആക്കിത്തീർക്കു വാനായിരുന്നു സാത്താന്റെ ലക്ഷ്യം. എന്നാൽ വിശ്വസ്ഥ നായ മീഖായേലിനെ ദൈവം ഏല്പിച്ച ദൗത്യം അതേ പടി അനുസരിച്ചുകൊണ്ട് സാത്താന്റെ വാക്കിനൊന്നും വഴങ്ങാതെ ഒടുവിലായി സാത്താനെ ഭത്സിച്ച് അവിടെ നിന്നും ഓടിച്ചു കളഞ്ഞു. യുദ്ധവീരനായ മീഖായേലിനെ സാത്താന് നല്ലവണ്ണം അറിയാം. അവൻ മീഖായേലിന്റെ

വെട്ടേറ്റ് വീണവനല്ലേ. മോശെയെ അടക്കിയ സ്ഥലം ഇന്നുവരെ ആരും അറിയുന്നില്ല എന്ന് രേഖപ്പെടുത്തി യിരിക്കുന്നു.

മോശെയുടെ ശരീരത്തെക്കുറിച്ച് പ്രധാന ദൂതനായ മീഖായേൽ സാത്താനോടു തർക്കിച്ചു വാദിച്ചതിനെപ്പറ്റി വേദപണ്ഡിതന്മാരുടെ ഇടയിൽ പല അഭിപ്രായങ്ങൾ ഉണ്ട്. മോശെ മരിച്ചതിനുശേഷം തന്റെ ശരീരം അടക്കു ന്നത് തടസ്സപ്പെടുത്തിക്കൊണ്ട് സാത്താൻ വാദിച്ചെന്നും, മോശെയെ ദൈവം ഉയിർപ്പിച്ചതിനോടുള്ള ബന്ധത്തിൽ സാത്താൻ തടഞ്ഞ് വാദിച്ചെന്നുമുള്ള അഭിപ്രായങ്ങളാ ണുള്ളത്. ഇവിടെ മോശെയുടെ ഉയർപ്പിനെപ്പറ്റിയോ ആത്മാവിനെപ്പറ്റിയോ പറഞ്ഞിട്ടില്ല. മോശെയുടെ ശരീര ത്തെക്കുറിച്ചാണല്ലോ പിശാചും മീഖായേലും തമ്മിൽ തർക്കം ഉണ്ടായത്. യിസ്രായേൽ ജനത്തെക്കൊണ്ട് ദൈവ കല്പന ലംഘിപ്പിച്ച് വിഗ്രഹാരാധികളാക്കുവാനുള്ള പിശാചിന്റെ തന്ത്രമായിരുന്നു മോശെയുടെ ശരീരത്തിനു വേണ്ടി വാദിച്ചതിന്റെ പിന്നിലുള്ള രഹസ്യമെന്ന് ന്യായ മായി മനസ്സിലാക്കാമല്ലോ.

ഇത്ര വലിയവനായ മോശെക്ക് വാഗ്ദത്തദേശത്ത് പ്രവേശിക്കുവാൻ കഴിയാഞ്ഞത് തന്റെ കുറവായി ചിലർ സംസാരിക്കുന്നത് കേട്ടിട്ടുണ്ട്. എന്നാൽ മോശെയുടെ അന്ത്യം എത്ര അനുഗ്രഹീതമായിരുന്നുവെന്നു കാണു ക. ദൈവം നേരിട്ട് ഇറങ്ങിവന്ന് മോശെയുമായി സംസാ രിച്ച് കൂട്ടായ്മ ആചരിച്ചതിനുശേഷം ദൈവത്തിന്റെ അന്ത്യചുംബനത്തോടുകൂടി മരണം വരിച്ച മറ്റാരെങ്കിലും ഉണ്ടോ? ദൈവത്തിന്റെ സാന്നിദ്ധ്യത്തിൽ പ്രധാനദൂതന്റെ കാർമ്മികത്വത്തിൽ സ്വർഗ്ഗീയ സന്നാഹത്തോടെ മോശെക്ക് ലഭിച്ച ശവസംസ്ക്കാരംപോലെ ഭൂതലത്തിൽ വേറെ ആർക്കെങ്കിലും ലഭിച്ചിട്ടുണ്ടോ?

❑

# 32
# പരീക്ഷകൻ

സാത്താൻ പരീക്ഷകനാണ്. സാത്താൻ ദൈവത്തിന്റെ വൃതന്മാരെയാണ് പരീക്ഷിക്കുന്നത്. ദൈവത്തിന്റെ പ്രവർത്തി ചെയ്യുന്ന തന്റെ വിശുദ്ധന്മാരുടെമേൽ സാത്താൻ തന്ത്രങ്ങൾ പ്രയോഗിച്ച് ദൈവപ്രവൃത്തിയെ താറുമാറാക്കുവാൻ അവരുടെമേൽ ഉന്നംവെയ്ക്കുന്നു. ദൈവത്തോടുള്ള പ്രാർത്ഥന, ആരാധന, കൂട്ടായ്മ ഇവ ഇല്ലാതാക്കുവാനും തടസ്സപ്പെടുത്തുവാനും സാത്താൻ പല തന്ത്രങ്ങൾ പ്രയോഗിക്കുന്നു. ദൈവജനത്തെ വിശുദ്ധിയിൽ നിന്നും തെറ്റിച്ചുകളയുവാൻ നാനാ മോഹങ്ങളിൽ അകപ്പെടുത്തി ജഡീകരാക്കിത്തീർക്കുന്നു.

കർത്താവായ യേശുക്രിസ്തുവിൽക്കൂടെ ദൈവം മനുഷ്യവർഗ്ഗത്തിന് ഒരുക്കിയ രക്ഷ താറുമാറാക്കുക എന്നതായിരുന്നു സാത്താന്റെ ലക്ഷ്യം. ആദം ഹവ്വാമാരിൽ അവന്റെ തന്ത്രം വിജയിച്ചതുപോലെ യേശുവിനെയും പരീക്ഷിച്ച് തോല്പ്പിക്കുവാൻ സാത്താൻ തന്റെ തന്ത്രങ്ങൾ ഒരുക്കിക്കൊണ്ടിരുന്നു.

യേശു തന്റെ മുപ്പതാം വയസ്സിൽ പരസ്യശുശ്രൂഷ ആരംഭിച്ചു. യേശു യോഹന്നാന്റെ കൈക്കീഴിൽ സ്നാനം ഏറ്റപ്പോൾ സ്വർഗ്ഗത്തിൽ നിന്നും ‘ഇവൻ എന്റെ പ്രീയ പുത്രൻ; ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു എന്നുള്ള

ദൈവശബ്ദം കേൾക്കയും, പരിശുദ്ധാത്മാവിനാൽ നിറയപ്പെടുകയും (ലൂക്കൊ. 4:1) ചെയ്തശേഷം ആത്മാവിനാൽ മരുഭൂമിയിലേക്ക് നയിക്കപ്പെട്ടു. യേശു നാല്പത്ദിവസം ഉപവസിച്ചുകൊണ്ട് മരുഭൂമിയിൽ തനിച്ചായിരുന്നു. നാല്പത്ദിവസം ആഹാരം ഒന്നും കഴിക്കാതെ മരുഭൂമിയിലെ ചൂടും, കാറ്റും എല്ലാം സഹിച്ച് ശാരീരികമായി ക്ഷീണിച്ചും തളർന്നും വിശന്നും ഇരിക്കുന്ന തക്കം നോക്കി സാത്താൻ പ്രത്യക്ഷപ്പെട്ടു.

ഒരു വ്യക്തിയുടെ ജഡത്തിലെ ബലഹീനത നല്ല വണ്ണം മനസ്സിലാക്കിയശേഷം സാത്താൻ പ്രയോഗിക്കുന്ന തന്ത്രങ്ങളാണ് ജഡമോഹം, കണ്മോഹം, ജീവനത്തിന്റെ പ്രതാപം. ആദ്യത്തെ പരീക്ഷയിൽ തോല്പിക്കുവാൻ കഴിഞ്ഞില്ലങ്കിൽ അടുത്ത തന്ത്രം പ്രയോഗിക്കും. യേശുവിനു വിശന്നപ്പോൾ സാത്താൻ യേശുവിനോടു പറയുന്നു: നീ ദൈവപുത്രനെങ്കിൽ ഈ കല്ലിനോട് അപ്പമായിത്തീരുവാൻ കല്പിക്കുക എന്ന്. യേശു ദൈവപുത്രൻ എന്ന് സ്നാനപ്പെട്ടപ്പോൾ പിതാവായ ദൈവം നേരിട്ട് പറഞ്ഞതല്ലേ. യേശു ദൈവപുത്രനെന്ന് ഇതിനോടകം സാത്താന് നല്ലവണ്ണം അറിയാമായിരുന്നു. അശുദ്ധാത്മാവുള്ള ഒരു മനുഷ്യൻ യേശുവിനെ കണ്ടപ്പോൾ നിലവിളിച്ച് പറഞ്ഞത് "നസറായനായ യേശുവേ നീ ആർ എന്ന് ഞാൻ അറിയുന്നു, ദൈവത്തിന്റെ പരിശുദ്ധൻ തന്നേ" (മർക്കൊ. 1:23–24).

സാത്താന്റെ ആദ്യത്തെ പരീക്ഷ തോറ്റപ്പോൾ അവന്റെ അടുത്ത തന്ത്രമായ 'കണ്മോഹം' പ്രയോഗിച്ചു. അതിലും തോറ്റപ്പോൾ അവൻ അടുത്ത തന്ത്രം പ്രയോഗിച്ചു. അതിലും തോറ്റതോടുകൂടി അവന്റെ സകല പരീക്ഷയും തികച്ചിട്ട് കുറെകാലത്തേക്ക് യേശുവിനെ വിട്ടുമാറി (ലൂക്കൊ. 4:13).

തിരുവചനം പറയുന്നു: നിങ്ങൾ ലോകത്തെയും ലോകത്തിലുള്ളതിനേയും സ്നേഹിക്കരുതെന്നും, ഒരുവൻ ലോകത്തെ സ്നേഹിക്കുന്നുവെങ്കിൽ അവനിൽ പിതാവിന്റെ സ്നേഹം ഇല്ല എന്നും, ജഡമോഹം, കണ്മോഹം, ജീവനത്തിന്റെ പ്രതാപം ഇങ്ങനെ ലോകത്തിലുള്ളതെല്ലാം പിതാവിൽ നിന്നല്ല; ലോകത്തിൽ നിന്നത്രേ (1 യോഹ. 2:15-16). സാത്താന്റെ പരീക്ഷണശാലയിലെ മൂന്നു പ്രധാന ആയുധങ്ങളാണ് ജഡമോഹം(lust of the flesh), കണ്മോഹം (lust of the eyes), ജീവനത്തിന്റെ പ്രതാപം (pride of life)ഇവ മൂന്നും ജഡീകവും ലോകമയത്വവുമാണ്.

ഒന്നാം മനുഷ്യനായ ആദാമിനെ മണ്ണിൽ നിന്നും എടുത്ത് അവനെ ജീവനുള്ള ദേഹിയായി തീർത്തതാണ്. മണ്ണിൽ നിന്നും മെനഞ്ഞെടുത്ത ശരീരം (ജഡം) മണ്ണിനോട് അഥവാ ഈ ലോകത്തോട് ബന്ധപ്പെട്ടിരിക്കുകയാണ് (attached). മനുഷ്യന്റെ ജഡത്തെ തൃപ്തിപ്പെടുത്തുവാൻ മനുഷ്യൻ എല്ലാവിധ പാപങ്ങളും ജഡത്തിൽ ചെയ്യുന്നു. ജഡത്തെ തൃപ്തിപ്പെടുത്തുവാനും സന്തോഷിപ്പിക്കുവാനും പോഷിപ്പിക്കുവാനുമായി ജഡത്തിന്റെ പ്രവർത്തികളായ ദുർന്നടപ്പ്, അശുദ്ധി, മദ്യപാനം, വെറിക്കൂത്ത് മുതലായ പ്രവർത്തികൾ ചെയ്ത് ജഡത്തിനും സാത്താനും അടിമയാകുന്നു. വിശുദ്ധ പൌലൊസ് റോമർ, ഗലാത്യ ലേഖനങ്ങളിൽ ജഡത്തിന്റെ മോഹങ്ങളെക്കുറിച്ചും ജഡത്തിന്റെ പ്രവർത്തികളെക്കുറിച്ചും പറഞ്ഞിരിക്കുന്നത് വളരെ ഗൗരവമായി വിശ്വാസികൾ എടുക്കേണ്ടിയിരിക്കുന്നു. ചില വേദഭാഗങ്ങൾ ഓർപ്പിച്ച് ഉണർത്തേണ്ടതിനായി ചുവടെ ചേർക്കുന്നു.

“എന്നിൽ എന്നുവെച്ചാൽ എന്റെ ജഡത്തിൽ നന്മ വസിക്കുന്നില്ല എന്നു ഞാൻ അറിയുന്നു..” (റോമ. 7:18).

“ജഡസ്വഭാവമുള്ളവർ ജഡത്തിനുള്ളതും ആത്മസ്വ ഭാവമുള്ളവർ ആത്മാവിനുള്ളതും ചിന്തിക്കുന്നു” (റോമ. 8:5).

“ജഡത്തിന്റെ ചിന്ത മരണം” (റോമ. 8:6).

“ജഡത്തിന്റെ ചിന്ത ദൈവത്തോടു ശത്രുത്വം ആകുന്നു..” (റോമ. 8:7).

“ജഡസ്വഭാവമുള്ളവർക്ക് ദൈവത്തെ പ്രസാദിപ്പിപ്പാൻ കഴിവില്ല....” (റോമ. 8:8).

“നിങ്ങൾ ജഡത്തെ അനുസരിച്ചു ജീവിക്കുന്നു എങ്കിൽ മരിക്കും നിശ്ചയം...” (റോമ. 8:13).

“ആത്മാവിനെ അനുസരിച്ചു നടപ്പിൻ; എന്നാൽ നിങ്ങൾ ജഡത്തിന്റെ മോഹം നിവർത്തിക്കയില്ല” (ഗലാ. 5:16).

“ജഡാഭിലാഷം ആത്മാവിനും, ആത്മാഭിലാഷം ജഡ ത്തിനും വിരോധമായിരിക്കുന്നു” (ഗലാ. 5:17).

“ജഡത്തിന്റെ പ്രവർത്തികൾ: ദുർന്നടപ്പ്, അശുദ്ധി, ദുഷ്ക്കാമം, വിഗ്രഹാരാധന, ആഭിചാരം, പക പിണക്കം, ജാരശങ്ക, ക്രോധം, ശാഠ്യം, ദ്വന്ദപക്ഷം, ഭിന്നത, അസൂ യ, മദ്യപാനം, വെറിക്കൂത്ത് ഈ വക പ്രവർത്തിക്കുന്ന വർ ദൈവരാജ്യം അവകാശമാക്കയില്ല...” (ഗലാ. 5:19–21).

വിശുദ്ധ പൗലൊസ്: ‘ഞാൻ’ ‘എന്നിൽ’ എന്ന് പറ ഞ്ഞിരിക്കുന്നത് തന്റെ ജഡത്തെപ്പറ്റിയാണെന്നുള്ളത് ഓർത്തിരിക്കേണം. ഇത്ര മരണകരമായ ജഡത്തിന്റെ ചിന്തയും പ്രവർത്തിയും അറിഞ്ഞുകൊണ്ട് താൻ ഒരു വലിയ നിലവിളിയോടെ പറഞ്ഞിരിക്കുന്നു “അയ്യോ, ഞാൻ അരിഷ്ടമനുഷ്യൻ! ഈ മരണത്തിനു അധീനമായ

ശരീരത്തിൽനിന്നു എന്നെ ആർ വിടുവിക്കും?” (റോമ. 7:24).

അപ്പൊസ്തലനായ യാക്കോബ് പറഞ്ഞിരിക്കുന്നു: ഓരോരുത്തൻ പരീക്ഷിക്കപ്പെടുന്നത് സ്വന്തമോഹത്താൽ അഥവാ ജഡത്തിന്റെ മോഹത്തിൽ ആകർഷിച്ച് വശീക രിക്കപ്പെടുകയാൽ ആകുന്നു. മോഹം ഗർഭം ധരിച്ചു പാപത്തെ പ്രസവിക്കുന്നു; പാപം മുഴുത്തിട്ടു മരണത്തെ പെറുന്നു (യാക്കോ. 1:14-15). അതേ, ജഡത്തിന്റെ ചിന്ത കളും പ്രവർത്തികളും ഒടുവിൽ മരണത്തിൽ (ആത്മീക മരണം) പര്യവസാനിക്കും.

## a) സാത്താന്റെ ദൃഷ്ടി ദാവീദിന്മേൽ

അനന്തരം സാത്താൻ യിസ്രായേലിനു വിരോധമായി എഴുന്നേറ്റു യിസ്രായേലിനെ എണ്ണുവാൻ ദാവീദിനു തോന്നിച്ചു (1 ദിന. 21:1; 2 ശമു. 24:1).

ദാവീദിനെക്കൊണ്ട് പാപം ചെയ്യിപ്പിച്ച് യിസ്രായേ ലിൽ ഒരു വലിയ സംഹാരം ഉണ്ടാക്കുവാനായി സാത്താൻ ദാവീദിന്മേൽ ദൃഷ്ടിവെച്ചു. അമ്മോന്യരുമായി യിസ്രായേൽ യുദ്ധത്തിൽ ഏർപ്പെട്ടിരിക്കുമ്പോൾ ദാവീദ് യുദ്ധത്തിനു പോകാതെ യെരുശലേമിൽ തന്നെ താമ സിക്കയും ദാവീദിനെക്കൊണ്ട് ദൈവകല്പന ലംഘിപ്പിച്ച് പല പാപങ്ങൾ ചെയ്യിപ്പിച്ചതിൽ സാത്താൻ വിജയിച്ചു. എന്നാൽ അതുകൊണ്ട് സാത്താൻ തൃപ്തിപ്പെട്ടില്ല. യഹോവയായ ദൈവം ദാവീദിനോടു കൂടെയിരുന്ന് യിസ്രായേലിനുവേണ്ടി യുദ്ധം ചെയ്ത് ചുറ്റുമുള്ള സകല ശത്രുക്കളിൽ നിന്നും യിസ്രായേലിനെ രക്ഷിച്ച് സ്വസ്ഥത നല്കിയിരിക്കുമ്പോൾ സാത്താന്റെ ഒറിജിനൽ പാപമായ നിഗളം തന്നേ ദാവീദിൽ ഒന്ന് പ്രയോഗിക്കുവാൻ തീരു മാനിച്ചു. ദാവീദിന്റെ ചെവിയിൽ അവൻ മന്ത്രിച്ചു പറ

ഞ്ഞത്: കണ്ടില്ലേ, യിസ്രായേലിന്റെ സൈന്യബലം, തന്റെ കഴിവ്, ശക്തി, താൻ രാജാവായിരിക്കുന്നകാലം ഒരു ശത്രുവിനും യിസ്രായേലിന്റെ നേരെ നില്പ്പാൻ കഴിയരുതെന്നും തന്റെ കാലശേഷം അടുത്ത ഒന്നുരണ്ടു തലമുറയിൽ ഒരു ശത്രുവും തല പൊക്കാതിരിക്കുവാനും യിസ്രായേലിന്റെ അതിർത്തി (Territory) വിപുലീകരിക്കാനുമായി തന്റെ സൈന്യത്തെ എണ്ണിത്തിട്ടപ്പെടുത്തുവാൻ സാത്താൻ ദാവീദിന്റെ മനസ്സിൽ ആലോചനകൾ കടത്തിവിട്ടു. ന്യായപ്രമാണം നല്ലവണ്ണം അറിയാവുന്ന ദാവീദ്, മോശെയുടെ കാലത്ത് യിസ്രായേൽ മക്കളെ ഗോത്രം ഗോത്രമായും കുടുംബം കുടുംബമായും സകല പുരുഷന്മാരെയും ആളാംപ്രതി എണ്ണി സംഘത്തിന്റെ ആകെത്തുക എടുക്കേണം എന്ന് ദൈവം മോശെയോടു കല്പിച്ച കാര്യം ഒരു പക്ഷേ ദാവീദിന്റെ മനസ്സിൽക്കൂടി കടന്നുപോയിക്കാണും (സംഖ്യ 1:2,19). ദാവീദ് തന്റെ സേനാധിപതിയായ യോവാബിനോടും ജനത്തിന്റെ പ്രഭുക്കന്മാരോടും പറഞ്ഞത്: നിങ്ങൾ യിസ്രായേലിനെ എണ്ണി അവരുടെ സംഖ്യ ഞാൻ അറിയേണ്ടതിന് കൊണ്ടുവരുവിൻ എന്ന് പറഞ്ഞു. ദൈവത്തിന് ഈ കാര്യം അനിഷ്ടമായിരുന്നു (1 ദിന. 21:7). ഇത് യഹോവയിൽ നിന്നുള്ള ആലോചനയല്ല എന്ന് യോവാബിന് മനസ്സിലായപ്പോൾ താൻ ദാവീദിനോട് പറഞ്ഞത്: യഹോവ തന്റെ ജനത്തെ ഉള്ളതിൽ നൂറിരട്ടിയായി വർദ്ധിപ്പിക്കട്ടെ; എങ്കിലും എന്റെ യജമാനനായ രാജാവേ, അവർ ഒക്കെയും യജമാനന്റെ ദാസന്മാരല്ലയോ? യജമാനൻ ഈ കാര്യം അന്വേഷിക്കുന്നത് എന്ത്? യിസ്രായേലിനു കുറ്റത്തിന്റെ കാരണമായി തീരുന്നത് എന്തിനു എന്ന് ബുദ്ധിയുപദേശിച്ച് കൊടുത്തപ്പോഴെങ്കിലും ദാവീദ് ദൈവീക ആലോചനയ്ക്കായി ദൈവത്തോട് ചോദിക്കുകയോ പ്രവാചകന്മാരോട് ആരാ

യുകയോ ചെയ്തില്ല. ദാവീദ് സാത്താന്റെ ആലോചനയ്ക്കു കീഴ്പ്പെട്ട് ഉറച്ചുനിന്നതിനാൽ യോവാബ് രാജാവിന്റെ കല്പന അനുസരിക്കേണ്ടിവന്നു. ദൈവത്തിന് ഈ കാര്യം അനിഷ്ടമായിരുന്നതിനാലും സാത്താന്റെ ആലോചനയ്ക്കു ദാവീദ് വിധേയനായതുകൊണ്ടും യിസ്രായേലിൽ എഴുപതിനായിരം പേർ കൊല്ലപ്പെട്ടു. തിരുവചനം പറയുന്നു: 'ചിലപ്പോൾ ഒരു വഴി മനുഷ്യനു ചൊവ്വായി തോന്നും, അതിന്റെ അവസാനമോ മരണവഴികൾ അത്രേ' (സദൃ. 14:12).

സാത്താൻ വലിയ തന്ത്രവാദിയാണ്. അവൻ വലിയ കൌശലബുദ്ധിയുള്ളവനാണ്. അവന്റെ തന്ത്രത്തെപ്പറ്റിയും പ്രവർത്തനത്തെപ്പറ്റിയും നാം വളരെ ജാഗ്രതയുള്ളവരായിരിക്കേണം. ദൈവാലോചനപോലെ ചിലപ്പോൾ ചില ആലോചന നമ്മുടെ ഹൃദയത്തിൽ സാത്താൻ കൊണ്ടുവരികയും നമ്മുടെ ചെവിയിൽ മന്ത്രിക്കുകയും ചെയ്യും. ചിലപ്പോൾ ദൈവം കല്പിക്കാത്തത് പ്രവാചകന്മാരിൽക്കൂടെ പറഞ്ഞെന്നിരിക്കും. ഏത് ആലോചനയും പ്രവാചകന്മാരിൽക്കൂടെ പറഞ്ഞാലും അത് ദൈവവചനാനുസരണവും ദൈവഹിതപ്രകാരമുള്ളതാണോ എന്നറിയേണ്ടതിനായി ദൈവസന്നിധിയിൽ വിഷയം വെച്ച് പ്രാർത്ഥിച്ച് തീരുമാനിക്കേണ്ടിയിരിക്കുന്നു. തിരുവചനം പറയുന്നു: 'നിങ്ങൾ തികഞ്ഞവരും ദൈവഹിതം സംബന്ധിച്ചൊക്കെയും പൂർണ്ണനിശ്ചയം ഉള്ളവരുമായി നില്ക്കേണ്ടതിനു പ്രാർത്ഥനയിൽ പോരാടണമെന്ന് (കൊലൊ. 4:12). സാത്താൻ നമ്മെ തോല്പിക്കരുത്; അവന്റെ തന്ത്രങ്ങളെ നാം അറിയാത്തവരല്ലല്ലോ (2 കൊരി. 2:11) എന്നും പിശാചിനു ഇടം കൊടുക്കരുതെന്നും (എഫെ. 4:27), പിശാചിന്റെ തന്ത്രങ്ങളോടു എതിർത്ത് നില്പിൻ (എഫെ. 6:11) എന്നും തിരുവചനം നമ്മെ ഉദ്ബോധിപ്പിക്കുന്നുവല്ലോ.

യുദ്ധം യഹോവയ്ക്കുള്ളതെന്നും, സൈന്യബഹുത്വ ത്താൽ രാജാവ് ജയം പ്രാപിക്കുന്നില്ലെന്നും, ജയത്തിനു കുതിര വ്യർത്ഥമാകുന്നു എന്നും (സങ്കീ. 33:16-17) സൈന്യങ്ങളുടെ യഹോവയാണ് യിസ്രായേലിനുവേണ്ടി യുദ്ധം ചെയ്യുന്നതെന്നും നല്ലവണ്ണം അറിയാവുന്ന ദാവീ ദിന്റെ ഹൃദയത്തിൽ സാത്താൻ നിഗളത്തിന്റെ വിത്ത് വിതച്ചു. ലൂസിഫറിന്റെ വീഴ്ചക്ക് നിദാനമായ നിഗളവും സ്വയപ്രശംസയും അവൻ ദാവീദിലും പ്രയോഗിച്ചു. തന്റെ സൈന്യബലത്തിലും കഴിവിലും ആശ്രയിച്ച് ഹൃദയം നിഗ ളിപ്പാൻ പ്രയോഗിച്ച അവന്റെ തന്ത്രം വിജയിച്ചു. ഇന്ന് വിശ്വാസലോകത്തിൽ ശുശ്രൂഷയിൽ ശോഭിച്ചുകൊണ്ടി രിക്കുന്ന അനേകരിൽ സാത്താൻ ഇതേ തന്ത്രങ്ങൾ പ്രയോഗിച്ച് അനേകരെ കൃപയിൽ നിന്നും വീഴ്ത്തിക്കൊ ണ്ടിരിക്കുന്നത് കാണുവാൻ കഴിയും. ദൈവം കൃപാവര ങ്ങൾ നല്കി അവരിൽക്കൂടെ രോഗികളും ഭൂതഗ്രസ്ഥരും വിടുവിക്കപ്പെടുമ്പോൾ, ആത്മാക്കൾ രക്ഷയിലേക്ക് വരു മ്പോൾ, അങ്ങനെയുള്ളവരുടെ ശുശ്രൂഷയെ തകർക്കു വാനായി സാത്താൻ അവരുടെമേൽ ദൃഷ്ടി വെച്ചിട്ടുണ്ടെ ന്നുള്ളത് ഓർത്തിരിക്കേണം. നിഗളം, ദ്രവ്യാഗ്രഹം, ലൈംഗീകപാപം ഇവയൊക്കെ സാത്താന്റെ പ്രധാന ആയുധങ്ങളാണ്. ചിലർക്ക് ഭൗമീകമായ ഉയർച്ചകളും നന്മകളും പദവികളും ലഭിക്കുമ്പോൾ അതൊക്കെ തന്റെ കഴിവുകൊണ്ടും സാമർത്ഥ്യംകൊണ്ടും നേടിയതാണെന്ന് സാത്താൻ മന്ത്രിച്ച് ഹൃദയം നിഗളിക്കുവാൻ കാരണമാ യിത്തീരും. ആകയാൽ തിരുവചനം പറയുന്നു 'ഞെളി യാതെ ഭയപ്പെടുക, ലഭിച്ചതല്ലാതെ നമുക്കെന്തുള്ളൂ.'

സാത്താൻ ഈ ലോകത്തിന്റെ പ്രഭുവും, ദൈവവു മാണെന്ന് മുൻ അദ്ധ്യായങ്ങളിൽ പ്രസ്താവിച്ചിട്ടുണ്ടല്ലോ. അവൻ ചെറിയ പുള്ളിയല്ല. അവന്റെ സ്റ്റാറ്റസ് അനുസ

രിച്ച് വലിയ നേതാക്കന്മാരിൽ പ്രവർത്തിപ്പാനാണ് അവന്റെ താല്പെര്യം. ദാവീദിനെപ്പോലെ ഉന്നതന്മാരായ രാജാക്കന്മാരിലും ഭരണാധികാരികളിലും ഉന്നത അധികാരത്തിലിരിക്കുന്നവരിലും അവൻ പ്രവർത്തിക്കുന്ന പ്രവർത്തനങ്ങളെക്കുറിച്ച് ദൈവജനം അറിഞ്ഞിരിക്കേണം. യിസ്രായേൽ മക്കളെ ഫറവോന്റെ അടിമത്വത്തിൽ നിന്നും വിടുവിക്കാതെ കഠിനവേല ചെയ്യിപ്പിച്ച് ഞെരുക്കുവാൻ ഫറവോനിൽ പ്രവർത്തിച്ചത്, ദൈവജനത്തെ (യെഹൂദന്മാരെ) പൂർണ്ണമായി നശിപ്പിക്കുവാൻ തക്കവണ്ണം സാത്താന്യ വ്യാപാരശക്തി ഹാമാൻ, ഹിറ്റ്ലർ, നാസ്സർ എന്നിവരിൽ ചെലുത്തിയത്, വിദ്വാന്മാർ തന്നെ കളിയാക്കി എന്ന് പറഞ്ഞ് അനേകം ശിശുക്കളെ കൊന്നു മുടിക്കുവാൻ ഹെരോദാവിൽ പ്രവർത്തിച്ചത്, ക്രിസ്തീയ മാർഗ്ഗത്തെയും, അപ്പൊസ്തലന്മാരെയും മുടിപ്പാൻ ശ്രമിച്ച നീറോചക്രവർത്തി മുതലായ ഭരണാധികാരികളിൽ സാത്താൻ പ്രയോഗിച്ച തന്ത്രങ്ങളെക്കുറിച്ച് ദൈവജനം അറിവുള്ളവരാണല്ലോ. ഇന്നും അനേക രാജ്യങ്ങളിൽ സ്വേച്ഛാധികാരികളായി (Dictactorship) ഭരിക്കുന്ന ഭരണകർത്താക്കളിൽ സാത്താൻ അവന്റെ തന്ത്രങ്ങളും വ്യാപാരശക്തിയും പ്രയോഗിക്കുന്നത് കാണുവാൻ കഴിയും. സത്യദൈവത്തെ ആരാധിക്കുവാൻ ആരാധനാസ്വാതന്ത്ര്യം അവഗണിക്കുക, സുവിശേഷം പ്രചരിപ്പിക്കുന്നത് തടയുക, ദൈവജനത്തെ പീഡിപ്പിക്കുക മുതലായവ സാത്താന്റെ പദ്ധതികളാണ്. ആകയാൽ വിശുദ്ധ പൌലൊസ് പറഞ്ഞിരിക്കുന്ന ദൗത്യം ദൈവജനം വളരെ ഗൗരവമായി ഏറ്റെടുത്ത് സകല രാജാക്കന്മാർക്കും, ഭരണാധികാരികൾക്കും, അധികാരസ്ഥന്മാർക്കും വേണ്ടി യാചനയും പ്രാർത്ഥനയും, പക്ഷവാദവും, സ്തോത്രവും എപ്പോഴും ചെയ്യുന്നവരായിരിക്കേണം (1 തിമൊ. 2:2) എന്ന് ഓർപ്പിച്ചുകൊള്ളുന്നു.

## b) സാത്താന്റെ ദൃഷ്ടി ഇയ്യോബിന്മേൽ

വലിയ ധനാഢ്യനും ദൈവഭക്തനുമായ ഇയ്യോബിന്മേൽ സാത്താൻ ദൃഷ്ടി വെച്ചു. യഹോവയാൽ നല്ല സാക്ഷ്യം പ്രാപിച്ച ഇയ്യോബ് നിഷ്ക്കളങ്കനും നേരുള്ളവനും ദൈവഭക്തനും ദോഷം വിട്ടകലുന്നവനും ആയിരുന്നു. മറ്റുള്ളവർക്ക് അസൂയ കൂറുമാറ് ദൈവത്താൽ അനുഗ്രഹിക്കപ്പെട്ട ഏറ്റവും സന്തുഷ്ടമായ ഒരു കുടുംബം. ഇത്ര വലിയ ധനാഢ്യനായിരുന്നിട്ടും ഇയ്യോബിന്റെ ജീവിതത്തിൽ യാതൊരു നിഗളമോ, അഹങ്കാരമോ ഒന്നും തന്നെ ഇല്ലായിരുന്നു. സാത്താൻ പല പ്രാവശ്യം അവന്റെ കെണികൾ ഒരുക്കി ഇയ്യോബിനെ മുടിപ്പാൻ നോക്കിക്കാണും. എന്നാൽ യഹോവയുടെ ദൃഷ്ടി തന്റെ ഭക്തന്റെ മേൽ ഉണ്ടായിരുന്നതിനാലും യഹോവ വേലികെട്ടി (അഥവാ ദൂതന്മാരാൽ കാവൽ നിർത്തി) ഇയ്യോബിനെയും തനിക്കുള്ള സകലത്തെയും കാത്തുസൂക്ഷിച്ചതിനാൽ സാത്താന് ഒന്നും ചെയ്യുവാൻ സാധിച്ചില്ല.

സാത്താൻ ഒരുവന്റമേൽ ദൃഷ്ടിവെച്ച് അവനെ കൊല്ലുകയോ അവനുള്ളതിനെ മുടിക്കുകയോ ചെയ്യണമെന്ന് തീരുമാനിച്ചാൽ അത് നടപ്പിലാക്കുന്നതുവരെ അവൻ അടങ്ങിയിരിക്കയില്ല. സാത്താൻ ഭൂമിയിൽ ഊടാടി സഞ്ചരിച്ചിട്ട് ഒടുവിൽ നേരിട്ട് ദൈവസന്നിധിയിൽ ചെന്നു. സാത്താൻ ഇയ്യോബിന്മേൽ ദൃഷ്ടി വെച്ചിട്ടുള്ളത് യഹോവയ്ക്ക് അറിയാമായിരുന്നു. യഹോവ സാത്താനോട് ചോദിച്ചു: നീ എന്റെ ദാസനായ ഇയ്യോബിന്മേൽ ദൃഷ്ടിവെച്ചുവോ? അതിന് സാത്താൻ പറഞ്ഞത്: ഇയ്യോബ് യഹോവ ഭക്തനായിരിക്കുന്നത്; യഹോവ അവനെ വേലികെട്ടി സൂക്ഷിക്കുന്നതുകൊണ്ടും ഭൗതീകമായി അവന്റെ പ്രവർത്തിയെ അനുഗ്രഹിച്ചിരിക്കുന്നതുകൊണ്ടും മാത്രമാണ്. അല്ലാതെ അവന്റെ ഭക്തി

യഥാർത്ഥ ദൈവഭക്തിയല്ല; ഇങ്ങനെ നീ ഒരുവനെ അനുഗ്രഹിച്ചാൽ ഏതുമനുഷ്യനും ദൈവഭക്തിയോട് ഇരിപ്പാൻ കഴിയും. അതുകൊണ്ട് ഇയ്യോബ് യഥാർത്ഥ ദൈവഭക്തനാണോ എന്നറിയേണ്ടതിന് അവന്റെ വേലി ഒന്നു പൊളിച്ച് അവന്റെ ഭൗതീക നന്മകളെ ഒന്നു തൊടുക, അപവാദിയും സൂത്രശാലിയുമായ സാത്താൻ യഹോവയോടു പറഞ്ഞു. ഹൃദയങ്ങളെ ശോധന ചെയ്യുന്ന ദൈവത്തിന് അറിയാം ഒരുവന്റേത് യഥാർത്ഥ ഭക്തിയാണോ അതോ കപടഭക്തിയാണോ എന്നുള്ളത്. യഹോവ വെറുതെ ഇയ്യോബിനെക്കുറിച്ച് സാക്ഷ്യം പറഞ്ഞതല്ല. ഒടുവിൽ യഹോവ ഇയ്യോബിനെ ഒഴിച്ച് തനിക്കുള്ള സകലത്തെയും സാത്താനെ ഏല്പ്പിച്ചു. സാത്താന് തൃപ്തിയായി. സാത്താൻ യഹോവയുടെ സന്നിധിവിട്ടു പുറപ്പെട്ടുപോയി (ഇയ്യോ. 1:12).

സാത്താൻ പോയി തന്റെ കീഴിലുള്ള ദുഷ്ടാത്മസേനകളെയും അവരുടെ അധിപതികളെയും വിളിച്ചുകൂട്ടി നാല് ഗ്രൂപ്പായി തിരിച്ച് ഓരോ ഗ്രൂപ്പും ചെയ്യേണ്ട കാര്യങ്ങൾ നിർദ്ദേശിച്ചു കൊടുത്തു:

ഗ്രൂപ്പ് –1 : ശേബയരിൽ പ്രവർത്തിച്ച് ഇയ്യോബിന്റെ ആയിരം കാളകളെയും അഞ്ഞൂറു പെൺ കഴുതകളെയും മോഷ്ടിപ്പിക്കണം. ഇവയെ മേയിക്കുന്ന വേലക്കാരെ കൊല്ലുകയും വേണം.

ഗ്രൂപ്പ് –2: ആകാശത്തു നിന്ന് തീ വീഴ്ത്തി ഇയ്യോബിന്റെ ഏഴായിരം ആടുകളെയും വേലക്കാരെയും കൊല്ലണം.

ഗ്രൂപ്പ്–3: കല്ദയരിൽ പ്രവർത്തിച്ച് ഇയ്യോബിന്റെ മൂവായിരം ഒട്ടകങ്ങളെ പിടിച്ചുകൊണ്ട് പോകയും വേലക്കാരെ കൊല്ലുകയും വേണം.

ഗ്രൂപ്പ് –4: ഇയ്യോബിന്റെ മൂത്തമകന്റെ വീട്ടിൽ എല്ലാ മക്കളും ഒന്നിച്ചുകൂടി തിന്നുകുടിച്ചിരിക്കുമ്പോൾ വീടിന്മേൽ ഒരു വലിയ കൊടുങ്കാറ്റ് അടിപ്പിച്ച് ഇയ്യോബിന്റെ എല്ലാ ആൺമക്കളെയും പെൺമക്കളെയും കൊല്ലണം. അങ്ങനെ സാത്താൻ കല്പിച്ചതുപോലെ ദുഷ്ടാത്മാക്കൾ ചെയ്തു. ഇയ്യോബിന്റെ പത്ത് മക്കളും എല്ലാ മൃഗസമ്പത്തും നഷ്ടപ്പെട്ടു. ഇയ്യോബ് ദൈവത്തെ ശപിക്കുന്നതും, ദുഷിക്കുന്നതും, പഴിക്കുന്നതും ത്യജിച്ച് പറയുന്നതും കാണാൻ സാത്താൻ നോക്കിയിരുന്നു. പക്ഷേ സാത്താൻ പ്രതീക്ഷിച്ചതിന് വിപരീതമായി ഇയ്യോബ് പറഞ്ഞത്: യഹോവ തന്നു, യഹോവ എടുത്തു, യഹോവയുടെ നാമം വാഴ്ത്തപ്പെടുമാറാകട്ടെ എന്നാണ്. ഈ പ്രസ്ഥാവന കേട്ട സ്വർഗ്ഗീയദൂതന്മാർ 'ആമേൻ' എന്ന് പറഞ്ഞപ്പോൾ സാത്താൻ ലജ്ജിച്ച് നാണിച്ച് തല താഴ്ത്തി.

സാത്താൻ തോറ്റതിൽ വാശിയായി. ഇനിയും താൻ തന്നേ ഇയ്യോബിലും തന്റെ ഭാര്യയിലും പ്രവർത്തിപ്പാൻ തീരുമാനിച്ചു. സാത്താൻ വീണ്ടും ദൈവസന്നിധിയിൽ ചെന്നു. യഹോവ വീണ്ടും സാത്താനോടു പറഞ്ഞു: എന്റെ ദാസനായ ഇയ്യോബ് തന്റെ ഭക്തി മുറുകെ പിടിച്ചുകൊണ്ടിരിക്കുന്നു, കണ്ടില്ലേ അവന്റെ യഥാർത്ഥ ഭക്തി; നീ വെറുതെ അവനെ നശിപ്പിപ്പാൻ നോക്കുന്നു, എന്നെക്കൊണ്ട് സമ്മതിപ്പിക്കുകയും ചെയ്തു. സാത്താൻ യഹോവയോടു പറഞ്ഞു: "ഇയ്യോബിന്റെ മക്കളും മൃഗസമ്പത്തുകളും നഷ്ടമായിട്ടും അവൻ ആരോഗ്യവാനായി ജീവിച്ചിരിക്കുന്നതിനാൽ അവൻ സ്വാർത്ഥത (Selfish) ഉള്ളവനാണ്. അതുകൊണ്ട് അവന്റെ ശരീരത്തെ ഒന്നു തൊടുക, അവൻ തീർച്ചയായും ദൈവത്തെ ദുഷിച്ച് പറഞ്ഞ് അവന്റെ ഭക്തി ത്യജിക്കും. യഹോവ സാത്താനോട്: ഇതാ അവൻ നിന്റെ കയ്യിൽ ഇരിക്കുന്നു, അവന്റെ

പ്രാണനെ മാത്രം അപഹരിക്കരുത് എന്ന് പറഞ്ഞു. ഈ പ്രാവശ്യം സാത്താൻ തന്നേ ഇടപെട്ട് ഇയ്യോബിനെ ഭയങ്കര പരുക്കളാൽ ബാധിച്ചു. പണ്ടുകാലത്ത് വസൂരി (Small pox) ബാധിച്ച മനുഷ്യനെക്കാൾ കഷ്ടമായുള്ള പരുക്കളാണ് ഇയ്യോബിന്മേൽ സാത്താൻ വരുത്തിയത്. ശരീരത്തിൽ സൂചികുത്താൻ സ്ഥലമില്ലാതെവണ്ണം ഉച്ചിതൊട്ട് ഉള്ളങ്കാൽ വരെ വലിയ പരുക്കൾ ബാധിച്ച് പൊട്ടി ഒഴുകിക്കൊണ്ടിരിക്കുന്നു. വല്ലാത്ത ഗുർഗന്ധം വമിക്കുന്ന വൃണങ്ങളിൽ പുഴുക്കൾ നുരയ്ക്കുന്നു. വൃണത്തിൽ നിന്നും പൊട്ടി ഒലിക്കുന്ന പഴുപ്പു കാരണം വല്ലാത്ത ചൊറിച്ചിൽ. ചൊറിച്ചിൽ സഹിക്കവയ്യാത്തതിനാൽ ചാരം പരുക്കളിൽ ഇടുന്നു. പരുക്കളാൽ ബാധിച്ച മുഖം നീരുവെച്ച് വികൃതമായിരിക്കുന്നു. ശ്വസിക്കുവാൻ പ്രയാസം, കണ്ണിൽ ഇരുട്ട്, അതിവേദന, അസ്വസ്ഥത, ചൊറിഞ്ഞ് ചൊറിഞ്ഞ് തൊലി ഉരിഞ്ഞു പൊയ്ക്കൊണ്ടിരുന്നു, ഉറങ്ങുവാൻ കഴിയുന്നില്ല. ഇയ്യോബ് ഇതെല്ലാം സഹിച്ച് എത്രനാൾ കടന്നുപോയി എന്നറിഞ്ഞുകൂടാ. ഇയ്യോബിന്റെ മൂന്നു സ്നേഹിതന്മാർ വന്നിട്ട് തന്നെ തിരിച്ചറിയുവാൻ കഴിയാത്ത അവസ്ഥയായിരുന്നു.

സാത്താൻ, മിസ്സസ് ഇയ്യോബിൽ പ്രവേശിച്ചു. അവൾ മൂക്കും പൊത്തി പിടിച്ചുകൊണ്ട് ഏകദേശം ഇയ്യോബിന്റെ അടുത്ത് വന്നിട്ട് പറഞ്ഞു: നോക്ക് ഒരു ദൈവഭക്തൻ ഇരിക്കുന്നത്? എന്തിയേ നമ്മുടെ മക്കൾ? എന്തിയേ ആടുമാടുകൾ? ഇതെല്ലാം നിന്റെ ദൈവം വരുത്തിവച്ചതല്ലേ? ഇനിയും നീ ഈ ദൈവത്തെ മുറുകെ പിടിച്ചുകൊണ്ടിരിക്കുന്നുവോ? ദൈവത്തെ ത്യജിച്ച്; പോയി മരിച്ചുകളക. ഈ പ്രാവശ്യം തീർച്ചയായും ഇയ്യോബ് ദൈവത്തെ മുഖത്തുനോക്കി ത്യജിച്ചു പറയും എന്ന് വിചാരിച്ച് ഇയ്യോബിന്റെ പ്രതികരണത്തിനായി സാത്താൻ കാതോർത്തി

രുന്നു. ഇയ്യോബ് വായ് തുറന്ന് സംസാരിക്കുവാൻ തുടങ്ങിയപ്പോൾ സാത്താന്റെ മുഖത്ത് വലിയ സന്തോഷം. ഇയ്യോബ് പറഞ്ഞു: നീ ഒരു പൊട്ടിയാണ് (fool). നാം ദൈവത്തിന്റെ കൈയ്യിൽ നിന്ന് നന്മ പ്രാപിക്കുന്നു; തിന്മയും കൈക്കൊള്ളരുതോ എന്ന് പറഞ്ഞപ്പോൾ സ്വർഗ്ഗത്തിൽ ദൂതന്മാർ അത്യുച്ചത്തിൽ 'ഹല്ലേലുയ്യാ' പറഞ്ഞത് സാത്താനും കേട്ടുകാണും. ഇയ്യോബിന്റെ ആഴമേറിയ യഥാർത്ഥ ദൈവഭക്തിയുടെയും ദൈവവിശ്വാസത്തിന്റെയും മുമ്പിൽ സാത്താൻ തോറ്റ് തല താഴ്ത്തിക്കൊണ്ട് മറഞ്ഞു.

ഇയ്യോബിന്റെ ജീവിതത്തിൽ സാത്താൻ വരുത്തിയ വിനകളെക്കുറിച്ച് ഒന്നു വിലയിരുത്തി പഠിച്ചാൽ ഇന്ന് ലോകത്തിൽ നടക്കുന്ന കൊല്ലും കൊലയും കവർച്ചയും മോഷണവും ആത്മഹത്യയും, എയിഡ്സ് ഇതിന്റെയെല്ലാം പിന്നിൽ പ്രവർത്തിക്കുന്നത് പൈശാചിക ശക്തിയാണെന്നുള്ളതിന് സംശയമില്ല. കടഭാരവും മറ്റ് മാനസ്സീക ഭാരവും നിമിത്തം പിടിച്ച് നില്ക്കുവാൻ കഴിയാതെ വരുമ്പോൾ ആത്മഹത്യ ചെയ്യുവാൻ പൈശാചികശക്തി പ്രേരിപ്പിക്കുന്നു. അങ്ങനെ എത്രയോ കുടുംബങ്ങൾ താറുമാറായികൊണ്ടിരിക്കുന്നു.

ദൈവജനം ആത്മീകമായും ഭൗമീകമായും ദൈവത്താൽ അനുഗ്രഹിക്കപ്പെട്ടിരിക്കുന്നത് സാത്താന് ഇഷ്ടമല്ല. വിശിഷ്യാ ആരാധനയും പ്രാർത്ഥനയും മുടങ്ങാതെ നടക്കുന്ന സന്തുഷ്ട കുടുംബത്തിന്മേൽ സാത്താന്റെ ദൃഷ്ടി എപ്പോഴും ഉണ്ടെന്നുള്ളത് ഇയ്യോബിന്റെ ജീവിതം നമ്മെ പഠിപ്പിക്കുന്നു.

ദൈവമാണ് നമ്മുടെ സകല നന്മകളുടെയും അനുഗ്രഹത്തിന്റെയും ഉറവിടം എന്നും ദൈവം നമുക്കുള്ള സകലത്തെയും കാത്തുസൂക്ഷിക്കുന്നു എന്നറിഞ്ഞും

ദൈവസന്നിധിയിൽ താഴ്മയോടെ നാം ജീവിയ്ക്കേണ്ട താകുന്നു. ദൈവത്തിലുള്ള നമ്മുടെ വിശ്വാസവും ആശ്ര യവും ഭക്തിയും യഥാർത്ഥമാണോ അതോ വെറും ഭൗമീക നന്മകളെ ആശ്രയിച്ചുള്ളതാണോ എന്ന് വെളി പ്പെടുത്തുന്നതിന് ചിലപ്പോൾ ചില അഗ്നിശോധന നമ്മുടെ ജീവിതത്തിൽ വന്നെന്നിരിക്കാം. "പ്രിയമുള്ളവ രേ, നിങ്ങൾക്കു പരീക്ഷയ്ക്കായി സംഭവിച്ചിരിക്കുന്ന അഗ്നിശോധനയിങ്കൽ ഒരു അപൂർവ്വകാര്യം നിങ്ങൾക്ക് വന്നുകൂടി എന്നുവെച്ച് അതിശയിച്ചുപോകരുത്" (1 പത്രൊ. 4:12).

യഹോവ ഇയ്യോബിനെക്കുറിച്ച് സാക്ഷ്യം പറഞ്ഞ തുപോലെ ഇയ്യോബ് തന്റെ യഥാർത്ഥ ഭക്തി തന്റെ സ്നേഹിതന്മാരുടെയും ദേശക്കാരുടെയും തന്റെ സഹോ ദരീ സഹോദരന്മാരുടെയും സ്വന്ത ഭാര്യയുടെയും മുമ്പിൽ തെളിയിച്ചു. ഒടുവിൽ യഹോവ ഇയ്യോബിനെ മുൻകാല ത്തേക്കാൾ അധികം തന്റെ പിൽക്കാലത്തെ അനുഗ്രഹി ച്ചതായി കാണുന്നു.

"നീ എല്ലായ്പ്പോഴും യഹോവഭക്തിയോടിരിക്ക. ഒരു പ്രതിഫലം ഉണ്ടാകും നിശ്ചയം, നിന്റെ പ്രത്യാശയ്ക്ക് ഭംഗം വരികയുമില്ല" (സദൃ. 23:17).

## c) സാത്താന്റെ ദൃഷ്ടി യേശുവിന്മേൽ

സാത്താൻ യേശുവിനെ പരീക്ഷിച്ചത് 'മനുഷ്യ പുത്രൻ' എന്ന നിലയിലാണ്. ഒന്നാമത്തെ ആദാമിനെ മണ്ണുകൊണ്ട് മെനഞ്ഞ് ജീവനുള്ള ദേഹിയായിത്തീർന്നു (1 കൊരി. 15:45). ഒന്നാം മനുഷ്യൻ ഭൂമിയിൽ നിന്നു മണ്ണു കൊണ്ടുള്ളവൻ (1 കൊരി. 15:47). എന്നാൽ ഒടുവിലത്തെ ആദാമാകുന്ന കർത്താവായ യേശുവിനെ മണ്ണിൽ നിന്നും എടുത്തതല്ല. യേശു പരിശുദ്ധാത്മാവിനാൽ ജനനം എടു ത്തവനും, വിൺമയനും, ആദിയിലേ ഉണ്ടായിരുന്ന ദൈവ

വചനവുമാണ്. മനുഷ്യപുത്രൻ എന്ന നിലയിൽ യേശു ഉപവസിച്ച് പരിശുദ്ധാത്മാവിനാൽ ശക്തിപ്പെട്ട് പരിശു ദ്ധാത്മാവിനാൽ നയിക്കപ്പെട്ട് പ്രാർത്ഥനയിൽ ദൈവ ത്തോടുള്ള കൂട്ടായ്മയിൽ ആയിരുന്നതുപോലെ നാമും സാത്താനെ ജയിക്കണമെങ്കിൽ ആത്മനിറവും, പരിശു ദ്ധാത്മാവിനാൽ നയിക്കപ്പെടുന്ന ജീവിതവും, പ്രാർത്ഥ നയും, ദൈവവചനധ്യാനവും, ദൈവവുമായുള്ള നിര ന്തരകൂട്ടായ്മയും അത്യന്താപേക്ഷിതമാണ്.

സാത്താൻ യേശുവിനെ പരീക്ഷിച്ച സ്ഥലം യെരി ഹോവിനു പടിഞ്ഞാറും, ചാവുകടലിനു വടക്കുപടിഞ്ഞാ റുമായി സ്ഥിതി ചെയ്യുന്ന ആൾപാർപ്പില്ലാത്ത നിർജ്ജന പ്രദേശമായിരുന്നു. യേശു മരുഭൂമിയിൽ കാട്ടുമൃഗങ്ങളോ ടുകൂടെ ആയിരുന്നു എന്ന് മർക്കൊസ് പറഞ്ഞിരിക്കുന്നു (മർക്കൊ. 1:13). യേശുവിനെ കൊന്നുമുടിയ്ക്കുവായി കടി ച്ചുകീറുന്ന കാട്ടുമൃഗങ്ങളെ സാത്താൻ ഈ നാല്പതു ദിവസം യേശുവിന്റെ ചുറ്റുപാടും ആക്കി. സാത്താൻ ഈ നാല്പതുദിവസവും യേശുവിനെ നിരീക്ഷിച്ചുകൊണ്ടിരു ന്നു. എന്നാൽ ഈ കാട്ടുമൃഗങ്ങൾ ഒന്നും ഒരു ദോഷവും ചെയ്യുവാൻ അനുവദിക്കാതെ ദൈവം തന്റെ ദൂതന്മാരെ യേശുവിനു ചുറ്റും കാവലാക്കി (മർക്കൊ. 1:13). യേശു വിനെ പരീക്ഷിച്ചിട്ട് തോല്പിക്കുവാൻ കഴിയാഞ്ഞതി നാൽ അടുത്ത തന്ത്രവുമായി വരുന്നതുവരെ കുറെ നാള ത്തേക്ക് സാത്താൻ മാറി നിന്നു.

യേശു മരിക്കുന്ന വിധത്തെക്കുറിച്ച് തന്റെ ശിഷ്യന്മാ രോടു പറഞ്ഞപ്പോൾ സാത്താൻ പത്രോസിൽ പ്രവർത്തി ച്ചിട്ട് യേശുവിനെ തനിയെ വേറിട്ടു കൊണ്ടുപോയി. കർത്താവേ അത് അരുതേ നിനക്ക് അങ്ങനെ ഭവിക്ക രുതേ എന്ന് ശാസിച്ച് പറഞ്ഞു. അപ്പോൾ യേശു ഇത് സാത്താൻ പത്രോസിൽ പ്രവർത്തിക്കുന്നതാണെന്ന് അറി

ഞ്ഞിട്ട് പത്രോസിനോട്: സാത്താനേ എന്നെ വിട്ടുപോ, നീ എനിക്ക് ഇടർച്ചയാകുന്നു, നീ ദൈവത്തിന്റേതല്ല മനുഷ്യരുടേതത്രേ കരുതുന്നത് എന്നു പറഞ്ഞ് സാത്താനെ ശാസിച്ചകറ്റി (മത്താ. 16:22-23). അങ്ങനെ സാത്താന്റെ പരീക്ഷകളിൽ നിന്നെല്ലാം യേശു സാത്താന്റെമേൽ ജയം വരിച്ചു.

❑

# 33
# അപവാദിയായ സാത്താൻ

"....നമ്മുടെ സഹോദരന്മാരെ രാപ്പകൽ ദൈവസന്നിധിയിൽ കുറ്റം ചുമത്തുന്ന അപവാദിയെ തള്ളിയിട്ടുകളഞ്ഞുവല്ലോ" (വെളി. 12:10).

ദൈവജനം അറിഞ്ഞും അറിയാതെയും ചെയ്യുന്ന ചെറുതും വലിയതുമായ ഓരോ കുറ്റങ്ങളും പാപങ്ങളും സാത്താൻ ദൈവസന്നിധിയിൽ എടുത്തുകാട്ടി കുറ്റം ചുമത്തിക്കൊണ്ടിരിക്കയാണെന്നുള്ളത് ദൈവജനം ഗൗരവമായി ചിന്തിക്കേണ്ടിയിരിക്കുന്നു. ദൈവജനത്തിന്റെ പ്രാർത്ഥനയ്ക്കു ദൈവം മറുപടി കൊടുക്കാതിരിക്കുവാനും ദൈവത്തിന്റെ അനുഗ്രഹങ്ങൾ തടസ്സപ്പെടുത്തുന്നതിനുമാണ് സാത്താൻ കുറ്റങ്ങൾ ആരോപിക്കുന്നത്.

നാം അറിഞ്ഞുകൊണ്ട് ചെയ്യുന്ന ചെറിയ കുറ്റങ്ങൾ അത് നാം പാപത്തിന്റെ പട്ടികയിൽ പെടുത്താതെ നിസ്സാരമായി തള്ളുന്നു. എന്നാൽ സാത്താൻ അത് വലിയ പാപമായി ദൈവസന്നിധിയിൽ കുറ്റും ചുമത്തും. ഉദാഹരണമായി: നാം ജോലി ചെയ്യുന്ന സ്ഥാപനങ്ങളിൽ നിന്നും ചെറിയ ചെറിയ സാധനങ്ങൾ (Office supplies, medical supplies, Tools etc, etc) ആരും കാണാതെ എടുത്ത് വീട്ടിൽ കൊണ്ടുവരുന്നത് യഥാർത്ഥത്തിൽ മോഷ്ടിക്കുകയല്ലേ ചെയ്യുന്നത്. പക്ഷേ നാം അത് മോഷ്ടിക്കുകയാണെന്ന് സമ്മതിക്കുന്നില്ല. എന്നാൽ സാത്താൻ അത്

മോഷണമായി ദൈവസന്നിധിയിൽ കുറ്റപ്പെടുത്തുന്നു. നാം ഓവർ സ്പീഡിൽ കാർ ഓടിച്ചതിനോ, മറ്റ് ഏതെങ്കിലും നിയമം ലംഘിച്ചതിനോ പോലീസ് ശിക്ഷിക്കുമ്പോൾ രക്ഷപെടാനായി പല കള്ളങ്ങൾ പറയാറില്ലേ. അര മണിക്കൂർ ശമ്പളത്തിൽ നിന്നും പിടിക്കുന്നത് (pay cut)ലാഭിക്കാനായി താമസിച്ച് ജോലിക്കുപോയ ഒരു നേഴ്സിനെ പോലീസ് ഓവർ സ്പീഡിനു പിടിച്ചപ്പോൾ രക്ഷപെടാനായി പറഞ്ഞത്: എന്നെ എമർജെൻസിയായി ഹോസ്പിറ്റലിൽ നിന്നും വിളിച്ചതുകൊണ്ട് സ്പീഡിൽ പോയതാണെന്ന് കള്ളം പറഞ്ഞ് ശിക്ഷയിൽ നിന്നും രക്ഷപെട്ടത് ഒരു ക്രെഡിറ്റായി കൂട്ടുകാരോട് പറഞ്ഞതായി കേട്ടിട്ടുണ്ട്. ഈ വിധപാപങ്ങൾ നാം ദൈവസന്നിധിയിൽ ഏറ്റുപറഞ്ഞ് വിടുതൽ പ്രാപിക്കാതെ നിസ്സാരമായി തള്ളിക്കളഞ്ഞില്ലേ. ഒരു ചെറിയ പേപ്പർക്ലിപ്പ് ആയിരുന്നാലും അത് എടുത്താൽ മോഷണമാണ്. ഒരു ചെറിയ കള്ളം പറഞ്ഞാലും അത് പാപം തന്നെയാണ്. പാപത്തിന്റെ ശമ്പളം മരണമെന്നും, പാപം ചെയ്യുന്ന ദേഹി മരിക്കണമെന്ന് തിരുവചനം പറയുന്നു എന്നു പറഞ്ഞാണ് സാത്താൻ കുറ്റം ചുമത്തുന്നതും ദൈവത്തോട് വാദിക്കുന്നതും.

മഹാപുരോഹിതനായ യോശുവ (ഹഗ്ഗായി 1:1) മുഷിഞ്ഞ വസ്ത്രം ധരിച്ച് ദൈവസന്നിധിയിൽ യിസ്രായേലിനുവേണ്ടി ശുശ്രൂഷ ചെയ്തത് കുറ്റമായി സാത്താൻ കുറ്റം ചുമത്തിയ സംഭവം സെഖര്യാവ് 3:1-ൽ കാണുന്നുവല്ലോ. നാം നമ്മുടെ ജീവിത വിശുദ്ധി കാത്തുസൂക്ഷിക്കുന്നില്ലങ്കിൽ സാത്താന് നാം ഇടം കൊടുക്കുകയാണ്. നിന്റെ വസ്ത്രം എല്ലായ്പ്പോഴും വെള്ളയായിരിക്കട്ടെ (സഭാ.പ്ര. 9:8) എന്ന് തിരുവചനം പറയുന്നുവല്ലോ. യേശുവിന്റെ മണവാട്ടിയായ സഭ, കറ, ചുളുക്കം,

മാലിന്യം ഒന്നും ഇല്ലാതെ ശുദ്ധയും നിഷ്ക്കളങ്കയുമായി തേജസ്സോടെ കാണുവാനാണ് കാന്തൻ ആഗ്രഹിക്കുന്നത്.

മോശെ സകലജനത്തിന്മേലും കൂടാരത്തിന്മേലും ആരാധനയ്ക്കുള്ള സകലഉപകരണങ്ങളിന്മേലും രക്തം തളിച്ച് ശുദ്ധീകരിച്ചതുപോലെ (എബ്രാ. 9:20–22) നാം ദൈവസന്നിധിയിൽ ദൈവത്തെ ആരാധിക്കുവാൻ കടന്നുവരുമ്പോൾ ആദ്യമായി യേശുവിന്റെ രക്തത്താലുള്ള ശുദ്ധീകരണം വിശ്വാസത്താൽ പ്രാപിക്കേണം. ഏതു ചെറിയ പാപം ആയിരുന്നാലും യേശുവിനോട് ഏറ്റുപറഞ്ഞ് രക്തത്താൽ കഴുകൽ പ്രാപിക്കുവാനായി യേശുവിനോട് അപേക്ഷിക്കണം. അവൻ നമ്മുടെ ബലഹീനതകളിൽ സഹതാപം കാണിക്കുന്ന ശ്രേഷ്ഠമഹാപുരോഹിതനാണ് (എബ്രാ. 4:15). സാത്താൻ ദൈവജനത്തെ കുറ്റം ചുമത്തുമ്പോൾ യേശു ആണിപ്പഴുതുള്ള കൈകൾ സാത്താനെ കാണിച്ചിട്ടു പറയും, അവർ തങ്ങളുടെ കുറ്റം ഏറ്റുപറഞ്ഞതുകൊണ്ട് എന്റെ രക്തത്താൽ അവരെ ശുദ്ധീകരിച്ചിരിക്കുന്നു.

"...അവർ അവനെ കുഞ്ഞാടിന്റെ രക്തം ഹേതുവായിട്ടും തങ്ങളുടെ സാക്ഷ്യവചനം ഹേതുവായിട്ടും ജയിച്ചു" (വെളി. 12:11).

"കുഞ്ഞാടിന്റെ രക്തത്തിൽ തങ്ങളുടെ അങ്കി അലക്കി വെളുപ്പിച്ചിരിക്കുന്നു. അതുകൊണ്ട് അവർ ദൈവത്തിന്റെ സിംഹാസനത്തിൻ മുമ്പിൽ ഇരുന്ന് അവന്റെ ആലയത്തിൽ രാപ്പകൽ അവനെ ആരാധിക്കുന്നു" (വെളി. 7:14–15).

❑

# 34
# ശത്രുവായ സാത്താൻ

ലൂസിഫെറിനെ സ്വർഗ്ഗത്തിൽ നിന്നും നീക്കിയ സമയം മുതൽ അവൻ ദൈവത്തിന്റെ ശത്രുവായി മാറി. ദൈവത്തിന്റെ സകല പദ്ധതികളും താറുമാറാക്കുക, നശിപ്പിക്കുക, വിജയിപ്പിക്കാതിരിക്കുക എന്നതാണ് അവന്റെ ലക്ഷ്യം. സ്വർഗ്ഗീയ ദൂതന്മാരുടെ ഇടയിൽ അവന് ഇനിയും പ്രവർത്തിക്കുവാൻ സാധിക്കുകയില്ല. ദൈവം സൃഷ്ടിച്ച ഭൂമി, സമുദ്രം, സകല ചരാചരങ്ങൾ, മനുഷ്യർ, ആകാശമണ്ഡലം (സ്വർല്ലോകം) ഇവകളാണ് അവന്റെ പ്രവർത്തന മണ്ഡലങ്ങൾ. സാത്താൻ ദൈവത്തിന്റെ ശത്രു ആയിരിക്കുമ്പോൾതന്നെ അവൻ ദൈവജനത്തിന്റേയും ശത്രു ആണ്. കർത്താവായ യേശുക്രിസ്തുവിൽ വിശ്വസിച്ച് ദൈവരാജ്യത്തിന്റെ പ്രജകളായിത്തീർന്ന ദൈവജനവും, സാത്താന്റെ രാജ്യമാകുന്ന ഈ ലോകത്തിലെ അന്ധകാരശക്തികളും തമ്മിൽ എന്നും പോരാട്ടത്തിലാണ് (ഇരുരാജ്യങ്ങൾ തമ്മിൽ യുദ്ധത്തിൽ ഏർപ്പെട്ടിരിക്കുന്നതുപോലെ). സാത്താനും അവന്റെ സേനകളും ജഡജീവികളല്ല ആത്മജീവികൾ (Spirit) ആകയാൽ അവകളോട് പോരാടേണ്ടത് ജഡത്തിന്റെ ആയുധങ്ങൾ കൊണ്ടല്ല; പിന്നെയോ ആത്മാവിന്റെ ആയുധങ്ങൾ കൊണ്ടത്രേ. അതുകൊണ്ടാണ് വി. പൌലൊസ് പറഞ്ഞിരിക്കുന്നത്: ഞങ്ങളുടെ പോരിന്റെ ആയുധങ്ങൾ ജഡീ

കങ്ങൾ അല്ല, കോട്ടകളെ ഇടിപ്പാൻ ദൈവസന്നിധിയിൽ ശക്തിയുള്ളവ തന്നേ (2 കൊരി. 10:3). വി. പൌലൊസ് തിമൊഥെയൊസിനോടു പറയുന്നത്: വിശ്വാസവും നല്ല മനഃസാക്ഷിയും ഉള്ളവനായി നല്ല യുദ്ധസേവ ചെയ്ക എന്ന് (1 തിമൊ. 1:18).

ഈ ലോകത്തിലായിരിക്കുന്ന നമുക്കുവേണ്ടി യേശു സാത്താനോടു യുദ്ധം ചെയ്ത് പൂർണ്ണജയം നമുക്കു കൈവരിച്ചുതന്നിരിക്കയാണ്. യേശു നമുക്കായി സ്വർഗ്ഗത്തിൽ ജീവിക്കുന്നതിനാൽ നാം തനിയെ അല്ല സാത്താനോടു യുദ്ധം ചെയ്യുന്നത്; യുദ്ധവീരനായ യേശു നമ്മോടുകൂടെയുണ്ട്. “നാമോ നമ്മെ സ്നേഹിച്ചവൻ മുഖാന്തരം പൂർണ്ണജയം പ്രാപിക്കുന്നു (റോമ. 8:32). “ഞാനോ ലോകാവസാനത്തോളം എല്ലാനാളും നിങ്ങളോടുകൂടെ ഉണ്ട് (മത്താ. 28:20).”

സാത്താനോടും അവന്റെ ദുഷ്ടാത്മസേനയോടും പോരാടി ജയിപ്പാൻ ദൈവജനത്തിനു നൽകിയിട്ടുള്ള ആയുധങ്ങളെപ്പറ്റി എഫെസ്യർ 6:14–18ൽ പറഞ്ഞിരിക്കുന്നുവല്ലോ. ഈ ആയുധങ്ങൾ എടുത്തുകൊണ്ട് പിശാചിനോട് എതിർത്ത് നില്പ്പിൻ, എന്നാൽ അവൻ നിങ്ങളെ വിട്ട് ഓടിപ്പോകും എന്ന് തിരുവചനം ഉറപ്പുതരുന്നു (എഫെ. 6:13; യാക്കോ. 4:7). പാമ്പുകളെയും തേളുകളെയും, ശത്രുവിന്റെ സകല ബലത്തെയും ചവിട്ടുവാൻ കർത്താവ് തന്റെ ജനത്തിനു അധികാരം തന്നിരിക്കയാണ് (ലൂക്കൊ. 10:19).

നാം ഈ ജഡത്തിൽ വസിക്കുന്നതിനാൽ നമുക്ക് ഈ ലോകത്തിൽവെച്ചു മാത്രം സാത്താനോടു യുദ്ധം ചെയ്താൽ മതി. നാം രൂപാന്തരം പ്രാപിച്ച് സ്വർഗ്ഗത്തിൽ ആയിരിക്കുമ്പോൾ സാത്താനോടു യുദ്ധം ചെയ്യേണ്ടിവരികയില്ല; മീഖായേലും അവന്റെ ദൂതന്മാരും സാത്താ

നോടും അവന്റെ ദൂതന്മാരോടും യുദ്ധം ചെയ്തുകൊള്ളും (വെളി. 12:7). "സമാധാനത്തിന്റെ ദൈവമോ വേഗത്തിൽ സാത്താനെ നിങ്ങളുടെ കാല്ക്കീഴെ ചതെച്ചു കളയും" (റോമർ 16:20).

❑

# 35

# പരാജിതനായ സാത്താൻ

കർത്താവായ ക്രിസ്തു എന്ന രക്ഷിതാവ് ദാവീദിന്റെ പട്ടണത്തിൽ നിങ്ങൾക്കായി ജനിച്ചിരിക്കുന്നു എന്നുള്ള സദ്വർത്തമാനം ദൂതൻ ഇടയന്മാരോടു പറഞ്ഞ വിവരവും (ലൂക്കൊ. 2:11), മറിയയിൽ കൂടി ജനിച്ചിരിക്കുന്ന യേശു തന്റെ ജനത്തെ അവരുടെ പാപങ്ങളിൽ നിന്നു രക്ഷിക്കുന്ന രക്ഷകനാണെന്നും സാത്താൻ അറിഞ്ഞ സമയം മുതൽ യേശുവിനെ മുടിച്ചു കളയുവാനുള്ള പദ്ധതി അവൻ ഒരുക്കി ഹേരോദാവിൽ കൂടി അതു പ്രവർത്തിച്ചെടുക്കുവാൻ ശ്രമിക്കുകയും ചെയ്തു. എന്നാൽ സർവ്വജ്ഞാനിയായ ദൈവം സാത്താന്റെ തന്ത്രവും കൗശലവും മനസ്സിലാക്കി യേശുവിനെ സംരക്ഷിച്ചു.

യേശു സ്നാനമേറ്റശേഷം ആത്മാവിനാൽ നടത്തപ്പെട്ടവനായി മരുഭൂമിയിലേക്കു പോയി. നീണ്ട നാല്പതു ദിവസം സാത്താൻ യേശുവിനെ പരീക്ഷിച്ചുകൊണ്ടിരുന്നു (ലൂക്കൊ. 4:1). സാത്താന്റെ സകല പരീക്ഷകളിലും യേശു വിജയിച്ചശേഷം അധികാരത്തോടും ശക്തിയോടും തന്റെ പരസ്യശുശ്രൂഷ തുടങ്ങിയപ്പോൾ പാപികൾക്കു മോചനവും, രോഗികൾക്കു സൗഖ്യവും, ഭൂതബാധിതർക്കു വിടുതലും ലഭിച്ചതോടുകൂടി സാത്താന്റെ രാജ്യം തകരുവാനും അവന്റെ ആധിപത്യം ഇളകുവാനും തുടങ്ങി.

സ്ത്രീയുടെ സന്തതി സാത്താന്റെ തല തകർക്കുമെന്നുള്ളത് അവനറിയാവുന്ന കാര്യമാണ്. യേശു അത്ഭുതങ്ങളാലും അടയാളങ്ങളാലും ദൈവപ്രവർത്തി ജനത്തിനിടയിൽ ചെയ്ത് തന്റെ മാഹാത്മ്യം വെളിപ്പെടുത്തിയപ്പോൾ, സ്ത്രീയുടെ സന്തതിയായി പിറന്ന നസറായനായ ഈ യേശുതന്നെയാണ് അവന്റെ തല തകർക്കുവാൻ പോകുന്നതെന്നുള്ള രഹസ്യം സാത്താനു മനസ്സിലായി. എന്നാൽ അവൻ സർവ്വജ്ഞാനിയല്ലാത്തതിനാൽ അത് എപ്പോൾ എങ്ങിനെ സംഭവിക്കുമെന്നുള്ളത് അവനറിയില്ലായിരുന്നു. എങ്കിലും യേശുവിനെ മുടിച്ചുകളയുവാനായി മഹാപുരോഹിതന്മാരിലും, പ്രമാണികളിലും അതിശക്തിയായി അവൻ പ്രവർത്തിച്ചുകൊണ്ടിരുന്നു.

ദൈവം ക്രിസ്തുവിലൂടെ മാനവജാതിക്ക് ഒരുക്കിയ രക്ഷയെ തകർത്ത് കളയുവാനും, യേശുവിനെ ക്രൂശുമരണത്തിൽ നിന്നും ഒഴിവാക്കുവാനും യേശുവിന്റെ ജനനം മുതൽ സാത്താൻ പരിശ്രമിച്ചുകൊണ്ടിരുന്നു എന്ന് താഴെ ഉദ്ധരിക്കുന്ന സംഭവങ്ങൾ വെളിപ്പെടുത്തുന്നു.

- യേശു ശിശുവായിരിക്കുമ്പോൾത്തന്നെ കൊല്ലുവാൻ ഹെരോദാവിൽ സാത്താൻ പ്രവർച്ചിച്ചു. രണ്ടുവയസ്സിനു താഴെയുള്ള ആൺകുട്ടികളെ ഒക്കെയും കൊല്ലിച്ചു (മത്താ. 2:16).
- സാത്താൻ യേശുവിനെ ദൈവാലയത്തിന്റെ അഗ്രത്തിന്മേൽ നിറുത്തിയിട്ട്: നീ ദൈവപുത്രൻ എങ്കിൽ താഴോട്ടു ചാടുക എന്ന് പറഞ്ഞു (മത്താ. 4:5).
- യെഹൂദന്മാർ യേശുവിനെ പിടിച്ച് മലയുടെ വക്കോളം കൊണ്ടുപോയി തലകീഴായി തള്ളിയിട്ടു കൊല്ലുവാൻ തുനിഞ്ഞു (ലൂക്കൊ. 4:29).
- യേശു പടകിൽ ഉറങ്ങിയ സമയത്ത് വലിയ ചുഴലിക്കാറ്റ് അടിപ്പിച്ചു പടക്മുക്കി യേശുവിനെ കൊല്ലു

വാൻ ശ്രമിച്ചു. (മത്താ. 8:24; മർക്കൊ. 4:37; ലൂക്കൊ. 8:23) (ഇയ്യോബിന്റെ മൂത്തമകന്റെ വീടിനുനേരെ വലിയ കൊടുങ്കാറ്റടിപ്പിച്ച് എല്ലാവരെയും കൊന്നതു പോലെ)

- യേശു ഉപവാസത്തോടുകൂടി മരുഭൂമിയിൽ നാല്പതുദിവസം ആയിരുന്നപ്പോൾ യേശുവിനു ചുറ്റും കടിച്ചുകീറുന്ന കാട്ടുമൃഗങ്ങളെ ആക്കി (മർക്കൊ. 1:13).
- യേശുവിനെ കൊല്ലുവാൻ പലവട്ടം യെഹൂദന്മാർ ശ്രമിച്ചു (യോഹ. 5:18, 7:19,25, 8:59, 10:31,39).
- യേശു പല കഷ്ടങ്ങളും സഹിച്ച് കൊല്ലപ്പെടുകയും മൂന്നാംനാൾ ഉയിർത്തെഴുന്നേല്ക്കുകയും ചെയ്യു മെന്ന് ശിഷ്യന്മാരോടു പ്രസ്താവിച്ചപ്പോൾ പത്രോ സിന്മേൽ സാത്താൻ കടന്നിട്ട് യേശുവിനെ വേറിട്ടു കൊണ്ടുപോയി: കർത്താവേ അത് അരുതേ, നിനക്ക് അങ്ങനെ ഭവിക്കരുതേ എന്ന് ശാസിച്ച് തുടങ്ങി.
- അവസാന നിമിഷത്തിൽ പീലാത്തോസ് ന്യായാസ നത്തിൽ ഇരിക്കുമ്പോൾ അവന്റെ ഭാര്യയെക്കൊണ്ടു പറയിച്ചു: ആ നീതിമാന്റെ കാര്യത്തിൽ ഇടപെടരു തെന്നും അവൻ നിമിത്തം അവൾ വളരെ കഷ്ടം സഹിച്ചുവെന്നും അങ്ങനെ യേശുവിനെ ക്രൂശുമര ണത്തിൽ നിന്നും ഒഴിവാക്കുവാൻ അധികാരമുള്ള പീലാത്തോസിലും സമ്മർദ്ദം ചെലുത്തി.

യേശുവിന്റെ ജനനം മുതൽ ക്രൂശിൽ മരിക്കുന്നതു വരെ ക്രിസ്തുവിലൂടെ മനുഷ്യവർഗ്ഗത്തിനു ദൈവം ഒരു ക്കിയ രക്ഷ ക്രൂശുമരണത്തിലൂടെ നിവർത്തിച്ചെടുക്കുന്ന തിനായി പിതാവായ ദൈവത്തിന്റെയും ദൈവദൂതന്മാരു ടെയും സംരക്ഷണം യേശുവിന് എപ്പോഴും ഉണ്ടായിരു ന്നു. യേശു മരിക്കുവാനുള്ള സമയം ആയപ്പോൾ, യെരു

ശലേമിൽ ഏല്ക്കുവാൻ പോകുന്ന കഷ്ടങ്ങളെക്കുറിച്ചും മരണത്തെക്കുറിച്ചും മോശെയും ഏലിയാവും മറുരൂപമലയിൽ പ്രത്യക്ഷപ്പെട്ട് യേശുവിനെ ഓർപ്പിച്ച് ബലപ്പെടുത്തി (ലൂക്കൊ. 9:31).

ദൈവത്തിന്റെ മുൻനിർണ്ണയപ്രകാരം മനുഷ്യപുത്രൻ പാപികളുടെ കയ്യിൽ ഏല്പിക്കപ്പെട്ടു. യേശു സകല മാനവജാതിയുടെയും പാപവും, ശാപവും, രോഗവും ക്രൂശിൽ വഹിച്ചുകൊണ്ട് കാൽവറി മലമുകളിലേക്ക് മന്ദം മന്ദം നടന്ന് നീങ്ങുന്നു. യേശു ചുമക്കുന്ന പാപഭാരം എത്രയെന്നുള്ളത് ആരാലും കണക്കുകൂട്ടുവാൻ കഴികയില്ല. അവൻ വീണും എഴുന്നേറ്റും പടയാളികളുടെ ചാട്ടവാറിനാലുള്ള അടിയേറ്റും ശരീരം പൊട്ടി രക്തം ഒഴുകിക്കൊണ്ടിരുന്നു. മാനുഷകണ്ണുകൊണ്ട് കാണ്മാൻ കഴിയാത്ത സാത്താനും അവന്റെ സകല ദുഷ്ടാത്മസേനകളും കാൽവറി മലയിൽ നിറഞ്ഞ് നില്പുണ്ട്. കാൽവറി മലമുകളിൽ എത്തിയപ്പോൾ പടയാളികൾ യേശുവിനെ ക്രൂശിൽ തറച്ചു. യേശുവിന്റെ കൈകാലുകളിൽ ആണികൾ തറച്ച് ക്രൂശിന്മേൽ തൂക്കി പരസ്യമായി കാഴ്ചയാക്കിയതോടുകൂടി യേശുവും സാത്താനുമായുള്ള കാൽവറി ക്രൂശിലെ യുദ്ധത്തിനു തുടക്കംകുറിച്ചു.

പകൽ മൂന്നാംമണിനേരം മുതൽ (9 a.m) ഒൻപതാം മണിനേരം വരെ (3 p.m.) സാത്താനുമായുള്ള യുദ്ധത്തിന്റെ പകുതി സമയം ആയപ്പോൾ, അതായത് ആറാം മണി മുതൽ ഒൻപതാം മണി വരെ (12-3 p.m) മൂന്നുമണിക്കൂർ ദേശത്തെല്ലാം അന്ധകാരം ഉണ്ടായി എന്നു രേഖപ്പെടുത്തിയിരിക്കുന്നു. അന്ധകാരം നിറഞ്ഞ ഈ മൂന്നുമണിക്കൂർ നേരം യേശു ക്രൂശിൽ കിടന്ന് ഒരു വാക്കുപോലും ഉച്ചരിച്ചതായി രേഖപ്പെടുത്തിയിട്ടില്ല. അന്ധകാരനിപുടമായ ഈ മൂന്നുമണിക്കൂർ യേശുവും

സാത്താന്യശക്തികളുമായുള്ള കഠിന യുദ്ധത്തിൽ ഏർപ്പെട്ടിരിക്കയായിരുന്നു എന്നാണ് ഈ ഗ്രന്ഥകാരന്റെ അഭിപ്രായം.

സാത്താനും അവന്റെ ദൂതന്മാരും അദൃശ്യജീവികൾ ആയതിനാൽ സാത്താനുമായുള്ള ഈ യുദ്ധം മനുഷ്യദൃഷ്ടിക്ക് കാണുവാൻ കഴികയില്ല. യേശുവിന്റെ കൈകാലുകൾ ക്രൂശിൽ തറയ്ക്കപ്പെട്ട്, അതിവേദന സഹിച്ച്, രക്തം ഒഴുകി അവശനായിത്തീർന്ന യേശു താമസിയാതെ മരിക്കും എന്നറിഞ്ഞുകൊണ്ടും, ദേശത്തെല്ലാം അന്ധകാരം നിറഞ്ഞിരിക്കയാലും ക്രൂശിൽ കിടക്കുന്ന യേശുവിനോടു നിഷ്പ്രയാസം പൊരുതി ജയിക്കുവാൻ കഴിയും എന്നറിഞ്ഞുകൊണ്ട് സാത്താൻ തന്റെ ആയിരംപതിനായിരം ദുഷ്ടാത്മസേനകളുമായി ക്രൂശിനോട് അടുത്തു നീങ്ങി. ക്രൂശിൽ രക്തം ഒഴുകി, മരിക്കാറായി കിടക്കുന്ന യേശുവിനോടു പൊരുതുവാൻ വന്ന ദുഷ്ടാത്മസേനകളെ ദൈവത്തിന്റെ ദൂതന്മാർ പൊരുതി വീഴ്ത്തി. "നിന്റെ വശത്തു ആയിരംപേരും, നിന്റെ വലത്തുവശത്ത് പതിനായിരം പേരും വീഴും, എങ്കിലും അതു നിന്നോടു അടുത്തു വരികയില്ല" (സങ്കീ. 91:7) എന്ന തിരുവചനം ഒരർത്ഥത്തിൽ ഇവിടെ നിറവേറി എന്ന് മനസ്സിലാക്കുവാൻ കഴിയും. തന്റെ ഉദ്ദേശം സാധിക്കുന്നില്ലെന്ന് കണ്ട സാത്താൻ ഒടുവിലായി താൻ തന്നെ യേശുവിനോട് പൊരുതി ജയിക്കുവാനുള്ള തന്ത്രം പ്രയോഗിക്കുവാൻ തീരുമാനിച്ചു.

ഏദെൻ തോട്ടത്തിൽ പാമ്പായി വന്ന് ഹവ്വായെ വശീകരിച്ച് ആദമിനെക്കൊണ്ട് ദൈവകല്പന ലംഘിപ്പിച്ചതിൽ സാത്താൻ വിജയിച്ചുവല്ലോ? അതുപോലെ ഒടുക്കത്തെ ആദാമാകുന്ന യേശുക്രിസ്തുവിനെ (1 കൊരി. 15:45) താൻ കൊന്നാൽ, യേശു സ്വയമായി, തന്നെത്താൻ

ക്രൂശിൽ യാഗമായതല്ല (എബ്രാ. 9:14) എന്നും, തന്റെ വിഷമുള്ള കടിമൂലമാണ് യേശു മരിച്ചതെന്നും അങ്ങനെ യേശുവിന്മേൽ ജയം നേടുവാൻ കഴിയും എന്നു ചിന്തിച്ചുകൊണ്ട്, ഏദെൻതോട്ടത്തിൽ സർപ്പമായി വന്നതു പോലെ അവൻ സർപ്പമായി വന്ന് തന്റെ സകല ശക്തിയും, വാശിയും എടുത്ത് യേശുവിന്റെ കുതികാലിൽ കടിച്ചു ചുറ്റി. യേശുവിന്റെ കുതികാലിൽ കടിച്ച പാമ്പിന്റെ (സാത്താന്റെ) തലയിൽ യേശുവിന്റെ രക്തം വീണപ്പോൾ അവന്റെ തല തകർക്കപ്പെട്ട് ശക്തിയറ്റവനായി യേശുവിന്റെ കുതികാലിൽ നിന്നും കടി വിട്ടു. യേശുവിന്റെ പരസ്യശുശ്രൂഷാ കാലത്ത് സാത്താനെ ഭത്സിച്ചകറ്റുകയും, വിട്ടുപോകുവാൻ കല്പിക്കുകയും ചെയ്തിരുന്നുവല്ലോ? എന്നാൽ ഇപ്പോൾ യേശുവിന്റെ രക്തത്തിന്റെ ശക്തി സാത്താന്റെമേൽ എത്രയെന്നുള്ളതും അറിവായിരിക്കുന്നു. "അവർ അവനെ കുഞ്ഞാടിന്റെ രക്തം ഹേതുവായിട്ടും തങ്ങളുടെ സാക്ഷ്യവചനം ഹേതുവായിട്ടും ജയിച്ചു" (വെളി. 12:1) എന്നുള്ള ദൈവീക മർമ്മം ഈ സമയം മുതൽ ദൈവജനത്തിന് സാത്താന്റെ മേലും അവന്റെ എല്ലാ പൈശാചിക ശക്തികളിന്മേലും ജയം പ്രാപിക്കുവാൻ കഴിയുമെന്നുള്ളതും സാത്താന് മനസ്സിലായി.

യേശുവിന്റെ കുതികാലിൽ കടിച്ചു കൊല്ലുവാൻ ശ്രമിച്ച സാത്താൻ ഇപ്പോൾ അബദ്ധത്തിൽ പെട്ടുപോയി എന്നറിഞ്ഞ് പരാജിതനായി കീഴടങ്ങി. സ്വർഗ്ഗത്തിൽ ദൈവത്തോടു മത്സരിച്ച് മീഖായേലിന്റെ വെട്ടേറ്റ് സ്വർഗ്ഗത്തിൽ നിന്നും തള്ളപ്പെട്ടവൻ ഇപ്പോൾ ഇതാ ക്രൂശിങ്കൽ യേശുവിന്റെ രക്തത്താൽ തല തകർക്കപ്പെട്ടവനായി, ശക്തി ക്ഷയിച്ചവനായി, പരാജിതനായി തീർന്നിരിക്കുന്നു. തല തകർന്നാൽ പിന്നെ ഒരു വ്യക്തിയുടെ ശക്തി എത്ര

യെന്നുള്ളത് നമുക്കറിയാമല്ലോ. "സ്ത്രീയുടെ സന്തതി യായവൻ നിന്റെ തലതകർക്കും; നീ അവന്റെ കുതികാൽ തകർക്കുമെന്ന് ദൈവം അരുളിച്ചെയ്തത് (ഉല്പ. 3:15) ഇങ്ങനെ ക്രൂശിൽ നിവർത്തിയായി. അതേ സാത്താൻ ക്രൂശിങ്കൽ പരാജയപ്പെട്ടു.

യുദ്ധത്തിൽ ഏർപ്പെട്ടുകൊണ്ടിരുന്ന ഒരു സൈന്യം തോല്ക്കുമ്പോൾ തോറ്റുപോയ സൈന്യാധിപൻ വിജയാ ളിയായ സൈന്യാധിപന്റെ മുമ്പിൽ തന്റെ ആയുധവും അധികാരചിഹ്നമായ റാങ്കും (Rank) ഊരി വച്ച് കീഴടങ്ങി തോല്വി സമ്മതിക്കുന്നതുപോലെ സാത്താൻ തന്റെ അധികാരവും ആയുധങ്ങളും യേശുവിന്റെ പാദത്തിൽ അടിയറ വെച്ച് കീഴടങ്ങി. "വാഴ്ചകളെയും അധികാര ങ്ങളെയും ആയുധവർഗ്ഗം വെപ്പിച്ചു ക്രൂശിൽ അവരുടെ മേൽ ജയോത്സവം കൊണ്ടാടി അവരെ പരസ്യമായ, കാഴ്ചയാക്കി (കൊലൊ. 2:15).

യേശു ഒരിക്കൽ പറഞ്ഞു: ബലവാൻ ആയുധം ധരിച്ച് തന്റെ അരമന കാക്കുമ്പോൾ അവന്റെ വസ്തുവക ഉറ പ്പോടെ ഇരിക്കുന്നു. അവനിലും ബലവാനായവൻ വന്ന് അവന്റെ ആയുധവർഗ്ഗം പിടിച്ചുപറിച്ച് അവനെ ജയിച്ച് കൊള്ള പങ്കു വയ്ക്കുന്നു (ലൂക്കൊ. 11:21-22). ബലവാ നായ സാത്താനിലും ബലവാനായ ദൈവപുത്രൻ ക്രൂശിൽ സാത്താനെ തോല്പിച്ച് അവന്റമേലും സകല പൈശാചിക ശക്തികളിന്മേലും വിജയം നേടി. അവൻ കാൽവറിയിൽ തോറ്റവനാകയാൽ യേശുവിന്റെ രക്ത ത്തിൽ ആശ്രയിക്കുന്നവർക്ക് സാത്താന്റെമേൽ വിജയം ഉണ്ടെന്നുള്ളത് ഉറപ്പാണ്. സാത്താന്റെ തലതകർത്ത ജയാ ളിയായ കർത്താവ് നമ്മുടെ നായകനായുള്ളതുകൊണ്ട് ദൈവജനത്തിനു സാത്താനെ പേടിക്കേണ്ടതില്ല.

അന്ധകാരം നിറഞ്ഞ മൂന്നുമണിക്കൂർ സാത്താനുമായുള്ള കഠിന യുദ്ധത്തിൽ സാത്താനെ പരാജയപ്പെടുത്തിയശേഷം സകലവും തികഞ്ഞിരിക്കുന്നു എന്ന് യേശു അറിഞ്ഞിട്ട് തിരുവെഴുത്ത് നിവൃത്തിയാകുംവണ്ണം: എനിക്ക് ദാഹിക്കുന്നു എന്ന് പറഞ്ഞു (യോഹ. 19:28). അഖിലാണ്ഡത്തിന്റെ ഉടയവനായവൻ സകല ആഴിയും നീരുറവകളും സൃഷ്ടിച്ചവൻ, ഞാൻ കൊടുക്കുന്ന വെള്ളം കുടിക്കുന്നവന് ഒരു നാളും ദാഹിക്കയില്ല എന്ന് പറഞ്ഞ കർത്താവ് അന്ത്യനിമിഷത്തിൽ എനിക്ക് ദാഹിക്കുന്നു എന്ന് പറഞ്ഞപ്പോൾ ഒരു തുള്ളി ശുദ്ധജലം കൊടുക്കുവാൻ മനസ്സ് കാണിക്കാത്ത മനുഷ്യന്റെ ഹൃദയകാഠിന്യം കാണുക. തന്നെക്കുറിച്ചുള്ള എല്ലാ തിരുവെഴുത്തും നിവൃത്തിക്കപ്പെട്ടശേഷം "നിവൃത്തിയായി" എന്ന് പറഞ്ഞുകൊണ്ട് തന്റെ ആത്മാവിനെ പിതാവിന്റെ തൃക്കയ്യിൽ ഏല്പിച്ചിട്ട് പ്രാണനെ വിട്ടു. സാത്താന്റെ അധികാരത്തിൻ കീഴിൽ, മരണഭീതിയിൽ കഴിഞ്ഞിരുന്ന മനുഷ്യവർഗ്ഗത്തിനു സാക്ഷാൽ സ്വാതന്ത്ര്യവും പാപത്തിൽ നിന്നുള്ള വിടുതലും കർത്താവ് തന്റെ ക്രൂശിലെ മരണം മൂലം എന്നേക്കുമായി പ്രദാനം ചെയ്തിരിക്കുന്നു. നാം വിശ്വസിച്ച് പ്രാപിച്ചാൽ മാത്രം മതി.

## സാത്താന്റെമേൽ ഒരു വിശ്വാസിക്ക് എങ്ങനെ വിജയം നേടുവാൻ കഴിയും.

സാത്താനെ യേശു ക്രൂശിൽ പരാജയപ്പെടുത്തിയെങ്കിലും, അവനും അവന്റെ സകല പൈശാചിക ശക്തികളും ദൈവത്തിനും ദൈവജനത്തിനും എതിരായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. ദൈവജനത്തിന്റെ വിശുദ്ധിയും വേർപാടും നഷ്ടപ്പെടുത്തി ജഡീകരാക്കി മാറ്റുവാൻ, ദൈവജനത്തെക്കൊണ്ട് പാപം ചെയ്യിപ്പിച്ച് ദൈവകോപത്തിനു വിധേയരാക്കുവാൻ, ആത്മാവിലും സത്യ

ത്തിലും ദൈവത്തെ ആരാധിപ്പിക്കാതെ സാത്താൻ തന്റെ കൌശലവും തന്ത്രങ്ങളും ദൈവജനത്തിന്മേൽ പ്രയോഗിക്കുന്നു. ദൈവജനം സാത്താന്റെ തന്ത്രങ്ങളെക്കുറിച്ച് ബോധവാന്മാരല്ലാത്തതിനാൽ അനേകർ അവന്റെ തന്ത്രങ്ങളിൽ അകപ്പെട്ട് പരാജിതരായിത്തീരുന്നു.

ദൈവജനം ഈ ലോകത്തിൽ വീണ്ടെടുപ്പ് പ്രാപിക്കാത്ത ജഡശരീരത്തിൽ ആയിരിക്കുമ്പോൾ സാത്താനുമായുള്ള പോർക്കളത്തിലാണെന്നുള്ള ചിന്ത എപ്പോഴും ഭരിച്ചിരിക്കേണം. നമുക്കു പോരാട്ടമുള്ളത് ജഡരക്തങ്ങളോടല്ല, വാഴ്ചകളോടും, അധികാരങ്ങളോടും ഈ അന്ധകാരത്തിന്റെ ലോകാധിപതികളോടും, സ്വർല്ലോകങ്ങളിലെ ദുഷ്ടാത്മസേനയോടും അത്രേ എന്ന് ദൈവവചനം പറയുന്നു (എഫെ. 6:12). ഈ പോർക്കളത്തിൽ ഒരു ദൈവപൈതലിന് സാത്താനോടും തന്റെ ദുഷ്ടാത്മസേനയോടും പോരാടി ജയിക്കേണ്ടതുണ്ട്. ഇത് ആത്മീക യുദ്ധമാകയാൽ ജഡത്തിന്റെ ആയുധങ്ങൾകൊണ്ട് സാത്താനോടു പോരാടി ജയിക്കുവാൻ കഴികയില്ല. ആകയാൽ ദുർദ്ദിവസത്തിൽ എതിർപ്പാനും സകലവും സമാപിച്ചിട്ട് ഉറച്ച് നില്പാനും കഴിയേണ്ടതിനു ദൈവത്തിന്റെ സർവ്വായുധവർഗ്ഗം ഒരു ദൈവഭക്തൻ എപ്പോഴും എടുത്തുകൊണ്ടിരിക്കേണം. തിരുവചനത്തിൽ ബുദ്ധിയുപദേശമായി പറഞ്ഞിരിക്കുന്ന: ഉണർന്നിരിപ്പീൻ, നിർമ്മദരായിരിപ്പീൻ, ജാഗ്രതയുള്ളവരായിരിപ്പീൻ, നിലനില്പ്പീൻ, ഓർത്തുകൊൾവീൻ എന്നീ പദങ്ങൾ പോരിനോടുള്ള ബന്ധത്തിൽ പ്രത്യേകം ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. സാത്താനെ പിടിച്ച് ആയിരം ആണ്ടേക്ക് അഗാധത്തിൽ ബന്ധിക്കുന്നതുവരെ അവൻ ഈ ലോകത്തിൽ മുഴുശക്തിയോട് പ്രവർത്തിച്ചുകൊണ്ടിരിക്കും എന്ന് നാം അറിഞ്ഞിരിക്കണം. ഈ പോർക്കളത്തിൽ സാത്താനോടും അവന്റെ

ദുഷ്ടാത്മസേനയോടും എങ്ങനെ പോരാടി ജയിക്കാമെന്നും പോരിന്റെ ചില പ്രധാന ആയുധങ്ങളെപ്പറ്റിയും താഴെ കുറിക്കുന്നു.

## a) ദൈവവചനത്താൽ

“വൈകുന്നേരം ആയപ്പോൾ പല ഭൂതഗ്രസ്തരെയും അവന്റെ അടുക്കൽ കൊണ്ടുവന്നു; അവൻ വാക്കുകൊണ്ട് ദുരാത്മാക്കളെ പുറത്താക്കി... (മത്താ. 8:16). “ഞാൻ നിങ്ങളോടു സംസാരിച്ച വചനങ്ങൾ ആത്മാവും ജീവനും ആകുന്നു...” (യോഹ. 6:63).

ദൈവം കല്പിച്ചിട്ടുള്ള, ദൈവശ്വാസീയമായി എഴുതപ്പെട്ട ‘ദൈവവചനങ്ങൾ’ ദൈവജനത്തിന് ദൈവം നല്കിയിട്ടുണ്ട്. ആ എഴുതപ്പെട്ട ദൈവവചനം ആധികാരികമായി ദൈവജനം എടുത്ത് സാത്താന്റെ മേൽ പ്രയോഗിച്ച് അവന്റെ എല്ലാ തന്ത്രങ്ങളിന്മേലും പരീക്ഷകളിന്മേലും വിജയം നേടണമെന്ന് കർത്താവ് ആഗ്രഹിക്കുന്നു. ദൈവവചനത്തിന് ദൈവത്തെപ്പോലെ ശക്തിയുണ്ട്. ദൈവവചനം ആത്മാവിന്റെ വാളാണ് (എഫെ. 6:17), ദൈവത്തിന്റെ വചനം ഇരുവായ്ത്തലയുള്ള ഏതു വാളിനെക്കാളും മൂർച്ചയേറിയതാണ് (എബ്രാ. 4:12), കർത്താവിന്റെ വായിൽ നിന്ന് പുറപ്പെടുന്ന വാളാണ് (വെളി. 19:21). ദൈവവചനമാകുന്ന വാൾ നമ്മുടെ കയ്യിലും, നാവിലും തന്നിരിക്കെ നാം അത് എടുത്ത് സാത്താനോടു പോരാടി ജയിക്കണം. ദൈവവചനത്തിന് മുമ്പിൽ സാത്താൻ പരാജയപ്പെടുക തന്നെ ചെയ്യും. എഴുതപ്പെട്ട ദൈവവചനത്താൽ യേശു സാത്താന്റെ പരീക്ഷയെ ജയിച്ചുവല്ലോ.

## b) ദൈവാത്മാവിനാൽ

നസറായനായ യേശുവിനെ ദൈവം പരിശുദ്ധാത്മാവിനാലും ശക്തിയാലും അഭിഷേകം ചെയ്തതും ദൈവം

അവനോടുകൂടെ ഇരുന്നതുകൊണ്ട് അവൻ നന്മ ചെയ്തും പിശാചു ബാധിച്ചവരെയൊക്കെയും സൗഖ്യ മാക്കിയുംകൊണ്ട് സഞ്ചരിച്ചു. (അ.പ്ര. 10:38) യേശു സ്നാമേറ്റശേഷം പരിശുദ്ധാത്മാവു നിറഞ്ഞവനായി മരു ഭൂമിയിലേക്കു പോയി എന്നു കാണുന്നു (ലൂക്കൊ. 4:1). പിതാവായ ദൈവം യേശുവിന്റെ സ്നാനത്തിങ്കൽ നേരിട്ട് സംസാരിച്ചശേഷം പുത്രൻ ഇതാ വീണ്ടും പിതാവിനോ ടൊപ്പം ആയിരിപ്പാനും പിതാവിന്റെ ശബ്ദം കേൾപ്പാനു മായി മരുഭൂമിയിൽ തനിയെ ആയിരിക്കുന്നു. പരിശു ദ്ധാത്മശക്തി എല്ലാ പൈശാചിക ശക്തികളെ ജയിക്കു ന്നതാണ്. ഇത് അറിഞ്ഞുകൊണ്ടാണ് കർത്താവ് പറ ഞ്ഞത്: നിങ്ങൾ യെരുശലേമിൽ നിന്നു വാങ്ങിപ്പോകാതെ എന്നോടു കേട്ട പിതാവിന്റെ വാഗ്ദത്തത്തിനായി കാത്തി രിക്കേണമെന്നും നിങ്ങൾ ഉയരത്തിൽ നിന്നു ശക്തി ധരി ക്കുവോളം നഗരത്തിൽ പാർപ്പിൻ എന്ന് (ലൂക്കൊ. 24:29; അ.പ്ര. 1:4).

ഒരിക്കൽ കുരുടനും ഊമനുമായ ഒരു ഭൂതഗ്രസ്തനെ യേശുവിന്റെ അടുക്കൽ കൊണ്ടുവന്നു. യേശു അവനി ലുള്ള ഭൂതത്തെ പുറത്താക്കിയപ്പോൾ പരീശന്മാർ പറ ഞ്ഞത്: ഇവൻ ഭൂതങ്ങളുടെ തലവനായ ബെയെത്സെബൂ ലിനെക്കൊണ്ടാകുന്നു ഭൂതങ്ങളെ പുറത്താക്കുന്നതെന്ന്. അപ്പോൾ യേശു അവരോടു പറഞ്ഞത്: ദൈവാത്മാവി നാൽ ഞാൻ ഭൂതങ്ങളെ പുറത്താക്കുന്നു എങ്കിൽ ദൈവ രാജ്യം നിങ്ങളുടെ അടുക്കൽ വന്നെത്തിയിരിക്കുന്നു സ്പഷ്ടം. ബലവാനെ പിടിച്ചു കെട്ടീട്ടല്ലാതെ ബലവാന്റെ വീട്ടിൽ കടന്നു അവന്റെ കോപ്പ് കവർന്ന്കളവാൻ എങ്ങനെ കഴിയും (മത്താ. 12:28-29). ത്രിത്വത്തിൽ മൂന്നാ മനായ പരിശുദ്ധാത്മാവാം ദൈവം ബലവാനായ സാത്താ നിലും ബലവാനാണ്. പരിശുദ്ധാത്മശക്തി നമ്മിൽ ആവ

സിക്കുന്നുവെങ്കിൽ സാത്താനെ ജയിപ്പാൻ കഴിയും. എന്നാൽ ദൈവത്തിന്റെ ശക്തികൊണ്ട് ഞാൻ ഭൂതങ്ങളെ പുറത്താക്കുന്നു എങ്കിൽ... (ലൂക്കൊ. 11:20).

## c) ഉപവാസത്താലും പ്രാർത്ഥനയാലും

സാത്താന്യ പരീക്ഷകളെ ജയിപ്പാൻ ഒരു ദൈവഭക്തന്റെ ജീവിതത്തിൽ ഉപവാസവും പ്രാർത്ഥനയും അത്യന്താപേക്ഷിതമാണ്. യേശുവിന്റെ ജീവിതത്തിൽ ഈ മാതൃക കാണിച്ച് തന്നിരിക്കുന്നു. യേശു തന്റെ പരസ്യശുശ്രൂഷ ആരംഭിക്കുന്നതിനു മുമ്പായി നാല്പതു ദിവസം ആഹാരം കഴിക്കാതെ ഉപവാസത്തിലും ദൈവത്തോടുള്ള പ്രാർത്ഥനയിലും മരുഭൂമിയിൽ ആയിരുന്നു (മത്താ. 4:1; ലൂക്കൊ. 4:1).

ഒരിക്കൽ ഒരു മനുഷ്യൻ ചന്ദ്രരോഗം പിടിച്ച തന്റെ മകനെ സൗഖ്യമാക്കുവാൻ യേശുവിന്റെ ശിഷ്യന്മാരുടെ പക്കൽ കൊണ്ടുവന്നിട്ടു അവർക്ക് കഴിയാഞ്ഞതിനാൽ യേശുവിന്റെ അടുക്കൽ കൊണ്ടുവന്നു. യേശു അവനിലുള്ള ഭൂതത്തെ ശാസിച്ച് സൗഖ്യപ്പെടുത്തി. തന്റെ ശിഷ്യന്മാർക്ക് എന്തുകൊണ്ട് ഭൂതത്തെ പുറത്താക്കിക്കൂടാഞ്ഞതു എന്ന് യേശുവിനോടു ചോദിച്ചപ്പോൾ യേശു പറഞ്ഞത്: നിങ്ങളുടെ അവിശ്വാസം നിമിത്തവും, പ്രാർത്ഥനയാലും ഉപവാസത്താലുമല്ലാതെ ഈ ജാതിനീങ്ങിപ്പോകയില്ല എന്നാണ് (മത്താ. 17:21). ദൈവജനത്തിനെതിരായി സാത്താൻ ഒരുക്കുന്ന സകലകെണികളിന്മേൽ വിജയം നേടുവാൻ ഉപവാസത്താലും പ്രാർത്ഥനയാലും സാധിക്കും എന്ന് എസ്ഥേറിന്റെ ജീവിതം നമ്മെ പഠിപ്പിക്കുന്നു (എസ്ഥേർ 4:16).

## d) യേശുവിന്റെ രക്തത്താൽ

"അവർ അവനെ കുഞ്ഞാടിന്റെ രക്തം ഹേതുവായിട്ടും തങ്ങളുടെ സാക്ഷ്യവചനം ഹേതുവായിട്ടും ജയിച്ചു" (വെളി. 12:11).

ഫറവോന്റെ അടിമത്വത്തിൽ നിന്നും യിസ്രായേൽ ജനത്തെ വിടുവിപ്പാനും സംഹാരദൂതനിൽ നിന്നു രക്ഷിപ്പാനുമായി ഒരു പെസഹാകുഞ്ഞാടിനെ അറുത്ത് രക്തം തങ്ങൾ പാർക്കുന്ന വീടുകളുടെ വാതിലിലെ കട്ടിളക്കാലിന്മേലും കുറുമ്പടിമേലും പുരട്ടേണമെന്ന് ദൈവം കല്പിച്ചു. രക്തം അടയാളമായുള്ള ഭവനങ്ങളെ ദൈവം കാത്തുസൂക്ഷിക്കുകയും സംഹാരദൂതൻ തൊടുവാൻ ദൈവം സമ്മതിച്ചതുമില്ല (പുറ. 12:23,29). അങ്ങനെ യിസ്രായേൽ ജനത്തെ ഫറവോന്റെ അടിമത്വത്തിൽ നിന്നും ദൈവം വിടുവിച്ചു.

നമ്മുടെ പെസഹാകുഞ്ഞാടാകുന്ന ക്രിസ്തുവിന്റെ (1 കൊരി. 5:7) രക്തത്താൽ വീണ്ടെടുക്കപ്പെട്ടവരാണ് ദൈവജനം. പാപിയായ ഒരു വ്യക്തി ക്രൂശിൽ യാഗമായ ക്രിസ്തുവിൽ വിശ്വസിച്ചുകൊണ്ട് തന്റെ പാപങ്ങളെ ഏറ്റുപറഞ്ഞ് ഉപേക്ഷിക്കുമ്പോൾ യേശുവിന്റെ രക്തത്താൽ പാപങ്ങൾ കഴുകി ശുദ്ധീകരിക്കുകയും തന്നെ വിശുദ്ധനും നീതിമാനുമായി ദൈവം പ്രഖ്യാപിക്കുകയും ചെയ്യുന്നു. അങ്ങനെ രക്ഷിക്കപ്പെട്ട ഒരു ദൈവപൈതലിനെ യേശുവിന്റെ രക്തത്താലുള്ള മുദ്രയിട്ട് ദൈവത്തിനായി വേർതിരിക്കുന്നു. “യഹോവ ഭക്തനെ തനിക്കു വേർതിരിച്ചിരിക്കുന്നു എന്നറിവിൻ” (സങ്കീ. 4:3).

യേശുവിന്റെ രക്തത്താൽ മുദ്രയിടപ്പെട്ട ദൈവപൈതൽ പരിശുദ്ധാത്മാവിനാൽ അഭിഷേകം പ്രാപിക്കുമ്പോൾ ആത്മാവിനാലും മുദ്രയിടപ്പെടുന്നു.

“ഞങ്ങളെ നിങ്ങളോടുകൂടെ ക്രിസ്തുവിൽ ഉറപ്പിക്കുന്നതും നമ്മെ അഭിഷേകം ചെയ്തതും ദൈവമല്ലോ?

അവൻ നമ്മെ മുദ്രയിട്ടും ആത്മാവ് എന്ന അച്ചാരം നമ്മുടെ ഹൃദയങ്ങളിൽ തന്നുമിരിക്കുന്നു (2 കൊരി. 1:21 -22).

“....തന്റെ സ്വന്തജനത്തിന്റെ വീണ്ടെടുപ്പിനുവേണ്ടി തന്റെ മഹത്വത്തിന്റെ പുകഴ്ചക്കായിട്ടു നമ്മുടെ അവകാശത്തിന്റെ അച്ചാരമായ വാഗ്ദത്തത്തിൽ പരിശുദ്ധാത്മാവിനാൽ മുദ്രയിട്ടിരിക്കുന്നു (എഫെ. 1:14).”

“ദൈവത്തിന്റെ പരിശുദ്ധാത്മാവിനെ ദുഃഖിപ്പിക്കരുത്; അവനാലല്ലോ നിങ്ങൾക്കു വീണ്ടെടുപ്പുനാളിനായി മുദ്രയിട്ടിരിക്കുന്നത്” (എഫെ. 4:30).

യേശുവിന്റെ രക്തത്താലും പരിശുദ്ധാത്മാവിനാലും മുദ്രയിടപ്പെട്ട ദൈവജനം ദൈവത്തിനു വിലപ്പെട്ടവരാണ്. ദൈവജനത്തിന്മേലുള്ള മുദ്ര കാണുമ്പോൾ സാത്താനും അവന്റെ അശുദ്ധാത്മാക്കൾക്കും അറിയാം ഇവർ ദൈവത്തിന്റെ വിശുദ്ധന്മാർ ആണെന്നും ഇവരുടെമേൽ ദൈവത്തിന്റെ ദൃഷ്ടി ഉണ്ടെന്നുള്ളതും.

“എന്റെ അഭിഷിക്തന്മാരെ തൊടരുത്, എന്റെ പ്രവാചകന്മാർക്ക് ഒരു ദോഷവും ചെയ്യരുത് എന്നു പറഞ്ഞു” (സങ്കീ. 105:15).

“ദൈവത്തിൽ നിന്നു ജനിച്ചവൻ.... ദുഷ്ടൻ അവനെ തൊടുന്നതുമില്ല” (1 യോഹ. 5:18).

പിതാവായ ദൈവം പുത്രനെ മുദ്രയിട്ടിരിക്കുന്നു എന്നു പറഞ്ഞിരിക്കുന്നുവല്ലോ? (യോഹ. 6:27). ക്രിസ്തുവിന്മേലുള്ള ദൈവത്തിന്റെ മുദ്ര കണ്ടതുകൊണ്ടാണല്ലോ അശുദ്ധാത്മാവ് പറഞ്ഞത് ‘നീ ആർ എന്നു ഞാൻ അറിയുന്നു, ദൈവത്തിന്റെ പരിശുദ്ധൻ തന്നേ’ എന്ന്.

ഒരു ദൈവപൈതൽ തന്നെ വീണ്ടെടുത്ത് ശുദ്ധീകരിച്ച രക്തത്തെ എപ്പോഴും ഓർത്ത് ധ്യാനിക്കേണ്ടതായിരിക്കുന്നു. ക്രിസ്തീയ ജീവിതത്തിൽ പൈശാചിക പരീക്ഷകൾ നേരിടുമ്പോൾ, പാപം ചെയ്യുവാൻ പ്രേരണ ഉണ്ടാകുമ്പോൾ യേശുവിന്റെ രക്തത്തിൽ ആശ്രയിച്ചു

കൊണ്ട് 'രക്തത്താൽ ജയം' എന്ന് വായ്കൊണ്ട് പ്രഖ്യാപിച്ച് സാത്താനെ ഭത്സിച്ചകറ്റുമ്പോൾ സാത്താന്റെമേൽ വിജയം നേടുവാൻ കഴിയും. യേശുവിന്റെ രക്തത്തിനു സാത്താന്റെമേൽ ശക്തിയുണ്ട്.

"കർത്താവ് തനിക്കുള്ളവരെ അറിയുന്നു എന്നും കർത്താവിന്റെ നാമം ഉച്ചരിക്കുന്നവൻ എല്ലാം അനീതി വിട്ടകന്നുകൊള്ളട്ടെ എന്നും ആകുന്നു അതിന്റെ മുദ്ര" (2 തിമൊ. 2:19).

## e) യേശുവിലുള്ള വിശ്വാസത്താൽ

യേശുവിലുള്ള വിശ്വാസം വെറും ബുദ്ധിമണ്ഡലത്തിലും അറിവിലുമുള്ള വിശ്വാസമല്ല. പിന്നെയോ, യേശു കർത്താവാണെന്നും അവന് സകലത്തിന്മേലും കർത്തൃത്വവും അധികാരവും ഉള്ളവനെന്നും, അവൻ കല്പിച്ചാൽ സംഭവിക്കുമെന്നും, യേശു ജീവിക്കുന്നതിനാൽ യേശു ചെയ്ത അത്ഭുതങ്ങളും അടയാളങ്ങളും തന്നിൽ വിശ്വസിക്കുന്നവരാൽ നടക്കുമെന്ന് വിശ്വസിക്കണം. കർത്താവു പറഞ്ഞു: ആമേൻ, ആമേൻ ഞാൻ നിങ്ങളോടു പറയുന്നു; ഞാൻ ചെയ്യുന്ന പ്രവൃത്തി എന്നിൽ വിശ്വസിക്കുന്നവനും ചെയ്യും (യോഹ. 14:12).

ചന്ദ്രരോഗമുള്ള മനുഷ്യനിലെ ഭൂതത്തെ യേശു ശാസിച്ച് സൌഖ്യമാക്കിയശേഷം തന്റെ ശിഷ്യന്മാർക്കു എന്തുകൊണ്ട് ഭൂതത്തെ പുറത്താക്കുവാൻ കഴിഞ്ഞില്ല എന്ന് യേശുവിനോടു ചോദിച്ചപ്പോൾ യേശു പറഞ്ഞത്: 'നിങ്ങളുടെ അല്പവിശ്വാസം നിമിത്തമത്രേ എന്നാണ്' (മത്താ. 17:20). യേശുവിനോടുകൂടി നടക്കുകയും, യേശു ഭൂതങ്ങളെ പുറത്താക്കുന്നത് കണ്ടിട്ടുമുള്ള ശിഷ്യന്മാർ കർത്താവിൽ പൂർണ്ണമായി വിശ്വസിച്ചിരുന്നില്ല. തങ്ങൾ കല്പിച്ചാൽ ഭൂതം വിട്ടുപോകയില്ല എന്ന് സംശയിച്ചിരുന്നു. കർത്താവു പറഞ്ഞു; വിശ്വസിക്കുന്നവരാൽ ഈ

അടയാളങ്ങൾ നടക്കും; എന്റെ നാമത്തിൽ അവർ ഭൂതങ്ങളെ പുറത്താക്കും..." (മർക്കൊ. 16:17). യേശുവിൽ വിശ്വസിക്കുന്നവർ തന്റെ വചനത്തിൽ നിലനില്ക്കേണ്ടതാണ് (യോഹ. 8:31). യേശുവിലും തന്റെ വചനത്തിലും പൂർണ്ണമായി വിശ്വസിക്കുന്നവർക്ക് സാത്താന്റേമേലും എല്ലാ പൈശാചിക ശക്തികളിന്മേലും പൂർണ്ണവിജയം നേടുവാൻ കഴിയും.

## f) യേശു നല്കപ്പെട്ട അധികാരത്താൽ

യേശു പറഞ്ഞു: "സ്വർഗ്ഗത്തിലും ഭൂമിയിലും സകല അധികാരവും എനിക്കു നൽകപ്പെട്ടിരിക്കുന്നു" (മത്താ. 28:18).

യേശുവിന്റെ പരസ്യശുശ്രൂഷാകാലത്ത് അവൻ തന്റെ ശിഷ്യന്മാരെ അടുക്കെ വിളിച്ചിട്ട്, അശുദ്ധാത്മാക്കളെ പുറത്താക്കുവാനും സകലവിധ ദീനവും വ്യാധിയും പൊറുപ്പിപ്പാനും അവർക്കു അധികാരം കൊടുത്തു (മത്താ. 10:1). കർത്താവ് നല്കിയ അധികാരം കൊണ്ട് അവർ രോഗികളെ സൌഖ്യമാക്കുകയും അശുദ്ധാത്മാക്കളെ പുറത്താക്കുകയും ചെയ്തു. യേശു മരിച്ചിട്ട് ഉയിർത്തെഴുന്നേറ്റ ശേഷം സ്വർഗ്ഗാരോഹണം ചെയ്യുന്നതിനു മുമ്പായി തന്റെ ശിഷ്യന്മാരോടു പറഞ്ഞത്: സ്വർഗ്ഗത്തിലും ഭൂമിയിലും സകല അധികാരവും എനിക്കു നല്കപ്പെട്ടിരിക്കുന്നു എന്നും ആകയാൽ നിങ്ങൾ ഞാൻ നല്കുന്ന അധികാരത്തോടെ ലോകത്തിൽ എല്ലായിടത്തും പോയി എന്റെ സാക്ഷികൾ ആകുവിൻ എന്നാണ്. കർത്താവ് നൽകപ്പെട്ട അധികാരത്താൽ അവർ ധൈര്യത്തോടെ യേശുവിന്റെ സാക്ഷികൾ ആകുകയും രോഗികളെയും അശുദ്ധാത്മാവ് ബാധിച്ചവരെ സൌഖ്യമാക്കുകയും, അപ്പൊസ്തലന്മാരാൽ അനേകം അത്ഭുതങ്ങളും അടയാളങ്ങളും നടക്കുകയും ചെയ്തു (അ.പ്ര. 3:7, 4:30, 5:12,16, 6:8, 14:3, 15:12).

കർത്താവ് ശിഷ്യന്മാരോടു പറഞ്ഞത്: പാമ്പുകളെയും തേളുകളെയും ശത്രുവിന്റെ സകല ബലത്തെയും ചവിട്ടുവാൻ ഞാൻ നിങ്ങൾക്കു അധികാരം തരുന്നു; ഒന്നും നിങ്ങൾക്കു ഒരിക്കലും ദോഷം വരുത്തുകയും ഇല്ല (ലൂക്കൊ. 10:19).

സമാധാനത്തിന്റെ ദൈവമോ വേഗത്തിൽ സാത്താനെ നിങ്ങളുടെ കാല്ക്കീഴെ ചതച്ചു കളയും (റോമ. 16:20). കർത്താവിന്റെ അധികാരമുള്ള ശുശ്രൂഷകന്മാരെ സാത്താനും അശുദ്ധാത്മാക്കൾക്കും നല്ലവണ്ണം അറിയാം. അവരെ സാത്താനും അശുദ്ധാത്മാക്കൾക്കും പേടിയാണ്. വിശുദ്ധ പൗലൊസിന്റെ ശുശ്രൂഷയിലും (അ.പ്ര. 19:15), ഫിലിപ്പൊസിന്റെ ശുശ്രൂഷയിലും (അ.പ്ര. 8:7) ഇത് വ്യക്തമാണ്. ആകയാൽ യേശു നല്കപ്പെട്ട അധികാരത്താൽ സാത്താന്റെമേലും എല്ലാ അന്ധകാരശക്തികളിന്മേലും ഒരു ദൈവഭക്തന് ജയം പ്രാപിക്കുവാൻ കഴിയും.

## g) യേശുവിന്റെ നാമത്തിൽ

"എന്റെ നാമത്തിൽ അവർ ഭൂതങ്ങളെ പുറത്താക്കും..." (മർക്കൊ. 16:17).

"യേശുവിന്റെ നാമത്തിങ്കൽ സ്വർല്ലോകരുടെയും, ഭൂലോകരുടെയും, അധോലോകരുടെയും മുഴങ്കാൽ ഒക്കെയും മടങ്ങുകയും...." (ഫിലി. 2:10).

ഇന്നു ലോകത്തിൽ അനേകം ദൈവങ്ങളും, മനുഷ്യദൈവങ്ങളും, മതങ്ങളും ആരാധനകളും ഉണ്ട്. എന്നാൽ ഏകസത്യ ദൈവത്തെയും, മനുഷ്യരുടെ രക്ഷയ്ക്കായി മനുഷ്യാവതാരം എടുത്ത് ഭൂമിയിൽ വന്ന കർത്താവായ യേശുക്രിസ്തുവിനെയും മനുഷ്യർ അറിയേണ്ടതുപോലെ അറിയാതെ അന്ധരായി പാരമ്പര്യ ചട

ങ്ങിലും ആരാധനയിലും തുടർന്നുകൊണ്ടിരിക്കുമ്പോൾ സാത്താനും അവന്റെ കീഴിലുള്ള സകല പൈശാചിക ശക്തികളും ഏകസത്യദൈവത്തിൽ വിശ്വസിക്കുകയും കർത്താവായ യേശുക്രിസ്തു ആരാണെന്ന് അറികയും ചെയ്യുന്നു. തിരുവചനം പറയുന്നു: ദൈവം ഏകൻ എന്ന് പിശാചുക്കൾ വിശ്വസിക്കയും ആ ഏക ദൈവത്തിന്റെ മുമ്പിൽ വിറയ്ക്കുകയും ചെയ്യുന്നു എന്ന് (യാക്കോ. 2:19).

അടുത്തുകൂടാത്ത വെളിച്ചത്തിൽ വസിക്കുന്ന ആദൃശ്യനായ, അത്യുന്നതനായ, മഹോന്നതനായ, സൃഷ്ടാവായ ദൈവത്തെ മനുഷ്യർക്ക് വെളിപ്പെടുത്തി തന്നിരിക്കുന്നത്: സ്വർഗ്ഗത്തിൽ നിന്നും ഇറങ്ങി വന്നവനായി സ്വർഗ്ഗത്തിൽ ഇരിക്കുന്നവനായ യേശുക്രിസ്തു മാത്രമാണ്. അവൻ പാപങ്ങൾക്കു പരിഹാരം ഉണ്ടാക്കിയ ശേഷം ഉയരത്തിൽ മഹിമയുടെ വലത്തുഭാഗത്ത് ഇരിക്കയും അവൻ ദൈവദൂതന്മാരെക്കാൾ വിശിഷ്ടമായ നാമത്തിനു അവകാശിയായതിനു ഒത്തവണ്ണം അവരെക്കാൾ ശ്രേഷ്ഠനായിത്തീരുകയും ചെയ്തു (എബ്രാ. 1:3–4).

യേശുവിന്റെ നാമം സകല നാമത്തിനും മേലായ നാമമാണ്. അവൻ അദൃശ്യനായ ദൈവത്തിന്റെ പ്രതിമയും സർവ്വസൃഷ്ടിക്കും ആദ്യജാതനും ആകുന്നു. സ്വർഗ്ഗത്തിലുള്ളതും, ഭൂമിയിലുള്ളതും, ദൃശ്യമായും, അദൃശ്യമായതും സിംഹാസനങ്ങൾ ആകട്ടെ, കർത്തൃത്വങ്ങൾ ആകട്ടെ, വാഴ്ചകൾ ആകട്ടെ, അധികാരങ്ങൾ ആകട്ടെ സകലവും അവൻ മുഖാന്തരം സൃഷ്ടിക്കപ്പെട്ടു; അവൻ മുഖാന്തരവും അവനായിട്ടും സകലവും സൃഷ്ടിക്കപ്പെട്ടിരിക്കുന്നു. അവൻ സർവ്വത്തിനും മുമ്പെയുള്ളവൻ, അവൻ സകലത്തിനും ആധാരമായിരിക്കുന്നു (കൊലൊ. 1:15–17).

"ദൂതന്മാരും അധികാരങ്ങളും ശക്തികളും അവന്നു കീഴ്പെട്ടുമിരിക്കുന്നു" (1 പത്രൊ. 3:22).

“എല്ലാ വാഴ്ചയ്ക്കും അധികാരത്തിനും ശക്തിക്കും കർത്തൃത്വത്തിനും ഈ ലോകത്തിൽ മാത്രമല്ല വരുവാനുള്ളതിലും വിളിക്കപ്പെടുന്ന സകല നാമത്തിനും അത്യന്തം മീതെ ഇരുത്തുകയും സർവ്വവും അവന്റെ കാല്ക്കീഴാക്കി വെച്ചു അവനെ സർവ്വത്തിനും മീതെ തലയാക്കി...” (എഫെ.1:21–22). “അവൻ സർവ്വത്തിനും മീതെ ദൈവമായി എന്നെന്നേക്കും വാഴ്ത്തപ്പെട്ടവൻ” (റോമ. 9:5).

കർത്താവായ യേശുക്രിസ്തു ആരാണെന്നു വെളിപ്പെടുത്തി തന്നിരിക്കുന്ന ചില വേദഭാഗങ്ങളാണ് മുകളിൽ ഉദ്ധരിച്ചിരിക്കുന്നത്. ഈ ലോകത്തിലെ പണ്ഡിതരും, ജ്ഞാനികളും, മതനേതാക്കന്മാരും യേശുക്രിസ്തു ആരാണെന്നുള്ളത് അറിയേണ്ടതുപോലെ അറിയാതെ യേശുവിനെ മറ്റ് ദൈവങ്ങൾക്കും ദേവ–അവതാരങ്ങൾക്കും തുല്ല്യനായും യേശു ഒരു പ്രവാചകനായും, ഗുരുവായും, മനുഷ്യർ അറിയുന്നു. യേശു കഴുതപ്പുറത്തു കയറി ദേവാലയത്തിലേക്കുള്ള യാത്രയിൽ സാധാരണ ജനങ്ങൾ **ഹോശന്നാ** പാടി കർത്താവിനെ സ്തുതിച്ചപ്പോൾ ജനത്തിൽ ഉന്നതരും, പണ്ഡിതരും ഇവൻ ആർ? എന്നും (മത്താ 21:10) ഇവൻ തച്ചന്റെ മകനല്ലയോ? (മത്ത 13:55) എന്നുമാണ് ചോദിക്കുന്നത്.

“നാം രക്ഷിക്കപ്പെടുവാൻ, നമ്മെ ദൈവത്തോടു നിരപ്പിപ്പാൻ ആകാശത്തിൻ കീഴിൽ മനഷ്യരുടെ ഇടയിൽ നൽകപ്പെട്ട ഏകനാമം ‘യേശുക്രിസ്തു’ എന്ന നാമമാണ് (അ.പ്ര. 4:12). അവന്റെ നാമം സർവ്വഭൂമിയിലും പ്രസ്താവിക്കപ്പെടേണ്ടതാണ്” (റോമ. 9:17).

“അവന്റെ നാമത്തെ വിളിച്ചപേക്ഷിക്കുന്ന ഏവനും രക്ഷിക്കപ്പെടും” (റോമ. 10:13).

“അവനിൽ വിശ്വസിക്കുന്ന ഏവനും അവന്റെ നാമം മൂലം പാപമോചനം ലഭിക്കും” (അ.പ്ര. 10:43).

യേശുവിന്റെ നാമത്തിൽ വിശ്വസിച്ചവർ, യേശുവിനെ ഹൃദയത്തിൽ കൈക്കൊണ്ടവർ, യേശുവിന്റെ നാമം എടുത്ത ഏവരും ഈ ലോകത്തിൽ അനുഗ്രഹിക്കപ്പെടുകയും അഭിവൃദ്ധി പ്രാപിക്കുകയും ചെയ്യുക മാത്രമല്ല; പരലോകത്തിൽ നിത്യജീവനും പ്രാപിക്കുന്നു. യേശുവിന്റെ നാമം ഏവർക്കും എടുക്കുവാൻ കൊള്ളാവുന്ന ‘നല്ല’ നാമമാണ് (യാക്കോ. 2:7). യേശുവിന്റെ നാമത്തിൽ പിതാവിനോടു അപേക്ഷിക്കുന്നതൊക്കെയും അവൻ നിങ്ങൾക്കു തരും എന്ന് കർത്താവ് പറഞ്ഞിരിക്കുന്നു (യോഹ. 15:16). “ആമേൻ, ആമേൻ ഞാൻ നിങ്ങളോടു പറയുന്നു; നിങ്ങൾ പിതാവിനോടു അപേക്ഷിക്കുന്നതൊക്കെയും അവൻ ‘എന്റെ നാമത്തിൽ’ നിങ്ങൾക്കു തരും. ഇന്നുവരെ നിങ്ങൾ എന്റെ നാമത്തിൽ ഒന്നും അപേക്ഷിച്ചിട്ടില്ല; അപേക്ഷിപ്പിൻ; എന്നാൽ നിങ്ങളുടെ സന്തോഷം പൂർണ്ണമാകുംവണ്ണം നിങ്ങൾക്കു ലഭിക്കും” (യോഹ. 16:23 –24).

യേശുവിന്റെ പരസ്യശുശ്രൂഷയിൽ യേശു എഴുപതു ശിഷ്യന്മാരെ തിരഞ്ഞെടുത്ത് പല പട്ടണങ്ങളിലും ഗ്രാമങ്ങളിലും തനിക്കു മുമ്പായി സുവിശേഷം അറിയിക്കുന്നതിനായി അയച്ചു. അവർ സന്തോഷത്തോടെ മടങ്ങിവന്ന് യേശുവിനോടു പറഞ്ഞത്: കർത്താവേ “നിന്റെ നാമത്തിൽ” ഭൂതങ്ങളും ഞങ്ങൾക്കു കീഴടങ്ങുന്നു എന്നാണ് (ലൂക്കൊ. 10:17). യേശുവിന്റെ നാമത്തിൽ പാപത്തിന്മേലും, രോഗത്തിന്മേലും, സാത്താന്റെമേലും, എല്ലാ പൈശാചിക ശക്തികളിന്മേലും വിടുതൽ ഉണ്ട്. യേശു ജീവിക്കുന്നതിനാൽ അവന്റെ നാമത്തിൽ അത്ഭുതങ്ങളും അടയാളങ്ങളും ഇന്നും നടന്നുകൊണ്ടിരിക്കുന്നു.

"സൗഖ്യമാക്കുവാൻ നിന്റെ കൈ നീട്ടുന്നതിനാലും, നിന്റെ പരിശുദ്ധദാസനായ യേശുവിന്റെ 'നാമത്തിൽ' അടയാളങ്ങളും അത്ഭുതങ്ങളും ഉണ്ടാകുന്നതിനാലും...." (അ.പ്ര. 4:30).

❑

# 36

# സാത്താന്റെ അന്ത്യന്യായവിധി

സാത്താന്റെ അന്ത്യ ന്യായവിധിയെക്കുറിച്ച് ചുരുക്കമായി പറഞ്ഞ് ഈ വിഷയം ഇവിടെ അവസാനിപ്പിക്കുവാൻ ആഗ്രഹിക്കുന്നു.

കർത്താവിന്റെ മദ്ധ്യാകാശത്തിലെ വരവിങ്കൽ സഭ ഭൂമിയിൽ നിന്നും എടുക്കപ്പെട്ട് ക്രിസ്തുവിനോടുകൂടി സ്വർഗ്ഗത്തിൽ ആയിരിക്കുമ്പോൾ ഈ ഭൂമിയിൽ ദൈവക്രോധം ചൊരിയപ്പെടുകയാണ്. ഭൂമിയിൽ ഒരു മനുഷ്യനും ചിന്തിക്കുവാനോ ഊഹിക്കുവാനോ കഴിയാത്ത രീതിയിലുള്ള അന്തിക്രിസ്തുവിന്റെ ഏഴുവർഷത്തെ ഭരണകാലം ആയിരിക്കും അന്നു നടക്കുന്നത്. മഹോപദ്രവകാലത്ത് സാത്താൻ അന്തിക്രിസ്തുവിനെയും കള്ളപ്രവാചകനെയും വാഴിച്ച് മനുഷ്യരെ തെറ്റിച്ചുകളയത്തക്കവണ്ണം അത്ഭുതങ്ങളും അടയാളങ്ങളും ചെയ്യുവാൻ സാത്താൻ കള്ളപ്രവാചകനിൽ പ്രത്യേക ശക്തിയും അധികാരവും നൽകും. മഹോപദ്രവകാലത്തിന്റെ മദ്ധ്യത്തിൽ സാത്താനും അവന്റെ ദുഷ്ടാത്മസേനയും കർത്താവിനെയും തന്റെ വിശുദ്ധന്മാരെയും വളഞ്ഞിട്ട് രാപ്പകൽ വിശുദ്ധന്മാരെപ്പറ്റി അപവാദങ്ങൾ പറഞ്ഞുകൊണ്ട് യുദ്ധത്തിനായി വെല്ലുവിളിച്ചുകൊണ്ടിരിക്കും. ഈ സമയം മീഖായേലും സൈന്യവും കർത്താവിന്റെയും വിശുദ്ധന്മാരുടെയും ചുറ്റും യുദ്ധസന്നദ്ധരായി യേശുവിന്റെ ആജ്ഞ

ക്കുവേണ്ടി റെഡിയായി നിൽക്കുകയാണ്. മഹോപദ്രവ കാലത്തിന്റെ മദ്ധ്യത്തോടുകൂടി മീഖായേലും അവന്റെ ദൂതസൈന്യവും സാത്താനോടും അവന്റെ സൈന്യത്തോടും യുദ്ധം ചെയ്ത് സാത്താനെ തോല്പിച്ച് സ്വർല്ലോകങ്ങളിൽ നിന്നും സാത്താനെയും അവന്റെ ദൂതന്മാരെയും ഭൂമിയിലേക്കു തള്ളിക്കളയും (വെളി. 12:7–8).

സ്വർഗ്ഗസ്ഥലങ്ങളിൽ നിന്നും സാത്താനെയും അവന്റെ സൈന്യത്തെയും ഭൂമിയിലേക്കു തള്ളപ്പെട്ടതിനാൽ സ്വർല്ലോകങ്ങളിൽ അഥവാ ആകാശമണ്ഡലത്തിൽ അവന് ഇനിയും സ്ഥാനമില്ല. ഭൂമിയിൽ അവന് അല്പകാലമേ ഇനിയും ഉള്ളൂ എന്നറിഞ്ഞുകൊണ്ട് മഹാക്രോധത്തോടെ പെരുമാറുന്ന കാലയളവാണ് മഹോപദ്രവകാലത്തിന്റെ ഒടുവിലത്തെ മൂന്നരവർഷക്കാലം (വെളി. 12:12).

അന്തിക്രിസ്തുവിന്റെ ഏഴുവർഷത്തെ ഭരണത്തിന്റെ ഒടുവിൽ അഥവാ മഹോപദ്രവകാലത്തിന്റെ ഒടുവിൽ, കർത്താവും തന്റെ വിശുദ്ധന്മാരും ഭൂമിയിൽ ആയിരം ആണ്ടു വാഴുവാൻ വരുമ്പോൾ മൃഗത്തെയും (അന്തിക്രിസ്തു) കള്ളപ്രവാചകനെയും പിടിച്ച് ജീവനോടെ തീപ്പൊയ്കയിൽ തള്ളിയിടും (വെളി. 19:20). അതിനുശേഷം സാത്താനെ പിടിച്ച് ആയിരം ആണ്ടേക്കു ചങ്ങല ഇട്ടു ബന്ധിച്ച് അഗാധത്തിൽ തള്ളിയിട്ട് അടച്ചുപൂട്ടി മുദ്ര വയ്ക്കും (വെളി. 20:2–3). സാത്താനോടുകൂടി അവന്റെ സകല സൈന്യവും അഗാധത്തിൽ അഥവാ പാതാളത്തിൽ ആയിരിക്കും. മരണത്തിന്റെയും പാതാളത്തിന്റെയും താക്കോൽ കർത്താവിന്റെ കൈയ്യിൽ ആകയാൽ (വെളി. 1:18) അവൻ അടച്ചാൽ ആർക്കും തുറക്കുവാൻ കഴിയില്ല. കർത്താവും തന്റെ വിശുദ്ധന്മാരും ഈ ഭൂമിയിൽ ആയിരം ആണ്ടു വാഴുന്ന വാഴ്ചയെപ്പറ്റി വിസ്തരി

പ്പാൻ തുനിയുന്നില്ല. അവൻ ദാവീദിൻ സിംഹാസനത്തിൽ ഇരുന്ന് യെരുശലേം കേന്ദ്രമാക്കി ഭരിക്കുന്ന കാലം നീതിയും സന്തോഷവും, സമാധാനവും മഹത്വമേറിയ തുമായിരിക്കും. ഈ ഭൂമിയിൽ ഒരു രാജാവോ ഭരണ കർത്താക്കളോ ഭരിച്ച് കാണിക്കാത്തവിധത്തിലുള്ള നീതി യുള്ള ഭരണമായിരിക്കും. സാത്താനും അവന്റെ ദൂത ന്മാരും ഇല്ലാത്തതിനാൽ യാതൊരു പാപവും ശാപവും, അന്യായവും, വഴക്കും, അടിപിടി, കൊല്ലുംകൊലയും, കള്ളം, മോഷണം, ബലാൽസംഗം, രാഷ്ട്രീയ പാർട്ടി, മുദ്രാവാക്യം, ഹർത്താൽ ഈ വക ഒന്നുംതന്നെ അന്നു കാണുകയില്ല.

ആയിരം ആണ്ടത്തെ വാഴ്ച കഴിയുന്നതോടുകൂടി സാത്താനെ അഗാധത്തിൽനിന്നും അഴിച്ചുവിടും. അപ്പോൾ തീപ്പൊയ്കയിൽ അന്തിക്രിസ്തുവും കള്ളപ്ര വാചകനും മാത്രമാണുള്ളത്. തീപ്പൊയ്കയിലെ ആദ്യത്തെ സ്ഥാനാർത്ഥികളാണവർ. തടവിൽ നിന്നും സാത്താനെ അഴിച്ചുവിടുമ്പോൾ അവൻ ഭൂമിയുടെ നാലു ദിക്കിലുള്ള എല്ലാ ജാതികളെയും വശീകരിച്ച് യെരു ശലേം തലസ്ഥാനമായി ഭരിക്കുന്ന കർത്താവിനോടു യുദ്ധം ചെയ്യുവാൻ വിശുദ്ധന്മാരുടെ പാളയത്തെയും പ്രിയ നഗരത്തെയും വളയും. ഇത് സാത്താനുമായുള്ള അവസാന യുദ്ധമാണ് (ഗോഗ് മാഗോഗ് യുദ്ധം) എന്നാൽ ആകാശത്തുനിന്നും തീ ഇറങ്ങി എല്ലാവരെയും ദഹിപ്പിച്ചു കളയും. അവരെ വഞ്ചിച്ച സാത്താനെ എന്നേക്കുമായി ഗന്ധകപ്പൊയ്കയിൽ തള്ളിയിടും.

“നിന്റെ വരവിങ്കൽ നിന്നെ എതിരേല്പാൻ താഴെ പാതാളം നിന്റെ നിമിത്തം ഇളകിയിരിക്കുന്നു എന്നും, നിന്റെ കീഴെ പുഴുക്കളെ വിരിച്ചിരിക്കുന്നു; കൃമികൾ നിനക്കു പുതപ്പായിരുന്നു എന്നും യെശ. 14:9–11ൽ പറ ഞ്ഞിരിക്കുന്നു.

VVIP (Very Very Important Person) കളായ രാജാക്കന്മാരും പ്രസിഡന്റുമാരും അന്യരാജ്യങ്ങൾ സന്ദർശിക്കുമ്പോൾ VIP ട്രീറ്റ്മെന്റ് (treatment) കൊടുക്കാറുണ്ടല്ലോ? അവർക്കു താമസിക്കുവാനും കിടക്കുവാനും ആഡംബരമായ കിടക്കമുറിയും പട്ടുമെത്തയും പുതയ്ക്കാൻ മനോഹരമായ പുതപ്പും ഒക്കെ സജ്ജീവമായിരിക്കുന്നതുപോലെ, ഈ ലോകത്തിന്റെ പ്രഭുവും (യോഹ. 12:31; 14:30) ദൈവവുമായ (2 കൊരി. 4:4) സാത്താനെ കിടത്തുവാനായി വിശാലമായ നരകവും ചാകാത്ത പുഴുക്കളാൽ വിരിക്കപ്പെട്ട മെത്തയും, പുതയ്ക്കുവാനായി കൃമികളെക്കൊണ്ടുള്ള പുതപ്പും തയ്യാറാക്കിയിരിക്കുകയാണ്. സാത്താനെ പിടിച്ച് നരകത്തിൽ തള്ളിയിടുമ്പോൾ ഇപ്രകാരം സജ്ജീവമാക്കപ്പെട്ട കിടക്കമേലായിരിക്കും വന്നു വീഴുന്നത്. ഈ കിടക്കമേൽ വന്നു വീഴുമ്പോൾ കമ്പിളി കൊണ്ട് പുതയ്ക്കുന്നതുപോലെ കൃമികളും പുഴുക്കളും വന്ന് സാത്താനെ പൊതിയും. സാത്താൻ നരകത്തിൽ വന്ന് പതിയുമ്പോൾ അവനുള്ള ശക്തിയും കഴിവും അധികാരവും എല്ലാം നഷ്ടപ്പെട്ടവനായി മറ്റുള്ള പിശാചുക്കൾക്ക് തുല്ല്യനായിരിക്കും. സാത്താനുശേഷം നരകത്തിൽ വന്ന് പതിക്കുന്ന അവന്റെ ദൂതന്മാർ കൃമികളെക്കൊണ്ടുള്ള പുതപ്പ് പുതച്ച് കിടക്കുന്ന ഈ VIP ആരാണെന്ന് അറിയുവാൻ പുതപ്പു മാറ്റുമ്പോൾ അവരുടെ നായകനായ സാത്താൻ ആണെന്ന് മനസ്സിലായിട്ട് ചോദിക്കുന്ന ചോദ്യമാണ് "നീയും ഞങ്ങളെപ്പോലെ ബലഹീനനായോ? നീയും ഞങ്ങൾക്ക് തുല്യനായിത്തീർന്നുവോ എന്ന്" (യെശ. 14:10). അതേ, സാത്താൻ ഇപ്പോൾ ബലഹീനനായി, ബലവും ശക്തിയും നഷ്ടപ്പെട്ടവനായി മറ്റുള്ളവർക്ക് തുല്ല്യനായി നരകത്തിൽ യുഗായുഗം കഴിയും.

ദൈവം മനുഷ്യനുവേണ്ടി സൃഷ്ടിച്ച മനോഹരമായ ഭൂമി ശാപഗ്രസ്തമാക്കിയവൻ, ഇതെല്ലാം എന്റേതാകുന്നു എന്ന് യേശുവിനോടു പറഞ്ഞ് ഭൂമിയെ കയ്യടക്കി ഭരിച്ച വൻ, പാപം അറിയാതെ നിഷ്പാപയുഗത്തിൽ ജീവിച്ച് ദൈവവുമായുള്ള നിരന്തരമായ കൂട്ടായ്മ ആചരിച്ചു വന്ന ആദാമ്യ മനുഷ്യരെ വശീകരിച്ച് പാപം ചെയ്യിപ്പിച്ച് ദൈവ ത്തിൽ നിന്നും അകറ്റിയവൻ, മാനവജാതിയെ മുഴുവൻ പാപത്തിൻ കീഴിലാക്കി അവരുടെമേൽ കർത്തൃത്വം നടത്തി കോടാനുകോടി ജനങ്ങളെ നിത്യനരകത്തിനു യോഗ്യനാക്കിയവൻ, ഞാൻ സ്വർഗ്ഗത്തിൽ കയറും, എന്റെ സിംഹാസനം ദൈവത്തിന്റെ നക്ഷത്രങ്ങൾക്കു മീതെ വെക്കും, ഞാൻ മേഘോന്നതങ്ങൾക്കു മീതെ കയറും, ഞാൻ അത്യുന്നതനോടു സമനാകും (യെശ. 14:13-14) എന്നു പറഞ്ഞ് അഹങ്കരിച്ചവന്റെ അന്ത്യം ഇതാ പാതാ ളത്തിൽ നാശകൂപത്തിന്റെ അടിയിൽ (യെശ. 14:15) കിട ക്കുന്നു. അവനോടുകൂടെ അവന്റെ ചതിയിൽപെട്ട ദൂത ന്മാരും. അവനെ അനുഗമിച്ച സകല മനുഷ്യരും നിത്യ നിത്യയുഗങ്ങൾ ദണ്ഡനം അനുഭവിച്ച് കഴിയുമ്പോൾ (വെളി. 20:10) യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ച് യേശുവിനെ അനുഗമിച്ച വിശുദ്ധന്മാരും കോടാനുകോടി ദൈവദൂതന്മാരും ദൈവരാജ്യത്തിൽ അനന്തയുഗം കർത്താവിനോടുകൂടി വാഴും.

## സംഭവിച്ചു തീർന്നു

യേശു ക്രൂശിൽ കിടന്നുകൊണ്ട് അവസാനമായി “നിവൃത്തിയായി” എന്നു പറഞ്ഞിട്ട് തല ചായ്ച്ച് ആത്മാ വിനെ ഏല്പിച്ചു കൊടുത്തു (യോഹ. 19:30). മനുഷ്യന്റെ ആത്മാവിന്റെ രക്ഷയ്ക്കുവേണ്ടി അഥവാ നിത്യജീവനു വേണ്ടി യേശു ക്രൂശിൽ സകലവും നിവർത്തിച്ചു. ആയ തുപോലെ ‘സംഭവിച്ചു തീർന്നു” എന്ന് വെളിപ്പാട് 21:6ൽ

പരിശുദ്ധാത്മാവ് രേഖപ്പെടുത്തിയിരിക്കുന്നു. അതേ, എല്ലാം സമാപിച്ചിട്ട് ഇതാ ഒരു പുതിയ യുഗം ദൈവം തന്റെ ജനത്തിനായി ഒരുക്കിയിരിക്കുന്നു.

"ഇതാ മനുഷ്യരോടുകൂടെ ദൈവത്തിന്റെ കൂടാരം; അവൻ അവരോടു കൂടെ വസിക്കും, അവർ അവന്റെ ജനമായിരിക്കും; ദൈവം താൻ അവരുടെ ദൈവമായി അവരോടുകൂടെ ഇരിക്കും. അവൻ അവരുടെ കണ്ണിൽ നിന്നു കണ്ണുനീർ എല്ലാം തുടച്ചുകളയും. ഇനി മരണം ഉണ്ടാകയില്ല; ദുഃഖവും മുറവിളിയും കഷ്ടതയും ഇനി ഉണ്ടാകയില്ല. ഇതാ ഞാൻ സകലവും പുതുതാക്കുന്നു" (വെളി. 21:3–5)...

ഇതാ ഞാൻ വേഗം വരുന്നു എന്ന് കർത്താവ് അരുളിച്ചെയ്യുന്നു. ആമേൻ, കർത്താവായ യേശുവേ, വരേണമേ!!!

**മാന്യ സുഹൃത്തേ!**

സാത്താനെയും അവന്റെ വിവിധ പ്രവർത്തനമണ്ഡലങ്ങളെപ്പറ്റിയും ഒടുവിലായി അവന്റെ അന്ത്യന്യായവിധിയെപ്പറ്റിയും കാണുവാൻ കഴിഞ്ഞുവല്ലോ? പാപിയായി മരിച്ചവരുടെ അന്ത്യന്യായവിധിയെപ്പറ്റിയും മുകളിൽ പ്രസ്താവിച്ചുവല്ലോ?

"നിലത്തിലെ പൊടിയിൽ നിദ്രകൊള്ളുന്നവരിൽ പലരും ചിലർ നിത്യജീവനായും ചിലർ ലജ്ജെക്കും നിത്യനിന്ദയ്ക്കുമായും ഉണരും" (ദാനീ. 12:2).

"മരിച്ചവർ ആബാലവൃദ്ധം സിംഹാസനത്തിൻ മുമ്പിൽ നില്ക്കുന്നതു കണ്ടു; പുസ്തകങ്ങൾ തുറന്നു; ജീവന്റെ പുസ്തകം എന്ന മറ്റൊരു പുസ്തകം തുറന്നു... ജീവപുസ്തകത്തിൽ പേരെഴുതിക്കാണാത്ത ഏവനെയും തീപ്പൊയ്കയിൽ തള്ളിയിടും" (വെളി. 20:12–15).

താങ്കളുടെ നിത്യത എവിടെ ചെലവഴിക്കുമെന്ന് ശാന്തമായി ചിന്തിക്കുമോ? സാത്താനോടുകൂടെ തീപ്പൊയ്കയിൽ നിത്യദണ്ഡനം അനുഭവിക്കുകയോ? അതോ കർത്താവിനോടുകൂടെ നിത്യരാജ്യത്തിൽ സന്തോഷിക്കുകയോ? താങ്കൾ ഇതുവരെയും നിത്യരാജ്യത്തിന്റെ അവകാശിയായി തീർന്നിട്ടില്ല എങ്കിൽ കർത്താവായ യേശുവിനോട് പാപങ്ങൾ ഏറ്റുപറഞ്ഞ് യേശുവിനെ ഹൃദയത്തിൽ കർത്താവും രക്ഷിതാവുമായി സ്വീകരിച്ച് വരുവാനിരിക്കുന്ന ദൈവകോപത്തിൽ നിന്നും, തീപ്പൊയ്കയിൽ നിന്നും രക്ഷപെടുവാൻ ബുദ്ധിയുപദേശിക്കുന്നു.

താങ്കൾ ഇതുവരെയും കർത്താവായ യേശുവിനെ ഹൃദയത്തിൽ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചിട്ടില്ലാത്ത വ്യക്തിയാകുന്നുവെങ്കിൽ ഇപ്രകാരം കർത്താവിനോടു പ്രാർത്ഥിക്കുമോ. “യേശുവേ അങ്ങ് എന്റെ പാപങ്ങൾക്കായി ക്രൂശിൽ മരിച്ചു എന്ന് ഞാൻ വിശ്വസിക്കുന്നു. പാപിയായ എന്നോട് കൃപ തോന്നേണമേ. എന്റെ പാപങ്ങൾ എന്നോട് ക്ഷമിച്ച് അവിടത്തെ രക്തത്താൽ എന്നെ കഴുകേണമേ. എന്റെ ഹൃദയത്തിൽ അങ്ങ് വരണമേ. അവിടത്തെ ഇഷ്ടം ചെയ്തു ജീവിക്കുവാൻ എന്നെ സമർപ്പിക്കുന്നു.” താങ്കളെ ദൈവം അനുഗ്രഹിക്കട്ടെ.

❑